# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

### 2016 ഒക്ടോബർ 20, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

# വാല്യം 163 - നമ്പർ 12

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

2016 ഒക്ടോബർ 20, വ്യാഴം

സ്പീക്കർ

**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. വി. ശശി**

സെക്രട്ടറി

**ശ്രീ. വി. കെ. ബാബു പ്രകാശ്**

ചീഫ് എഡിറ്റർ

**ശ്രീ. ബി. മഹേന്ദ്ര കുമാർ**


എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യു വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

854/2019

# ഉള്ളടക്കം

*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ....28

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....28
(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ....54

**II അറിയിപ്പ്**

സഭാ നടപടികൾ നീണ്ടുപോകുന്നത് സംബന്ധിച്ച്

-- മി. സ്പീക്കർ ...326

**III അടിയന്തരപ്രമേയം**

പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കുന്നത് സംബന്ധിച്ച്

(അവതരണാനുമതി നിഷേധിച്ചു) ...327

**IV ക്രമപ്രശ്നം**

1. ശ്രദ്ധക്ഷണിക്കൽ വിഷയം അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നത് സംബന്ധിച്ച് ...327

--പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി

2. വസ്തുതാപരമായ പിശക്

--ശ്രീ. വി. ഡി. സതീശൻ

**റൂളിംഗ്** ...329

പേജ്

**V അനുമോദനം**

ശ്രീ. വി. എസ്. അച്യുതാനന്ദന് ജന്മദിനാശംസകൾ ...347

**VI ശ്രദ്ധ ക്ഷണിക്കൽ**

1. പരിസ്ഥിതി ലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുന്നത് സംബന്ധിച്ച്

-ശ്രീ. രാജു എബ്രഹാം ...347

2. റേഷൻ വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച്

- ശ്രീ. അനൂപ് ജേക്കബ് ...353

**VII സബ്മിഷൻ**

1. ഐ.ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ

-ശ്രീ. വി. എസ്. അച്യുതാനന്ദൻ ...359

2. വിജിലൻസ് ഡയറക്ടർ സ്ഥാനം ഒഴിയുന്നത് സംബന്ധിച്ച്

-പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ...361

3. ഗ്രാമീണ ന്യായാലയം

-ശ്രീ. കെ. സി. ജോസഫ് ...364

4. കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ

-ശ്രീ. എൻ. എ. നെല്ലിക്കുന്ന് ...368

5. മുഹമ്മദ് അസ്‌ലം വധക്കേസ്

-ശ്രീ. പാറക്കൽ അബ്ദുല്ല ...370

6. പെൺകുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മാണം—-

-ശ്രീ. കെ. സുരേഷ് കുറുപ്പ് ...372

പേജ്

7. ദളിത് ക്രൈസ്തവരുടെ ആനുകൂല്യങ്ങൾ

-ശ്രീ. സി. കെ ഹരീന്ദ്രൻ ...373

8. പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി

-ശ്രീ. എസ്. ശർമ്മ ...375

9. ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

-ശ്രീ. ജി. എസ്. ജയലാൽ ...377

10. കായംകുളം താലൂക്കാശുപത്രിയുടെ പ്രവർത്തനം

-ശ്രീമതി യു. പ്രതിഭ ഹരി ...378

11. സാങ്കേതിക സർവ്വകലാശാല

-ശ്രീ. കെ. മുരളീധരൻ ...380

**VIII മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള
കടലാസ്സുകൾ ...381

**IX റിപ്പോർട്ട് സമർപ്പണം**

1. സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2016 മാർച്ച് 31 വരെയുള്ള
ആനുകാലിക റിപ്പോർട്ട് ...388

2. സബ്ജക്ട് കമ്മിറ്റി XI-ന്റെ 2016 മാർച്ച് 31 വരെയുള്ള
ആനുകാലിക റിപ്പോർട്ട് ...389

3. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച
സമിതിയുടെ രണ്ടാമത് റിപ്പോർട്ട് ...389

പേജ്

4. ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ നാലുവരെയുള്ള റിപ്പോർട്ടുകൾ ...389

5. സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ...389

**X ധനകാര്യം**

2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും ...390

ധനാഭ്യർത്ഥന നമ്പർ IX - വാഹന നികുതികൾ ...392

ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം ...400

ധനാഭ്യർത്ഥന നമ്പർ XXII - നഗരവികസനം ...393

ധനാഭ്യർത്ഥന നമ്പർ XXXV - പഞ്ചായത്ത് ...396

ധനാഭ്യർത്ഥന നമ്പർ XXXVI - ഗ്രാമവികസനം ...398

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2016 ഒക്ടോബർ 20, വ്യാഴം*


| വാല്യം 163] | ഔദ്യോഗിക റിപ്പോർട്ട് | [നമ്പർ 12 |
|---|---|---|


നിയമസഭ 2016 ഒക്ടോബർ മാസം 20-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ........ ഓർഡർ...... ചോദ്യം നമ്പർ *391

### ഭവനനിർമ്മാണ നയം

1 (*391) ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഭവന നിർമ്മാണത്തിനുള്ള ഭൂമിയുടെ ലഭ്യത കുറവായ കേരളത്തിൽ, ഭൂലഭ്യതയ്ക്കനുസരിച്ചുള്ള ഒരു ഭവന നിർമ്മാണ നയം രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോ ;

(ബി) പരിസ്ഥിതി സൗഹൃദമായതും ചെലവ് കുറഞ്ഞതും സംസ്ഥാനത്തിന്റെ പ്രത്യേക ഭൂസ്ഥിതിക്ക് അനുയോജ്യവുമായ അത്യാധുനിക ഭവന നിർമ്മാണ സാങ്കേതികവിദ്യ വികസിപ്പിച്ച് ജനങ്ങൾക്ക് സൗജന്യമായി ലഭ്യമാക്കാൻ ഭവനനിർമ്മാണ വകുപ്പ് തയ്യാറാകുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ,

(എ) 2011-ലെ ഭവന നയമാണ് നിലവിലുള്ളത്. മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമിയുടെ ലഭ്യത കുറഞ്ഞ സംസ്ഥാനമാണ് കേരളം. അടുത്ത 5 വർഷത്തിനുള്ളിൽ ഭവന രഹിതർക്ക് സുരക്ഷിതവും മാന്യവുമായ വീടുകൾ ലഭ്യമാക്കുകയെന്നത് സർക്കാരിന്റെ നയമാണ്. ഭൂരഹിതർക്കും ദുർബല ജനവിഭാഗങ്ങൾക്കും വേണ്ടി ഭവന നിർമ്മാണം നടത്തുന്നതിന് ആവശ്യമായ ഭൂമി നൽകുവാൻ തീവ്രശ്രമം നടത്തുന്നതാണെന്ന് 2011-ലെ പാർപ്പിട നയത്തിൽ തന്നെ പറഞ്ഞിട്ടുള്ളതാണ്. കേന്ദ്ര/സംസ്ഥാന/പൊതുമേഖല/സ്വകാര്യ മേഖലയുടെ വകയായിട്ടുള്ളതും വേണ്ടവിധം ഉപയോഗിക്കപ്പെടാതെ അവശേഷിക്കുന്നതുമായ ഭൂമി ഉപയോഗപ്പെടുത്താനുള്ള നടപടികൾ പരിഗണനയിലുണ്ട്. 2011-ലെ കേരള സംസ്ഥാന പാർപ്പിട നയം അഞ്ച് വർഷത്തിലൊരിക്കൽ പുനരവലോകനത്തിന് വിധേയമാക്കേണ്ടതുണ്ട്. ആ ഘട്ടത്തിൽ പുതിയ ഭവന നിർമ്മാണ നയം രൂപീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ബി) പരിസ്ഥിതി സൗഹൃദവും ചെലവു കുറഞ്ഞതുമായ പ്രീഫാബ് സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള വീട് നിർമ്മാണത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കാനുള്ള ആലോചനയിലാണ് സർക്കാർ. ഇന്ന് ഗൃഹനിർമ്മാണത്തിന് ആവശ്യമായ വസ്തുക്കൾക്ക് ദൗർലഭ്യം നേരിടുന്നതിനാലും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികളുടെ അഭാവത്താലും നിർമ്മാണ മേഖല പ്രത്യേകിച്ചും ഗൃഹനിർമ്മാണ മേഖല വലിയ പ്രതിസന്ധി നേരിടുകയാണ്. നിർമ്മാണ വസ്തുക്കളുടെ അടിക്കടിയുള്ള വിലക്കയറ്റവും ഈ മേഖലയുടെ പ്രതിസന്ധി വർദ്ധിപ്പിക്കുന്നു. ഈ പ്രശ്നങ്ങൾ പരിഹരിക്കാനാണ് പ്രീഫാബ് സാങ്കേതികവിദ്യ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. ഈ സാങ്കേതികവിദ്യയുടെ ഏറ്റവും വലിയ മേന്മ വളരെക്കുറഞ്ഞ സമയത്തിനുള്ളിൽ നിർമ്മാണം പൂർത്തിയാക്കാം എന്നുള്ളതാണ്. കൂടാതെ ഇതിന് സാങ്കേതിക വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ കുറച്ചു മതി. ഒരു വീട് 15 ദിവസത്തിനകം പൂർത്തിയാക്കാം എന്നുള്ളത് ഇതിന്റെ മറ്റൊരു പ്രത്യേകതയാണ്. പരമ്പരാഗതമായ വീടുകളിൽ ഉപയോഗിക്കുന്നത് പോലെ തേപ്പ് (പ്ലാസ്റ്ററിംഗ്) ആവശ്യമില്ല. പരിസ്ഥിതിക്ക് ഇണങ്ങും വിധത്തിലുള്ള പ്ലൈ ആഷ്, റീസൈക്കിൾസ് പോളിസ്റ്ററീൻ ബീഡുകൾ, കാൽസ്യം സിലിക്കേറ്റ് ബോർഡ്, സിമന്റ് എന്നിവയാണ് ഉപയോഗിക്കുന്നത്. ഇത്തരം വീടുകൾ ചൂട് കുറവും പ്രകൃതി സൗഹൃദവും പ്രകൃതി ദുരന്തങ്ങളെ അതിജീവിക്കാൻ കഴിവുള്ളതുമാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇന്ന് ഏറ്റവും കൂടുതൽ പാവപ്പെട്ടവർ ആശ്രയിക്കുന്ന ഒരു സംഗതിയാണ് ഗവൺമെന്റ് സംവിധാനത്തിൽ ഭൂമിയും വീടും ലഭ്യമാക്കുകയെന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ പ്രസംഗത്തിലെ വാക്കുകൾ പത്രത്തിൽ

വന്നതാണ്. 'കിടപ്പാടം ഇല്ലാത്തവരുടെ മനോവിഷമം പറഞ്ഞറിയിക്കാനാവില്ല. അത് അനുഭവിക്കുന്നവരുടെ കണ്ണീർ കാണാത്ത ഒരു ദിവസംപോലും മന്ത്രിയായശേഷം ഉണ്ടായിട്ടില്ല. മന്ത്രി ഓഫീസിൽ കയറി വരുന്നവരിൽ അടച്ചുറപ്പില്ലാത്ത കൂരയിൽ പെൺമക്കളെ ഉറക്കി, ഉറങ്ങാതിരിക്കുന്ന അമ്മമാരുണ്ട്. കണ്ണടയും മുമ്പ് ഒരു തുണ്ട് ഭൂമിയെങ്കിലും സ്വന്തമാക്കാൻ കൊതിക്കുന്ന വയോജനങ്ങളുണ്ട്.' ഇങ്ങനെ പോകുകയാണ് കേരളത്തിന്റെ സ്ഥിതി. നിരവധി പദ്ധതികൾ ഗവൺമെന്റുകൾ മാറിമാറി ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോഴും ഏകദേശം 3 ലക്ഷത്തോളം ആളുകൾക്ക് പാർപ്പിടമില്ലാത്ത അവസ്ഥയുണ്ട്. കഴിഞ്ഞ സർക്കാർ നടപ്പിലാക്കാൻ ശ്രമിച്ച ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ 2.5 ലക്ഷം ആളുകൾ അപേക്ഷിച്ചിട്ട് 28,000 ആളുകൾക്ക് മാത്രമാണ് ഭൂമി കൊടുക്കാൻ കഴിഞ്ഞത്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഫലപ്രദമായ നയങ്ങൾ രൂപീകരിക്കുന്നതായി മനസ്സിലാക്കുന്നുണ്ട്. പക്ഷെ ഇവിടെ നിലവിലുള്ള പദ്ധതികൾ പോലും അട്ടിമറിക്കപ്പെടുന്ന സ്ഥിതിയുണ്ടെന്ന് മനസ്സിലാക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ ചില സർക്കുലറുകൾ ഉണ്ട്. IAY പദ്ധതി വഴി നടപ്പിലാക്കി കൊണ്ടിരിക്കുന്ന 700 ചതുരശ്ര അടിയിലുള്ള വീടുകൾ 300 ചതുരശ്ര അടിയാക്കുന്നതിനുള്ള സർക്കുലർ ഇറക്കിയിരിക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങൾ പറയുന്നില്ല. ഉത്തരേന്ത്യയിൽ ചേരി നിർമ്മാർജ്ജനത്തിന് ഉപയോഗിക്കുന്ന സംവിധാനങ്ങൾ കേരളത്തിൽ നടപ്പിലാക്കാൻ ശ്രമിക്കുന്നത് നിലവിലുള്ള സംവിധാനത്തെപ്പോലും അട്ടിമറിക്കുന്ന തരത്തിലാണെന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ ഉണ്ടാകുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇവിടെ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആലോചനയിലാണ് ഈ ഗവൺമെന്റ്. അതിനാവശ്യമായ പദ്ധതികൾക്ക് രൂപം നൽകുന്നതിന് എല്ലാ വിധത്തിലുമുള്ള ചർച്ചകൾ നടന്നു വരികയാണ്. വിവിധ ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിലാണ് ഈ വീടുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താൻ പോകുന്നത്. കേരളത്തിലെ മുഴുവൻ ഭവന രഹിതർക്കും വീട് നിർമ്മിച്ചുകൊടുക്കുക എന്നത് തന്നെയാണ് ലക്ഷ്യം. അത് ഈ ഗവൺമെന്റിന്റെ നിശ്ചിത കാലപരിധിക്കകത്ത് നടപ്പാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുകയാണ്. സംസ്ഥാനത്ത് ഇപ്പോൾ നടപ്പാക്കി വരുന്ന പദ്ധതി ഏറ്റവും ചുരുങ്ങിയത് 600 സ്ക്വയർ ഫീറ്റ് എങ്കിലുമുള്ള വീടുകളുടെ നിർമ്മാണമാണ്.

ശ്രീ. ജി. എസ്. ജയലാൽ: സർ, നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട വിഷയം പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനമാണ്. 5 വർഷം കഴിയുമ്പോൾ നമ്മുടെ നാട്ടിൽ പാറ, കട്ട, മണൽ തുടങ്ങിയവയ്ക്ക് വലിയ പ്രതിസന്ധി ഉണ്ടാകാൻ പോകുകയാണ്. വിദേശ രാജ്യങ്ങളിൽ നിരവധി ടെക്നോളജികൾ വികസിച്ചുവരുന്നുണ്ട്. നൂതന സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിച്ച് FACT-യിൽ

നിന്നുണ്ടാകുന്ന വേസ്റ്റ്, FRP പാനൽ, വേസ്റ്റ്ലെസ്സ് ബ്രിക്സ് ഉൾപ്പെടെയുള്ള സംവിധാനങ്ങളെക്കുറിച്ച് റിസർച്ച് ചെയ്യാനും അതിന്റെ മാർക്കറ്റിംഗ് സംവിധാനം സാർവ്വത്രികമാക്കാനും ജനങ്ങളിൽ അതുസംബന്ധിച്ച അവബോധം സൃഷ്ടിച്ചെടുക്കാനുമുള്ള നടപടികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ടോ; അതുപോലെതന്നെ സ്ഥല ലഭ്യതയ്ക്കനുസരിച്ച്, 10 സെന്റ് ഭൂമിയുണ്ടെങ്കിൽ ഒരു കുടുംബത്തിലെ തന്നെ 5-6 ആളുകൾക്ക് ഒരുമിച്ച് താമസിക്കുന്നതിന് ഫ്ലാറ്റ് സംസ്കാരം- അങ്ങനെയൊരു അവബോധത്തിലേയ്ക്ക് ജനങ്ങളെ കൊണ്ടുവരാൻ ഒരു ജനകീയ സംവിധാനം ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ:</u> സർ, സുസ്ഥിര വികസനം, പരിസ്ഥിതി സൗഹൃദം, കാലാവസ്ഥാ വ്യതിയാനം എന്നിവയ്ക്ക് അനുയോജ്യമായ വിധത്തിലുള്ള ഭവന നിർമ്മാണ പദ്ധതിയാണ് ഇവിടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം, നമ്മൾ ഉദ്ദേശിക്കുന്ന രീതിയിലുള്ള വീടുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ലഭിക്കാതെ വരുമ്പോൾ ഫ്ലാറ്റ് നിർമ്മാണം ഉൾപ്പെടെയുള്ള കാര്യങ്ങൾ നടപ്പാക്കാൻ ആലോചിക്കുകയാണ്. ചില പ്രദേശത്തുള്ള ആളുകൾക്ക് ഫ്ലാറ്റുകളിൽ താമസിക്കുന്നതിന് സാധ്യമാകാത്ത സാഹചര്യമുണ്ടെന്ന് അറിയാം. പ്രത്യേകിച്ച് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനവുമായി ബന്ധപ്പെട്ട മേഖലകൾ തന്നെ വേണ്ടിവരും. അത്തരം സാഹചര്യങ്ങളിൽ എന്ത് ചെയ്യണമെന്നുള്ളത് പ്രത്യേകമായി ആലോചിക്കേണ്ട കാര്യമാണ്. അല്ലാത്ത പ്രദേശങ്ങളിൽ സാധ്യമാകുന്ന മുറയ്ക്ക് ചുരുങ്ങിയ സ്ഥലത്ത് കൂടുതൽ ആൾക്കാരെ താമസിപ്പിക്കുന്നതിന് ആവശ്യമായ ഫ്ലാറ്റ് സമുച്ചയങ്ങൾ നിർമ്മിക്കുന്നത് ഉൾപ്പെടെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ:</u> സർ, കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ നടപ്പിലാക്കിയ രണ്ട് പദ്ധതികളാണ് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയും എം.എൻ. ഭവന നിർമ്മാണ പദ്ധതിയും. ഈ പദ്ധതികൾവഴി നിരവധി കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകാൻ കഴിഞ്ഞിരുന്നു. എം.എൻ. ഭവന നിർമ്മാണ പദ്ധതിയിലെ ലക്ഷംവീടുകളിൽ ഒരു വീട്ടിൽ തന്നെ രണ്ട് കുടുംബങ്ങൾ താമസിക്കുകയായിരുന്നു. ആ രണ്ട് കുടുംബങ്ങൾക്കും പ്രത്യേകം വീടുകൾ നിർമ്മിച്ചുനൽകി. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആ പദ്ധതികൾ നിർത്തലാക്കി. ഈ ഗവൺമെന്റ് ആ പദ്ധതികൾ തുടരുന്നതിനുള്ള നടപടി സ്വീകരിക്കുമോ; അത്തരം ഭവന നിർമ്മാണ പദ്ധതികൾ നടത്താൻ ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഏജൻസി ഏതാണ് എന്നതിനെ സംബന്ധിച്ചും ഇവിടെ ശ്രീ. ജി. എസ്. ജയലാൽ സൂചിപ്പിച്ചതുപോലെ വീട് നിർമ്മാണത്തിനുള്ള സാധന സാമഗ്രികളുടെ ദൗർലഭ്യവും വിലക്കയറ്റവും പരിഗണിച്ച് ചെലവ് കുറഞ്ഞ പരിസ്ഥിതി സൗഹൃദ ഭവന നിർമ്മാണത്തിനും ഗ്രീൻ ബിൽഡിംഗ് മെറ്റീരിയൽസിന്റെ

നിർമ്മാണത്തിൽ തൊഴിലാളികൾക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും എന്തെങ്കിലും പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കുമോ ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എം. എൻ. ലക്ഷംവീട് പദ്ധതിയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ വാസയോഗ്യമായ വിധത്തിൽ വീടുകൾ പുനർനിർമ്മിക്കുന്നതിനുവേണ്ടി, രണ്ട് വീടുകളായിരുന്നത് ഒറ്റ വീടാക്കി മാറ്റുന്നതിനുള്ള ഒരു പദ്ധതി നിലവിലുണ്ടായിരുന്നു. ആ പദ്ധതി ഇപ്പോഴും തുടരുകയാണ്. അത് നടപ്പാക്കുന്നതിന് നിർമ്മിതി കേന്ദ്രത്തെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഹൗസിംഗ് ബോർഡ് ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുകയാണ്. ചെലവു കുറഞ്ഞ പരിസ്ഥിതി സൗഹൃദ ഭവന നിർമ്മാണം ലാറി ബെക്കർ ഇന്റർനാഷണൽ സ്കൂൾ ഫോർ ഹാബിറ്റാറ്റ് സ്റ്റഡീസ് എന്ന സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ നടപ്പാക്കാനുള്ള ശ്രമങ്ങളാണ് നടത്തുന്നത്. പരിസ്ഥിതി സൗഹൃദ ഭവന നിർമ്മാണത്തിലും ഗ്രീൻ ബിൽഡിംഗ് മെറ്റീരിയൽ നിർമ്മാണത്തിലും വിദഗ്ദ്ധ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നു. കൽപ്പണി, മരപ്പണി എന്നിവയിലും ചെലവ് കുറഞ്ഞതും പരിസ്ഥിതി സൗഹൃദവുമായ ബിൽഡിംഗ് മെറ്റീരിയൽസിന്റെ നിർമ്മാണത്തിലുമാണ് വിദഗ്ദ്ധ പരിശീലനം നൽകാൻ ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, അങ്ങയുടെ മറുപടിയിൽ സൂചിപ്പിച്ചത് വീട് വയ്ക്കാൻ അനുയോജ്യമായ ഭൂമിയുടെ ലഭ്യത കുറഞ്ഞ സംസ്ഥാനമാണ് കേരളമെന്നാണ്. ഇപ്പോൾ ഭവന രഹിതരായ ആളുകളുടെ എണ്ണമാണ് കണക്കാക്കുന്നത്. ഒരു ഗവൺമെന്റ് എന്ന നിലയ്ക്ക് ദീർഘവീക്ഷണത്തോടെ 50 വർഷമെങ്കിലും കണക്കിലെടുത്ത് സൗകര്യമായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും റെസിഡൻഷ്യൽ ഏരിയ തീരുമാനിച്ച് പാവപ്പെട്ടവർക്ക് ഫ്ലാറ്റ് സംവിധാനങ്ങൾ ആവിഷ്കരിക്കുന്ന നടപടിയിലേയ്ക്ക് പോകേണ്ടതുണ്ട്. അതിനെ ലക്ഷ്യം വച്ചുകൊണ്ട് 50 വർഷത്തെ ജനസംഖ്യ എത്രമാത്രം ആയിരിക്കുമെന്ന് കണക്കാക്കി അവർക്ക് വീട് വയ്ക്കാനുള്ള ഒരു ബൃഹത് പദ്ധതി തയ്യാറാക്കാൻ ഈ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, വിവിധ ജില്ലകൾ പരിശോധിക്കുമ്പോൾ ഭവന രഹിതരുടെ എണ്ണം ഏകദേശം 4,70,606 ആണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ 10-50 വർഷം മുമ്പിൽ കണ്ടുകൊണ്ടുള്ള പ്രവർത്തനം നടത്തണമെങ്കിൽ ഇന്നുള്ള നിലയിൽത്തന്നെ ഏറ്റവും ചുരുങ്ങിയത് 5 ലക്ഷം പേരെങ്കിലും വീടില്ലാത്തവരായി സംസ്ഥാനത്തുണ്ടെന്ന് ഉറപ്പാണ്. അത് ലക്ഷ്യം വച്ചുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഇപ്പോൾ സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയുമായി മുന്നോട്ടുപോകുന്നത്. ആ കാഴ്ചപ്പാടിന്റെ

അടിസ്ഥാനത്തിൽ ഈ കാലാവധിക്കകത്ത് അത് പൂർത്തീകരിക്കാൻ സാധ്യമായാൽ വരാനിരിക്കുന്ന കാലത്തെ വിഷയങ്ങൾ അതാത് സന്ദർഭങ്ങളിൽ തീരുമാനിക്കാൻ കഴിയുന്നതാണ്.

ശ്രീ. എൽദോ എബ്രഹാം: സർ, സഖാവ് ഇ.എം.എസ്.-ന്റെയും എം. എൻ. ഗോവിന്ദൻ നായരുടെയും നാമധേയത്തിലുള്ള ഭവന നിർമ്മാണ പദ്ധതികൾ കേരള ചരിത്രത്തിന്റെ ഏടുകളിൽ രേഖപ്പെടുത്തിയതാണ്. ഇവിടെ എന്റെ ചോദ്യം, ഭവന നിർമ്മാണ ബോർഡിനു കീഴിൽ വീട് നൽകുവാൻ പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ എന്താണ്? മറ്റൊരു കാര്യം, സമീപ വർഷങ്ങളിൽ പാവപ്പെട്ടവരുടെ വീടുകൾക്ക് മെയിന്റനൻസിന് പലപ്പോഴും ഗ്രാമപഞ്ചായത്തുകൾ തുക അനുവദിച്ചിട്ടുണ്ട്. അങ്ങനെയുള്ള ആളുകൾ വീണ്ടും ഒരു വീട് നിർമ്മിക്കുന്നതിന് വേണ്ടി അപേക്ഷ നൽകിയാൽ തുക അനുവദിക്കുന്നതിന് നിയമ തടസ്സമുണ്ട്. അത്തരം തടസ്സങ്ങൾ നീക്കുമോ; ഒരു കാര്യം കൂടി, നമ്മുടെ സംസ്ഥാനത്ത് അനധികൃതമായി സ്വകാര്യ സംരംഭകർ നിലം നികത്തി കെട്ടിടങ്ങൾ പണിയുന്നുണ്ട്. പലപ്പോഴും നിയമങ്ങൾ കാറ്റിൽ പറത്തുകയാണ്. എന്നാൽ മൂന്ന് സെന്റും രണ്ട് സെന്റും അഞ്ച് സെന്റും സ്ഥലമുള്ളവർക്ക് നിലമാണ് എന്നതിന്റെ പേരിൽ മാത്രം നീതി നിഷേധിക്കപ്പെട്ടു കയാണ്. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുമെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, എം.എൻ. ലക്ഷംവീട് പദ്ധതിയും ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിയുമെല്ലാം കഴിഞ്ഞ കാലത്ത് നടപ്പാക്കിയ വളരെ ബൃഹത്തായ പദ്ധതികളാണ്. 1970-കളിലാണ് ആദ്യമായി ലക്ഷംവീട് പദ്ധതിക്ക് തുടക്കം കുറിച്ചത്. അതിനെ തുടർന്ന് ഇ.എം.എസ്., രാജീവ് ഗാന്ധി, ഇന്ദിരാഗാന്ധി തുടങ്ങി വിവിധ ദേശീയ നേതാക്കളുൾപ്പെടെയുള്ളവരുടെ പേരിൽ ഭവന നിർമ്മാണ പദ്ധതികൾക്ക് രൂപം കൊടുക്കുകയായിരുന്നു. ആ പദ്ധതികൾ നടപ്പാക്കുകവഴി സംസ്ഥാനത്തെ ഒട്ടേറെ ഭവനരഹിതരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിഞ്ഞിട്ടുണ്ട്. സാഫല്യം ഭവന പദ്ധതി, ഗൃഹശ്രീ ഭവന പദ്ധതി, ഇന്നൊവേറ്റീവ് ഭവന പദ്ധതി, സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി, പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ് നിർമ്മാണ പദ്ധതികൾ ഇതെല്ലാം ഹൗസിംഗ് ബോർഡിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ നടക്കുന്നതാണ്. എന്നാൽ ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ഗ്യാരന്റി നിൽക്കാൻ കഴിയില്ല എന്ന സാഹചര്യം ഉണ്ടായതിനെ തുടർന്ന് പല പദ്ധതികൾക്കും ആവശ്യമായ പണം ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട് എന്നതാണ് ഇപ്പോഴത്തെ പ്രശ്നം.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് ശ്രദ്ധിച്ചിരുന്നോ എന്നറിയില്ല, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പെട്രോൾ, ഡീസൽ സെസ്സിന് ഏർപ്പെടുത്തിയ ഒരു ലിറ്ററിന് ഒരു രൂപ വില വർദ്ധനവ്, അതിൽ ലഭ്യമായ ഫണ്ടിന്റെ

50 ശതമാനം തുക മാറ്റിവച്ചിരുന്നത് ഹൗസിംഗ് സ്കീമിന് വേണ്ടിയായിരുന്നു. ഏതാണ്ട് 200 കോടി രൂപ ആദ്യ കൊല്ലം കിട്ടുമായിരുന്നു. ഇപ്പോൾ ആ സെസ്സിന്റെ സോഴ്സ് മുഴുവനും കിഫ്ബിയിലേയ്ക്ക് മാറ്റി. ആ സാഹചര്യത്തിൽ ഏതാണ്ട് ഒരു വർഷം 10,000 വീടുകൾ നിർമ്മിക്കാൻ സാധിക്കുമായിരുന്നു. ആ സാധ്യത ഇല്ലാതെയായി. പകരം എന്തു മാർഗ്ഗമാണ് അങ്ങ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, പെട്രോൾ, ഡീസൽ വിൽപ്പനയുടെ ഭാഗമായി വരുന്ന ഒരു രൂപ പിടിച്ചെടുത്ത് ഭവന നിർമ്മാണ പദ്ധതിക്ക് ഉപയോഗിക്കുമെന്ന് കഴിഞ്ഞ ഗവൺമെന്റ് നിശ്ചയിച്ചിരുന്നതാണ്. എന്നാൽ അതിൽ ഒരു രൂപപോലും ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി വിനിയോഗിച്ചതായി കാണുന്നില്ല. ഇപ്പോൾ കിഫ്ബിയുടെ ആഭിമുഖ്യത്തിൽ ഇത് നടപ്പാക്കുന്നു എന്നു പറയുമ്പോൾ ഇതുവരെ ലഭിച്ചുകൊണ്ടിരുന്ന എന്തോ ഒരു കാര്യം ഇല്ലായ്മ ചെയ്യുന്നൊരു സാഹചര്യമില്ല എന്ന് ചൂണ്ടിക്കാണിക്കുകയാണ്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, കൈവശ ഭൂമിക്ക് കൈവശാവകാശ രേഖ ലഭ്യമാകുക എന്നുള്ളത് ഏതൊരാളുടേയും സ്വപ്നമാണ്. വീടുവയ്ക്കാൻ, സ്ഥലമില്ലാതെ പാവപ്പെട്ട നിരവധി ആളുകൾ കഷ്ടപ്പെടുകയാണ്. ഈ അവസരത്തിൽ തർക്കഭൂമി അല്ലാത്ത പ്രദേശങ്ങളിൽ നിന്നുള്ള സാധാരണക്കാർ ഇവിടെ കൈവശ രേഖയ്ക്കായി ആശ്രയിക്കുന്നത് ലാന്റ് ട്രിബ്യൂണലിനെയാണ്. ലാന്റ് ട്രിബ്യൂണൽ വേണ്ടത്ര രീതിയിൽ പരിശോധിക്കാതെ, വളരെയധികം സമയം വൈകിപ്പിച്ച് കൈവശരേഖ കൊടുക്കാനോ പട്ടയം കൊടുക്കാനോ ഇപ്പോൾ മുതിരുന്നില്ല. ആ കാലതാമസം ഒഴിവാക്കുകയും, അതേ അവസരത്തിൽ വേണ്ടത്ര സ്റ്റാഫിനെ നിയമിച്ച് കൈവശരേഖ കൊടുക്കാനുമുള്ള നടപടികൾ ത്വരിതപ്പെടുത്താൻ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചത് വളരെ പ്രധാനപ്പെട്ടൊരു പ്രശ്നമാണ്. പലരുടെയും കൈവശം ഭൂമിയുണ്ടെങ്കിലും അതിന്റെ കൈവശാവകാശം തെളിയിക്കുന്നതിനാവശ്യമായ രേഖ ലഭ്യമാകാതെ പോകുന്ന സാഹചര്യത്തിൽ വിവിധ പദ്ധതികളുടെ ഭാഗമായി അവർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭ്യമാകാതെ പോവുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽനിന്നും ഭവന നിർമ്മാണത്തിനായി ആനുകൂല്യം ലഭിക്കണമെങ്കിൽ ഭൂമിയുടെ രേഖ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ്. അതിൽ ഒരു വിഷയമായി നിൽക്കുന്നത് പട്ടയവുമായി ബന്ധപ്പെട്ട് ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകളാണ്. ലാന്റ് ട്രിബ്യൂണലുകളിൽ കെട്ടിക്കിടക്കുന്ന കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ടി പൊതുവായൊരു നിർദ്ദേശം എല്ലാ ലാന്റ് ട്രിബ്യൂണലുകൾക്കും ജില്ലാ കളക്ടർമാർക്കും ഇപ്പോൾ നൽകിയിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ അത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

ശ്രീ. അനൂപ് ജേക്കബ്: സർ, പുതിയ ഗവൺമെന്റ് വന്നതിനുശേഷം സാഫല്യം ഭവന നിർമ്മാണ പദ്ധതി അനിശ്ചിതത്വത്തിൽ നിൽക്കുകയാണ്. എന്റെ നിയോജക മണ്ഡലത്തിലെ ഇലഞ്ഞിയിൽ ഇത്തരത്തിലുള്ള ഒരു പദ്ധതിയുണ്ട്. അതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നിന്നുപോയിരിക്കുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. പല സ്ഥലങ്ങളിലും ഇത്തരമൊരു സാഹചര്യമുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതോടൊപ്പംതന്നെ പുതിയ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്ന 'സമ്പൂർണ്ണ ഭവനം എല്ലാവർക്കും ഭൂമി' എന്ന പ്രഖ്യാപനം എന്നത്തേയ്ക്ക് നടപ്പിലാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ സാഫല്യം ഭവന പദ്ധതി ഭവനരഹിതരായ, ഭൂമിയും വീടും ഇല്ലാത്ത ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കു വേണ്ടി നടപ്പാക്കുന്നൊരു പദ്ധതിയാണ്. 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയായും സന്നദ്ധ സംഘടനകളുടേയും പഞ്ചായത്തിന്റേയും ആഭിമുഖ്യത്തിലുമാണ് നടപ്പാക്കുന്നത്. സന്നദ്ധ സംഘടനകൾ സഹായം നൽകാത്ത ചില മേഖലകളിൽ ഇത്തരം പദ്ധതികൾ നടപ്പാക്കുന്നതിന് പ്രയാസങ്ങൾ വന്നിട്ടുണ്ട്. തീർച്ചയായും അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കും. ഈ ഗവൺമെന്റ് വിഭാവന ചെയ്യുന്ന സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ഏതാണ്ട് മൂന്നോ നാലോ വർഷങ്ങൾക്കകം പൂർത്തീകരിക്കണം എന്ന ലക്ഷ്യത്തോടുകൂടിയാണ് മുന്നോട്ടുപോകുന്നത്.

ശ്രീ. ജെയിംസ് മാത്യു: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആരംഭിച്ചതും ഭവന നിർമ്മാണ രംഗത്ത് വളരെ ഫലപ്രദമായി പ്രയോജനം സിദ്ധിച്ചതുമായ ഒരു പദ്ധതിയാണ് ഗൃഹശ്രീ പദ്ധതി. ആ പദ്ധതിയുടെ സവിശേഷത, ഗ്രാമപഞ്ചായത്തുകളും സർക്കാർ സംവിധാനങ്ങളും ഉപയോഗിച്ച് മാനദണ്ഡങ്ങൾ നിർദ്ദേശിക്കുമ്പോൾ പലപ്പോഴും പരിഗണിക്കപ്പെടാതെ പോകാൻ ഇടയുള്ള വ്യക്തികളെയും കുടുംബങ്ങളെയും പ്രദേശവാസികളായ ആളുകൾക്ക് സഹായിക്കാൻ സന്നദ്ധതയുണ്ടെങ്കിൽ അവരെ സ്പോൺസർ ചെയ്യുക എന്നുള്ളതാണ്. ഒരു ലക്ഷം രൂപ ആ തരത്തിൽ സ്പോൺസർ ചെയ്താൽ, ഒരു ലക്ഷം രൂപ ആ കുടുംബവും കൂടി സ്വരൂപിച്ച് കിട്ടുന്ന രണ്ട് ലക്ഷം രൂപയോടൊപ്പം രണ്ട് ലക്ഷം രൂപകൂടി സർക്കാർ കൊടുത്ത് സാമാന്യം തൃപ്തികരമായ രീതിയിൽ നാല് ലക്ഷം രൂപയ്ക്ക് ഒരു വീട് നിർമ്മിക്കാൻ സാധിക്കും. പ്രായപൂർത്തിയായ പെൺകുട്ടികളുള്ള പല വീടുകളിലും പഞ്ചായത്തിന്റെയും സർക്കാരിന്റെയും മാനദണ്ഡം അനുസരിച്ച് പലപ്പോഴും അവർക്ക് മുൻഗണന ലഭിക്കാതെ പോവുകയാണ്. സ്വന്തമായി വീടില്ലായെന്ന കാരണത്താൽ അത്തരം പെൺകുട്ടികളുടെ വിവാഹം നടക്കാതിരിക്കാൻ കാരണമായി തീരുകയും ചെയ്യുന്നു. ഇതുപോലുള്ള പല സാഹചര്യങ്ങളും കണക്കിലെടുത്താണ് പല സ്പോൺസർമാരും തദ്ദേശവാസികളായ ജനങ്ങളും ഒരു ലക്ഷം രൂപ സമാഹരിച്ചുകൊടുത്ത് അവരുടെ ഒരു ലക്ഷം രൂപയും ഈ ഗുണഭോക്താവിന്റെ ഒരു ലക്ഷം രൂപയുംകൂടി

തദ്ദേശവാസികളായ ആളുകൾ സമാഹരിച്ച് കൊടുത്ത അനുഭവവും അക്കാലത്ത് ഉണ്ടായിട്ടുണ്ട്. അങ്ങനെ രണ്ട് ലക്ഷം രൂപയോടൊപ്പം സർക്കാരിന്റെ രണ്ട് ലക്ഷം രൂപയും കൂടി ചേർന്ന് നല്ലൊരു വീട് നിർമ്മിക്കാനുള്ള പദ്ധതിയാണുള്ളത്. അത് ഈ ഗവൺമെന്റ് ഫലപ്രദമായി തുടരാൻ തയ്യാറാകുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഗൃഹശ്രീ ഭവനപദ്ധതിയെപ്പറ്റി ഞാൻ നേരത്തേ ചൂണ്ടിക്കാണിക്കുകയുണ്ടായി. സ്വന്തമായി രണ്ടോ, മൂന്നോ സെന്റ് ഭൂമിയുള്ള ആളുകൾക്ക് വീട് നിർമ്മിച്ചു കൊടുക്കുന്നതിനുള്ള പദ്ധതിയാണത്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ രണ്ട് ലക്ഷം രൂപയാണ് ഗവൺമെന്റ് സബ്സിഡിയായി കൊടുക്കുന്നത്. ഒരു ലക്ഷം രൂപ സ്പോൺസർമാരെന്ന നിലയ്ക്കും ഒരു ലക്ഷം രൂപ ഗുണഭോക്താവെന്ന നിലയ്ക്കും നൽകുന്ന ഒരു പദ്ധതിയെന്ന നിലയിലാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി പ്രകാരം സ്വന്തമായി രണ്ട് സെന്റ്, മൂന്ന് സെന്റ് ഭൂമിയുള്ള ദുർബല വിഭാഗം ആളുകൾക്ക് രണ്ട് ലക്ഷം രൂപയാണ് ഗവൺമെന്റ് നൽകിക്കൊണ്ടിരുന്നത്. അതുകൊണ്ട് ഈ പദ്ധതി തുടരാൻ തന്നെയാണ് ഗവൺമെന്റ് ആലോചിക്കുന്നത്.

ശ്രീ. പി. ടി. തോമസ്: സർ, കേരളത്തിൽ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കോൺഗ്രസ് നേതൃത്വം നൽകി, അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്ന കാലഘട്ടത്തിലാണ് എം.എൻ. ഭവനനിർമ്മാണ പദ്ധതി ആരംഭിച്ചത്. അന്ന് അപ്പുറത്തിരിക്കുന്ന ചില സ്നേഹിതന്മാർ വളരെ മോശപ്പെട്ട രീതിയിൽ അതിനെ ചിത്രീകരിച്ചിരുന്നു. ആ വാക്ക് ഞാൻ പറയുന്നില്ല. ആക്ഷേപം പറയുകയാണെങ്കിൽ ഞാൻ പറയാം. അനാശാസ്യ പ്രവർത്തനം വർദ്ധിക്കുമെന്ന് പറഞ്ഞാണ് ആക്ഷേപിച്ചത്. പക്ഷെ ഇന്ന് ഭവനനിർമ്മാണ രംഗത്ത് രണ്ട് പ്രധാന പ്രശ്നങ്ങളുണ്ട്. ഒന്ന്, എന്റെ നിയോജക മണ്ഡലമായ തൃക്കാക്കരയടക്കം കേരളത്തിൽ ആയിരക്കണക്കിന് ഫ്ലാറ്റുകൾ അനിയന്ത്രിതമായി വർദ്ധിച്ചുവരികയാണ്. അതിൽ ആയിരക്കണക്കിന് വീടുകൾ ഒഴിഞ്ഞുകിടക്കുകയാണ്. ആ ഒരു ചിത്രം ഒരു ഭാഗത്ത്, മറുഭാഗത്ത് എറണാകുളം പട്ടണത്തിന്റെ നടുക്കുള്ള എന്റെ മണ്ഡലത്തിലെ ശാന്തിഗിരി കോളനിയിൽ കഴിഞ്ഞ ദിവസം ഞാൻ പോയിരുന്നു. അവിടെ ഒരു വീട്ടിൽ പ്രായപൂർത്തിയായ പെൺകുട്ടികളടക്കം എല്ലാവരും ഒരു മുറിയിൽ കിടന്നുറങ്ങുകയാണ്. ഇങ്ങനെ രണ്ട് ചിത്രങ്ങൾ കേരളത്തിൽ നമ്മുടെ മുമ്പിലുണ്ട്. ഇതിന് പരിഹാരമുണ്ടാക്കാനുള്ള നടപടിയുണ്ടാകണം. അനിയന്ത്രിതമായി കെട്ടി ഉയർത്തുന്ന ഫ്ലാറ്റുകൾക്ക് ശക്തമായ നിയന്ത്രണം കൊണ്ടുവരണം. ഭവനനിർമ്മാണ നയം കാലാകാലങ്ങളിൽ മാറി മാറി വരുന്ന ഗവൺമെന്റുകൾ പ്രഖ്യാപിക്കുന്നുണ്ടെങ്കിലും കേരളത്തിൽ ഒഴിഞ്ഞുകിടക്കുന്ന വീടുകളെ സംബന്ധിച്ചും കെട്ടിടങ്ങളെ സംബന്ധിച്ചുമുള്ള കണക്കെടുത്താൽ കിട്ടുന്നത് ഞെട്ടിപ്പിക്കുന്ന വിവരമായിരിക്കും. ഇതിനുവേണ്ടി ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, നമ്മുടെ സംസ്ഥാനത്തും രാജ്യത്തും നിലനിൽക്കുന്ന സാമൂഹിക വ്യവസ്ഥ ഇതിന് ഒരു പ്രധാന ഘടകമാണ്. ഇവിടെ ഒന്നിൽ കൂടുതൽ വീടുകളും ഏറെ സമ്പത്തും ഉള്ള ധാരാളം പേർ കാണും. ഭവനരഹിതരും ഭൂരഹിതരുമായ ആളുകളുടെ എണ്ണം വർദ്ധിച്ചു വരുന്നത് മറ്റൊരു ഭാഗത്തും കാണാം. തീർച്ചയായും ബഹുമാന്യനായ മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ, ഒരുപാട് വീടുകൾ ഒഴിഞ്ഞുകിടക്കുമ്പോൾ അതൊക്കെ അടച്ചിട്ട് വിദേശത്തു പോകുന്ന ആൾക്കാർ ഒരുഭാഗത്തുണ്ട്. സ്വന്തമായി ഒന്നിൽ കൂടുതൽ ഫ്ലാറ്റുള്ളവർ അത് അടച്ചിട്ട് പോകുന്നതായും കാണാൻ സാധിക്കും. എന്നാൽ മറ്റൊരു ഭാഗത്ത് വീടില്ലാത്തവരുമുണ്ട്. ഇവർ തമ്മിലുള്ള അന്തരം എന്താണെന്ന് നമുക്ക് വളരെ വ്യക്തമായി അറിയാം. ഇത് പരിഹരിക്കാൻ സാധാരണ രീതിയിൽ ഒരുപാട് നടപടിക്രമങ്ങളും നിയമനിർമ്മാണങ്ങളും അനിവാര്യമാണെന്ന് അറിയാവുന്നതാണ്. ഇങ്ങനെ ഒഴിഞ്ഞുകിടക്കുന്ന വീടുകളും ഫ്ലാറ്റുകളും എത്രയാണെന്നത് സംബന്ധിച്ച് വിശദമായി പരിശോധിച്ച് അതിന്റെ കണക്ക് ശേഖരിക്കാം. അതു സംബന്ധിച്ച് നിയമനിർമ്മാണം നടത്തുന്നതിനെപ്പറ്റി വിശദമായ ചർച്ചകൾ നടത്താം.

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി ആരംഭിക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമെന്ന നിലയിൽ 7000 വീടുകളാണ് നിർമ്മിച്ചു നൽകാൻ ഉദ്ദേശിക്കുന്നതെന്നും ഗവൺമെന്റ് പറഞ്ഞിട്ടുണ്ട്. എന്റെ ചോദ്യം, ആദിവാസി മേഖലകളിൽ പ്രത്യേകിച്ച് വന മേഖലയുമായി ബന്ധപ്പെട്ട് ജീവിക്കുന്ന ജനങ്ങൾക്ക് അവിടത്തെ ആവാസ വ്യവസ്ഥയനുസരിച്ചുള്ള ഭവനം നിർമ്മിച്ച് നൽകുമോ; അതിന്റെ ഘട്ടംഘട്ടമായുള്ള തുടർനടപടികൾ ഏതുസമയം വരെയെടുക്കും എന്നതുസംബന്ധിച്ച് വിശദീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുണ്ടായിരുന്ന ഒരു ഭവന പദ്ധതിയെപ്പറ്റിയാണ് ശ്രീ. കോവൂർ കുഞ്ഞുമോൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അതാണ് 7000 വീടുകൾ നിർമ്മിച്ച് കൊടുക്കാനുള്ള പദ്ധതിയെന്നതുകൊണ്ട് ഉദ്ദേശിച്ചത്. ഇപ്പോൾ ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്ന സമ്പൂർണ്ണ ഭവനനിർമ്മാണ പദ്ധതിയിൽ ഇവിടെയുള്ള മുഴുവൻ ആളുകളുടേയും കൃത്യമായ കണക്കുകൾ ശേഖരിച്ചു വരികയാണ്, അനൗദ്യോഗികമായ കണക്കാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. അതാണ് 4,70,000-ത്തോളം എന്നുപറഞ്ഞത്. അവർക്ക് മുഴുവൻ വീട് നിർമ്മിച്ചുകൊടുക്കുക എന്നതാണ് ഇപ്പോഴുള്ള പദ്ധതിയുടെ പ്രധാന ലക്ഷ്യം. 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവനനിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് സർക്കാർ അന്ന് ഉത്തരവായിട്ടുണ്ടായിരുന്നു. പക്ഷേ ആ നടപടികളൊന്നും തന്നെ പൂർത്തീകരിച്ചിട്ടില്ല.

ശ്രീ. സണ്ണി ജോസഫ്: സർ, ഭവനനിർമ്മാണ രംഗത്ത് ചെലവുകൾ കൂടിക്കൂടി വരുന്നു. ഇവിടെ പ്രശ്നം, നൽകുന്ന സംഖ്യ തീർത്തും മതിയാകുന്നില്ല, ഗഡുക്കൾ പലപ്പോഴും കൃത്യസമയത്ത് ലഭിക്കുന്നില്ല എന്നതാണ്. ഗവൺമെന്റിന് സാമ്പത്തിക പരിമിതികൾ ഉണ്ട്. എന്റെ ഒരു റിക്വസ്റ്റ്, ഗവൺമെന്റ് ഇത്തരത്തിൽ ഐഡന്റിഫൈ ചെയ്യുന്ന ഗുണഭോക്താക്കൾക്ക് വീട്ടു നിർമ്മാണത്തിന് ആവശ്യമായിട്ടുള്ള മരവും മണലും സൗജന്യനിരക്കിലും മുൻഗണനാക്രമത്തിലും നൽകിക്കൊണ്ട് ഭവന നിർമ്മാണത്തെ സഹായിക്കാൻ ഫലപ്രദമായിട്ടുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, അത് ആലോചിച്ച് തീരുമാനിക്കേണ്ട കാര്യമാണ്. വളരെ പെട്ടെന്ന് മറുപടി പറയാൻ കഴിയില്ല. അതിനാവശ്യമായ മരം ലഭ്യമാക്കുക എന്നുപറയുന്നത് തീർച്ചയായും വനം വകുപ്പുമായി ബന്ധപ്പെട്ട് ആലോചിക്കേണ്ടതാണ്. അത് അത്ര എളുപ്പമുള്ള കാര്യമല്ല. മണൽ ലഭ്യത ഇപ്പോൾ സംസ്ഥാനത്ത് വലിയ വിഷയമായി നിൽക്കുന്ന വസ്തുതയാണ്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ, ഭവനനിർമ്മാണത്തിന് രണ്ടു ലക്ഷമോ, മൂന്നോ, മൂന്നരയോ, നാലോ ലക്ഷം രൂപ നിശ്ചയിച്ചാലും ആ ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച് പൂർത്തീകരിക്കുന്നതിനിടയിൽ ഉണ്ടാകുന്ന വിലക്കയറ്റമുൾപ്പെടെയുള്ള കാര്യങ്ങളിൽപ്പെട്ട് അത് പൂർത്തീകരിക്കാൻ കഴിയാത്ത സ്ഥിതിയുണ്ട് എന്നത് വസ്തുതയാണ്. ഇത്തരമൊരു സാഹചര്യത്തിൽ മണൽ എങ്ങനെ ലഭ്യമാക്കാം എന്നതുകൂടി നമുക്ക് ആലോചിക്കേണ്ടി വരും. ചില സംവിധാനങ്ങളൊക്കെയുണ്ട്, വളരെ തെറ്റായ രീതിയിൽ മണൽ ശേഖരിച്ച് കടത്തിക്കൊണ്ടു പോകുന്ന ആളുകളിൽനിന്ന് അത് പിടിച്ചെടുത്ത് കലവറയിൽ സൂക്ഷിച്ച് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടായിരുന്നു. കൂടാതെ ധാരാളം നദികളിൽ നിന്നും അവ ലഭിക്കുന്ന സാഹചര്യമുണ്ടായിരുന്നു, എന്നാൽ അത് വേണ്ടതുപോലെ ലഭിക്കാത്ത സാഹചര്യമുൾപ്പെടെ ഇപ്പോഴുണ്ട്. അതിന് എന്ത് ബദൽ സംവിധാന മുണ്ടാക്കാൻ കഴിയുമെന്നുള്ളത് ആലോചിക്കേണ്ട കാര്യമാണ്.

**പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള അറ്റകുറ്റപ്പണികൾ**

2 (*392) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡുകളും പാലങ്ങളും കെട്ടിടങ്ങളും മെയിന്റനൻസ് ചെയ്യുന്നതു സംബന്ധിച്ച് ഒരു നയം രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) മെയിന്റനൻസ് പ്രവൃത്തികൾ പൊതുമരാമത്ത് മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരമാണ് നടക്കുന്നതെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള നിരത്തുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും അറ്റകുറ്റപ്പണികൾ സമയബന്ധിതമായി നടത്തുന്നതിനും അതിനാവശ്യമായ തുക ബഡ്ജറ്റിൽ വകയിരുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ,

(എ) ഇതു സംബന്ധിച്ച് ഒരു നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിരുന്നു. അദ്ദേഹം നിർദ്ദേശങ്ങൾ നൽകി. അത് അഡീഷണൽ ചീഫ് സെക്രട്ടറി, പി.ഡബ്ല്യു.ഡി. സെക്രട്ടറി എന്നിവരും ഞാനും പരിശോധിച്ചു, അത് അംഗീകരിക്കുകയും ചെയ്തു. ഇന്നലെ (19-10-2016-ൽ) ചേർന്ന മന്ത്രിസഭായോഗം പി.ഡബ്ല്യു.ഡി.-യുടെ പുതിയ മെയിന്റനൻസ് പോളിസി അംഗീകരിച്ചിട്ടുണ്ട്. അത് നടപ്പിലാക്കാൻ തുടങ്ങുകയാണ്.

(ബി) പി.ഡബ്ല്യു.ഡി. മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം മാത്രമേ ഫണ്ട് അനുവദിക്കുകയുള്ളൂ. മാന്വലിൽ നിഷ്കർഷിച്ചിട്ടുള്ളതുപോലെ ബിൽഡിംഗ്സ് മെയിന്റനൻസ് ചെയ്യുന്നതിന് Typical Maintenance Estimate കർശനമായും പാസ്സാക്കി അതനുസരിച്ച് പ്രവൃത്തികൾ ചെയ്യണമെന്ന് ഫീൽഡ് എഞ്ചിനീയർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. മേലുദ്യോഗസ്ഥൻമാർ അത് പരിശോധിച്ച് വിലയിരുത്തേണ്ടതാണ്. വീണ്ടും പരിശോധിക്കുന്നതിനായി റീജിയണൽ ലാബുകളും ജില്ലാ തലത്തിലുള്ള ലാബുകളും പ്രവർത്തിച്ചുവരുന്നു. ഗുണനിലവാരം പരിശോധിച്ചതിനുശേഷം മാത്രമേ പ്രവൃത്തികളുടെ പേയ്മെന്റ് നൽകാവൂ എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ദേശീയ പാതയുടെ റീസർഫസിംഗും മറ്റ് മെയിന്റനൻസുകളും കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡപ്രകാരവും, നാഷണൽ റോഡ് കോൺഗ്രസ്സിന്റെ നിർദ്ദേശപ്രകാരവുമാണ് നടത്തിവരുന്നത്. ബിറ്റുമിനസ് കോൺക്രീറ്റ് ഉപയോഗിച്ച് റീസർഫസിംഗ് നടത്താനും, ഇംപ്രൂവ്മെന്റ് റൈഡിംഗ് ക്വാളിറ്റി പ്രോഗ്രാമിൽ ഉൾപ്പെടുത്തി 5 വർഷത്തിലൊരിക്കൽ ബിറ്റുമിനസ് മക്കാടം, ബിറ്റുമിനസ് കോൺക്രീറ്റ് (BM.BC) ഉപയോഗിച്ച് റീസർഫസിംഗ് നടത്തുവാനുമാണ് ഇപ്പോൾ അംഗീകാരം നൽകുന്നത്. ദേശീയപാതാ വിഭാഗത്തിലെ എഞ്ചിനീയർമാർക്ക് പുറമേ, കേന്ദ്ര മന്ത്രാലയത്തിലെ എഞ്ചിനീയർമാരും ഗുണനിലവാരം സംബന്ധിച്ച് പരിശോധന നടത്തി ഉറപ്പുവരുത്തേണ്ടതാണ്.

(സി) വകുപ്പിനു കീഴിലുള്ള നിരത്തുകളുടേയും, പാലങ്ങളുടേയും വിഭാഗത്തിൽ വരുന്ന അറ്റകുറ്റപ്പണികൾക്കായി ഈ സാമ്പത്തിക വർഷം 387.90 കോടി രൂപയും, ദേശീയപാതകളുടെ വിഭാഗത്തിൽ 5.25 കോടി രൂപയും അവൈൽ ചെയ്തു.

അടിയന്തര അറ്റകുറ്റപ്പണികൾക്കും തകർന്നു കിടക്കുന്ന റോഡുകൾ പുനർ നിർമ്മിക്കാനുമായി 5000 കോടി രൂപയും അനുവദിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ ശബരിമലയ്ക്കുവേണ്ടി ബഹുമാനപ്പെട്ട കോടതി പറഞ്ഞ 17 റോഡുകൾ അടക്കം 25 റോഡുകൾ നിർമ്മിക്കാൻ 89 കോടി രൂപ അനുവദിച്ചു കഴിഞ്ഞിട്ടുണ്ട്. ഒക്ടോബർ 31-ന് ആ റോഡുകളുടെ നിർമ്മാണം ആരംഭിക്കും. അനുബന്ധ റോഡുകൾക്കായി 100 കോടി രൂപ ആവശ്യപ്പെട്ടിട്ടുണ്ട്. മൂന്നു മാസമായി. പണം അനുവദിച്ചിട്ടില്ല.

ശ്രീ. ബി. ഡി. ദേവസ്സി: സർ, തെറ്റായ ശീലങ്ങളും പ്രവണതകളുമുള്ള പൊതുമരാമത്തുവകുപ്പിനെ അഴിമതി വിരുദ്ധവും സുതാര്യവും കാര്യക്ഷമതയുള്ളതുമാക്കി മാറ്റാനുള്ള ബഹുമാനപ്പെട്ട മന്ത്രിയുടെ പരിശ്രമങ്ങൾ അഭിനന്ദനാർഹമാണ്. റോഡുകളും, പാലങ്ങളും കെട്ടിടങ്ങളുമടങ്ങിയ അടിസ്ഥാന സൗകര്യ വികസനമാണ് മറ്റു എല്ലാ വികസനങ്ങളുടേയും മുന്നൊരുക്കം. കേരളത്തിലെ റോഡുകൾ മണ്ണും, വെള്ളക്കെട്ടും ഉപയോഗക്രമവും മറ്റ് പ്രത്യേകതകളും പരിഗണിക്കാതെ രൂപകൽപ്പന ചെയ്യുതു കൊണ്ടാണ് നിർമ്മാണം പൂർത്തിയായി അധികം വൈകാതെ തകരുന്നത്. ഇതിന്റെ ഭാഗമായി അറ്റകുറ്റപ്പണികൾക്കായി കോടിക്കണക്കിന് രൂപയാണ് ചെലവാക്കേണ്ടി വരുന്നത്. ഇത് ഒഴിവാക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതുമുതൽ നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ സോഷ്യൽ ഓഡിറ്റും, മേൽനോട്ടവും, സുതാര്യമാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ അങ്ങ് നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അഞ്ചു മാസത്തിനുള്ളിൽ നടപടികൾ അടിസ്ഥാന പരമായി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. അത് നടപ്പിലാക്കി വരികയാണ്. പുതിയ കാലം പുതിയ നിർമ്മാണം എന്നതിൽ, അങ്ങ് പറഞ്ഞ എല്ലാ കാര്യങ്ങളും ഉണ്ട്. ശ്രീ. പിണറായി ഗവൺമെന്റിന്റെ അടിസ്ഥാന വികസന നയം പി.ഡബ്ല്യൂ.ഡി.-യിൽ നടപ്പിലാക്കി. സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കുമെന്ന് ഗവർണ്ണർ തന്നെ നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുണ്ട്. ആദ്യമായി ആലപ്പുഴയിൽ അത് നടപ്പിലാക്കി, വളരെ വിജയകരമായിരുന്നു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റും ചേർത്തല, കായംകുളം മുനിസിപ്പൽ ചെയർമാൻമാരും വിദഗ്ദ്ധരും അടങ്ങുന്ന സമിതിയാണ്. കാലാവധിക്ക് രണ്ടുവർഷം മുമ്പെ തകർന്ന തരിപ്പണമായ ഓച്ചിറ-ചേർത്തല നാഷണൽ ഹൈവേയുടെ തകരാർ പരിശോധിച്ചു. 2017 മേയ് മാസത്തിൽ റീസർഫസിംഗ് നടത്തേണ്ട ആ റോഡ്, കഴിഞ്ഞ ഗവൺമെന്റിന്റെ രണ്ടാം വർഷം തന്നെ തകർന്നു. ഈ ഗവൺമെന്റ് വരുമ്പോൾ തകർന്നു കിടക്കുകയാണ്, ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. അതിപ്പോൾ മെയിന്റെയിനബിൾ ആക്കിയിട്ടുണ്ട്. ആ സോഷ്യൽ ഓഡിറ്റ് വളരെ ജനശ്രദ്ധ ആകർഷിക്കുകയും വളരെ വിദഗ്ദ്ധമായ ഒരു റിപ്പോർട്ട് ആയി പരിഗണിക്കപ്പെടുകയും ചെയ്തിരിക്കുകയാണ്.

തുടർന്ന് സംസ്ഥാനാടിസ്ഥാനത്തിലും ജില്ലാടിസ്ഥാനത്തിലും മണ്ഡലാടിസ്ഥാനത്തിലും സോഷ്യൽ ഓഡിറ്റ് കമ്മിറ്റികളെ നിയമിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. അമേരിക്ക, കാനഡ തുടങ്ങിയ രാജ്യങ്ങളിലെ നിലവാരം പരിശോധിക്കുന്നുണ്ട്. സാമ്പത്തിക പ്രശ്നമല്ലാതെ യാതൊരു പ്രശ്നവുമില്ല. എഞ്ചിനീയർമാരെ വഴിവിട്ട് നയിച്ചതൊക്കെ അവസാനിച്ചിരിക്കുകയാണ്, അവർ നേരായി പ്രവർത്തിക്കുകയാണ്. പണം ഉണ്ടാകണം, അതിന് സഭയുടെ സഹായമുണ്ടാകണം. ബാക്കി എല്ലാകാര്യങ്ങളും ശരിയാകും.

<u>ശ്രീ. ബി. ഡി. ദേവസ്സി</u>: സർ, മൂന്നുകോടി നാൽപ്പത് ലക്ഷം ജനങ്ങളുള്ള കേരളത്തിൽ ഒരു കോടി വാഹനങ്ങളാണ് ഉള്ളത്. അതായത് മൂന്ന് പേർക്ക് ശരാശരി ഒരു വാഹനമെന്ന നിലയിൽ. ഇത്രയും വാഹന സാന്ദ്രതയുള്ള കേരളത്തിൽ റോഡുകൾ നന്നായേ തീരൂ. റോഡുകൾ നന്നായാൽ ഡീസൽ, പെട്രോൾ എന്നിവയുടെ ഉപയോഗവും മെയിന്റനൻസ് ചെലവും കുറയ്ക്കാൻ കഴിയും. നമ്മുടെ റോഡുകൾ കുഴിയാകുമ്പോൾ പണ്ട് ഉണ്ടായിരുന്ന എൻ.എം.ആർ. സംവിധാനം പോലെ അപ്പോൾ തന്നെ നന്നാക്കാനുള്ള സംവിധാനമുണ്ടാകണം. ഇപ്പോൾ റോഡുകൾ കുളമായാലും തിരിഞ്ഞുനോക്കാത്ത അവസ്ഥയാണ്. വർഷകാലങ്ങളിൽ നമ്മുടെ എഞ്ചിനീയർമാരോട് റോഡുകളിലൂടെ സഞ്ചരിക്കാൻ പറയണം. അപ്പോൾ എവിടെയാണ് വെള്ളക്കെട്ടെന്ന് മനസ്സിലാക്കി അതൊഴിവാക്കാൻ കഴിയും. ഒരു തൂമ്പയെടുത്ത് കാനയിലേയ്ക്ക് വെള്ളം തിരിച്ചുവിട്ടാൽ ഒരു റോഡ് രക്ഷിക്കാൻ കഴിയും. പലപ്പോഴും അത്തരം കാര്യങ്ങളിൽ കുറ്റകരമായ അനാസ്ഥയാണ് കാണിക്കുന്നത്. നമ്മൾ കേരളത്തിലൂടെ സഞ്ചരിക്കുമ്പോൾ പല സർക്കാർ കെട്ടിടങ്ങളുടെ മുകളിലും ആൽ വൃക്ഷങ്ങൾ വളർന്ന് കെട്ടിടത്തിന് വിള്ളൽ ഉണ്ടാകുന്നതായി കാണാം. ഈ വൃക്ഷങ്ങൾ വളരാൻ തുടങ്ങുമ്പോൾ തന്നെ നശിപ്പിക്കുന്നില്ല. പല സർക്കാർ കെട്ടിടങ്ങളുടേയും ടോയ്‌ലെറ്റുകൾ നന്നാക്കാതെ ഉപയോഗിക്കാൻ പോലും പറ്റാത്ത അവസ്ഥയിലാണ്. ഇതിനൊക്കെ പരിഹാരം കാണാനാവശ്യമായ സംവിധാനങ്ങളും മെയിന്റനൻസുകളും യഥാസമയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്. നാണം കെട്ടവന്റെ ആസനത്തിൽ ആൽ വളർന്നാൽ അതും ഒരു തണലാണെന്ന് മലയാളത്തിൽ ഒരു പഴമൊഴിയുണ്ട്. അതാണ് ഇപ്പോൾ കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ആ ആൽ നശിപ്പിച്ചാൽ നമുക്ക് നാണക്കേടുണ്ടാകില്ല. നമ്മൾ സാമാന്യം നാണമുള്ളവരാണ്. കെട്ടിടങ്ങളിൽ വളരുന്ന ആലുകൾ വെട്ടിമാറ്റുന്നതിനുള്ള ശക്തമായ നടപടി സ്വീകരിച്ചു വരികയാണ്. നമ്മുടെ റോഡുകളെല്ലാം കയ്യേറിയിരിക്കുകയാണ്. ഇതിനെപ്പറ്റിയെല്ലാം നാം പ്രത്യേകമായി ചർച്ച ചെയ്യണം. മെയിന്റനൻസ് പോളിസി പാസ്സാക്കിയിട്ടുണ്ട്. മെയിന്റനൻസിനു മാത്രമായി ഇന്ത്യയിൽ ആദ്യമായി ഒരു ചീഫ് എഞ്ചിനീയറെ

നിയമിക്കാൻ പോകുകയാണ്. ഇങ്ങനെ ഒരു ആശയം വന്നത് യുണൈറ്റഡ് സ്റ്റേറ്റ്സ് ഓഫ് അമേരിക്കയിലെ പ്രോവിൻസോയിൽനിന്നും കാനഡയിൽ നിന്നുമാണ്. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇന്റർനെറ്റിൽനിന്നും കിട്ടുന്നുണ്ട്. ഒരുപാട് സുഹൃത്തുക്കൾ ഈ പുതിയ നിർമ്മാണ രീതിയിൽ ആവേശമുൾക്കൊണ്ട് കത്തുകൾ അയയ്ക്കുന്നുണ്ട്. ഇന്നലെ ക്യാബിനറ്റിന്റെ അംഗീകാരം ലഭിച്ചു. എൻ.എം.ആർ. പോലുള്ള സംവിധാനത്തിന് പേര് അതുതന്നെ മതിയോ എന്നുള്ളതൊക്കെ നമ്മൾ ആലോചിക്കുന്നുണ്ട്. ഞാൻ സമയം ദീർഘിപ്പിക്കുന്നില്ല. എല്ലാപേരുടെയും സഹകരണവും പരിമിതമായ സാമ്പത്തിക ശേഷിക്കകത്തുനിന്നുകൊണ്ടുമാണ് ഇത് നടപ്പിലാക്കുന്നത്. പുതിയ ടെക്നോളജി വരുന്നതുകൊണ്ട് ചെലവ് കൂടുതലായിരിക്കും. ഇതെല്ലാം ശരിയാകുമെന്നാണ് പൂർണ്ണവിശ്വാസം. സഭയിലെ ബഡ്ജറ്റ് ചർച്ചയിലും കക്ഷിവ്യത്യാസമില്ലാതെ എല്ലാവരുടേയും ആവശ്യം അതുതന്നെയായിരുന്നു. അത് ഉൾക്കൊണ്ടുകൊണ്ട് റോഡുകൾ നന്നാക്കാം. റോഡിലേയ്ക്കിറങ്ങിയാൽ സന്തോഷമുണ്ടാകുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാക്കാമെന്നാണ് ബഹുമാനപ്പെട്ട മെമ്പറോട് പറയാനുള്ളത്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, കേരളത്തിലെ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ, പാലങ്ങൾ, റോഡുകൾ ഇവയുടെ നിർമ്മാണവും മെയിന്റനൻസും സംബന്ധിച്ച് ചില തീരുമാനങ്ങൾ അങ്ങിവിടെ പ്രഖ്യാപിക്കുകയുണ്ടായി. അങ്ങ് ചുമതലയെടുത്തശേഷം ജൂലൈ മാസം 9-ാം തീയതി മെട്രോ മാൻ ഡോ. ഇ. ശ്രീധരനും ചെന്നൈ ഐ.ഐ.ടി-യിൽ നിന്നും വിരമിച്ച ഡോ. പി. കെ. അരവിന്ദനും ഐ.എസ്.ആർ.ഒ.-യുടെ മുൻ ചീഫ് എഞ്ചിനീയർ ഡോ. പ്രഭാകരനും പങ്കെടുത്തുകൊണ്ട് ഈ വകുപ്പിലെ ഏതാണ്ട് 1400-ഓളം എഞ്ചിനീയർമാർക്കുവേണ്ടി ഒരു ശിൽപ്പശാല സംഘടിപ്പിക്കുകയുണ്ടായി. അതിൽ ഉരുത്തിരിഞ്ഞ് വന്ന നിർദ്ദേശങ്ങൾ ഈ മേഖലയിൽ എങ്ങനെയാണ് പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നത്?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അത് ചരിത്രപരമായ ഒരു കാൽവയ്പ്പാണ്. ഇന്നു വരെ കേരളത്തിലെന്നല്ല ഇന്ത്യയിലൊരു സംസ്ഥാനത്തും എഞ്ചിനീയർമാരുടെ സ്റ്റേറ്റുതല മീറ്റിംഗ് നടന്നിട്ടില്ല. മീറ്റിംഗിൽ 1400-ൽ ഒരാളൊഴിച്ച് എല്ലാ എഞ്ചിനീയർമാരും പങ്കെടുത്തു. എല്ലാവരും കൃത്യസമയത്തുതന്നെ എത്തിച്ചേർന്നു. എഞ്ചിനീയർമാരെപ്പറ്റിയുള്ള ആത്മവിശ്വാസം വർദ്ധിച്ചു. നമ്മൾ ശരിയായ ലീഡർഷിപ്പ് കൊടുത്താൽ അവർ നല്ല രീതിയിൽ ചെയ്യും. ശ്രീ. ഇ. ശ്രീധരന്റെ പ്രസംഗം ഒന്നരമണിക്കൂർ ഉണ്ടായിരുന്നു. അദ്ദേഹം മീറ്റിംഗിന്റെ അവസാനംവരെ പങ്കെടുത്തു. ഗവൺമെന്റിന്റെ നയങ്ങളോട് പൊതുവെ യോജിക്കുകയും അദ്ദേഹത്തിന്റെ അനുഭവങ്ങൾ പറയുകയും ചെയ്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് പ്ലാനിംഗ് ബോർഡിന് സമർപ്പിച്ച റിപ്പോർട്ട് ഇതുവരേയും നടപ്പാക്കിയിട്ടില്ല. അത് നടപ്പാക്കിയിരുന്നെങ്കിൽ പല പ്രശ്നങ്ങൾക്കും പരിഹാരം കണ്ടെത്താൻ കഴിയുമായിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് സമർപ്പിച്ച

റിപ്പോർട്ട് നടപ്പിലാക്കാൻ പോകുകയാണ്. അതുകഴിഞ്ഞ് പ്ലാസ്റ്റിക്, റബ്ബർ എന്നിവ ഉപയോഗിച്ചുള്ള ന്യൂ ടെക്നോളജിയെ സംബന്ധിച്ച ഒരു ദേശീയ സെമിനാർ നടന്നു. അതിൽ കേന്ദ്ര ഗവൺമെന്റ് നന്നായി സഹായിച്ചു. പ്ലാസ്റ്റിക്കിനെ സംബന്ധിച്ചും ഒരു സെമിനാർ നടന്നു. ഇന്നലെ ബഹുമാനപ്പെട്ട നെയ്യാറ്റിൻകര എം.എൽ.എ. അതിനെ സംബന്ധിച്ചാണ് പറഞ്ഞത്. നെയ്യാറ്റിൻകരയിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് ഒരു കിലോമീറ്റർ റോഡിന്റെ ടാറിംഗ് പരീക്ഷണം വളരെ വിജയകരമായി നടന്നു. കേരളത്തിൽ എല്ലായിടത്തും അത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ റബ്ബറൈസ്ഡ് ബിറ്റുമിൻ/പ്ലാസ്റ്റിക്, വെള്ളക്കെട്ടുണ്ടാകുന്ന സ്ഥലങ്ങളിൽ ജിയോടെക്സ്, കോൺക്രീറ്റ് ചെയ്യേണ്ടിടത്താണെങ്കിൽ കോൺക്രീറ്റ് ടാർ, അത്യാവശ്യത്തിന് ഇന്റർ ലോക്കിംഗ് ടൈൽസും മറ്റും ഉപയോഗിക്കാം. അങ്ങനെ നാനാവിധ ടെക്നോളജികൾ കൊണ്ട് സമ്പന്നമാണ്. അതുപോലെ ചൈനയിലെ റോഡുകളിലൂടെ യാത്ര ചെയ്ത കാര്യവും ഇവിടെ സംസാരിച്ചു. പെട്ടെന്ന് നമ്മുടെ ഡിസൈൻ മാറുകയാണ്. ഞാൻ അതൊന്നും ആവർത്തിക്കുന്നില്ല. എല്ലാ കാര്യത്തിലും മാറ്റമുണ്ടാകണം. എന്താണോ എഞ്ചിനീയറിംഗ് ടെക്നോളജി ആവശ്യപ്പെടുന്നത് നമ്മുടെ കഴിവിനനുസരിച്ച് അത് ജനങ്ങൾക്ക് ലഭ്യമാക്കി അനുഭവവേദ്യമാക്കണം. അത് നടപ്പിലാക്കിത്തുടങ്ങി.

<u>ശ്രീ. കാരാട്ട് റസാഖ്</u>: സർ, കാലവർഷക്കെടുതിയിൽ റോഡുകൾ തകർന്നു പോകുമ്പോൾ മാസങ്ങളോളം അറ്റകുറ്റപ്പണി നടത്താതെ യാത്രക്കാരെ ബുദ്ധിമുട്ടിക്കുന്ന ഒരവസ്ഥയാണ് കാണപ്പെടുന്നത്. അതിനാൽ കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, റോഡുകളുടെ അറ്റകുറ്റപ്പണികൾ നടന്നുവരികയാണ്. എല്ലാ മണ്ഡലങ്ങളിലുമായി 386 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ച് വർഷക്കാലം റോഡ് വികസനത്തിനായി എന്റെ നിയോജകമണ്ഡലത്തിൽ നയാപൈസ അനുവദിച്ചിട്ടില്ലെന്നുള്ള സത്യം ഞാൻ നിങ്ങളോട് തുറന്നുപറയുകയാണ്. എനിക്ക് അതിൽ വിരോധവുമില്ല. അതിലേയ്ക്കൊന്നും ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. ഇപ്പോൾ എല്ലാ മണ്ഡലങ്ങളിലും ലഭ്യമായ രീതിയിൽ തുക അനുവദിച്ചിട്ടുണ്ട്. തുക അനുവദിച്ചതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. മലപ്പുറം മേഖലയിലൊന്നും റോഡുകൾക്ക് അധികം കേടുപാടുകളില്ല. അതുകൊണ്ട് അവർ കുള്ളക്കണക്ക് നൽകിയില്ല. ആവശ്യത്തിനുള്ള തുക അനുവദിച്ചു. അറ്റകുറ്റപ്പണിയെന്ന് പറഞ്ഞാൽ റോഡിന്റെ പുനർനിർമ്മാണമല്ല. അങ്ങനെ തെറ്റിദ്ധരിക്കരുത്. കുണ്ടും കുഴിയും നികത്തുന്നത് ഷീറ്റുപോലെ ചെയ്യണം. ചിലയിടങ്ങളിൽ പുണ്ണുപോലെയിരിക്കും, അങ്ങനെ പണിതാൽ ശരിയാകില്ല. ഇതെല്ലാം എഞ്ചിനീയർമാരെ നമ്മൾ പഠിപ്പിക്കേണ്ടിവന്നു. ഷീറ്റുപോലെ ചെയ്താൽ അഞ്ച്, ആറ് മാസത്തേയ്ക്ക് ഒരു പ്രശ്നവും ഉണ്ടാകില്ല. ഇതിനായി 140

മണ്ഡലങ്ങളിലും പണം അനുവദിച്ചിട്ടുണ്ട്. ഏതെങ്കിലും എം.എൽ.എ.-മാർക്ക് അറ്റകുറ്റപ്പണികൾക്ക് പണം ആവശ്യമായി വരികയാണെങ്കിൽ കുറച്ച് പൈസ മാറ്റിവച്ചിട്ടുള്ളതിൽനിന്നും അനുവദിക്കുന്നതാണ്. പക്ഷേ അതുകൊണ്ടൊന്നും പ്രശ്നം തീരുന്നില്ല. റീകൺസ്ട്രക്ഷന് മാത്രം അയ്യായിരം കോടി രൂപ വേണം. 40,000 കി.മീ. റോഡ് തകർന്നുകിടക്കുകയാണ്. അതിനുവേണ്ടി പണം അനുവദിക്കും. ഒരുമിച്ച് അയ്യായിരം കോടി രൂപ തരാൻ ഉണ്ടാകില്ല. എല്ലാം ശരിയാകുമെന്ന് ഞാൻ വീണ്ടും ഉറപ്പുതരുന്നു.

ശ്രീ. യു.ആർ. പ്രദീപിനുവേണ്ടി ശ്രീ. പി. കെ. ശശി: സർ, പൊതുമരാമത്ത് വകുപ്പ് എല്ലാ കാലത്തും ചർച്ചയ്ക്ക് വിധേയമാകുന്നതാണ്. വലിയ തോതിലുള്ള അഴിമതിയാണ് അവിടെ നടക്കുന്നത്. ഈ അവസ്ഥയിൽനിന്നും വകുപ്പിനെ മോചിപ്പിക്കാൻ അഴിമതിക്കെതിരായി ഉറച്ച ശബ്ദവും ധീരമായ നിലപാടും സ്വീകരിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. എന്നാൽ നിലവിലുള്ള റോഡുകളുടെ സ്ഥിതി സംബന്ധിച്ച് ഇവിടെ പറഞ്ഞു. സർക്കാരിന്റെ ഖജനാവിന് കോടിക്കണക്കിന് രൂപയുടെ നഷ്ടം വരുത്തിവയ്ക്കുന്ന നിലവിലുള്ള എസ്റ്റിമേറ്റ് കരാർ സംവിധാനത്തിൽ വലിയ മാറ്റമുണ്ടാക്കാൻ സാധിക്കണം. ഡ്രെയിനേജ് സംവിധാനം അനിവാര്യമായ സ്ഥലങ്ങളിൽപ്പോലും ഡ്രെയിനേജിന്റെ വർക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താത്ത ഒരവസ്ഥയുണ്ട്. ഒരു വർക്കിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ ഡ്രെയിനേജ് വർക്കിന്റെ എസ്റ്റിമേറ്റുകൂടി അതിൽ ഉൾപ്പെടുത്താൻ നിർബന്ധിക്കണം. മറ്റൊരു പ്രധാനപ്പെട്ട കാര്യം, റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിന് പ്രത്യേകം മാനദണ്ഡങ്ങൾ വയ്ക്കണം. പൂർത്തിയാക്കുന്ന ജോലികൾക്ക് ഗ്യാരന്റി ഉണ്ടാക്കുന്ന തരത്തിൽ ഉദ്യോഗസ്ഥന്മാർക്കും കരാറുകാർക്കും നിയമപരമായി ഉത്തരവാദിത്വം നൽകാൻ, അഞ്ചോ ഏഴോ കൊല്ലത്തേയ്ക്ക് ഒരു പാക്കേജാക്കി അതിന്റെ നിയമപരമായ ബാധ്യത കരാറുകാർക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും നൽകാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, രണ്ടു മൂന്ന് വിഷയങ്ങളാണ് അങ്ങ് ഉന്നയിച്ചത്. നമ്മുടെ രാജ്യം നേരിടുന്ന രണ്ട് പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്ന് അഴിമതിയും മറ്റൊന്ന് വർഗ്ഗീയതയുമാണ്. അഴിമതിയുടെ കാര്യം പറഞ്ഞത് പൂർണ്ണമായും ശരിയാണ്. എന്റെ വിലയിരുത്തലിൽ നാൽപ്പതു മുതൽ അമ്പതു ശതമാനം വരെ തുക മാത്രമേ റോഡുകൾക്ക് വേണ്ടി ചെലവഴിക്കാൻ കഴിയുന്നുള്ളൂ. പാലങ്ങളുടെ കാര്യത്തിൽ അധികമൊന്നും ചെയ്യാൻ കഴിയുന്നില്ല. എന്നാലും ചെറുതായൊക്കെ കാര്യങ്ങൾ നടക്കുന്നുണ്ട്. അത് മാറ്റണം. കോൺട്രാക്ടറുടെ ആവശ്യത്തിനായുള്ള പൈസയെടുത്ത് കഴിഞ്ഞാൽ ബാക്കി തുക മുഴുവൻ റോഡുകൾക്കുവേണ്ടി ഇടണം. അതിനായി എസ്റ്റിമേറ്റ് മുതൽ നമ്മൾ നോക്കേണ്ടതായിട്ടുണ്ട്. ഇതിനെല്ലാം കൃത്യമായ നിർദ്ദേശം

കൊടുത്തിരിക്കുകയാണ്. റിവൈസ്ഡ് എസ്റ്റിമേറ്റ് എന്ന പരിപാടിയേ ആവശ്യമില്ല. മനഃപൂർവ്വം അഴിമതിക്ക് വേണ്ടി റിവൈസ്ഡ് എസ്റ്റിമേറ്റ് ഉണ്ടാക്കുകയാണ് ചെയ്യുന്നത്. അത്യാവശ്യമുള്ള തുക അനുവദിക്കുന്നുണ്ട്, ഒന്നും നിരോധിച്ചിട്ടില്ല. ഇപ്പോൾ ഈ കാര്യങ്ങളെല്ലാം ശ്രദ്ധിക്കുന്നുണ്ട്. എഞ്ചിനീയർമാർക്കും അത് മനസ്സിലായിട്ടുണ്ട്. എന്നാൽ നൂറ് ശതമാനവും എങ്ങനെ ചെയ്യും. സ്വാതന്ത്ര്യം കിട്ടി പത്തെഴുപത് വർഷമായി തുടർന്നുവരുന്ന ഒരു കാര്യം ഒരു ദിവസം കൊണ്ട് തീർക്കാൻ കഴിയില്ല. തിരുവനന്തപുരത്ത് രാജവാഴ്ചക്കാലത്തും ഖജനാവ് മോഷണമില്ലായിരുന്നോ? ചാണക്യന്റെ അർത്ഥശാസ്ത്രത്തിൽ, മോഷണം നടത്തുന്നവരുടെ ശിക്ഷയെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. ആയിരം രൂപ മോഷ്ടിക്കുന്നവന്റെ ഒരു കൈവിരൽ മുറിക്കും. ഇങ്ങനെ എത്ര കൈവിരൽ പോകണമെന്ന് എഴുതിവച്ചിട്ടുണ്ട്. ഇതൊക്കെ പണ്ടുമുതലേ തുടർന്നുവരുന്ന ഒന്നാണ്. ഭരണകൂടം തുടങ്ങിയ കാലംമുതലേ അഴിമതിയുടെ പ്രശ്നമുണ്ട്. ഏറ്റവും കൂടുതൽ അഴിമതിയുള്ള ഒരു വകുപ്പായി കഴിഞ്ഞ പത്ത് മുപ്പതുവർഷമായി പി.ഡബ്ല്യൂ.ഡി. മാറി. ഈ കാര്യങ്ങളെല്ലാം ഇനി പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. എന്നാലും ചില പ്രശ്നങ്ങളുണ്ടാകും. അഴിമതിയെന്ന് പറയുന്നത് നമുക്കെല്ലാം എതിരായ ഒരു വികാരമാണ്. ജനങ്ങളും അതിനെതിരാണ്, അപ്പോൾ മന്ത്രിയും അതിനെതിരായാലേ പറ്റൂ. നമ്മളെല്ലാം ജന്മനാ അഴിമതിക്കെതിരാണ്, അത് മന്ത്രിയായതുകൊണ്ടോ എം.എൽ.എ. ആയതുകൊണ്ടോ അല്ല. സമൂഹത്തിന്റെയും സഭയുടെയും പിന്തുണ ഉണ്ടാകുമ്പോൾ കുറച്ചുകൂടി ശക്തമായ നിലപാടുണ്ടാകും. ഈ സ്ഥാനത്ത് വന്നാൽ അങ്ങും ഇങ്ങനെ ചെയ്യുമെന്നാണ് എന്റെ വിശ്വാസം. തീർച്ചയായും ശക്തമായ നിലപാടുണ്ടാകും.

ശ്രീ. റ്റി. വി. രാജേഷ്: സർ, റോഡിനെ സംബന്ധിച്ചുള്ള വിഷയമാണ് പലപ്പോഴും നമ്മുടെ ശ്രദ്ധയിൽ വരുന്നത്. ഇപ്പോൾ കെട്ടിടങ്ങൾ നിർമ്മിച്ചുകഴിഞ്ഞാൽ അധികം കാലതാമസമില്ലാതെ അവ തകർന്നുപോകുകയോ ചോർന്നൊലിക്കുകയോ കേട് സംഭവിക്കുകയോ ചെയ്യുന്ന ഒട്ടേറെ സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. കെട്ടിടം നിർമ്മിക്കുന്നതിനുള്ള നൂതനമായ ടെക്നോളജിയെക്കുറിച്ചാണ് ഭാവനാ സമ്പന്നനായ ആർജ്ജവമുള്ള ബഹുമാന്യനായ മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഇക്കാര്യത്തിൽ ഒരു പ്രതീക്ഷ കേരളത്തിലെ ജനങ്ങൾക്കുണ്ട്. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മാത്രമല്ല കെട്ടിട നിർമ്മാണത്തിന്റെ കാര്യത്തിലും കൂടുതൽ അഴിമതി നടക്കുന്നുണ്ട്. കണ്ണൂർ വളരെ വിസ്തൃതമായ ഒരു ജില്ലയാണ്. ഇവിടെ ഒരു പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് മാത്രമാണുള്ളത്. കഴിഞ്ഞ ഡി.ഡി.സി. മീറ്റിംഗിൽ ഇത് വളരെ പ്രധാനപ്പെട്ട വിഷയമായിരുന്നു. പലപ്പോഴും ബിൽഡിംഗ് പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്ത് വർഷങ്ങൾ കഴിഞ്ഞാലും ഇലക്ട്രിഫിക്കേഷൻ നടത്താത്ത വിഷയമുണ്ട്. ഇതിന് പരിഹാരം കാണാനായി കൂടുതൽ പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംഗ് ആരംഭിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, കെട്ടിടത്തിന്റെ കാര്യവും തുല്യ പ്രാധാന്യമുള്ളതാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾത്തന്നെ ആർക്കിടെക്ചറൽ ചീഫ് എഞ്ചിനീയറെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരെയും വിളിച്ചു. ഗവൺമെന്റ് സെക്രട്ടറിയും ഉണ്ടായിരുന്നു. പരിസ്ഥിതിക്കനുസരിച്ചാണ് കെട്ടിടങ്ങൾ നിർമ്മിക്കേണ്ടത്. ഇക്കാര്യം നേരത്തെ ബഡ്ജറ്റ് ചർച്ചയിൽ സൂചിപ്പിച്ചതിനാൽ ആവർത്തിക്കുന്നില്ല. ഗവൺമെന്റ് ഒരു കെട്ടിടം നിർമ്മിച്ചാൽ അത് കുറച്ച് കാലം കഴിയുമ്പോൾ വിള്ളൽ വീണ് ചോരുന്ന സ്ഥിതിവിശേഷമാണുള്ളത്. എറണാകുളത്തെ പുതിയ ഗസ്റ്റ് ഹൗസ് നിർമ്മിച്ചിട്ട് ഏകദേശം ഇരുപത് വർഷമായിക്കാണും. അവിടെ ഞങ്ങളാരും താമസിക്കാറില്ല. മുഖ്യമന്ത്രിയും നമ്മളെല്ലാവരും പഴയ ഗസ്റ്റ് ഹൗസിൽ മാത്രമേ താമസിക്കുകയുള്ളൂ. കോടിക്കണക്കിന് രൂപ മുടക്കി ഈ ഗസ്റ്റ് ഹൗസ് നിർമ്മിച്ചെങ്കിലും അത് മുഴുവൻ ചോരുകയാണ്. വലിയ കേമന്മാരായ ഐ.എ.എസ്. ഉദ്യോഗസ്ഥരാണ് അത് പണിയിച്ചത്. ഞാൻ ഇവിടെ അവരുടെ പേരുകൾ പരാമർശിക്കുന്നില്ല. അത് പറഞ്ഞാൽ ബുദ്ധിമുട്ടാകും. ഇന്റർനാഷണൽ കൺസെപ്റ്റായ ഗ്രീൻ കൺസെപ്റ്റ് കെട്ടിട നിർമ്മാണത്തിൽ കൊണ്ടുവരികയാണ്. കോളേജ് നിർമ്മിക്കുന്നതിനും ഹോസ്പിറ്റൽ നിർമ്മിക്കുന്നതിനും ഗവൺമെന്റ് കെട്ടിടം നിർമ്മിക്കുന്നതിനും പ്രത്യേകം പ്രത്യേകം ഡിസൈനുണ്ട്. ഇത്തരത്തിൽ ഓരോ കെട്ടിടവും പ്രത്യേകം ഡിസൈൻ അനുസരിച്ചാണ് നിർമ്മിക്കുന്നത്. വർഷങ്ങൾക്കുമുമ്പ് നിർമ്മിച്ച കേരള യൂണിവേഴ്സിറ്റിയുടെ മെയിൻ ബിൽഡിംഗിന് ഇപ്പോഴും എന്തെങ്കിലും കുഴപ്പമുണ്ടോ? നേരേ മറിച്ച് ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് നിർമ്മിച്ച കാര്യവട്ടം യൂണിവേഴ്സിറ്റിയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണ്? കണ്ടത്തിൽ കാക്ക വരാതിരിക്കാൻ കോലം കുത്തുന്നതുപോലെയാണ് അതിന്റെ അവസ്ഥ. ഇത്തരം അവസ്ഥയ്ക്ക് മാറ്റം വരുത്താൻ എം.എൽ.എ.മാർ ഇടപെടണം. അവർക്ക് അതിനുള്ള അവകാശമുണ്ട്, ഇക്കാര്യത്തിൽ അവർ ഇടപെട്ടേ പറ്റൂ. എവിടെയെങ്കിലും തെറ്റ് കണ്ടാൽ ജനങ്ങളും ഇടപെടണം. വർക്കുകൾ നിർത്തിവച്ചാലും യാതൊരു കുഴപ്പവുമില്ല. സോഷ്യൽ ഓഡിറ്റ് എന്നുപറയുന്നത് സ്റ്റാറ്റ്യൂട്ടറിയാണ്. ഇതിൽ എല്ലാവരും ഇടപെടണം. നമ്മുടെ പൊതുസ്വത്താണ് റോഡ്. ഇത് കുറച്ചുപേർക്ക് മാത്രമുള്ളതല്ല. ഇവിടെ ബഹുമാനപ്പെട്ട മെമ്പർമാർ സൂചിപ്പിച്ചതുപോലെ റോഡുകൾ നാടിന്റെ ഐശ്വര്യമാണ്. ഇതുമായി ബന്ധപ്പെട്ട നിലപാടുകളുണ്ടെങ്കിലും അത് വിജയിപ്പിക്കാൻ ശക്തമായ നീക്കം നടത്തണം. നമുക്ക് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റും ഇലക്ട്രിക്കൽ വിംഗുമുണ്ട്. ബിൽഡിംഗ് നിർമ്മാണവും ഇലക്ട്രിഫിക്കേഷനും രണ്ടായിട്ടാണ് ചെയ്യുന്നത്. കാരണം കെട്ടിടം പണിഞ്ഞാൽ ഉടൻ കുത്തിപ്പൊളിക്കണം. അങ്ങനെ വരുമ്പോൾ സിവിൽ എഞ്ചിനീയർക്ക് പുതിയ എസ്റ്റിമേറ്റ് ലഭിക്കും. റോഡിൽ കുഴലിടുന്നതിൽ ആദ്യം ഇലക്ട്രിസിറ്റി ബോർഡ് അതുകഴിഞ്ഞ് പി.ഡബ്ല്യു.ഡി., ബി.എസ്.എൻ.എൽ., ടാറ്റ, ബിർള എന്നിങ്ങനെ പോകുകയാണ്. ഇതെല്ലാം ഒരുമിച്ചിട്ടാൽ എന്താണ് കുഴപ്പം? ഇതിനെല്ലാം നമ്മുടെ പല എഞ്ചിനീയർമാരും കൂട്ടുനിൽക്കുകയാണ്. അതിനാൽ ഇലക്ട്രിക്കലും സിവിലും ഒരേ സമയത്ത് ചെയ്യണമെന്ന നിർദ്ദേശം കൊടുക്കുകയാണ്.

ഡോ. എൻ. ജയരാജ്: സർ, പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. ജി. സുധാകരന് പൊതുജന മധ്യത്തിൽ നല്ലൊരു മുഖമാണുള്ളത്. അഴിമതിയില്ലാത്ത, കർഷക സ്നേഹിയായ ഒരു മുഖം. പക്ഷെ റോഡുകളെ സംബന്ധിച്ച് അത്ര നല്ല സൗന്ദര്യമുള്ള മുഖമല്ല എന്നതാണ് പ്രധാനപ്പെട്ട കാര്യം. മന്ത്രിയെന്ന നിലയിൽ അങ്ങയുടെ കുഴപ്പമല്ല, ഉദ്യോഗസ്ഥന്മാരുമായി ബന്ധപ്പെട്ട പ്രശ്നമാണിത്. കാഞ്ഞിരപ്പള്ളി മുതൽ പൊൻകുന്നം വരെയുള്ള റോഡ് നിർമ്മാണം കഴിഞ്ഞ ഒന്നരവർഷമായി വാട്ടർ അതോറിറ്റിയും പി.ഡബ്ല്യു.ഡി.യും തമ്മിലുള്ള തർക്കത്തിൽ കിടക്കുകയാണ്. വാട്ടർ അതോറിറ്റി പൈപ്പ് ലൈൻ ഇടുന്നതിനായി ഒരു കോടി അറുപത് ലക്ഷം രൂപ അടയ്ക്കുകയുണ്ടായി. എന്നാൽ ഇക്കാര്യത്തിൽ പി.ഡബ്ല്യു.ഡി.യുടെ ഭാഗത്തുനിന്ന് അലംഭാവം ഉണ്ടാകുന്നുണ്ട്. ഇക്കാര്യം ഞാൻ പലതവണ നിയമസഭയിൽ സൂചിപ്പിക്കുകയുണ്ടായി. ഈ രണ്ട് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കം കാരണം പല റോഡുകളും തകർന്നിരിക്കുകയാണ്. കുടിവെള്ളം വേണ്ടായെന്ന് പറയാൻ സാധിക്കില്ല. പക്ഷെ കുടിവെള്ളത്തിനായി പണമടച്ചാൽ പോലും പി.ഡബ്ല്യു.ഡി. കൃത്യമായി ചെയ്യുന്നില്ല. പി.ഡബ്ല്യു.ഡി. തയ്യാറാക്കുന്ന എസ്റ്റിമേറ്റ് വളരെ എക്സോർബിറ്റന്റായിട്ടുള്ളതെന്നാണ് അവരുടെ പ്രധാന ആരോപണം. പൈപ്പ് ലൈൻ പൊട്ടിയാൽ അത് നന്നാക്കാൻ പി.ഡബ്ല്യു.ഡി. അനുവാദം നൽകാറില്ല. പലപ്പോഴും വെള്ളം പാഴായിപ്പോകുന്ന അവസ്ഥ ഉണ്ടാകുകയാണ്. ഇക്കാര്യം കഴിഞ്ഞ ദിവസം സഭയിൽ സൂചിപ്പിക്കുകയുണ്ടായി. ആയതിനാൽ സംസ്ഥാന തലത്തിലുള്ള കോ-ഓർഡിനേഷൻ ഇക്കാര്യത്തിൽ ഉണ്ടാക്കുന്നതിന് മുൻകയ്യെടുക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് സൂചിപ്പിച്ച കാര്യം എനിക്ക് നല്ല ബോധ്യമുള്ളതാണ്. സാമാജികന്മാരിൽ ഏറ്റവും സൗന്ദര്യം കുറഞ്ഞ ആൾ ഞാനാണെന്ന് എനിക്കറിയാം. അതിനാൽ എനിക്ക് സൗന്ദര്യബോധത്തെക്കുറിച്ച് നല്ലതുപോലെ അറിയാം. ബഹുമാനപ്പെട്ട മെമ്പർ കാര്യം മനസ്സിലാക്കാതെയാണ് ഇവിടെ സംസാരിച്ചത്. ഇതിനെ ഏറ്റവും കൂടുതൽ എതിർക്കുന്നത് നമ്മളാണ്. ഇതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരെ വിളിച്ച് കോൺഫറൻസ് നടത്തുകയുണ്ടായി. ജലം കൊടുക്കണ്ടായെന്ന് പറയാൻ നമുക്ക് സാധിക്കില്ല. വെള്ളം കൊടുക്കുന്നതിനായി റോഡ് വെട്ടിപ്പൊളിച്ചാൽ പിന്നെ നന്നാക്കാറില്ല. ഇതുസംബന്ധിച്ച കൃത്യമായ നിർദ്ദേശം രണ്ട് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്കും നൽകുന്നുണ്ട്. ഇക്കാര്യത്തെ കുറിച്ച് ഞാൻ അധികം വിശദീകരിക്കുന്നില്ല. റോഡ് കട്ട് ചെയ്യുമ്പോൾ വാട്ടർ അതോറിറ്റിയിലെയും പി.ഡബ്ല്യു.ഡി.യിലെയും എ.ഇ.-മാർ അവിടെ ഉണ്ടാകണം. ഇതിൽനിന്ന് കുറച്ചുപേർ മാറി നിൽക്കും. അപ്രകാരം മാറിനിൽക്കുന്നത് കോൺട്രാക്ടർമാർക്കുവേണ്ടിയാണ്. ഇക്കാര്യം എല്ലാവർക്കും അറിയാവുന്നതാണ്. അഞ്ച് മാസത്തിനുള്ളിൽ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ അടക്കം പതിനേഴ്

പേർക്കെതിരെ നടപടി സ്വീകരിച്ചു. എന്തെങ്കിലും പ്രശ്നം ഉയർന്നുവന്നാൽ വേണമെങ്കിൽ ചീഫ് എഞ്ചിനീയർമാർക്കെതിരെയും നടപടി സ്വീകരിക്കും. അക്കാര്യത്തിൽ യാതൊരു സംശയവും വേണ്ട. അതിന് സർക്കുലറുണ്ട്. കൃത്യമായി അതുപോലെ ചെയ്താൽ യാതൊരു കുഴപ്പവും ഉണ്ടാകില്ല. ഇക്കാര്യത്തിൽ എം.എൽ.എ. മാരുടെ പൂർണ്ണമായ ഇടപെടൽ ഉണ്ടാകണം.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, എല്ലാ മണ്ഡലത്തിലെയും റോഡുകളുടെ നീളം ഒരുപോലെയല്ല. ചില മണ്ഡലങ്ങളിൽ ധാരാളം റോഡുകൾ ഉണ്ട്. അപ്പോൾ അതിനനുസരിച്ച് തുക നീക്കിവയ്ക്കണം. കൊല്ലം ജില്ലയിലെ ചടയമംഗലം മണ്ഡലത്തിലാണ് പി.ഡബ്ല്യൂ.ഡി. റോഡുകൾക്ക് ഏറ്റവും കൂടുതൽ നീളമുള്ളത്. കൂടാതെ ചില മണ്ഡലങ്ങളിലെ റോഡുകൾ രണ്ട് ജില്ലകളുടെ അതിർത്തിയായി വരും. ഇത്തരം റോഡുകൾ ഒരുമിച്ച് പണി ചെയ്യാൻ ഇപ്പോൾ വലിയ പ്രയാസമാണ്. ഒരു ജില്ലയിലെ വർക്ക് നടന്നാലും മറ്റേ ജില്ലയിലെ റോഡിന്റെ നിർമ്മാണം ബാക്കിയാകും. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള അടിയന്തര സംവിധാനം ഉണ്ടാകുമോ?

ശ്രീ. ജി. സുധാകരൻ: സർ, അങ്ങ് നൽകിയ നിർദ്ദേശങ്ങൾക്ക് പ്രത്യേക പരിഗണന നൽകാൻ ശ്രമിക്കും. അങ്ങയുടെ മണ്ഡലത്തിന് കൂടുതൽ പരിഗണന നൽകാൻ ശ്രമിച്ചെങ്കിലും അത് അപര്യാപ്തമാണെന്ന് അറിയാം. കാരണം ചടയമംഗലം വലിയ മണ്ഡലവും കൂടാതെ മലമ്പ്രദേശവുമാണ്. അതിനുതകുന്ന തുക ലഭ്യമായിട്ടില്ല. എന്തായാലും ഇക്കാര്യങ്ങളെല്ലാം മനസ്സിലുണ്ട്. അങ്ങ് സൂചിപ്പിച്ച ഇന്റർ ഡിസ്ട്രിക്റ്റിന്റെ പ്രശ്നങ്ങൾ പ്രത്യേകം പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ: വിഷയം റോഡ് മെയിന്റനൻസായതുകൊണ്ട് ഏതാണ്ട് എല്ലാ അംഗങ്ങളും കൈ ഉയർത്തുകയാണ്. പ്രസ്തുത വിഷയം സംബന്ധിച്ച നയം മന്ത്രി ഇവിടെ വിശദീകരിച്ചു കഴിഞ്ഞുവെന്നാണ് എനിക്ക് തോന്നുന്നത്. അടുത്ത ചോദ്യം വളരെ പ്രധാനപ്പെട്ട വിഷയമാണ്. ആയതിനാൽ ചോദ്യം *393 എടുക്കുകയാണ്.

**മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമ പദ്ധതികൾ**

3 (*393) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. വി. ജോയി:
ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി സംസ്ഥാനത്തു നടപ്പാക്കുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) വിവിധ ക്ഷേമപദ്ധതികൾ നടപ്പാക്കുന്നതിനായി കേന്ദ്രസഹായം അഭ്യർത്ഥിച്ചിരുന്നോ; എങ്കിൽ അതിന്റെ വിശദാംശവും അതിനോടുള്ള കേന്ദ്ര സർക്കാർ പ്രതികരണവും അറിയിക്കുമോ;

(സി) നീല വിപ്ലവ പദ്ധതി പ്രകാരം സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ള തുക മത്സ്യ സമ്പത്തിന്റെ വർദ്ധനയ്ക്ക് എത്രമാത്രം പര്യാപ്തമാണെന്ന് അറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി ഫിഷറീസ് വകുപ്പ് നേരിട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. ഭവന നിർമ്മാണ പദ്ധതി
3. ലംപ്സംഗ്രാന്റ്/മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾ
4. കടാശ്വാസ പദ്ധതി
5. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നമനത്തിനായുള്ള വിവിധ ക്ഷേമപദ്ധതികൾ
6. മത്സ്യത്തൊഴിലാളികൾക്കുള്ള സൗജന്യ റേഷൻ

കൂടാതെ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 2016-17 വർഷം മത്സ്യത്തൊഴിലാളികൾക്കുള്ള ക്ഷേമപദ്ധതികളായ സമ്പാദ്യ സമാശ്വാസ പദ്ധതി (50:50), മത്സ്യത്തൊഴിലാളികൾക്കുള്ള ഗ്രൂപ്പ് ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി (50:50) കേന്ദ്ര-സംസ്ഥാന വിഹിതമാണ്, മത്സ്യത്തൊഴിലാളി കൾക്കുള്ള ഭവനനിർമ്മാണ പദ്ധതി (50:50), നാടൻ വള്ളങ്ങളുടെ ആധുനിക വൽക്കരണം (50:50) എന്നിവ നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ട്. പ്രതികരണം ലഭ്യമായിട്ടില്ല.

(സി) കേന്ദ്ര സർക്കാരിന്റെ നീല വിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭിക്കുന്നതിനായി ഫിഷറീസ് ഡിപ്പാർട്ടുമെന്റിൽനിന്നും NFDB ശിപാർശയോടുകൂടി 7 പദ്ധതികൾ കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മത്സ്യസമ്പത്തിന്റെ വർദ്ധനവ് ലക്ഷ്യമാക്കി ഉൾനാടൻ മത്സ്യകൃഷി വികസനം, ഓരുജല കൂടുകൃഷി, സമുദ്രജല കൂടുകൃഷി, നൂതന മത്സ്യകൃഷി രീതിയിൽ കർഷകർക്ക് പരിശീലനം, റീട്ടെയിൽ ഫിഷ് മാർക്കറ്റ് എന്നീ പദ്ധതികളാണ് ഉൾപ്പെടുത്തി യിരിക്കുന്നത്. മത്സ്യകൃഷി വികസന പദ്ധതികളിൽ പലതിന്റെയും യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചുവെങ്കിലും അതിന് അനുസൃതമായി കൂടുതൽ എണ്ണം യൂണിറ്റുകൾ കേന്ദ്രം അനുവദിക്കാത്തതും മൊത്തം കേന്ദ്ര സഹായം വർദ്ധിപ്പിക്കാത്തതുമൂലവും നീല വിപ്ലവം പദ്ധതികൾക്കായി സംസ്ഥാനത്തിന് കേന്ദ്രസർക്കാർ നീക്കിവച്ച തുക അപര്യാപ്തമാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, കടലോര ജനതയുടെ ഹൃദയം തൊട്ടുണർത്തിക്കൊണ്ട് കടൽ കടലിന്റെ മക്കൾക്കെന്നായിരുന്നു കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപനം നടത്തിയത്. ആ പദ്ധതികളുടെ തുടർ പ്രവർത്തനവും കാലോചിതമായ പുതിയ പ്രവർത്തനവുമേറ്റെടുത്തുകൊണ്ട് ഫിഷറീസ് വകുപ്പ് ശ്രദ്ധേയമായ പ്രവർത്തനമാണ് നടത്തുന്നത്. നരേന്ദ്ര മോദി സർക്കാർ കേന്ദ്രവിഹിതം പിൻവലിച്ചതുകാരണം മത്സ്യത്തൊഴിലാളി ക്ഷേമത്തിനായുള്ള നാല് പദ്ധതികൾ - മത്സ്യത്തൊഴിലാളി സമ്പാദ്യ സമാശ്വാസ പദ്ധതി, ദേശീയ മത്സ്യത്തൊഴിലാളി ഭവന നിർമ്മാണ പദ്ധതി, ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി, മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി എന്നിവ വറുതിയിലായിരിക്കുകയാണ്. ഈ പദ്ധതികൾ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. കേരളത്തിനുള്ള വിഹിതം നാമമാത്രമായതോടെ പകരം പ്രഖ്യാപിച്ച കേന്ദ്ര പദ്ധതി പ്രവർത്തനം സുഗമമായി നടത്താൻ കഴിയാത്ത സ്ഥിതിയും കേരളം അഭിമുഖീകരിക്കുകയാണ്. ഈ പ്രതിസന്ധി മറികടന്നുകൊണ്ട് മുന്നോട്ടുപോകാനും പദ്ധതികൾ ഫലപ്രദമായി നടപ്പിലാക്കാനും എന്തെങ്കിലും നടപടികളെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളാണ് സമ്പാദ്യ സമാശ്വാസ പദ്ധതി, ഭവന നിർമ്മാണ പദ്ധതി അടക്കമുള്ളവ. സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ കാര്യത്തിൽ യൂണിറ്റ് കോസ്റ്റ് 900 രൂപയിൽ നിന്ന് 1,500 രൂപയായി വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് സന്നദ്ധമായിട്ടുണ്ട്. എന്നാൽ അതിനനുസരിച്ചുള്ള അലോക്കേഷൻ നൽകിയിട്ടില്ല. സമാശ്വാസ പദ്ധതിയിൽ ഈ വർദ്ധനവിനനുസരിച്ച് കേന്ദ്ര ഗവൺമെന്റ് തരേണ്ടിയിരുന്നത് 16.55 കോടി രൂപയാണ്. എന്നാൽ വകയിരുത്തിയിട്ടുള്ളത് കേവലം 2 കോടി രൂപ മാത്രമാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിൽ നമുക്ക് വിഷമമുണ്ട്. യൂണിറ്റ് കോസ്റ്റ് വർദ്ധിപ്പിച്ചത് ആശ്വാസകരമാണ്, പക്ഷെ അതിന് ആനുപാതികമായ അലോട്ട്മെന്റ് ഇല്ലായെന്നത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിന് പ്രതികരിക്കും എന്ന് പ്രതീക്ഷിക്കുകയാണ്. ഭവനനിർമ്മാണ പദ്ധതിയിൽ

കേന്ദ്ര ഗവൺമെന്റിന്റെ വിഹിതമനുസരിച്ച് നൽകേണ്ടിയിരിക്കുന്നത് 500 ലക്ഷം രൂപയാണ്. എന്നാൽ ഇപ്പോൾ അലോട്ട്മെന്റ് കിട്ടിയത് 100 ലക്ഷം രൂപ മാത്രമാണ്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ സംയുക്തമായി നടപ്പിലാക്കുന്ന നിരവധി പദ്ധതികൾ, നീല വിപ്ലവത്തിന്റെ പേര് പറഞ്ഞ് അതിന്റെ വിഹിതം വളരെ ഗണ്യമായി കുറയ്ക്കുന്നതാണ് ഇന്നത്തെ അനുഭവം. അത് മാറ്റണമെന്നും പുനഃസ്ഥാപിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ആവർത്തിച്ചാവർത്തിച്ച് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. അത് പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുകയാണ്.

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര തുകയാണ്?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, സമ്പാദ്യ സമാശ്വാസ പദ്ധതിയിൽ ഗുണഭോക്താക്കൾ അടയ്ക്കേണ്ട വിഹിതം 900 രൂപയിൽ നിന്ന് 1,500 രൂപയായും മത്സ്യത്തൊഴിലാളിക്ക് തിരികെ നൽകുന്നത് 2,700 രൂപയിൽ നിന്ന് 4,500 രൂപയായും വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഉടനെ കളക്ഷൻ തുടങ്ങും. 4,500 രൂപയാണ് പഞ്ഞമാസക്കാലങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ആർ. രാജേഷ്</u>: സർ, മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴി ലാളികൾക്കും നൽകുന്ന ആനുകൂല്യത്തിൽ വലിയ വിവേചനമുണ്ട്. ക്ഷേമനിധി അംഗങ്ങളായിട്ടുള്ളവർക്കാണ് ആനുകൂല്യം നൽകുന്നത്. മത്സ്യത്തൊഴിലാളി ക്ഷേമ നിധിയിലേക്ക് 100 രൂപ കൊടുക്കുമ്പോൾ അനുബന്ധ മത്സ്യത്തൊഴിലാളി ക്ഷേമ നിധിയിലേക്ക് 240 രൂപയാണ് കൊടുക്കുന്നത്. മരണാനന്തര ആനുകൂല്യങ്ങളിലും മറ്റാനുകൂല്യങ്ങളിലുമെല്ലാം വലിയ വിവേചനമുണ്ട്. 1986-ലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി നിയമവും 1999-ലെ അനുബന്ധ ക്ഷേമനിധി നിയമവും സംയോജി പ്പിച്ചതിന്റെ ഭാഗമായാണ് ഇത്തരമൊരു വിവേചനമെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. എല്ലാ കാര്യത്തിലും അത് ഏകീകരിക്കാൻ കഴിയില്ല. മത്സ്യത്തൊഴിലാളി അനുബന്ധമേഖലയിൽ മാരകമായ രോഗം ബാധിച്ച ആളുകൾക്ക് കൊടുക്കുന്ന സഹായം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, അത് കഴിയില്ല. മത്സ്യത്തൊഴിലാളി മത്സ്യത്തൊഴിലാളിയാണ്. അനുബന്ധത്തൊഴിലാളി വേറൊരു വിംഗാണ്. മത്സ്യത്തൊഴിലാളിയുടെ ഡെഫനിഷനിൽ അനുബന്ധത്തൊഴിലാളി വരുന്നില്ല. ആദ്യം മത്സ്യത്തൊഴിലാളിക്കാണ് ആനുകൂല്യം കൊടുത്തത്. പിൽക്കാലത്താണ് അനുബന്ധത്തൊഴിലാളികളുടെ കൂടി പദ്ധതി വന്നത്. രണ്ടും രണ്ടാണ് എന്നതു കൊണ്ട് രണ്ടാനുകൂല്യങ്ങളും ഒന്നാക്കി മാറ്റാൻ കഴിയില്ല.

ശ്രീ. വി. ജോയി: സർ, തീരദേശത്തെ 8 ലക്ഷത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾ എൽ.ഡി.എഫ്. ഗവൺമെന്റിനെ പ്രതീക്ഷയോടെയാണ് കാണുന്നത്. കടാശ്വാസ പദ്ധതിയുടെ കാലാവധി അവസാനിച്ചിരിക്കുകയാണ്. അതിന്റെ തുടർ നടപടികൾ സ്വീകരിക്കുമോ; അതുപോലെ ലംപ്സം ഗ്രാന്റ് കഴിഞ്ഞ കാലങ്ങളിൽ വളരെ കുറച്ചാണ് കൊടുത്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണ വെട്ടിക്കുറച്ച് തൊഴിലാളികളെ കഷ്ടപ്പെടുത്തുകയാണ്. ഇക്കാര്യങ്ങളിൽ സർക്കാർ ഇടപെടുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ലംപ്സം ഗ്രാന്റിന്റെ കാര്യത്തിൽ വളരെ ഖേദകരമായ വസ്തുതയാണ് കേരളത്തിൽ നിലനിൽക്കുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഓരോ വർഷവും ഓരോ ജില്ലയ്ക്കും പരമാവധി 30 ലക്ഷം രൂപ, 40 ലക്ഷം രൂപ മാത്രമേ മത്സ്യത്തൊഴിലാളികൾക്ക് ലംപ്സം ഗ്രാന്റായി കൊടുത്തിട്ടുള്ളൂ. ഇതിൽ നിന്നും വ്യത്യസ്തമായി 2016 ഏപ്രിൽ മാസത്തിലാണ് 3 കോടി രൂപ അലോട്ട് ചെയ്തത്. അത് ഇലക്ഷൻ ഡിക്ലയർ ചെയ്തതിനാൽ നൽകാനുമായില്ല. അതുകൊണ്ട് വളരെ കുടിശ്ശികയുണ്ടായിരുന്നു. ഈ വർഷം ഈ 5 മാസത്തിനിടയിൽ ഇടതുപക്ഷ ഗവൺമെന്റ് 10 കോടി രൂപയാണ് മത്സ്യത്തൊഴിലാളികളുടെ ലംപ്സം ഗ്രാന്റ് കൊടുക്കാനായി അലോട്ട് ചെയ്തിരിക്കുന്നത്. ഈ വർഷം ഇനി 15 കോടി രൂപ കൂടി ആവശ്യമുണ്ട്. 15 കോടി രൂപയ്ക്ക് അഡീഷണൽ ആതറൈസേഷൻ നൽകുകയാണ്. ബഡ്ജറ്റിൽ ആദ്യം അനുവദിച്ച 10 കോടി രൂപ ലഭ്യമായതിന്റെ ഭാഗമായി എല്ലാ ജില്ലകളിലേയും മുഴുവൻ വിദ്യാർത്ഥികളുടെയും കുടിശ്ശികയായ ലംപ്സം ഗ്രാന്റ് കൊടുത്തുതീർക്കാൻ നടപടി സ്വീകരിച്ചുകഴിഞ്ഞു. തിരുവനന്തപുരം ജില്ലയിൽ മാത്രമാണ് അലോട്ട്മെന്റിൽ 50 ലക്ഷം രൂപയുടെ കുറവുള്ളത്. മറ്റ് ജില്ലകളിൽ കൊടുത്ത തുകയിൽ അധികമുള്ളത് റീ-അറേഞ്ച് ചെയ്ത് തിരുവനന്തപുരം ജില്ലയ്ക്ക് കൊടുക്കാൻ ഏർപ്പാട് ചെയ്തുകഴിഞ്ഞു. കുടിശ്ശിക ഒരു മാസത്തിനകം പൂർണ്ണമായും കൊടുത്തുതീർക്കും. അഡ്മിഷൻ സമയത്ത് തന്നെ ലംപ്സം ഗ്രാന്റ് കൊടുക്കുന്നത് പുസ്തകവും ഡ്രസ്സുമൊക്കെ വാങ്ങാനാണ്. ഇത് വർഷം തീർന്നാലും കിട്ടുന്നില്ലായെന്ന ഖേദകരമായ സ്ഥിതിയാണുള്ളത്. അതുകൊണ്ട് ഇനി മുതൽ സ്കൂൾ വർഷം ആദ്യം തന്നെ ലംപ്സം ഗ്രാന്റ് നൽകുവാനുള്ള നടപടിക്രമങ്ങളാണ് സ്വീകരിക്കുന്നത്. മണ്ണെണ്ണയുടെ പ്രശ്നം വളരെ ഗൗരവമുള്ളതാണ്. തീരദേശത്താകെ സങ്കീർണ്ണമായ പ്രശ്നം ഇതുമൂലം ഉണ്ടാകുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് അലോട്ട്മെന്റ് കുറച്ചു കൊണ്ടിരിക്കുകയാണെന്നുള്ളതാണ് വസ്തുത. കേരളത്തിൽ ഒരു പ്രത്യേകതയുണ്ട്. ശ്രീ. ടി. കെ. രാമകൃഷ്ണൻ ഫിഷറീസ് വകുപ്പുമന്ത്രിയായിരുന്ന കാലത്തെടുത്ത ഒരു നിലപാട് സിവിൽ സപ്ലൈസിന് ലഭ്യമാകുന്ന മണ്ണെണ്ണയുടെ ഒരു നിശ്ചിത പെർസെന്റേജ് ഫിഷർമെനിനുവേണ്ടി നീക്കിവച്ചിരുന്നു. അത് കാലാകാലങ്ങളിൽ

തുടരുന്നതാണ്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് തുടരുന്ന മണ്ണെണ്ണയുടെ അലോട്ട്മെന്റിലുള്ള കുറവ് 27960 കിലോ ലിറ്റർ കൊടുത്തിരുന്നത് 16908 കിലോ ലിറ്ററായി കേന്ദ്രം വെട്ടിക്കുറച്ചിരിക്കുകയാണ്. 9660 കലോ ലിറ്ററാണ് കുറച്ചത്. ഇതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളികളുടെ അലോട്ട്മെന്റിലും കാര്യമായ കുറവ് വരുത്തുകയാണ്. മത്സ്യത്തൊഴിലാളികളുടെ അലോട്ട്മെന്റിൽ കുറവ് വരുത്തരുതെന്ന് ഞങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രശ്നം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇന്ന് സഭയിൽ ശ്രദ്ധ ക്ഷണിക്കൽ കഴിഞ്ഞാലുടൻ തന്നെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രിയുമായി ഒരു മീറ്റിംഗ് വിളിച്ചിട്ടുണ്ട്. ഇത് വളരെ ഗൗരവതരമായ പ്രശ്നമാണ്. ഇതിന് പരിഹാരം കാണാൻ കേന്ദ്ര ഗവൺമെന്റിന്റെ കൂടി സഹായം ലഭ്യമായേ മതിയാകു. അക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. കടാശ്വാസത്തിന്റെ പ്രശ്നം ലംപ്സം ഗ്രാന്റിന്റെ പോലെയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് തുച്ഛമായ തുക മാത്രമേ കൊടുത്തിട്ടുള്ളു. 2007 ഡിസംബർ 31 വരെയായിരുന്നു കടാശ്വാസത്തിന്റെ കാലാവധി. ബഡ്ജറ്റ് സ്പീച്ചിലും, ഈ സഭയിലും ഞാൻ പറഞ്ഞതാണ്, 2007 എന്നത് 2008 ഡിസംബർ 31 വരേയ്ക്ക് കൂടി എക്സ്റ്റെന്റ് ചെയ്യുന്നുവെന്ന്. കടലാക്രമണത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസം കൊടുക്കുന്ന ഘടകം കൂടി കടാശ്വാസത്തിന്റെ പട്ടികയിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഈ വർഷം 50 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. തൊഴിലാളികളുടെ കടാശ്വാസം ഒരു വർഷം കൂടി എക്സ്റ്റെന്റ് ചെയ്ത് 2008 ഡിസംബർ 31 വരെ നീട്ടി കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനം നല്ല രീതിയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നിരവധി വീടുകൾ കഴിഞ്ഞ കാലങ്ങളിൽ പണിതിട്ടുണ്ട്. അതിന്റെ പൂർത്തീകരണ മുണ്ടായിട്ടില്ല. പലരും ഫ്ളക്സ് വിരിച്ച വീടുകളിലാണ് ഇപ്പോഴും താമസിക്കുന്നത്. അവരുടെ വീടുപണി പൂർത്തിയാക്കാൻ അടിയന്തരമായി ധനസഹായം നൽകാൻ സാധിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കഴിഞ്ഞ കാലത്ത് മത്സ്യഗ്രാമം പദ്ധതി പ്രാബല്യത്തിൽ വന്നിരുന്നു. 220 മത്സ്യഗ്രാമങ്ങളുള്ളതിൽ 20 ഗ്രാമങ്ങളോ മറ്റോ ആണ് മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്. കിട്ടുന്ന പണം പത്തോ ഇരുപതോ പഞ്ചായത്തുകളിലായി പരിമിതപ്പെടുകയും ബാക്കിയുള്ള ഗ്രാമങ്ങളിൽ ഒരു വികസനവും നടക്കാതെയുമുള്ള സ്ഥിതി ഈ വർഷം തുടരാൻ ആഗ്രഹിക്കുന്നില്ല. കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കിയ മത്സ്യഗ്രാമം പദ്ധതി അതേ അളവിൽ കൊണ്ടുപോകാനല്ല ഇപ്പോൾ ഉദ്ദേശിക്കുന്നത്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലേയ്ക്ക് ഗവൺമെന്റ് പോകുകയാണ്. 'തീർച്ചയായും കോസ്റ്റൽ കണക്റ്റിവിറ്റി ഗ്രീൻ കോറിഡോർ' എന്ന സമ്പൂർണ്ണമായ

പാർപ്പിട പദ്ധതിയിലേയ്ക്കാണ് പോകുന്നത്. കേരളത്തിന്റെ തീരദേശത്ത് കടലാക്രമണത്തിൽ ദുരിതമനുഭവിക്കുന്ന തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കാനും മുഴുവൻ തൊഴിലാളികൾക്കും ഭവനം നിർമ്മിക്കാനുമാണ് കോസ്റ്റൽ കണക്റ്റിവിറ്റി ഗ്രീൻ കോറിഡോർ എന്ന പദ്ധതി ആവിഷ്കരിക്കുന്നത്. തീരദേശത്തിന്റെ സമഗ്ര വികസനം, കാലവർഷക്കെടുതിയിൽ പൊലിയുന്ന ജീവനും സ്വത്തിനും അറുതി വരുത്തുക, തീരദേശ സംരക്ഷണത്തിനുള്ള പരിസ്ഥിതി സൗഹാർദ്ദ സമീപനവും നൂതന സാങ്കേതിക വിദ്യകളുപയോഗിച്ചുള്ള നിർമ്മാണം, സി.ആർ.ഇസഡ്. പരിപാലനം, തീരദേശപാതയ്ക്ക് പടിഞ്ഞാറ് വശത്തെ കേരള തീരമാകെ ഗ്രീൻ ബെൽറ്റ്, കാലാവസ്ഥാ വ്യതിയാനവും ആഗോള താപനവും നിമിത്തമുള്ള പരിസ്ഥിതി പ്രശ്നങ്ങൾ ലഘൂകരിക്കൽ, മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യവും സാമ്പത്തികവുമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ ഇതെല്ലാം ലക്ഷ്യം വച്ചുകൊണ്ട് ഏകദേശം 7881 കോടി രൂപയുടെ വികസന പദ്ധതിയാണ് ഗ്രീൻ കോറിഡോർ പദ്ധതി. അത് കൃത്യമായി നടപ്പിലാക്കുന്നതുവഴി ഈ ഡിസ്പാരിറ്റി ഇല്ലാതാകുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എന്റെ നിയോജക മണ്ഡലത്തിലെ രണ്ട് തീരദേശ പഞ്ചായത്തുകളാണ് ആറാട്ടുപുഴയും, തൃക്കുന്നപ്പുഴയും. രണ്ട് മത്സ്യഗ്രാമങ്ങൾ നിലവിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ചാണെങ്കിൽ ഇനി മത്സ്യഗ്രാമം പരിപാടി തുടരുന്നില്ല എന്ന് പറഞ്ഞാൽ അത് ആശങ്കാ ജനകമായ കാര്യമാണ്. നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാവുന്നതും പിന്നീട് പുതിയ പദ്ധതികൾ ആവിഷ്കരിക്കാവുന്നതുമാണ്. നടന്നുകൊണ്ടിരിക്കുന്ന മത്സ്യഗ്രാമം പദ്ധതികൾ തുടരാനുള്ള നടപടികൾ സ്വീകരിക്കുമോ; അതോടൊപ്പം തന്നെ ആലപ്പുഴ ജില്ലയുടെ കടലോരങ്ങൾ മുഴുവൻ കടലാക്രമണ ഭീഷണിയിലാണ്. കേരളത്തിലെ തീരപ്രദേശങ്ങൾ നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വിഷയം കടലാക്രമണമാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലമായ പൊന്നാനിയിലും കടലാക്രമണ ഭീഷണിയുണ്ട്. ഇത് തടയുന്നതിന് കേന്ദ്ര സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതെന്തെല്ലാമാണ്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അങ്ങ് പറഞ്ഞതുപോലെ തുടരുന്ന പദ്ധതികൾ അവസാനിപ്പിക്കാൻ ഉദ്ദേശിച്ചിട്ടില്ല. അങ്ങയുടെ മണ്ഡലത്തിൽ തന്നെ രണ്ട് മത്സ്യഗ്രാമമുണ്ട്. അത് ഓൺ ഗോയിംഗാണ്. അത് പൂർത്തീകരിക്കും. പുതുതായി തുടങ്ങില്ല എന്നാണ് ഞാൻ പറഞ്ഞത്. അതുകൊണ്ട് അങ്ങേയ്ക്ക് ആശങ്ക വേണ്ട, നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ കൃത്യമായി ചെയ്തിരിക്കും. തീരദേശ സംരക്ഷണത്തിനാവശ്യമായ കേന്ദ്ര സഹായം തേടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നബാർഡിന്റെ സഹായത്തോടുകൂടി കൊല്ലത്ത് തങ്കശ്ശേരി, കായംകുളത്തെ തെക്കേ

പുലിമുട്ടിന്റെ പുനരുദ്ധാരണം, തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിന്റെ പുനരുദ്ധാരണം, എറണാകുളം ജില്ലയിലെ ചെല്ലാനം, അഴിത്തല ഫിഷ് ലാന്റിംഗ് സെന്റർ, പുതിയ തോട്ടപ്പള്ളി തുടങ്ങിയ ഇത്തരം പദ്ധതികളെല്ലാം അതിന്റെ രണ്ടാം ഘട്ടവും മൂന്നാം ഘട്ടവുമായി കേന്ദ്ര ഗവൺമെന്റിന് പ്രൊപ്പോസൽ കൊടുത്തുകഴിഞ്ഞിട്ടുണ്ട്. തീരദേശ പരിപാലനം നേരത്തെ സൂചിപ്പിച്ച ഗ്രീൻ കോറിഡോർ വരുന്നതോടുകൂടി പരിഹരിക്കപ്പെടും. എന്നാൽ ഹാർബറുകളുടേയും ഫിഷ് ലാന്റിംഗ് സെന്ററുകളുടേയും പുനരുദ്ധാരണമെന്നത് ഘട്ടംഘട്ടമായി വരേണ്ടതാണ്. കേന്ദ്രത്തിൽ ആ പദ്ധതി സമർപ്പിച്ചു കഴിഞ്ഞിട്ടുണ്ട്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### മത്സ്യത്തൊഴിലാളി മേഖലയിലെ അടിസ്ഥാനസൗകര്യ വികസനം

4 (*394) ശ്രീ. സി. കൃഷ്ണൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മത്സ്യത്തൊഴിലാളി മേഖലയിൽ അടിസ്ഥാനസൗകര്യ വികസനത്തിനും മത്സ്യബന്ധന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുമായി ഈ സർക്കാർ ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ അറിയിക്കാമോ ;

(ബി) ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യബന്ധന തുറമുഖങ്ങൾ എന്നിവയുടെ വിപുലീകരണത്തിന് പദ്ധതിയുണ്ടെങ്കിൽ അവയുടെ വിശദാംശം നൽകുമോ ;

(സി) പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവൽക്കരണം ഉൾപ്പെടെ മത്സ്യബന്ധന സൗകര്യവികസനത്തിനും മത്സ്യത്തൊഴിലാളി ക്ഷേമത്തിനായും എന്തൊക്കെ പദ്ധതികൾ ഉണ്ടെന്ന് അറിയിക്കാമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) :

(എ) മത്സ്യത്തൊഴിലാളി മേഖലയിൽ സമ്പൂർണ്ണ പാർപ്പിട പദ്ധതിയും കടലാക്രമണത്തിന് നിരന്തരവിധേയമാകുന്നവരുടെ സുരക്ഷിതമായ പുനരധിവാസവും ഉറപ്പിക്കുകയാണ് ഈ സർക്കാരിന്റെ ലക്ഷ്യം. ഇതിന്റെ ഭാഗമായി മത്സ്യത്തൊഴിലാളി

മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുവേണ്ടി നടപ്പു സാമ്പത്തികവർഷം 177.34 കോടി രൂപയുടെ Basic Infrastructure Facilities & Human Development for Fisher folk എന്ന ഒരു പദ്ധതി നടപ്പാക്കിവരികയാണ്. അതിൽ മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണം, ഭവന നവീകരണം, ഭൂരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകൽ, തീരദേശത്തെ വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണത്തിനുമെല്ലാം പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ കടലോരങ്ങളുടെ സംരക്ഷണം, തീരദേശമേഖലയുടെ സമഗ്രവികസനം, മത്സ്യത്തൊഴിലാളികളുടെ സമഗ്ര പുനരധിവാസം എന്നിവ ലക്ഷ്യമാക്കി തിരുവനന്തപുരം കൊല്ലങ്കോട് മുതൽ കാസർഗോഡ് മഞ്ചേശ്വരം വരെ 15 മീറ്റർ വീതിയിൽ ഒരു "തീരദേശ ഹരിത ഇടനാഴി" നിർമ്മിക്കുന്നതിന് കടൽഭിത്തിയിൽനിന്നും കരഭാഗത്തേയ്ക്ക് 50 മീറ്റർ ദൂരത്തിൽ അധിവസിക്കുന്ന നിരന്തരം കടലാക്രമണഭീഷണി നേരിടുന്ന ഏകദേശം 25000 തീരദേശ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുമായി 7881.4 കോടി രൂപ അടങ്കലുള്ള ഒരു ബൃഹത് പദ്ധതി "കിഫ്ബി" യിൽ ഉൾപ്പെടുത്തി നടപ്പാക്കാൻ പ്രോജക്ട് തയ്യാറാക്കി വരികയാണ്. തീരദേശത്തിന്റെ മുഖച്ഛായ തന്നെ മാറ്റാൻ പോകുന്ന ഈ പദ്ധതി നിലവിൽ വരുന്നതോടെ മത്സ്യമേഖലയിലെ അടിസ്ഥാനസൗകര്യ വികസന കാര്യത്തിൽ വൻ കുതിച്ചുചാട്ടം ഉണ്ടാകുന്നതാണ്. 'ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൻ ഡെവലപ്മെന്റ് ഫോർ ഫിഷർ ഫോക്ക്' പദ്ധതിയിലൂടെ ഇപ്പോൾ വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം I ആയി നൽകിയിട്ടുണ്ട്*.

(ബി) ഫിഷ് ലാന്റിംഗ് സെന്ററുകൾ, മത്സ്യബന്ധന തുറമുഖങ്ങൾ എന്നിവയുടെ വിപുലീകരണത്തിന് താഴെപ്പറയുന്ന പദ്ധതികൾ പരിശോധിച്ചുവരുന്നു :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | എസ്റ്റിമേറ്റ് തുക (ലക്ഷത്തിൽ) |
|---|---|---|
| | I നബാർഡ് | |
| (1) | (2) | (3) |
| 1 | കൊല്ലം ജില്ലയിലെ തങ്കശ്ശേരി മത്സ്യബന്ധന തുറമുഖം അധിക അടിസ്ഥാന സൗകര്യവികസനം | 660 |
| 2 | കായംകുളം തെക്കേ പുലിമുട്ടിന്റെ റിപ്ലനിഷ്മെന്റ് | 390 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

| (1) | (2) | (3) |
|---|---|---|
| 3 | തോട്ടപ്പള്ളി മത്സ്യബന്ധന തുറമുഖത്തിലെ തെക്കേ പുലിമുട്ടിന്റെ നീളം കൂട്ടുന്നത്. | 1250 |
| 4 | എറണാകുളം ജില്ലയിലെ ചെല്ലാനം മത്സ്യബന്ധന തുറമുഖം പുലിമുട്ടുകളുടെ റിപ്ലനിഷ്മെന്റ് | 200 |
| | II എൽ.എഫ്.ഡി.ബി. | |
| 1. | അഴിത്തല ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം | 187 |
| | III കേന്ദ്രാവിഷ്കൃതപദ്ധതി | |
| 1 | പുതിയാപ്പ രണ്ടാംഘട്ട വികസനം | 3621 |
| 2 | തോട്ടപ്പള്ളി രണ്ടാംഘട്ട വികസനം | 7772 |
| 3 | തങ്കശ്ശേരി മൂന്നാംഘട്ട വികസനം | 4900 |

(സി) പരമ്പരാഗത മത്സ്യബന്ധന വള്ളങ്ങളുടെ യന്ത്രവത്കരണം 50% കേന്ദ്ര ധനസഹായത്തോടെ മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ്. സംസ്ഥാനത്തെ മത്സ്യമേഖലയുടെ വികസനത്തിനും മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുമായി ഫിഷറീസ് വകുപ്പ് നേരിട്ട് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. സമ്പാദ്യ സമാശ്വാസ പദ്ധതി
2. ഭവനനിർമ്മാണ പദ്ധതി
3. ലംപ്സം ഗ്രാന്റ്
4. കടാശ്വാസ പദ്ധതി
5. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ ഉന്നമനത്തിനായുള്ള വിവിധ ക്ഷേമപദ്ധതികൾ
6. മത്സ്യത്തൊഴിലാളികൾക്കുള്ള സൗജന്യ റേഷൻ

മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ അനുബന്ധം II ആയി ചേർക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സർക്കാർ ഭൂമിയിലെ അനധികൃത കയ്യേറ്റം

5 (*395) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ :
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർഭൂമി കയ്യേറുന്നത് ഭൂസംരക്ഷണ നിയമപ്രകാരം ക്രിമിനൽ കുറ്റമാക്കിയിട്ടുണ്ടോ;

(ബി) കയ്യേറ്റങ്ങൾ തടയാൻ നിലവിലെ നിയമവ്യവസ്ഥകൾ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ പരിഹാര നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്. 1957-ലെ കേരള ഭൂസംരക്ഷണ നിയമത്തിൽ 2009-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം സർക്കാർ ഭൂമി കയ്യേറുന്നത് അറിഞ്ഞുകൊണ്ടുള്ള നിയമ ലംഘനമാക്കിക്കൊണ്ട് (കോഗ്നിസിബിൾ ഒഫൻസ്) പോലീസിൽനിന്ന് ജാമ്യം ലഭിക്കാത്ത കുറ്റമാക്കി വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി&സി) കയ്യേറ്റങ്ങൾ തടയാൻ നിലവിലെ നിയമ വ്യവസ്ഥകൾ പര്യാപ്തമാണ്.

## വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായ കുടുംബങ്ങളെ സഹായിക്കാൻ നടപടി

6 (*396) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായി തീർന്ന കുടുംബങ്ങളെ സഹായിക്കാനുള്ള പദ്ധതി എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) വിദ്യാഭ്യാസ വായ്പ നൽകിയ ബാങ്കുകളുമായി ഇതുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് കുടിശ്ശികയായ വായ്പാ തുക അടച്ച് ബാധ്യത അവസാനിപ്പിക്കാൻ ഏതെങ്കിലും ബാങ്ക് സന്നദ്ധത അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടപ്പുസാമ്പത്തികവർഷം എത്ര തുകയാണ് നീക്കിവെച്ചിട്ടുള്ളത്?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വിദ്യാഭ്യാസ ലോൺ എടുത്ത് തിരിച്ചടയ്ക്കാൻ ബുദ്ധിമുട്ടുന്നവർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി, കുടിശ്ശികയായ വായ്പാത്തുക മാത്രം തിരിച്ചടച്ചാൽ ബാധ്യത അവസാനിപ്പിക്കാൻ ബാങ്കുകൾ സമ്മതിച്ചാൽ കുടിശ്ശികയായ വായ്പ തിരിച്ചടയ്ക്കാൻ സർക്കാർ സഹായിക്കുന്നതാണ് എന്നും ഇതിലേക്കായി 100 കോടി രൂപ വകയിരുത്തുന്നതായും പറഞ്ഞിട്ടുണ്ട്. ഇക്കാര്യം എല്ലാ ബാങ്കുകളുമായും ചർച്ച ചെയ്ത് പ്രായോഗികമായി നടപ്പിലാക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിലേയ്ക്കായി ഈ വിഷയം സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ പരിഗണനയിലാണ്. 2004 മുതൽ 2009 വരെയുള്ള കാലഘട്ടത്തിൽ വിദ്യാഭ്യാസ വായ്പ എടുക്കുകയും വിദ്യാഭ്യാസത്തെ തുടർന്ന് ജോലി ലഭിക്കാത്തതുമായ ബി.പി.എൽ. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസകാലത്തെ പലിശ ബാധ്യത സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്നതാണെന്ന് 2012-13 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത പദ്ധതികളിന്മേലുള്ള സ്കീം തയ്യാറാക്കുകയും വിവിധ ജില്ലാ കളക്ടർമാരിൽ നിന്നും പ്രൊപ്പോസലുകൾ ലഭ്യമാക്കി ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതിനായി 2016 ഒക്ടോബർ മാസം 7-ാം തീയതി കൂടിയ സംസ്ഥാനതല ബാങ്കിംഗ് സമിതിയുടെ വിദ്യാഭ്യാസ ഉപസമിതിയുടെ യോഗത്തിൽ ബാങ്കുകളുമായി ഒരു പ്രാഥമിക ചർച്ച നടത്തുകയുണ്ടായി. ഇത് സംബന്ധിച്ച അന്തിമ മാർഗ്ഗരേഖ സർക്കാർ തയ്യാറാക്കി വരുന്നു.

(സി) ഇല്ല.

(ഡി) 2016-17-ലെ ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതി പത്രിക പ്രകാരം പ്രസ്തുത പദ്ധതിക്കായി ഒരു ടോക്കൺ പ്രൊവിഷൻ വച്ചിട്ടുണ്ട്.

## എല്ലാവർക്കും വീട് പദ്ധതി

7 (*397) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. പി. കെ. ശശി :
ശ്രീ. പി. വി. അൻവർ :
ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച എല്ലാവർക്കും വീട് പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി, പെട്രോളിനും ഡീസലിനും അധിക വില്പന നികുതി ചുമത്തി സമാഹരിച്ച തുക ഏതൊക്കെ ആവശ്യത്തിനായി ഏതു തരത്തിൽ വിനിയോഗിച്ചുവെന്ന് അറിയിക്കാമോ ;

(സി) ഈ സർക്കാർ വിവിധ വിഭാഗത്തിൽപ്പെട്ട ഭവനരഹിതരായവർക്കെല്ലാം വീട് നിർമ്മിച്ചു നൽകാനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം നൽകുമോ ;

(ഡി) എല്ലാ ഭവനരഹിതർക്കും വീടു നിർമ്മിച്ചു നൽകുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കുമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) മുൻ സർക്കാർ പ്രഖ്യാപിച്ച എല്ലാവർക്കും വീട് പദ്ധതിപ്രകാരം ദുർബല വരുമാന വിഭാഗക്കാർക്കുള്ള 7000 വീടുകളുടെ നിർമ്മാണത്തിന് ഹഡ്കോ 231.84 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഹഡ്കോയിൽ നിന്നും ധനസമാഹരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 1-2-2016-ലെ സർക്കാർ (എംഎസ്.) 06/2016/ഭവനം നമ്പർ ഉത്തരവ് അനുസരിച്ച് ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള 75000 കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ടുമെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിലുള്ള 75000 കുടുംബങ്ങൾക്കായി പലിശ സബ്സിഡി നൽകുന്ന ഭവന വായ്പകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരുവീട് എന്ന പദ്ധതിപ്രകാരം 22000 വീടുകളും അനുവദിക്കുന്ന എല്ലാവർക്കും വീട് പദ്ധതിക്ക് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 25-2-2016-ലെ സർക്കാർ (എം.എസ്.) 15/2016/ഭവനം നമ്പർ ഉത്തരവ് അനുസരിച്ച് പദ്ധതിയുടെ ഒന്നാംഘട്ടം നടപ്പിലാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പദ്ധതി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. കൂടുതൽ വിപുലമായതും ഗുണകരവുമായ ഭവന നിർമ്മാണ നയത്തിന്റെ ഭാഗമായി ലൈഫ് എന്ന പദ്ധതിക്ക് രൂപം നൽകിവരുന്നു.

(ബി) പെട്രോൾ-ഡീസൽ എന്നിവയുടെ മേൽ ലിറ്ററിന് 1 രൂപ നിരക്കിൽ അധിക വില്പന നികുതി ചുമത്തിയിട്ടുണ്ട്. 2016 സെപ്തംബർ 30 വരെ 680.63 കോടി രൂപ ഈ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. 1-4-2015 മുതലാണ് അധിക വില്പന നികുതി ഈടാക്കിവരുന്നത്. 2015-16-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 292-ാം ഖണ്ഡികയിൽ ഇപ്രകാരം ഈടാക്കുന്ന അധിക വില്പന നികുതി സ്വന്തം പാർപ്പിടം ഇല്ലാത്ത പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിനുള്ള പദ്ധതിക്കായി വിനിയോഗിക്കുന്നതാണ് എന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(സി&ഡി) സാർവ്വത്രികമായ ഭവന നിർമ്മാണത്തിലൂടെ ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീടുവച്ച് നൽകുന്നതിന് ഒരു പദ്ധതി ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പ്രഖ്യാപിച്ചിട്ടുണ്ട്. വിവിധ വിഭാഗത്തിൽപ്പെട്ട ഭവന രഹിതരായവർക്കായി പ്രോജക്ട് ലൈഫ് എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കാൻ ചർച്ചകൾ നടന്നുവരുന്നു.

## മിച്ചഭൂമിയിലെ കയ്യേറ്റം

8 (*398) ശ്രീ. ഒ. ആർ. കേളു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിൽ പലയിടത്തും അനധികൃത കയ്യേറ്റം നടക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്.

(ബി) സർക്കാർ ഏറ്റെടുത്ത മിച്ചഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ 1957-ലെ കേരള ഭൂസംരക്ഷണ നിയമപ്രകാരം സ്വീകരിച്ചുവരുന്നു. ഭൂപരിധി ചട്ടം 26 പ്രകാരം ബന്ധപ്പെട്ട തഹസിൽദാർമാരെ അനധികൃത കയ്യേറ്റങ്ങളും മറ്റ് തടസ്സങ്ങളും കണ്ടെത്തി ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ ചുമതല പെടുത്തിയിട്ടുണ്ട്. 1957-ലെ ഭൂസംരക്ഷണ നിയമത്തിൽ പിഴയുൾപ്പെടെയുള്ള ശിക്ഷാ നടപടികൾ ഉൾപ്പെടുത്തി 2009-ൽ കൊണ്ടുവന്ന ഭേദഗതി "The Kerala Land Conservancy (Amendment Act) 2009 (Act 29 of 2009) " വകുപ്പ് 7 പ്രകാരം

നടപടികൾ സ്വീകരിക്കാവുന്നതും ഭൂമി കയ്യേറിയ വ്യക്തിക്ക് 3 വർഷത്തിൽ കുറയാത്തതും 5 വർഷം വരെ ആകാവുന്നതുമായ തടവുശിക്ഷയും 50,000 രൂപയിൽ കുറയാത്തതും 2 ലക്ഷം രൂപ വരെ ആകാവുന്നതുമായ പിഴയും ചുമത്താവുന്നതാണെന്നും നിഷ്കർഷിക്കുന്നു. പ്രസ്തുത ഭേദഗതിയുടെ അടിസ്ഥാനത്തിൽ അനധികൃത കയ്യേറ്റങ്ങൾക്ക് എതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും 27-5-2016-ന് ശേഷം സർക്കാർ ഭൂമിയിൽ പുതിയ കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അവ ഒഴിപ്പിക്കാത്തപക്ഷം ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ കർശന ശിക്ഷണ നടപടി സ്വീകരിക്കുന്നതിനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ടി നിർദ്ദേശം യഥാവിധി പാലിക്കുന്നതിലേയ്ക്കായും, സർക്കാർ ഭൂമിയിലുള്ള അനധികൃത കയ്യേറ്റങ്ങളും അനധികൃത നിർമ്മാണപ്രവർത്തനങ്ങളും ഉണ്ടാകാതിരിക്കുന്നതിലേക്കായും കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത സ്ഥലങ്ങൾ വീണ്ടും കയ്യേറ്റങ്ങളിൽ പെടാതെ സംരക്ഷിക്കുന്നതിലേക്കായും ജില്ലാ താലൂക്ക് തലങ്ങളിൽ പ്രത്യേക സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. കയ്യേറ്റങ്ങളുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും മറ്റുമുള്ള കേസുകളിൽ യഥാസമയം കാര്യവിവര പത്രികയും മറ്റും നൽകിക്കൊണ്ട് വേഗത്തിൽ കേസ് തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ സ്കൂളുകളിൽ തമിഴ് ചോദ്യപേപ്പറുകൾ

9 (*399) <u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> :
<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> :
<u>ശ്രീ. സി. കെ. നാണു</u> :
<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തമിഴ് ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ സ്കൂളുകളിൽ എസ്.എസ്.എൽ.സി. വരെ പൊതു പരീക്ഷയ്ക്കുള്ള ചോദ്യപേപ്പറുകൾ തമിഴ്, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകളിൽ നൽകിവരുന്നുണ്ടെങ്കിലും പ്ലസ് വൺ, പ്ലസ്-ടു പൊതുപരീക്ഷകൾക്ക് മലയാളം, ഇംഗ്ലീഷ് ഭാഷകളിൽ മാത്രമേ ചോദ്യപേപ്പറുകൾ നൽകുന്നുള്ളുവെന്നും തമിഴ് ഭാഷയിലുള്ള ചോദ്യപേപ്പറുകൾ നൽകുന്നില്ലെന്നുമുള്ള കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്ലസ് വൺ, പ്ലസ് ടു പരീക്ഷകൾക്ക് ഇത്തരം സ്കൂളുകളിൽ തമിഴ് ഭാഷയിൽ കൂടി ചോദ്യപ്പേപ്പറുകൾ തയ്യാറാക്കി നൽകുന്നതിന് നടപടിയെടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

**സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതി**

10 (*400) ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള പിറവി ദിനത്തിൽ തുടക്കം കുറിക്കുന്ന സമഗ്രവിദ്യാഭ്യാസ നവീകരണ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിവരിക്കുമോ ;

(സി) പദ്ധതി ഏതു മാതൃകയിലാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പദ്ധതിയുടെ നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) സംസ്ഥാനത്തെ സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി ചുവടെ ചേർക്കുന്ന പദ്ധതികൾ നടപ്പിൽവരുത്തുവാൻ 28-9-2016-ലെ സ.ഉ.(പി) 41/16/ആ.സ.വ പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

1. 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക
2. ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.
3. എൽ.പി.-യു.പി. ക്ലാസുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക-രക്ഷാകർത്തൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിത വികസനം ഉറപ്പാക്കുക.
4. 50 വർഷം 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക. ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക.

ഇതിൽ രണ്ടാമത്തെ ഇനമായ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ എട്ട് മുതൽ പന്ത്രണ്ട് വരെയുള്ള എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കുന്ന പദ്ധതി ഐടി@സ്കൂൾ മുഖേന കേരളപ്പിറവി ദിനമായ നവംബർ 1-ന് തുടക്കം കുറിക്കുന്നതാണ്.

(ബി) സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഹൈസ്കൂൾ-ഹയർ സെക്കണ്ടറി തലത്തിലുള്ള എല്ലാ ക്ലാസ്സ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുന്ന ഹൈടെക് സ്കൂൾ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു :

- പൊതുവിദ്യാലയങ്ങളിൽ ക്ലാസ് മുറികളെ ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി സജ്ജമാക്കുക.
- പാഠ്യപദ്ധതി അനുസരിച്ചുള്ള പഠന വിഭവങ്ങളും സാങ്കേതിക വിദ്യാശക്തീകൃതമായ പഠന പ്രവർത്തനങ്ങളും അധ്യയന-പഠന തന്ത്രങ്ങളും വികസിപ്പിക്കുക
- ഐ.സി.ടി. അധിഷ്ഠിത പഠനത്തിനുതകുംവിധം എല്ലാ ക്ലാസ്സുകളെയും മൾട്ടീമീഡിയ പ്രൊജക്ടർ, കമ്പ്യൂട്ടർ, നെറ്റ് വർക്ക് സൗകര്യം, ശബ്ദ സംവിധാനം എന്നിവ ഉപയോഗിച്ച് സജ്ജീകരിക്കുക.
- മേൽപ്പറഞ്ഞ പഠനരീതികൾക്കനുഗുണമായി സ്മാർട്ട് ലാബിനെ ഒരുക്കുക, ഇതിനാവശ്യമായ ഉപകരണലഭ്യത, സുരക്ഷിതമായ ഇന്റർനെറ്റ് കണക്ഷൻ, ഉള്ളടക്ക ലഭ്യത, തുടർ പിന്തുണ എന്നിവ ഉറപ്പാക്കുക.
- ഐ.സി.ടി. സഹായത്തോടെയുള്ള പുതിയ ബോധന തന്ത്രങ്ങൾ ഉപയോഗിക്കാൻ അദ്ധ്യാപകനെ പ്രാപ്തനാക്കുക. ഐ.സി.ടി. വിഭവങ്ങൾ തയ്യാറാക്കുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള കഴിവും ആത്മവിശ്വാസവും മനോഭാവവും അദ്ധ്യാപകനിൽ വളർത്തിയെടുക്കുക.
- വിദ്യാലയങ്ങളുടെ ഭരണപരമായ കാര്യങ്ങൾ ഐ.സി.ടി.-യുടെ സഹായത്തോടെ കൂടുതൽ കാര്യക്ഷമമാക്കുക.

(സി) പദ്ധതി ആദ്യം നാല് നിയമസഭാ മണ്ഡലങ്ങളിൽ പൈലറ്റ് പ്രവർത്തനമായാണ് നടപ്പിലാക്കുന്നത്. തുടർന്ന് മറ്റു മണ്ഡലങ്ങളിലേക്കും വ്യാപിപ്പിക്കാൻ ലക്ഷ്യമിടുന്നു.

(ഡി) 1. പൈലറ്റ് പദ്ധതി ഈ വർഷം മുതൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിലെ മുഴുവൻ സ്കൂളുകളിലുമാണ് ആരംഭിക്കുന്നത്.

2. സ്കൂളുകളിലെ നിലവിലുള്ള ഹാർഡ് വെയറിന്റെ സ്ഥിതിയും ഉപയോഗവും വിലയിരുത്തുന്നതിനായി സ്കൂളുകളിൽ ഐ.ടി. ഓഡിറ്റ് നടന്നുവരുന്നു.

3. സ്കൂളുകളിലെ പ്രവർത്തനക്ഷമമല്ലാത്ത ഐ.സി.ടി. ഉപകരണങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനായി ഓരോ നിയോജക മണ്ഡല ങ്ങളിലും ഹാർഡ് വെയർ ക്ലിനിക്ക് നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

4. ഹൈടെക് സ്കൂൾ പദ്ധതിയുടെ പൈലറ്റ് നടത്തിപ്പിനാവശ്യമായ പരിശീലന മൊഡ്യൂളുകൾ തയ്യാറാക്കി എല്ലാ അദ്ധ്യാപകർക്കും വിഷയാടിസ്ഥാനത്തിലുള്ള അദ്ധ്യാപക പരിശീലനം നൽകും.

5. നവംബർ-ഡിസംബർ മാസത്തെ പാഠഭാഗങ്ങൾക്കാവശ്യമായ ഡിജിറ്റൽ ഉള്ളടക്കങ്ങൾ തയ്യാറാക്കി അദ്ധ്യാപകർക്ക് ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

6. നവംബർ അവസാനത്തോടെ ഹാർഡ് വെയർ വിന്യാസം പൂർത്തിയാക്കുന്ന തരത്തിൽ ടെണ്ടർ നടപടികളും ആരംഭിച്ചിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റിംഗ്**

11 (*401) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ആഡിറ്റിംഗ് നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) പൊതുമരാമത്ത് വിഭാഗം നിർമ്മിക്കുന്ന റോഡുകളുടെയും പാലങ്ങളുടെയും കെട്ടിടങ്ങളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ സോഷ്യൽ ഓഡിറ്റിംഗ് സഹായകരമാകുമോ; വിശദമാക്കുമോ ;

(സി) സോഷ്യൽ ഓഡിറ്റിംഗിൽ ക്രമക്കേട് കണ്ടെത്തിയാൽ ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ&ബി) പൊതുമരാമത്തു വകുപ്പ് ദേശീയപാതാ വിഭാഗത്തിൻകീഴിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിലേക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പദ്ധതി നടത്തിപ്പിന് ആവശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽനിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിയും. കമ്മിറ്റിയിൽ സാങ്കേതിക വിദഗ്ദ്ധർ ഉള്ളതിനാൽ ഇത് ഉറപ്പുണ്ട്. ആലപ്പുഴയിലാണ് ഈ സർക്കാർ ആദ്യമായി ഇത് വിജയകരമായി നടപ്പാക്കിയത്. ഇത് സംസ്ഥാന-ജില്ലാ-മണ്ഡലതലങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(സി) സോഷ്യൽ ഓഡിറ്റിംഗിൽ ക്രമക്കേട് കണ്ടെത്തിയാൽ സർക്കാരിന്റെ ഒരു അംഗീകൃത വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് ക്രമക്കേടുകളെ സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി ഏജൻസിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**സ്കൂളുകളുടെ സുരക്ഷാ മാനദണ്ഡങ്ങൾ**

12 (*402) ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. കെ. രാജൻ :
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂകളുടെ സുരക്ഷ സംബന്ധിച്ച് വിലയിരുത്തുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; വ്യക്തമാക്കുമോ ;

(ബി) സ്കൂൾ കെട്ടിടങ്ങൾക്ക് യോഗ്യതാ പത്രം (Fitness Certificate) നൽകുന്നതിന് മുമ്പ് സുരക്ഷ സംബന്ധിച്ച പരിശോധന നടക്കുന്നെന്ന് ഉറപ്പുവരുത്താറുണ്ടോ ;

(സി) സംസ്ഥാനത്ത് അൻപത് വർഷത്തിലേറെ പഴക്കമുള്ള സ്കൂൾ കെട്ടിടങ്ങളുടെ ഒരു സുരക്ഷാ ആഡിറ്റ് നടത്തുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) അതാത് വർഷം സ്കൂൾ ഉറക്കുന്നതിന് മുമ്പ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയർമാർ അവരുടെ പരിധിയിൽ വരുന്ന സ്കൂളുകളിൽ പരിശോധന നടത്തി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നു. ഇപ്രകാരം പരിശോധന നടത്തുന്ന സമയങ്ങളിൽ കെട്ടിടങ്ങളുടെ ഫിറ്റ്നസ് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകാറുണ്ട്. സർക്കാർ സ്കൂളുകളെ സംബന്ധിച്ച് നിർദ്ദേശങ്ങൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുകയും എയ്ഡഡ്/അൺ എയ്ഡഡ് സ്കൂളുകളെ സംബന്ധിച്ച് ആവശ്യമായ നടപടികൾ മാനേജർമാർ നടപ്പിൽവരുത്തുകയും ചെയ്യുന്നു.

(ബി) ഉണ്ട്. എല്ലാ വർഷവും ഫെബ്രുവരി 28-നു മുമ്പായി തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയർമാർ സംസ്ഥാനത്തെ എല്ലാ സ്കൂൾ കെട്ടിടങ്ങളുടെയും സുരക്ഷ പരിശോധിച്ച് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറെ മാർച്ച് 31-ന് മുമ്പായി അറിയിക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**കടലാക്രമണ ഭീഷണി പ്രതിരോധിക്കാൻ നടപടി**

13 (*403) ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. ആൻസലൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തീരദേശ മേഖലകളിൽ കാലാവസ്ഥാ വ്യതിയാനം കാരണം കടലാക്രമണ ഭീഷണി വർദ്ധിച്ചുവരുന്നതായുള്ള റിപ്പോർട്ട് പരിഗണിച്ച് കടലാക്രമണ ഭീഷണി പ്രതിരോധിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(ബി) തീരദേശ ജില്ലകളിലെ കടലാക്രമണ ഭീഷണി നേരിടുന്ന കാൽലക്ഷത്തോളം കുടുംബങ്ങളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് പദ്ധതിയുണ്ടോ ; വിശദാംശം നൽകാമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) മിക്ക തീരദേശ ജില്ലകളിലും കടലാക്രമണ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ കടൽ ഭിത്തി, പുലിമുട്ട് എന്നിവയുടെ നിർമ്മാണം ഉൾപ്പെടെയുള്ള പ്രതിരോധ നടപടികൾ സ്വീകരിച്ചുവരുന്നു. കടലാക്രമണ ഭീഷണി ഉണ്ടായേക്കാവുന്ന സന്ദർഭങ്ങളിൽ

സ്റ്റേറ്റ് കൺട്രോൾ റൂമിൽനിന്നും ജില്ലാ ഭരണകൂടത്തിനും എല്ലാ തഹസീൽദാർമാർക്കും മുന്നറിയിപ്പ് നിർദ്ദേശങ്ങൾ നൽകാറുണ്ട്. കടലാക്രമണം ഉണ്ടാകുന്ന സാഹചര്യത്തിൽ സ്റ്റേറ്റ് കൺട്രോൾ റൂം മുഖേനയും ജില്ലകളിലെ പ്രതികരണ പ്രവർത്തനങ്ങളും പുനരധിവാസ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) തീരദേശ ജില്ലകളിലെ കടലാക്രമണ ഭീഷണി നേരിടുന്ന കാൽലക്ഷത്തോളം കുടുംബങ്ങളെ സുരക്ഷിത സ്ഥലത്തേക്ക് മാറ്റി പാർപ്പിക്കുന്നതിന് റവന്യൂ വകുപ്പിൽനിന്നും പ്രത്യേക പദ്ധതികളൊന്നും തയ്യാറാക്കിയിട്ടില്ല. സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതി ഫിഷറീസ് വകുപ്പ് തയ്യാറാക്കുന്നുണ്ട്.

## അദ്ധ്യാപക പുനർവിന്യാസം

14 (*404) ശ്രീ. എസ്. ശർമ്മ :
ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറഞ്ഞതിനെ തുടർന്ന് എത്ര അദ്ധ്യാപക തസ്തിക നഷ്ടപ്പെട്ടെന്ന് കണക്കാക്കിയിട്ടുണ്ടോ ;

(ബി) ഈ അദ്ധ്യാപകരെ പുനർവിന്യസിക്കാനായി എന്തെങ്കിലും നടപടി എടുത്തിരുന്നോയെന്ന് അറിയിക്കാമോ;

(സി) സംരക്ഷിത അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതിനോടുള്ള മാനേജ്മെന്റിന്റെ എതിർപ്പിന്റെ കാരണങ്ങൾ എന്തൊക്കെയാണ്; മാനേജ്മെന്റുകളുടെ ഭാഗത്തു നിന്നുണ്ടാകുന്ന ഇത്തരം നിലപാട് അവസാനിപ്പിക്കാൻ നടപടിയെടുക്കാൻ സാധിക്കുമോ എന്ന കാര്യം അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്. 2015-16-ലെ തസ്തിക നിർണ്ണയപ്രകാരം 3674 ജീവനക്കാർക്കാണ് എയ്ഡഡ് സ്കൂളുകളിൽ തസ്തിക നഷ്ടമായിട്ടുള്ളത്.

(ബി) സംരക്ഷിത ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ 5-8-2016-ലെ സ.ഉ.(പി) നമ്പർ 134/2016/പൊവിവ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) എയ്ഡഡ് സ്കൂളുകളിലെ ചില ഒഴിവുകളിൽ അവിടെ സംരക്ഷിതാദ്ധ്യാപകർ ഇല്ലെങ്കിൽ മറ്റ് മാനേജ്മെന്റുകളിൽ നിന്നുള്ള സംരക്ഷിതാദ്ധ്യാപരെ ഉപയോഗിച്ച് നികത്തണമെന്ന് 5-8-2016-ലെ സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുണ്ട്. ഈ വ്യവസ്ഥ മാനേജ്മെന്റുകളുടെ എതിർപ്പിന് ഒരു കാരണമാണ്. ഈ ഉത്തരവിനെതിരെ വിവിധ മാനേജ്മെന്റുകൾ ഫയൽ ചെയ്ത കേസുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലായതിനാൽ, കോടതി വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഈ വിഷയത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ.

**ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് കർമ്മപദ്ധതി**

15 (*405) ശ്രീ. എം. വിൻസെന്റ് :
ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ ;

(ബി) ഇതിനായി എവിടെയൊക്കെ ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്; വിവരിക്കുമോ ;

(സി) ഫിഷ് മാർട്ടുകൾ മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) സംസ്ഥാനത്ത് ഗുണനിലവാരമുള്ള മത്സ്യം ലഭ്യമാക്കുന്നതിനായി വിവിധ പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്നു. പിടിക്കുന്ന മത്സ്യം കേടുകൂടാതെ കരയിൽ എത്തിക്കുന്നതിനുതകുമാറ് വള്ളങ്ങളിൽ ഇൻസുലേറ്റഡ് ബോക്സ് നൽകുന്ന പദ്ധതി, ലാന്റിംഗ് സെന്ററിൽ എത്തുന്ന മത്സ്യം വൃത്തിയുള്ള സാഹചര്യത്തിൽ ലേലം ചെയ്യുന്നതിനും സൂക്ഷിക്കുന്നതിനും ശീതീകരണ സംവിധാനമുള്ള ലേലഹാളുകൾ, പുതുമ നഷ്ടപ്പെടാതെ മത്സ്യം ഉപഭോക്താക്കളി ലെത്തിക്കുന്നതിനായി ശീതീകരണ സംവിധാനമുള്ള വാഹനങ്ങൾ, ശുചിത്വവും, വൃത്തിയും ഉറപ്പുവരുത്തുന്നതും ശീതീകരണ സൗകര്യങ്ങൾ ഉള്ളതുമായ ആധുനിക മത്സ്യമാർക്കറ്റുകളുടെ ശൃംഖല തുടങ്ങിയവ കെ.എസ്.സി.എ.ഡി.സി. വഴി നടപ്പിലാക്കുന്ന

പദ്ധതികളിൽ ചിലതാണ്. കൂടാതെ വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ ഉണക്ക മത്സ്യം തയ്യാറാക്കി കെ.എസ്.സി.എ.ഡി.സി. വഴി വിപണനം ചെയ്തുവരുന്നു. തീരദേശ വികസന കോർപ്പറേഷൻ ഗുണമേന്മയുള്ള ഉണക്കമത്സ്യം ഉപഭോക്താക്കൾക്ക് എത്തിക്കുന്നതിന് ഉണക്കമത്സ്യത്തിന്റെ ഓൺലൈൻ വ്യാപാരവും ആരംഭിച്ചിട്ടുണ്ട്. ഗുണനിലവാരമുള്ള മത്സ്യവും മത്സ്യഉൽപ്പന്നങ്ങളും ശുചിത്വമുള്ള സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി മത്സ്യഫെഡ് മുഖേന ഫിഷ്മാർട്ട് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. മത്സ്യഫെഡിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ മത്സ്യവിപണന രംഗത്ത് നേരിട്ടും പ്രാഥമിക സഹകരണസംഘങ്ങൾ മുഖേനയും ഇടപെടുകയെന്നതും ഉൾപ്പെടുന്നുണ്ട്. മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന പച്ച മത്സ്യത്തിന് മികച്ച വില ഉറപ്പുവരുത്തുന്നതിന് ഇടനിലക്കാരെ ഒഴിവാക്കി ബീച്ച്/ലാന്റിംഗ് സെന്റർ/ഹാർബർ തലത്തിൽ മത്സ്യലേലത്തിൽ നേരിട്ട് ഇടപെടേണ്ടതാണ്. ഇപ്രകാരം ലേലത്തിൽ ഇടപെട്ട് ആർജ്ജിക്കുന്ന പച്ച മത്സ്യം ഏറ്റവും ഗുണനിലവാരത്തോടെ ഏറ്റവും അവസാനത്തെ ഉപഭോക്താവിലെത്തിക്കാനുള്ള ഒരു വിപണന ശൃംഖല സജ്ജമാക്കേണ്ടതും മത്സ്യഫെഡിൽ അർപ്പിതമായ ചുമതലയാണ്. എന്നാൽ ഈ ചുമതല ഫലപ്രദമായി നിർവ്വഹിക്കുന്നതിന് മത്സ്യഫെഡിന് ഇന്ന് വേണ്ടത്ര കഴിയുന്നില്ല. അതുകൊണ്ട് മത്സ്യഫെഡിന് ഈ മേഖലയിൽ ഇടപെടുന്നതിന് കൂടുതൽ പ്രാപ്തമാക്കി വിപണനശൃംഖല വിപുലീകരിക്കുന്നതാണ്. അതോടൊപ്പം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും 10 വീതം മാതൃകാ മത്സ്യമാർക്കറ്റുകൾ ഈ സർക്കാരിന്റെ കാലത്ത് ഫിഷറീസ് വകുപ്പ് മുഖേന സ്ഥാപിക്കുന്നതുമാണ്.

(ബി) ആകെ 29 ഫിഷ് മാർട്ടുകൾ ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 2 |
| കൊല്ലം | - | 2 |
| പത്തനംതിട്ട | - | 2 |
| കോട്ടയം | - | 9 |
| എറണാകുളം | - | 11 |
| കോഴിക്കോട് | - | 3 |

കൂടാതെ 20 ഫിഷ് മാർട്ടുകൾ കൂടി തുടങ്ങുന്നതാണ്.

(സി) ഗുണനിലവാരമുള്ള മത്സ്യവും മത്സ്യഉൽപ്പന്നങ്ങളും ഉപഭോക്താക്കൾക്ക് ന്യായമായ വിലയ്ക്ക് വൃത്തിയായി നൽകുകവഴി മത്സ്യ വിപണിയിൽ ഇടപെടുന്നതിനും മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘങ്ങൾ വഴിയും നേരിട്ടും

സംഭരിച്ച് ഈ മേഖലയിൽ ഒരു ശൃംഖല സൃഷ്ടിച്ച് വിപണിയിൽ ഇടപെടുന്നതിനുമാണ് മത്സ്യഫെഡ് ലക്ഷ്യമിടുന്നത്. കൂടാതെ പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും മത്സ്യം സംഭരിക്കുക വഴി ഇടത്തട്ടുക്കാരുടെ ചൂഷണം കുറച്ച് മത്സ്യത്തൊഴിലാളികൾക്ക് വിപണി വിലയിൽനിന്നും വലിയ വ്യത്യാസമില്ലാത്ത വില അവരുടെ മത്സ്യത്തിന് ലഭ്യമാക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു.

**ശബരിമല അനുബന്ധ റോഡുകളുടെ അറ്റകുറ്റപ്പണികൾ**

16 (*406) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്സവകാലത്തിന് മുമ്പ് ശബരിമല അനുബന്ധ റോഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി ഗതാഗത യോഗ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ശബരിമല റോഡുകളുടെയും അനുബന്ധ റോഡുകളുടെയും പ്രവൃത്തികൾ ഗുണനിലവാരത്തോടുകൂടി കാര്യക്ഷമമായും അഴിമതിരഹിതമായും നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28-7-2016-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 56/2016/പൊ.മ.വ പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, കെ.എസ്.റ്റി.പി. എന്നിവയിൽ ഉൾപ്പെട്ടുവരുന്ന പ്രധാന 26 റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുടെ ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഗുണനിലവാരം മുൻനിർത്തി, മാനദണ്ഡങ്ങൾക്കനുസൃതമായി മണ്ഡലകാലം തുടങ്ങുന്നതിനുമുമ്പ് തന്നെ ശബരിമല റോഡുകളുടെ പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിനായി ഇ-ടെണ്ടർ മുഖേന മേൽ പ്രവൃത്തികളുടെ ദർഘാസ് നടപടികൾ പൂർത്തീകരിക്കുകയും പ്രസ്തുത പ്രവൃത്തികൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ബന്ധപ്പെട്ട എഞ്ചിനീയർമാരുടെ മേൽനോട്ടത്തിൽ എല്ലാവിധ ഗുണനിലവാര പരിശോധനകളും നടത്തിയുമാണ് പ്രവൃത്തികൾ പുരോഗമിക്കുന്നത്. ഒക്ടോബർ 31-നകം പൂർത്തീകരിക്കുന്നതാണ്. എന്നാൽ അനുബന്ധ റോഡുകൾക്ക് 100 കോടി രൂപ ആവശ്യപ്പെട്ട് നൽകിയ കത്തിന്മേൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടില്ല. അനുമതി ലഭിച്ചാൽ നിർമ്മാണം ആരംഭിക്കാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറായി ഇരിക്കുകയാണ്.

(ബി) പ്രവൃത്തികളിൽ അഴിമതി ആരോപണം ഒഴിവാക്കുന്നതിന്റെ ഭാഗമായി ജനപ്രതിനിധികളുടെയും ജില്ലാ കളക്ടർമാരുടെയും പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരുടെയും സംയുക്ത പരിശോധന നടത്തിയാണ് ടി പ്രവൃത്തികൾ തെരഞ്ഞെടുത്തിട്ടുള്ളത്. ഈ സംയുക്ത പരിശോധനാ സംഘത്തിന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത പ്രവൃത്തികൾക്കുള്ള തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. ഈ പ്രവൃത്തികളുടെ സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്നതിനും പൊതുമരാമത്ത് മാനുവലിൽ നിർദ്ദേശിച്ചിരിക്കുന്ന ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുമായി ക്വാളിറ്റി കൺട്രോൾ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റോഡുകൾക്കുള്ള വൺടൈം മെയിന്റനൻസ് പദ്ധതി**

17 (*407) ശ്രീ. വി. ജോയി :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. എം. നൗഷാദ് :
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കൈവശത്തിലുള്ള റോഡുകൾക്കുള്ള വൺടൈം മെയിന്റനൻസ് പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ ;

(ബി) എങ്കിൽ ഇതിനായി ഈ സാമ്പത്തിക വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; വ്യക്തമാക്കുമോ ;

(സി) കഴിഞ്ഞ വർഷം എത്ര രൂപയുടെ ഭരണാനുമതിയാണ് ഇതിനായി നൽകിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ;

(ഡി) മുൻ സർക്കാരിന്റെ കാലത്ത് വികസന പ്രവർത്തനങ്ങൾക്ക് ഫണ്ട് അനുവദിക്കുന്നതിൽ വിവേചനം കാണിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇപ്രകാരം ഫണ്ട് അനുവദിക്കുന്നതിൽ അവഗണിക്കപ്പെട്ട മണ്ഡലങ്ങൾക്ക് ഈ വർഷം പ്രത്യേക പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ-സി) 2015-16 സാമ്പത്തിക വർഷത്തിൽ മന്ത്രിസഭാ യോഗതീരുമാന പ്രകാരം 552.11 കോടി രൂപയുടെ പദ്ധതിക്ക് അനുമതി നൽകുകയും അവയിൽ ഭൂരിഭാഗം പ്രവൃത്തികളും പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിൽ ചില പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. 2016-17 സാമ്പത്തിക വർഷത്തിൽ ഈ പദ്ധതി പരിഗണിക്കുന്ന കാര്യത്തിൽ തീരുമാനമായിട്ടില്ല.

(ഡി&ഇ) ഫണ്ട് അനുവദിക്കുന്നതിൽ ചില മണ്ഡലങ്ങളോട് വിവേചനം കാണിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

18 (*408) ശ്രീ. കെ. രാജൻ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം സംസ്ഥാനത്ത് ആകെ എത്ര അപേക്ഷകളാണ് ലഭിച്ചത്; എത്ര ശതമാനം പേർക്ക് ഭൂമി ലഭിച്ചുവെന്ന് അറിയിക്കുമോ ;

(ബി) ഈ പദ്ധതി നവീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെ നടപ്പിലാക്കാൻ ഈ സർക്കാർ തയ്യാറാകുമോ ;

(സി) സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും ഭൂമി നൽകാൻ എത്ര ഭൂമി ആവശ്യമുണ്ട്; ഇതിൽ സർക്കാരിന്റെ കൈവശം എത്ര ഭൂമിയുണ്ട്; ഈയാവശ്യത്തിനായി ഏറ്റെടുക്കേണ്ട ഭൂമിയുടെ അളവ് വ്യക്തമാക്കാമോ; എത്ര വർഷംകൊണ്ട് ഇത് പൂർത്തിയാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം 2,91,757 അപേക്ഷകൾ ലഭിച്ചിരുന്നു. ഇവയിൽനിന്ന് 2,43,928 കുടുംബങ്ങളെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നു. പദ്ധതിപ്രകാരം 58,398 ഗുണഭോക്താക്കൾക്ക് ഭൂമി അനുവദിച്ചിരുന്നു. പതിവ് ചട്ടപ്രകാരം ഭൂമി കൈമാറുന്ന പ്രവർത്തനം പുരോഗമിച്ചുവരുന്നു. 25-8-2016-ലെ കണക്കനുസരിച്ച് 30,302 ഗുണഭോക്താക്കൾക്ക് ഭൂമി കൈമാറിയിട്ടുണ്ട്.

(ബി) പദ്ധതി നവീകരിച്ച് യാഥാർത്ഥ്യ ബോധത്തോടെ നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) അവശേഷിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകുന്നതിന് ഏകദേശം 8000 ഏക്കർ ഭൂമി വേണ്ടിവരുമെന്ന് കാണുന്നു. അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തുന്ന പ്രവർത്തനം പൂർത്തിയായിട്ടില്ലാത്തതിനാൽ ഭൂമിയുടെ അളവ് വ്യക്തമല്ല. കൈയേറ്റങ്ങൾ ഒഴിപ്പിച്ചും പാട്ടത്തിന് നൽകിയിരുന്ന ഭൂമികളിൽ പാട്ടക്കുടിശ്ശിക വരുത്തിയിട്ടുള്ളതുമായ ഭൂമികൾ തിരിച്ചെടുത്തും ഏറ്റെടുക്കാൻ അവശേഷിക്കുന്ന മിച്ചഭൂമികൾ പൂർണ്ണമായും ഏറ്റെടുത്തുകൊണ്ടും പദ്ധതി പൂർത്തിയാക്കാനുള്ള സാധ്യത പരിശോധിച്ചുവരികയാണ്. അടുത്ത 3 വർഷംകൊണ്ട് പദ്ധതി പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

## യുവാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ വളർന്നുവരുന്ന അരാഷ്ട്രീയത

19 (*409) ശ്രീ. ആന്റണി ജോൺ :
ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ആർ. രാജേഷ് :
ശ്രീമതി വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾക്കും യുവാക്കൾക്കുമിടയിൽ ജാതീയതയും വർഗ്ഗീയതയും അതിന്റെ പരിണിത ഫലമായ തീവ്രവാദവും വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) യുവാക്കൾക്കും വിദ്യാർത്ഥികൾക്കുമിടയിൽ വളർന്നുവരുന്ന അരാഷ്ട്രീയത പ്രതിലോമശക്തികൾക്ക് വളരാൻ അനുകൂലമായ സാഹചര്യം സൃഷ്ടിക്കുന്നതിനാൽ വർഗ്ഗീയതയ്ക്കും ജാതീയതയ്ക്കുമെതിരായി വിദ്യാർത്ഥികളിൽ അവബോധം സൃഷ്ടിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കുമോ;

(സി) മതേതര ജനാധിപത്യ മൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി കാമ്പസ് രാഷ്ട്രീയത്തിലെ അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കിക്കൊണ്ട് കാമ്പസ് രാഷ്ട്രീയ നിരോധനം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഇല്ല.

(ബി) സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മതേതര ജനാധിപത്യമൂല്യങ്ങൾ പരിപോഷിപ്പിക്കുന്നതിനായി വിവിധ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്. എൻ.എസ്.എസ്. ആന്റി റാഗിംഗ് കമ്മിറ്റി, വിവിധ നിയമ സഹായ കേന്ദ്രങ്ങളുടെ നേതൃത്വത്തിലുള്ള കൗൺസിലിംഗ്, പ്രമുഖ വ്യക്തികൾ നയിക്കുന്ന ക്ലാസ്സുകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിച്ചുകൊണ്ട് വിദ്യാർത്ഥികളിൽ വർഗ്ഗീയതയ്ക്കും, ജാതീയതയ്ക്കുമെതിരായ അവബോധം സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ക്യാമ്പസ് രാഷ്ട്രീയത്തിൽ കടന്നുവന്നിട്ടുള്ള ഏതുതരത്തിലുള്ള അനഭിലഷണീയ പ്രവണതകളെയും കണ്ടെത്തി അവ പൂർണ്ണമായും ഇല്ലാതാക്കുന്നതിന് സ്ഥാപന മേധാവികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ച

20 (*410) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. പി. ടി. എ. റഹീം :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ചയെ കുറിച്ച് പരിശോധന നടത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) അനിയന്ത്രിതമായ സ്വാശ്രയവത്കരണം എഞ്ചിനീയറിംഗ് ഉൾപ്പെടെയുള്ള സാങ്കേതിക ശാസ്ത്ര മേഖലകളിൽ നിലവാരത്തകർച്ചയ്ക്ക് കാരണമായിട്ടുണ്ടോ; എങ്കിൽ ഇതു പരിഹരിക്കാനായി എന്തു മാർഗ്ഗമാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) സർക്കാർ, എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ-സി) 3-12-2011-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 1968/11/ഉ.വി.വ. പ്രകാരം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരത്തെക്കുറിച്ച് പഠിക്കാൻ ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ അനുബന്ധമായി ചേർത്തിട്ടുള്ള സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനുവേണ്ടി വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങുന്ന ഉത്തരവുകൾ ജി.ഒ. (ആർറ്റി.)നമ്പർ.217/12/ഉ.വി.വ തീയതി 31-1-2012, ജി.ഒ.(ആർ.റ്റി.)നമ്പർ 44/13/ഉ.വി.വ. തീയതി 11-1-2013, ജി.ഒ.(ആർ.റ്റി.)നമ്പർ 140/13/ഉ.വി.വ തീയതി 31-1-2013 പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ ഭൗതിക സൗകര്യങ്ങളുടെ നിലവാരം ഉയർത്തുന്നതിനും യോഗ്യരായ അദ്ധ്യാപകരെ നിയമിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 19-7-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 552/14/ഉ.വി.വ. 1-4-2015-ലെ ജി.ഒ.(എംഎസ്.) നമ്പർ 121/15/ഉ.വി.വ. ഉത്തരവുകൾ പ്രകാരം അൺ എയ്ഡഡ് കോളേജിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. സർക്കാർ/എയ്ഡഡ്/സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളുടെ നിലവാരം ഉയർത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ള കോഴ്സുകൾ വിപുലീകരിക്കുന്നതിനുമായി 500 ലക്ഷം രൂപ 2016-17-ലേക്ക് വകയിരുത്തിയിട്ടുണ്ട്. സർക്കാർ കോളേജുകളുടെ

ലബോറട്ടറികളുടെയും ലൈബ്രറികളുടെയും വികസനത്തിന് 2016-17-ൽ 600 ലക്ഷം രൂപയും പരിശീലന പരിപാടികളിൽ കൂടി അദ്ധ്യാപകരുടെ നിലവാരം ഉയർത്തി വിദ്യാഭ്യാസ നിലവാരം വികസിപ്പിക്കുന്നതിനായി ഫാക്കൽറ്റി വികസനം പരിപാടി നടത്തിപ്പിനായി 180 ലക്ഷം രൂപയും തെരഞ്ഞെടുത്ത പ്രശസ്ത കോളേജുകൾക്ക് സ്വയംഭരണാധികാരം നൽകുന്നതിനും വികസന പ്രവർത്തനങ്ങൾക്കും മാച്ചിംഗ് ഗ്രാന്റ് ഇനത്തിലുമായി 60 ലക്ഷം രൂപയും ഐ.റ്റി. ഗ്രിഡ് പദ്ധതിയുടെ ഭാഗമായി എല്ലാ സർക്കാർ കോളേജുകളിലും ഹോസ്റ്റലുകളിലും ഇന്റർനെറ്റിലൂടെ ബന്ധം സ്ഥാപിക്കുന്നതിലേക്കായി 30 ലക്ഷം രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പിനായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

കോളേജുകളുടെയും ഹോസ്റ്റലുകളുടെയും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിലേക്കായി 2500 ലക്ഷം രൂപയും എഡ്യൂസാറ്റ് ഗവൺമെന്റ് കോളേജുകളിൽ ടെലി ട്രെയിനിംഗ് പദ്ധതികൾക്കായി 35 ലക്ഷം രൂപയും സർക്കാർ കോളേജുകളിലെ പഠനയാത്രയ്ക്കായി 70 ലക്ഷം രൂപയും ആസ്പെയർ ഗവേഷണ പ്രവർത്തനങ്ങൾ നടത്തുന്നതിനായുള്ള സ്കോളർഷിപ്പിന് 90 ലക്ഷം രൂപയും എഡ്യൂസാറ്റ് ക്ലാസ് മുറിയുടെ ആധുനികവൽക്കരണത്തിനായി 250 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. സാമൂഹ്യ ശാസ്ത്ര വിഷയങ്ങളിൽ അറിവ് വർദ്ധിപ്പിക്കുന്നതിന് സ്കോളർഷിപ്പിന് 75 ലക്ഷം രൂപയും സാഹിത്യത്തിലെ പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ 20 ലക്ഷം രൂപയുടെ സ്കോളർഷിപ്പും സംഗീതം, കല, പെർഫോർമിംഗ് ആർട്സ് എന്നീ മേഖലകളിലെ പ്രതിഭകൾക്കായുള്ള സ്കോളർഷിപ്പിന് 20 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. വിവരസാങ്കേതിക വിദ്യയിലൂടെ ദേശീയ വിദ്യാഭ്യാസ കമ്മീഷനുള്ള കണക്ടിവിറ്റി വിഹിതം 15 ലക്ഷം രൂപയും കോളേജുകളിൽ നാഷണൽ അസസ്മെന്റ് ആന്റ് അക്രഡിറ്റേഷൻ കൗൺസിലിലേയ്ക്കായി 800 ലക്ഷം രൂപയും, (NAAC) വകയിരുത്തിയിട്ടുണ്ട്. കോളേജുകളുടെ ഗുണനിലവാലം മെച്ചപ്പെടുത്തുന്ന പരിപാടിക്കായി (CQIP) 500 ലക്ഷം രൂപയും പൈതൃക കോളേജുകൾ ഉൾപ്പെടെ 10 കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതിന് 1200 ലക്ഷം രൂപയും നൈപുണ്യ വികസന പദ്ധതിക്കായി 550 ലക്ഷം രൂപയും ഗവൺമെന്റ് കോളേജുകളിലും യൂണിവേഴ്സിറ്റി കോളേജുകളിലും ഓണേഴ്സ് പ്രോഗ്രാമുകളും കമ്മ്യൂണിറ്റി കോഴ്സുകളും ഉൾപ്പെടെയുള്ള നൂതന കോഴ്സുകൾക്കായി 1000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഗവേഷണസഹായ പദ്ധതി 500 ലക്ഷം രൂപയും പഠിതാവിനൊപ്പം 700 ലക്ഷം രൂപയും അദ്ധ്യയനരംഗത്തെ കണ്ടെത്തലുകളിലും ഗവേഷണങ്ങളിലുമുള്ള സമന്വയത്തെ ത്വരിതപ്പെടുത്തുന്നതിനായി (ഫ്ലെയർ) 220 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ഉന്നതവിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി, എറുഡൈറ്റ് പദ്ധതി, ക്ലസ്റ്റർ കോളേജ് പദ്ധതി, അദ്ധ്യാപകർക്കും,

അനദ്ധ്യാപകർക്കുമായുള്ള പരിശീലന പരിപാടികൾ, വിദ്യാർത്ഥികൾക്കായുള്ള സെമിനാറുകൾ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ കൗൺസിലിന്റെ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ബിരുദതല വിദ്യാഭ്യാസ പുനഃസംഘടന, ആട്ടോണമസ് കോളേജുകൾ എന്നീ പദ്ധതികളും നടപ്പിലാക്കി കഴിഞ്ഞിട്ടുണ്ട്. സർക്കാർ/എയ്ഡഡ് &സയൻസ് കോളേജുകളുടെ വികസനത്തിനായി രാഷ്ട്രീയ ഉച്ചതാർ ശിക്ഷാ അഭിയാൻ (റൂസ) എന്ന കേന്ദ്ര പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.

### ഗ്രന്ഥശാലകളെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതി

21 (T* 411) ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാന്റുകൾ പരിമിതപ്പെടുത്തിയും ധനസഹായം വെട്ടിക്കുറച്ചും ഗ്രന്ഥശാലകളെയും ഗ്രന്ഥശാലാ സംഘങ്ങളെയും മുൻസർക്കാരിന്റെ കാലത്ത് പ്രതിസന്ധിയിലാക്കി യിരുന്നുവെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഗ്രന്ഥശാലാ പ്രസ്ഥാനങ്ങളെ പുനരുജ്ജീവിപ്പിക്കാൻ പദ്ധതിയുണ്ടോ ; വിശദാംശം നൽകുമോ ;

(സി) ഗ്രന്ഥശാലകളുടെ ഭൗതിക സാങ്കേതിക സൗകര്യങ്ങൾ നവീകരിക്കാൻ നടപടി സ്വീകരിക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) പരിശോധിച്ചിട്ടുണ്ട്. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ള ഗ്രാന്റിൽ, കഴിഞ്ഞ സാമ്പത്തികവർഷം മുൻ സർക്കാർ നൽകാനുണ്ടായിരുന്ന കുടിശ്ശിക നൽകാൻ 2016-17-ലെ ബഡ്ജറ്റിൽ തുക വകയിരുത്തി. സ്റ്റേറ്റ് ലൈബ്രറി കൗൺസിലിനുള്ള പദ്ധതിയിതര ധനസഹായത്തിൽ 50 ശതമാനം വർദ്ധന നൽകിയിട്ടുണ്ട്.

(ബി&സി) സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് കീഴിലുള്ള ഗ്രന്ഥശാലകൾക്ക് കമ്പ്യൂട്ടർ, എൽ.സി.ഡി. പ്രൊജക്ടർ തുടങ്ങിയവയ്ക്കായി 10 കോടി രൂപ പുതിയ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ 1300 എ ഗ്രേഡ് ലൈബ്രറികൾ വൈ-ഫൈ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതിയിട്ടിട്ടുണ്ട്. ഗ്രന്ഥശാലാ

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

പ്രവർത്തനങ്ങൾ ശാസ്ത്രീയമായി നവീകരിക്കുവാൻ സംസ്ഥാനത്തെ എല്ലാ ലൈബ്രേറിയൻമാർക്കും പരിശീലനം നൽകുന്ന പദ്ധതിക്ക് സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ തുടക്കം കുറിച്ചു. എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊണ്ട് ബാലവേദി, വനിതാവേദി, മുതിർന്ന പൗരന്മാരുടെ ഗുരുസംഗമം, യുവജനങ്ങൾക്കായി യുവത തുടങ്ങിയ പദ്ധതികളോടെ ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ ജനകീയത ശക്തിപ്പെടുത്താനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. ജില്ലാ വികസന പദ്ധതികൾ വഴി ഗ്രന്ഥശാലകളുടെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ വർഷം മൂന്നുകോടി രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുണ്ട്.

**ശുദ്ധജല മത്സ്യകൃഷി**

22 (*412) ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശുദ്ധജല മത്സ്യകൃഷിക്കായി ഏതൊക്കെ പദ്ധതികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി മുഖേന എത്ര മത്സ്യകർഷകർക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് വേണ്ടി മത്സ്യകൃഷിക്ക് പ്രത്യേക പദ്ധതി ആവിഷ്കരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കാമോ ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) കേരള സർക്കാർ ഫിഷറീസ് വകുപ്പ് മുഖേന ശുദ്ധജല മത്സ്യകൃഷിക്കായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. 2015-16 കാലായളവിൽ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് മത്സ്യസമൃദ്ധി II

2. ഫിഷറീസ് വകുപ്പ് നേരിട്ട് ജില്ലാ ആഫീസുകൾ മുഖേന നടപ്പാക്കി വരുന്ന Innovative Aquaculture Project.

3. അഡാക്ക് മുഖാന്തിരം ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കോൾ നിലങ്ങളിലെ ഒരു നെല്ലും ഒരു മീനും പദ്ധതി

(ബി) സംസ്ഥാനത്ത് ഏകദേശം 73250 ശുദ്ധജല മത്സ്യകർഷകർക്കും ഒരു നെല്ലും ഒരു മീനും പദ്ധതി മുഖേന 3147 കർഷകർക്കും ആനുകൂല്യങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) മത്സ്യസമൃദ്ധി II പദ്ധതിയിൽ നടപ്പിലാക്കുന്ന വിവിധ ഘടക പദ്ധതികളിൽ അപേക്ഷകൾ സമർപ്പിക്കുന്ന സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗക്കാരായ മത്സ്യകർഷകർക്ക് മുൻഗണന നൽകിവരുന്നു.

## ഇ-ഡിസ്ട്രിക്ട് പദ്ധതി

23 (*413) ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. ഐ. ബി. സതീഷ് :
ശ്രീ. പി. കെ. ശശി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷകൾ ഓൺലൈനായി നേരിട്ട് സമർപ്പിക്കുന്നതിനുള്ള സൗകര്യം ഈ സംവിധാനത്തിൽ ലഭ്യമാണോ;

(ഡി) ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് പ്രസ്തുത സംവിധാനം വഴി ലഭിയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) ഉണ്ട്.

(ബി) വില്ലേജ്/താലൂക്ക് ഓഫീസുകളിൽ പൊതുജനങ്ങൾക്കാവശ്യമുള്ള സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ്. ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെ നിന്നുവേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാകുകയും ചെയ്യുന്ന സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഈ പദ്ധതി മുഖേന വില്ലേജ് ഓഫീസറുടെ/തഹസീൽദാരുടെ ഡിജിറ്റൽ ഒപ്പോടുകൂടി ഓൺലൈൻ ആയി നൽകിവരുന്നു.

(സി) ലഭ്യമാണ്.

(ഡി) സംസ്ഥാനത്തെ വില്ലേജ്/താലൂക്ക് ഓഫീസുകളിൽനിന്നും നൽകിവരുന്ന താഴെപ്പറയുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നു :

1. ജാതി സർട്ടിഫിക്കറ്റ്
2. കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ്
3. താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ്
4. ബന്ധുത്വ സർട്ടിഫിക്കറ്റ്
5. നേറ്റിവിറ്റി സർട്ടിഫിക്കറ്റ്
6. ഡൊമിസൈൽ സർട്ടിഫിക്കറ്റ്
7. വരുമാന സർട്ടിഫിക്കറ്റ്
8. കൈവശാവകാശ സർട്ടിഫിക്കറ്റ്
9. തിരിച്ചറിയൽ സർട്ടിഫിക്കറ്റ്
10. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റ്
11. സോൾവൻസി സർട്ടിഫിക്കറ്റ്
12. ലൊക്കേഷൻ സർട്ടിഫിക്കറ്റ്
13. കൺവെർഷൻ സർട്ടിഫിക്കറ്റ്
14. ഡിപ്പന്റൻസി സർട്ടിഫിക്കറ്റ്
15. അഗതി സർട്ടിഫിക്കറ്റ്
16. കുടുംബാംഗത്വ സർട്ടിഫിക്കറ്റ്
17. മിശ്രവിവാഹ സർട്ടിഫിക്കറ്റ്
18. നോൺ റീ മാര്യേജ് സർട്ടിഫിക്കറ്റ്
19. ലൈഫ് സർട്ടിഫിക്കറ്റ്
20. വൺ ആന്റ് ദി സെയിം സർട്ടിഫിക്കറ്റ്
21. പൊസഷൻ ആന്റ് നോൺ അറ്റാച്ച്മെന്റ് സർട്ടിഫിക്കറ്റ്

22. വാല്യേഷൻ സർട്ടിഫിക്കറ്റ്

23. വിധവ/വിഭാര്യൻ സർട്ടിഫിക്കറ്റ്

24. മൈനോരിറ്റി സർട്ടിഫിക്കറ്റ്.

(ഇ) ഇ-ഡിസ്ട്രിക്ട് പദ്ധതി സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്.

**പി.ഡബ്ല്യൂ.ഡി.-ക്കായുള്ള ക്വാളിറ്റി മാനുവൽ**

24 (*414) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിന്റെ വിവിധ തരം പ്രവൃത്തികളിൽ നൂതനരീതി കൊണ്ടുവരികയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും കാലതാമസം ഒഴിവാക്കി നല്ല നിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിയ്ക്കുമെന്ന് വിശദമാക്കുമോ ;

(ബി) പി.ഡബ്ല്യു.ഡി.-യുടെ പുതിയ ക്വാളിറ്റി മാനുവലിലെയും ലാബോറട്ടറി മാനുവലിലെയും വ്യവസ്ഥകൾ കൃത്യമായും പാലിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ എന്തൊക്കെ നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ട്; ഇല്ലെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>):

(എ) മരാമത്തുറോഡു പ്രവൃത്തികളിൽ പ്ലാസ്റ്റിക് മിശ്രിതം, NRMB ജിയോടെക്സ്റ്റയിൽ എന്നിവ ഉപയോഗിച്ചുള്ള നിർമ്മാണം ഉൾപ്പെടെയുള്ള പുതിയ രീതികൾ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. 2006-ൽ പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിലെ ചാവടിമുക്ക്-പുല്ലുവിള-നരിക്കൽ റോഡിൽ 500 മീറ്റർ റോഡ് പ്ലാസ്റ്റിക് മിശ്രിതം ഉപയോഗിച്ചുപണിതിരുന്നു. 2011-ൽ പരിശോധിക്കുമ്പോഴും ഈ ഭാഗത്ത് കാര്യമായ കേടുപാടുകൾ ഉണ്ടായിരുന്നില്ല. ഈ രീതി കൂടുതൽ വ്യാപിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പൊതുമരാമത്തു വകുപ്പിന്റെ വിവിധ തരം പ്രവൃത്തികളിൽ നൂതനരീതി കൊണ്ടുവരികയും കാര്യക്ഷമത വർദ്ധിപ്പിക്കുകയും കാലതാമസം ഒഴിവാക്കി നല്ല നിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നതിനായി ക്വാളിറ്റി മാനുവലും ലബോറട്ടറി മാനുവലും നടപ്പിലാക്കി ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു.

1. ആധുനിക രൂപകൽപ്പനാ രീതികൾ സ്വീകരിക്കുന്നതിനായി ഡിസൈൻ വിഭാഗം ആധുനികവൽക്കരിക്കുന്നതിനും വികസിപ്പി ക്കുന്നതിനും ഉദ്ദേശിക്കുന്നു.

2. ആധുനിക രൂപകൽപ്പനാ രീതികൾ സ്വീകരിക്കുന്നതിനായി ട്രെയിനിംഗ് നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

3. PRICE Software മുതലായ ഇന്റർനെറ്റ് സംവിധാനങ്ങൾ ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നു.

4. ശക്തമായ ക്വാളിറ്റി കൺട്രോൾ സംവിധാനങ്ങൾ നിർമ്മാണങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നു.

(ബി) പി.ഡബ്ല്യൂ.ഡി.-യുടെ പുതിയ ക്വാളിറ്റി മാനുവലിലെ വ്യവസ്ഥകൾ പാലിക്കു ന്നതിന് ജില്ലാതല ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും റീജിയണൽ ക്വാളിറ്റി കൺട്രോൾ ലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ട്. ജില്ലാ ലബോറട്ടറികൾ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിലും റീജിയണൽ ലാബുകൾ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ ചുമതലയിലും പ്രവർത്തിക്കുന്നു. മാനുവലിലെ വ്യവസ്ഥകൾ കൃത്യമായി പാലിക്കു ന്നുണ്ടോയെന്ന് അറിയുന്നതിന് 2-ാം തല ക്വാളിറ്റി മോണിറ്ററിംഗ് എന്ന നിലയിൽ പ്രവൃത്തി നടക്കുന്ന അവസരങ്ങളിൽ സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തി വരുന്നു. ഭാവിയിൽ ഗുണനിലവാര പരിശോധനാ ലാബുകൾ കൂടുതൽ സൗകര്യങ്ങളോടെ വികസിപ്പിക്കുന്നതിനും ആധുനിക സംവിധാനങ്ങളോടുകൂടിയ മൊബൈൽ ലാബുകൾ എല്ലാ ജില്ലകൾക്കും നൽകുന്നതിനായും നടപടികൾ സ്വീകരിച്ചുവരുന്നു.

## സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം

25 (*415) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികൾ കുറവായതിന്റെ പേരിൽ എയ്ഡഡ് സ്കൂളുകളിൽനിന്നും ജോലി നഷ്ടപ്പെടുന്ന അദ്ധ്യാപകരെ ഗവൺമെന്റ് സ്കൂളുകളിൽ പുനർവിന്യസിക്കുവാൻ ഉത്തരവായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഈ ഉത്തരവിലൂടെ എത്രപേരെയാണ് പുനർവിന്യസിക്കുവാൻ തീരുമാനമെടുത്തിട്ടുള്ളത്;

(സി) എൽ.പി./യു.പി. അസിസ്റ്റന്റ്, എച്ച്.എസ്.എ. എന്നീ തസ്തികകളിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ സാധ്യതകളെ ഈ തീരുമാനം പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ ഉദ്യോഗാർത്ഥികളെ സംരക്ഷിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) 5-8-2016-ലെ സർക്കാർ ഉത്തരവ് നമ്പർ 134/2016/പൊ.വി.വ-യിലെ വ്യവസ്ഥകൾ പ്രകാരമാണ് ഇപ്പോൾ സംരക്ഷിത ജീവനക്കാരുടെ പുനർവിന്യാസം നടത്തിക്കൊണ്ടിരിക്കുന്നത്. പി.എസ്.സി. ലിസ്റ്റില്ലാത്ത വിഷയങ്ങളിൽ താൽക്കാലികമായി സംരക്ഷിതാദ്ധ്യാപകരെ പുനർവിന്യസിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് തികച്ചും താൽക്കാലികമായ സംവിധാനമായതിനാൽ ഇതുമൂലം പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനോ പി.എസ്.സി.വഴി നിയമനം നടത്തുന്നതിനോ യാതൊരു തടസ്സവും ഉണ്ടാകില്ല. ആർ.എം.എസ്.എ. സഹായത്തോടെ ഉയർത്തിയ സ്കൂളുകളിലുള്ള ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ താൽക്കാലികമായി പുനർവിന്യസിക്കാൻ നിർദ്ദേശിച്ചിരുന്നു. 7-10-2016-ലെ. ജി.ഒ.(എം.എസ്) നമ്പർ 173/2016/പൊ.വി.വ പ്രകാരം ആർ.എം.എസ്.എ. വഴിയും അല്ലാതെയും ഉയർത്തിയിട്ടുള്ള സ്കൂളുകളെ മറ്റ് സർക്കാർ സ്കൂളുകളെപ്പോലെ തന്നെ പരിഗണിച്ച് തസ്തികകൾ അനുവദിക്കാനും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനും പി.എസ്.സി.വഴിയുള്ള അദ്ധ്യാപകർ വരുന്ന മുറയ്ക്ക് സംരക്ഷിതാദ്ധ്യാപകരെ പിൻവലിക്കാനും വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 2015-16-ലെ തസ്തിക നിർണ്ണയത്തെ തുടർന്ന് തസ്തിക നഷ്ടപ്പെട്ട 3674 ജീവനക്കാരെയാണ് പുനർവിന്യസിക്കാൻ തീരുമാനമെടുത്തിട്ടുള്ളത്.

(സി) അദ്ധ്യാപക/അനദ്ധ്യാപക തസ്തികകളിലെ പി.എസ്.സി.റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികളുടെ സാധ്യതകളെ പ്രതികൂലമായി ബാധിക്കുന്ന ഒരു തീരുമാനവും ഈ വിഷയത്തിൽ സർക്കാർ കൈക്കൊണ്ടിട്ടില്ല. സർക്കാർ സ്കൂളുകളിലെ ഒഴിവുകളിലൊന്നും സ്ഥിരമായി സംരക്ഷിത ജീവനക്കാരെ പുനർവിന്യസിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

## കാഷ്യൂ ബോർഡ് രൂപീകരിക്കാൻ നടപടി

26 (*416) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാഷ്യൂ ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാഷ്യൂ വ്യവസായത്തിന്റെ വളർച്ചക്കും ഈ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് ബോർഡിന്റെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(സി) ബോർഡിന്റെ രൂപീകരണത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) തീരുമാനിച്ചിട്ടില്ല. പരിഗണനയിലാണ്.

(ബി&സി) കേരളത്തിൽ കൊല്ലം കേന്ദ്രമായി ഒരു കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നയപരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഈ മേഖലയിലെ മാറ്റങ്ങൾക്കനുസരിച്ച് ഫലപ്രദമായി ഇടപെടുന്ന ഏജൻസിയായി പ്രവർത്തിക്കുന്നതിനും റബ്ബർ ബോർഡുപോലെയും സ്പൈസസ് ബോർഡ് പോലെയും സഹായകമാകും എന്ന നിഗമനത്തിലാണ് ഈ നിർദ്ദേശം കാലാകാലങ്ങളിൽ ഉന്നയിച്ചുവന്നത്. എന്നാൽ ഒരു പ്രത്യേക ബോർഡിന്റെ ആവശ്യമില്ലെന്ന നിലപാടാണ് കേന്ദ്ര സർക്കാർ സ്വീകരിച്ചത്. സംസ്ഥാനത്തെ കശുവണ്ടിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ഒരു കേന്ദ്രീകൃത സംവിധാനത്തിലൂടെ കശുവണ്ടി ഇറക്കുമതി ചെയ്ത് ഈ വ്യവസായത്തെ മാറ്റത്തിന്റെ ദിശയിലേക്ക് നയിക്കാൻ ഉതകുന്ന ഒരു 'സംവിധാനം' നടപ്പിൽ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ട്. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു.'

## എഞ്ചിനീയറിംഗ് പഠനപ്രക്രിയയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് നടപടി

27 (*417) ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായം തൊഴിൽക്ഷമതയില്ലാത്ത ബിരുദധാരികളെയാണ് സൃഷ്ടിക്കുന്നതെന്ന പരാതി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ എഞ്ചിനീയറിംഗ് പഠനപ്രക്രിയയിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(സി) സാങ്കേതിക സർവ്വകലാശാലയിൽ കഴിഞ്ഞവർഷം മുതൽ നിലവിൽ വന്ന ഇയർ-ഔട്ട് സമ്പ്രദായം ഗുണപരമായ മാറ്റമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) തൊഴിൽക്ഷമതയില്ലാത്ത ഒരുകൂട്ടം എഞ്ചിനീയറിംഗ് ബിരുദധാരികളെ സൃഷ്ടിക്കാൻ മാത്രമേ കേരളത്തിൽ നിലവിലുള്ള സാങ്കേതിക വിദ്യാഭ്യാസ സമ്പ്രദായത്തിന് കഴിയുകയുള്ളൂ എന്ന ആശങ്കയും, ഈ മേഖലയിൽ കാലാനുസൃതമായ നയവ്യതിയാനങ്ങൾ വരുത്തേണ്ടതിന്റെ ആവശ്യകതയുമെല്ലാം കഴിഞ്ഞ കുറെ കാലങ്ങളായി ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ സാഹചര്യത്തിൽ മികച്ച രീതിയിലുള്ള എഞ്ചിനീയറിംഗ് സമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്ന ഉദ്ദേശലക്ഷ്യത്തോടെയാണ് സാങ്കേതിക ശാസ്ത്ര സർവ്വകലാശാല കേരളത്തിൽ സ്ഥാപിതമായത്.

(ബി) 2015 ആഗസ്റ്റ് 3 മുതലാണ് സാങ്കേതിക സർവ്വകലാശാലയിലെ പ്രഥമ ബാച്ച് പഠനം തുടങ്ങിയത്. ഒരു വർഷം പിന്നിടുമ്പോൾ ചിട്ടയായ ഒരു അക്കാദമിക് കലണ്ടറുമായി സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങൾക്കാണ് സർവ്വകലാശാല തുടക്കമിട്ടത്. വ്യവസായ മേഖലയ്ക്ക് അനുയോജ്യമായ എഞ്ചിനീയർമാരെ സൃഷ്ടിച്ചെടുക്കുന്നതിന് ഉതകുന്ന രീതിയിൽ സിലബസ് ക്രമീകരിച്ച് പഠനം വിദേശ സർവ്വകലാശാലകളിലേതുപോലെ പൂർണ്ണമായും ക്രെഡിറ്റ് സമ്പ്രദായത്തിലേയ്ക്ക് മാറ്റിയെടുത്തു. കേവല സിദ്ധാന്തങ്ങൾക്കുമപ്പുറത്ത്, പ്രായോഗികശേഷിയും തൊഴിൽ നൈപുണ്യവുമുള്ള ഒരു ഔട്ട് കം ബേസ്ഡ് എഡ്യൂക്കേഷൻ നടപ്പിലാക്കിയാണ് വിദ്യാർത്ഥികളെ പുതിയ വഴിയേ തിരിച്ചുവിട്ടത്. കൂടാതെ രണ്ടാം സെമസ്റ്റർ

പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ഇന്റേൺഷിപ്പ് ചെയ്തും, നൂതന ആശയങ്ങൾ വികസിപ്പിച്ച്, ഉല്പന്നങ്ങൾ ഉണ്ടാക്കിയും, വ്യത്യസ്തമായതും ഏറെ പ്രതീക്ഷ നൽകുന്നതുമായ ഒരു പഠന പ്രക്രിയയിലൂടെ എഞ്ചിനീയറിംഗ് പഠന മേഖലയുടെ ഗുണമേന്മ തിരിച്ചു പിടിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) വിലയിരുത്തിയിട്ടുണ്ട്. ചിട്ടയായ പഠനത്തിലൂടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സാമൂഹിക പ്രതിബദ്ധതയുള്ള എഞ്ചിനീയർമാരെ സൃഷ്ടിച്ചെടുക്കുന്നതിനുമായി സാങ്കേതിക സർവ്വകലാശാല മുന്നോട്ടുവച്ച വ്യവസ്ഥകളിൽ ഒന്നാണ് ഇയർ ഔട്ട് സമ്പ്രദായം. ഇയർ ഔട്ട് സമ്പ്രദായമനുസരിച്ച് ഒന്നും രണ്ടും സെമസ്റ്റർ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾ മൂന്നാം സെമസ്റ്ററിൽ പ്രവേശനത്തിന് നിശ്ചിത ക്രെഡിറ്റ് നേടിയിരിക്കണമെന്ന് നിബന്ധന ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ അഞ്ചാം സെമസ്റ്ററിലേയ്ക്കുള്ള പ്രവേശനത്തിനും ഏഴാം സെമസ്റ്ററിലേക്കുള്ള പ്രവേശനത്തിനും നിശ്ചിത ക്രെഡിറ്റ് നേടിയാൽ മാത്രമേ പ്രവേശനം സാധ്യമാകുകയുള്ളൂ. ഒന്നും രണ്ടും സെമസ്റ്റർ വിജയകരമായി പൂർത്തിയാക്കുന്ന ഒരു വിദ്യാർത്ഥിക്ക് ലഭിക്കുന്ന ആകെ ക്രെഡിറ്റ് 47 ആണ്. ഇതിൽ 35 ക്രെഡിറ്റ് ലഭിക്കുന്ന വിദ്യാർത്ഥിക്ക് മൂന്നാം സെമസ്റ്ററിൽ പ്രവേശിക്കാം. ഒന്നു മുതൽ നാലുവരെ സെമസ്റ്റർ പഠനം പൂർത്തിയാക്കാൻ ആകെ ലഭിക്കുന്ന 94 ക്രെഡിറ്റിൽനിന്നും 80 ക്രെഡിറ്റ് കരസ്ഥമാക്കിയാൽ അഞ്ചാം സെമസ്റ്ററിലേക്ക് പ്രവേശിക്കാനാകും. അതുപോലെ ഒന്നുമുതൽ ആറുവരെ സെമസ്റ്ററിൽ ആകെയുള്ള 140 ക്രെഡിറ്റിൽ 126 ക്രെഡിറ്റ് നേടിയാൽ മാത്രമേ ഏഴാം സെമസ്റ്ററിലേക്ക് പ്രവേശിക്കാനാകൂ. പഠനത്തിന് കൃത്യനിഷ്ഠയും ചിട്ടയും കൊണ്ടുവന്ന് നാല് വർഷത്തിനിടയിൽതന്നെ ബി.ടെക് പൂർത്തിയാക്കുന്നതിനുപകരിക്കുന്നതിനു വേണ്ടിയാണ് ഈ വ്യവസ്ഥ കൊണ്ടുവന്നത്. എന്നാൽ ഇക്കാര്യത്തിൽ വിദ്യാർത്ഥികളും രക്ഷകർത്താക്കളും പ്രകടിപ്പിച്ച ആശങ്കയുടെ അടിസ്ഥാനത്തിൽ 2015-16 വർഷത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്ക് മാത്രമായി മൂന്നാം സെമസ്റ്റർ പ്രവേശനത്തിന് വേണ്ട ക്രെഡിറ്റ് 35-ൽ നിന്നും 26 ആയി കുറച്ചിട്ടുണ്ട്. തുടർന്നുള്ള ബാച്ചുകൾക്ക് മുൻനിശ്ചയിച്ച പ്രകാരമുള്ള ക്രെഡിറ്റുകൾ നേടേണ്ടതുണ്ട്.

**ലേണിംഗ് പോർട്ടൽ സംവിധാനം**

28 (*418) ശ്രീ. യു. ആർ. പ്രദീപ് :

പ്രൊഫ. കെ. യു. അരുണൻ :

ശ്രീമതി വീണാ ജോർജ്ജ് :

ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഒന്നാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾക്കായി മൾട്ടിമീഡിയ പഠന സഹായങ്ങൾ ഉൾപ്പെടുന്ന ലേണിംഗ് പോർട്ടൽ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാപഠനം കൂടുതൽ ഫലപ്രദമാക്കാനുതകുന്ന ലാംഗ്വേജ് ലാബുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനാവശ്യമായ സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

(എ) ഉണ്ട്.

(ബി) പഠന-ബോധന പ്രവർത്തനങ്ങളിൽ വിവരവിനിമയ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതിനും അതിലൂടെ പ്രയാസമുള്ള പാഠഭാഗങ്ങൾ ആയാസരഹിതവും ലളിതവുമായി മനസ്സിലാക്കുന്നതിന് ഡിജിറ്റൽ പഠനവിഭവങ്ങൾ കുട്ടികൾക്കും അദ്ധ്യാപകർക്കും ലഭ്യമാക്കുകയുമാണ് പ്രധാന ലക്ഷ്യം.

(സി) ഉണ്ട്. പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്കൂൾ ക്ലാസ്സുകളിലെ ഇംഗ്ലീഷ് പഠനം മെച്ചപ്പെടുത്താൻ ഐ.ടി. സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ലാബുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. നിലവിലുള്ള സോഫ്റ്റ് വെയറുകൾ കസ്റ്റമൈസ് ചെയ്തുകൊണ്ട് പ്രോഗ്രാമുകൾ വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഐ.റ്റി@സ്കൂൾ, എസ്.എസ്.എ, ആർ.എം.എസ്.എ. എന്നിവയുടെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

**റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ**

29 (*419) ശ്രീ. കെ. മുരളീധരൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിലെയും താലൂക്ക് ഓഫീസുകളിലെയും അഴിമതി അവസാനിപ്പിക്കുന്നതിനും പരാതികൾ സമയബന്ധിതമായി അന്വേഷിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) റവന്യൂ ഭരണം കാര്യക്ഷമമാക്കുവാൻ നിലവിലുള്ള താലൂക്കുകൾ വിഭജിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ):

(എ) പൊതുജനങ്ങൾക്ക് അഴിമതി രഹിത സേവനം ലഭ്യമാക്കുന്നതിനായി റവന്യൂ വകുപ്പിൽ സംസ്ഥാനത്ത് മൂന്ന് വിജിലൻസ് ഡെപ്യൂട്ടി കളക്ടറുടെ കാര്യാലയം പ്രവർത്തിച്ചുവരുന്നു. കൂടാതെ, എല്ലാ ജില്ലാ കളക്ടറേറ്റിലേയും ഇൻസ്പെക്ഷൻ വിഭാഗത്തിന് വിജിലൻസിന്റെ അധികാരം നൽകി സീനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ ആന്റ് വിജിലൻസ് എന്നു നാമകരണം ചെയ്തു പ്രവർത്തിച്ചുവരുന്നു. എല്ലാ താലൂക്കാഫീസുകളിലും ഒരു ജൂനിയർ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ ഇൻസ്പെക്ഷൻ വിഭാഗവും കൂടാതെ വകുപ്പു മേധാവിയായ ലാന്റ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലും ഇൻസ്പെക്ഷൻ ആന്റ് ആഡിറ്റ് വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ട്. റവന്യൂ ഭരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിലെ ജീവനക്കാർക്ക് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ടതും പൊതുവായി എല്ലാ വകുപ്പുകൾക്കും ആവശ്യമായതുമായ വിഷയങ്ങളിൽ പരിശീലനം നൽകുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (ഐ.എൽ.ഡി.എം.) എന്ന പേരിൽ ഒരു ഇൻസ്റ്റിറ്റ്യൂട്ട് റവന്യൂ വകുപ്പിന് കീഴിൽ നിലവിലുണ്ട്. റവന്യൂ, സർവ്വേ സംബന്ധമായ എല്ലാ വിഷയങ്ങളിലും സമയബന്ധിതമായി ജീവനക്കാർക്ക് ഇവിടെ പരിശീലനം നൽകിവരുന്നു. കൂടാതെ, ജീവനക്കാരുടെ കാര്യക്ഷമത, മനോഭാവം, സേവനതൽപ്പരത എന്നിവ വർദ്ധിപ്പിക്കുന്നതിനായി ജില്ലാതല പരിശീലന പരിപാടികളും ജനസൗഹൃദ വില്ലേജ് പരിശീലനവും ഐ.എൽ.ഡി.എം.-ന്റെ ആഭിമുഖ്യത്തിൽ നൽകിവരുന്നു.

(ബി) റവന്യൂ ഓഫീസുകളിലെ പരാതികൾ സമയബന്ധിതമായി അന്വേഷിക്കുന്നതിന്റെയും തീർപ്പാക്കുന്നതിന്റെയും ഭാഗമായി റവന്യൂ ഓഫീസുകളിൽനിന്നും സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതിയാണ് ഇ-ഡിസ്ട്രിക്ട് പദ്ധതി. എപ്പോഴും എവിടെനിന്നു വേണമെങ്കിലും സർട്ടിഫിക്കറ്റുകൾക്ക് അപേക്ഷിക്കുകയും ലഭ്യമാക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇ-ഡിസ്ട്രിക്ട് പദ്ധതിയിലൂടെ നടപ്പിലാക്കിവരുന്നത്. പൊതുജന സൗകര്യാർത്ഥം വില്ലേജ്/താലൂക്ക് ഓഫീസുകൾക്കൊപ്പം അക്ഷയ കേന്ദ്രങ്ങൾ വഴിയും റവന്യൂ വകുപ്പു നല്കിവരുന്ന 24 ഇനം സർട്ടിഫിക്കറ്റുകൾ ഓൺലൈനായി നൽകിവരുന്നുണ്ട്. ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വസ്തുവിന്റെ പോക്കുവരവ്/ജമമാറ്റം നടപടികൾ വേഗത്തിലും സുതാര്യമായും കുറ്റമറ്റ രീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യ ലക്ഷ്യത്തോടുകൂടി സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കിവരുന്നു. റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് സംയോജിത ഓൺലൈൻ പോക്കുവരവ് (Integrated Online PV System) സംവിധാനം

നടപ്പിലാക്കുന്ന വില്ലേജുകളിൽ ഭൂനികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സൗകര്യം നിലവിൽ വന്നുകൊണ്ടിരിക്കുന്നു. റവന്യൂ വകുപ്പിലേയ്ക്ക് അടയ്ക്കേണ്ട/പിരിഞ്ഞു കിട്ടേണ്ട നികുതികളും മറ്റു തുകകളും സ്വഗൃഹത്തിലിരുന്നു തന്നെ കമ്പ്യൂട്ടറിന്റേയോ സ്മാർട്ട് ഫോണിന്റേയോ സഹായത്തോടെ അടയ്ക്കുവാൻ സാധിക്കുന്ന രീതിയിലാണ് പുതിയ പരിഷ്കാരം ആവിഷ്കരിച്ചിരിക്കുന്നത്.

റവന്യൂ വകുപ്പിലെ ഭൂനികുതി, ഒടുക്ക്, തുടങ്ങി വിവിധ സാമ്പത്തിക സേവനങ്ങൾ, ഇതര സേവനങ്ങൾ, ക്ഷേമപദ്ധതികൾ എന്നിവ ക്രോഡീകരിച്ച് അഴിമതി രഹിതമായ ഒരു റവന്യൂ ഭരണം സാധ്യമാക്കുക എന്നതാണ് ഈ പദ്ധതികൾകൊണ്ട് ലക്ഷ്യമാക്കുന്നത്. സംസ്ഥാനത്തെ വില്ലേജാഫീസുകളിലേയും താലൂക്കാഫീസുകളിലേയും അഴിമതി അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ മൂന്ന് പരിശോധന യൂണിറ്റുകളും ഇന്റേണൽ ഓഡിറ്റ് വിഭാഗവും (ഫിനാൻസ് ഓഫീസറുടെ നേതൃത്വത്തിൽ) ജില്ലാ കളക്ടറേറ്റുകളിലും താലൂക്കാഫീസുകളിലും ഓരോ പരിശോധന യൂണിറ്റ് വീതവും പ്രവർത്തിച്ചുവരുന്നുണ്ട്.

(സി) താലൂക്ക് രൂപീകരണം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

**രജിസ്ട്രേഷൻ വകുപ്പിൽ വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ**

30 (*420) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. സി. കെ. ശശീന്ദ്രൻ</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിന്റെ ഏതെല്ലാം പ്രവർത്തന മേഖലകളിലാണ് വിവരസാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് എല്ലാ രജിസ്ട്രേഷൻ ഓഫീസുകളിലും കുടിക്കട സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒറ്റ ദിവസം കൊണ്ട് ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഭൂരേഖ ലഭിച്ചു കഴിഞ്ഞാൽ ആധാരമെഴുത്തുകാരുടെ സഹായത്തോടെ ആധാരം തയ്യാറാക്കി ഓൺലൈനായി സബ് രജിസ്ട്രാർ ഓഫീസിൽ സമർപ്പിക്കുന്നതിനായി എൻ.ഐ.സി. വികസിപ്പിച്ച റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (റെലിസ്) നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത സോഫ്റ്റ് വെയറിന്റെ പ്രത്യേകതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ):

(എ) രജിസ്ട്രേഷൻ വകുപ്പിൽ ചുവടെ വിവരിക്കുന്ന മേഖലകളിൽ വിവര സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഭരണ നിർവ്വഹണം പ്രവർത്തന ക്ഷമമാണ് :

1. ആധാര രജിസ്ട്രേഷൻ
2. ബാധ്യതാ സർട്ടിഫിക്കറ്റുകൾ
3. ആധാരപ്പകർപ്പുകൾ
4. വിവാഹ രജിസ്ട്രേഷൻ
5. സൊസൈറ്റി രജിസ്ട്രേഷൻ
6. ചിട്ടി രജിസ്ട്രേഷൻ
7. പാർട്ട്ണർഷിപ്പ് ഫേമുകളുടെ രജിസ്ട്രേഷൻ
8. ഭരണപരമായ ഫയലുകളുടെ നടപടികൾ
9. ജീവനക്കാരുടെ ശമ്പളവും മറ്റ് ട്രഷറി ഇടപാടുകളും
10. നികുതികൾ ഇന്റർനെറ്റ് ബാങ്കിംഗ് മുഖാന്തിരം ഒടുക്കുന്നതിനുള്ള സൗകര്യം
11. ടെണ്ടർ നടപടികൾ.

മേൽ വിവരിച്ച മേഖലകളിൽ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മേഖലകളിൽ വിവരസാങ്കേതികവിദ്യ വ്യാപിപ്പിക്കുന്നതിനോടൊപ്പം ചുവടെ വിവരിക്കുന്ന മേഖലകളിൽ വിവരസാങ്കേതികവിദ്യ പുതുതായി പ്രയോജനപ്പെടുത്തുവാനും ഉദ്ദേശിക്കുന്നു :

1. ഇ-സ്റ്റാമ്പിംഗ്.
2. രജിസ്ട്രേഷൻ ഫീ ഇന്റർനെറ്റ് മുഖാന്തരം ഒടുക്കുന്നതിനുള്ള സൗകര്യം.
3. രജിസ്ട്രേഷൻ നടപടികളുടെ ഭാഗമായുള്ള വിരൽപ്പതിപ്പും ഫോട്ടോയും കമ്പ്യൂട്ടർ മുഖാന്തിരം എടുക്കുന്നത്.
4. ഏത് ആധാരവും അതാത് ജില്ലയിലെവിടെയും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം.

5. സബ് രജിസ്ട്രാർ ഓഫീസിൽ പോകാതെ തന്നെ ആധാര പകർപ്പുകൾ ലഭിക്കുന്നതിനുള്ള സൗകര്യം.

6. നിലവിലെ രജിസ്ട്രേഷൻ സോഫ്റ്റ് വെയർ ഉപയോഗിച്ച് ആധാരങ്ങൾ തയ്യാറാക്കുന്നതിനുള്ള സൗകര്യം.

7. രജിസ്ട്രേഷൻ വിവരങ്ങൾക്ക് ഡിസാസ്റ്റർ റിക്കവറി സംവിധാനം ഏർപ്പെടുത്തുന്നത്.

(ബി) അപേക്ഷിക്കുന്നതിന്റെ തലേ ദിവസം വരെയുള്ള ഒരു വർഷക്കാലയളവിലുള്ള ബാധ്യതാ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ഒറ്റ ദിവസംകൊണ്ട് ലഭ്യമാക്കുവാൻ സംസ്ഥാനത്തെ എല്ലാ സബ് രജിസ്ട്രാർ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സർട്ടിഫിക്കറ്റുകളുടെ ബാഹുല്യം കൂടുതലുള്ള ഓഫീസുകളിൽ ഈ സമയ പരിധി പാലിക്കുവാൻ കഴിയുന്നില്ല.

(സി) റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം (ReLis) രജിസ്ട്രേഷൻ വകുപ്പിൽ നിലവിലില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഓടകൾ ഒഴിവാക്കി റോഡുകൾ നിർമ്മിക്കുന്നതുമൂലമുള്ള ബുദ്ധിമുട്ടുകൾ

1 (3531) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പല റോഡുകൾക്കും ഓടകൾ ഒഴിവാക്കുന്നതുമൂലം മഴ പെയ്യുമ്പോൾ റോഡിലൂടെ ജലം നിറഞ്ഞൊഴുകുന്നതിനാൽ പൊതുജനങ്ങൾക്കും വാഹനങ്ങളോടിക്കുന്നവർക്കും ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓടകൾ ഒഴിവാക്കി റോഡു നിർമ്മിക്കണമെന്ന ഉത്തരവ് നിലവിലുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഉത്തരവുകൾ നിലവിലില്ല.

### തൊടുപുഴ മടക്കത്താനം പാലം

2 (3532) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇടുക്കി ജില്ലയിലെ തൊടുപുഴ മടക്കത്താനം പാലം നിർമ്മാണത്തിന് സാങ്കേതികാനുമതി നൽകാൻ നടപടി കൈക്കൊള്ളുമോ?

ഉത്തരം

ഇടുക്കി ജില്ലയിലെ തൊടുപുഴ മടക്കത്താനം പാലത്തിന് 9-11-2011-ലെ സ.ഉ. (സാധാ) നമ്പർ 1540/2011/പൊ.മ.വ., സ.ഉ. (സാധാ) നമ്പർ 520/2016/ പൊ.മ.വ., തീയതി 2-3-2016 എന്നീ ഉത്തരവുകൾ പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. മടക്കത്താനം പാലത്തിന്റെ സാങ്കേതിക അനുമതിക്കുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**മണ്ണുത്തി-അങ്കമാലി ഭാഗത്ത് നാലുവരിപ്പാത നിർമ്മാണം**

3 (3533) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയപാത 47-ൽ മണ്ണുത്തി-അങ്കമാലി ഭാഗത്ത് നാലുവരിപ്പാത നിർമ്മാണവുമായി ബന്ധപ്പെട്ട് ദേശീയ പാത അതോറിറ്റി, കരാർ കമ്പനിയുമായി ഉണ്ടാക്കിയിട്ടുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കരാറിന്റെ കാലാവധി എന്നവസാനിക്കുമെന്നും അതിനുമുമ്പ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുവാൻ സാധിക്കുമോ എന്നും വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് വകുപ്പു മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ, നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതു സംബന്ധിച്ച ചർച്ചയിലുണ്ടായ തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോ; നിർമ്മാണ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ സാധിക്കും എന്നറിയിക്കുമോ?

ഉത്തരം

(എ) പോട്ട ഇടതു വശത്തേയും ചിറങ്ങരയിൽ വലതു വശത്തേയും സർവ്വീസ് റോഡ് ഒഴികെ ബാക്കി കൺസഷൻ എഗ്രിമെന്റ് പ്രകാരമുള്ള എല്ലാ വർക്കുകളും പൂർത്തിയായി.

(ബി) കൺസഷൻ എഗ്രിമെന്റ് അവസാനിക്കുന്നത് 21-6-2018-ൽ ആണ്. 2016 സെപ്റ്റംബറിൽ പോട്ടയിലേയും ചിറങ്ങരയിലേയും സർവ്വീസ് റോഡ് വർക്കുകൾ അടിക്കടിയുള്ള മഴ കാരണം തടസ്സപ്പെട്ടു. ഈ വർക്കുകൾ 2016 നവംബർ മാസത്തോടെ തീർക്കാനാകുമെന്ന് കരുതുന്നു.

(സി) കൺസഷൻ എഗ്രിമെന്റ് പ്രകാരം പോട്ടയിലേയും ചിറങ്ങരയിലേയും വർക്കുകൾ 2016 നവംബർ മാസത്തോടെ തീർക്കാനാകുമെന്നാണ് കരുതുന്നത്.

**ക്വാർട്ടേഴ്സിന് ക്ലാസ് ഫോർ ജീവനക്കാർക്ക് സംവരണം**

4 (3534) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ താഴ്ന്ന വരുമാനക്കാരായ ക്ലാസ് ഫോർ ജീവനക്കാർക്ക് ഗവ.ക്വാർട്ടേഴ്സ് അനുവദിക്കുന്നതിൽ പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) റിട്ടയർമെന്റ് കാലം വരെ സർക്കാർ സേവനം ചെയ്യുന്നവരും മറ്റ് ജില്ലകളിൽ നിന്ന് ഉൾപ്പെടെ ദൂരസ്ഥലങ്ങളിൽനിന്ന് ജോലിക്കെത്തുന്നവരും ദീർഘകാലമായി ക്വാർട്ടേഴ്സുകൾക്ക് അപേക്ഷ നൽകി കാത്തിരിക്കുന്നവരുമായ സർക്കാർ ഉദ്യോഗസ്ഥരുടെ പൊതു ക്വാട്ടയിൽനിന്നും 125 ക്വാർട്ടറുകൾ കൂടി മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്കായി പ്രത്യേക സംവരണം ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ അതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കൃത്യമായി നിഷ്കർഷിക്കപ്പെട്ട യോഗ്യതയുടെ അടിസ്ഥാനത്തിൽ മത്സരപരീക്ഷയിലൂടെ സർവ്വീസിലെത്തി ദൂരസ്ഥലങ്ങളിൽ നിന്നു വന്ന് സർക്കാർ സേവനം നടത്തുന്ന ജിവനക്കാരിൽനിന്നും വ്യത്യസ്തമായി ക്വാർട്ടറുകൾ ലഭ്യമാക്കുന്നതിൽ മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്ക് ഏതെങ്കിലും പ്രത്യേക അവകാശമോ പ്രത്യേകമായ അർഹതയോ ഉണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഇ) ദൂരസ്ഥലങ്ങളിൽനിന്നും മറ്റ് ജില്ലകളിൽനിന്നും ജോലിക്കെത്തുന്ന താഴ്ന്ന വരുമാനക്കാരായ ക്ലാസ് ഫോർ ജീവനക്കാരുൾപ്പെടെയുള്ളവരുടെ ജനറൽ ക്വാട്ടയിൽ നിന്നും മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്ക് ക്വാർട്ടർ അനുവദിക്കാൻ 125 ക്വാർട്ടറുകൾ കൂടുതലായി പ്രത്യേകം മാറ്റി വച്ച് സംവരണം ചെയ്തത് വിവേചനപരവും ഭരണഘടന അനുച്ഛേദം പതിനാലിന്റെ ലംഘനവുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പ്രത്യേക സംവരണം ഏർപ്പെടുത്തിയിട്ടില്ല.

(ബി&സി) 7-9-2016-ലെ സ.ഉ. (കൈ) നമ്പർ 65/2016/ പൊ.മ.വ. പ്രകാരം Amendment to Rules for Allotment and occupation of Government Servant's Quarters in Kerala, 2006-ലെ റൂൾ 3(2) (i) ആയി പേഴ്സണൽ സ്റ്റാഫുകൾക്ക് സംവരണം ചെയ്തിരുന്ന ക്വാർട്ടേഴ്സുകളുടെ എണ്ണം 75-ൽ നിന്നും 200 ആയി ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. Rules for Allotment and occupation of Government

Servant's Quarters in Kerala, 2006 റൂൾ 10 പ്രകാരം 75 ക്വാർട്ടേഴ്സുകൾ പേഴ്സണൽ സ്റ്റാഫിന് സംവരണം ചെയ്തിരുന്നെങ്കിലും ആവശ്യത്തിന് ക്വാർട്ടേഴ്സ് ലഭിക്കാത്ത സാഹചര്യത്തിലാണ് റൂൾ ഭേദഗതി ചെയ്തത്.

(ഡി&ഇ)) മന്ത്രിമാരുടെ ഓഫീസുകളിലെ സുഗമമായ പ്രവർത്തനത്തിനും ദൈനംദിന പ്രവർത്തികൾക്കും പേഴ്സണൽ സ്റ്റാഫുകളുടെ സേവനം അത്യന്താപേക്ഷിതമാണ്. പേഴ്സണൽ സ്റ്റാഫുകളുടെ ജോലിയുടെ സ്വഭാവവും സമയഘടനയും കണക്കിലെടുത്താണ് ടി വിഭാഗത്തിന് സംവരണം ഏർപ്പെടുത്തിയത്. ഇവർക്ക് പ്രത്യേകമായ അവകാശമോ അർഹതയോ നൽകുന്നില്ല. അന്യ ജില്ലക്കാരായ പേഴ്സണൽ സ്റ്റാഫുകൾക്ക് ക്വാർട്ടേഴ്സ് ലഭിക്കാതെ വന്ന സാഹചര്യത്തിലാണ് 125 ക്വാർട്ടേഴ്സുകൾ കൂടുതലായി നൽകി ഉത്തരവായത്. കൂടാതെ പേഴ്സണൽ സ്റ്റാഫിൽ സർക്കാർ ജീവനക്കാരും ഉൾപ്പെട്ടിരിക്കുന്ന തിനാൽ 7-9-2016-ലെ സ.ഉ. (കൈ) നമ്പർ 65/2016/പൊ.ഭ.വ. പ്രകാരം പേഴ്സണൽ ക്വാർട്ടേഴ്സുകളുടെ എണ്ണം 75-ൽ നിന്നും 200 ആയി ഭേദഗതി ചെയ്തത് ഭരണഘടന അനുച്ഛേദം 14-ന്റെ ലംഘനമാകുന്നില്ല.

### പി.ഡബ്ല്യൂ.ഡി.റോഡുകളുടെ ശോച്യാവസ്ഥ

5 (3535) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ശോച്യാവസ്ഥ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ റോഡപകടങ്ങളുടെ മുഖ്യകാരണം റോഡുകളുടെ ശോച്യാവസ്ഥയാണെന്ന വസ്തുത പരിഗണിച്ച് പി.ഡബ്ല്യൂ.ഡി. റോഡുകളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ 31812 കി.മീ. ദൈർഘ്യം വരുന്ന റോഡുകളാണ് പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിൽ വരുന്നത്. ഇതിൽ നല്ലൊരു ഭാഗം നല്ല അവസ്ഥയിലാണ്. എന്നാൽ അനുദിനം വർദ്ധിച്ച

വരുന്ന ഗതാഗത-വാഹന സാന്ദ്രതയുടെയും കാലാവസ്ഥയുടെയും കാരണങ്ങളാൽ ഈ റോഡുകളിൽ ചില ഭാഗങ്ങളിൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഓച്ചിറ-ചേർത്തല റോഡ് വീണ്ടും അറ്റകുറ്റപ്പണി നടത്തി സഞ്ചാര യോഗ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ദേശീയപാതകളെല്ലാം നിലവിൽ സഞ്ചാര യോഗ്യമാണ്. ശ്രദ്ധയിൽപ്പെടുന്ന അറ്റകുറ്റപ്പണികൾ യഥാസമയം പരിഹരിക്കുവാൻ നടപടി സ്വീകരിക്കാറുണ്ട്.

(ബി) സംസ്ഥാനത്തെ റോഡപകടങ്ങളുടെ മുഖ്യകാരണം ഡ്രൈവർമാരുടെ ശ്രദ്ധക്കുറവാണെന്ന് ഇത് സംബന്ധിച്ച ഗവേഷണ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. എന്നിരുന്നാലും റോഡുകളുടെ ശോച്യാവസ്ഥയും ഒരു പരിധി വരെ റോഡപകടങ്ങൾക്ക് കാരണമാകുന്നു എന്നത് വസ്തുതയാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകൾ 5 വർഷത്തിലൊരിക്കൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഉപരിതലം പുതുക്കി ബലപ്പെടുത്തി വരുന്നു. റോഡുകളിൽ കാലാകാലങ്ങളിൽ ഉണ്ടാകുന്ന അടിയന്തര സ്വഭാവമുള്ള അറ്റകുറ്റപ്പണികൾ റിപ്പോർട്ടുകൾ ലഭിക്കുന്നതനുസരിച്ച് നോൺ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടത്താറുണ്ട്. കൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ എക്സി.എഞ്ചിനീയർമാരുടെ ചുമതലയിൽ റീജിയണൽ ലാബുകളും മറ്റ് എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകളും സ്ഥാപിച്ച് ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനം നടപ്പിലാക്കിവരുന്നു.

ദേശീയപാതകളിലെ അപകടങ്ങൾക്ക് കാരണം മുഖ്യമായും അതിയായ ഗതാഗത സാന്ദ്രതയാണ്. ആയതിനാൽ ഗതാഗത സാന്ദ്രതയ്ക്കനുസരിച്ച് ദേശീയപാതകൾ നാലുവരിപ്പാതയായും പേവ്ഡ് ഷോൾഡറോഡു കൂടിയ 2 വരിപ്പാതയായും വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ നടപടികൾ എടുത്തുവരുന്നു. കൂടാതെ റോഡുകളുടെ മെയിന്റനൻസ് സംബന്ധിച്ച് മെയിന്റനൻസ് പോളിസി തയ്യാറാക്കി വരുന്നു. റോഡുകളുടെ മെയിന്റനൻസിനായി ഒരു മെയിന്റനൻസ് വിഭാഗം രൂപീകരിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു.

**ലഫ്. കേണൽ ഇ.കെ. നിരഞ്ജൻ സ്മാരക റോഡ്**

6 (3536) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരിമ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെടുന്ന കരിയോട് മുതൽ എലുമ്പുലാശ്ശേരി ഐ.ടി.ഐ. വരെയുള്ള റോഡ് (ലഫ്.കേണൽ ഇ.കെ. നിരഞ്ജൻ സ്മാരക റോഡ്) പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കണമെന്ന ആവശ്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ ;

(ബി) പൊതുമരാമത്ത് (എച്ച്) വകുപ്പിലെ 1323/H1/16 പൊ.മ.വ. നമ്പർ ഫയലിൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(സി) പ്രസ്തുത റോഡ് ഏറ്റെടുക്കണമെന്ന് മന്ത്രിസഭ തീരുമാനം എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത റോഡ് അടിയന്തരമായി ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) പരിഗണനയിലുണ്ട്. 6-1-2016-ലെ മന്ത്രിസഭായോഗ തീരുമാനപ്രകാരം പാലക്കാട് ജില്ലയിലെ പൊന്നംകോട്-എലുമ്പുലാശ്ശേരി റോഡ് പുനരുദ്ധാരണം നടത്തുന്നതിന് 4 കോടി രൂപ 2016-17 ബഡ്ജറ്റിൽ ഉൽക്കൊള്ളിച്ച് പണി ചെയ്യുന്നതിനും 10 കി.മീ. റോഡിൽ 2 കി.മീ. പഞ്ചായത്ത് റോഡ് PWD ഏറ്റെടുക്കാനും നിർദ്ദേശിച്ചിരുന്നതിന്റെ അടിസ്ഥാനത്തിൽ റോഡ് ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ അടിയന്തരമായി സർക്കാരിൽ സമർപ്പിക്കാൻ 27-1-2016, 1-8-2016 എന്നീ തീയതികളിലെ 1323/HI/2016/ പൊ.മ.വ. നമ്പർ കത്ത് പ്രകാരം നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ നാളിതുവരെ ലഭിച്ചിട്ടില്ല. ചീഫ് എഞ്ചിനീയറിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കി നടപടി സ്വീകരിക്കുന്നതാണ്. കൂടുതൽ പഞ്ചായത്ത് റോഡുകൾ ഏറ്റെടുക്കാൻ PWD-യ്ക്ക് സാമ്പത്തികമായി കഴിയുന്നതല്ല.

## കേരള റോഡ് ഫണ്ട് ബോർഡിന്റെ ലക്ഷ്യങ്ങൾ

7 (3537) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള റോഡ് ഫണ്ട് ബോർഡ് എന്നാണ് സ്ഥാപിച്ചതെന്നും ഇതിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ;

(ബി) പ്രസ്തുത ബോർഡിന്റെ ഫണ്ട് സ്വരൂപിച്ചത് എങ്ങനെയെല്ലാമായിരുന്നു എന്ന് വ്യക്തമാക്കുമോ;

(സി) കിഫ്ബി രൂപീകരണത്തോടെ കേരള റോഡ് ഫണ്ട് ബോർഡിന്റെ വരുമാന സ്രോതസ്സുകൾ ഇല്ലാതായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുംവിധം കേരള റോഡ് ഫണ്ട് ബോർഡിനെ പുനഃസംഘടിപ്പിച്ച് ശക്തമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) കേരള നിയമസഭ പാസ്സാക്കിയ കേരള റോഡ് ഫണ്ട് ആക്റ്റ് 2001 പ്രകാരമാണ് കേരള റോഡ് ഫണ്ട് ബോർഡ് സ്ഥാപിതമായത്. 22-2-2002-ലാണ് കേരള റോഡ് ഫണ്ട് ബോർഡ് പ്രവർത്തനം ആരംഭിച്ചത്. കേരള റോഡ് ഫണ്ട് ആക്റ്റ് പ്രകാരം സ്വരൂപിക്കപ്പെടുന്ന ഫണ്ട് വിനിയോഗിച്ച് നടത്തപ്പെടുന്ന ഗതാഗത വികസന പദ്ധതികളുടെ മേൽനോട്ടം വഹിക്കുകയാണ് കേരള റോഡ് ഫണ്ട് ബോർഡിന്റെ മുഖ്യ പ്രവർത്തന ലക്ഷ്യം.

(ബി) കേരള റോഡ് ഫണ്ട് ആക്റ്റ് 2001 പ്രകാരം ഫണ്ട് സ്വരൂപിക്കുന്നത് എങ്ങനെയെല്ലാമാണെന്നുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) കേരള റോഡ് ഫണ്ട് ബോർഡ് മുഖേനയുള്ള പൊതുമരാമത്ത് പ്രവൃത്തികൾക്കായി KIIFB-യുടെ ഫണ്ട് അനുവദിക്കുന്നുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

**ദേശീയപാതയുടെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ വികസന പ്രവർത്തനങ്ങൾ**

8 (3538) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ പാതയുടെ ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ഭാഗത്തെ വികസനത്തിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ദേശീയ പാത വികസനത്തിന് ഭൂമി ഏറ്റെടുത്തിട്ടുണ്ടോ; എത്ര ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) ഏതെല്ലാം ഭാഗങ്ങളിലാണ് ഫ്ലൈ ഓവർ നിർമ്മിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ഡി) നടപടികൾ പൂർത്തീകരിച്ച് എത്രയും വേഗം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ചേർത്തല മുതൽ കഴക്കൂട്ടം വരെയുള്ള ദേശീയ പാത പുതിയ എൻ.എച്ച്. 66 (പഴയ എൻ.എച്ച്. 47) കേന്ദ്ര സർക്കാരിന്റെ എൻ.എച്ച്.ഡി.പി. പദ്ധതിയിൽ ഉൾപ്പെടുത്തി 4 വരിപ്പാതയായി വികസിപ്പിക്കുവാനാണ് കേന്ദ്ര സർക്കാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തീരുമാനിച്ചിരുന്നത്. എന്നാൽ ദേശീയപാതാ വികസനത്തിന്റെ സ്ഥലമെടുപ്പിൽ പുരോഗതി ഉണ്ടാകാതിരുന്ന സാഹചര്യത്തിൽ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഈ പാതയുടെ വികസന പദ്ധതിയിൽനിന്നും പിൻമാറുകയുണ്ടായി. സംസ്ഥാന സർക്കാരിന്റെ നിരന്തരമായ അഭ്യർത്ഥന പ്രകാരം കേന്ദ്ര മന്ത്രാലയം എൻ.എച്ച്.എ.ഐ.യ്ക്ക് ഈ പദ്ധതി പുനരാരംഭിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ G.O.(MS)N0.94/2014/PWD തീയതി 25-10-2014 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. സ്ഥലമേറ്റെടുപ്പ് പൂർത്തീകരിക്കുന്നതിലേയ്ക്കായി അലൈൻമെന്റിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാൻ സംസ്ഥാന ചീഫ് സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഉന്നതതല കമ്മിറ്റി രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ വികസനത്തിനു വേണ്ട പുതുക്കിയ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കുന്ന നടപടികൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഡി.പി.ആർ. കൺസൾട്ടന്റ് മുഖാന്തരം നടത്തിവരുന്നുണ്ട്. നാഷണൽ ഹൈവേ അതോറിറ്റിയിൽനിന്നും ലഭ്യമായ വിവരം അനുസരിച്ച് എഗ്രിമെന്റ് പ്രകാരം ആഗസ്റ്റ് 2016 മുതൽ 6 മാസക്കാലയളവിനുള്ളിൽ പുതുക്കിയ ഡി.പി.ആർ. കൺസൾട്ടന്റ് സമർപ്പിക്കേണ്ടതാണ്.

(ബി) വാളയാർ മുതൽ അരൂർ വരെയുള്ള ദേശീയപാത 47 (ഇടപ്പള്ളി വരെ പുതിയ എൻ.എച്ച്. 544-ഉം ഇടപ്പള്ളി മുതൽ അരൂർ വരെ പുതിയ എൻ.എച്ച്. 66-ഉം) സ്ഥലമെടുപ്പ് പൂർത്തീകരിച്ച് വികസനത്തിന്റെ അന്തിമ ഘട്ടത്തിലാണ്. കൂടാതെ ദേശീയപാത പുതിയ എൻ.എച്ച്. 66-ന്റെ കഴക്കൂട്ടം മുതൽ കാരോട് വരെയുള്ള 43 കി.മീ. സ്ഥലമെടുപ്പ് പൂർത്തീകരിച്ച് നിർമ്മാണം നടന്നുവരുന്നു. സർവ്വീസ് റോഡോടു കൂടിയ നാലുവരി പാതയായി വികസനം ശേഷിക്കുന്നത് തലപ്പാടി മുതൽ ഇടപ്പള്ളി വരെയും (420 കി.മീ.) ചേർത്തല മുതൽ കഴക്കൂട്ടം വരെയും (172.9 കി.മീ.) അടങ്ങുന്ന പുതിയ എൻ.എച്ച്. 66 ആണ്. ഈ ദേശീയപാതയുടെ പഴയ അലൈൻമെന്റ് പ്രകാരം തലപ്പാടി മുതൽ ഇടപ്പള്ളി വരെ (പുതിയ എൻ.എച്ച്. 66) 976.97 ഹെക്ടർ സ്ഥലവും ചേർത്തല മുതൽ കഴക്കൂട്ടം വരെ (പുതിയ എൻ.എച്ച്. 66) 256 ഹെക്ടർ സ്ഥലവും (ആകെ 1232.97 ഹെക്ടർ) വികസനത്തിന് ആവശ്യമാണ്. ഇതിൽ 8.77 ഹെക്ടർ സ്ഥലം (0.71%) മാത്രമാണ് ഇതുവരെ ഏറ്റെടുക്കുവാൻ കഴിഞ്ഞിട്ടുള്ളത്. എന്നാൽ ദേശീയപാതയുടെ വീതി 45 മീറ്ററായി അംഗീകരിച്ച് സംസ്ഥാന സർക്കാർ G.O.(MS)No. 94/2014/PWD തീയതി 25-10-2014 ഉത്തരവ് പുറപ്പെടുവിച്ച സാഹചര്യത്തിൽ ദേശീയപാതാ 47-ന്റെയും 17-ന്റെയും വികസനത്തിന് പുതിയ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഡി.പി.ആർ. തയ്യാറായതിന് ശേഷം മാത്രമേ സ്ഥലമെടുപ്പിനെ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകൂ.

(സി) ഡി.പി.ആർ. പുതുക്കൽ പൂർത്തീകരിച്ചാൽ മാത്രമേ ഗതാഗത സാന്ദ്രതയ്ക്കനുസരിച്ച് ഏതെല്ലാം ഭാഗങ്ങളിലാണ് ഫ്ലൈ ഓവർ നിർമ്മിക്കേണ്ടത് എന്ന് അറിയാൻ കഴിയൂ.

(ഡി) ഡി.പി.ആർ. തയ്യാറാക്കൽ പൂർത്തീകരിച്ച് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എൻ.എച്ച്. ആക്ട് പ്രകാരമുള്ള ലാന്റ് അക്വിസിഷൻ നടപടികൾകൂടി പൂർത്തിയായാൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ കഴിയുകയുള്ളൂ.

**റോഡ് നിർമ്മാണത്തിന് പുതിയ രീതികൾ**

9 (3539) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ് നിർമ്മാണത്തിന് പുതിയ രീതികൾ ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം പുതിയ രീതികളാണ് ഇതിനായി പ്രയോജനപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുള്ളത്; വിവരിക്കുമോ;

(സി) ഭരണതലത്തിലുള്ളവർക്ക് പുതിയ രീതികൾ പരിചയപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേയ്ക്കായി റോഡുകളും പാലങ്ങളും വിഭാഗത്തിൽ മോർത്ത് സ്പെസിഫിക്കേഷനും ഡി.എസ്.ആർ. (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്സ്)-ഉം നടപ്പിലാക്കി. പൊതുമരാമത്ത് നിരത്തു വിഭാഗത്തിന്റെ കീഴിൽ വരുന്ന റോഡുകളിൽ എൻ.ആർ.എം.ബി. (നാച്ചറൽ റബ്ബർ മോഡിഫൈഡ് ബിറ്റുമിൻ) ഉപയോഗിച്ച് റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിലെ റോഡുകളുടെ നിർമ്മാണത്തിനായി ഉപയോഗ ശൂന്യമായ പ്ളാസ്റ്റിക്ക് ശുദ്ധീകരിച്ച് ഉപയോഗിക്കുന്നതിനായുള്ള പദ്ധതി നടപ്പിലാക്കി. ബി.എം.ആന്റ്.ബി.സി. പ്രവൃത്തികളിൽ പ്ലാസ്റ്റിക് ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻകര താലൂക്കിൽ Chulliyoor-Chadachi-Marthandam റോഡിൽ മാരായമുട്ടം ഭാഗത്ത്

1.00 കി.മീ. ദൂരം വരുന്ന ബി.എം. & ബി.സി. ഉപരിതലം പരീക്ഷണാടിസ്ഥാനത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിൻ കീഴിൽ 100.00 കി.മീ. റോഡുകൾ ഈ സാമ്പത്തിക വർഷത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്നു. 2013-ൽ ഇൻഡ്യൻ റോഡ് കോൺഗ്രസ് (ഐ.ആർ.ഡി.) എസ്.പി. 98-2013 പ്രകാരം പ്ളാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അംഗീകരിച്ച് നല്കിയിട്ടുണ്ട്. റോഡുനിർമ്മാണത്തിൽ ഉപയോഗശൂന്യമായ പ്ളാസ്റ്റിക് ഉപയോഗിക്കുന്നത് കാരണം പ്ളാസ്റ്റിക് മാലിന്യം കൊണ്ടുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുവാനും റോഡിന്റെ ഉപരിതലത്തിന്റെ ഗുണനിലവാരം ഉയർത്തുവാനും സാധിക്കും. പൊതുമരാമത്ത് വകുപ്പിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലായി 27.45 കി.മീ. റോഡുകൾ ഷ്രെഡഡ് പ്ളാസ്റ്റിക് ഉപയോഗിച്ച് പരമ്പരാഗതമായി 20 എം.എം. ചിപ്പിംഗ് കാർപ്പെറ്റിംഗ് ഉപരിതലം നിർമ്മിച്ചിട്ടുണ്ട്.

കൂടാതെ റോഡിന്റെ അടിസ്ഥാനത്തിന് ആവശ്യമായ ഉറപ്പില്ലാത്ത സ്ഥലങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച് ഉറപ്പുവരുത്തി റോഡ് നിർമ്മാണ പ്രവൃത്തികൾ ചെയ്ത് റോഡുകൾ ഈടുറ്റതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പുതിയ രീതികൾ പരിചയപ്പെടുത്തുന്നതിനും വിശദമാക്കുന്നതിനും ട്രെയിനിംഗ് പ്രോഗ്രാമുകളും സെമിനാറുകളും സംഘടിപ്പിച്ചു വരുന്നു.

## പല്ലന-കുമാരകോടി പാലത്തിന്റെ സർവ്വീസ് റോഡിന്റെ നിർമ്മാണം

10 (3540) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജക മണ്ഡലത്തിലെ പല്ലന-കുമാരകോടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട സർവ്വീസ് റോഡിന്റെ നിർമ്മാണം ഏതു ഘട്ടത്തിലാണ് ;

(ബി) ഇതിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടിക്രമം ഏതു ഘട്ടത്തിലാണ് എന്നും അടിയന്തരമായി സ്ഥലം ഏറ്റെടുപ്പ് പൂർത്തീകരിക്കുമോ എന്നും വെളിപ്പെടുത്താമോ ?

### ഉത്തരം

(എ) പല്ലന ഭാഗത്തെ സർവ്വീസ് റോഡ് പൂർത്തീകരിച്ചു. കരുവാറ്റ ഭാഗത്തെ റോഡിന്റെ നിർമ്മാണം ആരംഭിച്ചിട്ടില്ല.

(ബി) പാലം പണി ആരംഭിക്കുന്ന സമയത്ത് കരുവാറ്റ പാലത്തെ സർവ്വീസ് റോഡിനുള്ള സ്ഥലം പരിസരവാസികൾ സൗജന്യമായി വിട്ടുനൽകാമെന്ന് സമ്മതിച്ചിരുന്നെങ്കിലും പാലം പണി തുടങ്ങിക്കഴിഞ്ഞപ്പോൾ സ്ഥലത്തിന് വില നൽകണമെന്ന് ആവശ്യപ്പെടുകയാണുണ്ടായത്. ഇതേത്തുടർന്ന് 15-3-2015-ൽ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സർവ്വീസ് റോഡുകൾക്ക് വേണ്ടിവരുന്ന സ്ഥലത്തിൽ പുറമ്പോക്ക് ഭൂമി ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനായി കാർത്തികപ്പള്ളി തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തു. സ്ഥലത്തിന്റെ കാര്യത്തിൽ ഒരു തീരുമാനം എടുക്കേണ്ടതായിട്ടുണ്ട്.

**മലയോര ഹൈവേ**

11 (3541) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മലയോര മേഖലകളെ കൂട്ടിയിണക്കി മലയോര ഹൈവേ നിർമ്മിക്കാൻ ലക്ഷ്യമിടുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് തയ്യാറാക്കുന്നതിനായി ഏതെങ്കിലും ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഹൈവേയുടെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; ഇതിനായി വേണ്ടിവരുന്ന തുക എത്രയാണ്; ഇത് എവിടെ നിന്നും കണ്ടെത്താനാണ് ഉദ്ദേശിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിലെ മലയോരപ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് ഒരു ഹൈവേ നടപ്പാക്കുന്നതിനുവേണ്ടി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ നിലവിലുള്ള റോഡ് വികസിപ്പിച്ച് നടപ്പാക്കുവാനാണ് മലയോര ഹൈവേ പദ്ധതികൊണ്ട് ലക്ഷ്യമിടുന്നത്. ഇതിനായി G.O.(MS)No. 44/09/PWD dated 6/7/2009 പ്രകാരം 1195 കി.മീ. ദൈർഘ്യമുള്ള NATPAC നിർദ്ദേശിച്ച അലൈൻമെന്റിന് അംഗീകാരം നൽകിയിട്ടുണ്ട്. മലയോര പ്രദേശങ്ങളിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കി യാത്ര കൂടുതൽ സുഗമമാക്കുന്നതിന് അനിവാര്യമായ മലയോര ഹൈവേ നിർമ്മിക്കുന്നതിന് മുന്തിയ പരിഗണനയാണ് സർക്കാർ കൊടുക്കാൻ ഉദ്ദേശിക്കുന്നത്.

(ബി) ഉണ്ട്. ഈ പദ്ധതിയുടെ രൂപരേഖ NATPAC ആണ് തയ്യാറാക്കിയിട്ടുള്ളത്. 6-7-2009-ലെ സർക്കാർ ഉത്തരവ് എംഎസ്. നമ്പർ 44/2009/പൊ.മ.വ. പ്രകാരം സംസ്ഥാനത്തെ മലയോരപ്രദേശങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം ജില്ലയിലെ കടുക്കറ വരെ ഒരു മലയോര ഹൈവേ നിർമ്മിക്കുന്നതിനുള്ള അലൈൻമെന്റ് നിശ്ചയിച്ചുകൊണ്ട് സർക്കാർ ഉത്തരവായിരുന്നു.

(സി) ഈ പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്റെ ഭാഗമായി കാസർഗോഡ് ജില്ലയിലെ നന്ദാരപ്പടവ് മുതൽ ചെറുപുഴ വരെയുള്ള 33 കി.മീറ്റർ റോഡിന്റെ രൂപരേഖ തയ്യാറാക്കുകകയും ഇത് District Flagship Infrastructure Project-ൽ ഉൾപ്പെടുത്തി 135.70 കോടി രൂപയുടെ പ്രവർത്തികൾക്കായി G.O.(Rt)No.7/2016/PWD dated 20-2-2016 പ്രകാരം ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രവൃത്തി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതുകൂടാതെ I-ാം ഘട്ടത്തിന്റെ ഭാഗമായി വരുന്ന കണ്ണൂർ ജില്ലയിലെ ചെറുപുഴ മുതൽ വള്ളിത്തോട് വരെയുള്ള 59.415 കി.മീ. റോഡ് വികസിപ്പിക്കുന്നതിന് 237.20 കോടി രൂപയുടെ രൂപരേഖ തയ്യാറാക്കുകയും അതിന് ഭരണാനുമതി ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഇപ്പോൾ പുരോഗതിയിലാണ്. ഈ പദ്ധതിയുടെ അലൈൻമെന്റ് പ്രകാരം നിലവിലുള്ള റോഡുകൾ സ്ഥലമേറ്റെടുത്തുകൊണ്ട് പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മലയോര ഹൈവേ നടപ്പാക്കുന്നതിനാവശ്യമായ ഫണ്ട് കിഫ്ബി വഴി കണ്ടെത്താമെന്ന് ബഹു. മുഖ്യമന്ത്രിയും ധനകാര്യമന്ത്രിയും പൊതുമരാമത്ത് മന്ത്രിയുമായി ചേർന്ന് 2016 August 29-ന്റെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. നിയമസഭയിലും ഇക്കാര്യം പ്രസ്താവിച്ചിട്ടുണ്ട്.

## റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ

12 (3542) <u>ശ്രീ. എസ്. ശർമ്മ</u> :
<u>ശ്രീ. രാജു എബ്രഹാം</u> :
<u>ശ്രീ. പി. വി. അൻവർ</u> :
<u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കോർപ്പറേഷന്റെ, സർക്കാർ ഫണ്ട് കൂടാതെയുള്ള ധനസമാഹരണ മാർഗ്ഗങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത കോർപ്പറേഷൻ ഏറ്റെടുക്കുകയും എന്നാൽ പൂർത്തിയാകാതെ കിടക്കുകയും ചെയ്യുന്ന പദ്ധതികൾ ഉണ്ടോ; എന്നാൽ അവ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (ആർ.ബി.ഡി.സി.കെ.) ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തുന്നതിനും വേണ്ട തിരുത്തലുകൾ വരുത്തുന്നതിനുമായി എല്ലാ മാസവും ആദ്യ ആഴ്ചയിൽ ആർ.ബി.ഡി.സി.കെ. ഓഫീസിൽ അവലോകനയോഗം നടത്താറുണ്ട്. കൂടാതെ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ വർഷത്തിൽ കുറഞ്ഞത് നാലുതവണയെങ്കിലും ചേരുന്ന ഡയറക്ടർ ബോർഡ് യോഗത്തിലും ആർ.ബി.ഡി.സി.കെ.-യുടെ പ്രവർത്തന പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ കോർപ്പറേഷന്റെ വാർഷിക റിപ്പോർട്ടുകൾ സർക്കാർ പരിശോധിച്ച് നിയമസഭയുടെ അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട്.

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുക്കുന്ന വായ്പയും ടോൾ പിരിവുവഴി ലഭിക്കുന്ന വരുമാനവുമാണ് ആർ.ബി.ഡി.സി.കെ.-യുടെ മറ്റ് ധനാഗമ മാർഗ്ഗങ്ങൾ.

(സി&ഡി)) ആർ.ബി.ഡി.സി.കെ.-യുടെ ചുമതലയിൽ പണി പുരോഗമിക്കുന്ന പദ്ധതികൾ താഴെപ്പറയുന്നവയാണ് :

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | തുടങ്ങിയ തീയതി | ഇപ്പോഴത്തെ സ്ഥിതി | പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്ന സമയം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1 | കാഞ്ഞിരപ്പള്ളി മേൽപ്പാലം | 13-2-2014 | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമ പ്രശ്നങ്ങൾമൂലം നിർത്തിവച്ചിരിക്കുന്നു. | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 2 | ഏറ്റുമാനൂർ മേൽപ്പാലം | 1-12-2014 | പൂർത്തിയായിക്കൊണ്ടിരിക്കുന്നു | 30-10-2016 |
| 3 | തിരുനെട്ടൂർ | 24-2-2016 | പുരോഗമിക്കുന്നു | 23-5-2017 |

| | | | | |
|---|---|---|---|---|
| | മേൽപ്പാലം | | | |
| (1) | (2) | (3) | (4) | (5) |
| 4 | സ്റ്റേഷൻകടവ് പാലം | 23-2-2016 | 13% പൂർത്തീകരിച്ചു. | 23-2-2018 |
| 5 | സീപോർട്ട് എയർപോർട്ട് റോഡ് (എച്ച്.എം.ടി.- എൻ.എ.ഡി.) | 24-11-2015 | പുരോഗമിക്കുന്നു. മണ്ണടിക്കൽ പ്രവൃത്തികളിൽ കാലതാമസം നേരിടുന്നു. | - |
| 6 | സീപോർട്ട് എയർപോർട്ട് റോഡ് (മഹിളാലയം ഫേസ്-2- സെക്ഷൻ-ബി) | 22-7-2013 | പുരോഗമിക്കുന്നു | 31-12-2016 |

## തീരദേശ ഹൈവേയുടെ അലൈൻമെന്റ്

13 (3543) <u>ശ്രീ. ജോൺ ഫെർണാണ്ടസ്</u> :
<u>ശ്രീമതി യു. പ്രതിഭ ഹരി</u> :
<u>ശ്രീ. കെ. വി.അബ്ദുൾ ഖാദർ</u> :
<u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ അലൈൻമെന്റിന് അന്തിമരൂപം നൽകുന്നതിന് മുമ്പ് ഇതുസംബന്ധിച്ച് ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം ആരായുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത തീരദേശ ഹൈവേ പ്രാവർത്തികമാകുമ്പോൾ കൊച്ചി അഴിമുഖത്തെ ഇരുകരകൾ തമ്മിൽ എങ്ങനെ ബന്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിനായി മേൽപ്പാലം അല്ലെങ്കിൽ അഴിമുഖത്തിനടിയിലൂടെ ഭൂഗർഭപാത എന്ന നിർദ്ദേശം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) തീരദേശ ഹൈവേയുടെ പഠനത്തിനായി NATPAC-നെ ചുമതല പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. NATPAC-ന്റെ വിശദമായി പഠനത്തിനുശേഷമേ ഏതൊക്കെ റോഡുകളാണ് ഇതുമായി ബന്ധപ്പെടുത്തി വികസിപ്പിക്കാനാവുമെന്നും ഏതൊക്കെ പ്രദേശങ്ങളിൽ കൂടി കടന്നുപോകുന്നു എന്നും നിശ്ചയിക്കുവാൻ കഴിയുകയുള്ളൂ ഇതിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുവാൻ വേണ്ടി പൊതുമരാമത്ത് അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർ കൺവീനറുമായി ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൊച്ചി അഴിമുഖത്തെ ഇരുകരകളേയും തമ്മിൽ ബന്ധിപ്പിക്കുന്നതു സംബന്ധിച്ച് ജനപ്രതിനിധികളുടെയും പൊതുജനങ്ങളുടെയും അഭിപ്രായം ആരാഞ്ഞശേഷമായിരിക്കും അലൈൻമെന്റിന് അന്തിമ രൂപം നൽകുന്നത്.

## തീരദേശ ഹൈവേയ്ക്ക് വേണ്ടിയുള്ള നടപടികൾ

14 (3544) <u>ശ്രീ. എ. എം. ആരിഫ്</u> :
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> :
<u>ശ്രീ. എം. മുകേഷ്</u> :
<u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയ്ക്ക് വേണ്ടിയുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഹൈവേയുടെ അലൈൻമെന്റ് തയ്യാറാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത അലൈൻമെന്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) തീരദേശ ഹൈവേയുടെ വൈപ്പിൻ മുതൽ വെങ്ങളം വരെയുള്ള ഭാഗം കേന്ദ്ര സർക്കാരിന്റെ ഭാരത് മാല പ്രോജക്ടിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വെങ്ങളം മുതൽ കാസർഗോഡ് വരെയും വൈപ്പിൻ മുതൽ

തിരുവനന്തപുരം വരെയുള്ള ഭാഗങ്ങളുടെ സാധ്യതാ പഠനത്തിനും അലൈൻമെന്റ് നിശ്ചയിക്കുന്നതിനും നാറ്റ്പാക്കിനെ ചുമതലപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. വൈപ്പിൻ-വെങ്ങളം ഭാഗത്തിലെ ആശാൻപടി മുതൽ പറവണ്ണ വരെയുള്ള 4.5 കി.മീ. റോഡിന്റെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ഈ പ്രവൃത്തിയുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനായി PWD അഡീഷണൽ ചീഫ് സെക്രട്ടറി ചെയർമാനും ദേശീയപാത ചീഫ് എഞ്ചിനീയർ കൺവീനറുമായി ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്.

## ജില്ലാ ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട്

15 (3545) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂർ ജില്ലയിൽ 2015-2016 വർഷത്തിൽ ജില്ലാ ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ച ചൂണ്ടൽ-ഗുരുവായൂർ-ചാവക്കാട് നാലുവരിപാതയുടെ നിർമ്മാണത്തിന്റെ ഇപ്പോഴത്തെ ഘട്ടം വിശദീകരിക്കാമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 10-6-2015-ലെ G.O.(Rt) No. 801/2015/PWD പ്രകാരം 21 പ്രവൃത്തികൾക്ക് ജില്ലാ ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് എന്ന പേരിൽ തത്വത്തിൽ അംഗീകാരം നൽകിയ പട്ടികയിൽ ഈ പ്രവൃത്തിയും ഉൾപ്പെട്ടിരുന്നു. എന്നാൽ 20-2-2016-ൽ 10 പ്രവൃത്തികൾക്ക് മാത്രം ഭരണാനുമതി നൽകുകയും അതിൽ 5 പ്രവൃത്തികൾക്ക് മാത്രം കരാർ നൽകുകയും ചെയ്തിട്ടുണ്ട്. കരാർ നൽകിയ പ്രവൃത്തികളിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.

## മേജർ വർക്കുകളുടെ ടെണ്ടർ കമ്മിറ്റി

16 (3546) ശ്രീ. അബ്ദുൽ ഹമീദ് പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിനു കീഴിലെ മേജർ വർക്കുകളുടെ എ.എസ്., ടി.എസ്., ടെന്റർ നടപടികളുൾപ്പെടെ പൂർത്തിയാക്കി സർക്കാർ അംഗീകാരത്തിനു സമർപ്പിച്ച നിരവധി കേസുകളിൽ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി (ജി.റ്റി.സി.) അംഗീകാരം വൈകിപ്പിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) സാങ്കേതിക സ്കൂട്ടിനിക്ക് ശേഷം സാങ്കേതിക അനുമതി നല്കി ടെണ്ടർ നടപടികൾ പൂർത്തിയാക്കിയ കേസുകളിൽ വീണ്ടും സാങ്കേതിക സ്കൂട്ടിനിക്ക് തിരിച്ചയയ്ക്കുന്ന നടപടിക്രമം നിലവിലുണ്ടോ ;

(സി) സെപ്റ്റംബർ 6-ാം തീയതി കൂടിയ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി ഇത്തരം എത്ര കേസുകൾ പരിഗണിച്ചു; എത്ര കേസുകൾ പുനഃപരിശോധനയ്ക്കായി തിരിച്ചയച്ചു ;

(ഡി) അനാവശ്യ കാലതാമസംമൂലം കോൺട്രാക്ടർ ജോലി ഉപേക്ഷിച്ചു പോകുന്ന സാഹചര്യത്തിൽ റിവിഷൻ നടത്തേണ്ടിവന്നാലുള്ള അധികച്ചെലവിന്റെ ഉത്തരവാദിത്വം ആർക്കായിരിക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടെണ്ടർ കമ്മിറ്റി അംഗീകരിക്കുന്ന കേസുകളുടെ ഉത്തരവാദിത്വം ടെണ്ടർ കമ്മിറ്റിക്ക് ആകയാൽ സാങ്കേതിക അനുമതിയിൽ അവ്യക്തതയോ സംശയമോ ഉണ്ടാകുന്ന സാഹചര്യങ്ങളിൽ സാങ്കേതിക അനുമതിയിൽ വ്യക്തത വരുത്തുന്നതിന് പുനഃപരിശോധനയ്ക്കായി ടെണ്ടർ കമ്മിറ്റി നടപടി സ്വീകരിക്കാറുണ്ട്.

(സി) സെപ്റ്റംബർ 6-ാം തീയതി ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി കൂടിയിട്ടില്ല.

(ഡി) ടെണ്ടർ കമ്മിറ്റി ടെണ്ടർ പരിശോധിച്ച് അംഗീകാരം നൽകുന്നതോടുകൂടി മാത്രമേ ടെണ്ടർ, കോൺട്രാക്ടർക്ക് ഉറപ്പാകുന്നുള്ളൂ. ആയതിനാൽ ചോദ്യം പ്രസക്തമല്ല.

**എരൂർ-ഉതിയൂർ പാലം നിർമ്മാണം**

17 (3547) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എരൂർ-ഉതിയൂർ പാലം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രസ്തുത പ്രവൃത്തിക്കുള്ള ഭരണാനുമതിക്കുവേണ്ടി Service Tax കൂടി ഉൾപ്പെടുത്തി estimate തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തിക്കായുള്ള എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതാണ്.

## നാഷണൽ ഹൈവേ വികസനം

18 (3548) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേയുടെ വികസനത്തിൽ കണ്ണൂർ ജില്ലയിൽ പയ്യന്നൂർ മുതൽ പാപ്പിനിശ്ശേരി വരെയുള്ള ദേശീയ പാതയിൽ (എൻ.എച്ച്-66) വളവുകൾ കുറയ്ക്കുന്നതിനും റോഡിന്റെ ഇരുവശവും അഭിവൃദ്ധിപ്പെടുത്തുന്നതിനും അപകടം കുറയ്ക്കുന്നതിനും ഉതകുന്ന തരത്തിലുള്ള പ്രോജക്ടുകൾ സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റോഡിന്റെ ഇപ്പോൾ നടക്കുന്ന പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ സാധിക്കും; വിശദമാക്കുമോ?

### ഉത്തരം

(എ) ദേശീയപാത 66-ൽ പയ്യന്നൂർ മുതൽ പാപ്പിനിശ്ശേരി (കി.മീ. 104/000 മുതൽ 126/000) വരെയുള്ള ഭാഗത്ത് റോഡ് വീതി കൂട്ടൽ, വളവ് നിവർത്തൽ, ആവശ്യമായ സ്ഥലത്ത് കലുങ്ക് നീളം കൂട്ടൽ, ഓവുചാൽ നിർമ്മാണം, ഫുട്പാത്ത് നിർമ്മാണം, ഡിവൈഡർ നിർമ്മാണം എന്നിവ നടത്തുന്നതിനുവേണ്ടി 668.36 ലക്ഷം രൂപയുടെ പ്രവൃത്തി ഇപ്പോൾ പുരോഗമിച്ചുവരുന്നു.

(ബി) ഇതിൽ ഉൾപ്പെട്ട പരിയാരം മെഡിക്കൽ കോളേജിന്റെ മുൻവശം റോഡ് വീതി കൂട്ടുന്ന പ്രവൃത്തി പുരോഗമിക്കുന്നു. പ്രസ്തുത പ്രവൃത്തി 2016 ഡിസംബർ 31-നകം പൂർത്തിയാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## സ്കൂൾ കെട്ടിട നിർമ്മാണത്തിന്റെ മാനദണ്ഡങ്ങൾ

19 (3549) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കെട്ടിട നിർമ്മാണത്തിന് നിലവിൽ പ്രത്യേക മാനദണ്ഡങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഭിന്നശേഷിയുള്ളവർക്ക് പ്രത്യേക ടോയ്‌ലറ്റ്, വീൽചെയർ റാമ്പ് തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്താറുണ്ടോയെന്ന് അറിയിക്കുമോ ;

(സി) സ്കൂൾ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് സംവിധാനങ്ങൾ ഏർപ്പെടുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള എഡ്യൂക്കേഷൻ ആക്ട് 1958 അദ്ധ്യായം 5 പ്രകാരമുള്ള ചട്ടങ്ങളും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ - 1999-ലെ ഗ്രൂപ്പ് ബി എന്നീ ചട്ടങ്ങളും പാലിച്ചാണ് സ്കൂൾ കെട്ടിട നിർമ്മാണം നടത്തുന്നത്.

(ബി) പുതുതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് ഏർപ്പെടുത്താറുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൽ നടപ്പാക്കിയിട്ടുള്ള ഹരിത നിർമ്മാണ നയം അടിസ്ഥാനമാക്കി ഊർജ്ജ ഉപഭോഗം കുറയ്ക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങളാണ് നിർമ്മിക്കുന്നത്.

**ഗ്രാമീണ റോഡുകൾ**

20 (3550) ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി മണ്ഡലത്തിൽ വൺ-ടൈം മെയിന്റനൻസിന് (OTM) ഭരണാനുമതി ലഭിച്ച ഗ്രാമീണ റോഡുകൾ ഏതെല്ലാമെന്നും പ്രസ്തുത പ്രവൃത്തികളിൽ ഏതൊക്കെ ടെൻഡർ ചെയ്തെന്നും ആയവയിൽ നിർമ്മാണം പൂർത്തിയാക്കിയവ ഏതൊക്കെ യാണെന്നും വിശദമാക്കുമോ ;

(ബി) ഭരണാനുമതി ലഭിച്ചവയിൽ ടെൻഡർ ചെയ്യാനുള്ള നടപടികൾ പൂർത്തിയാകാത്തവ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭരണാനുമതി ലഭിച്ചവയിൽ ടെൻഡർ ചെയ്യാനുള്ള നടപടികൾ പൂർത്തിയാകാത്തവ ഒന്നും തന്നെ ഇല്ല.

**ഇടുക്കി ജില്ലയിലെ കുരുതിക്കളം-വെള്ളിയാമറ്റം-തൊട്ടുപുഴ-ഞറുകുറ്റി- വണ്ണപ്പുറം - ചെറുതോണി റോഡ്**

21 (3551) ശ്രീ. പി. ജെ. ജോസഫ് : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫ്ലാഗ്ഷിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇടുക്കി ജില്ലയിലെ കുരുതിക്കളം-വെള്ളിയാമറ്റം-തൊട്ടുപുഴ-ഞറുകുറ്റി-വണ്ണപ്പുറം-ചെറുതോണി റോഡിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

<u>ഉത്തരം</u>

10-6-2015-ലെ G.O.(Rt) No. 801/2015/PWD പ്രകാരം 21 പ്രവൃത്തികൾക്ക് ജില്ലാ ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ട് എന്ന പേരിൽ തത്വത്തിൽ അംഗീകാരം നൽകിയ പട്ടികയിൽ ഈ പ്രവൃത്തിയും ഉൾപ്പെട്ടതായിരുന്നു. എന്നാൽ 20-2-2106-ൽ 10 പ്രവൃത്തികൾക്ക് മാത്രം ഭരണാനുമതി നൽകുകയും അതിൽ 5 പ്രവൃത്തികൾക്ക് മാത്രം കരാർ നൽകുകയും ചെയ്തിട്ടുണ്ട്. അതിൽ ഈ പ്രവൃത്തി ഉൾപ്പെട്ടിട്ടില്ല.

**ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം**

22 (3552) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വൺ ടൈം മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി ഏതെല്ലാം റോഡുകളുടെ നിർമ്മാണ പ്രവർത്തനത്തിന് 2015-16 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകിയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം റോഡ് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഒല്ലൂർ നിയോജക മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി വൺ ടൈം മെയിന്റനൻസ് ഗ്രാന്റിൽ ഉൾപ്പെടുത്തി 2015-16 സാമ്പത്തിക വർഷത്തിൽ 80 പ്രവൃത്തികൾക്ക് 5 കോടി രൂപയുടെ ഭരണാനുമതി 18-9-2015-ലെ സ.ഉ. (കൈ)നമ്പർ 76/15/പൊ.മ.വ. പ്രകാരവും 21-12-2015-ലെ സ.ഉ. (കൈ)നമ്പർ 107/15/പൊ.മ.വ. പ്രകാരവും നൽകിയിട്ടുണ്ട്. റോഡുകളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി&സി) പ്രസ്തുത റോഡ് നിർമ്മാണ പ്രവൃത്തികളെല്ലാം 8 പാക്കേജുകളായി ടെണ്ടർ ചെയ്തിട്ടുണ്ട്. ടി പ്രവൃത്തികളെല്ലാം തന്നെ അടിയന്തരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**ചേലക്കര മണ്ഡലത്തിലെ മായന്നൂർ പാലം**

23 (3553) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ മായന്നൂർ പാലത്തിൻെറ പണി എന്നാണ് പൂർത്തീകരിച്ചത്;എന്നാണ് ഇവിടെ ടോൾ പിരിവ് ആരംഭിച്ചത് ;

(ബി) ഓരോ വാഹനവും കടന്നു പോകുന്നതിനുള്ള ടോൾ പിരിവ് എത്ര രൂപയാണ്; വിശദാംശം വ്യക്തമാക്കുമോ;

(സി) നിലവിൽ എത്ര കോടി രൂപ ടോൾ ആയി പിരിഞ്ഞു കിട്ടി; ആകെ എത്ര കോടി രൂപയ്ക്കാണ് ടോൾ പിരിക്കാനുള്ളത്;

(ഡി) ടോൾ പിരിവ് എന്നത്തേയ്ക്ക് അവസാനിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ചേലക്കര മണ്ഡലത്തിലെ മായന്നൂർ പാലം 22-1-2011-ലാണ് പണി പൂർത്തീകരിച്ചത്. 3-3-2012-ലാണ് ടോൾ പിരിവ് ആരംഭിച്ചത്.

(ബി) ടോൾ പിരിവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

| ക്രമ നമ്പർ | വാഹനത്തിന്റെ തരം | ഒരുവശത്തേയ്ക്കുള്ള ടോൾ പിരിവ് | ഇരുവശത്തേയ്ക്കുള്ള ടോൾ പിരിവ് |
|---|---|---|---|
| 1 | ലൈറ്റ് വെഹിക്കിൾ | 2.00 രൂപ | 3.00 രൂപ |
| 2 | ട്രെയിലറോട് കൂടിയ ലൈറ്റ് വെഹിക്കിൾ | 3.00 രൂപ | 4.50 രൂപ |
| 3 | ഹെവി വെഹിക്കിൾ | 10.00 രൂപ | 15.00 രൂപ |

(സി&ഡി) ഇതുവരെ പിരിഞ്ഞ് കിട്ടിയ ടോൾ തുക 14,06,739 ആണ്. 27.75 കോടി രൂപയാണ് പാലത്തിന്റെ നിർമ്മാണ ചെലവ്. ടോൾ പിരിവ് തുടങ്ങി 20 വർഷം പൂർത്തിയാകുന്നതുവരെയോ പാലത്തിന്റെ നിർമ്മാണ ചെലവും 9% സാധാരണ പലിശയും ഉൾപ്പെടുന്ന തുക പിരിഞ്ഞുകിട്ടുന്നത് വരെയോ ആണ് ടോൾ പിരിക്കുന്നത് എന്നതാണ് കരാർ.

## കോട്ടയം കഞ്ഞിക്കുഴിയിൽ മേൽപ്പാലം നിർമ്മാണം

24 (3554) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോട്ടയം പട്ടണത്തിൽ 5 റോഡുകൾ സന്ധിക്കുന്ന കഞ്ഞിക്കുഴിയിൽ വർദ്ധിച്ച ഗതാഗതക്കുരുക്ക് കാരണം ചില സന്ദർഭങ്ങളിൽ 5 കിലോമീറ്റർ ദൂരം വരെ വാഹനങ്ങളുടെ നിരയുണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ കഞ്ഞിക്കുഴിയിൽ മേൽപ്പാലം നിർമ്മിക്കുന്നതിന് റോഡ് ഫണ്ട് ബോർഡ് തീരുമാനം എടുത്തിരുന്നോ ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ടെണ്ടർ വിളിച്ചിരുന്നോ; ഉദ്യോഗസ്ഥതലത്തിലുള്ള ടെണ്ടർ കമ്മിറ്റി അത് അംഗീകരിച്ചിരുന്നോ ;

(സി) ഇപ്പോൾ ഈ പ്രവൃത്തിയുടെ സ്ഥിതി എന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കഞ്ഞിക്കുഴിയിൽ ഒരു മേൽപ്പാലം നിർമ്മിക്കുന്നതിന് 4-12-2015-ലെ സർക്കാർ ഉത്തരവ് നമ്പർ (ആർ.റ്റി.) 1804/2015/പൊ.മ.വ. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

(ബി&സി) ഉണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ടെന്റർ നടപടികൾ ചീഫ് സെക്രട്ടറിതല ടെന്റർ കമ്മിറ്റി അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-10-2016-ലെ G.O. (Rt) No. 1349/2016/ PWD പ്രകാരം ഉത്തരവായിട്ടുണ്ട്.

## ഉള്ളൂർ കടവ് പാലത്തിന് ഭരണാനുമതി

25 (3555) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി-ബാലുശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർ കടവ് പാലത്തിന് ഭരണാനുമതി ലഭിക്കാൻ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ ആയത് വ്യക്തമാക്കുമോ ;

(ബി) ഉള്ളൂർ കടവ് പാലത്തിന്റെ റിവൈസ്ഡ് എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കൊയിലാണ്ടി-ബാലുശ്ശേരി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഉള്ളൂർക്കടവ് പാലത്തിന്റെ പുതുക്കിയ ഭരണാനുമതിക്കായുള്ള 1220 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് സർക്കാരിന് ലഭിച്ചിരുന്നുവെങ്കിലും പാലവും അപ്രോച്ച് റോഡും പണിയുന്നതിനുള്ള സ്ഥല ലഭ്യത സംബന്ധിച്ചുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ ചീഫ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും വിഭാഗത്തോട് ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ തുടർ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കയ്യേറിയ റോഡ് തിരിച്ചെടുക്കുന്നതിന് നടപടി**

26 (3556) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബേപ്പൂർ നിയോജക മണ്ഡലത്തിലെ ഫറോക്ക് പഴയ പാലം മുതൽ പുതിയ പാലം വരെ റോഡ് കയ്യേറി മരങ്ങളും മറ്റും സ്റ്റോക്ക് ചെയ്യുന്നത് ഒഴിപ്പിച്ചുവെങ്കിലും ആവശ്യമായ സർവ്വെ നടത്തി കയ്യേറിയ ഭൂമി തിരിച്ചെടുക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രത്യേക സർവ്വെ ടീമിനെ നിയോഗിച്ച് കയ്യേറിയ റോഡ് തിരിച്ചെടുത്ത്, ഈ ഭാഗം വീതി കൂട്ടി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നിർദ്ദേശം നൽകുമോ; വിശദാംശം നൽകാമോ ?

ഉത്തരം

(എ&ബി) ഫറോക്ക് പഴയ പാലം മുതൽ പുതിയ പാലം വരെ റോഡ് സർവ്വെ നടത്തി അതിരുകൾ അടയാളപ്പെടുത്തുന്നതിലേയ്ക്കായി റവന്യൂ വകുപ്പ് മുഖാന്തരം നടപടികൾ സ്വീകരിച്ചുവരുന്നു. റോഡ് വീതി കൂട്ടി വികസിപ്പിക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൊല്ലാട് പമ്പ് ഹൗസ് - കുന്നംപള്ളി കാലായിൽകടവ് റോഡ് ടെൻഡർ നടപടി**

27 (3557) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം നിയോജക മണ്ഡലത്തിൽ പനച്ചിക്കാട് പഞ്ചായത്തിൽ കൊല്ലാട് പമ്പ് ഹൗസ്-കുന്നംപള്ളി കാലായിൽകടവ് റോഡ് പ്രവൃത്തിയുടെ ടെൻഡർ നടപടി പൂർത്തീകരിച്ചിരുന്നുവോ; പ്രസ്തുത നടപടികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

പനച്ചിക്കാട് പഞ്ചായത്തിൽ ഫാം റോഡും കലുങ്കും പണിയുന്നതിനായി 87.65 ലക്ഷം രൂപ വരുന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തി സംബന്ധിച്ച് കൃഷിക്കുണ്ടാകുന്ന പ്രയോജനംകൂടി വിലയിരുത്തി മാത്രമേ ഭരണാനുമതി നൽകുവാൻ ചീഫ് എഞ്ചിനീയർക്ക് സാധിക്കുകയുള്ളൂ.

**വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് റോഡുകളുടെ നവീകരണം**

28 (3558) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ പ്രധാനപ്പെട്ട ഗ്രാമ പ്രദേശങ്ങളിലെ റോഡുകളെ നവീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(ബി) പ്രസ്തുത പദ്ധതിയിൽ വിഴിഞ്ഞം-ബാലരാമപുരം-കാട്ടാക്കട-നെയ്യാർഡാം റോഡ് നവീകരണം ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് പൂർത്തിയായിട്ടുള്ളത്;

(സി) അരുവിക്കര നിയോജക മണ്ഡലത്തിലെ മറ്റ് ഏതെല്ലാം റോഡുകളാണ് റോഡ് വികസനത്തിനായി ഉപരിതല വകുപ്പ് സർവ്വേ നടത്തിയിട്ടുള്ളത്; ഇപ്രകാരം സർവ്വേ നടത്തിയിട്ടുള്ള റോഡുകളുടെ നവീകരണം ഉടൻ ആരംഭിക്കുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വിഴിഞ്ഞം - ബാലരാമപുരം - കാട്ടാക്കട – നെയ്യാർഡാം റോഡ് നവീകരിച്ചിട്ടുണ്ട്.

(സി) റോഡ് വികസനത്തിനായി നിലവിൽ സർവ്വേ നടത്തിയിട്ടില്ല.

**എറണാകുളം ഐലന്റ് - കണ്ണങ്ങാട് പാലം**

29 (3559) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ഐലന്റ്-കണ്ണങ്ങാട് പാലം നിർമ്മാണത്തിന്റെ അവസ്ഥ അറിയിക്കുമോ;

(ബി) ഈ പാലത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ 17 സ്പാനുകളിൽ 15 എണ്ണവും പൂർത്തീകരിച്ചു. കണ്ണങ്ങാട്ട് ഭാഗത്തെ ബോക്സ് കൾവർട്ടിന്റെ പണി പൂർത്തിയാക്കി അപ്രോച്ച് റോഡിനുള്ള ഫൗണ്ടേഷൻ പണികൾ ആരംഭിച്ചു. പ്രവൃത്തികൾ പുരോഗതിയിലാണ്.

(ബി) 11/2016-ൽ പണി (അപ്രോച്ച് റോഡ് ഒഴികെ) പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. അപ്രോച്ച് റോഡിനുള്ള സ്ഥലമെടുപ്പ് നടപടികളുടെ ഭാഗമായി സ്ഥലം ഉടമകൾക്ക് നൽകേണ്ട വിലയുടെ കാര്യത്തിൽ റവന്യൂ വകുപ്പിന്റെ തീരുമാനത്തിന് വിധേയമായി മാത്രമേ അപ്രോച്ച് റോഡ് പൂർത്തീകരിക്കുവാൻ കഴിയൂ. സ്ഥലമെടുപ്പ് പ്രക്രിയകൾ പൂർത്തീകരിച്ചാൽ മാത്രമേ പാലം പണി പൂർണ്ണമായും പൂർത്തീകരിക്കുവാൻ കഴിയുകയുള്ളൂ.

## ടെക്സ്മോ ജംഗ്ഷൻ - സസ്യമാർക്കറ്റ് - മേടമുക്ക് ഷഹീദാർപ്പള്ളി റോഡ്

30 (3560) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നു പോകുന്ന ടെക്സ്മോ ജംഗ്ഷൻ - സസ്യമാർക്കറ്റ് - മേടമുക്ക് ഷഹീദാർപള്ളി റോഡ് നബാഡിൽ ഉൾപ്പെടുത്തി ബി.എം.& ബി.സി. മാതൃകയിൽ നിർമ്മിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

കായംകുളം പട്ടണത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന ടെക്സ്മോ ജംഗ്ഷൻ - സസ്യമാർക്കറ്റ് - മേടമുക്ക് ഷഹീദാർപ്പള്ളി റോഡ് ബി.എം.& ബി.സി. ചെയ്ത് പുനരുദ്ധരിക്കുന്നതിന് 2016-17 NABARD, RIDF XXII പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

## കായംകുളം വില്ലേജ് ഓഫീസ് നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകത

31 (3561) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം വില്ലേജ് ഓഫീസ് കെട്ടിടത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുശേഷവും കെട്ടിടത്തിന്റെ കുറച്ച് ഭാഗങ്ങൾ ചോർന്നൊലിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ നിർമ്മാണ പ്രവർത്തനങ്ങളിലെ അപാകത പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

**എറണാകുളം പള്ളുരുത്തി തീരദേശ റോഡ്**

32 (3562) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം പള്ളുരുത്തി തീരദേശ റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ അവസ്ഥ എന്തെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) എറണാകുളം പള്ളുരുത്തി തീരദേശ റോഡ് പൊതുമരാമത്ത് വകുപ്പിന്റെ നിരത്തു വിഭാഗത്തിന്റെയോ ദേശീയ പാതാ വിഭാഗത്തിന്റെയോ പരിധിയിൽ വരുന്നതല്ല.

**ബേക്കൽ - പള്ളിക്കര റെയിൽ ഓവർ ബ്രിഡ്ജ്**

33 (3563) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ്-കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിലെ ബേക്കൽ-പള്ളിക്കര റെയിൽ ഓവർ ബ്രിഡ്ജ് എന്നാണ് ഗതാഗതത്തിന് തുറന്ന് കൊടുത്തത്;

(ബി) നാളിതുവരെയായി ടോൾ ഇനത്തിൽ എത്ര രൂപ പിരിച്ചെടുത്തിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കുമോ ;

(സി) ഇനി എത്ര നാൾ കൂടി ടോൾ പിരിവ് വേണ്ടി വരും എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കാസർഗോഡ് - കാഞ്ഞങ്ങാട് സ്റ്റേറ്റ് ഹൈവേയിലെ ബേക്കൽ - പള്ളിക്കര റെയിൽ ഓവർ ബ്രിഡ്ജ് 16-12-2010-ന് ഗതാഗതത്തിന് തുറന്നു കൊടുത്തു.

(ബി) 30-9-2016 വരെ 96,31,283 രൂപ ടോൾ ഇനത്തിൽ പിരിച്ചെടുത്തിട്ടുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള കണക്കുകൾ താഴെ ചേർക്കുന്നു :

| | |
|---|---|
| 2010 - 2011 | 18,56,141 |
| 2011-2012 | 34,00,642 |
| 2012-2013 | 15,70,661 |
| 2013-2014 | 6,94,872 |
| 2014-2015 | 4,43,544 |
| 2015-2016 | 8,95,419 |
| 1-4-2016 to 30-9-2016 | 7,70,004 |
| | 96,31,283 |

(സി) കേരള ഗവൺമെന്റ്, റോഡ് ഫണ്ട് ബോർഡ് എന്നിവരുമായിട്ടുള്ള ഡയറക്ട് ടോൾ കൺസഷൻ എഗ്രിമെന്റ് പ്രകാരം എഗ്രിമെന്റ് തീയതിയായ 30-1-2006 മുതൽ 15 വർഷത്തേയ്ക്കാണ് ടോൾ പിരിക്കാൻ അനുവാദമുള്ളത്. ആയതുപ്രകാരം 29-1-2021 വരെ ടോൾ പിരിവ് വേണ്ടി വരും എന്നാണ് കരാർ.

**കുരിശ്ശടി മാറ്റി സ്ഥാപിക്കുന്നതിന് സ്ഥലം ലഭ്യമാക്കുവാൻ നടപടി**

34 (3564) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ-ഏറ്റുമാനൂർ നിർമ്മാണത്തിലുള്ള കെ.എസ്.ടി.പി. റോഡിൽ കല്ലിശ്ശേരിയിലുള്ള ക്നാനായ പള്ളിയുടെ കുരിശ്ശടിക്ക് സ്ഥലം വിട്ടുകിട്ടുന്നത് സംബന്ധിച്ച് ചെങ്ങന്നൂർ എം.എൽ.എ. മുഖാന്തരം പള്ളി അധികൃതർ ബഹുമാനപ്പെട്ട മന്ത്രിയ്ക്ക് നൽകിയ നിവേദനം അനന്തരനടപടികൾക്കായി ആലപ്പുഴ ജില്ലാകളക്ടറെ ചുമതലപ്പെടുത്തിയതിനുശേഷം പ്രസ്തുത വിഷയത്തിൽ എടുത്ത നടപടികൾ വിശദീകരിക്കുമോ;

(ബി) കല്ലിശ്ശേരി ക്നാനായ പള്ളി അധികൃതർക്ക് കുരിശ്ശടി മാറ്റി സ്ഥാപിക്കുന്നതിന് സ്ഥലം ലഭിക്കുവാനുള്ള നടപടി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സ്ഥലം ഏറ്റെടുക്കലുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ അന്നത്തെ ലാന്റ് അക്വസിഷൻ ഓഫീസറായിരുന്ന എൽ.എ. (എൻ.എച്ച്.) കൊല്ലത്തിനോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) നിവേദനത്തിൽ ആവശ്യപ്പെടുന്ന പ്രകാരം യോഗം കൂടിയ ശേഷം മാത്രമേ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

**റോഡുകളുടെ വശങ്ങളിൽ സുരക്ഷിത നടപ്പാത**

35 (3565) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> :
<u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വാഹനഗതാഗതം സുഗമമാക്കാനായി റോഡിന്റെ ഉപയോഗയോഗ്യമായ ഭാഗം മുഴുവൻ ടാർ ചെയ്യുന്നതുമൂലം റോഡപകടങ്ങൾ വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;

(ബി) ഇത്തരം റോഡുകളിലെ വാഹനങ്ങളുടെ അമിതവേഗംമൂലം കാൽനട യാത്രക്കാർ വാഹനങ്ങൾക്കിടയിൽപ്പെട്ട് മരണമടയുന്ന സംഭവങ്ങൾ വർദ്ധിച്ചകാര്യം ഗൗരവപൂർവ്വം പരിഗണിക്കുമോ;

(സി) ഇത്തരം റോഡുകളുടെ വശങ്ങളിൽ ടാറിംഗിനൊപ്പം സുരക്ഷിത നടപ്പാത കൂടി ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) പരിഗണിക്കുന്നതാണ്. കാൽനടയാത്രക്കാരുടെ അപകടമൊഴിവാക്കാനായി ആവശ്യമായ സ്ഥലങ്ങളിൽ സീബ്രാലൈനുകളും റോഡ് മാർക്കിംഗുകളും ചെയ്യാറുണ്ട്.

(സി) ഇത്തരം റോഡുകളുടെ വശങ്ങളിൽ ടാറിംഗിനൊപ്പം സുരക്ഷിത നടപ്പാത കൂടി ഒരുക്കുന്നതിന് ഫണ്ടിന്റെ ലഭ്യത, സാങ്കേതിക സാധ്യത, സ്ഥലത്തിന്റെ ലഭ്യത എന്നിവയുടെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് നടപടി സ്വീകരിച്ചുവരുന്നു. ദേശീയപാതയിൽ എൻ.എച്ച്. 47-ഉം എൻഎച്ച്. 17-ഉം ഒഴികെ എല്ലാ ദേശീയപാതകളും പേവ്ഡ് ഷോൾഡറോടുകൂടിയ 2 വരി പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം തീരുമാനിച്ചിട്ടുണ്ട്. അതിനുവേണ്ടി ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ കഴിവതും ഇത്തരം എല്ലാ സുരക്ഷാ മാനദണ്ഡങ്ങളും പാലിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

## കൊടുവള്ളി മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പാലങ്ങൾ

36 (3566) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് (2006-2011)എത്ര പാലങ്ങൾക്കാണ് ഭരണാനുമതി ലഭ്യമാക്കിയിരുന്നതെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളത്;

(സി) പൂർത്തീകരിക്കാത്ത പാലങ്ങൾ ഏതൊക്കെയാണെന്നും ആയതിന്റെ കാരണങ്ങളെന്താണെന്നും വ്യക്തമാക്കാമോ;

(ഡി) സ്ഥലമെടുപ്പ് ആവശ്യമുള്ള ഏതെങ്കിലും പാലം കൊടുവള്ളി മണ്ഡലത്തിൽ നിലവിലുണ്ടോ; എങ്കിൽ സ്ഥലമെടുപ്പ് ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിൽ കഴിഞ്ഞ (2006-2011) ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് 10 പാലങ്ങൾക്കാണ് ഭരണാനുമതി ലഭ്യമായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. പൈമ്പാലുശ്ശേരി പാലം
2. ചക്കിക്കാവ് പാലം
3. മൊയോട്ടുക്കടവ് ജീപ്പബിൾ പാലം
4. നടമ്മൽക്കടവ് പാലം
5. മുക്കത്ത് കടവ് പാലം
6. കരുവാറ്റക്കടവ് പാലം
7. മുനമണ്ണിൽ ജീപ്പബിൾ പാലം
8. അനാരുകണ്ടം നടപ്പാലം
9. കിഴക്കോത്ത് പള്ളിക്കടവ് പാലം
10. കുളിരാന്തിരി പാലം

(ബി) ഇതിൽ താഴെ പറയുന്ന നാല് പ്രവൃത്തികൾ പൂർത്തീകരിച്ചു :

1. പൈമ്പാലുശ്ശേരി പാലം
2. ചക്കിക്കാവ് പാലം
3. മൊയോട്ടുക്കടവ് ജീപ്പബിൾ പാലം
4. കിഴക്കോത്ത് പള്ളിക്കടവ് പാലം

(സി) പൂർത്തീകരിക്കാത്ത പാലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. നടമ്മൽക്കടവ് പാലം

സ്ഥലം പൂർണ്ണമായും ഏറ്റെടുത്ത് കിട്ടാത്തതിനാൽ പൂർത്തിയാക്കിയിട്ടില്ല.

2. മുക്കത്ത് കടവ് പാലം

അനുവദിച്ച പണം പാലം നിർമ്മാണത്തിനായി തികയാത്തതിനാൽ പൂർത്തീകരിച്ചിട്ടില്ല.

3. മുനമണ്ണിൽ ജീപ്പബിൾ പാലം

അനുവദിച്ച പണം പാലം നിർമ്മാണത്തിനായി തികയാത്തതിനാൽ പൂർത്തീകരിച്ചിട്ടില്ല.

4. അനാരുകണ്ടം നടപ്പാലം

നിലവിൽ പാലം നിർമ്മിക്കാൻ നിർദ്ദേശിച്ച സ്ഥലത്തിന് കൊടുവള്ളി മുനിസിപ്പാലിറ്റിയുടെ അനുവാദം ലഭ്യമായിട്ടില്ല.

5. കുളിരാന്തിരി പാലം

ലഭ്യമായ സ്ഥലം ഉപയോഗിച്ച് പുതുക്കിയ രൂപരേഖ തയ്യാറാക്കി വരുന്നു.

6. കരുവാറ്റക്കടവ് പാലം

അനുവദിച്ച പണം പാലം നിർമ്മാണത്തിനായി തികയാത്തതിനാൽ പ്രവൃത്തി ഏറ്റെടുത്തില്ല.

(ഡി) ഉണ്ട്.

1. നടമ്മൽക്കടവ് പാലം

അർത്ഥന ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

2. പടനിലം പാലം

സ്ഥലമെടുപ്പിനുള്ള ഭരണാനുമതി മാത്രമേ ലഭിച്ചിട്ടുള്ളൂ. അടങ്കൽ (സ്ഥലമുടമകളുടെ പേരും കൈവശമുള്ള സ്ഥലവും സംബന്ധിച്ച വിവരം) പകർപ്പും സ്കെച്ചും തയ്യാറാക്കുന്നത് വില്ലേജ് ഓഫീസിൽ പരിഗണനയിലാണ്.

**പാലക്കാട് ഗവൺമെന്റ് വിക്ടോറിയാ കോളേജ് ഓഡിറ്റോറിയം**

37 (3567) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ഗവൺമെൻറ് വിക്ടോറിയാ കോളേജ് ഓഡിറ്റോറിയത്തിൻെറ നിലവിലെ നിർമ്മാണ നടപടികൾ വിശദമാക്കാമോ?

ഉത്തരം

പാലക്കാട് ഗവൺമെന്റ് വിക്ടോറിയാ കോളേജ് ഓഡിറ്റോറിയത്തിന്റെ നിർമ്മാണത്തിനായുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് നൽകിയെങ്കിലും ഭരണാനുമതി ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ലഭിച്ചിട്ടില്ല. ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**അഴീക്കോട് - മുനമ്പം പാലം**

38 (3568) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള തീരദേശ ഹൈവേയിൽ അഴീക്കോട്-മുനമ്പം പാലം ഉൾപ്പെടുത്തിയിട്ടുണ്ടോ?

ഉത്തരം

കേന്ദ്ര സർക്കാരിന്റെ ഭാരത്മാലാ പ്രോജക്ടിൽ തീരദേശ ഹൈവേ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സാദ്ധ്യതാ പഠനത്തിനും അലൈൻമെന്റ് തീരുമാനത്തിനും ശേഷമേ ഏതൊക്കെ പാലങ്ങളാണ് ഉൾപ്പെടുന്നതെന്ന് അറിയുവാൻ സാധിക്കൂ.

**അഴീക്കോട് - മുനമ്പം പാലം നിർമ്മാണം**

39 (3569) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ ഇനി എന്തെല്ലാം കാര്യങ്ങൾ പൂർത്തീകരിക്കണമെന്ന് വിശദമാക്കുമോ; പ്രസ്തുത പ്രവൃത്തി വേഗത്തിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

അഴീക്കോട്-മുനമ്പം പാലത്തിന്റെ നിർമ്മാണം ആരംഭിക്കുവാൻ പുതുക്കിയ ഭരണാനുമതി, ലാന്റ് അക്വിസിഷൻ നടപടികൾ, പാരിസ്ഥിതിക ആഘാത പഠനം തുടങ്ങിയവ ആവശ്യമാണ്. ആയതിന്റെ ലാന്റ് അക്വിസിഷനുവേണ്ടി 7.75 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. മുനമ്പം ഭാഗത്ത് കുഴുപ്പിള്ളി വില്ലേജിൽ 53 സെന്റ് സ്ഥലം ഏറ്റെടുക്കുന്നതിന് 4(1) നോട്ടിഫിക്കേഷനും അഴീക്കോട് വില്ലേജിലെ 60 സെന്റ് ഏറ്റെടുക്കുന്നതിന് 6(1) നോട്ടിഫിക്കേഷനും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമല്ലാത്തതിനാൽ തുടർ നടപടികൾ റവന്യൂ വകുപ്പ് നിർത്തിവച്ചിരിക്കുകയാണ്. പുതുക്കിയ എൽ.എ. ആക്ട് അനുസരിച്ച് റിക്വിസിഷൻ ഫോം റവന്യൂ വകുപ്പിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. പാരിസ്ഥിതിക ആഘാത പഠനത്തിന്റെ ആവശ്യകത അറിയുന്ന തിനായി സെക്രട്ടറി സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്മെന്റ് അതോറിറ്റിക്ക് 8-7-2014-ലും 19-10-2015-ലും കത്തയച്ചിട്ടുണ്ട്. ഇതിന് തീരുമാനം ലഭിക്കുന്ന മുറയ്ക്കേ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

## വഴിക്കടവ് - നാടുകാണി - മഞ്ചേരി - പരപ്പനങ്ങാടി ഹൈവേയുടെ പ്രവൃത്തി

40 (3570) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വഴിക്കടവ്-നാടുകാണി-മഞ്ചേരി-പരപ്പനങ്ങാടി ഹൈവേയുടെ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് കമ്പനിയുമായാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്; വിശദമാക്കുമോ;

(സി) കരാറിൽ ഏർപ്പെട്ട കമ്പനി പ്രസ്തുത പ്രവൃത്തിയിൽനിന്നും പിൻമാറി എന്ന അക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത റോഡിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കും എന്നറിയിക്കുമോ?

ഉത്തരം

(എ) വഴിക്കടവ് - നാടുകാണി - മഞ്ചേരി - പരപ്പനങ്ങാടി ഹൈവേയുടെ ഓട, കൾവർട്ട്, പാർശ്വഭിത്തി എന്നീ പ്രവൃത്തികളുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്.

(ബി) സഹകരണ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ഊരാലുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മടപ്പള്ളി പി.ഒ. എന്ന സ്ഥാപനത്തെ പ്രസ്തുത പ്രവൃത്തിയുടെ നിർവ്വഹണത്തിനായി നേരിട്ട് നൽകുകയും കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധിയായ 3-3-2019-നള്ളിൽ പൂർത്തീകരിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷ.

**മടക്കനാൽ - തൃക്കരിപ്പൂർ-കടപ്പുറം തൂക്കുപാലം**

41 (3571) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മടക്കനാൽ-തൃക്കരിപ്പൂർ കടപ്പുറം തൂക്കുപാലം തകർന്നതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ മടക്കനാൽ കടപ്പുറം തൂക്കുപാലം തകർന്നതുമൂലം മത്സ്യത്തൊഴിലാളികൾക്ക് നഷ്ടം സംഭവിച്ചതായി റവന്യൂ വകുപ്പിൽ പരാതി ലഭിച്ചില്ല. എന്നാൽ മത്സ്യത്തൊഴിലാളികൾക്ക് പ്രസ്തുത മേഖലയിൽ സഞ്ചരിക്കുന്നതിന് എഞ്ചിൻ അടക്കമുള്ള ഫൈബർ വള്ളങ്ങൾ മത്സ്യഫെഡ് മുഖേന ഏർപ്പെടുത്തിയിട്ടുണ്ട്.

**കുവള്ളൂർ പാലം നിർമ്മാണം**

42 (3572) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം മണ്ഡലത്തിലെ പല്ലാരിമംഗലം പഞ്ചായത്തിൽ കുവള്ളൂരിനേയും-പൈമറ്റത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന കുവള്ളൂർ പാലം നിർമ്മാണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഗവൺമെൻറ് സെക്രട്ടേറിയറ്റിലുള്ള 365/D1/PWD/16 എന്ന ഫയലിൻെറ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കാൻ എസ്റ്റിമേറ്റ് തയ്യാറാക്കൽ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഭരണാനുമതി നൽകുന്നതുമായി ബന്ധപ്പെട്ട പ്രസ്തുത ഫയൽ 2016 അസംബ്ലി ഇലക്ഷനുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ പരിഗണിക്കാൻ സാധിക്കുകയില്ലായെന്ന ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ തുടർന്ന് താൽക്കാലികമായി തീർപ്പാക്കിയിട്ടുള്ളതാണ്.

(സി) സ്ഥലം ഏറ്റെടുക്കുന്നതിനും കെട്ടിടങ്ങളുടെ മൂല്യം നിർണ്ണയിക്കുന്നതിനുമുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**കുന്ദമംഗലം കാരന്തൂർ ടൗൺ നവീകരണം**

43 (3573) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാഷണൽ ഹൈവേ 212-ൽ കുന്ദമംഗലം കാരന്തൂർ ടൗൺ നവീകരണത്തിന് എം.എൽ.എ.യുടെ നിയോജക മണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്ന് തുക അനുവദിക്കുകയും പ്രവൃത്തി നടത്തുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പൂർത്തീകരണത്തിന് കാരന്തൂർ മുതലുള്ള ഡ്രെയിനേജ്, കുന്ദമംഗലം മുക്കം റോഡ് ജംഗ്ഷൻ നവീകരണം എന്നീ പ്രവൃത്തികൾക്ക് കൂടി ആസ്തി വികസന പദ്ധതിയിൽ ഭരണാനുമതി ലഭ്യമാക്കാൻ നൽകിയ പ്രൊപ്പോസൽ നിരസിക്കപ്പെട്ട നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിന് ടൗൺ നവീകരണ പ്രവൃത്തിയുടെ ഭാഗമായി പ്രസ്തുത പദ്ധതികൾ കൂടി നടപ്പിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നാഷണൽ ഹൈവേയുടെ ഭാഗമായതിനാലാണ് നിരസിക്കപ്പെട്ടത്. കേന്ദ്രമാണ് പണം നൽകുന്നത്.

(സി) മേൽ പദ്ധതി കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ നിബന്ധനകൾക്ക് വിധേയമായി എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചശേഷം അനുമതി ലഭിക്കുന്ന മുറയ്ക്ക് മാത്രമേ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

## കൊണ്ടോട്ടി എടവണ്ണപ്പാറ റോഡ് സഞ്ചാരയോഗ്യമാക്കാൻ നടപടി

44 (3574) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചീക്കോട് കുടിവെള്ള പദ്ധതിക്കുവേണ്ടി വെട്ടിപ്പൊളിച്ച കൊണ്ടോട്ടി എടവണ്ണപ്പാറ റോഡിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത റോഡ് ടാർ ചെയ്ത് സഞ്ചാരയോഗ്യമാക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചീക്കോട് കുടിവെള്ള പദ്ധതിക്കുവേണ്ടി വെട്ടിപ്പൊളിച്ച റോഡ് നന്നാക്കുന്നതിലേയ്ക്കായി കേരളാ വാട്ടർ അതോറിറ്റി 476.68 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിന് നൽകാനുണ്ട്. ടി തുക നിക്ഷേപിക്കുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത റോഡ് സഞ്ചാര യോഗ്യമാക്കുവാൻ സാധിക്കുകയുള്ളൂ. പണം അടയ്ക്കാതെയും പൊതുമരാമത്ത് വകുപ്പ് അനുവാദം നൽകാതെയും റോഡ് പൊളിച്ചതിനെപ്പറ്റി അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്.

## മാവേലിക്കര മണ്ഡലത്തിലെ റോഡുകൾ

45 (3575) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളായ പുതിയകാവ് - പള്ളിക്കൽ റോഡ്, താമരക്കുളം - വേട്ടമുക്ക് റോഡ് എന്നിവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) മാവേലിക്കര മണ്ഡലത്തിലെ ഇടപ്പോൺ - എരുമക്കുഴി റോഡ് ബി.എം. & ബി.സി. മാതൃകയിൽ നവീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) പുതിയകാവ്-പള്ളിക്കൽ റോഡ്, താമരക്കുളം - വേട്ടമുക്ക് റോഡ് എന്നീ പ്രവൃത്തികൾക്ക് KIIFB ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള ഡി.പി.ആർ. എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ തയ്യാറാക്കിവരുന്നു. ഡി.പി.ആർ. ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ KIIFB-യിൽ നിന്നും ഫണ്ട് ലഭ്യമാക്കി ടി പ്രവൃത്തികൾ തുടങ്ങുവാൻ സാധിക്കുകയുള്ളൂ.

(ബി) പ്രസ്തുത പ്രവൃത്തിയുടെ 6 കോടി രൂപയുടെ പ്രൊപ്പോസൽ ശിപാർശ ചെയ്ത് ആർ.ഐ.ഡി.എഫ്. XXII (2016-17)-ൽ ഉൾപ്പെടുത്തുന്നതിനായി നബാർഡിലേക്ക് അയച്ചിട്ടുണ്ട്.

## സുരക്ഷിതമായ റോഡ് ഗതാഗത സൗകര്യം

46 (3576) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുരക്ഷിതമായ റോഡ് ഗതാഗതസൗകര്യം ഒരുക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത് എന്ന് വിശദമാക്കാമോ ;

(ബി) റോഡിന് ശരിയായ പരിപാലനമില്ലാത്തതിനാലും ഇവയുടെ നിർമ്മാണത്തിലെ വീഴ്ചകൾ കാരണവും അപകടത്തിൽപ്പെടുന്നവർക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് നഷ്ടപരിഹാരം ഈടാക്കി നല്കുന്നതിന് തീരുമാനമെടുക്കുമോ;

(സി) റോഡ് നിർമ്മാണത്തിൽ കാര്യക്ഷമത തെളിയിക്കുന്ന ഉദ്യോഗസ്ഥർക്കും കരാറുകാർക്കും പ്രോത്സാഹനം നൽകുന്നതിനായി പദ്ധതികൾ ആലോചിക്കുന്നുണ്ടോ?

### ഉത്തരം

(എ) സംസ്ഥാനത്തെ റോഡുകളിൽ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സൈൻബോർഡുകൾ, റിഫ്ലക്ടറുകൾ, മാർക്കിംഗുകൾ, ക്രാഷ് ബാരിയറുകൾ, ഹംപുകൾ, റമ്പിൾ സ്ട്രിപ്പുകൾ, കാൽനടയാത്രക്കാർക്കുള്ള ഗാർഡ് റെയിലുകൾ എന്നിവ സ്ഥാപിച്ചുവരുന്നു. കൂടാതെ ബസ് ബേകൾ, ട്രാഫിക് സിഗ്നലുകൾ, ബ്ലിങ്കർ ലൈറ്റുകൾ, സ്കൂൾ മേഖലാ നവീകരണം, സ്കൈവാക്കുകൾ, ബസ് സ്റ്റോപ്പ് പുനർ നിർണ്ണയിക്കൽ, പാർക്കിംഗ് ഏരിയ നിർണ്ണയിക്കൽ, അനധികൃത പരസ്യ ബോർഡുകൾ നീക്കം ചെയ്യൽ എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതി/പദ്ധതിയേതര ഫണ്ടിന്റെ ലഭ്യത അനുസരിച്ച് അപകട നിവാരണത്തിനായി പല ഹ്രസ്വകാല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. ഈ പദ്ധതികൾ മുഖേന താഴെ പറയുന്ന പ്രവൃത്തികൾ പൊതുമരാമത്ത് വകുപ്പ് ചെയ്തുവരുന്നു :

1. സൈൻബോർഡ് സ്ഥാപിക്കൽ
2. ഡയറക്ഷൻ ബോർഡ് സ്ഥാപിക്കൽ
3. അപകട സാധ്യതയുള്ള റോഡിന്റെ വശങ്ങളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കൽ

4. വിവിധതരം റോഡ് മാർക്കിംഗുകൾ സ്ഥാപിക്കൽ

5. ട്രാഫിക് സിഗ്നലുകൾ സ്ഥാപിക്കൽ

6. അപകട സാധ്യതയേറിയ മേഖലകളിൽ ബ്ലിങ്കർ ലൈറ്റുകൾ സ്ഥാപിക്കൽ

7. റിഫ്ലക്റ്ററുകൾ, സ്റ്റഡുകൾ, ഡിലീനിയേറ്റർ പോസ്റ്റുകൾ, ഒബ്ജക്റ്റ് ഹസാർഡ് മാർക്കറുകൾ, ഷെവ്റോൺ സൈൻ ബോർഡുകൾ, മീഡിയൻ മാർക്കറുകൾ മുതലായ സുരക്ഷാ ഉപാധികൾ സ്ഥാപിക്കൽ.

കേരള സുരക്ഷാ അതോറിറ്റി നൽകുന്ന നിശ്ചിത ഫണ്ടിൽ ഉൾക്കൊള്ളിച്ച് പൊതുമരാമത്ത് വകുപ്പ് താഴെ പറയുന്ന സുരക്ഷാ പദ്ധതികളും നടപ്പിലാക്കി വരുന്നു :

1. സ്കൂൾ മേഖലാ നവീകരണ പദ്ധതി

2. ക്രാഷ് ബാരിയർ നവീകരണ പദ്ധതി

ഇതോടൊപ്പം കേരളത്തിലുടനീളം സ്ഥിരമായി വാഹനാപകടങ്ങൾ നടക്കുന്ന സ്ഥലങ്ങൾ പ്രത്യേകമായി കണ്ടെത്തി അവയെ അതീവ അപകടമേഖലകൾ (ബ്ലാക്ക് സ്പോർട്ട്) എന്ന പട്ടികയിൽ ഉൾപ്പെടുത്തി അവ നിവാരണം ചെയ്യുക എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്.

(ബി) നിർമ്മാണത്തിലെ അപാകതയും ഉദ്യോഗസ്ഥരുടെ വീഴ്ചകളും ഗൗരവപൂർവ്വം പരിഗണിക്കുന്നതും നടപടികൾ സ്വീകരിക്കുന്നതുമാണ്.

(സി) നിലവിൽ എല്ലാ വർഷവും കാര്യക്ഷമതയുടെ അടിസ്ഥാനത്തിൽ "ബെസ്റ്റ് എഞ്ചിനീയറെ" (Best Engineer) തെരഞ്ഞെടുത്ത് അവാർഡ് നൽകി പ്രോൽസാഹിപ്പിച്ചു വരുന്നുണ്ട്.

**തട്ടാരമ്പലം - മാന്നാർ റോഡ്**

47 (3577) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മാവേലിക്കര മണ്ഡലത്തിലെ തട്ടാരമ്പലം-മാന്നാർ റോഡ് പൂർണ്ണമായി ബി.എം.&ബി.സി. റോഡ് മാതൃകയിൽ ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

തട്ടാരമ്പലം - മാന്നാർ റോഡിന്റെ 1/100 മുതൽ 8/200 വരെ ബി.എം. & ബി.സി. മാതൃകയിൽ പുതുക്കി പെയിന്റിംഗ് ഒഴികെയുള്ള ജോലികൾ പൂർത്തിയായിട്ടുണ്ട്. 0/000 മുതൽ 1/000 വരെയുള്ള ഭാഗം ബി.എം. & ബി.സി. മാതൃകയിൽ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു.

**കാലപ്പഴക്കം ചെന്ന പാലങ്ങൾ**

48 (3578) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ നിയോജക മണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പാലങ്ങൾ പുതുക്കി പണിയുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം പാലങ്ങളാണ് അടിയന്തരമായി പുതുക്കിപണിയേണ്ടതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ കാലപ്പഴക്കം ചെന്ന പാലം ഊട്ടറ പാലമാണ്. പ്രസ്തുത പാലം പുനർ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ചു. ഡിസൈൻ പൊതുമരാമത്ത് വകുപ്പിന്റെ DRIQ വിഭാഗത്തിൽ തയ്യാറാക്കിവരുന്നു. ആയത് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

(ബി) ഊട്ടറ പാലമാണ് അടിയന്തരമായി പുതുക്കി പണിയേണ്ടത്.

**തിരൂരങ്ങാടി മണ്ഡലത്തിലെ കോഴിച്ചെന-വൈലത്തൂർ റോഡിന് ഭരണാനുമതി**

49 (3579) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിലെ പ്രധാന റോഡായ കോഴിച്ചെന-വൈലത്തൂർ റോഡിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് 3679/G1/2016/PWD നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫയൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിക്കായി അയച്ചിരുന്നോ ; എങ്കിൽ എന്നാണ് അയച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; ആ നിർദ്ദേശം നടപ്പാക്കിയോ; ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ കോഴിച്ചെന-വൈലത്തൂർ റോഡ് ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിന് 160 ലക്ഷം രൂപയുടെ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 15-2-2016-ന് സർക്കാരിന് സമർപ്പിച്ചിരുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധിമൂലം പ്രസ്തുത പ്രൊപ്പോസൽ പരിഗണിക്കുവാൻ നിർവ്വാഹമില്ല എന്ന് 3-3-2016-ൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടുവെങ്കിലും തെരഞ്ഞെടുപ്പ് കമ്മീഷന്റെ അംഗീകാരത്തോടെ പരാമർശ പ്രവൃത്തിക്ക് ഭരണാനുമതി നൽകാമെന്ന ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ നിർദ്ദേശ പ്രകാരം 22-3-2016-ന് ഫയൽ തെരഞ്ഞെടുപ്പ് കമ്മിഷന് അയച്ചു. എന്നാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക പ്രതിസന്ധി കണക്കിലെടുത്ത് പ്രസ്തുത പ്രൊപ്പോസൽ മാറ്റിവച്ച ധനകാര്യ വകുപ്പിന്റെ നടപടി സ്വീകരിക്കുവാൻ തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചതിനാൽ ടി ഫയലിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ സാധിച്ചില്ല.

**സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സുകൾ**

50 (3580) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിൽ സർക്കാർ ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി എത്ര ക്വാർട്ടേഴ്സുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത് സംസ്ഥാനത്തെ മൊത്തം സർക്കാർ ഉദ്യോഗസ്ഥരുടെ എണ്ണത്തിന്റെ എത്ര ശതമാനം വരുമെന്ന് വെളിപ്പെടുത്തുമോ ;

(സി) 31-8-2016-വരെ മന്ത്രിമാരുടെ സ്റ്റാഫംഗങ്ങൾക്കായി എത്ര ക്വാർട്ടേഴ്സുകളാണ് നീക്കിവച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത് മന്ത്രിമാരുടെ ആകെ സ്റ്റാഫംഗങ്ങളുടെ എണ്ണത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ ;

(ഇ) നിലവിൽ ഏത് വർഷംവരെയുള്ള അപേക്ഷകർക്കാണ് ക്വാർട്ടേഴ്സുകൾ അനുവദിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ചുള്ള വിവരം നൽകുമോ ;

(എഫ്) തിരുവനന്തപുരം ജില്ലയിൽ ക്വാർട്ടേഴ്സുകൾക്ക് അപേക്ഷിച്ചിട്ടുള്ള എത്ര സർക്കാർ ജീവനക്കാരുടെ അപേക്ഷകളാണ് ഇനിയും പരിഗണിക്കാനുള്ളതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ ഏകദേശം അഞ്ചര ലക്ഷത്തോളം വരുന്ന സർക്കാർ ഉദ്യോഗസ്ഥർക്കായി പൊതുമരാമത്ത് വകുപ്പിന് കീഴിൽ 3734 ക്വാർട്ടേഴ്സുകൾ നിലവിലുണ്ട്.

(സി&ഡി) മന്ത്രിമാരുടെ സ്റ്റാഫംഗങ്ങളായ ഏകദേശം 460 പേർക്കായി 31-8-2016 വരെ 75 ക്വാർട്ടേഴ്സുകൾ നീക്കിവച്ചിരുന്നു.

(ഇ) ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(എഫ്) 1879 അപേക്ഷകളാണ് ഇനിയും പരിഗണിക്കാനുള്ളത്.

**തിരൂരങ്ങാടി മണ്ഡലത്തിൽപ്പെട്ട 'സ്വാഗതമാട് - കുറുക, എടരിക്കോട്- കടുങ്ങാത്ത്കുണ്ട് ' റോഡുകൾക്ക് ഭരണാനുമതി**

51 (3581) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽപ്പെട്ട രണ്ട് പ്രധാന റോഡുകളായ 'സ്വാഗതമാട്-കുറുക, എടരിക്കോട്-കടുങ്ങാത്ത്കുണ്ട് റോഡുകൾക്ക് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച 4076/G3/2016/PWD നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഫയൽ തെരഞ്ഞെടുപ്പു കമ്മീഷന് അനുമതിക്കായി അയച്ചിരുന്നോ; എങ്കിൽ എന്നാണ് അയച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിർദ്ദേശം എന്തായിരുന്നു; ആ നിർദ്ദേശം നടപ്പാക്കിയോ; ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ-സി) തിരൂരങ്ങാടി നിയോജകമണ്ഡലത്തിലെ 'സ്വാഗതമാട് - കുറുക, എടരിക്കോട്- കടുങ്ങാത്ത്കുണ്ട് ' എന്നീ റോഡുകൾ ബി.എം. & ബി.സി. ചെയ്ത് നവീകരിക്കുന്നതിന് ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ 18-2-2016-ന് സർക്കാരിൽ സമർപ്പിച്ചിരുന്നു. പരാമർശ പ്രവൃത്തികൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിയോടെ 557 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകാമെന്ന ധനവകുപ്പിന്റെ 15-3-2016 തീയതിയിലെ റിമാർക്ക് പ്രകാരം 1-4-2016-ന് ഫയൽ തെരഞ്ഞെടുപ്പ് കമ്മീഷന് അയയ്ക്കുകയും ചെയ്തു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്നാൽ പെരുമാറ്റച്ചട്ടം നിലവിലിരുന്ന സാഹചര്യത്തിൽ പ്രസ്തുത ഫയൽ കമ്മീഷന് അയയ്ക്കുവാൻ തക്കതായ പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥയും ഇതുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ്/നിയമങ്ങൾ എന്നിവ കൂടി രേഖപ്പെടുത്തി ചീഫ് സെക്രട്ടറി മുഖേന ഫയൽ തിരിച്ചയയ്ക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മീഷൻ നിർദ്ദേശിച്ചിരുന്നു. എന്നാൽ മാതൃക പെരുമാറ്റച്ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുള്ള കാലയളവിൽ റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് വ്യവസ്ഥയില്ല. ആയതിനാൽ പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കാൻ സാധിച്ചില്ല.

**ഗാന്ധിനഗർ-മെഡിക്കൽ കോളേജ് റോഡ്**

52 (3582) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എം.സി. റോഡിൽനിന്ന് കോട്ടയം മെഡിക്കൽ കോളേജിലേയ്ക്കുള്ള ഗാന്ധിനഗർ-മെഡിക്കൽ കോളേജ് റോഡ് വീതി കൂട്ടുവാനും നന്നാക്കുവാനും എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

**പുല്ലിക്കടവ് പാലം**

53 (3583) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഫറോക്ക് മുനിസിപ്പാലിറ്റി, ചേലേമ്പ്ര പഞ്ചായത്ത് എന്നിവയെ ബന്ധിപ്പിക്കുന്ന പുല്ലിക്കടവ് പാലം പണി പൂർത്തീകരിച്ചുവെങ്കിലും, പുല്ലിക്കടവ് - കല്ലംപാറ, പുല്ലിക്കടവ്-പെരുമുഖം എന്നീ റോഡുകൾ വീതികൂട്ടി നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിക്കുമോ?

ഉത്തരം

പുല്ലിക്കടവ്-കല്ലംപാറ, പുല്ലിക്കടവ്-പെരുമുഖം എന്നീ റോഡുകൾ വീതിക്കൂട്ടി നവീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

## നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതി

54 (3584) ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ബാബു :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികൾ ചെയ്യാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം പ്രവൃത്തികളെയാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) ഇവയിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികളിൽ നിർമ്മാണം പൂർത്തീകരിക്കാനുള്ളവയുണ്ടോ എന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) റൂറൽ ഏരിയയിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പ്രവൃത്തികളാണ് നബാർഡ് ആർ.ഐ.ഡി.എഫ്.-ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) ഭരണാനുമതി ലഭിച്ചതിൽ 73 പ്രവൃത്തികളുടെ നിർമ്മാണം പൂർത്തീകരിക്കാനുണ്ട്.

(ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

## ചാത്തന്നൂർ മണ്ണയം പാലം പുനർനിർമ്മാണം

55 (3585) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട കല്ലുവാതുക്കൽ ഗ്രാമപഞ്ചായത്തിലെ ശീമാട്ടി ജംഗ്ഷൻ-ആറയിൽ പി.ഡബ്ല്യു.ഡി റോഡിൽ തോട്ടുമുഴി തോടിന് കുറുകെയുള്ള ജീർണാവസ്ഥയിലായ "മണ്ണയംപാലം" പുനർനിർമ്മിക്കണമെന്ന ജനപ്രതിനിധിയുടെ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട് മുൻ സർക്കാരിൻെറ കാലത്ത് നടപടികളെന്തെങ്കിലും സ്വീകരിച്ചിരുന്നുവോ; വിശദമാക്കുമോ;

(സി) പ്രസ്തുത പാലം പുതുക്കി നിർമ്മിക്കുന്നതിന് അടിയന്തര പരിഗണന നൽകുമോ; ഇതിനകം നടപടികളെന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് 125 ലക്ഷം രൂപയ്ക്ക് പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചുവെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല.

(സി) പ്രസ്തുത പാലം പുതുക്കി പണിയുന്നതിനുള്ള ഭരണാനുമതിക്കായി പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ചങ്ങനാശ്ശേരി ജനറൽ ആശുപത്രി കെട്ടിടത്തിലെ ഇലക്ട്രിക് വയറിംഗിനുള്ള നടപടി**

56 (3586) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പണി പൂർത്തീകരിച്ചിരിക്കുന്ന കെട്ടിടത്തിലെ ഇലക്ട്രിക് വയറിംഗ് നടത്തുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിൽ എത്തിയെന്ന് അറിയിക്കുമോ ;

(ബി) ഇതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ ഒ.പി. ബ്ലോക്കിന്റെയും സ്ത്രീകളുടെയും കുട്ടികളുടെയും ബ്ലോക്കിന്റെയും വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്. മെറ്റേണിറ്റി ബ്ലോക്കിന്റെ വൈദ്യുതീകരണ പ്രവൃത്തികൾ കോമ്പോസിറ്റ് ടെൻഡർ (സിവിൽ, ഇലക്ട്രിക്കൽ) മുഖേന പൂർത്തീകരിക്കാൻ കരാർ നൽകിയിട്ടുണ്ട്.

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ 'കട്ടയിൽ പാലം' പുനർ നിർമ്മാണം

57 (3587) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട കല്ലുവാതുക്കൽ-വേളമാനൂർ റോഡിൽ വട്ടക്കുഴിക്കൽ തോടിന് കുറുകെയുള്ള 'കട്ടയിൽ പാലം' വീതി കൂട്ടി പുനർ നിർമ്മിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത പാലം പുതുക്കി നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് മുൻ സർക്കാരിന്റെ കാലത്ത് എന്തെല്ലാം നടപടികൾ സ്വീകരിച്ചിരുന്നു എന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പാലം പുതുക്കി നിർമ്മിക്കുന്നതിന് അടിയന്തര പരിഗണന നല്കുമോ; ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് 142 ലക്ഷം രൂപയ്ക്ക് പാലം പുനർനിർമ്മിക്കുന്നതിനുവേണ്ടി എസ്റ്റിമേറ്റ് സമർപ്പിച്ചുവെങ്കിലും ഭരണാനുമതി നൽകിയിട്ടില്ല.

(സി) ഭരണാനുമതിക്കുവേണ്ടി പുതുക്കിയ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

## ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കമണ്ണടി പാലം നിർമ്മാണം

58 (3588) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിലേയ്ക്കാവശ്യമായ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ളതും നികത്താനായി കൃഷി വകുപ്പിന്റെ അനുമതി തേടിയിട്ടുള്ളതുമായ നിലത്തിന്റെ അളവ് എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നിലം നികത്തുന്നതിന് കൃഷി വകുപ്പ് ഇതിനകം അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പള്ളിക്കമണ്ണടി പാലത്തിന്റെ ആവശ്യത്തിനായി അതിർത്തി തിരിച്ചിട്ടുള്ളതും അനുമതി തേടിയിട്ടുള്ളതുമായ ഭൂമി ഏറ്റെടുക്കാൻ അവശേഷിക്കുന്ന തടസ്സങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ) പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിലേയ്ക്കാവശ്യമായ ഭൂമിയിൽ ഉൾപ്പെട്ടിട്ടുള്ള നിലത്തിന്റെ അളവ് 0.113 ഹെക്ടർ ആണ്.

(ബി) ഇതിൽ 0.0490 ഹെക്ടർ നിലം നികത്തുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. 0.0623 ഹെക്ടർ നിലംകൂടി കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 പ്രകാരം ഒഴിവാക്കി നികത്തുന്നതിനുള്ള കൃഷി വകുപ്പിന്റെ ഉത്തരവ് ലഭിക്കാനുണ്ട്.

(സി) പള്ളിക്കമണ്ണടി പാലം, അപ്രോച്ച് റോഡ് നിർമ്മാണം എന്നിവയ്ക്കുള്ള സ്ഥലമെടുപ്പിന് ജില്ലാതല പർച്ചേസ് കമ്മിറ്റി മുന്നോട്ടുവച്ച സ്ഥല വിലയ്ക്ക് ഭൂരിപക്ഷ ഭൂഉടമകളും സമ്മതപത്രം നൽകിയിട്ടില്ല. ബാക്കി നിലം നികത്തുന്നതിനുള്ള അംഗീകാരം തേടേണ്ടതാണ്.

**പ്ലാസ്റ്റിക് മിശ്രണം ചെയ്ത ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡുകൾ**

59 (3589) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് പരമാവധി റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിക്കുമോ;

(ബി) പ്ലാസ്റ്റിക് മിശ്രിതം ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള റോഡുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ശുദ്ധീകരിച്ച ഉപയോഗശൂന്യമായ പ്ലാസ്റ്റിക് ഉപയോഗിച്ച് റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) പ്ലാസ്റ്റിക് മിശ്രിതം ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള റോഡുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ജനുവരി 2006-ൽ പരീക്ഷണ അടിസ്ഥാനത്തിൽ കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരളത്തിലാദ്യമായി തിരുവനന്തപുരം ജില്ലയിൽ ചാവടിമുക്ക്-പുല്ലുവിള-നരിക്കൽ റോഡിൽ, 500 മീറ്റർ ദൈർഘ്യമുള്ള റോഡിന്റെ ഉപരിതലം ശുദ്ധീകരിച്ച പ്ലാസ്റ്റിക് ഉപയോഗിച്ച് പുതുക്കുകയുണ്ടായി. 5 വർഷത്തിനുശേഷം ജൂൺ 2011-ൽ പരിശോധിച്ചപ്പോഴും പ്ലാസ്റ്റിക് ഉപയോഗിച്ച് ഉപരിതലം പുതുക്കിയ ഭാഗം താരതമ്യേന കേടുപാടുകൾ കുറവുള്ളതായി കാണപ്പെട്ടു. പുതുതായി പ്ലാസ്റ്റിക് മിശ്രിതം ഉപയോഗിച്ച് നിർമ്മി ക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ ഗുണമേന്മ പൊതുമരാമത്ത് വകുപ്പ് ക്വാളിറ്റി

കൺട്രോൾ ലാബുകൾ വഴിയും കെ.എച്ച്.ആർ.ഐ. മുഖേനയും പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. പ്ലാസ്റ്റിക് മിശ്രിതം ഉപയോഗിച്ചുള്ള റോഡ് നിർമ്മാണം പഠനം നടത്തി ഇന്ത്യൻ റോഡ് കോൺഗ്രസ് IRC SP 98/2013-ൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതുപ്രകാരം ചുവടെ ചേർക്കുന്ന മേന്മകൾ എടുത്ത് പറയുന്നുണ്ട് :

1. ഡീഫോർമേഷനെ ചെറുക്കുന്നതിനുള്ള ഉയർന്ന ശേഷി
2. വെള്ള ടാർ സർഫസിനുള്ളിൽ ഒലിച്ചിറങ്ങിയുണ്ടാകുന്ന കേടുപാടുകളെ ചെറുക്കുന്നതിനുള്ള ഉയർന്ന ശേഷി
3. റോഡിന്റെ ഉപരിതലം കേടുപാടുകൾ കൂടാതെ ദീർഘകാലം നിലനിൽക്കുന്നു
4. റോഡിന്റെ ഉപരിതലത്തിന് കൂടുതൽ ദൃഢതയും ഉറപ്പും ലഭിക്കുന്നു
5. പരിസ്ഥിതി സൗഹാർദ്ദമായ രീതിയിൽ പ്ലാസ്റ്റിക് നിർമ്മാർജ്ജനം നടത്തുവാൻ കഴിയുന്നു
6. അഞ്ച് ശതമാനത്തോളം ബിറ്റുമിൻ ലാഭിക്കുവാൻ കഴിയുന്നു.

**പാണ്ടിക്കാട് റസ്റ്റ് ഹൗസിന്റെ ജീർണ്ണാവസ്ഥ**

60 (3590) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാണ്ടിക്കാട് ഗ്രാമപഞ്ചായത്തിലെ പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റസ്റ്റ് ഹൗസിന്റെ ജീർണ്ണാവസ്ഥ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത റസ്റ്റ് ഹൗസ് പുതുക്കിപ്പണിയുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ നിലവിലുള്ള പഴയ കെട്ടിടത്തിന് പകരം പുതിയത് നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) പരിശോധിച്ചിട്ടുണ്ട്. അടിയന്തര അറ്റകുറ്റപ്പണികൾക്കുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) പുതിയ കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പൊതുമരാമത്ത് വകുപ്പ് ഗ്രാമീണറോഡുകൾ**

61 (3591) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പ് പ്രധാന ഗ്രാമീണറോഡുകൾ ഏറ്റെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഓരോ നിയോജകമണ്ഡലത്തിൽനിന്നും എത്ര റോഡുകളാണ് ഉൾപ്പെടുത്തുന്നത്;

(ബി) അരുവിക്കര നിയോജകമണ്ഡലത്തിലെ ആര്യനാട് പഞ്ചായത്തിലെ പ്രധാനപ്പെട്ട ആനന്ദേശ്വരം-അണിയിലക്കടവ്-കാര്യോട്, അണിയിലക്കടവ്-കൊക്കോട്ടേല-ഈഞ്ചപുരി എന്നീ ഗ്രാമീണറോഡുകളും പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുമോ ;

(സി) പ്രസ്തുത റോഡുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ തന്നെ 2 പാലങ്ങൾ യാത്രാസജ്ജമാകുന്നതോടെ പൊൻമുടി, പേപ്പാറ,കോട്ടൂർ ആനപ്പാർക്ക്, നെയ്യാർഡാം എന്നീ വിനോദസഞ്ചാരകേന്ദ്രങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ഏറ്റവും ദൈർഘ്യം കുറഞ്ഞ റോഡാകുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത റോഡുകളുടെ നവീകരണം ബി.എം. & ബി.സി. നിലവാരത്തിൽ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഗ്രാമീണറോഡുകൾ തദ്ദേശ ഭരണ വകുപ്പിന്റെ കീഴിലാണ്. അവർ ഫണ്ട് തന്ന് നിർദ്ദേശിക്കുകയാണെങ്കിൽ പി.ഡബ്ല്യു.ഡി. പണിയുന്നതാണ്.

(ബി) അത് തദ്ദേശ ഭരണ വകുപ്പിന്റെ കീഴിലാണ്.

(സി) ഉണ്ട്.

(ഡി) പി.ഡബ്ല്യു.ഡി. റോഡല്ലാത്തതിനാൽ നിയമം അനുവദിക്കുന്നില്ല.

**പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സംവിധാനം**

62 (3592) ശ്രീ. അടൂർ പ്രകാശ് :
ശ്രീ. പി. ടി. തോമസ് :
ശ്രീ. റോജി എം. ജോൺ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ സോഷ്യൽ ഓഡിറ്റ് സംവിധാനം ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിവരിക്കുമോ ;

(സി) ആരെയെല്ലാമാണ് സോഷ്യൽ ഓഡിറ്റിൽ പങ്കാളിയാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ?

ഉത്തരം

(എ-ഡി) പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിൻ കീഴിൽ സോഷ്യൽ ഓഡിറ്റിംഗ് ഘട്ടംഘട്ടമായി നടപ്പിലാക്കിവരുന്നു. സോഷ്യൽ ഓഡിറ്റിംഗ് നടത്തുന്ന തിലേക്കായി പ്രവൃത്തികൾ നടക്കുന്ന പ്രദേശത്തെ ജനപ്രതിനിധികൾ, സാങ്കേതിക വിദഗ്ദ്ധർ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുകയും പദ്ധതി നടത്തിപ്പിനാ വശ്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പ്രസ്തുത കമ്മിറ്റികളിൽനിന്ന് സ്വീകരിച്ച് പ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് സോഷ്യൽ ഓഡിറ്റിംഗ് ഏർപ്പെടുത്തുക വഴി മരാമത്ത് പ്രവൃത്തികളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കാനും കഴിയും. കമ്മിറ്റിയിൽ സാങ്കേതിക വിദഗ്ദ്ധർ ഉള്ളതിനാൽ ഇത് ഉറപ്പുണ്ട്. ആലപ്പുഴയിലാണ് ഈ സർക്കാർ ആദ്യമായി ഇത് വിജയകരമായി നടപ്പാക്കിയത്. ഇത് സംസ്ഥാന-ജില്ലാ-മണ്ഡല തലങ്ങളിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. സോഷ്യൽ ഓഡിറ്റിംഗിൽ ക്രമക്കേട് കണ്ടെത്തിയാൽ സർക്കാരിന്റെ ഒരു അംഗീകൃത വിദഗ്ദ്ധ ഏജൻസിയെക്കൊണ്ട് ക്രമക്കേടുകളെ സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി ഏജൻസിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

**ചെറുതുരുത്തി പാലത്തിന്റെ ടോൾ പിരിവ്**

63 (3593) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേലക്കര മണ്ഡലത്തിലെ ഭാരതപ്പുഴക്ക് കുറുകെയുള്ള ചെറുതുരുത്തി പാലത്തിന്റെ പണി എന്നാണ് പൂർത്തീകരിച്ചത് ;

(ബി) ഇവിടെ ടോൾ പിരിവ് ആരംഭിച്ചത് എന്നാണെന്ന് അറിയിക്കാമോ ;

(സി) ഓരോ വാഹനത്തിന്റെയും കടന്നുപോകുന്നതിനുള്ള ടോൾ നിരക്ക് എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ;

(ഡി) ഇതുവരെ എത്ര കോടി രൂപ ഇപ്രകാരം ടോൾ ആയി പിരിഞ്ഞുകിട്ടി; ആകെ എത്ര കോടി രൂപയാണ് ടോൾ ആയി പിരിക്കാനുള്ളത്;

(ഇ) എന്നത്തേക്ക് ടോൾ പിരിവ് അവസാനിപ്പിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചേലക്കര മണ്ഡലത്തിലെ ഭാരതപ്പുഴയ്ക്ക് കുറുകെയുള്ള ചെറുതുരുത്തി പാലത്തിന്റെ പണി 25-1-2003-ൽ പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 27-1-2003 മുതലാണ് ടോൾ പിരിവ് ആരംഭിച്ചത്.

(സി) ഓരോ വാഹനത്തിന്റെയും കടന്നുപോകുന്നതിനുള്ള ടോൾ നിരക്ക് ചുവടെ ചേർക്കുന്നു :

| നമ്പർ | വാഹനം | ഒരു വശത്തേയ്ക്ക് | ഇരു വശത്തേയ്ക്ക് |
|---|---|---|---|
| 1 | ബസ്, ലോറി, ട്രക്ക് | 10.00 രൂപ | 15.00 രൂപ |
| 2 | ടെമ്പോ, മിനിവാൻ | 3.00 രൂപ | 4.50 രൂപ |
| 3 | കാർ, ജീപ്പ് | 2.00 രൂപ | 3.00 രൂപ |

(ഡി&ഇ) ഇതുവരെ 1,11,26,771 രൂപ ടോൾ ആയി പിരിഞ്ഞുകിട്ടി. പാലത്തിന്റെ നിർമ്മാണ ചെലവ് 11,95,48,000 രൂപ ആയതിനാൽ പാലത്തിന്റെ നിർമ്മാണ ചെലവും 9 ശതമാനം സാധാരണ പലിശയും ഉൾപ്പെടെയുള്ള തുക പിരിച്ചെടുക്കുന്നത് വരെയോ അല്ലെങ്കിൽ 20 വർഷമോ ഏതാണ് ആദ്യം അതുവരെ ടോൾ പിരിവ് തുടരേണ്ടതുണ്ട് എന്നാണ് കരാർ.

**ഷൊർണ്ണൂർ മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

64 (3594) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ മുൻ സർക്കാർ കാലയളവിലും, അതിനുമുൻ കാലഘട്ടങ്ങളിലും പ്രവൃത്തികൾ തുടങ്ങിയതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ മരാമത്ത് പ്രവൃത്തികൾ ഏതെല്ലാം; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കാൻ കഴിയും; വിശദാംശം വ്യക്തമാക്കുമോ ;

(സി) നടപ്പ് സാമ്പത്തികവർഷം ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള മരാമത്ത് പ്രവൃത്തികൾ ഏതെല്ലാം;

(ഡി) പ്രസ്തുത പ്രവൃത്തികളുടെ പണികൾ എപ്പോൾ തുടങ്ങാൻ കഴിയും ; അതിനായി എന്ത് നടപടികൾ നാളിതുവരെ നടത്തി എന്നും വ്യക്തമാക്കുമോ;

(ഇ) മണ്ഡലത്തിൽ ശോചനീയാവസ്ഥയുള്ള ഗ്രാമീണ റോഡുകൾ ഉൾപ്പെടെയുള്ള റോഡുകൾ ഏതെല്ലാം എന്നും, ഇവ നവീകരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൻകീഴിൽ മുൻ സർക്കാർ കാലയളവിലും അതിന് മുൻകാലഘട്ടങ്ങളിലും പ്രവൃത്തികൾ തുടങ്ങിയതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ മരാമത്ത് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു :

1. ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ചെർപ്പുളശ്ശേരിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തൽ.

2. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ വെയർഹൗസ് നിർമ്മാണം

3. ഗവൺമെന്റ് ഹൈസ്കൂൾ ചെർപ്പുളശ്ശേരിയിൽ 8 ക്ലാസ്മുറികളുടെ നിർമ്മാണം.

പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ ഷൊർണ്ണൂർ-കവളപ്പാറ റോഡിൽ 0/00 മുതൽ 4/760 വരെ ബി.എം. & ബി.സി. പ്രവൃത്തിയാണ് പൂർത്തീകരിക്കാനുള്ളത്.

(ബി) 1. പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിലെ പ്രവൃത്തികളിൽ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ചെർപ്പുളശ്ശേരിയുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലപ്പെടുത്തൽ പ്രവൃത്തി 80 ശതമാനം പൂർത്തിയായി. ബാക്കി പണികൾ 2 മാസത്തിനകം പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിൽ വെയർഹൗസ് നിർമ്മാണത്തിന് 20-6-2016-ൽ എഗ്രിമെന്റ് വച്ചു. പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കും.

3. ഗവൺമെന്റ് ഹൈസ്കൂൾ ചെർപ്പുളശ്ശേരിയിൽ 8 ക്ലാസ് മുറികളുടെ നിർമ്മാണം 15 ശതമാനം പണിപൂർത്തിയായി. ബാക്കി പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കും.

നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തി 31-12-2016-ന് മുമ്പ് പൂർത്തിയാകും എന്ന് പ്രതീക്ഷിക്കുന്നു.

(സി) പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ :

1. ജില്ലാ ട്രഷറി ചെർപ്പുളശ്ശേരി നിർമ്മാണം-പി.ഡബ്ല്യു.ഡി. അല്ലാതെ വേറെ ഏജൻസി വഴിയാണ് നിർമ്മാണം.
2. കുനത്തറ ഗവണ്മെന്റ് ഹൈസ്കൂളിന് കെട്ടിട നിർമ്മാണം-പണി പൂർത്തിയായി.
3. ഷൊർണ്ണൂർ നമ്പർ 1 & 2 വില്ലേജ് ഓഫീസ് നിർമ്മാണം-പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.
4. ജി.പി.ടി. ഷൊർണ്ണൂർ-മെൻസ് ഹോസ്റ്റൽ നിർമ്മാണം-മേൽ പ്രവൃത്തി ആവശ്യമില്ല.
5. ഐ.ടി.ഐ. വാണിയംകുളം നിർമ്മാണം-ഒന്നാം ഘട്ടം പൂർത്തിയായി.
6. ജൂനിയർ ടെക്നിക്കൽ സ്കൂൾ ഷൊർണ്ണൂർ ചുറ്റുമതിൽ നിർമ്മാണം-പണി പൂർത്തിയായി.
7. ഷൊർണ്ണൂർ വെറ്ററിനറി ആശുപത്രി നിർമ്മാണം-റിപ്പയർ പ്രവൃത്തികൾ മാത്രമേ ആവശ്യമുള്ളൂ.
8. ഷൊർണ്ണൂർ മേഖല, എ.ഐ. സെന്റർ നിർമ്മാണം - പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.
9. ഷൊർണ്ണൂർ ആർ.എ.ഐ.സി. സെന്ററിന്റെ റിപ്പയർ - പ്രവൃത്തികൾ പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു.
10. ജി.പി.ടി. ഷൊർണ്ണൂർ-ലേഡീസ് ഹോസ്റ്റൽ നിർമ്മാണം - പൂർത്തീകരിച്ചു.

നിരത്ത് വിഭാഗത്തിൽ :

1. കാറൽമണ്ണ ചെർപ്പുളശ്ശേരി റോഡ് 0/00 – 1/655
2. കൊപ്പം പേങ്ങാട്ടിരി റോഡ് കി.മീ. 7/400 – 10/600
3. ഒറ്റപ്പാലം - പെരിന്തൽമണ്ണ റോഡ് കി.മീ. 10/00 - 17/00
4. വാണിയംകുളം - വല്ലപ്പുഴ റോഡ് കി.മീ. 0/00 – 10/600

5. വാണിയംകുളം - കോതകുർശ്ശി റോഡ് കി.മീ. 0/00 - 6/600

6. എരവത്തറ - വല്ലപ്പുഴ റോഡ് 0/00 - 4/00

7. കുളപ്പുള്ളി - എലിയപെറ്റ റോഡ് കി.മീ. 0/00 - 14/245

8. കുലുക്കല്ലൂർ - എരവത്ര റോഡ് 0/00 - 5/00

9. കുലുക്കല്ലൂർ റെയിൽവേ സ്റ്റേഷൻ മാരായമംഗലം റോഡ് 0/00 - 5/00

10. നെല്ലായ - മപ്പാട്ടുകര റോഡ് കി.മീ. 0/00 - 4/00

11. നെല്ലായ - മാവുണ്ടിരിക്കടവ് റോഡ് കി.മീ. 0/00 - 5/300

12. വാണിയംകുളം മാന്നനൂർ റെയിൽവേ സ്റ്റേഷൻ റോഡ് കി.മീ. 0/0 - 4/500

13. ശ്രീകൃഷ്ണപുരം - മുറിയങ്കണ്ണി - ചെത്തലൂർ റോഡ് കി.മീ. 0/000 - 7/700 വരെ ബി.എം. ആന്റ് ബി.സി. ചെയ്യൽ.

14. മാങ്ങോട്-വെള്ളിനേഴി റോഡ് കി.മീ. 0/000 മുതൽ 2/000 വരെ ബി.എം. ആന്റ് ബി.സി. ചെയ്യൽ

15. അടയ്ക്കാപുത്തൂർ - കല്ലുവഴി റോഡ് കി.മീ. 0/000 മുതൽ 5/600 വരെ ബി.എം.ആന്റ് ബി.സി. ചെയ്യൽ

(ഡി) കെട്ടിട വിഭാഗത്തിലെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിക്കുകയും എസ്റ്റിമേറ്റ് തുകയുടെ 20 ശതമാനം എങ്കിലും ബഡ്ജറ്റ് പ്രൊവിഷൻ ലഭിക്കുകയും ചെയ്താൽ മാത്രമേ ടെൻഡർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. നിരത്തുകളും പാലങ്ങളും വിഭാഗത്തിലെ പ്രവൃത്തികളുടെ ഡി.പി.ആർ. തയ്യാറാക്കി വരുന്നു.

(ഇ) നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ നെല്ലായ - മാവുണ്ടിരിക്കടവ് റോഡ് കി.മീ.0/00 - 5/300 വരെയുള്ള റോഡാണ് ഷൊർണ്ണൂർ മണ്ഡലത്തിൽ ശോചനീയാവസ്ഥയിലുള്ളത്. ഈ പ്രവൃത്തി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഐറ്റം നമ്പർ 1463 ആയി 241-ാം പേജിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഈ പ്രവൃത്തിയുടെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. ഗ്രാമീണ റോഡുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലാണ്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലല്ല. എന്നാൽ ഗ്രാമീണ റോഡുകൾ നവീകരിക്കാൻ പ്രത്യേക പാക്കേജായി പൊതുമരാമത്ത് വകുപ്പിനു പ്രത്യേക ഫണ്ട്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പോലെ, നൽകിയാൽ അത്തരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതാണ്.

**പൊതുമരാമത്ത് വകുപ്പിന്റെ ആധുനികവത്കരണം**

65 (3595) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിനെ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് പ്രാപ്തമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആലോചിക്കുന്നുണ്ടോ;

(ബി) വകുപ്പിനു കീഴിലുള്ള നിർമ്മിതികളുടെ കാര്യത്തിൽ ലഭ്യമായ ഏറ്റവും മികച്ച സാങ്കേതിക വിദ്യയാണോ നിലവിൽ ഉപയോഗിച്ചുവരുന്നതെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) പൊതുമരാമത്ത് വകുപ്പിനെ ആധുനികവത്കരിക്കുന്നതിനും മെച്ചപ്പെട്ട സാങ്കേതിക വിദ്യ ഉപയോഗിക്കുന്നതിനും സഹായിക്കുന്ന തരത്തിൽ മാറ്റിയെടുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. പൊതുമരാമത്ത് വകുപ്പിനെ മെച്ചപ്പെട്ട സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിന് വേണ്ടി ഉദ്യോഗസ്ഥർക്ക് വിദഗ്ധരുടെ സേവനം ഉപയോഗിച്ച് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുവാൻ തീരുമാനിക്കുകയും തുടക്കം കുറിക്കുകയും ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി നേര്യമംഗലത്ത് സ്ഥിരമായ ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പൊതുമരാമത്ത് വകുപ്പിന്റെ മാന്യുവൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ എസ്റ്റിമേറ്റ് ഓൺലൈനായി സമർപ്പിച്ച് അവയ്ക്ക് അംഗീകാരം നൽകുന്നതിന് NIC (National Informatics Centre)-യുമായി സഹകരിച്ച് PRICE (Project Information and Cost Estimation) സോഫ്റ്റ്‌വെയർ രൂപകല്പന ചെയ്ത് നടപ്പിലാക്കി. ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് കരാറുകാരുടെ രജിസ്ട്രേഷൻ എഗ്രിമെന്റ് വയ്ക്കൽ, കമ്പ്യൂട്ടറൈസ്ഡ് മെഷർമെന്റ് ബുക്ക് തയ്യാറാക്കി വർക്ക് ബില്ലുകൾ തയ്യാറാക്കുക, വർക്കിന്റെ പുരോഗതി വിലയിരുത്തുക, ഗുണമേന്മ ഉറപ്പ് വരുത്തുക, ഓൺലൈനായി കരാറുകാരുടെ പേയ്മെന്റ് നടത്തുക എന്നീ കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഇ-ടെണ്ടറിംഗ് സിസ്റ്റം നിലവിൽ വരുത്തി. ഇ-പേയ്മെന്റ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. പൊതുമരാമത്ത് വകുപ്പ്, ധനകാര്യ വകുപ്പ്, ഐ.റ്റി. വകുപ്പ്, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എൻ.ഐ.സി. എന്നീ സ്ഥാപനങ്ങൾ മേൽ പദ്ധതികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു. പൊതുമരാമത്ത് പ്രവൃത്തികൾ ദേശീയ നിലവാരത്തിൽ ഉയർത്തുന്നതിലേക്കായി

റോഡുകളും പാലങ്ങളും വിഭാഗത്തിൽ MoRTH Specification-ഉം Delhi Schedule of Rate-ഉം നടപ്പിലാക്കി. പൊതുമരാമത്ത് വകുപ്പ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ജില്ലാ തലങ്ങളിൽ Quality Control Lab-കൾ സ്ഥാപിച്ചു. ആധുനിക സാങ്കേതിക വിദ്യ നടപ്പിലാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചിട്ടുണ്ട്. കേന്ദ്രീകൃത പരിശീലനത്തിനുവേണ്ടി നേര്യമംഗലത്ത് ഒരു ട്രെയിനിംഗ് സെന്റർ തുടങ്ങുന്നതിനുവേണ്ടി കെട്ടിട നിർമ്മാണം നടന്നുവരുന്നു. ഇപ്പോൾ റോഡുകൾക്ക് നാച്യുറൽ റബ്ബറൈസ്ഡ് ബിറ്റുമിൻ, വേസ്റ്റ് പ്ലാസ്റ്റിക്, കയർ ജിയോ ടെക്സ്റ്റയിൽസ് എന്നിവ ഉപയോഗിച്ചുവരുന്നു. ഡിസൈൻ വിഭാഗത്തിന്റെ കാര്യക്ഷമത കൂട്ടുന്നതിനുവേണ്ടി കമ്പ്യൂട്ടർവത്കൃത ഡിസൈൻ നടപ്പാക്കിവരുന്നു. പുതിയ രീതികളും സാങ്കേതിക വിദ്യകളും ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഉപകരണങ്ങളും സോഫ്റ്റ്‌വെയറും വാങ്ങുന്നതിനും പരിശീലനം നൽകുന്നതിനുമുള്ള നടപടികളും, കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് ആവശ്യമായ അധിക ഉപകരണങ്ങൾ വാങ്ങുന്നതിനും ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ജീവനക്കാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഇങ്ങനെ, കഴിയുന്നത്ര മികച്ച സാങ്കേതികവിദ്യ ഉപയോഗിച്ച്, വകുപ്പിനെ ആധുനികവൽക്കരിക്കാനാണ് ശ്രമിക്കുന്നത്.

## മണ്ഡലകാലത്തെ അറ്റകുറ്റപ്പണികൾ

66 (3596) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് റോഡുകളുടെ നവീകരണ പ്രവൃത്തികളുടെ ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ ;

(ബി) കഴിഞ്ഞ വർഷം മണ്ഡലകാലത്ത് അറ്റകുറ്റപ്പണികൾ തുടങ്ങിയതുമൂലം തീർത്ഥാടകർക്കുണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിരുന്നോ; ഇതൊഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് റോഡുകളുടെ നവീകരണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും ഈ പ്രവൃത്തികളെല്ലാം തന്നെ ഒക്ടോബർ മാസത്തോടെ പൂർത്തീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മണ്ഡലകാലത്ത് തീർത്ഥാടകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2016-17-ലെ ശബരിമല മണ്ഡല-മകരവിളക്ക് തീർത്ഥാടനവുമായി ബന്ധപ്പെട്ട് 28-7-2016-ലെ സ.ഉ. (കൈ)നമ്പർ 56/2016/പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ ദേശീയപാത, നിരത്തുകളും പാലങ്ങളും വിഭാഗം, KSTP എന്നിവയിൽ ഉൾപ്പെട്ടുവരുന്ന റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി 8943.54 ലക്ഷം രൂപയുള്ള ഭരണാനുമതിയും, പ്രത്യേകാനുമതിയും നൽകിയിട്ടുണ്ട്. ഗുണനിലവാരം മുൻനിർത്തി, മാനദണ്ഡങ്ങൾക്കനുസൃതമായി മണ്ഡലകാലം തുടങ്ങുന്നതിനുമുമ്പ് തന്നെ ശബരിമല റോഡുകളുടെ പുനരുദ്ധാരണം പൂർത്തീകരിച്ച് തീർത്ഥാടകർക്ക് സുഗമമായ യാത്രാസൗകര്യം ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## കണ്ണങ്ങാട്ട്-മധുര കമ്പനി പാലം

67 (3597) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണങ്ങാട്ട്-മധുര കമ്പനി പാലം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലം നിർമ്മാണത്തിനായുള്ള സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനും, പ്രസ്തുത പാലത്തിന്റെയും, റോഡിന്റെയും നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

### <u>ഉത്തരം</u>

(എ) 2017-18 ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) സ്ഥലം പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല.

(സി&ഡി) പ്രസ്തുത പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നതിനും, റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനും പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി ദർഘാസ് ക്ഷണിച്ച് കരാറുറപ്പിച്ചാൽ മാത്രമേ നിർമ്മാണം പൂർത്തിയാകുന്ന തീയതി നിശ്ചയിക്കുവാൻ സാധിക്കുകയുള്ളൂ.

## ഒറ്റപ്പാലത്തെ പി.ഡബ്ല്യു.ഡി. റോഡുകളുടെ അറ്റകുറ്റപ്പണി

68 (3598) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ പി.ഡബ്ല്യു.ഡി. റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തുക അനുവദിച്ചു എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണിക്കെന്നും എത്ര തുക വീതം അനുവദിച്ചു എന്നും വിശദമാക്കുമോ?

ഉത്തരം

(എ&ബി) ആകെ 103 ലക്ഷം രൂപ അനുവദിച്ചു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## തൊണ്ടിലക്കടവ് പാലം

69 (3599) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുവണ്ണൂർ റഹിമാൻ ബസാറിനേയും ഒളവണ്ണ പഞ്ചായത്തിനേയും ബന്ധിപ്പിക്കുന്ന തൊണ്ടിലക്കടവ് പാലത്തിന്റെ നിർമ്മാണം സംബന്ധിച്ച നടപടികൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ;

(ബി) ഭരണാനുമതി ലഭിച്ചിട്ടും തുടർനടപടി സ്വീകരിക്കുന്നതിനുള്ള കാലതാമസം വ്യക്തമാക്കുമോ; പാലത്തിന്റെ നിർമ്മാണത്തിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസ്തുത പാലത്തിന്റെ റിവൈസ്ഡ് അലൈൻമെന്റിന് അനുമതി നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം പുതുക്കിയ ഡിസൈൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പാലം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കൽ സംബന്ധിച്ച എതിർപ്പുമൂലം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിന് സാധിച്ചിരുന്നില്ല. തുടർന്ന് റിവൈസ്ഡ് അലൈൻമെന്റ് പ്രകാരം അതിർത്തിക്കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റിവൈസ്ഡ് ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കി പാലത്തിന്റെ നിർമ്മാണത്തിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പുതിയറയിലുള്ള സഹകരണ ഭവൻ**

70 (3600) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് സഹകരണ വകുപ്പിന്റെ പുതിയറയിലുള്ള കെട്ടിടം (സഹകരണ ഭവൻ) സംബന്ധിച്ച് എന്തെല്ലാം ഫയലുകളാണ് പൊതുമരാമത്ത് വകുപ്പിലുള്ളതെന്ന് ഫയൽ നമ്പരുകൾ, നടപടികൾ എന്നിവ സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് അന്വേഷണ റിപ്പോർട്ട് നിലവിലുണ്ടെങ്കിൽ പകർപ്പ് ഹാജരാക്കുമോ;

(സി) പ്രസ്തുത കെട്ടിടം ഉപയോഗശൂന്യമാണെങ്കിൽ ഇത് പൊളിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് സഹകരണ വകുപ്പിന്റെ പുതിയറയിലുള്ള കെട്ടിടം (സഹകരണ ഭവൻ) സംബന്ധിച്ച് സി.ഇ./ബി.എൽ./കെ.കെ.ഡി./4711/2008 എന്ന ഫയൽ പൊതുമരാമത്ത് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലും, ഡി.5-4663/81 എന്ന ഫയൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ ഓഫീസിലും ഡി1-1645/86 എന്ന ഫയൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിലും നിലവിലുണ്ട്. കൂടാതെ, 22336/എഫ്3/12/പൊ.മ.വ. ഫയലിൽ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പരിശോധിക്കുന്നതാണ്.

**കരുനാഗപ്പള്ളി ടൗണിൽ ദേശീയ പാതയ്ക്ക് ബൈപ്പാസ്**

71 (3601) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി ടൗണിൽ ദേശീയ പാതയ്ക്ക് ബൈപ്പാസ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്നും ബൈപ്പാസ് നിർമ്മാണത്തിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പ്രസ്തുത നിർമ്മാണം സംബന്ധിച്ച സാദ്ധ്യതാപഠനത്തിന് ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ദേശീയ പാതയുടെ ബൈപ്പാസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) കരുനാഗപ്പള്ളി ബൈപ്പാസിന്റെ നിർമ്മാണത്തിനായി പ്രസ്തുത പ്രവൃത്തി KIIFB-യിൽ ഉൾപ്പെടുത്തി 20 കോടിയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ബൈപ്പാസിന്റെ നിർമ്മാണം സംബന്ധിച്ച സ്പെഷ്യൽ പർപ്പസ് വെഹിക്കളായി ആർ.ബി.ഡി.സി.കെ.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവൃത്തിക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കൊടുവഴന്നൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം**

72 (3602) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവഴന്നൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അനുവദിക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്നും കരാർ ഏറ്റെടുത്തിരിക്കുന്നത് ആരാണെന്നും നിർമ്മാണപ്രവർത്തനം എന്നാണ് ആരംഭിച്ചതെന്നും, എന്നത്തേക്ക് പൂർത്തിയാക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ;

(ബി) കെട്ടിട നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊടുവഴന്നൂർ വില്ലേജ് ഓഫീസ് കെട്ടിട നിർമ്മാണത്തിനുവേണ്ടി 3-7-2014-ൽ കോൺട്രാക്ടർക്ക് സൈറ്റ് കൈമാറുകയും ഉടനെതന്നെ പണി ആരംഭിക്കുകയും ചെയ്തുവെങ്കിലും കരാറുകാരൻ പണി പൂർത്തിയാക്കിയിട്ടില്ല. ശ്രീ. നിജ്ജംഖാൻ എ.-യാണ് ടി പണിയുടെ കരാർ ഏറ്റെടുത്തിരിക്കുന്നത്. ടി പ്രവൃത്തിക്കായി 37 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

(ബി) സ്വീകരിക്കുന്നതാണ്.

## പൊതുമരാമത്ത് റോഡുകളുടെ പരിപാലനം

73 (3603) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ പരിപാലനച്ചുമതല നിലവിൽ നിർവ്വഹിക്കുന്നതാരാണെന്ന് വ്യക്തമാക്കാമോ; ; റോഡുകളുടെ അറ്റകുറ്റപ്പണികൾ കണ്ടെത്തുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും കൃത്യമായ ഇടവേളകളിൽ ഇവർ പരിശോധന നടത്താറുണ്ടോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ നടത്തുന്ന പരിശോധനകളുടെയും കണ്ടെത്തുന്ന അറ്റകുറ്റപ്പണികളുടെയും വിവരം രേഖപ്പെടുത്തുന്നതിന് ഏതുരീതിയിലെ സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ പരിശോധന നടത്താത്തതും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതുമായ ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചു വരുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളുടെ പരിപാലന ചുമതല പൊതുമരാമത്ത് വകുപ്പ് നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. റോഡുകളുടെ അറ്റകുറ്റപ്പണികൾ കണ്ടെത്തുന്നതിനും അവ യഥാസമയം പരിഹരിക്കുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും കൂടാതെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് കീഴിലുള്ള അതാത് റോഡിന്റെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും, അസിസ്റ്റന്റ് എഞ്ചിനീയർമാരും, ഓവർസിയർമാരും പരിശോധന നടത്താറുണ്ട്. നിലവിൽ അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും അടിയന്തര സ്വഭാവമുള്ള പ്രവൃത്തികൾ ചെയ്യുന്നതിനും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കീഴിൽ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. റോഡ് പരിശോധന നടത്തിയിശേഷം അസിസ്റ്റന്റ് എഞ്ചിനീയർ/അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന നൽകുന്ന റിപ്പോർട്ടുകൾ ഈ ഡിസ്ട്രിക്ട് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിശോധിച്ച് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾക്ക് ചീഫ് എഞ്ചിനീയറുടെ നേതൃത്വത്തിലുള്ള സ്റ്റേറ്റ് ലെവൽ ടാസ്ക് ഫോഴ്സ് കമ്മിറ്റി പരിഗണിച്ച് നോൺ പ്ലാൻ ഫണ്ടിൽനിന്നും ഭരണാനുമതി നൽകി നടപ്പിലാക്കി വരുന്നുണ്ട്. പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിൻ കീഴിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ മേധാവി ആയിട്ടുള്ള ഡിവിഷൻ ഓഫീസുകൾക്കും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മേധാവി ആയിട്ടുള്ള സബ് ഡിവിഷൻ ഓഫീസുകൾക്കുമാണ് ദേശീയപാതയുടെ പരിപാലന ചുമതല

നൽകിയിട്ടുള്ളത്. ഇതിൽ സബ് ഡിവിഷന്റെ കീഴിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാരും, ഓവർസിയർമാരും അവരുടെ അധികാര പരിധിയിൽ വരുന്ന റോഡുകൾ കൃത്യമായ ഇടവേളകളിൽ പരിശോധന നടത്താറുണ്ട്. പ്രസ്തുത പരിശോധനയിൽ ഏതെങ്കിലും രീതിയിലുള്ള അറ്റകുറ്റപണികൾ വേണ്ടി വരുന്നെങ്കിൽ ആയതിന്റെ വിവരം എസ്റ്റിമേറ്റിനോടൊപ്പം ധരിപ്പിക്കേണ്ടതുമുണ്ട്.

കെ.എസ്.ടി.പി. പദ്ധതിയിലുള്ള റോഡുകളുടെ പരിപാലന ചുമതല അതാത് സ്ഥലങ്ങളിലെ എക്സി.എഞ്ചിനീയർമാർക്ക് ആണ്. ഇവരുടെ കീഴിലുള്ള റോഡുകൾ കൃത്യമായ ഇടവേളകളിൽ നേരിട്ട് പരിശോധിച്ച് യഥാസമയം അറ്റകുറ്റപ്പണികൾ നടത്തി റോഡുകൾ സഞ്ചാരയോഗ്യമാക്കി പരിപാലിക്കുന്നുണ്ട്. പരിശോധന റിപ്പോർട്ട് യഥാസമയം ചീഫ് എഞ്ചിനീയർക്ക് നൽകുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ നൽകി യഥാസമയം റോഡ് സഞ്ചാരയോഗ്യമാക്കി പരിപാലിക്കുന്നുണ്ട്.

(സി) പൊതുമരാമത്ത് വകുപ്പിൻകീഴിലുള്ള റോഡുകളിൽ നിലവിൽ പരിശോധന നടത്താത്തതിനും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനും ശിക്ഷണ നടപടികൾ എടുക്കേണ്ട സാഹചര്യം ഉണ്ടായിട്ടില്ല. ഇത്തരം സാഹചര്യം ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കും. കൂടാതെ റോഡിന്റെ പരിപാലനത്തിനും റോഡിലൂടെയുള്ള ഗതാഗതത്തിനും തടസ്സം സൃഷ്ടിക്കുന്ന തരത്തിലുള്ള സംഗതികൾ ശ്രദ്ധയിൽപ്പെട്ടാൽ യഥാസമയം നടപടി സ്വീകരിക്കാത്ത ഉദ്യോഗസ്ഥന്റെമേൽ നടപടി സ്വീകരിക്കുന്നതിന് നിഷ്കർഷിച്ചുകൊണ്ട് 3-9-2016-ലെ സ.ഉ.(കൈ)നമ്പർ63/16/പൊ.മ.വ പ്രകാരം ഉത്തരവായിട്ടുണ്ട്.

**പൊതുമരാമത്ത് വകുപ്പിലെ കരാറുകാരുടെ കുടിശ്ശിക വിതരണം**

74 (3604) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പൊതുമരാമത്ത് വകുപ്പിലെ കരാറുകാർക്ക് നിലവിൽ നൽകുവാനുള്ള കുടിശ്ശിക എത്രയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിൽ 2016 ജനുവരി മുതൽ 2016 ഏപ്രിൽ വരെ 245.10 കോടി രൂപയും നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 2015 ഒക്ടോബർ മുതൽ 2016 ഏപ്രിൽ വരെ 948.10 കോടി രൂപയും ദേശീയ പാത വിഭാഗത്തിൽ പദ്ധതിയിനത്തിൽ 41.32 കോടി രൂപയും പദ്ധതിയിതര ഇനത്തിൽ 1.42 കോടി രൂപയും അറ്റകുറ്റപ്പണികൾക്കായി സംസ്ഥാനത്തിൽനിന്നും

1.42 കോടി രൂപയും കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിൽ നിന്നുള്ളതിൽ 8.88 കോടി രൂപയും കുടിശ്ശികയുണ്ട്. (ആകെ 1246.24 കോടി)

**പൊതുമരാമത്ത് വകുപ്പിൽ വിജിലൻസ് അന്വേഷണം**

75 (3605) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. കോവൂർ കുഞ്ഞുമോൻ :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡ് നിർമ്മാണത്തിലും കെട്ടിട നിർമ്മാണത്തിലും കരാറുകാരും ഉദ്യോഗസ്ഥന്മാരും ഒത്തുകളിച്ച് അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കാനും സുതാര്യവും അഴിമതി വിമുക്തമാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ഡി) പൊതുമരാമത്ത് വകുപ്പിന്റെ ആർക്കിടെക്ച്ചർ വിംഗിനെ ശാക്തീകരിക്കാൻ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിൽ റോഡ് നിർമ്മാണത്തിലും കെട്ടിട നിർമ്മാണത്തിലും കരാറുകാരും ഉദ്യോഗസ്ഥന്മാരും ഒത്തുകളിച്ച് അഴിമതി നടത്തിയതിന്റെ പേരിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി നിരവധി കേസുകളിൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ലഭ്യമാക്കിയ ഒരു സിസ്റ്റം സ്റ്റഡി റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത വിഷയത്തിൽ ഈ വകുപ്പിൽ ധാരാളം റിപ്പോർട്ടുകൾ ലഭ്യമായിട്ടുള്ളതിനാൽ വർഷം, ജില്ല, വിഷയം എന്നിവ തിരിച്ചുള്ള കേസിന്റെ വിശദാംശം ലഭ്യമാക്കിയാൽ ആയതിന്റെ പകർപ്പ് നൽകുന്നതാണ്.

(സി) പൊതുമരാമത്ത് വകുപ്പിനെ കാര്യക്ഷമമാക്കാൻ പൊതുമരാമത്ത് വിജിലൻസ് വിഭാഗം നടപടികൾ കൈക്കൊള്ളുന്നുണ്ട്. മിന്നൽ പരിശോധനകൾ നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ കൈക്കൊള്ളുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും വകുപ്പുതല അന്വേഷണത്തിന്റെ അടിസ്ഥാനത്തിലും 4

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എഞ്ചിനീയർമാരെ സസ്പെന്റ് ചെയ്യുകയും 8 എഞ്ചിനീയർമാരെ സ്ഥലംമാറ്റം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) 1. ഓരോ ജില്ലകളുടെയും കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട ചുമതല പൂർണ്ണമായും ഒരു ഡെപ്യൂട്ടി ആർക്കിടെക്റ്റിന് (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ) നൽകിയിട്ടുണ്ട്. ജില്ലകളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം, ജില്ലകളിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കൂടുന്ന മാസംതോറുമുള്ള അവലോകനയോഗത്തിൽ പങ്കെടുക്കുകയും നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക എന്നിവയൊക്കെ ഈ ഉദ്യോഗസ്ഥന്റെ ചുമതലയായിരിക്കും.

2. അതാത് നിയമസഭാ മണ്ഡലങ്ങളിലെ നിർമ്മാണങ്ങളുടെ വിശദാംശങ്ങൾ എം.എൽ.എ.-മാരുമായും മറ്റ് ജനപ്രതിനിധികളുമായും ചർച്ച ചെയ്തു തീരുമാനിക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട്.

3. നിർമ്മാണ പ്രവർത്തനങ്ങൾ അംഗീകരിച്ച രൂപകൽപ്പന പ്രകാരം നടക്കുന്നുവെന്ന് ഉറപ്പാക്കുവാൻ ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ട്.

4. ഇലക്ട്രിക്കൽ, ഡ്രിക്ക് എന്നീ വിഭാഗങ്ങളുമായി കൂടുതൽ സഹകരണം ഉറപ്പുവരുത്തുവാൻ അതാത് വിഭാഗത്തിന്റെ ചീഫ് എഞ്ചിനീയർ മാരുമായി ചർച്ചകൾ നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വാസ്തുശില്പ വിഭാഗം തയ്യാറാക്കുന്ന വിശദമായ രൂപകൽപ്പനയ്ക്ക് ഒപ്പം തന്നെ ഇലക്ട്രിക്കൽ, സ്ട്രക്ചറൽ ഡ്രോയിംഗുകളും തയ്യാറാക്കുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിനായി ആവശ്യമുള്ള സമയത്ത് മീറ്റിംഗുകൾ നടത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

5. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് സോഫ്റ്റ്‌വെയർ നവീകരിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

കെട്ടിട നിർമ്മാണ രംഗത്തെ നവീന സാങ്കേതികവിദ്യകളും സങ്കേതങ്ങളും മനസ്സിലാക്കുവാനും, അവ പൊതുമരാമത്ത് വകുപ്പിൻ കീഴിലെ കെട്ടിടങ്ങളിൽ പ്രയോഗിക്കുന്നതിന്റെ സാധ്യത മനസ്സിലാക്കുവാനും വാസ്തുശില്പ പ്രാധാന്യമുള്ള ഇന്ത്യയിലെ നിർമ്മിതികൾ നേരിട്ട് കണ്ട് പഠിക്കുവാനുള്ള അവസരങ്ങൾ വിംഗിലെ ഉദ്യോഗസ്ഥർക്ക് ലഭ്യമാക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പ്

ആർക്കിടെക്ച്ചറൽ വിംഗിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാതെ തന്നെ വിംഗിന്റെ കാര്യക്ഷമത കൂട്ടുവാനുള്ള നടപടികളാണ് സ്വീകരിക്കുന്നത്.

## ഫ്ലൈഓവറുകളുടെ നിർമ്മാണം

76 (3606) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുമരാമത്ത് വകുപ്പിൽ ഡി.പി.ആർ. (ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട്)എന്തിനെ അടിസ്ഥാനമാക്കിയാണ് തയ്യാറാക്കുന്നത്; വിശദമാക്കുമോ;

(ബി) തിരുവനന്തപുരത്ത് ശ്രീകാര്യം, ഉള്ളൂർ, പട്ടം, തമ്പാനൂർ എന്നിവിടങ്ങളിൽ 4 ഫ്ലൈഓവറുകളുടെ ജോലി ആരംഭിക്കുമെന്ന 24-6-2016-ലെ നയപ്രഖ്യാപന പ്രസംഗത്തിൻ പ്രകാരം എന്തൊക്കെ നടപടികൾ ഇതിലേക്കായി പൂർത്തിയായി എന്ന് വിശദീകരിക്കുമോ?

### ഉത്തരം

(എ) IRC (ഇൻഡ്യൻ റോഡ് കോൺഗ്രസ്)-യുടെ കോഡുകളും സ്പെഷ്യൽ പബ്ലിക്കേഷനും പ്രകാരമാണ് ഡി.പി.ആർ. തയ്യാറാക്കുന്നത്.

(ബി) തിരുവനന്തപുരത്ത് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനോടനുബന്ധിച്ച പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ ഫ്ലൈഓവറുകളുടെ ഡി.പി.ആർ.-കൾക്ക് വിശദ പഠനത്തിനുശേഷം സർക്കാർ 8-9-2016-ലെ ജി.ഒ.(എം.എസ്.) നമ്പർ 67/2016/പൊ.മ.വ. പ്രകാരം ഭരണാനുമതി നൽകി. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം 272.84 കോടി രൂപ ചെലവ് വരുന്ന പദ്ധതികൾക്ക് 2.77 ഹെക്ടർ സ്ഥലമേറ്റെടുപ്പിനുള്ള അനുമതിയും നൽകിയിട്ടുണ്ട്. പദ്ധതി ചെലവ് തുക KIIFB സമാഹരിച്ച് ലൈറ്റ് മെട്രോ പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) വഴി ചെലവഴിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള കൺസൾട്ടന്റായി ഡി.എം.ആർ.സി.-യെ നിയമിക്കുന്നതിനും ഉത്തരവായിട്ടുണ്ട്. ശ്രീകാര്യം, ഉള്ളൂർ, പട്ടം എന്നീ ഫ്ലൈഓവറുകളുടെ സ്ഥലമേറ്റെടുപ്പിനുള്ള വിശദാംശം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് കൈമാറിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ലൈറ്റ് മെട്രോ പദ്ധതിയുടെ ഭാഗമായി തമ്പാനൂർ മേൽപ്പാലം നിർമ്മിക്കുന്നതിനുള്ള പഠനം ആരംഭിച്ചിട്ടുണ്ട്. ഡി.എം.ആർ.സി., നാറ്റ്പാക് എന്നീ സ്ഥാപനങ്ങളുടെ

സേവനം ഉപയോഗിച്ചുകൊണ്ടാണ് പ്രസ്തുത പഠനം നടക്കുന്നത്. പ്രസ്തുത പഠനം പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള തുടർനടപടികൾ ആരംഭിക്കുന്നതാണ്.

## വർക്കലയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ബിൽഡിംഗ്സ്) ഓഫീസ്

77 (3607) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല താലൂക്കിൽ പൊതുമരാമത്തു വകുപ്പ് അസിസ്റ്റന്റ് എഞ്ചിനീയർ (ബിൽഡിംഗ്സ്) ഓഫീസ് നിലവിലില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വർക്കല മണ്ഡലത്തിലെ കെട്ടിടങ്ങളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് ചിറയിൻകീഴ് മണ്ഡലത്തിലെ എ.ഇ. ഓഫീസിനെ ആശ്രയിക്കുന്നത് പ്രവർത്തനങ്ങൾക്ക് പ്രയാസം സൃഷ്ടിക്കുന്നുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ, വർക്കലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ (ബിൽഡിംഗ്സ്) ഓഫീസ് തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പരിശോധിക്കാവുന്നതാണ്.

(സി) വർക്കലയിൽ പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ (ബിൽഡിംഗ്സ്) ഓഫീസ് തുടങ്ങുന്ന കാര്യം പരിശോധിക്കും.

## കരുനാഗപ്പള്ളി പുത്തൻതെരുവ്-തുറയിൽ കടവ് റോഡിന്റെ ടാറിംഗ്

78 (3608) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ പുത്തൻതെരുവ്- തുറയിൽ കടവ് റോഡിന്റെ ടാറിംഗിന് ലഭിച്ച ഭരണാനുമതിയുടെ കാലാവധി എന്നുവരെയാണുള്ളത്; ഈ റോഡിന്റെ ടാറിംഗ് ജോലികൾ ആരംഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ ;

(ബി) ഈ റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്; എത്ര കി.മീ. ദൂരം ടാറിംഗും അനുബന്ധ ജോലികളും

നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു; വിശദമാക്കുമോ;

(സി) ഇതിന്റെ ടാറിംഗും അനുബന്ധ പ്രവൃത്തികളും എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) പുത്തൻതെരുവ്, തുറയിൽകടവ് റോഡിന് 14-7-2014-നാണ് ഭരണാനുമതി നൽകിയത്. 12-6-2015-ന് ടെണ്ടർ നടപടി പൂർത്തിയാക്കിയതിനാൽ ഭരണാനുമതിയുടെ കാലാവധി കഴിയുന്നില്ല. ഈ റോഡിന്റെ ടാറിംഗ് പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ബി) ടി റോഡിന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 14-7-2014-ലെ ജി.ഒ. (ആർ.ടി.)നമ്പർ 993/2014/പൊ.മ.വ. നമ്പർ ഉത്തരവ് പ്രകാരം 250 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി. ഈ റോഡിന്റെ ആകെ ദൂരം 4 കിലോമീറ്ററാണ് (0/000 മുതൽ 4/000 വരെ). ഈ വേലയിൽ ബി.എം.ആന്റ് ബി.സി. പ്രകാരം 2.750 കിലോമീറ്റർ ടാറിംഗും നിലവിലുള്ള ഇടുങ്ങിയ കലുങ്കുകളുടെ വീതി കൂട്ടലും ഓട നിർമ്മാണവും റോഡ് മാർക്കിംഗുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) നടപടി സ്വീകരിക്കുന്നതാണ്. ടി പ്രവൃത്തി ചെയ്യുന്നതിന് തെരഞ്ഞെടുത്ത കരാറുകാരനുമായി എഗ്രിമെന്റ് ഒപ്പ് വച്ചിട്ടുണ്ട്. വേല തുടങ്ങുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ചുവരുന്നു.

**ടോൾബൂത്തുകളിലെ പിരിവ്**

79 (3609) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം റോഡുകളിലെ ടോൾബൂത്തുകളിലെ പിരിവ് അവസാനിപ്പിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(ബി) എത്ര നാളുകളായി പ്രസ്തുത ടോൾബൂത്തുകളിൽ പിരിവ് നടന്നിരുന്നു;

(സി) കാലാവധി കഴിഞ്ഞിട്ടും ടോൾപിരിവ് നടക്കുന്ന കേന്ദ്രങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത കേന്ദ്രങ്ങളിലെ ടോൾ പിരിവ് ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ടോൾ പിരിവ് നടത്തിവന്നിരുന്ന തൃപ്പൂണിത്തുറ

മിനി ബൈപ്പാസിലെ തട്ടപ്പള്ളി-കാട്ടുപുഴ പാലത്തിന്റെ ടോൾ പിരിവ് 24-9-2016 തീയതിയിലെ സ.ഉ.(സാധാ) നമ്പർ 1308/2016/പൊ.മ.വ. പ്രകാരം 24-9-2016 അർദ്ധരാത്രി മുതൽ നിർത്തലാക്കിയിട്ടുണ്ട്. ദേശീയപാത തിരുവനന്തപുരം ബൈപ്പാസിലെ ആക്കുളം പാലത്തിന്റെ ടോൾ പിരിവ് 8-9-2016-നും, ദേശീയപാത 17-ൽ കി.മീ. 431/500-ലെ വരാപ്പുഴ പാലത്തിന്റെ ടോൾ പിരിവ് 8-9-2016-നും, ദേശീയപാത 47 എ-ൽ കി.മീ. 5/800-ലെ കുണ്ടന്നൂർ പാലത്തിന്റെ ടോൾ പിരിവ് 1-7-2017-നും കണ്ണൂർ ജില്ലയിലെ പടന്നക്കാട് റെയിൽവേ ഓവർബ്രിഡ്ജിന്റെ ടോൾ പിരിവ് 8-10-2016-നും അവസാനിപ്പിച്ചിട്ടുണ്ട്.

(ബി) തട്ടപ്പള്ളി-കാട്ടുപുഴ പാലത്തിന്റെ ടോൾ-1-10-2012 മുതൽ 24-9-2016 വരെ

ആക്കുളം ടോൾ - 25-2-2004 മുതൽ 8-9-2016 വരെ

വരാപ്പുഴ ടോൾ - 16-1-2001 മുതൽ 8-9-2016 വരെ

കുണ്ടന്നൂർ - 4-1-2000 മുതൽ 1-7-2016 വരെ

പടന്നക്കാട് റെയിൽവേ ഓവർബ്രിഡ്ജ് -27-9-2012 മുതൽ 8-10-2016 വരെ

(സി) പൊതുമരാമത്ത് വകുപ്പിന്റെ അധികാരപരിധിയിലുള്ള ഒരു പാലത്തിലും കാലാവധി കഴിഞ്ഞശേഷം ടോൾ പിരിവ് നടക്കുന്നില്ല.

## നാലുവരിപ്പാതയുടെ നിർമ്മാണത്തിന് കാസർഗോഡ് ജില്ലയിലെ സ്ഥലമെടുപ്പ്

80 (3610) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാലുവരിപ്പാതയുടെ നിർമ്മാണത്തിന് കാസർഗോഡ് ജില്ലയിൽ സ്ഥലമെടുപ്പ പൂർത്തിയായിട്ടുണ്ടോ; എങ്കിൽ എത്ര സ്വകാര്യ വ്യക്തികളുടെ എത്ര സ്ഥലമാണ് അക്വയർ ചെയ്യുന്നതെന്നും ഇവർക്കു നൽകുന്ന നഷ്ടപരിഹാരത്തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാതയ്ക്ക് റോഡിന്റെ ഇരുവശങ്ങളിൽ നിന്നും സ്ഥലമെടുക്കാതെ ഒരു വശത്ത് നിന്ന് മാത്രം സ്ഥലമെടുക്കാൻ തീരുമാനിച്ചത് പക്ഷപാതപരമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: ഇക്കാര്യത്തിൽ അന്വേഷണം നടത്തി തുല്യനീതി നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ;

(സി) സർക്കാർ ഭൂമി യഥേഷ്ടം ലഭ്യമാണെങ്കിലും സ്വകാര്യ വ്യക്തികളുടെ ഭൂമി മാത്രമാണ് നാലുവരിപ്പാതയ്ക്ക് അക്വയർ ചെയ്യുന്നതെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേക്കുറിച്ചും അന്വേഷിച്ച് നീതിപൂർവ്വമായ നടപടികൾ സ്വീകരിക്കാൻ തയ്യാറാകുമോ ;

(ഡി) നാലുവരിപ്പാത കടന്നുവരുന്ന കാസർഗോഡ് പുതിയ ബസ്സ്റ്റാന്റ് ഭാഗത്ത് ഫ്ലൈഓവർ നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ; മറ്റു പ്രധാനപട്ടണങ്ങളിൽ വാണിജ്യ കേന്ദ്രങ്ങളെ ഒഴിവാക്കുന്നതിനുവേണ്ടി ബൈപ്പാസ് നിർമ്മിച്ചത് പോലെ കാസർഗോഡ് ബൈപ്പാസ് നിർമ്മിക്കാൻ ആലോചനയുണ്ടോ?

ഉത്തരം

(എ-സി) നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ, ദേശീയപാത മാനദണ്ഡ പ്രകാരം അലൈൻമെന്റ് തയ്യാറാക്കിയാണ് കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാതയ്ക്ക് സ്ഥലം ഏറ്റെടുക്കുന്നത്. നാലുവരിപ്പാതയുടെ നിർമ്മാണത്തിന് കാസർഗോഡ് ജില്ലയിൽ സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായിട്ടില്ല. സ്ഥലമെടുപ്പ് നടപടികൾ പൂർത്തിയായാൽ മാത്രമേ ഇതുസംബന്ധിച്ച മറ്റ് വിശദാംശങ്ങൾ ലഭ്യമാകുകയുള്ളൂ.

(ഡി) കാസർഗോഡ് ജില്ലയിൽ നാലുവരിപ്പാത നിർമ്മാണത്തിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ M/s. AECOM Consultants എന്ന ഏജൻസിയെ ഏൽപ്പിച്ച് തയ്യാറാക്കി വരികയാണ്. ഡി.പി.ആർ. കിട്ടിയാലേ ഫ്ലൈഓവറിന്റെയും, ബൈപ്പാസിന്റേയുമൊക്കെ പദ്ധതികളെ കുറിച്ച് അറിയാൻ കഴിയുകയുള്ളൂ.

## പി. ഡബ്ല്യു.ഡി.-യിൽ നിർബന്ധപൂർവ്വമായ സ്ഥിരം പുനർവിന്യാസം ഒഴിവാക്കാൻ നടപടി

81 (3611) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.ഡബ്ല്യു.ഡി. വകുപ്പിൽനിന്നും 564 മിനിസ്റ്റീരിയൽ തസ്തികകൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വകുപ്പിലേക്ക് 2008-ൽ വിട്ടു കൊടുക്കുകയുണ്ടായോ;

(ബി) ഓപ്ഷൻ പ്രകാരം ആവശ്യമായ ജീവനക്കാരെ ലഭിക്കാത്തതിനാൽ പി.ഡബ്ല്യു.ഡി.യിലെ ജൂനിയറായ ജീവനക്കാരെ നിർബന്ധപൂർവ്വം എൽ.എസ്.ജി.ഡി.-യിലേക്ക് മാറ്റാൻ തീരുമാനിച്ചിരുന്നോ;

(സി) ജീവനക്കാരുടെ പരാതിയെത്തുടർന്ന് നിർബന്ധപൂർവ്വമായ നിയമനം ഒഴിവാക്കി പി.എസ്.സി.-യിൽ നിന്ന് നേരിട്ട് നിയമനം നൽകിയിരുന്നത് ശ്രദ്ധിച്ചിട്ടുണ്ടോ;

(ഡി) ജൂനിയറായവരുടെ നിർബന്ധപൂർവ്വമുള്ള മാറ്റം പുനഃപരിശോധിക്കുന്നതിന്

സെക്രട്ടറിതല സമിതി നൽകിയ ശിപാർശ ഏത് ഘട്ടത്തിലാണ്;

(ഇ) പി.ഡബ്ല്യു.ഡി.-യിൽ നിന്നും എൽ.എസ്.ജി.ഡി.യ്ക്ക് വിട്ട് നൽകിയ മുഴുവൻ തസ്തികയും പി.എസ്.സി. വഴി നിയമിച്ചത് കണക്കിലെടുത്ത് നിർബന്ധപൂർവ്വമായ സ്ഥിരം പുനർവിന്യാസ നടപടി നടത്തുന്നത് ഒഴിവാക്കുമോ?

ഉത്തരം

(എ) അതെ.

(ബി) തീരുമാനിച്ചിരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഈ വിഷയം പരിശോധിച്ചുവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിൽ ഇല്ല.

**ആധാരം സ്വയം എഴുതാമെന്ന ഉത്തരവ്**

82 (3612) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം സ്വയം എഴുതാമെന്ന ഉത്തരവ് പിൻവലിക്കുന്നതു സംബന്ധിച്ച് കൂടുതൽ പഠനം നടത്തുന്നതിനായി കമ്മീഷനെ ചുമതലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ കമ്മീഷന്റെ ഘടന എങ്ങിനെയായിരിക്കും; വിശദാംശങ്ങൾ നൽകുമോ;

(സി) ഇക്കാര്യം പുനഃപരിശോധിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ച ഘടകങ്ങൾ ഏതൊക്കെ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ&ബി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.3/30120-ാം നമ്പർ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കേരളത്തിൽ വസ്തു വാങ്ങുന്ന ആളിനും വിൽക്കുന്ന ആളിനും ആധാരം തയ്യാറാക്കുന്നതിനുള്ള അധികാരം സിദ്ധിച്ചിരുന്നു. ഇതുസംബന്ധിച്ച് ആധാരമെഴുത്ത് മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ പരാതികൾ ഉയർന്നുവന്ന സാഹചര്യത്തിൽ, നികുതി വകുപ്പ് അഡീഷണൽ സെക്രട്ടറി

കൺവീനറും രജിസ്ട്രേഷൻ ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ (ലൈസൻസിംഗ്), ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് & സ്ക്രൈബ് ലൈസൻസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ശ്രീ. പി. കെ. ഇന്ദുകലാധരൻ, കേരള സ്റ്റേറ്റ് ഡോക്യുമെന്റ് വർക്കേഴ്സ് യൂണിയൻ ജോയിന്റ് കൺവീനർ ശ്രീ. പോത്തൻകോട് ഹരിദാസ് എന്നിവർ അംഗങ്ങളായി ഒരു മാസത്തെ കാലാവധിയിൽ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

(സി) രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.3/30120-ാം നമ്പർ പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ കേരളത്തിൽ വസ്തു വാങ്ങുന്ന ആളിനും വിൽക്കുന്ന ആളിനും ആധാരം തയ്യാറാക്കുന്നതിനുള്ള അധികാരം സിദ്ധിച്ചതുമായി ബന്ധപ്പെട്ട് ആധാരമെഴുത്ത് മേഖലയിൽ തൊഴിൽ ചെയ്യുന്നവരുടെ പരാതികൾ ഉയർന്നുവന്ന സാഹചര്യമാണ് കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണിക്കാൻ സർക്കാരിനെ പ്രേരിപ്പിച്ചത്.

**സ്വയം എഴുതി തയ്യാറാക്കുന്ന ആധാരങ്ങൾ**

83 (3613) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലൈസൻസുള്ള ആധാരം എഴുത്തുകാരെ കൂടാതെ സ്വന്തമായി ആധാരം എഴുതാമെന്നുള്ള നിയമം എന്നാണ് പ്രബല്യത്തിൽ വന്നത്; ഇതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) കേരളത്തിൽ ആകമാനം എത്ര രജിസ്റ്റേർഡ് (ലൈസൻസുള്ള) ആധാര മെഴുത്തുകാരാണ് നിലവിൽ ഉണ്ടായിരുന്നത്; ജില്ല തിരിച്ച് എണ്ണം വെളിപ്പെടുത്തുമോ;

(സി) പല ബാങ്കുകളിലും മറ്റും സ്വന്തമായി എഴുതി രജിസ്റ്റർ ചെയ്ത ആധാരങ്ങൾ സ്വീകരിക്കാൻ ബാങ്കുകാർ മടികാണിക്കുന്നതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ഡി) ആധാരമെഴുത്തുകാരുടെ സംഘടന, സമരത്തിന്റെ ഭാഗമായി സർക്കാരുമായി ഏതെങ്കിലും വിധത്തിലുള്ള ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ഇ) ലൈസൻസുള്ള ആധാരമെഴുത്തുകാരെ ഒഴിവാക്കി സ്വന്തമായി ആധാരം രജിസ്റ്റർ ചെയ്യുന്നതുമൂലം സർക്കാരിന് നേട്ടമാണോ, അതോ കോട്ടമാണോ ഉണ്ടായിട്ടുള്ളതെന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) 31-5-2016 തീയതിയിലെ കേരള ഗസറ്റിൽ (വാല്യം 5, നമ്പർ 22,

പാർട്ട് III) പ്രസിദ്ധപ്പെടുത്തിയ 1-3-2016-ലെ ഐ.ടി.(3)-30120/2010 നമ്പർ വിജ്ഞാപന പ്രകാരമാണ് ആധാരവുമായി ബന്ധപ്പെട്ട "Executent-നും Claiment"-നും സ്വന്തമായി ആധാരം എഴുതാമെന്നുള്ള കേരള ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതി പ്രാബല്യത്തിൽ വന്നത്. കോപ്പി ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. (അനുബന്ധം 1)*

(ബി) 30-4-2015 തീയതിയിലെ കേരളത്തിൽ ആകമാനമുള്ള രജിസ്റ്റേർഡ് (ലൈസൻസ് ഉള്ള) ആധാരമെഴുത്തുകാരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. (അനുബന്ധം 2)*

(സി) സ്വയം തയ്യാറാക്കി എന്ന കാരണത്താൽ ബാങ്കുകൾ ആധാരങ്ങൾ സ്വീകരിക്കാൻ മടികാണിക്കുന്നത് സംബന്ധിച്ച് പരാതികളൊന്നും നാളിതുവരെ പൊതുജനങ്ങളിൽനിന്ന് വകുപ്പിന് ലഭിച്ചിട്ടില്ല.

(ഡി) അവരുടെ ആവശ്യപ്രകാരം 19-10-2016-ൽ ചർച്ച നടത്തിയിട്ടുണ്ട്.

(ഇ) സർക്കാർ മേഖലയിലെ സുതാര്യത, കാര്യക്ഷമത, വേഗത, അഴിമതി നിർമ്മാർജ്ജനം, ഇടനിലക്കാരെ ഒഴിവാക്കൽ, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നിവ ലക്ഷ്യമാക്കി നടപ്പാക്കിയ പരിഷ്കാരത്തിലൂടെ സർക്കാരിനുണ്ടായ നേട്ടവും കോട്ടവും സംബന്ധിച്ച് സമഗ്രമായി വിലയിരുത്തിയിട്ടില്ല.

## സബ് രജിസ്ട്രാർ ഓഫീസുകളിൽ കമ്പ്യൂട്ടറുകൾ ലഭ്യമാക്കാൻ നടപടി

84 (3614) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ സബ്ബ് രജിസ്ട്രാർ ഓഫീസുകളിൽ ആവശ്യത്തിന് കമ്പ്യൂട്ടറുകൾ ഇല്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കമ്പ്യൂട്ടറുകൾ നൽകുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപ്പ് സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടർവത്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിൽനിന്നും വ്യാജരേഖ ചമച്ച്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## പണം തട്ടിപ്പ്

85 (3615) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവല്ലം സബ് രജിസ്ട്രാർ ഓഫീസിൽ നിന്ന് ട്രഷറിയിൽ അടക്കാൻ നൽകിയ 53 ലക്ഷം രൂപ വ്യാജ രേഖ ചമച്ച് തട്ടി എടുത്ത സംഭവം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതുസംബന്ധമായ കേസ് അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കുമോ;

(സി) കേസിൽ എത്ര പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്തിട്ടുണ്ട്; കേസന്വേഷണത്തിന്റെ ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) സമാന രീതിയിലുള്ള തട്ടിപ്പുകൾ സംസ്ഥാനത്തെ മറ്റ് രജിസ്ട്രാർ ഓഫീസുകളിൽ നടന്നിട്ടുണ്ടോ എന്ന പരിശോധിക്കുമോ;

(ഇ) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് ഇതിനകം കൈക്കൊണ്ട നടപടികൾ എന്തൊക്കെ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേസ് അന്വേഷണം നടന്നുവരികയാണ്. കേസിൽ ഉൾപ്പെട്ടിട്ടുള്ള 4 പ്രതികളെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുണ്ട്.

(സി) മൂന്ന് ഓഫീസ് അറ്റൻഡന്റുമാരുൾപ്പെടെ നാല് പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. നിലവിൽ നേമം സർക്കിൾ ഇൻസ്പെക്ടർ ആണ് കേസന്വേഷണത്തിന്റെ ചുമതല വഹിച്ചുവരുന്നത്.

(ഡി) സമാനരീതിയിലുള്ള തട്ടിപ്പുകൾ വല്ലതും നടന്നിട്ടുണ്ടോ എന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ രജിസ്ട്രാർമാരോടും നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) തിരുവല്ലം സബ് രജിസ്ട്രാർ ആഫീസിലെ റവന്യൂ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർ (ആഡിറ്റ്)-നോടും സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പരിശോധന നടത്തി ഇത്തരത്തിലുള്ള ക്രമക്കേടുകൾ നടന്നിട്ടുണ്ടോയെന്ന് പരിശോധിച്ച് വിവരം

റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ രജിസ്ട്രാർമാരോടും നിർദ്ദേശിച്ചിട്ടുണ്ട്. കൂടാതെ ഈ ഗുരുതരമായ സാമ്പത്തിക ക്രമക്കേട് വ്യക്തമാക്കിക്കൊണ്ട് ഡയറക്ടർ ജനറൽ ഓഫ് പോലീസിനും, തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്കും കത്ത് നൽകിയിട്ടുണ്ട്. കൂടാതെ കുറ്റക്കാർക്കെതിരെ അന്വേഷണം നടത്തുന്നതിനും മറ്റ് സബ് രജിസ്ട്രാർ ഓഫീസുകളിൽ പരിശോധന നടത്തുന്നതിനും വിജിലൻസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സ്വന്തമായി ആധാരം തയ്യാറാക്കാൻ വേണ്ട സഹായങ്ങൾ**

86 (3616) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്വന്തമായി ആധാരം തയ്യാറാക്കാൻ വേണ്ട സഹായങ്ങൾ ലഭിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ; ഇല്ലെങ്കിൽ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കുമോ?

ഉത്തരം

കക്ഷികൾക്ക് സ്വന്തമായി ആധാരം തയ്യാറാക്കുന്നതിനുവേണ്ടി, പ്രമാണങ്ങളുടെ മാതൃകകൾ രജിസ്ട്രേഷൻ വകുപ്പിന്റെ www.keralaregistration.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ മേൽ മാതൃകാധാരങ്ങൾ അടിസ്ഥാനമാക്കി, ആധാരങ്ങൾ തയ്യാറാക്കുമ്പോൾ സ്വീകരിക്കേണ്ട നടപടിക്രമങ്ങളും വ്യവസ്ഥകളും സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെട്ട സർക്കുലറും വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (സർക്കുലർ നമ്പർ ഐ.റ്റി.3/30120/10 തീയതി 12-8-2016)

**കോഴിക്കോട് ജില്ലയിൽ സബ് രജിസ്ട്രാർ ഓഫീസുകളിലെ കമ്പ്യൂട്ടറുകൾ**

87 (3617) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2016 ഫെബ്രുവരി മാസത്തിൽ കോഴിക്കോട് ജില്ലയിൽ ഓൺലൈൻ രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചതിനുശേഷം എത്ര കംപ്യൂട്ടറുകൾ ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ അനുവദിച്ചിട്ടുണ്ട് എന്നത് വ്യക്തമാക്കാമോ ;

(ബി) സബ് രജിസ്ട്രാർ ആഫീസുകളിൽനിന്നും പൊതുജനങ്ങൾക്ക് സേവനം സുഗമമായി നൽകുന്നതിന് കുറഞ്ഞത് അഞ്ച് കംപ്യൂട്ടറുകളെങ്കിലും ആവശ്യമാണെ

ന്നിരിക്കെ, കോഴിക്കോട് ജില്ലയിലെ എത്ര സബ് രജിസ്ട്രാർ ഓഫീസുകൾ മൂന്നോ അതിൽ കുറവോ കംപ്യൂട്ടറുകൾ മാത്രമുപയോഗിച്ച് പ്രവർത്തിച്ചുവരുന്നു എന്നത് വ്യക്തമാക്കാമോ; ഇത് ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോഴിക്കോട് ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിലെ കംപ്യൂട്ടറുകളുടെ അപര്യാപ്തത പരിഹരിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016 ഫെബ്രുവരി മാസത്തിൽ കോഴിക്കോട് ജില്ലയിൽ ഓൺലൈൻ നടപടികൾ ആരംഭിച്ചതിനുശേഷം 9 കമ്പ്യൂട്ടറുകൾ ജില്ലയിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ അനുവദിച്ചിട്ടുണ്ട്.

(ബി) മൂന്നോ അതിൽ കുറവോ കമ്പ്യൂട്ടറുകൾ മാത്രമുപയോഗിച്ചു പ്രവർത്തിച്ചു വരുന്ന 33 സബ് രജിസ്ട്രാർ ഓഫീസുകൾ കോഴിക്കോട് ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കമ്പ്യൂട്ടറുകളുടെ അപര്യാപ്തത ബന്ധപ്പെട്ട സബ് രജിസ്ട്രാർ ഓഫീസുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നടപ്പ് സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ കമ്പ്യൂട്ടർവത്കരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**രജിസ്ട്രേഷൻ വകുപ്പിനെ അഴിമതി മുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ**

88 (3618) ശ്രീ. റോജി എം. ജോൺ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രജിസ്ട്രേഷൻ വകുപ്പിനെ അഴിമതി മുക്തമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം രജിസ്ട്രേഷൻ വകുപ്പിൽ അഴിമതിക്കാരായ എത്ര ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെച്ച ജീവനക്കാർക്ക് ഈ കാലയളവിൽ ഗുഡ്സ് സർവ്വീസ് എൻട്രി നൽകിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) പൊതുജനങ്ങൾക്ക് ജീവനക്കാരെ സമീപിക്കാതെ അപേക്ഷകൾ നേരിട്ട് സമർപ്പിക്കുന്നതിനും ഫീസ് ഒടുക്കുന്നതിനും ഉള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിൽ നിലവിലുള്ള ഫീസ് നിരക്കുകൾ ഓഫീസ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നുണ്ട്. ആധാരം സ്വയം തയ്യാറാക്കി രജിസ്ട്രേഷന് ഹാജരാക്കുവാനുള്ള സൗകര്യം പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) 9 ജിവനക്കാരെ അന്വേഷണ വിധേയമായി സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്തിട്ടുണ്ട്. 3 സബ് രജിസ്ട്രാർമാർ ഉൾപ്പെടെയുള്ള ടി ജീവനക്കാർക്കെതിരായി അച്ചടക്ക നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

**ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടൽ**

89 (3619) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ആധാരമെഴുത്തുകാർ തിരുവോണ നാളിൽ ഉപവാസ സമരം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനു വഴിയൊരുക്കിയ സാഹചര്യം വ്യക്തമാക്കാമോ ;

(ബി) ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടുന്ന രീതിയിലുള്ള നയപ്രഖ്യാപനമോ ഉത്തരവുകളോ അടുത്ത കാലത്തുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ വ്യക്തമാക്കാമോ ;

(സി) വാങ്ങുന്ന കക്ഷിക്കും വില്ക്കുന്ന കക്ഷിക്കും ആധാരം സ്വയം എഴുതി രജിസ്റ്റാക്കുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവന്നിട്ടുണ്ടോ; ഇല്ലെങ്കിൽ കൊണ്ടു വരാൻ ഉദ്ദേശ്യമുണ്ടോ ;

(ഡി) വസ്തു രജിസ്ട്രേഷൻ നിലവിൽ വന്ന കാലം മുതൽ, സൂക്ഷ്മതയോടെയും സുതാര്യതയോടെയും വ്യക്തതയോടെയും കുറ്റമറ്റ രീതിയിൽ തൊഴിലിൽ ഏർപ്പെട്ടിരുന്ന ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടാതിരിക്കാൻ ശ്രദ്ധിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ആധാരം തയ്യാറാക്കുന്നതിന് ആധാരം എഴുതിക്കൊടുക്കുന്നയാൾക്കും, എഴുതിവാങ്ങുന്നയാൾക്കും അനുവാദം നല്കിക്കൊണ്ട് 1960-ലെ കേരള ആധാരമെഴുത്തുകാരുടെ ലൈസൻസ് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയ നടപടി പിൻവലിക്കണമെന്ന

ആവശ്യം ഉന്നയിച്ചാണ് ഉപവാസ സമരം തുടങ്ങിയത്.

(ബി) കേരളത്തിൽ രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങൾക്ക് ഏകീകൃത രൂപം നൽകുന്നതിനായി 19 വിവിധ തരം ആധാര മാതൃകകൾ സർക്കാർ പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത മാതൃകകൾ ഉപയോഗപ്പെടുത്തി വസ്തു വാങ്ങുന്നയാളിനും വിൽക്കുന്നയാളിനും സ്വയം ആധാരം തയ്യാറാക്കാൻ അനുമതി നൽകിക്കൊണ്ട് 1960-ലെ ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങൾ ഭേദഗതി വരുത്തിക്കൊണ്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.3-30120-ാം നമ്പർ ഉത്തരവ് 591-ാം നമ്പരായി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. വിവര സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തി സർക്കാർ മേഖലയിൽ സർക്കാർ സേവനങ്ങൾക്ക് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിനുള്ള ദേശീയ നയപരിപാടികളുടെ ചുവടുപിടിച്ചാണ് ഈ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. പഞ്ചാബ്, തെലുങ്കാന, ആന്ധ്രാപ്രദേശ്, ഹരിയാന, തമിഴ്നാട്, ബീഹാർ, ഡൽഹി എന്നീ സംസ്ഥാനങ്ങളിൽ നടത്തിയ ചട്ട ഭേദഗതിയുടെ മാതൃകയിലാണ് പ്രസ്തുത ചട്ട ഭേദഗതി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത്. ചട്ടപ്രകാരം നിലവിൽ ആധാരമെഴുത്തുകാർക്കും വക്കീലന്മാർക്കും പുറമെ വസ്തു വാങ്ങുന്നയാളിനും വിൽക്കുന്നയാളിനും കൂടി സ്വയം ആധാരം തയ്യാറാക്കാവുന്നതാണ്.

(സി) വസ്തു വാങ്ങുന്നയാളിനും വിൽക്കുന്നയാളിനും സ്വയം ആധാരം തയ്യാറാക്കാൻ അനുമതി നൽകിക്കൊണ്ട് 1960-ലെ ആധാരമെഴുത്ത് ലൈസൻസ് ചട്ടങ്ങൾ ഭേദഗതി വരുത്തിക്കൊണ്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 1-3-2016-ലെ ഐ.റ്റി.3-30120-ാം നമ്പർ ഉത്തരവ് 591-ാം നമ്പരായി സർക്കാർ ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ഡി) സർക്കാർ മേഖലയിലെ സുതാര്യത, കാര്യക്ഷമത, വേഗത, അഴിമതി നിർമ്മാർജ്ജനം, ഇടനിലക്കാരെ ഒഴിവാക്കൽ, നടപടിക്രമങ്ങളുടെ ലഘൂകരണം എന്നിവ ഉറപ്പ് വരുത്തുന്നതിന് സർക്കാർ മേഖലയിലാകെ നടക്കുന്ന നവീകരണത്തിന്റെ ഭാഗമായാണ് രജിസ്ട്രേഷൻ വകുപ്പിൽ ഈ പരിഷ്കാരങ്ങൾ കൊണ്ടുവന്നത്. അതിന്റെ ഫലം വിലയിരുത്തിയിട്ടില്ല.

**കായംകുളം റെയിൽവേ സ്റ്റേഷനിൽ പാർക്കിംഗ് ഷെഡ്**

90 (T* 3620) <u>ശ്രീമതി യു. പ്രതിഭ ഹരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(എ) കായംകുളം റെയിൽവേ സ്റ്റേഷനിൽ യാത്രക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സ്ഥിരമായ ഒരു പാർക്കിംഗ് ഷെഡ് സംവിധാനം ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ, ഇവിടെ ഒരു പാർക്കിംഗ് ഷെഡ് സ്ഥാപിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) കായംകുളം റെയിൽവേ സ്റ്റേഷനിൽ യാത്രക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് സ്ഥിരമായ ഒരു പാർക്കിംഗ് ഷെഡ് സ്ഥാപിക്കുന്ന വിഷയം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**കേരളത്തിൽ നിലവിൽ സംഭവിച്ചിട്ടുള്ള ട്രെയിൻ അപകടങ്ങൾ**

91 (3621) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിലവിൽ സംഭവിച്ചിട്ടുള്ള ട്രെയിൻ അപകടങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് റെയിൽവേയുമായും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ടോ ;

(ബി) നിലവിലെ കോച്ചുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കുന്നതിനും പാളങ്ങളുടെ നിലവാരം വർദ്ധിപ്പിക്കുന്നതിനുമായി റെയിൽവേയും കേന്ദ്ര സർക്കാരുമായും ബന്ധപ്പെട്ട് ചർച്ചകൾ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പാളങ്ങളുടെ നിരീക്ഷണത്തിനും മറ്റുമായി റെയിൽവേയിൽ ആവശ്യത്തിന് ജീവനക്കാർ ഇല്ലെന്നുള്ള വിവരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരളത്തിലെ ട്രെയിനുകളുടെയും യാത്രക്കാരുടെയും സുരക്ഷ സംബന്ധിച്ച് തുടരെയുണ്ടാകുന്ന അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേന്ദ്ര സർക്കാരിന്റെ അടിയന്തര ഇടപെടലിനായി അഭ്യർത്ഥിച്ചിട്ടുണ്ട്. ചെറുവത്തൂർ കറുകുറ്റി, കരുനാഗപ്പള്ളി എന്നീ റെയിൽ അപകടങ്ങളുടെ പശ്ചാത്തലത്തിൽ കേരളത്തിലെ റെയിൽവേ ട്രാക്കുകളുടെയും കോച്ചുകളുടെയും സുരക്ഷിതത്വം ഇല്ലായ്മയുടെയും സ്ഥിതി സംബന്ധിച്ച് വകുപ്പുമന്ത്രി 28-8-2016, 30-8-2016, 20-9-2016 എന്നീ തീയതികളിലും ബഹു. മുഖ്യമന്ത്രി 24-9-2016-ലും റെയിൽവേ മന്ത്രിക്ക് കത്തുകൾ അയച്ചിട്ടുണ്ട്. കറുകുറ്റിയിലും

കരുനാഗപ്പള്ളിയിലും ട്രെയിനുകൾ പാളം തെറ്റിയ സംഭവങ്ങളിൽ നിലവിലുള്ള പാളങ്ങളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും റെയിൽവേ എഞ്ചിനീയർമാരുടെ സംഘടന തിരുവനന്തപുരം ഡിവിഷനിൽ 202 പോയിന്റുകളിൽ കണ്ടെത്തിയ ഗുരുതരമായ വിള്ളലുകൾ അടിയന്തരമായി പരിഹരിക്കുന്നതിനും കാലഹരണപ്പെട്ട കോച്ചുകളും വാഗണുകളും ട്രാക്കുകളും സിഗ്നലിംഗ് സംവിധാനങ്ങളും മാറ്റുന്നതിനും പാത ഇരട്ടിപ്പിക്കൽ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഹൈടെക് കോച്ചുകൾ കേരളത്തിൽ ഓടുന്ന തീവണ്ടികളിൽ ഏർപ്പെടുത്തുന്നതിനും വേണ്ടി പ്രസ്തുത വിവരം ചൂണ്ടിക്കാട്ടി വകുപ്പുമന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്ക് 28-8-2016, 30-8-2016, 20-9-2016 എന്നീ തീയതികളിൽ കത്തയച്ചിട്ടുണ്ട്. കാലഹരണപ്പെട്ട കോച്ചുകൾ മാറ്റുന്നതിനും റെയിൽവേ ലൈനുകളുടെ തേയ്മാനവും വിള്ളലുകളും പരിഹരിക്കുന്നതിനും പുതിയ തലമുറയിൽപ്പെട്ട എൽ.എച്ച്.ബി. കോച്ചുകൾ (Linke Hofmann Busch coaches) അനുവദിക്കുന്നതിനും നിർമ്മാണ ഫാക്ടറികളിൽനിന്നുതന്നെ കോച്ചുകൾ ലഭ്യമാക്കുന്നതിനായി പ്രത്യേക ക്വാട്ട അനുവദിക്കുന്നതിനുംവേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി 24-9-2016-ൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. ഇതുകൂടാതെ വൃത്തിഹീനമായ കോച്ചുകൾ വൃത്തിയാക്കുക, യാത്രക്കാർക്ക് അടിസ്ഥാന ആവശ്യങ്ങൾ വർദ്ധിപ്പിക്കുക, പാത ഇരട്ടിപ്പിക്കൽ, വൈദ്യുതീകരണ ഗേജ്മാറ്റ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുക, സർവ്വേ പൂർത്തിയാക്കിയ റെയിൽപാതകളുടെ പണി ആരംഭിക്കുക, ഗ്രാമപ്രദേശങ്ങളിലെ സ്റ്റേഷനുകൾ ഉൾപ്പെടെ വിവിധ റെയിൽവേ സ്റ്റേഷനുകളുടെ നവീകരണം, പെനിൻസുലാർ റെയിൽവേ സോൺ, ചാർജ്ജ് വർദ്ധന പിൻവലിക്കുക, യാത്രക്കാരുടെ സുരക്ഷിതത്വം വർദ്ധിപ്പിക്കുക എന്നീ ആവശ്യങ്ങളും കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. സുരക്ഷ സംബന്ധിച്ച കാര്യങ്ങളിൽ പുനഃപരിശോധന നടത്തുന്നതിനും നിലവിലെ സ്ഥിതിയിൽ പുരോഗതി ഉണ്ടാകുന്നതിന് വേണ്ടിയും യാത്രക്കാരുടെ ആശങ്കകൾ പരിഹരിക്കുന്നതിന് വേണ്ടിയും സർക്കാർ ഈ വിഷയം അടിയന്തര പ്രാധാന്യം നൽകി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

## തീവണ്ടികളിലെ ലേഡീസ് കമ്പാർട്ട്മെന്റുകൾ

92 (3622) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2011 ഫെബ്രുവരി ഒന്നിന് എറണാകുളം-ഷൊർണ്ണൂർ പാസഞ്ചറിൽ യാത്ര ചെയ്യവേ വള്ളത്തോൾ നഗർ സ്റ്റേഷനു സമീപം തീവണ്ടിയിൽനിന്ന് തള്ളിയിട്ട് ബലാത്സംഗത്തിന് വിധേയയായി സൗമ്യ കൊലചെയ്യപ്പെട്ട സംഭവത്തിനു ശേഷം തീവണ്ടികളിലെ ലേഡീസ് കമ്പാർട്ട്മെന്റ് ഏറ്റവും പുറകിൽ ഘടിപ്പിക്കുന്നത്

ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ റെയിൽവേയോട് ആവശ്യപ്പെട്ടിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) തീവണ്ടികളിൽ ലേഡീസ് കമ്പാർട്ട്മെന്റുകൾ ഇപ്പോഴും ഏറ്റവും പുറകിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ, സ്ത്രീകളുടെ സുരക്ഷയ്ക്കായി പ്രസ്തുത നടപടി ഒഴിവാക്കുന്നതിന് റെയിൽവേയോട് വീണ്ടും ആവശ്യപ്പെടുന്നത് പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ-സി) 19-9-2011-ൽ ബഹു. കേന്ദ്ര റെയിൽവേ മന്ത്രിയും കേരള മുഖ്യമന്ത്രിയും എം.പി.-മാരും, മറ്റ് ഉദ്യോഗസ്ഥരും പങ്കെടുത്ത യോഗത്തിൽ തീവണ്ടികളിലെ ലേഡീസ് കമ്പാർട്ട്മെന്റ് മധ്യഭാഗത്തായി ഘടിപ്പിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. സ്ത്രീകളുടെ സുരക്ഷയ്ക്ക് മുൻഗണന കൊടുക്കണമെന്നും, കൂടുതൽ ലേഡീസ് കമ്പാർട്ട്മെന്റുകൾ അനുവദിക്കണമെന്നും പ്രസ്തുത യോഗത്തിൽ വച്ച് ബഹുമാനപ്പെട്ട റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടിരുന്നു.

## എ.എസ്.ഡബ്ല്യൂ.എ.എസ്. പദ്ധതി

93 (3623) <u>ശ്രീ. തോമസ് ചാണ്ടി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂളുകളിലെ എ.എസ്.ഡബ്ല്യൂ.എ.എസ്. പദ്ധതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

കല, കായികവിനോദം, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം തുടങ്ങിയ ഘടകങ്ങൾ സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതിയാണ് എ.എസ്.ഡബ്ല്യൂ.എ.എസ്.(ആശ്വാസ്). ആർട്സ് ഹബ്, വർക്ക്സെന്റർ, സ്പോർട്സ് ഹബ് എന്നിവയാണിതിന്റെ പ്രവർത്തന മേഖലകൾ. എല്ലാ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും വിവിധ കലാവിദ്യകൾ അഭ്യസിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുക എന്നതാണ് ആർട്സ് ഹബ് മുഖേന ഉദ്ദേശിച്ചിട്ടുള്ളത്. കുട്ടികളുടെ യഥാർത്ഥ താൽപ്പര്യവും, അഭിരുചിയും കണ്ടെത്തി അവർക്ക് ഉപയോഗപ്രദമായ ഭാവി കോഴ്സുകളും, ജോലികളും കണ്ടെത്തുന്നതിന് ആശ്വാസ് പദ്ധതിയുടെ ഭാഗമായ വർക്ക് സെന്റർ (തൊഴിലധിഷ്ഠിത കേന്ദ്രം) സഹായകരമാകുമെന്നാണ് കരുതിയിട്ടുള്ളത്. വിദ്യാർത്ഥികളുടെ ഭാവിജീവിതം സുരക്ഷിതമാക്കുന്നതിനായി അവരുടെ കഴിവുകളെ കണ്ടെത്തുന്നതിനും, ജീവിതത്തെ

പോസിറ്റീവായിക്കണ്ട് ശരിയായ രീതിയിൽ മുന്നേറുന്നതിന് അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സ്പോർട്സ് ഹബ് സഹായിക്കുമെന്നാണ് ആശ്വാസ് പദ്ധതിയിലൂടെ കരുതിയിട്ടുള്ളത്. 2014-15 സാമ്പത്തിക വർഷത്തിൽ ആശ്വാസ് പദ്ധതി നടപ്പിലാക്കുന്നതിനായി 9 സർക്കാർ സ്കൂളുകളെ തെരഞ്ഞെടുത്തിരുന്നുവെങ്കിലും അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിരുന്ന ഒറ്റത്തവണ അധിക കേന്ദ്ര ധനസഹായമായ 2 കോടി രൂപ ലഭിക്കാത്തതിനാൽ പദ്ധതി ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. 2015-16 സാമ്പത്തിക വർഷത്തിലും പ്രസ്തുത പദ്ധതി ആരംഭിക്കുവാൻ സാധിച്ചില്ല. എന്നാൽ 2016-17 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ആശ്വാസ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ള 500 ലക്ഷം രൂപ ഒരു അസംബ്ലി നിയോജക മണ്ഡലത്തിൽ ഏഴ് സ്കൂളുകൾ എന്ന ക്രമത്തിൽ 140 അസംബ്ലി നിയോജക മണ്ഡലങ്ങളിലായി 980 സ്കൂളുകളിൽ 50,000 രൂപ വീതം വിനിയോഗിച്ച് "ജൈവ വൈവിധ്യ ഉദ്യാനം-വിദ്യാലയങ്ങളിൽ "എന്ന പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## കെ-ടെറ്റ് പരീക്ഷയിൽ പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ

94 (3624) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 15-10-2014-ലെ 213/2014/പൊ.വി.വ. ഉത്തരവ് പ്രകാരം കെ-ടെറ്റ് പരീക്ഷ വിജയിക്കുന്നതിന് പിന്നോക്ക വിഭാഗങ്ങൾക്ക് നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) പിന്നാക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് അർഹതപ്പെട്ട ഇളവുകൾ കൃത്യമായി നൽകാത്തതുമൂലം കെ-ടെറ്റ് പരീക്ഷാ ബോർഡിന്റെ പരീക്ഷകളിൽ ഉദ്യോഗാർത്ഥികൾ പരാജയപ്പെടുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ അവ പരിശോധിക്കുവാനും അർഹതപ്പെട്ട മാർക്കിളവ് നൽകുവാനും നടപടി സ്വീകരിക്കുമോ ;

(ഡി) കെ-ടെറ്റ് പരീക്ഷകളിൽ കഴിഞ്ഞ അഞ്ച് വർഷത്തെ അപേക്ഷകരുടെയും വിജയികളുടെയും എണ്ണവും ശതമാനവും ജില്ല തിരിച്ച് വെളിപ്പെടുത്താമോ;

(ഇ) വിജയികളുടെ ജാതി തിരിച്ചുള്ള കണക്കുകളും പിന്നാക്ക ജനവിഭാഗങ്ങളുടെ മാർക്കിളവ് ആനുകൂല്യം നൽകിയതു വഴി എത്ര പേർ വിജയിച്ചുവെന്നതു സബന്ധിച്ച

ജില്ല തിരിച്ചുള്ള കണക്കുകളും ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 15-10-2014-ലെ സ.ഉ. (ആർ.ടി) നമ്പർ 213/2014/പൊ.വി.വ. ഉത്തരവ് പ്രകാരം സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിലെ എൽ.പി./യു.പി./ ഹൈസ്കൂൾ അദ്ധ്യാപകരുടെ നിയമനത്തിനായുള്ള യോഗ്യതാ മാർക്കിൽ (ടെറ്റ് ഉൾപ്പെടെ) എസ്‌സി./എസ്റ്റി./ഒ.ബി.സി./പി.എച്ച്. വിഭാഗങ്ങൾക്ക് മിനിമം മാർക്കിൽ 5 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്.

(ബി) കെ-ടെറ്റ് ഫലപ്രഖ്യാപനത്തിനുമുമ്പ് പരീക്ഷാബോർഡ് യോഗം ചേർന്ന് പരീക്ഷാഫലം വിലയിരുത്തുകയും തുടർന്ന് ബോർഡ് തീരുമാനപ്രകാരവുമാണ് പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നത്. ആയതിനാൽ പിന്നോക്ക വിഭാഗങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ഉത്തരവിന്റെ ആനുകൂല്യവും മാർക്കിളവും എല്ലാ വർഷവും ലഭിക്കാറുണ്ട്.

(സി) ബാധകമല്ല.

(ഡി) 2012 മുതലാണ് കെ-ടെറ്റ് നടന്നുവരുന്നത്. അന്ന് മുതലുള്ള ജില്ലാതലത്തിലുള്ള സ്ഥിതിവിവരക്കണക്ക് ശേഖരിച്ച് നൽകുന്നതാണ്.

(ഇ) ശേഖരിച്ച് നൽകുന്നതാണ്.

**ശ്രീ. സുധീന്ദ്രനാഥിന്റെ നിയമനാംഗീകാരം**

95 (3625) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ STTI-ൽ മ്യൂസിക് ടീച്ചറായി ജോലി ചെയ്യുന്ന ശ്രീ സുധീന്ദ്രനാഥിന് നിയമനാംഗീകാരം നല്കുന്നതു സംബന്ധിച്ച K2/53/2016/GEdn നമ്പർ ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഫയലിൽ തീരുമാനം കൈക്കൊള്ളാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ശേഷിക്കുന്നു എന്ന് അറിയിക്കുമോ;

(സി) ഇതേ വിഷയത്തിൽ 14234/K2/2015/GEdn നമ്പർ കത്തിന് B2/10945/2016 എന്ന നമ്പരിൽ 29-4-2016-ന് മലപ്പുറം ഡി.ഡി.ഇ. നല്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്രയും പെട്ടെന്ന് അനുകൂല തീരുമാനം കൈക്കൊള്ളുമോ?

<u>ഉത്തരം</u>

(എ-സി) പരിശോധിച്ചുവരുന്നു.

**അദ്ധ്യാപകരുടെ വേതനം**

96 (3626) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ പുതിയതായി അനുവദിച്ച പ്ലസ് ടു ബാച്ചിൽ പഠിപ്പിക്കുന്ന എയ്ഡഡ് സ്കൂളിലെ അദ്ധ്യാപകർക്ക് വേതനം ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) എയ്ഡഡ് സ്കൂളുകളിൽ അനുവദിച്ച പ്ലസ് ടു ബാച്ചുകളിൽ അദ്ധ്യാപക തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; ഇതിനായി നടപടി സ്വീകരിച്ചുവരുന്നുണ്ടോ;

(സി) ഇത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ വേതനം സംബന്ധിച്ച് നിലപാട് വിശദീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 2014-2015 അദ്ധ്യയന വർഷം - അനുവദിച്ച ഹയർ സെക്കണ്ടറി അഡീഷണൽ ബാച്ചുകളിൽ തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിന് സമർപ്പിച്ചപ്പോൾ സ്കൂളുകളുടെ പേര്, വിഷയാടിസ്ഥാനത്തിലുള്ള ജോലിഭാരം എന്നിവ കണക്കാക്കിയ ഹയർ സെക്കണ്ടറി ഡയറക്ടറുടെ വിശദമായ തസ്തിക സൃഷ്ടിക്കൽ റിപ്പോർട്ട് എന്നിവകൂടി ലഭ്യമാക്കാൻ പ്രസ്തുത വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് റിപ്പോർട്ട് ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പിന്റെ അഭിപ്രായം തേടുന്നതിനുള്ള പരിശോധനയിലാണ്. മേൽ വിഷയത്തിൽ തീരുമാനമെടുത്ത് ഉത്തരവ് പുറപ്പെടുവിക്കുന്ന മുറയ്ക്ക് വേതനം ലഭ്യമാക്കുന്നതാണ്.

**കെ-ടെറ്റ് പരീക്ഷാ ബോർഡിനുള്ള അധികാരങ്ങൾ**

97 (3627) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ-ടെറ്റ് പരീക്ഷാ ബോർഡിന് സർക്കാർ നൽകിയിട്ടുള്ള അധികാരങ്ങൾ വിശദീകരിക്കാമോ ;

(ബി) മാർക്കിളവ് നൽകുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാരാണെന്ന് വ്യക്തമാക്കുമോ ;

(സി) 2014-ൽ നടത്തിയ കെ-ടെറ്റ് പരീക്ഷാ കാറ്റഗറി ഒന്നിൽ അസാധുവാക്കിയ

രണ്ട് ചോദ്യങ്ങളുടെ മാർക്ക് ജനറൽ വിഭാഗത്തിന് കുറച്ച് നൽകിയെങ്കിലും സംവരണ വിഭാഗങ്ങൾക്ക് മനഃപൂർവ്വം മാർക്കിളവ് നൽകാതിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിനുത്തരവാദിയായവർക്കെതിരെ മാതൃകാപരമായ അച്ചടക്ക നടപടികൾ സ്വീകരിക്കുമോ ;

(ഇ) സംവരണ വിഭാഗങ്ങൾക്ക് നൽകി വരുന്ന ആനുകൂല്യങ്ങൾ കൃത്യമായി നൽകുന്നുണ്ടോ എന്നുറപ്പുവരുത്താൻ കെ-ടെറ്റ് പരീക്ഷാ ബോർഡിൽ പ്രത്യേക പരിശോധക സ്ക്വാഡിനെ ചുമതലപ്പെടുത്തുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സെക്രട്ടറി, പരീക്ഷാ കമ്മീഷണർ, ഡയറക്ടർ എസ്.സി.ഇ.ആർ.ടി., ഡയറക്ടർ എൽ.ബി.എസ്., പരീക്ഷാ സെക്രട്ടറി എന്നിവർ ചേർന്നതാണ് കെ-ടെറ്റ് പരീക്ഷാ ബോർഡ്. ഓരോ വർഷത്തെയും പരീക്ഷാ നടത്തിപ്പ് (മിനിമം മാർക്ക്, സംവരണ വിഭാഗങ്ങൾക്കുള്ള ഇളവ്, മോഡറേഷൻ എന്നിവയും) പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത ഉൾപ്പെടെ ഭരണപരമായി എല്ലാ തീരുമാനങ്ങളും ബോർഡ് കൂടിയാണ് തീരുമാനിക്കാറുള്ളത്.

(ബി) റിസൾട്ട് പ്രഖ്യാപനത്തിനുമുമ്പ് കെ-ടെറ്റ് പരീക്ഷാ ബോർഡ് യോഗം ചേർന്നാണ് തീരുമാനങ്ങൾ കൈക്കൊള്ളുന്നത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) സംവരണ വിഭാഗങ്ങൾക്ക് 2012-ൽ കെ-ടെറ്റ് ആരംഭിച്ചതുമുതൽ മാർക്ക് ഇളവ് നൽകി വരുന്നുണ്ട്. പരീക്ഷാ ബോർഡ് തന്നെ ഇത് നേരിട്ട് പരിശോധിക്കുന്നുണ്ട്.

**ബി.ആർ.സി.-കളിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരുടെ ശമ്പള പരിഷ്കരണം**

98 (3628) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) GO(P)No. 199/11 പൊ.വി.വ.തീയതി 1-10-2011 പ്രകാരം വിവിധ ബി.ആർ.സി.-കളിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി ജോലിയിൽ പ്രവേശിച്ചിട്ടുള്ള ജീവനക്കാരുടെ

വേതനം പരിഷ്കരിക്കുന്നത് സംബന്ധിച്ച് എന്ത് തീരുമാനമാണെടുത്തിട്ടുള്ളത്; വ്യക്തമാക്കുമോ ;

(ബി) നിലവിൽ പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത വിഷയത്തിൻമേൽ അനുകൂല നടപടി സ്വീകരിക്കുന്നതിന് വേണ്ട ശ്രമമുണ്ടാക്കുമോ?

<u>ഉത്തരം</u>

(എ) 1-10-2011-ലെ ജി.ഒ.(പി) നമ്പർ 199/2011/പൊ.വി.വ. പ്രകാരം നടപ്പാക്കിയ അദ്ധ്യാപക പാക്കേജ് വഴി, സർവ്വശിക്ഷാ അഭിയാൻ പദ്ധതിയിൽ ബി.ആർ.സി.-കളിൽ സി.ആർ.സി. കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ടവർക്ക് അവരുടെ ശമ്പളസ്കെയിലിന്റെ പ്രാരംഭത്തുകയും (മിനിമം അടിസ്ഥാന ശമ്പളം) അലവൻസുകളുമാണ് നൽകിവന്നിരുന്നത്. 20-1-2016-ലെ ജി.ഒ. (പി) നമ്പർ 7/2016/ധന. പ്രകാരം പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പ്രാരംഭത്തുകയും അലവൻസുകളുമാണ് ഇവർക്ക് ഇപ്പോൾ നൽകുന്നത്.

(ബി&സി) പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ പ്രാരംഭത്തുകയും അലവൻസുകളും തന്നെയാണ് ഇപ്പോൾ സി.ആർ.സി. കോ-ഓർഡിനേറ്റർമാർക്ക് നൽകിവരുന്നത്. ഇത് നൽകുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഒന്നുമില്ല.

## പി.റ്റി.എസ്. തസ്തികയിലേയ്ക്കുള്ള കൂടിക്കാഴ്ച സംബന്ധിച്ച പരാതി

99 (3629) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിൻെറ കാലത്ത് കാസർഗോഡ് ഡി.ഡി. ഓഫീസിൽ വച്ച് നടന്ന പി.റ്റി.എസ്. തസ്തികയിലേക്കുള്ള കൂടിക്കാഴ്ചയിൽ നടന്ന അപാകത സംബന്ധിച്ച് ഉദ്യോഗാർത്ഥികൾ നൽകിയ പരാതിയിൽ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) അർഹരായവരെ ഒഴിവാക്കി തീർത്തും അഴിമതി നിറഞ്ഞ ഈ നിയമനം നടത്തിയവർക്കെതിരെ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീ. അബ്ദുൾ നാസർ, എ.ജി.-യുടെ പരാതിയുടെ അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് (പർച്ചേസ്) 23-9-2016-ൽ കാസർഗോഡ് വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നേരിട്ട് നടത്തിയ

അന്വേഷണത്തിൽ യാതൊരു ക്രമക്കേടുകളും കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല.

(ബി) ബാധകമല്ല.

**ഒരു മണ്ഡലത്തിൽ ഒരു അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്കൂൾ**

100 (3630) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഒരു മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു സ്കൂൾ എന്ന പദ്ധതിയുടെ വിശദാംശം നൽകുമോ ?

ഉത്തരം

2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഒരു മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്കൂൾ' എന്ന പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം സ്കൂൾ തെരഞ്ഞെടുക്കുന്നത് സ്ഥലം എം.എൽ.എ.യുടെ ശിപാർശകൂടി പരിഗണിച്ചാണ്. സ്കൂൾ തെരഞ്ഞെടുക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും കുട്ടികൾ കൂടുതലുള്ളതും, ആവശ്യമായ കെട്ടിടങ്ങളും, സുരക്ഷിത ക്ലാസ് മുറികളുള്ളതുമായ സ്കൂളുകൾക്കും മുൻഗണന നൽകുന്നതായിരിക്കും.

**പറളി എടത്തറ യു.പി. സ്കൂളിന്റെ ശോച്യാവസ്ഥ**

101 (3631) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 125 വർഷത്തോളം പഴക്കമുള്ള പറളി എടത്തറ യു.പി.സ്കൂളിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവോ ;

(ബി) ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിന് ആർ.എം.എസ്.എ.യിൽ നിലവിലുള്ള പ്രൊപ്പോസൽ പരിഗണിച്ച് സ്കൂളിന് അപ്ഗ്രഡേഷൻ നൽകുമോ; ഇല്ലെങ്കിൽ എന്തു കൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ആവശ്യമായ സ്കൂൾ കെട്ടിടം ഈ സ്കൂളിനില്ല എന്നത് പരിഗണിച്ച് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 100 വർഷത്തിലധികം പഴക്കമുള്ള സ്കൂളുകൾ പുനരുദ്ധരിക്കുന്നതിനുള്ള ഒരു പദ്ധതി സർക്കാർ ആസൂത്രണം ചെയ്തുവരുന്നു. എങ്കിലും പുതിയ ക്ലാസ് മുറികൾ നിർമ്മിക്കുന്നതിനും ചുറ്റുമതിൽ കെട്ടുന്നതിനുമുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ഈ സ്കൂൾ ആർ.എം.എസ്.എ. പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ അപ്ഗ്രേഡ് ചെയ്യുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(സി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

## കൃഷി പ്രധാന വിഷയമായി കൈകാര്യം ചെയ്യുന്ന സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

102 (3632) <u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാലയങ്ങളിലെ വിവിധ സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ്സ് (എസ്.എസ്.എൽ.സി.) പരീക്ഷയിൽ ഗ്രേസ് മാർക്കനുവദിക്കുന്ന സാഹചര്യത്തിൽ കൃഷി പ്രധാന വിഷയമായി കൈകാര്യം ചെയ്യുന്ന സന്നദ്ധ സംഘടനകളിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് പത്താം ക്ലാസ് പരീക്ഷയിൽ (എസ്.എസ്.എൽ.സി.) ഗ്രേസ് മാർക്ക് നൽകുന്ന കാര്യം ആലോചിക്കുമോ ;

(ബി) കൃഷി പ്രോത്സാഹിപ്പിക്കാൻ ഏതെല്ലാം പദ്ധതികളാണ് വിദ്യാലയങ്ങളിൽ നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) ശാസ്ത്രീയവും ലാഭകരവുമായ കൃഷി വിദ്യാലയങ്ങളിൽ പാഠ്യവിഷയമായി ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏത് രീതിയിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) കാർഷിക രംഗത്ത് വിദ്യാർത്ഥികൾക്കുള്ള അറിവും അഭിരുചിയും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2016 ആഗസ്റ്റ് 17-ന് തിരുവനന്തപുരം ജില്ലയിലെ ധനുവച്ചപുരത്ത് നടന്നു. ഈ പദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ ഒട്ടാകെ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ തുടർന്നുവരുന്നു. ജൈവ പച്ചക്കറികളുടെ ഉൽപ്പാദനവും ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാവുന്നതാണ്. കൃഷി വകുപ്പുമായി

സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ ഇപ്പോൾത്തന്നെ പച്ചക്കറി കൃഷി നടപ്പാക്കിവരുന്നുണ്ട്.

**പ്രീ പ്രൈമറി സ്കൂളുകളുടെ അംഗീകാരം**

103 (3633) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-നു ശേഷം സർക്കാർ/എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് ആരംഭിച്ച പ്രീ-പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം നൽകാത്തതെന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(ബി) അംഗീകാരം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചവരുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ;

(സി) 2012-നു ശേഷം സർക്കാർ/എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് ആരംഭിച്ച പ്രീ പ്രൈമറി സ്കൂളുകൾക്ക് അംഗീകാരം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) എയ്ഡഡ് സ്കൂളുകളോടനുബന്ധിച്ച് പ്രീ-പ്രൈമറി ആരംഭിക്കുന്നതിന് നാളിതുവരെ സർക്കാർ അനുമതി നൽകിയിട്ടില്ല. പി.റ്റി.എ. ചെലവിലും നിയന്ത്രണത്തിലും ആരംഭിച്ച പ്രീ-പ്രൈമറികളിൽ നിയമിതരായ നിശ്ചിത യോഗ്യതയില്ലാത്തവരുൾപ്പെടെയുള്ള ജീവനക്കാർക്ക് ഓണറേറിയം നൽകുന്നതിനുള്ള സാമ്പത്തിക ബാധ്യത വന്നു ചേർന്നതിനാലാണ് 2012 മുതൽ സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനമെടുത്തിട്ടുള്ളത്. 7-12-2012-നു ശേഷം സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുള്ളതിനാൽ തുടർന്ന് ലഭിച്ച അപേക്ഷകൾ പരിഗണനാർഹമല്ല.

(സി) അനുമതിയില്ലാതെ ആരംഭിച്ച് എയ്ഡഡ് സ്കൂളുകളിൽ പ്രവർത്തിക്കുന്ന പ്രീ-പ്രൈമറികൾക്ക് അംഗീകാരം നൽകുന്ന വിഷയം പരിഗണനയിലില്ല. 2012 മുതൽ സർക്കാർ സ്കൂളുകളിൽ പുതിയ പ്രീ-പ്രൈമറികൾ ആരംഭിക്കേണ്ടതില്ല എന്ന സർക്കാർ തീരുമാനം നിലനിൽക്കുന്നതിനാൽ ഇവയ്ക്കും അംഗീകാരം നൽകാനാവില്ല. ഈ ഉദ്ദേശത്തോടുകൂടി കേരളത്തിൽ 33000 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട് എന്നതിനാലാണ് സ്കൂളുകളിൽ വീണ്ടും മറ്റൊരു പാഠ്യക്രമം വേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത്.

**കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് (കെ.ടെറ്റ്)**

104 (3634) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന്റെ 15-6-2015-ലെ 99/2016/പൊ.വി.വ. എന്ന ഉത്തരവ് പ്രകാരം ഇപ്പോൾ ജോലി ചെയ്യുന്ന സ്കൂൾ അദ്ധ്യാപകർക്കുള്ള വകുപ്പുതല യോഗ്യതാ പരീക്ഷയായ കേരള ടീച്ചേഴ്സ് എലിജിബിലിറ്റി ടെസ്റ്റ് 2018-19 അദ്ധ്യയന വർഷം വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ ഹൈസ്കൂൾ അദ്ധ്യാപക നിയമനത്തിന് ബിരുദവും ബി.എഡ്-ഉം ആണ് യോഗ്യത എന്നിരിക്കെ കെ-ടെറ്റ് എന്ന നിർബന്ധിത വകുപ്പുതല പരീക്ഷ എഴുതുന്നതിന് ബി.എ-യ്ക്ക് 45% മാർക്കും സയൻസ് വിഷയങ്ങൾക്ക് 60% മാർക്കും (ബി.എസ്.സി.) ആവശ്യമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ;

(സി) ഇത്രയും ശതമാനം മാർക്ക് ഇല്ലാത്ത നിലവിലുള്ള അദ്ധ്യാപകർക്ക് പ്രസ്തുത പരീക്ഷ എഴുതുവാൻ സാധിക്കില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മറ്റ് വകുപ്പ് തല പരീക്ഷകൾക്ക് (കെ.എസ്.ആർ. അക്കൗണ്ട് ടെസ്റ്റ്) ഇത്തരത്തിലുള്ള മാർക്ക് ശതമാനം ബാധകമല്ലാത്തതിനാൽ നിലവിൽ ജോലി ചെയ്യുന്ന അദ്ധ്യാപകരെ പ്രസ്തുത പരീക്ഷയിൽ നിന്നും ഒഴിവാക്കുകയോ, മാർക്ക് നിബന്ധനയില്ലാതെ അവർക്ക് കൂടി പരീക്ഷ എഴുതുന്നതിനുള്ള സാഹചര്യം ഉണ്ടാക്കുകയോ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 15-6-2016-ലെ സ.ഉ. (പി) നമ്പർ 99/2016/പൊവിവ പ്രകാരം 2015-16 അദ്ധ്യയനവർഷത്തിൽ നിയമിതരായ അദ്ധ്യാപകർക്കും (2012-13 മുതൽ 14-15 ലേതിനു സമാനമായി) കെ-ടെറ്റ് യോഗ്യത പരീക്ഷ പാസ്സാകുന്നതിന് 2017-18 അദ്ധ്യയന വർഷം വരെ ഇളവ് അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) ബി.എ./ബി.എസ്.സി./ബി.കോം പരീക്ഷകളിൽ 45% മാർക്കും അതാത് വിഷയങ്ങളിലുള്ള ബി.എഡും ആണ് കാറ്റഗറി മൂന്നിൽ പരീക്ഷ എഴുതുന്നതിനുള്ള യോഗ്യതയായി നിശ്ചയിച്ചിരിക്കുന്നത്. സംവരണ വിഭാഗങ്ങൾക്ക് (എസ്.സി./ എസ്.റ്റി-5%-വും ഒ.ബി.സി. 3%-വും) ബിരുദത്തിന് മാർക്കിളവ് അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) 25-7-2012-ലെ ജി.ഒ. (പി) നമ്പർ 244/12/പൊവിവ സർക്കാർ ഉത്തരവ് പ്രകാരം 31/03/2012-ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചവരെ കെ-ടെറ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. 1-6-2012-ന് ശേഷം അദ്ധ്യാപക തസ്തികയിൽ നിയമനാംഗീകാരം ലഭിക്കണമെങ്കിൽ കെ-ടെറ്റ് പാസ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കണമെന്ന് ടി ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. 13-1-2015-ലെ ജി.ഒ.(പി) നമ്പർ 10/15/പൊവിവ സർക്കാർ ഉത്തരവ് പ്രകാരം 2018-നുള്ളിൽ കെ-ടെറ്റ് യോഗ്യത നേടുന്നതിന് നിലവിലുള്ള അദ്ധ്യാപകർക്ക് സമയം നൽകിയിട്ടുണ്ട്.

**ഏരിയാ ഇന്റൻസീവ് പദ്ധതിപ്രകാരമുള്ള സ്കൂളുകളിലെ നിയമനാംഗീകാരം**

105 (3635) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയ ഇന്റൻസീവ് പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകളിലെ മുഴുവൻ അദ്ധ്യാപകർക്കും നിയമനാംഗീകാരം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വിശദമാക്കുമോ ;

(ബി) ഇത് പരിഹരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) അഞ്ച് ജില്ലകളിലായി ഏരിയ ഇന്റൻസീവ് പദ്ധതിയിൽപ്പെട്ട 28 സ്കൂളുകളാണ് ഇപ്പോൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നത്. കൂടാതെ 5 ഹയർ സെക്കന്ററി സ്കൂളുകളും പ്രവർത്തിച്ചുവരുന്നു. ഇവയിൽ ആകെ 238 അദ്ധ്യാപകർക്കാണ് ശമ്പളം നൽകുവാനായി അംഗീകാരം നൽകിയിട്ടുള്ളത്. തുടർന്ന് സ്കൂൾ മാനേജർ സ്വമേധയാ നടത്തിയ നിയമനങ്ങൾക്ക് നാളിതുവരെ അംഗീകാരം നൽകിയിട്ടില്ല. ഏരിയ ഇന്റൻസീവ് പദ്ധതി പ്രകാരം ആരംഭിച്ച സ്കൂളുകൾക്ക് മുൻകാല പ്രാബല്യത്തോടെ എയ്ഡഡ് പദവി നൽകിയ ഉത്തരവ് സർക്കാരിന്റെ പുനഃപരിശോധനയിലാണ്. ഇതുമായി ബന്ധപ്പെട്ടുള്ള പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായാൽ ഉടൻതന്നെ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**ബധിര-മൂക വിദ്യാർത്ഥികൾക്ക് പഠന സൗകര്യം**

106 (3636) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബധിരരും മൂകരുമായ വിദ്യാർത്ഥികൾക്ക് ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്ലസ്-ടു പഠനത്തിന് ഏതെങ്കിലും സർക്കാർ-എയ്ഡഡ് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോ എന്ന് വിശദമാക്കാമോ ;

(ബി) ബധിരരും മൂകരുമായ വിദ്യാർത്ഥികളുടെ പഠനത്തിന് ബിരുദതലത്തിൽ സർക്കാർ മേഖലയിൽ എന്തെങ്കിലും സംവിധാനങ്ങൾ നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ സ്വകാര്യ മേഖലയിൽ പഠിക്കുന്ന പ്രസ്തുത വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ബധിരരും മൂകരുമായ വിദ്യാർത്ഥികൾക്ക് ഒല്ലൂർ നിയോജക മണ്ഡലത്തിൽ പ്ലസ്-ടു പഠനത്തിനായി ആശാഭവൻ എച്ച്.എസ്.എസ്.ഫോർ ഡഫ്, പടവരാട് എന്ന എയ്ഡഡ് സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്.

(ബി) പ്രത്യേക സ്ഥാപനങ്ങൾ ഇല്ല. എന്നാൽ ഫിസിക്കലി ഹാൻഡിക്യാപ്പ്ഡ് ആയ വിദ്യാർത്ഥികൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ ബധിരരും മൂകരുമായ വിദ്യാർത്ഥികൾക്കും കോളേജ് വിദ്യാഭ്യാസ വകുപ്പിൽനിന്നും നൽകുന്നുണ്ട്.

(സി) ഉത്തരം 'ബി' യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

**ശ്രീ. കെ. കെ. വർഗ്ഗീസിന്റെ ഗ്രാറ്റുവിറ്റിയും പെൻഷൻ കുടിശ്ശികയും**

107 (3637) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് പുതുക്കോട് സർവ്വജന ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന ശ്രീ. കെ. കെ. വർഗ്ഗീസിന്റെ ഗ്രാറ്റുവിറ്റിയും പെൻഷൻ കുടിശ്ശികയും ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ശ്രീ. കെ. കെ. വർഗ്ഗീസിന്റെ റിവൈസ്ഡ് പെൻഷൻ ബുക്ക് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ നിന്ന് എ.ജി.-യുടെ ഓഫീസിലേക്ക് അയച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(സി) 2011 മാർച്ച് 31-ന് റിട്ടയർ ചെയ്ത ശ്രീ. കെ. കെ. വർഗ്ഗീസിന് ഗ്രാറ്റുവിറ്റിയും പെൻഷൻ കുടിശ്ശികയും നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ലഭിച്ച കുടിശ്ശികയ്ക്കും ഇനി ലഭിക്കാനുള്ള തുകയ്ക്കും അർഹതപ്പെട്ട ന്യായമായ പലിശ അനുവദിക്കുവാൻ തയ്യാറാകുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സേവന പുസ്തകം എ.ജി.-യുടെ ഓഫീസിലേക്ക് അയച്ചിട്ടില്ല. പ്രധാനാദ്ധ്യാപകന്റെ ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട് അപാകത തീർപ്പാക്കാത്തതിനാലാണ് കാലതാമസം നേരിടുന്നത്. ശ്രീ. കെ. കെ. വർഗ്ഗീസിന്റെ പെൻഷൻ പുനർനിർണ്ണയം ചെയ്യുന്നതിനുള്ള അപേക്ഷ 5-5-2016-നാണ് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ ലഭിച്ചതെന്നും 1-7-2005-നും 17-7-2005-നും നടത്തിയ ശമ്പളനിർണ്ണയത്തിൽ അപാകത കണ്ടെത്തിയതിനെത്തുടർന്ന് അധികം കൈപ്പറ്റിയ തുക തിരിച്ചടച്ചതിന്റെ രേഖകൾ സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ച് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് സർവ്വീസ് ബുക്ക് മടക്കി നൽകിയതായും പാലക്കാട് ഡെപ്യൂട്ടി

ഡയറക്ടർ അറിയിച്ചിട്ടുണ്ട്. അപാകതകൾ പരിഹരിച്ച് 20-9-2016-ന് പാലക്കാട് ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ ശമ്പള നിർണ്ണയം അംഗീകരിച്ച് പെൻഷൻ പ്രൊപ്പോസൽ അക്കൗണ്ടന്റ് ജനറലിന് ഉടൻ അയയ്ക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

(സി) സ്വീകരിക്കുന്നതാണ്.

(ഡി) ശമ്പള നിർണ്ണയവുമായി ബന്ധപ്പെട്ട തടസ്സവാദം തീർപ്പാക്കാത്തതിനാൽ മാത്രമാണ് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ വൈകിയത്. ടിയാന് അർഹതപ്പെട്ട പെൻഷൻ ആനുകൂല്യങ്ങൾ ഉടനെ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. പെൻഷൻ അനുവദിക്കുന്ന അധികാരിയായ പാലക്കാട് വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയത്തിൽ, ടിയാന്റെ വിഷയം കൈകാര്യം ചെയ്യുന്നതുസംബന്ധിച്ച കാലതാമസം നേരിട്ടിട്ടില്ല.

## എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്.വിഭാഗങ്ങളിലെ അദ്ധ്യാപക ഒഴിവുകൾ

108 (3638) <u>ശ്രീ. വി. പി. സജീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടുത്ത മൂന്ന് വർഷം എൽ.പി., യു.പി., എച്ച്.എസ്., എച്ച്.എസ്.എസ്. എന്നീ വിഭാഗങ്ങളിൽ ഉണ്ടാകുന്ന അദ്ധ്യാപക ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഓരോ വിഭാഗത്തിലും നാളിതുവരെ റിപ്പോർട്ട് ചെയ്ത ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) നിർദ്ദേശിച്ചിട്ടില്ല.

(ബി) ബാധകമല്ല.

## പ്ലസ് വൺ പ്രവേശനം

109 (3639) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനം പൂർത്തിയായത് ഏത് തീയതിയിലാണ്; അദ്ധ്യയനം തുടങ്ങി എത്ര ദിവസത്തിനു ശേഷമാണ് പ്രവേശന നടപടി പൂർത്തിയാക്കാൻ കഴിഞ്ഞത്; വ്യക്തമാക്കുമോ;

(ബി) പ്രവേശന നടപടികൾ യഥാസമയം പൂർത്തിയാകാത്തത് വിദ്യാർത്ഥികളുടെ

പഠനത്തെ ഏതെങ്കിലും തരത്തിൽ ബാധിച്ചിട്ടുണ്ടോയെന്നത് വിലയിരുത്തിയിട്ടുണ്ടോ;

(സി) യഥാസമയം പ്രവേശനം ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് നഷ്ടപ്പെട്ട അധ്യയന ദിനങ്ങൾ ഏത് രീതിയിൽ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ അദ്ധ്യയന വർഷത്തെ പ്ലസ് വൺ പ്രവേശനത്തിനുള്ള മുഖ്യ അലോട്ട്മെന്റുകൾ പൂർത്തിയായത് 27-6-2016-നാണ്. മുഖ്യ ഘട്ടത്തിലെ രണ്ട് അലോട്ട്മെന്റുകളിലൂടെ ഭൂരിഭാഗം സീറ്റുകളിൽ പ്രവേശനം ഉറപ്പാക്കി, 3 ദിവസം കഴിഞ്ഞ് 2016 ജൂൺ 30-ന് പ്ലസ് വൺ ക്ലാസ്സുകൾ ആരംഭിച്ചു. ശേഷിക്കുന്ന സീറ്റുകളിലേക്കുള്ള സപ്ലിമെന്ററി അലോട്ട്മെന്റുകൾ 19-8-2016-ന് പൂർത്തിയായി.

(ബി) ഉണ്ട്.

(സി) ഭൂരിഭാഗം സീറ്റുകളിലും പ്രവേശനം ഉറപ്പാക്കിയശേഷം ജൂൺ 30-ന് ക്ലാസ്സുകൾ ആരംഭിച്ചതിനാൽ വളരെ കുറച്ച് കുട്ടികൾക്ക് മാത്രമാണ് അധ്യയന ദിനങ്ങൾ നഷ്ടപ്പെട്ടിട്ടുള്ളത്. ഇത്തരം കുട്ടികൾക്ക് ബന്ധപ്പെട്ട സ്കൂൾ അധികാരികൾ പ്രത്യേകം ക്ലാസ്സുകൾ നൽകുന്നുണ്ട്.

**പ്ലസ് വൺ, പ്ലസ് ടൂ മോഡൽ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ**

110 (3640) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി പ്ലസ് വൺ, പ്ലസ് ടു മോഡൽ പരീക്ഷകളുടെ ചോദ്യപേപ്പറുകൾ കഴിഞ്ഞ വർഷം വരെ അച്ചടിച്ച് നൽകിയിരുന്നത് ആരായിരുന്നു എന്ന് അറിയിക്കുമോ;

(ബി) കഴിഞ്ഞ വർഷം ഈയിനത്തിൽ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) അദ്ധ്യാപക സംഘടനകൾ ചോദ്യപേപ്പർ അച്ചടിച്ച് നൽകുന്ന രീതി അവസാനിപ്പിക്കുവാൻ തീരുമാനിച്ചതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(ഡി) ചോദ്യപേപ്പർ അച്ചടിച്ച് നൽകുന്ന ജോലി ഇനി മുതൽ ആരെ ഏല്പിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി പ്ലസ് വൺ, പ്ലസ് ടു മോഡൽ പരീക്ഷ ചോദ്യപേപ്പറുകളുടെ അച്ചടിയും പരീക്ഷാ നടത്തിപ്പും അതത് സ്കൂളുകളിലെ പ്രിൻസിപ്പാൾമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(ബി) ഹയർ സെക്കണ്ടറി വകുപ്പ് ഈ ഇനത്തിൽ നേരിട്ട് തുക ചെലവഴിച്ചിട്ടില്ല.

(സി) ഇത്തരത്തിൽ ഒരു തീരുമാനം എടുത്തിട്ടില്ല.

(ഡി) ചോദ്യപേപ്പർ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിലുള്ള രീതി തന്നെ തുടരുവാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്.

**ദേശീയ വിദ്യാഭ്യാസ നയം**

111 (3641) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ദേശീയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെടുത്തി സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

ദേശീയ വിദ്യാഭ്യാസ നയവുമായി ബന്ധപ്പെടുത്തി സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.

**സമഗ്ര വിദ്യാഭ്യാസ പദ്ധതി**

112 (3642) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയ നെന്മാറ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം സർക്കാർ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ഈ മണ്ഡലത്തിൽ നടത്താനുദ്ദേശിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ വിശദമാക്കുമോ ?

ഉത്തരം

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി ആശയ രൂപീകരണം, പ്രോജക്ട് ഫൈനലൈസേഷൻ, മാനേജ്മെന്റ്

പരിശീലന മൊഡ്യൂൾ തയ്യാറാക്കൽ, പ്രൈമറി തലം മുതൽ ഹയർ സെക്കണ്ടറി തലം വരെയുള്ള സ്കൂൾ പ്രഥമാദ്ധ്യാപകർക്ക് സമഗ്ര വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാനേജ്മെന്റ് പരിശീലനം എന്നിവ സീമാറ്റ്-കേരളയുടെ നേതൃത്വത്തിൽ നടപ്പിലാക്കിക്കഴിഞ്ഞു. ബാക്കി പ്രവർത്തനങ്ങൾ പദ്ധതിയിൽ പറയുംപ്രകാരം എം.എൽ.എ. ചെയർമാനായ നിയോജകമണ്ഡലം സംഘാടക സമിതിയുടെയും, മുനിസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും നേതൃത്വത്തിലാണ് നടക്കുന്നത്.

(ബി) പ്രസ്തുത പദ്ധതി പ്രകാരം നെന്മാറ മണ്ഡലത്തിൽ നടത്താനുദ്ദേശിക്കുന്ന വിദ്യാഭ്യാസ പ്രവർത്തനങ്ങൾ തീരുമാനിക്കുന്നത് എം.എൽ.എ. ചെയർമാനായ നിയോജകമണ്ഡലം സമിതിയുടെയും, മുനിസിപ്പൽ ചെയർമാൻ അദ്ധ്യക്ഷനായ മുനിസിപ്പൽ കമ്മിറ്റിയുടെയും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെയും നേതൃത്വത്തിലാണ്.

## ഹയർ സെക്കണ്ടറി ടീച്ചർ (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) തസ്തിക

113 (3643) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കൻഡറി ടീച്ചർ (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) തസ്തികയിലേക്ക് നിയമനത്തിനായി സർക്കാർ നിശ്ചയിച്ച യോഗ്യതാ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) യോഗ്യതയിൽ ഭേദഗതികൾ വരുത്തി പി.എസ്.സി. അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) കേരളത്തിലെ യൂണിവേഴ്സിറ്റികൾ എം.എ.(കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്)) കോഴ്സ് നടത്തുന്നുണ്ടോ; എങ്കിൽ എവിടെയെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത തസ്തികയിലേക്ക് യു.ജി.സി.യും കേരള യൂണിവേഴ്സിറ്റിയും അംഗീകരിച്ച ഗാന്ധിഗ്രാം റൂറൽ ഇൻസ്റ്റിറ്റ്യൂട്ട്-ഡീംഡ് യൂണിവേഴ്സിറ്റി നടത്തുന്ന എം.എ. (ഇംഗ്ലീഷ് ആന്റ് കമ്മ്യൂണിക്കേറ്റീവ് സ്റ്റഡീസ്) യോഗ്യതയായി പരിഗണിക്കുമോ;

(ഇ) ഈ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ പ്രസ്തുത തസ്തികയിലേക്ക് നിയമനത്തിനായി പരിഗണിക്കുമോ?

ഉത്തരം

(എ) ഹയർ സെക്കണ്ടറി ടീച്ചർ (കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ്) തസ്തികയിലേക്ക്

നിയമനത്തിന് പ്രസ്തുത വിഷയത്തിൽ 50% മാർക്കിൽ കുറയാതെ മാസ്റ്റർ ബിരുദവും B.Ed-ഉം SET-മാണ് യോഗ്യത.

(ബി) യോഗ്യതയിൽ ഭേദഗതികൾ വരുത്തിയിട്ടില്ല. സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തുന്നതിനായി പി.എസ്.സി.നൽകിയ നിർദ്ദേശം ചുവടെ ചേർക്കുന്നു. "യോഗ്യതയുടെ ബന്ധപ്പെട്ട ഭാഗത്തിൽ MA Communicative English with not less than 50% of marks from any of the UGC approved University എന്നുകൂടി ചേർത്ത് ഭേദഗതി വരുത്താം."

(സി) ഇല്ല.

(ഡി&ഇ) സ്പെഷ്യൽ റൂൾ ഭേദഗതി സംബന്ധിച്ച നിർദ്ദശം സർക്കാരിന്റെ പരിഗണനയിലാണ്.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപക-അനദ്ധ്യാപക തസ്തിക നിർണ്ണയം**

114 (3644) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 അദ്ധ്യയന വർഷത്തിൽ അനുവദിച്ച ഹയർ സെക്കൻഡറി സ്കൂളുകളിലെയും/ബാച്ചുകളിലെയും അദ്ധ്യാപക-അനദ്ധ്യാപക തസ്തിക നിർണ്ണയം പൂർത്തിയായിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ;

(സി) 10-2-2016 -ലെ ക്യാബിനറ്റ് തീരുമാനം (നമ്പർ-2635) നടപ്പാക്കാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ഡി) അധിക ബാച്ച് പ്ലസ് ടു അനുവദിക്കപ്പെട്ട എയ്ഡഡ് സ്കൂളുകളിൽ രണ്ട് വർഷമായി ജോലി ചെയ്യുന്ന അധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധിക ബാച്ചുകളിലേക്കുള്ള അദ്ധ്യാപക-അനദ്ധ്യാപക തസ്തിക നിർണ്ണയം നടത്തി ഹയർ സെക്കണ്ടറി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. എന്നാൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കുള്ള അദ്ധ്യാപക-അനദ്ധ്യാപകരുടെ

തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായിവരുന്നു.

(സി) ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ ജോലി ഭാരം പുനരവലോകനം ചെയ്യാനും ഓരോ സ്കൂളിലും ചട്ടപ്രകാരമുള്ള ഭൗതിക സൗകര്യങ്ങൾ ഉണ്ടെന്ന് വിലയിരുത്തിയശേഷം ഓരോ സ്കൂളിലും ഓരോ വിഷയത്തിലുമുള്ള പീരിയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം, അംഗീകൃത തസ്തികകൾ തുടങ്ങിയവ റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാൻ ധനകാര്യ വകുപ്പ് നിർദ്ദേശിച്ചിരുന്നു. പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടപ്രകാരം ഹയർ സെക്കണ്ടറി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചു വരുന്നു.

(ഡി) തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയാക്കിയ ശേഷം മാത്രമേ അദ്ധ്യാപകരുടെ അംഗീകാരവും ശമ്പളവും സംബന്ധിച്ച കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തിക**

115 (3645) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എത്ര ഹയർ സെക്കൻഡറി സ്കൂളുകളിലെ പ്രിൻസിപ്പൽ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇത് സ്കൂളുകളുടെ അദ്ധ്യയനത്തെയും മേൽനോട്ടത്തെയും പ്രതികൂലമായി ബാധിക്കുന്നതാണെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ ;

(സി) ഹയർ സെക്കൻഡറി സ്കൂളുകളിൽ ഒഴിഞ്ഞുകിടക്കുന്ന പ്രിൻസിപ്പൽ തസ്തികകൾ അടിയന്തരമായി നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) 177

(ബി) ഗൗരവമായി കാണുന്നുണ്ട്.

(സി) പ്രിൻസിപ്പാൾമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമ കോടതി വിധിക്കു ശേഷമേ പ്രിൻസിപ്പാൾമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ കഴിയുകയുള്ളൂ.

## ഹയർ സെക്കണ്ടറി വിഭാഗത്തിൽ എൻ.സി.സി.

116 (3646) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂളുകളിൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എൻ.സി.സി. (NCC) പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇത്തരം സ്കൂളുകളുടെ ജില്ല തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(സി) ഹയർസെക്കണ്ടറി വിഭാഗത്തിൽ പുതുതായി എൻ.സി.സി. ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ;

(ഡി) എങ്കിൽ എൻ.സി.സി. യൂണിറ്റുകൾ കുറവുള്ള ജില്ലകൾക്ക് മുൻഗണന നൽകുമോ; വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

| | | | |
|---|---|---|---|
| (ബി) | തിരുവനന്തപുരം | - | 71 |
| | കൊല്ലം | - | 15 |
| | പത്തനംതിട്ട | - | 04 |
| | കോട്ടയം | - | 03 |
| | ആലപ്പുഴ | - | 21 |
| | ഇടുക്കി | - | 03 |
| | എറണാകുളം | - | 17 |
| | തൃശ്ശൂർ | - | 13 |
| | പാലക്കാട് | - | 16 |
| | മലപ്പുറം | - | 11 |
| | കോഴിക്കോട് | - | 13 |
| | വയനാട് | - | 03 |

| | | |
|---|---|---|
| കണ്ണൂർ | - | 24 |
| കാസർഗോഡ് | - | 13 |

(സി) ഉണ്ട്.

(ഡി) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് യൂണിറ്റ് തലത്തിലുള്ള വെയിറ്റിംഗ് ലിസ്റ്റിലെ മുൻഗണനാക്രമത്തിൽ മാത്രമേ പുതിയ യൂണിറ്റുകൾ തുടങ്ങുവാൻ കഴിയുകയുള്ളൂ.

## ഹയർ സെക്കണ്ടറി പ്രിൻസിപ്പൽ നിയമനം

117 (3647) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) രണ്ട് വർഷമായി ഗവൺമെന്റ് ഹയർ സെക്കൻഡറി വിഭാഗത്തിൽ ഇരുന്നൂറിൽപ്പരം പ്രിൻസിപ്പാൾമാരുടെ ഒഴിവുകൾ ഉണ്ടായിട്ടും പൂർണ്ണമായ രീതിയിൽ നിയമനം നടക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രിൻസിപ്പാൾമാരുടെ നിലവിലുള്ള ലിസ്റ്റിൽ നിന്നും ധാരാളം ഒഴിവുകളുള്ള കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലേക്ക് പ്രിൻസിപ്പൽമാരെ നിയമിക്കാൻ ആലോചനയുണ്ടോ;

(സി) ഇത് സർക്കാർ വിദ്യാലയങ്ങളുടെ നിലവാരം ഒന്നുകൂടെ മെച്ചപ്പെടുത്തുവാൻ സഹായിക്കില്ലേയെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ തലത്തിലുള്ള ഹയർസെക്കൻഡറി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്താൻ ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കുന്നത്; ഈ പദ്ധതികളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രിൻസിപ്പാൾമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമ കോടതി വിധിക്കുശേഷമേ പ്രിൻസിപ്പാൾമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ കഴിയുകയുള്ളൂ.

(ഡി) സർക്കാർ തലത്തിലുള്ള ഹയർ സെക്കണ്ടറി വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാനുള്ള പദ്ധതികൾ സർക്കാർ ആസൂത്രണം ചെയ്തു വരുന്നതേയുള്ളൂ.

## സ്ഥലം നൽകിയവർക്ക് ജോലി

118 (3648) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി. മുതവല്ലൂർ, വാഴക്കാട് എന്നീ കേന്ദ്രങ്ങൾക്ക് സ്ഥലം നൽകിയവരുടെ ജോലി സ്ഥിരപ്പെടുത്തിക്കൊടുത്തിട്ടുണ്ടോ ;

(ബി) സ്ഥലം കൊടുത്തവരെയാണോ സ്ഥിരപ്പെടുത്തിയത് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതേ മാനദണ്ഡമനുസരിച്ച് കൊടുവള്ളി ഐ.എച്ച്.ആർ.ഡി.യ്ക്ക് സ്ഥലം നൽകിയവരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ഡി) താമരശ്ശേരി ഐ.എച്ച്.ആർ.ഡി.യിൽ പതിമൂന്ന് വർഷമായി പ്യൂൺ തസ്തികയിൽ ജോലി ചെയ്തുവരുന്ന മുഹമ്മദ് കെ. എന്നയാളെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്ഥലം നൽകിയവരുടെ ആശ്രിതർക്കാണ് ജോലി നൽകിയിട്ടുള്ളത്. അക്കാലത്ത് നിലവിലുണ്ടായിരുന്ന എക്സിക്യൂട്ടീവ് കമ്മിറ്റി പരിശോധിച്ചാണ് പ്രസ്തുത നിയമനങ്ങൾ നൽകിയിട്ടുള്ളത്.

(സി) കൊടുവള്ളിയിലുള്ള ഐ.എച്ച്.ആർ.ഡി. സ്ഥാപനം അടച്ചുപൂട്ടിയതാണ്. സ്ഥലം നൽകിയവർക്ക് സ്ഥാപനം പൂട്ടിയതിനെത്തുടർന്ന് സ്ഥലം തിരികെ നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ തുടർ നടപടികൾ ആവശ്യമുള്ളതായി കാണുന്നില്ല.

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 10-4-2006-ലെ Appeal (Civil) No.3595-3612 of 1999-State of Kerala V/s Uma Devi എന്ന കേസിലെ വിധിയനുസരിച്ച് 9-10-2006-നുശേഷം ദിവസവേതന/കോൺട്രാക്ട് അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളിലോ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങളിലോ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്താൻ പാടില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ സ്ഥിരപ്പെടുത്തുവാൻ നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

**എച്ച്.എസ്.എസ്.റ്റി.തസ്തിക നിർണ്ണയം**

119 (3649) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി. തസ്തിക നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(ബി) എയ്ഡഡ് സ്കൂളുകളിലെ എച്ച്.എസ്.എസ്.റ്റി. തസ്തിക നിർണ്ണയം പൂർത്തിയായോ; എങ്കിൽ എന്നാണ് പൂർത്തിയായതെന്ന് വ്യക്തമാക്കാമോ;

(സി) സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തിക നിർണ്ണയം വൈകുന്നതിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിലെ അധിക ബാച്ചുകളിലേയ്ക്കുള്ള എച്ച്.എസ്.എസ്.റ്റി.-മാരുടെ തസ്തിക നിർണ്ണയം നടത്തി ഹയർ സെക്കണ്ടറി ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. എന്നാൽ പുതിയതായി അനുവദിച്ച ഹയർ സെക്കണ്ടറി സ്കൂളുകളിലേക്കുള്ള എച്ച്.എസ്.എസ്.റ്റി.-മാരുടെ തസ്തിക നിർണ്ണയ നടപടികൾ പൂർത്തിയായി വരുന്നതേയുള്ളൂ.

(ബി) പൂർത്തിയായിട്ടില്ല. അന്തിമഘട്ടത്തിലാണ്.

(സി) ഓരോ സ്കൂളിലുമുള്ള ചട്ടപ്രകാരമുള്ള ഭൗതികസാഹചര്യങ്ങൾ, ഓരോ വിഷയത്തിലുമുള്ള പീരിയഡ് അടിസ്ഥാനത്തിലുള്ള ജോലിഭാരം, അംഗീകൃത തസ്തികകൾ തുടങ്ങിയവ റീജിയൺ ഡെപ്യൂട്ടി ഡയറക്ടർ തലത്തിൽ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം ഹയർ സെക്കണ്ടറി ഡയറക്ടർ ലഭ്യമാക്കുന്ന ശിപാർശയിന്മേൽ സൂക്ഷ്മപരിശോധന നടത്തിയാണ് ഓരോ വിഷയത്തിലുമുള്ള തസ്തികകളുടെ അർഹത നിർണ്ണയിക്കുന്നത്. ഇപ്രകാരമുള്ള നടപടിക്രമങ്ങളുടെ ഭാഗമായി സംഭവിച്ചിട്ടുള്ള കാലതാമസമാണ് ഇക്കാര്യത്തിലുള്ളത്.

## എച്ച്.എസ്.എസ്.റ്റി.(സോഷ്യോളജി) നിയമനം

120 (3650) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാറ്റഗറി നമ്പർ 288/2010 പ്രകാരം നിലവിൽവന്ന (സോഷ്യോളജി) എച്ച്.എസ്.എസ്.റ്റി. റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ എത്ര നിയമനം നടത്തിയെന്ന വിവരം ജൂനിയർ, സീനിയർ തിരിച്ച് ലഭ്യമാകുമോ;

(ബി) എത്ര ഒഴിവുകൾ ബൈ ട്രാൻസ്ഫർ, ജൂനിയർ പ്രൊമോഷൻ, എൽ.ഡബ്ല്യൂ.എ., എൻ.ജെ.ഡി., സ്പെഷ്യൽ സ്കൂൾ എന്നീ വിഭാഗങ്ങൾക്ക് നീക്കിവച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എന്തെങ്കിലും നിയമ തടസ്സം നിലനിൽക്കുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(ഡി) അടിയന്തരമായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എത്ര ഒഴിവുകൾ നിലനിൽക്കുന്നുണ്ടെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) തസ്തികമാറ്റ നിയമനത്തിനായി 6 ഒഴിവും ജൂനിയർ പ്രൊമോഷൻ 2 ഒഴിവും സ്പെഷ്യൽ സ്കൂൾ നിയമനത്തിനായി 1 ഒഴിവും മാറ്റിവച്ചിരുന്നു. എൽ.ഡബ്ല്യൂ.എ., എൻ.ജെ.ഡി. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഹയർ സെക്കണ്ടറി സ്പെഷ്യൽ റൂൾസ് പ്രകാരം മേൽപ്പറഞ്ഞ തസ്തികമാറ്റം പ്രൊമോഷൻ എന്നീ ഒഴിവുകൾ പി.എസ്.സി. വഴിയല്ല നിയമനം നടത്തുന്നത്.

(ഡി) ഒഴിവുകളില്ല.

**എയ്ഡഡ് സ്കൂൾ സംരക്ഷിതാദ്ധ്യാപകരുടെ പുനർവിന്യാസം**

121 (3651) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1990 മുതൽ 2015 വരെ എത്ര എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ സംരക്ഷിതാദ്ധ്യാപകരായി സർക്കാർ സ്കൂളുകളിൽ താൽക്കാലികമായി നിയമിച്ചിട്ടുണ്ട്; ഇതിൽ എത്ര പേരെ മാതൃ സ്ഥാപനങ്ങളിലേക്ക് പുനർവിന്യാസം മുഖേന റഗുലർ നിയമനം നൽകി തിരിച്ചയച്ചിട്ടുണ്ട്;

(ബി) എയ്ഡഡ് സ്കൂൾ അദ്ധ്യാപകരെ താൽക്കാലികമായി സർക്കാർ സ്കൂളുകളിൽ നിയമിച്ചിരുന്ന ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷനിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

**ഒന്നാം ക്ലാസ്സിലെ കുട്ടികൾ**

122 (3652) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര അസംബ്ലി മണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ 2014-15 അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിലേക്ക് പ്രവേശിച്ച കുട്ടികളുടെ എണ്ണം വ്യക്തമാക്കുമോ; ഈ അദ്ധ്യയന വർഷം ഒന്നാം ക്ലാസ്സിലേക്ക് പ്രവേശനം തേടിയ കുട്ടികളുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഓരോ വിദ്യാലയത്തിലും ഒന്നാം ക്ലാസ്സിൽ കഴിഞ്ഞ വർഷം പ്രവേശനം നേടിയ കുട്ടികളുടെയും ഈ വർഷം പ്രവേശനം നേടിയ കുട്ടികളുടെയും കണക്ക് ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) 2014-15 അദ്ധ്യയനവർഷം ഒന്നാം ക്ലാസ്സിൽ പ്രവേശിച്ച കുട്ടികളുടെ എണ്ണം-911, ഈ അദ്ധ്യയന വർഷം (2016-17) ഒന്നാം ക്ലാസ്സിൽ പ്രവേശിച്ച കുട്ടികളുടെ എണ്ണം - 1169

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

**എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങൾ**

123 (3653) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അദ്ധ്യാപക അനദ്ധ്യാപക തസ്തികകളിലേക്കുള്ള നിയമനങ്ങൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖാന്തിരം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) ഇത് സംബന്ധിച്ച് ഏതെങ്കിലും കോടതി വിധികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ വിഷയത്തിൽ യാതൊരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

(ബി) കോടതി വിധികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടില്ല.

**എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണം**

124 (3654) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

തത്വം പാലിക്കുന്നുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ നിയമനങ്ങളിൽ സംവരണ തത്വം പാലിക്കേണ്ടതാണെന്നുള്ള നാഷണൽ കമ്മീഷൻ ഫോർ എസ്.സി./ എസ്.റ്റി.-യുടെയും നാഷണൽ കമ്മീഷൻ ഫോർ ബാക്ക് വേർഡ് ക്ലാസ്സിന്റെയും ശിപാർശകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ലഭിച്ചിട്ടുണ്ട്. കെ.ഇ.ആർ. ചട്ടം, 1958 സെക്ഷൻ 11 പ്രകാരം എയ്ഡഡ് സ്കൂളുകളിലെ നിയമനങ്ങൾ മാനേജരിൽ നിക്ഷിപ്തമാണ് എന്നതിനാലും എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക/അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കുവാൻ കെ.ഇ.ആർ. ചട്ടങ്ങളിലും/ആക്ടിലും ഭേദഗതി വരുത്തേണ്ടതിനാലും ഇക്കാര്യത്തിൽ സർക്കാർ നയപരമായ തീരുമാനങ്ങൾ എടുത്തിട്ടില്ലാത്തതിനാലും എയ്ഡഡ് സ്കൂളുകളിൽ സംവരണം നടപ്പിലാക്കുവാൻ നിർവ്വാഹമില്ല.

**ഏറനാട് മണ്ഡലത്തിൽ ആർ.എം.എസ്.എ.-യുടെ കീഴിൽ പ്രവർത്തിക്കുന്ന സ്കൂളുകൾ**

125 (3655) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറനാട് മണ്ഡലത്തിൽ ആർ.എം.എസ്.എ. പദ്ധതിയിൻ കീഴിൽ അനുമതി നല്കി പ്രവർത്തിച്ച് വരുന്ന സ്കൂളുകളിൽ ആവശ്യത്തിന് അദ്ധ്യാപകർ ഇല്ലാത്തത് സ്കൂളിൻെറ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്ന എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ സ്കൂളുകളിൽ എവിടെയെല്ലാം ഏതെല്ലാം അദ്ധ്യാപകരെ നിയമിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്; സ്കൂളിൻെറ പേര് ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) ഏറനാട് മണ്ഡലത്തിലെ പെരകമണ്ണ ഹൈസ്കൂളിൽ ആവശ്യത്തിന് അദ്ധ്യാപകരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന അപേക്ഷ ലഭിച്ചിരുന്നോ;

(ഡി) എങ്കിൽ ഇക്കാര്യത്തിൽ എന്തു തുടർനടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) 1. ജി.എച്ച്.എസ്.വടശ്ശേരി ആകെ 9 അദ്ധ്യാപകർ പി.എസ്.സി.- 2+1 (ഹിന്ദി, മലയാളം) ഡെയ്‌ലി വേജ്-4 (ഫിസിക്സ്, ഇംഗ്ലീഷ്, ഉറുദു, അറബിക്)

ഡിപ്ലോയ്ഡ്-3 (ബയോളജി, മാത്സ്, എസ്.എസ്.)

2. ജി.എച്ച്.എസ്.വെറ്റിലപ്പാറ ആകെ 9 അദ്ധ്യാപകർ പി.എസ്.സി.- 3+1 (ഹിന്ദി, മാത്സ്, എസ്.എസ്.)

ഡിപ്ലോയ്ഡ് - 0

ഡെയ്‌ലി വേജ് - 5 (ഫിസിക്സ്, ഇംഗ്ലീഷ്, മലയാളം, മാത്സ്, അറബിക് പാർട്ട് ടൈം)

3. ജി.എച്ച്.എസ്.പെരകമണ്ണ-ആകെ 16 അദ്ധ്യാപകർ - പി.എസ്.സി.-1

ഡിപ്ലോയ്ഡ്-5 (ഫിസിക്സ്, മലയാളം, മാത്സ്, ഹിന്ദി, എസ്.എസ്.) ഡെയ്‌ലി വേജ് - 11

4. ജി.എച്ച്.എസ്.പന്നിപ്പാറ ആകെ 6 അദ്ധ്യാപകർ പി.എസ്.സി.- 5+1 (ഫിസിക്സ്, മലയാളം, മാത്സ്, ഹിന്ദി, എസ്.എസ്.)

ഡിപ്ലോയ്ഡ് - 1 (ബയോളജി)

ഡെയ്‌ലി വേജ്-7 (ഇംഗ്ലീഷ്, അറബിക്, എസ്. എസ്., ഫിസിക്സ്, ഉറുദു, ഐ.ടി., മാത് സ്)

(സി) ഉണ്ട്.

(ഡി) ഒഴിവുള്ള തസ്തികയിലേക്ക് പുനർവിന്യാസത്തിലൂടെ അദ്ധ്യാപകരെ നിയമിക്കുവാനും അവരുടെ അഭാവത്തിൽ ദിവസ വേതനത്തിൽ ആളെ നിയമിക്കുവാനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## എയ്ഡഡ് വിദ്യാലയങ്ങളിൽ വിഭിന്ന ശേഷിയുള്ളവർക്കുള്ള സംവരണം

126 (3656) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയിഡഡ് വിദ്യാലയങ്ങളിൽ നിയമനത്തിന് വിഭിന്നശേഷിയുള്ളവർക്ക് 3% സംവരണ നിയമനം നല്കുവാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതനുസരിച്ച് കേരള എഡ്യൂക്കേഷൻ റൂൾസിൽ ആവശ്യമായ ഭേദഗതി

വരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 1995-ലെ Person With Disabilities Act Section 33-ൽ അനുശാസിക്കുന്ന പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ഓരോ വിഭാഗത്തിലും കണ്ടെത്തിയിട്ടുള്ള തസ്തികകളിലെ 3% ഒഴിവുകളിൽ ശാരീരികാവശതകൾ നേരിടുന്ന വിഭാഗങ്ങൾക്ക് സംവരണം നൽകുവാനായി 9-9-2016-ലെ സ.ഉ.(കൈ) നമ്പർ 155/16/പൊവിവ. പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

(ബി) കേരള വിദ്യാഭ്യാസ ചട്ടം ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**എയ്ഡഡ് സ്കൂളുകൾക്ക് നൽകുന്ന ഗ്രാന്റ്**

127 (3657) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയ്ഡഡ് സ്കൂളുകൾക്ക് നൽകുന്ന ഗ്രാന്റ് വിതരണം പൂർത്തിയാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2013-14, 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ മലപ്പുറം ജില്ലയിലെ സ്കൂളുകൾക്ക് നൽകിയ ഗ്രാന്റിന്റെ വിവരങ്ങൾ വിശദമാക്കുമോ;

(സി) ഈ കാലയളവിൽ ഗ്രാന്റ് നൽകാൻ സാധിച്ചിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2013-14, 2014-15, 2015-16 അദ്ധ്യയന വർഷങ്ങളിൽ മലപ്പുറം ജില്ലയിലെ സ്കൂളുകൾക്ക് നൽകിയ ഗ്രാന്റിന്റെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു :

| സാമ്പത്തിക വർഷം | എൽ.പി./യു.പി. സ്കൂളുകൾ (രൂപ) | ഹൈസ്കൂളുകൾ (രൂപ) |
|---|---|---|
| 2013-14 | 9,00,000 | 4,00,000 |
| 2014-15 | 9,00,000 | 3,00,000 |

| | | |
|---|---|---|
| 2015-16 | 18,00,000 | 9,00,000 |

(സി) വർദ്ധിപ്പിച്ച തുകയ്ക്കനുസരിച്ച് ഫണ്ട് അനുവദിക്കാതിരുന്നതിനാലാണ് പ്രസ്തുത കാലയളവിലെ മെയിന്റനൻസ് ഗ്രാന്റ് മുഴുവൻ നൽകാൻ കഴിയാതിരുന്നത്.

**കോളേജ് അദ്ധ്യാപകർക്ക് ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം**

128 (3658) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് അദ്ധ്യാപകർക്ക് ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം പ്രകാരം ഇൻ-സർവ്വീസ് ട്രെയിനിംഗ് നൽകാറുണ്ടോ;

(ബി) എങ്കിൽ കോളേജുകളിൽ നിന്നും വേർപ്പെടുത്തിയ ഹയർസെക്കന്ററി അധ്യാപകർക്ക് പ്രസ്തുത സൗകര്യം ഏർപ്പെടുത്തിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) അദ്ധ്യയനം മെച്ചപ്പെട്ടതാക്കാൻ ഹൈസ്കൂൾ, ഹയർ സെക്കന്ററി അധ്യാപകർക്കുകൂടി ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം പ്രകാരം ഇൻസർവ്വീസ് ട്രെയിനിംഗ് നല്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കോളേജ് അദ്ധ്യാപകർക്ക് ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം പ്രകാരം രണ്ടു വർഷത്തെ ഡെപ്യൂട്ടേഷൻ അനുവദിച്ചുനൽകാറുണ്ട്. കൂടാതെ റിഫ്രഷർ കോഴ്സും നടത്തുന്നുണ്ട്.

(ബി&സി) ഹൈസ്കൂൾ, ഹയർ സെക്കന്ററി തലത്തിൽ ഫാക്കൽറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം നിലവിലില്ല.

**അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം**

129 (3659) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്കൂളുകളിൽ ഇപ്പോഴത്തെ അധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് എൽ.പി., യു.പി., എച്ച്.എസ്. എന്നിവ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള എയ്ഡഡ് സ്കൂളുകളിൽ പുതിയ അധ്യാപക നിയമനത്തിന് വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ അവകാശ സംരക്ഷണ നിയമം അനുസരിച്ച് സംസ്ഥാനത്തെ സ്കൂളുകളിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം പുനഃപരിശോധിക്കേണ്ടതായി വരുമോ;

(ഡി) ഇതു സംബന്ധിച്ച് സംസ്ഥാന സർക്കാർ കൊണ്ടുവന്ന നിയമം ബഹു. ഹൈക്കോടതി റദ്ദാക്കിയ സാഹചര്യത്തിൽ, അധ്യാപക - വിദ്യാർത്ഥി അനുപാതം പുനഃപരിശോധിക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) I മുതൽ V വരെ ക്ലാസ്സുകളിൽ 1:30, VI മുതൽ VIII വരെ 1:35, IX, X ക്ലാസ്സുകളിൽ 1:45 എന്നിങ്ങനെയാണ് ഇപ്പോൾ സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ അനുവർത്തിച്ചുവരുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം.

(ബി) എയ്ഡഡ് സ്കൂളുകളിൽ പുതിയ തസ്തികകൾ അനുവദിക്കുമ്പോൾ മേൽ പറഞ്ഞ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം തന്നെയാണ് അനുവർത്തിക്കുന്നത്.

(സി) 1 മുതൽ 8 വരെ ക്ലാസ്സുകളുടെ കാര്യത്തിൽ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ അനുശാസിക്കുന്നത് പ്രകാരവും 9, 10 ക്ലാസ്സുകളിൽ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരവുമുള്ള അദ്ധ്യാപക-വിദ്യാർത്ഥി അനുപാതമാണ് നിലവിൽ പിൻതുടർന്ന് വരുന്നത്.

(ഡി) ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**ശ്രീമതി നസീമ പുന്നക്കലിന്റെ അപേക്ഷ**

130 (3660) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്രീമതി നസീമ പുന്നക്കലിന്റെ അപേക്ഷ സംബന്ധിച്ച 6633/J3/ 2015/GEdn എന്ന ഫയലിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(ബി) നിയമ വകുപ്പ് പരിശോധിച്ച്, പ്രസ്തുത ഫയലിൽ അഭിപ്രായം രേഖപ്പെടുത്തിയിരുന്നോ; എങ്കിൽ അതെന്താണെന്ന് വ്യക്തമാക്കുമോ;

(സി) അപേക്ഷക, കോഴ്സ് പാസായശേഷം അംഗീകാരം റദ്ദാക്കിയതാണെന്ന പരിഗണന നൽകി ടിയാളുടെ അപേക്ഷ അനുവദിക്കുമോ?

ഉത്തരം

(എ&ബി) 9-2-2010-ലെ ജി.ഒ.(എം.എസ്) നമ്പർ 28/2010/പൊവിവ. പ്രകാരം എൻ.സി.റ്റി.ഇ. അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ നടത്തുന്ന ശിക്ഷാവിശാരദ് കോഴ്സുകളുടെ അംഗീകാരം റദ്ദാക്കിയിട്ടുണ്ട്. റദ്ദാക്കിയ അംഗീകാരം പുനഃസ്ഥാപി

ക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി നസീമ പുന്നക്കൽ 20-11-2012-ൽ നിവേദനം സമർപ്പിച്ചിരുന്നു. എൻ.സി.റ്റി.ഇ. അംഗീകാരമില്ലാത്ത നിരവധി സ്ഥാപനങ്ങൾ കേരളത്തിൽ ഈ കോഴ്സ് നടത്തുന്നതിനെ സംബന്ധിച്ചും, നൽകുന്ന സർട്ടിഫിക്കറ്റുകളുടെ നിജസ്ഥിതിയെക്കുറിച്ചും ധാരാളം പരാതികൾ ലഭിച്ചതിന്റെയും വിജിലൻസ് അന്വേഷണ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ ടി കോഴ്സിന്റെ അംഗീകാരം 2006 മാർച്ച് മുതൽ മേൽ പരാമർശിച്ച ഉത്തരവ് പ്രകാരം പിൻവലിച്ചിരുന്നു. എൻ.സി.റ്റി.ഇ. അംഗീകാരമുള്ള സ്ഥാപനങ്ങൾ നടത്തുന്ന ഈ കോഴ്സിന് 31-12-2009 വരെ അംഗീകാരം നൽകിയിരുന്നു. എൻ.സി.റ്റി.ഇ. അംഗീകാരമില്ലാത്ത സ്ഥാപനങ്ങൾ ഈ ഉത്തരവുപ്രകാരം 2006 മാർച്ച് വരെ നൽകിയ കോഴ്സ് സർട്ടിഫിക്കറ്റിന് അംഗീകാരമുണ്ട്. മേൽ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് 9-2-2010-ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. അപേക്ഷക കരസ്ഥമാക്കിയ എൻ.സി.റ്റി.ഇ. അംഗീകാരമില്ലാത്ത സ്ഥാപനത്തിലൂടെ നേടിയ "ശിക്ഷാവിശാരദ്" എന്ന യോഗ്യത പ്രത്യേക കേസായി പരിഗണിക്കണമെന്ന നിവേദനം പൊതുവിദ്യാഭ്യാസ വകുപ്പ് വിശദമായി പരിശോധിക്കുകയും തുടർന്ന് 3 തവണ നിയമവകുപ്പിന്റെ അഭിപ്രായത്തിനായി നൽകുകയും ചെയ്തു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ Union of India Vs Sri. Goverdhan Kabra Teachers College, അലഹബാദ് ഹൈക്കോടതിയുടെ Shilendra Kumar Singh & others Vs State of Uttar Pradesh, Suresh Paul Vs State of Hariyana (1987), State of Rajastan & others Vs Lata Arun (2002) എന്നീ വിധിന്യായങ്ങളുടെയും അടിസ്ഥാനത്തിൽ എൻ.സി.റ്റി.ഇ. അംഗീകാരമില്ലാത്ത സ്ഥാപനത്തിലൂടെ നേടിയ "ശിക്ഷാവിശാരദ്" എന്ന യോഗ്യതയ്ക്ക് പ്രത്യേക കേസായി അംഗീകാരം നൽകണമെന്ന ടിയാളുടെ ആവശ്യം 3 തവണയും നിയമവകുപ്പ് മേൽ കോടതിവിധികളെ ആസ്പദമാക്കി നിരസിച്ച് അഭിപ്രായം രേഖപ്പെടുത്തി ലഭ്യമാക്കിയിട്ടുണ്ട്.

(സി) നിലവിലുള്ള നിയമമനുസരിച്ച് പരിഗണിക്കുവാൻ നിർവ്വാഹമില്ല.

## സ്കൂൾ കുട്ടികളിലെ ലഹരി മരുന്ന് ഉപയോഗം

131 (3661) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളിൽ ലഹരി മരുന്ന് ഉപയോഗം കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ സ്കൂൾ തലത്തിൽ എന്തെങ്കിലും പ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ വകുപ്പ് എന്തെങ്കിലും നടപടികൾ

സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സ്കൂളുകളിൽ കുട്ടികൾ കൃത്യമായി ഹാജരാകുന്നില്ലെങ്കിൽ ആ വിവരം രക്ഷിതാക്കളെ എസ്.എം.എസ്. മുഖേന അറിയിക്കുന്ന പദ്ധതി പൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഇ) സ്കൂളുകളിൽ കുട്ടികൾക്ക് വേണ്ടി വിവിധ വിഷയങ്ങളിൽ ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, ജാഗ്രതാ സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഹയർ സെക്കണ്ടറി വകുപ്പിന്റെ കീഴിൽ കൗമാരക്കാരുടെ ശാക്തീകരണത്തിനായി കൗൺസിലിംഗും ആരോഗ്യപരിപാലനവും നടപ്പിലാക്കുന്നതിനായി 1200-ലധികം സൗഹൃദ ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ 2016-17 അദ്ധ്യയനവർഷത്തെ പരിശീലനങ്ങളിൽ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ ഇന്ത്യൻ ഡെന്റൽ അസോസിയേഷനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പുകയിലയിൽനിന്നും മയക്കുമരുന്നിൽനിന്നും യുവാക്കളെ മോചിപ്പിക്കുന്നതിലേക്ക് "മുക്തി" എന്ന പേരിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ബോധവത്കരണവും ട്രെയിനിംഗും നൽകുന്നുണ്ട്. കുട്ടികളിലെ കുറ്റവാസനയും ലഹരി ഉപയോഗവും ഇല്ലാതാക്കുന്നതിലേയ്ക്ക് 2010 സെപ്തംബറിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന ഒരു പദ്ധതി ആരംഭിച്ചു. സാമൂഹികനീതി വകുപ്പിന്റെ കീഴിൽ 93 സ്കൂളുകളിൽ ഔവർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ പദ്ധതി പ്രവർത്തിച്ചു വരുന്നുണ്ട്.

വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ എൻ.എസ്.എസ്. വോളന്റിയർമാർ ഇതിനെതിരെ ജാഗ്രത പുലർത്തുന്നുണ്ട്. ലഹരിവിരുദ്ധ ബോധവത്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നൽകുന്നുണ്ട്. വി.എച്ച്.എസ്.ഇ., എൻ.എസ്.എസ് സെൽ കഴിഞ്ഞവർഷം എക്സൈസ് വകുപ്പിന്റെ 'സുബോധം ' പ്രോജക്ടുമായി ചേർന്ന് '1000 വിംഗ്സ് ഓഫ് ഫയർ ' എന്ന പേരിൽ ഹോം ലൈബ്രറികൾ തുടങ്ങുന്ന പ്രോഗ്രാം ചെയ്തപ്പോൾ അതിനോടൊപ്പം 'ലഹരിവിരുദ്ധ പ്രവർത്തനങ്ങളും വായനയുടെ ഗുണവും' എന്ന വിഷയത്തിൽ എൻ.എസ്.എസ്. പ്രോജക്ട് ഓഫീസർ സംസ്ഥാനത്തെ ധാരാളം വി.എച്ച്.എസ്.ഇ. സ്കൂളുകളിൽ ബോധവത്കരണ ക്ലാസ്സുകൾ നടത്തി. കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ്

പ്രവർത്തനങ്ങളുടെ ഭാഗമായും കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്.

(ഡി) പൂർണ്ണമായി നടപ്പിലാക്കിയിട്ടില്ല. സംസ്ഥാനത്തെ എല്ലാ വി.എച്ച്.എസ്.ഇ. സ്കൂളുകളിലും വിദ്യാർത്ഥികൾ ഹാജരാകാത്ത വിവരം രക്ഷകർത്താക്കളെ അറിയിക്കുന്നതിനായി വകുപ്പ് തികച്ചും സൗജന്യമായി രൂപം നൽകിയ 'തേർഡ് ബെൽ' എന്ന സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെ ഒക്ടോബർ 14 മുതൽ നടപ്പിലാക്കിയിരിക്കുന്നു. തുടർച്ചയായി രണ്ട് ദിവസം സ്കൂളിൽ ഹാജരാകാത്ത വിദ്യാർത്ഥികളുടെ രക്ഷകർത്താക്കളുടെ മൊബൈലിലേക്ക് ഒരു ഓട്ടോമേറ്റഡ് വോയിസ് കോൾ പോകുന്നുവെന്നതാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ പ്രത്യേകത.

(ഇ) സ്കൂളുകളിൽ കുട്ടികൾക്ക് മൊബൈൽ ഉപയോഗം സംബന്ധിച്ചും നിയമാനുസൃതമല്ലാതെ വാഹനം ഓടിക്കുന്നതു സംബന്ധിച്ചും ലഹരിവസ്തുക്കളുടെ ഉപയോഗം ഒഴിവാക്കുന്നത് സംബന്ധിച്ചും ക്ലാസ്സുകൾ സംഘടിപ്പിക്കാറുണ്ട്. ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് വേണ്ടി നടത്തിയ ബോധവത്കരണ ക്ലാസ്സുകൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. സമൂഹത്തിലെ പല മേഖലകളിലും പ്രാഗത്ഭ്യം തെളിയിച്ചിട്ടുള്ള പരിശീലകരെ കൊണ്ടുവന്ന് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ ബോധവത്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. ഈ കാര്യം ഓരോ സ്കൂളുകളിലെയും പ്രിൻസിപ്പൽമാർ, എൻ.എസ്.എസ്.പ്രോഗ്രാം ഓഫീസർ, കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ കോർഡിനേറ്റർമാർ എന്നിവർ ചേർന്നാണ് നൽകിവരുന്നത്.

## സ്കൂൾ കുട്ടികളുടെ കായിക നിലവാരം

132 (3662) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളുടെ കായിക നിലവാരം ഉയർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളുടെ കായികക്ഷമത പരിശോധിയ്ക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2009 മുതൽ 2011 വരെ നടത്തിയ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുമായി ബന്ധപ്പെട്ട് (Total Fitness

Programme) നടത്തിയ പഠനങ്ങളിൽ സ്കൂൾ കുട്ടികളുടെ കായികക്ഷമത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേത്തുടർന്ന് സ്കൂളുകളിലെ കായിക പരിശീലനം ഊർജ്ജിത പെടുത്തുവാനുള്ള നിർദ്ദേശം കായികാദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായിക അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളിൽ ഈ വിഷയം നിരന്തരമായി ചർച്ച ചെയ്യുകയും ചെയ്യുന്നു. എന്നാൽ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരില്ലാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ ഇതുസംബന്ധമായ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും കാര്യമായി നടപ്പാക്കപ്പെടുന്നില്ല.

(ബി) കുട്ടികളിലെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനായി 100-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കലാകായിക വിഷയങ്ങളിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ഇരിട്ടി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് വിഭജനം

133 (3663) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തന്നെ ഏറ്റവും വലിയ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസുകളിൽ ഒന്നായ ഇരിട്ടി വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് വിഭജിച്ച് പേരാവൂർ വിദ്യാഭ്യാസ ഉപജില്ല രൂപീകരിക്കുന്നതിന്റെ നടപടിക്രമം ഏതുവരെയായി;

(ബി) സാമ്പത്തിക ബാദ്ധ്യതയില്ലാതെ ഓഫീസ് ആരംഭിക്കുന്നതിന് പുനർവിന്യാസം വഴി നിയമനം നടത്തുന്നതിലേക്ക് ധനകാര്യ വകുപ്പ് ഉൾപ്പെടെ അനുമതി നൽകിയിട്ടുണ്ടോ ;

(സി) ധനകാര്യവകുപ്പിന്റെ അനുമതി ലഭിച്ചിട്ടും ഓഫീസ് ആരംഭിക്കുന്നതിന്റെ എന്ത് നടപടിയാണ് ഇനിയും ബാക്കിയുള്ളത്; ഉപജില്ല രൂപീകരണം പൂർത്തീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ) പേരാവൂർ വിദ്യാഭ്യാസ ഉപജില്ലാ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) തസ്തികകളുടെ പുനർവിന്യാസ സാധ്യത പൊതു വിദ്യാഭ്യാസ ഡയറക്ടറുമായി ചേർന്ന് പരിശോധിച്ചുവരികയാണ്.

**മണലൂർ മണ്ഡലത്തിലെ കുണ്ടഴിയൂർ ജി.എം.യു.പി. സ്കൂൾ**

134 (3664) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങു ഗ്രാമപഞ്ചായത്തിലെ സർക്കാർ യു.പി. സ്കൂളായ കുണ്ടഴിയൂർ ജി.എം.യു.പി. സ്കൂളിൽ ജൂനിയർ ഹിന്ദി (പാർട്ട് ടൈം) ടീച്ചറുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏങ്കിൽ ഈ ഒഴിവ് അടിയന്തരമായി നികത്തുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ ദിവസ വേതനാടിസ്ഥാനത്തിൽ ഒഴിവ് നികത്തിയിട്ടുണ്ട്.

**സ്കൂൾ കുട്ടികളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് നടപടി**

135 (3665) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളിൽ ജൈവ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മികച്ച രീതിയിൽ ജൈവ പച്ചക്കറി ഉത്പാദിപ്പിക്കുന്ന കുട്ടികൾക്ക് കലാ-കായിക മത്സരങ്ങളിൽ വിജയിക്കുന്ന കുട്ടികൾക്ക് നൽകുന്നതുപോലുള്ള ഗ്രേസ് മാർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കാർഷിക രംഗത്ത് വിദ്യാർത്ഥികൾക്കുള്ള അറിവും അഭിരുചിയും പരിപോഷിപ്പിക്കുന്നതിന്റെ ഭാഗമായി സ്കൂളുകളിൽ ജൈവവൈവിധ്യ പാർക്കുകൾ

സ്ഥാപിക്കുന്നതിന്റെ സംസ്ഥാനതല ഉദ്ഘാടനം 2016 ആഗസ്റ്റ് 17-ന് തിരുവനന്തപുരം ജില്ലയിലെ ധനുവച്ചപുരത്ത് നടന്നു. ഈ പദ്ധതി സംസ്ഥാനത്തെ സ്കൂളുകളിൽ ഒട്ടാകെ നടപ്പാക്കുന്നതിനാവശ്യമായ നടപടികൾ തുടർന്നുവരുന്നു. ജൈവ പച്ചക്കറികളുടെ ഉൽപ്പാദനവും ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാവുന്നതാണ്. കൃഷി വകുപ്പുമായി സഹകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിൽ, ഇപ്പോൾത്തന്നെ പച്ചക്കറി കൃഷി നടപ്പാക്കിവരുന്നുണ്ട്. സ്കൂൾ ക്യാമ്പസുകൾ ജൈവവൈവിധ്യ പാർക്കുകളാക്കുന്നതിനും വിദ്യാർത്ഥികൾക്ക് ജൈവപച്ചക്കറി കൃഷി, വികേന്ദ്രീകൃത മാലിന്യ സംസ്കരണ സംവിധാനം, ജലസംരക്ഷണം തുടങ്ങിയ ആശയങ്ങളിൽ അവബോധം വർദ്ധിപ്പിക്കുന്നതിനും തദ്വാരാ പരിസ്ഥിതി-സൗഹൃദ സംസ്കാരം പ്രോത്സാഹിപ്പിക്കുന്നതിനുമായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണെന്ന, നാഷണൽ ബയോഡൈവേഴ്സിറ്റി ബോർഡിന്റെ നിർദ്ദേശം എല്ലാ ഹയർ സെക്കണ്ടറി സ്കൂൾ പ്രിൻസിപ്പൽമാരെയും അറിയിച്ചിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ തലത്തിൽ വിവിധ ഏജൻസികളുടെ സഹകരണത്തോടെ വിദ്യാർത്ഥികൾക്ക് പച്ചക്കറി വിത്തുകൾ വിതരണം നടത്തുന്നുണ്ട്. സ്കൂളുകളിൽ ലഭ്യമായ സൗകര്യത്തിൽ ജൈവ പച്ചക്കറി കൃഷികൾ ചെയ്യുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

### സ്കൂൾ കുട്ടികളിൽ കായിക അഭിരുചി വളർത്താൻ കർമ്മ പരിപാടികൾ

136 (3666) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂൾ കുട്ടികളിൽ കായിക അഭിരുചി വളർത്താൻ എന്തെല്ലാം കർമ്മ പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ഏതെല്ലാം വകുപ്പുകളാണ് ഈ പരിപാടികളുമായി സഹകരിക്കുന്നത്; വിവരിക്കുമോ;

(സി) എത്ര സ്കൂളുകളിലാണ് ഇത് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2009 മുതൽ 2011 വരെ നടത്തിയ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുമായി ബന്ധപ്പെട്ട് (Total Fitness Programme) നടത്തിയ പഠനങ്ങളിൽ സ്കൂൾ കുട്ടികളുടെ കായികക്ഷമത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേത്തുടർന്ന് സ്കൂളുകളിലെ കായിക പരിശീലനം ഊർജ്ജിതപ്പെടുത്തുവാനുള്ള നിർദ്ദേശം കായികാദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായികാദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളിൽ ഈ വിഷയം നിരന്തരമായി ചർച്ച ചെയ്യുകയും ചെയ്യുന്നു. എന്നാൽ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരില്ലാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ ഇതു സംബന്ധമായ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും കാര്യമായി നടപ്പാക്കപ്പെടുന്നില്ല. അതിനാൽ 2016-17 അദ്ധ്യയന വർഷം മുതൽ 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള സ്കൂളുകളിൽ കലാകായിക വിഷയങ്ങളിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## സ്കൂൾ വിദ്യാർത്ഥികളുടെ അമിതഭാരമുള്ള സ്കൂൾ ബാഗ്

137 (3667) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥികളിൽ പലർക്കും പാഠപുസ്തകങ്ങളുടെയും നോട്ടുബുക്കുകളുടെയും മറ്റ് പഠനോപകരണങ്ങളുടെയും അമിതഭാരമുള്ള സ്കൂൾ ബാഗുമായിട്ടാണ് സ്കൂളിലേയ്ക്ക് പോകേണ്ടി വരുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീരെ ചെറിയ പ്രായത്തിൽ തന്നെ അമിതഭാരം ചുമക്കേണ്ടി വരുന്നത് കുട്ടികൾക്ക് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്കൂൾ വിദ്യാർത്ഥികളുടെ സ്കൂൾ ബാഗിന്റെ ഭാരം കുറയ്ക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളണമെന്നാവശ്യപ്പെട്ട് സംസ്ഥാന ബാലാവകാശ കമ്മീഷൻ സർക്കാരിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്; നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ബാലാവകാശ കമ്മീഷൻ ഈ വിഷയം അപഗ്രഥിക്കുകയും വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കേണ്ട അനന്തര നടപടികൾ അറിയിക്കുകയും ചെയ്തതിന്റെ

അടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന എല്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും ഒരു സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

## സ്കൂൾ വിദ്യാർത്ഥികളിൽ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് പദ്ധതി

138 (T*3668) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സ്കൂൾ വിദ്യാർത്ഥികളിൽ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2009 മുതൽ 2011 വരെ നടത്തിയ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുമായി ബന്ധപ്പെട്ട് (Total Fitness Programme) നടത്തിയ പഠനങ്ങളിൽ സ്കൂൾ കുട്ടികളുടെ കായികക്ഷമത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേത്തുടർന്ന് സ്കൂളുകളിലെ കായിക പരിശീലനം ഊർജ്ജിതപ്പെടുത്തുവാനുള്ള നിർദ്ദേശം കായികാദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായികാദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളിൽ ഈ വിഷയം നിരന്തരമായി ചർച്ച ചെയ്യുകയും ചെയ്യുന്നു. എന്നാൽ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരില്ലാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ ഇതു സംബന്ധമായ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും കാര്യമായി നടപ്പാക്കപ്പെടുന്നില്ല. അതിനാൽ 2016-17 അദ്ധ്യയന വർഷം 100-ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കലാകായിക വിഷയങ്ങളിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരമുള്ള അപേക്ഷകൾ

139 (3669) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം വിദ്യാഭ്യാസ വകുപ്പിൽ എത്ര അപേക്ഷകൾ തീർപ്പാവാനുണ്ടെന്നും ഇനിയും നിയമനം ലഭിച്ചിട്ടില്ലാത്ത എത്ര അപേക്ഷകരുണ്ടെന്നും വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

*'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

സമാശ്വാസ തൊഴിൽദാന പദ്ധതിപ്രകാരം വിദ്യാഭ്യാസ വകുപ്പിൽ 205 അപേക്ഷകൾ തീർപ്പാക്കാനുണ്ട്. സർക്കാർ ഉത്തരവ് ലഭിച്ചിട്ടും നിയമനത്തിനായി കാത്തിരിക്കുന്നവരുടെ എണ്ണം 107 ആണ്.

**അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.)**

140 (3670) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സ്കിൽ അക്വസിഷൻ പ്രോഗ്രാം (എ.എസ്.എ.പി.) ഏറനാട് മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതിക്കായി എന്തെല്ലാം സൗകര്യങ്ങളാണ് അനുവദിച്ചുനൽകിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) മണ്ഡലത്തിലെ കൂടുതൽ സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)
1. അമൽ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ്, നിലമ്പൂർ
2. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, പാണ്ടിക്കാട്, മലപ്പുറം
3. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, അരീക്കോട്, മലപ്പുറം
4. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, കുഴിമണ്ണ, മലപ്പുറം
5. ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂൾ, ഇരഞ്ഞിമങ്ങാട്, മലപ്പുറം
6. ഗവൺമെന്റ് സീതിഹാജി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂൾ, എടവണ്ണ, മലപ്പുറം
7. ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കിഴുപറമ്പ, മലപ്പുറം
8. ഇസ്ലാഹിയ ഓറിയന്റൽ ഹയർ സെക്കണ്ടറി സ്കൂൾ, എടവണ്ണ.

9. എസ്.എസ്. ഹയർ സെക്കണ്ടറി സ്കൂൾ, മൂർക്കനാട്, മലപ്പുറം.

(ബി) ആയിരത്തോളം സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കായി അതതു സ്ഥാപനങ്ങളിൽവച്ച് നടത്തപ്പെടുന്ന അടിസ്ഥാന നൈപുണ്യ പരിശീലനവും തെരഞ്ഞെടുത്ത തൊഴിൽ മേഖലയിലെ നൈപുണ്യ പരിശീലനവുമാണ് ലഭ്യമാക്കുന്നത്. ഇതിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് തൊഴിൽ പരിശീലനത്തിനായി 120 സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ (SDC) സജ്ജമാക്കിയിട്ടുണ്ട്. ഇവിടങ്ങളിൽ ആധുനിക സൗകര്യങ്ങളുള്ള കമ്പ്യൂട്ടർ ലബോറട്ടറികൾ, ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് (വൈ-ഫൈ) സൗകര്യം, 5 വീതം സ്മാർട്ട് ക്ലാസ്സ് മുറികൾ, LCD പ്രൊജക്ടറുകൾ, ഇന്ററാക്ടീവ് ബോർഡുകൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്. കമ്പ്യൂട്ടർ ലാബുകളെ KSWAN ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. പൂർണ്ണമായും കമ്പ്യൂട്ടർ അധിഷ്ഠിതമായി പരിശീലനം, ഭരണ നിയന്ത്രണ നടപടികൾ, ഗുണമേന്മാ നിയന്ത്രണം, സർട്ടിഫിക്കറ്റ് നൽകൽ എന്നിവ സാധ്യമാക്കുന്ന തരത്തിൽ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം സജ്ജമാക്കിയിട്ടുണ്ട്. ആധുനിക തൊഴിൽ നൈപുണ്യ പരിശീലനം സമൂഹത്തിലെ വ്യത്യസ്ത തലങ്ങളിലുള്ളവർക്ക് ലഭ്യമാക്കാൻ ഉതകുന്ന നൈപുണ്യ പരിശീലന സമുച്ചയങ്ങൾ ആയ കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ 15 സ്ഥലങ്ങളിൽ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) പരിഗണിക്കുന്നതാണ്.

## സീനിയർ സൂപ്രണ്ട് തസ്തിക നിലവിലില്ലാത്ത ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

141 (3671) ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സീനിയർ സൂപ്രണ്ടിന്റെ തസ്തിക നിലവിലില്ലാത്ത ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽ തസ്തിക നിലവിലില്ലാത്ത എ.ഇ.ഒ. ഓഫീസുകളിൽ അത് ഓഫീസ് പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കൊടുവള്ളി എ.ഇ.ഒ.-ക്ക് കീഴിൽ 50 സ്കൂളുകൾ നിലവിലുണ്ടെങ്കിലും സീനിയർ സൂപ്രണ്ടിന്റെ തസ്തിക അനുവദിച്ചിട്ടില്ലാത്തതിനാൽ ആയത് അനുവദിക്കുന്നതിന് കൈക്കൊണ്ട നടപടി വിശദമാക്കാമോ?

ഉത്തരം

(എ) കൊടുവള്ളി, മുക്കം, കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകൾ

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സർക്കാരിന്റെ പരിഗണനയിലാണ്.

**സംരക്ഷിത അദ്ധ്യാപകരുടെ പുനർവിന്യാസം**

142 (3672) ശ്രീ. പാറക്കൽ അബ്ദുല്ല :
ശ്രീ. പി. കെ. ബഷീർ :
ശ്രീ.പി. കെ. അബ്ദു റബ്ബ് :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ നിന്ന് പുറത്തായ സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം നിർത്തിവയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം ഇതിനകം പൂർത്തിയായിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ;

(സി) ഇനി ഏതൊക്കെ ജില്ലകളിൽ സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസം നടത്താനുണ്ട്; അത് എന്നത്തേക്ക് പൂർത്തിയാകും; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) പുനർവിന്യാസ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ സർക്കാർ തലത്തിൽ തീരുമാനമൊന്നുമെടുത്തിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിലുള്ള റിട്ട് പെറ്റീഷൻ നമ്പർ 27337/16 തുടങ്ങിയ കേസുകളിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ പുനർവിന്യാസ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

**റിസോഴ്സ് അദ്ധ്യാപകർ**

143 (3673) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പത്തു വർഷത്തിൽ അധികമായി ജോലി ചെയ്തുവരുന്ന യോഗ്യരായ റിസോഴ്സ്

അദ്ധ്യാപകരെ സമയബന്ധിതമായി പദ്ധതി തയ്യാറാക്കി സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ഐ.ഇ.ഡി.സി./ഐ.ഇ.ഡി.എസ്.എസ്. എന്നിവ കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. കേന്ദ്ര സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം എസ്.എസ്.എ./ആർ.എം.എസ്.എ. എന്നിവയുടെ കീഴിൽ റിസോഴ്സ് സപ്പോർട്ടിനായി അദ്ധ്യാപകരെ ഓരോ വർഷവും കരാർ വ്യവസ്ഥയിൽ നിയമനം നൽകുവാൻ മാത്രമേ വ്യവസ്ഥയുള്ളൂ. കരാർ അടിസ്ഥാനത്തിൽ നിയമനം നൽകുന്ന ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നതിന് വ്യവസ്ഥയില്ല. കൂടാതെ ആയത് സുപ്രീം കോടതി വിധിയുടെ ലംഘനവുമാണ്.

## പാർട്ട് ടൈം ജീവനക്കാരെ ഫുൾടൈം ജീവനക്കാരായി മാറ്റി നിയമിക്കണമെന്ന നിർദ്ദേശം

144 (3674) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിനു കീഴിൽ ജോലി ചെയ്യുന്ന പാർട്ട് ടൈം ജീവനക്കാരെയെല്ലാം ഫുൾടൈം ജീവനക്കാരായി മാറ്റണമെന്ന നിർദ്ദേശം നല്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(ബി) കുറഞ്ഞ സർവ്വീസുള്ളവർ പാർട്ട് ടൈമിൽ തുടരാൻ ഓപ്ഷൻ നല്കിയിട്ടുണ്ടെങ്കിൽ അത് പരിഗണിക്കാതെ ഫുൾടൈമിൽ നിയമിക്കണമെന്ന നിർദ്ദേശം കിട്ടിയതായി പറഞ്ഞ് അതിനുള്ള നടപടികൾ വിദ്യാഭ്യാസ വകുപ്പ് ഓഫീസുകളിൽ സ്വീകരിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ ഓപ്ഷൻ നല്കിയിട്ടുള്ളവരെ പാർട്ട് ടൈം തസ്തികയിൽ തുടരാൻ അനുവദിക്കുമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) അനുവദിക്കുന്നതിന് വ്യവസ്ഥയുണ്ട്.

## ഹരിപ്പാട് കുമാരപുരം പഞ്ചായത്തിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക്/അസാപ് സെന്റർ

145 (3675) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം അനുസരിച്ച് ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുമാരപുരം പഞ്ചായത്തിൽ അനുവദിച്ചിരുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്ക് / അസാപ്പ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ നിലവിലുണ്ടോ;

(സി) അസാപ്പ് സെന്ററിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുമാരപുരം പഞ്ചായത്തിലെ സർവ്വേ നമ്പർ 364/19-ൽപ്പെട്ട ഒരു സ്ഥലത്ത് നിന്നും 50 സെന്റ് സ്ഥലം മാത്രമേ കമ്മ്യൂണിറ്റി സ്കിൽ പാർക്കിനായി അസാപ്പിന് നൽകുവാൻ സാധിക്കുകയുള്ളൂവെന്ന് അറിയിച്ചിരുന്നു. പ്രസ്തുത സ്ഥലത്തേയ്ക്കുള്ള വഴിയുടെ വീതി 2.70 മീറ്റർ മാത്രമാണുള്ളത്. കമ്മ്യൂണിറ്റി സ്കിൽ പാർക്ക് പണിയുന്നതിന് കുറഞ്ഞത് 5.5 മീറ്ററെങ്കിലും വീതിയുള്ള ഒരു അപ്രോച്ച് റോഡ് ആവശ്യമാണ്. ഏകദേശം 25000 ചതുരശ്ര അടി വരുന്ന കമ്മ്യൂണിറ്റി സ്കിൽ പാർക്ക് പണിയുവാൻ ഒരേക്കറിനോളം സ്ഥലം ആവശ്യമാണ്. നിർദ്ദേശിക്കപ്പെട്ട സ്ഥലം കമ്മ്യൂണിറ്റി സ്കിൽ പാർക്ക് പണിയുവാൻ പര്യാപ്തമല്ലെന്ന് കണ്ടെത്തിയതിനാൽ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) അനുയോജ്യമായ സ്ഥലം ലഭിക്കുകയാണെങ്കിൽ കമ്മ്യൂണിറ്റി സ്കിൽ പാർക്ക് ആരംഭിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

**സ്കൂളുകളെ അന്തർദ്ദേശിയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് നടപടി**

146 (3676) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> :
<u>ശ്രീ. വി. എസ്. ശിവകുമാർ</u> :
<u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ സ്കൂളുകളെ അന്തർദേശീയ നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതൊക്കെ മേഖലയിലെ സ്കൂളുകളാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 28-9-2016-ലെ സ.ഉ.(പി) നമ്പർ 41/2016/ആ.സാ.വ. നമ്പർ ഉത്തരവ് പ്രകാരം സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ബി) പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഒരു നിയോജകമണ്ഡലത്തിൽ നിന്നും ഒരു സ്കൂൾ എന്ന അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയോജകമണ്ഡലം എം.എൽ.എ.-യുടെ ശിപാർശ കൂടി പരിഗണിച്ചാണ് സ്കൂൾ തെരഞ്ഞെടുക്കുക. സ്കൂൾ തെരഞ്ഞെടുക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാന മായിട്ടില്ലെങ്കിലും കുട്ടികൾ കൂടുതലുള്ളതും, ആവശ്യമായ കെട്ടിടങ്ങളും ക്ലാസ്സ് മുറികളുള്ള സ്കൂളുകൾക്കും മുൻഗണന നൽകുന്നതായിരിക്കും. പൈലറ്റ് പദ്ധതി എന്ന നിലയിൽ നാലു മണ്ഡലങ്ങളിലെ എല്ലാ സ്കൂളുകളെയും ഇത്തരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതികൾ നടപ്പിലായിവരുന്നു.

### പാലക്കാട് എഡ്യൂക്കേഷൻ കോംപ്ലക്സ്

147 (3677) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് വിദ്യാഭ്യാസ സമുച്ചയ നിർമ്മാണ പ്രവർത്തിയുമായി ബന്ധപ്പെട്ട നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

ഉത്തരം

പാലക്കാട് വിദ്യാഭ്യാസ സമുച്ചയ നിർമ്മാണത്തിലേയ്ക്കായി ഭരണാനുമതി നൽകുകയും ഇതിലേയ്ക്കായി 3,77,10,500 രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ആർക്കിയോളജി വകുപ്പിൽനിന്നും സ്ഥലം വിട്ടുകിട്ടേണ്ടതുള്ളതിനാൽ ആയതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### പാർട്ട്ടൈം ഹിന്ദി അദ്ധ്യാപിക നിയമനം

148 (3679) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിൽ അംഗീകൃത വിദ്യാലയങ്ങളിൽ ജോലിചെയ്യുന്ന അദ്ധ്യാപക-അനദ്ധ്യാപകരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾക്ക് എന്തെങ്കിലും മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) കൊല്ലം ഡി.ഡി. ആഫീസിന്റെ പരിധിയിലുള്ള ശാസ്താംകോട്ട എ.ഇ.ഒ. ആഫീസിന്റെ കീഴിലുള്ള കണത്താർകുന്ന് സെന്റ്-ആന്‍ഡ്രൂസ് യു.പി.സ്കൂളിലെ പാർട്ടൈം ഹിന്ദി അദ്ധ്യാപിക ശ്രീമതി ലീലാമ്മ ഫിലിപ്പിന്റെ നിയമനം അംഗീകരിക്കുവാൻ വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ശ്രീമതി ലീലാമ്മ ഫിലിപ്പിന്റെ നിയമനം അംഗീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഇനി വേണ്ടതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അൺ ഇക്കണോമിക് സ്കൂളുകളിൽ ശരാശരി 15 കുട്ടികൾ വീതവും എൽ.പി. സ്കൂളുകളിൽ 60-ഉം യു.പി. സ്കൂളുകളിൽ (എൽ.പി. + യു.പി.) 105-ഉം കുട്ടികളുള്ള സ്കൂളുകളിലെ നിയമനം അതാത് വിദ്യാഭ്യാസ ആഫീസർമാർ ദിവസ വേതനാടിസ്ഥാനത്തിലും തുടർന്ന് ടി നിയമന ഉത്തരവുകൾ വിദ്യാഭ്യാസ ഡയറക്ടർക്ക് നൽകി റെഗുലർ ശമ്പള സ്കെയിലിലും ക്രമീകരിക്കുന്നതിന് പൊതു വിദ്യാഭ്യാസ വകുപ്പിലെ നമ്പർ 631703/ജെ2/16/പൊ.വി.വ തീയതി, 1-8-2016 ഉത്തരവ് പ്രകാരം ഉപ വിദ്യാഭ്യാസ ഡയറക്ടർ, ജില്ലാ വിദ്യാഭ്യാസ ഓഫീസർ തലത്തിൽ അനുവാദം നൽകിയിട്ടുണ്ട്.

(ബി) 2015-16 വർഷം ജൂൺ 1 മുതൽ നിയമിതയായ ശ്രീമതി ലീലാമ്മ ഫിലിപ്പിന്റെ നിയമനം സ്കൂൾ അൺ ഇക്കണോമിക് ആയതിനാൽ നിലവിലെ വ്യവസ്ഥകൾ പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ ശാസ്താംകോട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

(സി) 29-9-2016-ലെ തസ്തിക നിർണ്ണയ ഉത്തരവിന്റെയും 6-11-2012-ലെ നമ്പർ 58604/ജെ2/2012/പൊ.വി.വ. സർക്കുലറിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ശ്രീമതി ലീലാമ്മ ഫിലിപ്പിന്റെ നിയമനം ദിവസവേതനാടിസ്ഥാനത്തിൽ അല്ലാതെ റെഗുലർ ശമ്പള സ്കെയിലിൽ ക്രമീകരിക്കുന്നതിന് വ്യവസ്ഥകളില്ല.

**അഴീക്കോട് നിയോജക മണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂംസ്**

149 (3680) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഴീക്കോട് നിയോജക മണ്ഡലത്തിൽ സ്മാർട്ട് ക്ലാസ് റൂംസ് നിർമ്മിക്കുന്നതിനായുള്ള ശിപാർശയിന്മേൽ ധനകാര്യ വകുപ്പിൻെറ അംഗീകാരം ലഭിച്ച 48583/M2/15/G.Edn. നമ്പറായി സെക്രട്ടേറിയറ്റിലെ പൊതു വിദ്യാഭ്യാസ വകുപ്പിലുള്ള ഫയലിൽ ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസത്തിൻെറ കാരണം വ്യക്തമാക്കുമോ;

(ബി) എന്നത്തേയ്ക്ക് ഭരണാനുമതി നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വിഷയത്തിൽ ഐ.ടി. @സ്കൂൾ, ധനകാര്യ വകുപ്പിൻെറ അംഗീകാരം അവഗണിച്ച് ഫയലിൽ അംഗീകാരം നൽകാതെ കാലതാമസം വരുത്തുന്നത്

പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) 48583/M2/15/G.Edn. നമ്പർ ഫയലിൽ ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ ചുവടെ ചേർക്കുന്നു :

1. 22-7-2015 തീയതിയിൽ സമർപ്പിച്ച ശിപാർശയിൽ എയ്ഡഡ് സ്കൂളുകളും ഉൾപ്പെട്ടിരുന്നു. നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം സർക്കാർ സ്കൂളുകൾക്ക് മാത്രമേ എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ധനസഹായം നൽകാൻ സാധിക്കുകയുള്ളു എന്നതിനാൽ 23-9-2015-ൽ ബഹു. എം.എൽ.എ. സർക്കാർ സ്കൂളുകളെ മാത്രം ഉൾപ്പെടുത്തി പുതുക്കിയ അപേക്ഷ സമർപ്പിച്ചു.

2. പുതുക്കിയ അപേക്ഷയിൽ പദ്ധതി നിർവ്വഹണ ഏജൻസിയായി കണ്ടെത്തിയിരുന്നത് സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡി നെയായിരുന്നു. നിലവിലുണ്ടായിരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് സ്റ്റീൽ ഇൻഡസ്ട്രീയൽസ് കേരള ലിമിറ്റഡ് ഒരു അംഗീകൃത ഏജൻസിയായിരുന്നില്ല.

3. എന്നാൽ പിന്നീട് പ്രസ്തുത ശിപാർശ ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ടും പ്രവർത്തികൾ ഏറ്റെടുത്ത് നടത്തുന്നതിന് അംഗീകൃത ഏജൻസിക്കുള്ള നിലവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ ഇളവുവരുത്തിക്കൊണ്ടും ഭരണാനുമതി നൽകുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിരുന്നു.

4. നിയമസഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ ഉത്തരവ് സമയബന്ധിതമായി പുറപ്പെടുവിക്കുന്നതിന് സാധിച്ചില്ല. തുടർന്ന് ഭരണപരമായ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് മേൽ പ്രവൃത്തിക്ക് 3-11-2016-ലെ സ.ഉ.(സാധാ)നമ്പർ 3687/2016/പൊ.വി.വ. പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 3-11-2016-ലെ സ.ഉ.(സാധാ)നമ്പർ 3687/2016/പൊ.വി.വ. പ്രകാരം ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് അഴീക്കോട് നിയോജക മണ്ഡലത്തിലെ 20 സ്കൂളുകളിൽ 100 സ്മാർട്ട് ക്ലാസ് റൂമുകൾ നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കാൻ നടപടി**

150 (3681) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂളുകൾ മികവിന്റെ കേന്ദ്രങ്ങളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തലത്തിലുള്ള സ്കൂളുകളെയാണ് ഇതിനുവേണ്ടി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതിനായി എന്തെല്ലാം അടിസ്ഥാന അക്കാഡമിക് സൗകര്യങ്ങളാണ് സ്കൂളുകളിൽ ഒരുക്കാനുദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ;

(ഡി) ഇതിനായി എത്ര കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇതിനായി സ്കൂളുകളിലെ അക്കാദമിക പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ്സുകൾ ഹൈടെക് ക്ലാസ് മുറികളാക്കി മാറ്റുന്നതിന് 28-9-2016-ലെ സ.ഉ.(പി) 41/2016/ആ.സാ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട്-നോർത്ത്, തളിപ്പറമ്പ് നിയോജക മണ്ഡലങ്ങളിൽ 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ക്ലാസ്സുകൾ ഹൈടെക്ക് ആക്കുന്നതിനുള്ള ഒരു പൈലറ്റ് പദ്ധതി ഐ.ടി@സ്കൂൾ മുഖേന നടപ്പിൽ വരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാനത്തെ 1000 സ്കൂളുകൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ഓരോ നിയോജകമണ്ഡലങ്ങളിലേയും ഓരോ സ്കൂളുകളെ വീതം സ്ഥലം എം.എൽ.എ.-യുടെ ശിപാർശകൂടി പരിഗണിച്ച് അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) അദ്ധ്യാപകർക്ക് പരിശീലനം നൽകി പ്രാപ്തരാക്കുക കൂടാതെ' On site support monitoring system'-ത്തിലൂടെ ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും

നൽകുക എന്നിവയാണ് ഉദ്ദേശിക്കുന്നത്. കൂടാതെ എല്ലാ അദ്ധ്യാപകർക്കും ഐ.സി.റ്റി. പരിശീലനവും നൽകുന്നതാണ്.

(ഡി) സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിലേക്കായി 1000 കോടിയോളം രൂപ വേണ്ടിവരുമെന്ന് പ്രതീക്ഷിക്കുന്നു. തെരഞ്ഞെടുക്കപ്പെടുന്ന ഒരു സ്കൂളിന് ഒരു കോടി രൂപ വീതം നൽകി സ്കൂളിന്റെ അടിസ്ഥാന സൗകര്യ വികസനം, സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കൽ തുടങ്ങിയവയാണ് നടത്തുവാനായി ഉദ്ദേശിക്കുന്നത്.

**സ്കൂളുകൾ ഏറ്റെടുത്ത നടപടി**

151 (3682) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിലെ മലാപ്പറമ്പ് എ.യു.പി. സ്കൂൾ, പാലാട്ട് എ.യു.പി. സ്കൂൾ, മലപ്പുറം ജില്ലയിലെ മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ കൂടാതെ തൃശ്ശൂർ ജില്ലയിലെ കിരാലൂർ പി.എം.എൽ.പി. സ്കൂൾ എന്നിവ നേരത്തെ സർക്കാർ ഏറ്റെടുത്ത് വിജ്ഞാപനം ഇറക്കിയിരുന്നോ;

(ബി) എങ്കിൽ പ്രസ്തുത നാല് സ്കൂളുകൾ ഏറ്റെടുത്ത നടപടി ഇപ്പോൾ റദ്ദ് ചെയ്തിട്ടുണ്ടോ;

(സി) എങ്കിൽ ഇങ്ങനെ നിലപാടെടുക്കാനുണ്ടായ സാഹചര്യമെന്താണ്; വിശദാംശങ്ങൾ നൽകുമോ;

(ഡി) സ്കൂളുകൾ ഏറ്റെടുത്ത് നേരത്തെ ഇറക്കിയ വിജ്ഞാപനം ഭേദഗതി ചെയ്യുക ഉണ്ടായോ; എങ്കിൽ ഭേദഗതി ചെയ്ത വിജ്ഞാപനത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, കിരാലൂർ പി.എം. എൽ.പി. സ്കൂൾ, തൃശ്ശൂർ എന്നീ സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനം 27-7-2016-ലെ സ.ഉ.(പി) നമ്പർ 122/16/ പൊ.വി.വ. സർക്കാർ ഉത്തരവു പ്രകാരം 1332-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയും നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്ത് 3-8-2016-ലെ സ.ഉ.(പി)നമ്പർ 132/16/പൊ.വി.വ. സർക്കാർ ഉത്തരവു പ്രകാരം 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ.

524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി&സി) സ്കൂളുകൾ ഏറ്റെടുത്ത നടപടി റദ്ദ് ചെയ്തിട്ടില്ല. ടി സ്കൂൾ നടത്തി വന്ന മാനേജർമാർ സർക്കാർ നടപടിക്കെതിരെ കോടതിയെ സമീപിച്ചത് സ്കൂൾ ഏറ്റെടുക്കുന്നതിന് കാലതാമസം വരുത്തുന്നതിന് കാരണമായിട്ടുണ്ട്.

(ഡി) സ്കൂളുകൾ പൂർണ്ണമായി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും ആയതിന്റെ നടപടിക്രമം നിരീക്ഷിക്കുന്നതിനും ആവശ്യമായ സമയം വേണമെന്ന് സർക്കാർ കരുതുന്ന സാഹചര്യത്തിലാണ് നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ സ്കൂളുകൾ സർക്കാരിൽ പൂർണ്ണമായും നിക്ഷിപ്തമായിരിക്കുമെന്ന തരത്തിൽ 27-7-2016-ലെ വിജ്ഞാപനം ഭേദഗതി ചെയ്ത് 3-8-2016-ലെ വിജ്ഞാപനം പുറപ്പെടുവിച്ചത്. ഭേദഗതി ചെയ്ത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

## റിസർച്ച് ഡിഗ്രിയുള്ള കോളേജ് അദ്ധ്യാപകർക്ക് അധിക ആനുകൂല്യം

152 (3683) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിസർച്ച് ഡിഗ്രിയുള്ള കോളേജ് അദ്ധ്യാപകർക്ക് എന്തെങ്കിലും അധിക ആനുകൂല്യം നല്കിവരുന്നുണ്ടോ; എങ്കിൽ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) റിസർച്ച് ഡിഗ്രിയുള്ള ഹൈസ്കൂൾ, ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ഹയർ ക്വാളിഫിക്കേഷനെന്ന നിലയിൽ ആനുകൂല്യമെന്തെങ്കിലും ഇപ്പോൾ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ ?

<u>ഉത്തരം</u>

(എ) യു.ജി.സി. സ്കീം നടപ്പിലാക്കിയിട്ടുള്ള കോളേജുകളിലെ അദ്ധ്യാപകർക്ക്, പി.എച്ച്.ഡി.യോടുകൂടിയാണ് സർവ്വീസിൽ പ്രവേശിക്കുന്നത് എങ്കിൽ അഞ്ച് മുൻകൂർ ഇൻക്രിമെന്റിനും, സർവ്വീസിൽ പ്രവേശിച്ചതിനുശേഷം പി.എച്ച്.ഡി. കരസ്ഥമാക്കിയാൽ മൂന്ന് മുൻകൂർ ഇൻക്രിമെന്റിനും നിലവിൽ അർഹരാണ്. കൂടാതെ പി.എച്ച്.ഡി. ഡിഗ്രിയുള്ള അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ആദ്യത്തെ സ്ഥാനകയറ്റത്തിന് 2 വർഷത്തെ ഇളവിനും, എം.ഫിൽ കരസ്ഥമാക്കിയിട്ടുള്ളവർക്ക് 1 വർഷത്തെ ഇളവിനും അർഹതയുണ്ട്.

(ബി) റിസർച്ച് ഡിഗ്രിയുള്ള ഹൈസ്കൂൾ അദ്ധ്യാപകർക്ക് അധിക ആനുകൂല്യങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. ഹയർ സെക്കന്ററി അദ്ധ്യാപകർക്ക് ബന്ധപ്പെട്ട വിഷയത്തിൽ റിസർച്ച് ഡിഗ്രി ഉള്ളപക്ഷം 500 രൂപ സ്പെഷ്യൽ അലവൻസ് നൽകുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ പ്രവർത്തനം

153 (3684) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തുടർച്ചയായി വരുന്ന അവധിദിനങ്ങളിൽ സ്റ്റേറ്റ് സെൻട്രൽ ലൈബ്രറി പ്രവർത്തിക്കാത്തതുകൊണ്ട് വിദ്യാർത്ഥികൾക്കും ഗവേഷകർക്കും പൊതുജനങ്ങൾക്കുമുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) 2012 ലെ സർക്കാർ ഉത്തരവുപ്രകാരം അവധി ദിനങ്ങളിൽ ലൈബ്രറി ഭാഗികമായി പ്രവർത്തിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളത് പ്രാവർത്തികമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) നടപടി സ്വീകരിച്ചുവരുന്നു.

## സ്കൂളുകൾ അന്തർദ്ദേശീയ നിലവാരത്തിലാക്കുന്നതിനുള്ള നടപടി

154 (3686) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ 2016-17 ബഡ്ജറ്റ് പ്രസംഗത്തിലെ അന്തർദ്ദേശീയ നിലവാരമുള്ള 1000 സ്കൂളുകൾ 5 വർഷം കൊണ്ട് യഥാർത്ഥ്യമാക്കുമെന്ന പ്രസ്താവനയിന്മേൽ എന്തൊക്കെ നടപടികൾ സർക്കാരും വിദ്യാഭ്യാസ വകുപ്പും സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സ്കൂളുകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ എല്ലാ മണ്ഡലങ്ങളിലെയും മിനിമം ഒരു സ്കൂളിനെയെങ്കിലും ഇതിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) പുതുക്കിയ 2016-17 ബഡ്ജറ്റ് പ്രസംഗത്തിലെ അന്തർദേശീയ നിലവാരത്തിലുള്ള 1000 സ്കൂളുകൾ 5 വർഷം കൊണ്ട് യാഥാർത്ഥ്യമാക്കുന്ന പദ്ധതിയുടെ പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ ഓരോ നിയോജകമണ്ഡലത്തിലേയും ഒരു സ്കൂളിനെയാണ് ബന്ധപ്പെട്ട എം.എൽ.എ.-മാരുടെ

ശിപാർശയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുവാൻ ഉദ്ദേശിക്കുന്നത്.

(ബി) 2016-17-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'ഒരു മണ്ഡലത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്കൂൾ' എന്ന പദ്ധതി പ്രകാരം സ്കൂൾ തെരഞ്ഞെടുക്കുന്നത് സ്ഥലം എം.എൽ.എ.-യുടെ ശിപാർശ കൂടി പരിഗണിച്ചാണ്. സ്കൂൾ തെരഞ്ഞെടുക്കുന്നതിനുള്ള മറ്റ് മാനദണ്ഡങ്ങളുടെ കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ലെങ്കിലും കുട്ടികൾ കൂടുതലുള്ളതും ആവശ്യമായ കെട്ടിടങ്ങളും ക്ലാസ് മുറികളുള്ളതുമായ സ്കൂളുകൾക്ക് മുൻഗണ നൽകുന്നതായിരിക്കും.

(സി) ഉണ്ട്.

**കേരളത്തിലെ സർവ്വകലാശാല ചട്ടങ്ങൾ**

155 (3687) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ സർവ്വകലാശാലകളുടെ ചട്ടങ്ങൾ പതിറ്റാണ്ടുകൾക്കു മുൻപ് രൂപീകരിച്ചിട്ടുള്ളവയായതിനാൽ കോളേജുകൾ ആരംഭിക്കുന്നതിലേക്ക് അവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരമുള്ള സ്ഥലത്തിന്റെ അളവ് പുനഃപരിശോധിക്കാൻ ആലോചന ഉണ്ടോ;

(ബി) സ്ഥലം ലഭിക്കാനുള്ള ബുദ്ധിമുട്ടും സ്ഥലത്തിന്റെ വിലക്കൂടുതലും പരിഗണിച്ച് സ്ഥലത്തിന്റെ അളവ് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കാലിക്കറ്റ് സർവ്വകലാശാല ഇക്കാര്യത്തിൽ നടപടികൾ ആരംഭിച്ചിട്ടുണ്ട്. മറ്റ് യൂണിവേഴ്സിറ്റികളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു.

**കാസർഗോഡ് നിയോജക മണ്ഡലത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ**

156 (3688) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് അസംബ്ലി നിയോജകമണ്ഡലത്തിൽ സർക്കാർ/എയ്ഡഡ് തലത്തിൽ പ്രവർത്തിക്കുന്ന എത്ര എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സ്കൂളുകളിൽ മലയാളം മീഡിയം ഇല്ലാത്തതോ മലയാളം തീരെ പഠിപ്പിക്കാത്തതോ ആയ സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ സ്കൂളുകളുടെ പേരു വിവരം

ലഭ്യമാക്കുമോ ;

(സി) അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ പ്രസ്തുത സ്കൂളുകളുടെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ; എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങൾ ഈ സ്കൂളുകളിൽ ഒരുക്കാൻ ബാക്കിയുണ്ട്; ഇക്കാര്യത്തിൽ എന്ത് ചെയ്യാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് അസംബ്ലി നിയോജക മണ്ഡലത്തിൽ വി.എച്ച്.എസ്.ഇ. വിഭാഗത്തിൽ കാസർഗോഡ് മുനിസിപ്പാലിറ്റിയിൽ 2 സർക്കാർ സ്കൂളുകളും, കാരഡുക്ക പഞ്ചായത്തിൽ 2 സർക്കാർ സ്കൂളുകളും ഉണ്ട്. എൽ.പി, യു.പി, ഹൈസ്കൂളുകൾ സംബന്ധിച്ച ലിസ്റ്റ് അനുബന്ധം I-ലും ഹയർ സെക്കന്ററി സംബന്ധിച്ച ലിസ്റ്റ് അനുബന്ധം II- ലും ചേർത്തിരിക്കുന്നു.*

(ബി) വി.എച്ച്.എസ്.സി. വിഭാഗത്തിൽ മലയാളം മീഡിയം ഇല്ല. ഹയർ സെക്കന്ററി വിഭാഗത്തിലെ സ്കൂളുകളുടെ വിവരം ചുവടെ ചേർക്കുന്നു :

1. HHSIBS HSS, EDNEER, KASARGOD.
2. Sri. Annapurneshwari Higher Secondary School, Agalpady
3. Navajeevan Higher Secondary School, Perdala
4. BEM Higher Secondary School, Kasaragod.

ഹൈസ്കൂളുകളുടെ ലിസ്റ്റ് അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.*

(സി) പ്രസ്തുത ഹൈസ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉണ്ട്. ഗവ: ഹയർ സെക്കന്ററി സ്കൂളുകളിൽ സ്കൂളുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാണ്. ചില ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ക്ലാസ് മുറികളുടെയും ടോയ്‌ലെറ്റിന്റെയും കുറവുണ്ട്. സ്കൂളുകൾക്ക് ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് സർക്കാർ ഫണ്ട് അനുവദിക്കുന്നുണ്ട്.

**വിദ്യാഭ്യാസ അവകാശ നിയമം**

157 (3689) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ) പുതിയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള സർവ്വെ പൂർത്തിയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം നടപടികൾ ഇതിനോടകം സ്വീകരിച്ച് വരുന്നു;

(സി) 100 വർഷം പൂർത്തിയാക്കിയ, സർക്കാർ ഉടമസ്ഥതയിലുള്ള എൽ.പി./ യു.പി./ഹൈസ്കൂൾ തുടങ്ങിയവ അപ്ഗ്രേഡ് ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ?

ഉത്തരം

(എ-സി) 18-6-2015-ൽ 3060/2014 ഉൾപ്പെടെ ഒരു കൂട്ടം റിട്ട് ഹർജികളിന്മേലുള്ള വിധിന്യായത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തി സ്കൂളുകൾ ആരംഭിക്കുന്നതിനും അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവാക്കിയതിന്റെ അടിസ്ഥാനത്തിൽ സർവ്വ ശിക്ഷാ അഭിയാന്റെ ആഭിമുഖ്യത്തിൽ സ്കൂൾ മാപ്പിംഗ് നടത്തി വിദ്യാഭ്യാസ ആവശ്യകത കണ്ടെത്തിയ പ്രദേശങ്ങൾ ഉൾപ്പെടുത്തി പ്രാഥമിക വിജ്ഞാപനം 25-5-2016-ലെ 985-ാം നമ്പർ അസാധാരണ ഗസറ്റായി പ്രസിദ്ധപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസ ആവശ്യകത ഉണ്ടെന്ന് കണ്ടെത്തുന്ന പ്രദേശത്ത് മാത്രമേ പുതിയ സ്കൂൾ ആരംഭിക്കുന്നതിനോ നിലവിലുള്ള സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിനോ കഴിയുകയുള്ളൂ. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം -V ചട്ടം 2, 2 എ പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയാക്കി മാത്രമേ അന്തിമ തീരുമാനം സാധ്യമാകൂ. ആയതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരികയാണ്.

**ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളുകളിലെ പ്രിൻസിപ്പൽ നിയമനം**

158 (3690) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളുകളിൽ പ്രിൻസിപ്പൽമാരില്ലാത്ത സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നടത്തുന്നതിന് തടസ്സങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയിക്കാമോ;

(സി) പ്രിൻസിപ്പൽ തസ്തിക ഒഴിഞ്ഞ് കിടക്കുന്ന എല്ലാ സ്കൂളുകളിലും എത്ര ദിവസത്തിനുള്ളിൽ നിയമനം പൂർത്തിയാക്കാൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഗവൺമെന്റ് ഹയർസെക്കന്ററി സ്കൂളുകളിൽ പ്രിൻസിപ്പൽമാരില്ലാത്ത സ്കൂളുകളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 3 |
| കൊല്ലം | - | 2 |
| പത്തനംതിട്ട | - | 2 |
| ആലപ്പുഴ | - | 4 |
| കോട്ടയം | - | 3 |
| ഇടുക്കി | - | 12 |
| എറണാകുളം | - | 14 |
| തൃശ്ശൂർ | - | 6 |
| പാലക്കാട് | - | 14 |
| കോഴിക്കോട് | - | 20 |
| മലപ്പുറം | - | 37 |
| വയനാട് | - | 12 |
| കണ്ണൂർ | - | 16 |
| കാസർഗോഡ് | - | 32 |
| ആകെ | | 177 |

(ബി&സി) പ്രിൻസിപ്പാൾമാരുടെ സീനിയോറിറ്റി ലിസ്റ്റിലുള്ള തർക്കം കോടതിയുടെ പരിഗണനയിൽ ആയതിനാൽ അന്തിമ കോടതി വിധിക്കുശേഷമേ പ്രിൻസിപ്പാൾമാരുടെ ഒഴിവുള്ള തസ്തികകൾ നികത്താൻ കഴിയുകയുള്ളൂ.

**വിദ്യാഭ്യാസ നിലവാരം**

159 (3691) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ഏതെങ്കിലും പദ്ധതി പരിഗണനയിലുണ്ടോ;

(ബി) ഇവയുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പൊതു വിദ്യാലയങ്ങൾ സംരക്ഷിക്കുന്നതിനും വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനും ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സമഗ്ര വിദ്യാഭ്യാസ നവീകരണ പദ്ധതിയുടെ ഭാഗമായി വിവിധ പദ്ധതികൾ മിഷൻ മാതൃകയിൽ നടപ്പിൽ വരുത്തുന്നതിന് 28-9-2016-ലെ സ.ഉ.(പി)41/16/ആ.സ.വ. പ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(ബി) ഒമ്പതാം ക്ലാസ് വിദ്യാർത്ഥികളുടെ ശാസ്ത്രം, ഗണിതം, മാതൃഭാഷ എന്നീ വിഷയങ്ങളിലെ പഠന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി 'നവപ്രഭ ' എന്ന ഒരു പ്രത്യക പദ്ധതി നടപ്പാക്കുന്നതിനായി 45 മണിക്കൂർ ദൈർഘ്യമുള്ള പ്രവർത്തന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. നവംബറിൽ പ്രസ്തുത പദ്ധതി സ്കൂളുകളിൽ ആരംഭിക്കും. കുട്ടികളിൽ ശാസ്ത്ര, ഗണിതശാസ്ത്ര ആഭിമുഖ്യം വളർത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിനു പുറത്ത് ദേശീയ പ്രാധാന്യമുള്ള ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് ആയിരം കുട്ടികൾക്ക് അവസരം നൽകും. ഇത്തരത്തിൽ സംസ്ഥാനത്തിനകത്ത് ശാസ്ത്ര ഗവേഷണ പ്രാധാന്യമുള്ള സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് പതിനായിരം കുട്ടികൾക്ക് അവസരം നൽകുന്നുണ്ട്. സയൻസ്, ഗണിതശാസ്ത്ര പഠനം മെച്ചപ്പെടുത്തുന്നതിന് എസ്.ഐ.ഇ.ടി. കേരളയുടെ സഹായത്തോടെ ഇ-ലേണിംഗ് മെറ്റീരിയലുകളും മറ്റ് സഹായക ഉപകരണങ്ങളും നൽകും. എല്ലാ സർക്കാർ സ്കൂളുകൾക്കും 15,000 രൂപയുടെ സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്യും. കുട്ടികൾക്ക് യോഗ പരിശീലനം നൽകുന്നതിന്റെ ഭാഗമായി സ്പോർട്സ് കൗൺസിലുമായി ചേർന്ന് എല്ലാ ഫിസിക്കൽ എഡ്യൂക്കേഷൻ അദ്ധ്യാപകർക്കും അഞ്ചു ദിവസത്തെ യോഗ പരിശീലനം നൽകും. പ്രഥമാദ്ധ്യാപകരുടെ ശേഷി വികസനത്തിന്റെ ഭാഗമായി ദേശീയതലത്തിൽ NUEPA നടപ്പാക്കുന്ന സ്കൂൾ ലീഡർഷിപ്പ് ഡെവലപ്മെന്റ് പ്രോഗ്രാം 500 പ്രഥമാദ്ധ്യാപകർക്ക് നൽകുന്നതാണ്. പാഠഭാഗത്തിലെ കാഠിന്യമേഖലകൾ ആയാസരഹിതമാക്കുന്നതിനായി നിരന്തര മൂല്യനിർണ്ണയം, പാഠാസൂത്രണം എന്നിവയിൽ 3 ദിവസത്തെ ക്ലസ്റ്റർ പരിശീലനം അദ്ധ്യാപകർക്ക് നൽകും. ലാബ് ശാക്തീകരണം, ലൈബ്രറി വികസനം, ക്ലാസ് മുറികൾ ആകർഷകമാക്കൽ, വർക്ക് എക്സ്പീരിയൻസ്, ഫിസിക്കൽ എഡ്യൂക്കേഷൻ എന്നിവയുടെ പരിപോഷണത്തിന് ആവശ്യമായ വസ്തുക്കൾ ഉറപ്പുവരുത്തൽ, ഐ.സി.റ്റി. ലാബിലെ അനുബന്ധ സൗകര്യം ഒരുക്കൽ, ജൈവപച്ചക്കറി കൃഷിക്ക് ആവശ്യമായ സൗകര്യങ്ങൾ ഒരുക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി എല്ലാ സർക്കാർ സ്കൂളുകൾക്കും 50,000 രൂപ സ്കൂൾ ഗ്രാന്റായി ലഭ്യമാക്കും. കുട്ടികളുടെ സർഗ്ഗാത്മക സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനുള്ള അവസരമൊരുക്കുക, സ്കൂൾ ലൈബ്രറികളിലേയ്ക്ക് അവശ്യം വേണ്ട പുസ്തകങ്ങൾ ലഭ്യമാക്കുക എന്നിവയ്ക്കായി എല്ലാ ജില്ലകളിലും ഓരോ ബുക്ക് ഫെയർ സംഘടിപ്പിക്കും. പെൺകുട്ടികളുടെ ശാക്തീകരണത്തിനായി എല്ലാ ജില്ലകളിലും 2 ദിവസത്തെ ക്യാമ്പ് സംഘടിപ്പിക്കും.

എസ്‌സി/എസ്‌റ്റി കുട്ടികൾക്ക് സംസ്ഥാനത്തെ 152 ബ്ലോക്കുകളിൽ വിവിധ മേഖലകളിൽ പരിശീലനം നൽകും. പെൺകുട്ടികളുടെ സ്വയം പ്രതിരോധശേഷി വികസനത്തിന്റെ ഭാഗമായി കളരി, കരാട്ടേ, തായ് കൊണ്ട തുടങ്ങിയ ആയോധന കലകളിൽ പരിശീലനം നൽകും. ഇന്ററാക്ടീവ് റേഡിയോ പ്രോഗ്രാമിന്റെ ഭാഗമായി ആകാശവാണിയുമായി ചേർന്ന് പ്രത്യേക വിദ്യാഭ്യാസ പരിപാടി നടപ്പാക്കും. ഇ-ഗവേർണൻസ് നടപ്പാക്കുന്നതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 14 സ്കൂളുകളിൽ പരീക്ഷണ അടിസ്ഥാനത്തിൽ 'ശാലാ ദർപ്പൺ' എന്ന പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ആർ.എം.എസ്.എ.-യിലൂടെ അപ്ഗ്രേഡ് ചെയ്ത 86 സ്കൂളുകൾക്ക് കമ്പ്യൂട്ടറുകൾ, ഫർണീച്ചറുകൾ, ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ, ഓപ്പറേറ്റിംഗ് സിസ്റ്റം എന്നിവ ലഭ്യമാക്കുന്നു. 28-9-2016-ലെ സ.ഉ.(പി)41/16/ആ.സ.വ. പ്രകാരം ചുവടെ ചേർക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽവരുത്തുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

1. 1000 സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുക.

2 ഹൈസ്കൂൾ-ഹയർ സെക്കന്ററി തലത്തിലുള്ള എല്ലാ ക്ലാസ് മുറികളും ഹൈടെക് ക്ലാസ് മുറികളാക്കി പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം നൽകുക.

3. എൽ.പി.-യു.പി. ക്ലാസുകളിൽ പൊതു വിദ്യാലയങ്ങളുടെ പ്രസക്തി വീണ്ടെടുക്കുന്നതിനായി അദ്ധ്യാപക-രക്ഷകർത്തൃ സംഘടനകൾ, പൂർവ്വ വിദ്യാർത്ഥി സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാലോചിത വികസനം ഉറപ്പാക്കുക.

4. 50 വർഷം, 100 വർഷം പൂർത്തിയാക്കിയ സ്കൂളുകൾക്ക് പ്രത്യേക പാക്കേജ് അടിസ്ഥാനത്തിൽ സഹായം നൽകുക, ഇംഗ്ലീഷ് ഭാഷാ പഠനത്തിന് പ്രോത്സാഹനം നൽകുക.

## സർക്കാർ നോമിനിയെ നിയമിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ്

160 (3692) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൊല്ലം മൈനാഗപ്പള്ളി മിലാദേ ഷെറീഫ് ഹയർ സെക്കന്ററി സ്കൂളിൽ എച്ച്.എസ്.എ.(അറബിക്) ആയിരുന്ന ശ്രീമതി സക്കീനയ്ക്ക് അതേ സ്കൂളിൽ എച്ച്.എസ്.എസ്.ടി. (അറബിക്) ആയി ബൈട്രാൻസ്ഫർ വഴി നിയമനം നൽകുന്നതിനായി രൂപീകരിച്ച സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ നോമിനിയെ നിയമിച്ചുകൊണ്ട്

പൊതുവിദ്യാഭ്യാസ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

ശ്രീമതി സക്കീനാബീവിയുടെ നിയമനവുമായി ബന്ധപ്പെട്ട് സെലക്ഷൻ കമ്മിറ്റിയിലേക്ക് സർക്കാർ പ്രതിനിധിയെ നിയമിച്ചിട്ടില്ല.

**വിദ്യാഭ്യാസ വകുപ്പിലെ റിസോഴ്സ് അധ്യാപകർ**

161 (3693) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസ വകുപ്പിൽ ഐ.ഇ.ഡി.എസ്.എസ്. പദ്ധതി പ്രകാരം പത്ത് വർഷത്തിൽ അധികമായി ജോലി നോക്കിവരുന്ന യോഗ്യതയുള്ള എത്ര റിസോഴ്സ് അധ്യാപകർ നിലവിലുണ്ട്; ഇവരുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

ഉത്തരം

ഐ.ഇ.ഡി.എസ്.എസ്. പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയത് 2009-10 അദ്ധ്യയന വർഷത്തിലാണ്. ടി പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ട് ഏഴ് വർഷമേ ആകുന്നുള്ളു. ആയതിനാൽ ഐ.ഇ.ഡി.എസ്.എസ്. പദ്ധതിയിൻ കീഴിൽ പത്ത് വർഷം പൂർത്തിയാക്കിയ അദ്ധ്യാപകർ ആരും തന്നെയില്ല. ഈ പദ്ധതി ആരംഭിക്കുന്നതിന് മുമ്പ് ഐ.ഇ.ഡി.സി. എന്ന പദ്ധതിയാണ് നിലവിലുണ്ടായിരുന്നത്. ഈ പദ്ധതിയിലെ അദ്ധ്യാപകരുടെ നിയമനം അതത് ജില്ലാ പഞ്ചായത്തുകൾ വഴിയാണ് നടത്തിയിട്ടുള്ളത്.

**പത്തനംതിട്ട ജില്ലയിലെ വിരമിച്ച അദ്ധ്യാപകർ**

162 (3694) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010 മാർച്ച് മുതൽ 2016 ജൂൺ വരെ പത്തനംതിട്ട ജില്ലയിലെ സർക്കാർ സ്കൂളുകളിൽനിന്നും എൽ.പി.എസ്.എ., യു.പി.എസ്.എ.പി.ഡി. ടീച്ചർ, എച്ച്. എം. ഉൾപ്പെടെ എത്രപേർ വിരമിച്ചു എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) 2010-ൽ കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്നും എത്ര

പേർക്ക് നിയമനം നൽകിയിട്ടുണ്ട്; 31-9-2012-ൽ നിലവിൽ വന്ന പി.എസ്.സി.- യുടെ യു.പി.എസ്.എ. ലിസ്റ്റിൽനിന്നും ഇക്കാലയളവിൽ എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്;

(സി) നിലവിലെ യു.പി.എസ്.എ.റാങ്ക് ലിസ്റ്റിലെ നിയമനം നാമമാത്രമായി കുറഞ്ഞ സാഹചര്യത്തിൽ 2017 മാർച്ചിൽ വരുന്ന പ്രതീക്ഷിത ഒഴിവിലേക്ക് സൂപ്പർ ന്യൂമററിയായി നിലവിലെ ലിസ്റ്റിലുള്ളവരെ പരിഗണിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അനുബന്ധം 1 ആയി ചേർക്കുന്നു.*

(ബി) 2010-ൽ കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽനിന്നും 77 യു.പി.എസ്.എ.-ക്ക് നിയമനം നൽകിയിട്ടുണ്ട്. 31-9-2012-ൽ നിലവിൽ വന്ന പി.എസ്.സി.യുടെ റാങ്ക് ലിസ്റ്റിൽ നിന്നും 39 യു.പി.എസ്.എ.ക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഇതുസംബന്ധിച്ച് തീരുമാനം എടുത്തിട്ടില്ല.

## സർക്കാർ ഏറ്റെടുത്ത എയ്ഡഡ് സ്കൂളുകൾ

163 (3695) <u>ശ്രീ. അനിൽ അക്കര</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലാപറമ്പ്, പാലാട്ട്, മങ്ങാട്ടുമുറി, കിരാലൂർ എന്നിവിടങ്ങളിൽ സ്ഥിതി ചെയ്യുന്ന അടച്ചു പൂട്ടൽ ഭീഷണിയുണ്ടായിരുന്ന നാല് എയ്ഡഡ് സ്കൂളുകൾ 2016 ജൂലൈ 27 മുതൽ പൂർണ്ണമായി സർക്കാരിൽ നിക്ഷിപ്തമാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ പ്രസ്തുത സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാണോ; അല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വിശദമാക്കുമോ;

(സി) പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമാക്കാത്ത സ്കൂളുകൾ ഏറ്റെടുത്തതായി കാണിച്ച് പത്രപരസ്യം നൽകിയ സാഹചര്യം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ മലപ്പുറം, കിരാലൂർ പി.എം.എൽ. പി. സ്കൂൾ, തൃശ്ശൂർ എന്നീ സ്കൂളുകൾ 27-7-2016 മുതൽ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വിജ്ഞാപനം 27-7-2016-ലെ സ.ഉ. (പി)നമ്പർ 122/16/പൊ.വി.വ. സർക്കാർ ഉത്തരവുപ്രകാരം 1332-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/16 നമ്പരായി പ്രസിദ്ധീകരിക്കുകയുണ്ടായി. എന്നാൽ സ്കൂളുകൾ പൂർണ്ണമായി ഏറ്റെടുക്കുന്നതിനും നഷ്ടപരിഹാരം നിശ്ചയിക്കുന്നതിനും ആയതിന്റെ നടപടിക്രമം നിരീക്ഷിക്കുന്നതിനും ആവശ്യമായ സമയം വേണമെന്ന് സർക്കാർ കരുതിയ സാഹചര്യത്തിൽ നഷ്ടപരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ പറഞ്ഞ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് പ്രസ്തുത വിജ്ഞാപനം ഭേദഗതി ചെയ്ത് 3-8-2016-ലെ സ.ഉ.(പി) നമ്പർ 132/2016/ പൊ.വി.വ. സർക്കാർ ഉത്തരവു പ്രകാരം 1383-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ടി സ്കൂൾ നടത്തിവന്ന മാനേജർമാർ സർക്കാർ നടപടിക്കെതിരെ കോടതിയെ സമീപിച്ചത് സ്കൂൾ ഏറ്റെടുക്കുന്നതിന് കാലതാമസം വരുത്തുന്നതിന് കാരണമായിട്ടുണ്ട്. സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനായി നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിനും മറ്റുമുള്ള റവന്യൂ വകുപ്പുതല നടപടികൾ നടന്നുകൊണ്ടിരിക്കുന്നു.

(സി) സ.ഉ.(പി)നമ്പർ 122/2016/പൊ.വി. തീയതി 27-7-2016 പ്രകാരം പത്രവാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

**സർക്കാർ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ**

164 (3696) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ വിദ്യാലയങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്തുന്നതിനാവശ്യമായ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച വിശദാംശം നൽകുമോ ;

(സി) സർക്കാർ വിദ്യാലയങ്ങളുടെ ഭൗതീക സാഹചര്യം മെച്ചപ്പെടുത്താനായി നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2009-10 കാലയളവിൽ ആർ.എം.എസ്.എ. പദ്ധതി പ്രകാരം ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്ത 60 സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിനായി സ്കൂൾ

ഒന്നിന് 40 ലക്ഷം രൂപ വീതം അനുവദിക്കുകയും പ്രസ്തുത തുക ഉപയോഗിച്ച് സംസ്ഥാനത്തെ 4 ജില്ലകളിലായി 56 സ്കൂളുകളിൽ കെട്ടിടനിർമ്മാണം നടന്നുവരുന്നു. കൂടാതെ 2010-11, 2011-12 മുൻ വർഷങ്ങളിൽ അപ്ഗ്രേഡ് ചെയ്ത 52 സ്കൂളുകളിൽ കെട്ടിടനിർമ്മാണത്തിന് തുക അനുവദിക്കാനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2016-17 സാമ്പത്തിക വർഷത്തേയ്ക്ക് ഈ ഇനത്തിലേക്ക് 100.45 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) തൃശ്ശൂർ ജില്ലയിലെ ചാലക്കുടിയിൽ ഗേൾസ് ഹോസ്റ്റൽ നിർമ്മാണത്തിനായി 255.11 ലക്ഷം രൂപ ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തുള്ള 86 സ്കൂളുകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും സജ്ജീകരിക്കുന്നതിനായി ആർ.എം.എസ്.എ.-യുടെ 2016-17 പദ്ധതിയിൽ 516 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. 2016-17 സാമ്പത്തികവർഷം സർക്കാർ ഹയർ സെക്കന്ററി സ്കൂളുകൾക്ക് ബഹുനില മന്ദിരങ്ങൾ നിർമ്മിക്കുന്നതിനും 169 സ്കൂളുകളിലേയ്ക്ക് കമ്പ്യൂട്ടർ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും 487 സ്കൂളുകളിലേയ്ക്ക് ലാബ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

### തസ്തികമാറ്റം വഴി എൽ.പി./യു.പി.സ്കൂൾ അസിസ്റ്റന്റ്

165 (3697) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി എൽ.പി. സ്കൂൾ അസിസ്റ്റന്റ്, യു.പി. സ്കൂൾ അസിസ്റ്റന്റ് തസ്തികകളിൽ നിലവിലുള്ള എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഇനി ഈ വർഷം തസ്തികമാറ്റം വഴിയുള്ള എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ തസ്തികമാറ്റം വഴിയുള്ള എൽ.പി. സ്കൂൾ അസിസ്റ്റന്റ്, യു.പി. സ്കൂൾ അസിസ്റ്റന്റ് ഒഴിവുകൾ നികത്തുന്നതിൽ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) എൽ.പി.എസ്.എ - 3

യു.പി.എസ്.എ. - 7

(ബി) ഒഴിവുകൾ ഇല്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**പത്താം ക്ലാസ് തുല്യതാ പരീക്ഷ**

166 (3698) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം ക്ലാസ് (എസ്.എസ്.എൽ.സി.) തുല്യതാ പരീക്ഷ വിജയിച്ചിട്ടുള്ളവർക്ക് സംസ്ഥാന ഓപ്പൺ സ്കൂളിൽ പ്ലസ് ടൂ - വിന് ചേരുന്നതിന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ; ഉണ്ടെങ്കിൽ അറിയിക്കുമോ;

(ബി) എസ്.എസ്.എൽ.സി. (റഗുലർ) പാസ്സായവർക്കും തുല്യതാ പത്താം ക്ലാസ് പാസ്സായവർക്കും സാക്ഷരതാ മിഷൻ നടത്തുന്ന ഹയർ സെക്കൻഡറി തുല്യതാ കോഴ്സിൽ ചേരുന്നതിന് യോഗ്യതയുള്ളതായി കണക്കാക്കപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഒരേ തരത്തിലുള്ള കോഴ്സുകൾ, ഒരേ കാലയളവിൽ രണ്ട് സ്ഥാപനങ്ങൾവഴി നടത്തപ്പെടുന്നതിലെ യുക്തി എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതുസംബന്ധിച്ച് ആരെങ്കിലും വകുപ്പിന് രേഖാമൂലം പരാതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ഇ) സാക്ഷരതാ മിഷൻ നടത്തുന്ന ഹയർ സെക്കൻഡറി തുല്യതാ കോഴ്സ് ഹ്രസ്വകാല പ്ലസ് ടൂ കോഴ്സായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പത്താംതരം തുല്യതാ പരീക്ഷ വിജയിച്ചവർക്ക് സംസ്ഥാന ഓപ്പൺ സ്കൂളിൽ പ്ലസ് ടു കോഴ്സിലേയ്ക്ക് ചേരുന്നതിന് നിയമതടസ്സമില്ല.

(ബി) എസ്.എസ്.എൽ.സി. (റെഗുലർ) പാസ്സായവർക്ക് ഹയർ സെക്കന്ററി തുല്യതാ കോഴ്സിൽ ചേരുന്നതിന് മിനിമം 22 വയസ്സ് പൂർത്തിയായിരിക്കണം. പത്താംതരം തുല്യത പാസ്സായവർക്ക് പ്രായപരിധിയില്ല.

(സി) സർക്കാർ ഉത്തരവനുസരിച്ച് ഹ്യൂമാനിറ്റിസ്, കോമേഴ്സ് ഗ്രൂപ്പുകൾ നടത്തുന്നതിനാണ് സർക്കാർ സാക്ഷരതാ മിഷന് അനുമതി നൽകിയിട്ടുള്ളത്. ഓപ്പൺ സ്കൂൾ നടത്തുന്ന ഹയർ സെക്കണ്ടറി കോഴ്സ് ഔപചാരിക വിദ്യാഭ്യാസത്തിലെ സിലബസ് അനുസരിച്ചാണ് നടത്തിവരുന്നത്. എന്നാൽ സാക്ഷരതാ മിഷൻ നടത്തുന്ന ഹയർ സെക്കന്ററി തുല്യതാ കോഴ്സ് അനൗപചാരിക വിദ്യാഭ്യാസ

രീതിയിൽ പഠിച്ചുവരുന്ന മുതർന്ന പഠിതാക്കളുടെ ബോധന ശാസ്ത്രം ഉൾപ്പെടുത്തി വ്യത്യസ്ത കാലയളവിൽ മലയാളം മീഡിയത്തിലാണ് സിലബസ് തയ്യാറാക്കി പഠനം നടത്തിവരുന്നത്.

(ഡി) ഇല്ല.

(ഇ) ഹയർ സെക്കണ്ടറി തുല്യത രണ്ട് വർഷത്തെ കോഴ്സാണ്. ഹ്രസ്വകാല പ്ലസ് ടു കോഴ്സായി നടത്താൻ ഇപ്പോൾ പദ്ധതിയില്ല.

**കരുനാഗപ്പള്ളി ആദിനാട് ഗവൺമെന്റ് യു.പി.എസിലെ അദ്ധ്യാപകരുടെ ഒഴിവ്**

167 (3699) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കരുനാഗപ്പള്ളി സബ് ജില്ലയിലെ ആദിനാട് ഗവൺമെന്റ് യു.പി.എസിൽ നിലവിൽ ഏതെല്ലാം വിഭാഗങ്ങളിൽ എത്ര അധ്യാപക ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ അധ്യാപകരെ നിയമിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത ഒഴിവുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ ദിവസവേതന അടിസ്ഥാനത്തിലോ നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എൽ.പി.എസ്.എ. വിഭാഗത്തിൽ ഒരൊഴിവുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് ഇനിയും അഡ്വൈസ് ലഭിക്കാനുള്ളതുകൊണ്ട് ആയത് ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതാണ്.

**ഡയറ്റുകളിലെ ലക്ചറർ തസ്തിക**

168 (3700) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ഡയറ്റുകളിൽ ലക്ചറർ തസ്തികയിൽ നിയമനം നടത്തുന്നതിനായി 26-2-2011-ൽ രൂപം നൽകിയ സ്പെഷ്യൽ റൂളിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്ത 29- ഒഴിവുകളിൽ

സ്പെഷ്യൽ റൂളിലെ അപാകത കാരണം പി.എസ്.സി.ക്ക് നിയമന നടപടികൾ ആരംഭിക്കാൻ സാധിക്കുന്നില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്പെഷ്യൽ റൂളിലെ അപാകത പരിഹരിക്കണമെന്നാവശ്യപ്പെട്ട് പി.എസ്.സി., 21-1-2015, 27-6-2016 എന്നീ തീയതികളിൽ ഡി.പി.ഐ.ക്ക് കത്തയച്ചിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ;

(സി) ബന്ധപ്പെട്ട സ്പെഷ്യൽ റൂളിലെ അപാകത പരിഹരിച്ച് നിയമന നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഉണ്ട്. കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ചൂണ്ടിക്കാണിച്ചതടക്കമുള്ള അപാകതകൾ പരിഹരിക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തേണ്ടതുണ്ട്. സ്പെഷ്യൽ റൂൾസ് ഭേദഗതി വരുത്തുന്നതിന് കാലതാമസം നേരിടുന്നതിനാൽ കാലതാമസം ഒഴിവാക്കുന്നതിനായി ഒരു എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## സ്കൂളുകളിലെ കമ്പ്യൂട്ടർ അദ്ധ്യാപകരുടെ നിയമനം

169 (3701) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ.-യുടെ സാമ്പത്തിക സഹായത്തോടെ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ അധ്യാപകരെ ഒഴിവാക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ;

(സി) സർക്കാർ ഓണറേറിയം നൽകി കമ്പ്യൂട്ടർ അധ്യാപകരെ നിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. 25-6-2015 ലെ ജി.ഒ.(ആർ.റ്റി)2553/15 നമ്പർ പ്രകാരം തീരുമാനമെടുത്തിട്ടുണ്ട്. സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പി.ടി.എ.-യുടെ സാമ്പത്തിക സഹായത്തോടെ ജോലി ചെയ്യുന്ന കമ്പ്യൂട്ടർ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ ക്രമീകരിച്ച് സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് കോടതിവിധി വിശദമായി പരിശോധിക്കുകയും ആയത് സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന

വിഷയമായതിനാലും ഹർജി നിരസിച്ച് ഉത്തരവായിരുന്നു. കൂടാതെ ഇപ്പോൾ വിഷയാദ്ധ്യാപകർ തന്നെയാണ് ICT പാഠഭാഗങ്ങളുടെ വിനിമയം നടത്തിവരുന്നത്.

(സി) നിലവിൽ വിഷയാദ്ധ്യാപകരെയാണ് വിവരവിനിമയ സാങ്കേതിക വിദ്യയുടെ പാഠഭാഗങ്ങൾ വിനിമയം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ളത് എന്നതിനാൽ സർക്കാർ ഓണറേറിയം നൽകി കമ്പ്യൂട്ടർ അദ്ധ്യാപകരെ നിയോഗിക്കേണ്ട ആവശ്യം ഇപ്പോൾ പരിഗണനയിലില്ല.

**ഹയർസെക്കണ്ടറി മേഖലയിൽ അനുവദിച്ച പുതിയ ബാച്ചുകൾ**

170 (3702) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർസെക്കൻഡറിയ്ക്കായി പുതിയതായി അനുവദിച്ച ബാച്ചുകളിൽ പഠിക്കുവാൻ കുട്ടികൾ ഇല്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിൽ എയ്ഡഡ് മേഖലയിലും സർക്കാർ മേഖലയിലുമായി അനുവദിച്ച ബാച്ചുകൾ എത്ര വീതം;

(സി) സർക്കാർ സ്കൂളുകളിൽ മിക്ക സ്ഥലത്തും സ്ഥിരമായി അദ്ധ്യാപകർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിൽ പ്രിൻസിപ്പൽമാർ ഇല്ലാത്ത സർക്കാർ സ്കൂളുകൾ എത്ര; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) എയ്ഡഡ് മേഖല - 13 ബാച്ചുകൾ

സർക്കാർ മേഖല - 15 ബാച്ചുകൾ

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) നിലവിൽ പ്രിൻസിപ്പൽമാർ ഇല്ലാത്ത 177 സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകൾ ഉണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| തിരുവനന്തപുരം | - | 3 |
| കൊല്ലം | - | 2 |

| | | |
|---|---|---|
| പത്തനംതിട്ട | - | 2 |
| ആലപ്പുഴ | - | 4 |
| കോട്ടയം | - | 3 |
| ഇടുക്കി | - | 12 |
| എറണാകുളം | - | 14 |
| തൃശ്ശൂർ | - | 6 |
| പാലക്കാട് | - | 14 |
| കോഴിക്കോട് | - | 20 |
| മലപ്പുറം | - | 37 |
| വയനാട് | - | 12 |
| കണ്ണൂർ | - | 16 |
| കാസർഗോഡ് | - | 32 |
| ആകെ | - | 177 |

**ഹയർ സെക്കണ്ടറി സ്കൂളുകളിലെ തസ്തികകൾ**

171 (3703) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഹയർസെക്കണ്ടറി സ്കൂളുകളിൽ ക്ലർക്ക്, ലൈബ്രേറിയൻ, ഓഫീസ് അറ്റൻഡന്റ് തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ശ്രീ. ശ്യാം കുമാർ മുതൽ പേർ ഫയൽ ചെയ്ത WP(C) No.29618/2005, 5835/2013, 7385/2013, 7881/2013 നമ്പർ കേസ്സുകളിലെ 5-9-2013 തീയതിയിലെ പൊതുവിധിന്യായം നടപ്പിലാക്കിക്കൊണ്ട് ഹയർ സെക്കന്ററി സ്കൂളുകളിൽ ലോവർ ഡിവിഷൻ ക്ലാർക്ക്, പാർട്ട്/ഫുൾടൈം

മീനിയൽ, ലൈബ്രേറിയൻ ഗ്രേഡ്-4 എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിന് 17-8-2015 തീയതിയിലെ ജി.ഒ.(എംഎസ്.)നമ്പർ220/2015/ പൊ.വി.വ. പ്രകാരം ഒരു സ്കീം തയ്യാറാക്കി ഉത്തരവായിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ മേൽ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചു വരുന്നു.

**വിദ്യാർത്ഥികളിലെ മദ്യ-മയക്കമരുന്ന് ഉപയോഗം**

172 (3704) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളിൽ മദ്യ മയക്കമരുന്ന് ഉപയോഗം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രവണത തടയുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വിദ്യാലയങ്ങളിൽ കൗൺസിലിംഗിന് യോഗ്യത നേടിയവരെ പ്രത്യേക തസ്തിക സൃഷ്ടിച്ച് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്കൂൾ തലത്തിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ, ജാഗ്രത സമിതികൾ തുടങ്ങിയവ രൂപീകരിക്കുകയും എക്സൈസ്, പോലീസ് വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നുണ്ട്. ഹയർ സെക്കന്ററി വകുപ്പിന്റെ കീഴിൽ കൗമാരക്കാരുടെ ശാക്തീകരണത്തിനായി കൗൺസിലിംഗും ആരോഗ്യ പരിപാലനവും നടപ്പിലാക്കുന്നതിനായി 1200-ലധികം സൗഹൃദ ക്ലബ്ബുകൾ സ്കൂളുകളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. ഇവയുടെ 2016-2017 അദ്ധ്യയനവർഷത്തെ പരിശീലനങ്ങളിൽ മയക്കമരുന്ന് ഉപയോഗം തടയുന്നതിനുള്ള പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. കൂടാതെ ഇൻഡ്യൻ ഡെന്റൽ അസോസിയേഷനും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ വകുപ്പും സംയുക്തമായി പുകയിലയിൽനിന്നും മയക്കമരുന്നിൽനിന്നും യുവാക്കളെ മോചിപ്പിക്കുന്നതിലേയ്ക്ക് "മുക്തി" എന്ന പേരിൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്ക് ബോധവൽക്കരണവും ട്രെയിനിംഗും നൽകുന്നുണ്ട്. 2010 സെപ്റ്റംബറിൽ കുട്ടികളിലെ കുറ്റവാസനയും, ലഹരി ഉപയോഗവും ഇല്ലാതാക്കുന്നതിലേക്ക് ഔവ്വർ റെസ്പോൺസിബിലിറ്റി ടു ചിൽഡ്രൻ എന്ന ഒരു പദ്ധതി ആരംഭിച്ചു. സാമൂഹികനീതി വകുപ്പിന്റെ കീഴിൽ 93 സ്കൂളുകളിൽ ഔവ്വർ റെസ്പോൺസിബിലിറ്റി

ട്ട ചിൽഡ്രൻ പദ്ധതി പ്രവർത്തിച്ചുവരുന്നുണ്ട്. സമൂഹത്തിലെ പല മേഖലകളിലും പ്രാഗൽഭ്യം തെളിയിച്ചിട്ടുള്ള പരിശീലകരെ കൊണ്ടുവന്ന് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്. പ്രിൻസിപ്പൽമാർ, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ, കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിംഗ് സെൽ കോ-ഓർഡിനേറ്റർമാർ എന്നിവർ ചേർന്നാണ് ക്ലാസ്സുകൾ സംഘടിപ്പിക്കുന്നത്. എൻ.എസ്.എസ്. വോളന്റിയർമാർ പല സ്കൂളുകളിലും വിദ്യാർത്ഥികളിലെ മദ്യ-മയക്കമരുന്ന് ഉപയോഗത്തിനെതിരെ ജാഗ്രത പുലർത്തുന്നുണ്ട്. ലഹരി വിരുദ്ധ ബോധവൽക്കരണ പരിപാടികൾ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ നൽകുന്നുണ്ട്. വി.എച്ച്.എസ്.ഇ. എൻ.എസ്.എസ്. സെൽ കഴിഞ്ഞ വർഷം എക്സൈസ് വകുപ്പിന്റെ 'സുബോധം' പ്രോജക്ടുമായി ചേർന്ന് ' 1000 വിംഗ്സ് ഓഫ് ഫയർ' എന്ന പേരിൽ ഹോം ലൈബ്രറികൾ തുടങ്ങുന്ന പ്രോഗ്രാം ചെയ്തപ്പോൾ അതിനോടൊപ്പം 'ലഹരി വിരുദ്ധ പ്രവർത്തനങ്ങളും വായനയുടെ ഗുണവും' എന്ന വിഷയത്തിൽ എൻ.എസ്.എസ്. പ്രോജക്ട് ഓഫീസർ സംസ്ഥാനത്തിലെ ധാരാളം സ്കൂളുകളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തി.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**വിദ്യാർത്ഥികളുടെ സാംസ്കാരികവും സദാചാരപരവും മാനസികവുമായ ഉന്നമനം**

173 (3705) ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. കെ. എം. ഷാജി :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യ അഭ്യസിപ്പിക്കുന്നതിനൊപ്പം വിദ്യാർത്ഥികളുടെ സാംസ്കാരികവും സദാചാരപരവും മാനസികവുമായ ഉന്നമനത്തിന്റെ കാര്യത്തിൽ അദ്ധ്യാപകർ വഹിക്കേണ്ട പങ്കിനെക്കുറിച്ച് സർക്കാർ നയം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) വിദ്യാർത്ഥികളുടെ അച്ചടക്കം, സദാചാരബോധം എന്നിവ നിലനിർത്താൻ അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ഏകോപനം ആവശ്യമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(സി) ഈ വിഷയത്തിൽ ആരോഗ്യകരമായ സമീപനം സ്വീകരിക്കാൻ നിലവിലെ ചില നിയമങ്ങളും വിദ്യാർത്ഥി സംഘടനകളുടെ ഇടപെടലുകളും

തടസ്സമാവുന്നുണ്ടെന്ന ആക്ഷേപം പരിശോധിക്കുമോ?

ഉത്തരം

(എ) വിദ്യാഭ്യാസത്തോടൊപ്പം വിദ്യാർത്ഥികളുടെ സദാചാരപരവും, സാംസ്കാരികവും മാനസികവുമായ നിലവാരം ഉയർത്തുന്നതിന് ആവശ്യമായ പഠന പ്രവർത്തനങ്ങളും പദ്ധതികളും നടപ്പിൽ വരുത്തുന്നതിന് അദ്ധ്യാപക പരിശീലന പരിപാടികളിൽ തന്നെ വേണ്ട നിർദ്ദേശങ്ങൾ നൽകാറുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വിദ്യ അഭ്യസിപ്പിക്കുന്നതിനോടൊപ്പം വിദ്യാർത്ഥികളുടെ സാംസ്കാരികവും സദാചാരവും മാനസികവുമായ ഉന്നമനത്തിനായി അദ്ധ്യാപകരുടെ നേതൃത്വത്തിൽ വിവിധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്.

(ബി) വിദ്യാർത്ഥികളുടെ അച്ചടക്കം, സദാചാരബോധം എന്നിവ നിലനിർത്താൻ അദ്ധ്യാപകരും രക്ഷിതാക്കളും തമ്മിലുള്ള ഏകോപനം ആവശ്യമാണെന്നതുകൊണ്ട് തന്നെ എല്ലാ വിദ്യാലയങ്ങളിലും യഥാസമയം അദ്ധ്യാപക-രക്ഷാകർതൃത്വ സമിതികൾ ചേരുകയും വിഷയം ഗൗരവമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. ഇതിനായി ഹയർ സെക്കന്ററി ഡയറക്ടറേറ്റിന് കീഴിൽ കരിയർ ഗൈഡൻസ് ആന്റ് അഡോളസെന്റ് കൗൺസിലിംഗ് സെൽ പ്രവർത്തിക്കുന്നുണ്ട്. കുട്ടികളിൽ അച്ചടക്കവും സദാചാരബോധവും വളർത്തുന്നതിനായി പരിശീലനം നൽകുന്നതോടൊപ്പം രക്ഷിതാക്കൾക്ക് പ്രത്യേകിച്ച് മാതാക്കൾക്ക് കുട്ടികളുടെ മാനസികാവസ്ഥയെയും അവർ അഭിമുഖീകരിക്കുന്ന വെല്ലുവിളികളെയും സംബന്ധിച്ച് അവബോധം നൽകുകയും അവർ സമൂഹത്തിന് ഗുണകരമാകുന്ന രൂപത്തിൽ വളർന്നുവരുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. " അമ്മ അറിയാൻ" എന്ന പരിപാടി ഈ ഇനത്തിൽപ്പെട്ടതാണ്. PTA-യുടെ സഹകരണത്തോടെയാണ് ഈ പരിപാടി നടത്തുന്നത്. ഒരു വനിതാ ഡോക്ടറുടെയോ മാനസികാരോഗ്യ വിദഗ്ദ്ധന്റെയോ സേവനം ഇതിനായി പ്രയോജനപ്പെടുത്താറുണ്ട്. വിദ്യാർത്ഥികളിൽ അച്ചടക്കവും സദാചാരവും നിലനിർത്തുന്നതിൽ പ്രസ്തുത മേഖലകളിലെ വിദഗ്ദ്ധരുടെ സേവനം ലഭ്യമാക്കുന്നതിന് പുറമേ ഈ വിഷയങ്ങളിൽ കുട്ടികൾക്ക് പരിശീലനം നൽകുന്നതിന് അദ്ധ്യാപകർക്ക് പ്രത്യേക പരിശീലനവും നൽകി വരുന്നു. ഇതിനായി NIMHANS, Indian Dental Association തുടങ്ങിയ സംഘടനകളുടെ സേവനം പ്രയോജനപ്പെടുത്തുന്നു. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ അദ്ധ്യാപക രക്ഷാകർത്തൃ സമിതി, സ്കൂൾ വികസന സമിതി എന്നിവ ഊർജ്ജസ്വലമായി പ്രവർത്തിച്ചുവരുന്നു.

(സി) ഇപ്രകാരമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ കുറവ്

174 (3706) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ പൊതുവിദ്യാലയങ്ങളിൽ അദ്ധ്യാപകരുടെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കുറവ് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) വേടരപ്ലാവ് എൽ.പി. സ്കൂൾ, വഴുവാടി എൽ.പി. സ്കൂൾ എന്നീ സ്കൂളുകളിലെ അദ്ധ്യാപകരുടെ കുറവ് അടിയന്തരമായി പരിഹരിക്കുമോ;

(സി) മണ്ഡലത്തിലെ ഓരോ വിദ്യാലയത്തിലും ആവശ്യമായ അദ്ധ്യാപകരുടെ എണ്ണവും നിലവിലുള്ള അദ്ധ്യാപകരുടെ എണ്ണവും അടിസ്ഥാനമാക്കിയ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വേടരപ്ലാവ് എൽ.പി. സ്കൂൾ, വഴുവാടി എൽ.പി. സ്കൂൾ (ഗവ.എൽ.പി. സ്കൂൾ, താമരക്കുളം) എന്നിവിടങ്ങളിൽ അദ്ധ്യാപകരെ നിയമിച്ചിട്ടുണ്ട്.

(സി) അനുബന്ധമായി ചേർക്കുന്നു.*

## വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക്

175 (3707) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

എൻ.എസ്.എസ്., എൻ.സി.സി. പോലുള്ള ഓർഗനൈസേഷനുകളിൽ ചേർന്നു പ്രവർത്തിക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നതുപോലെ എസ്.പി.സി., ബാന്റ് സെറ്റ് എന്നിവയിൽ പ്രവർത്തിക്കുന്ന കുട്ടികൾക്കുകൂടി ഗ്രേസ് മാർക്ക് നൽകുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

എസ്.പി.സി.യിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്നുണ്ട്. ബാന്റ് സെറ്റിൽ പ്രവർത്തിക്കുന്ന വിദ്യാർത്ഥികൾക്ക് ഗ്രേസ് മാർക്ക് നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

**പൊതുവിദ്യാഭ്യാസ രംഗത്തെ പഠന നിലവാര തകർച്ച**

176 (3708) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുവിദ്യാഭ്യാസരംഗം ഗുരുതരമായ നിലവാരത്തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവാര തകർച്ചയുണ്ടാകുന്നതിന്റെ കാരണം കണ്ടെത്താനും വിദ്യാഭ്യാസ മേഖലയെ സംരക്ഷിക്കാനുമായി എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ കാലയളവിലെ വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനങ്ങൾ ഇതിന് കാരണമായിട്ടുണ്ടോ എന്നു പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) കുട്ടികൾക്ക് എളുപ്പം ഗ്രഹിക്കാവുന്നതരത്തിലല്ലാത്ത പുസ്തകങ്ങൾ, സ്കൂളുകളും അദ്ധ്യാപകരും കാട്ടുന്ന ഉത്തരവാദിത്വക്കുറവ്, അടിസ്ഥാന സൗകര്യങ്ങളിലെ കുറവ്, ശുചിമുറികളുടെ അഭാവം, വൃത്തിഹീനമായ അന്തരീക്ഷം, കെട്ടിടങ്ങളുടെ അപകടകരമായ അവസ്ഥ, ആവശ്യത്തിന് സൗകര്യമില്ലായ്മ എന്നിവ കുട്ടികളുടെ പഠനനിലവാര തകർച്ചയ്ക്ക് കാരണമാകുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) എങ്കിൽ അടിയന്തരമായി ഇവ പരിഹരിച്ച് വിദ്യാഭ്യാസ നിലവാരം ഉറപ്പുവരുത്താൻ എന്ത് നടപടികൾ സ്വീകരിക്കും എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും വിദ്യാഭ്യാസ നിലവാരം അന്തർദ്ദേശീയ തലത്തിൽ എത്തിക്കുന്നതിനുള്ള ഒരു ദൗത്യത്തിന് രൂപം നൽകിയിട്ടുണ്ട്.

(സി) പരിശോധിച്ചിട്ടില്ല.

(ഡി & ഇ) പൊതുവിദ്യാഭ്യാസ മേഖലയെ ശക്തിപ്പെടുത്തുന്നതിനും ശാക്തീ കരിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനായുള്ള പദ്ധതികളാണ് ഈ സർക്കാർ രൂപകല്പന ചെയ്യുന്നത്.

**സർക്കാർ സ്കൂളുകളുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം**

177 (3709) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വകാര്യ/കോർപ്പറേറ്റ് സഹായത്തോടെ സർക്കാർ

സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം നടക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സർക്കാർ സ്കൂളുകളുടെ വികസനത്തിന് സ്വകാര്യ പങ്കാളിത്തം ഏർപ്പെടുത്തുന്ന കാര്യത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ഡി) സർക്കാർ സ്കൂളുകളുടെ വികസനത്തിന് പൂർവ്വ വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിച്ച് ധനം സ്വരൂപിക്കുന്നതിനുള്ള സാധ്യത പരിശോധിയ്ക്കുമോ?

ഉത്തരം

(എ-സി) സാമൂഹ്യസംഘടനകളുടെ കൂടി സഹായത്തോടെ സർക്കാർ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. സർക്കാർ ക്ഷേമത്തിൽ താല്പര്യമുള്ള എല്ലാവരെയും ഇക്കാര്യത്തിൽ പങ്കാളികളാക്കുന്നതാണ്.

(ഡി) സർക്കാർ മേഖലയിൽ ഇപ്പോൾതന്നെ ഇത്തരം സഹകരണ വികസനം നടന്നുവരുന്നുണ്ട്.

## ഭിന്നശേഷിയുള്ള 100-ൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി

178 (3710) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭിന്നശേഷിയുള്ള 100-ൽ കൂടുതൽ വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളുകൾക്ക് എയ്ഡഡ് പദവി നൽകിയിട്ടുണ്ടോ;

(ബി) എത്ര സ്കൂളുകൾക്കാണ് അപ്രകാരം എയ്ഡഡ് പദവി നൽകിയിട്ടുള്ളത്; വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്കൂളുകളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്തിയിട്ടുണ്ടോ;

(ഡി) അടിയന്തരമായി സ്റ്റാഫ് ഫിക്സേഷൻ നടത്തി പ്രസ്തുത സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ പഠിപ്പിക്കുന്ന 100 വിദ്യാർത്ഥികളിൽ കൂടുതലുള്ള 33 സ്പെഷ്യൽ സ്കൂളുകൾക്ക് 9-2-2016-ലെ സ.ഉ. (എംഎസ്.) 38/16/പൊ.വി.വ. പ്രകാരം എയ്ഡഡ് പദവി അനുവദിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്.

(സി&ഡി) നടപടി സ്വീകരിച്ചുവരുന്നു.

**ധീവര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് സംവരണം**

179 (3711) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ധീവര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് ഡിഗ്രി പ്രവേശനത്തിന് പ്രത്യേക സംവരണം ഏർപ്പെടുത്തിയിരുന്നില്ലെങ്കിൽ, അവർ ഉൾപ്പെട്ടിരുന്നതും അർഹതയുള്ളതുമായ ഒ.ബി.എച്ച്. കാറ്റഗറിയിൽ ഉൾപ്പെടുത്തി സംവരണ ആനുകൂല്യത്തിന് പരിഗണിക്കാതെയിരുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) ധീവര സമുദായത്തിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നാളിതുവരെ ഡിഗ്രി അഡ്മിഷന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ സംവരണ ആനുകൂല്യം അഡ്മിഷൻ ഓൺലൈൻ ആയപ്പോൾ നഷ്ടപ്പെട്ടതു സംബന്ധിച്ച വിശദമായ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ബിരുദ പ്രോഗ്രാമുകളിലേയ്ക്ക് കേന്ദ്രീകൃത അലോട്ട്മെന്റ് വഴി പ്രവേശനം നടത്തുമ്പോൾ 6 ലക്ഷം എന്ന വരുമാന പരിധിക്ക് വിധേയമായി ഒ.ബി.എച്ച്. വിഭാഗത്തിനർഹമായ സംവരണാനുകൂല്യം ധീവര സമുദായത്തിനും ലഭ്യമാക്കിയിട്ടുണ്ട്. അഡ്മിഷൻ ഓൺലൈൻ ആയപ്പോൾ, ധീവര സമുദായത്തിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് നാളിതുവരെ ഡിഗ്രി അഡ്മിഷന് ലഭിച്ചുകൊണ്ടിരുന്ന വിദ്യാഭ്യാസ സംവരണാനുകൂല്യം നഷ്ടമായിട്ടില്ല. ഓൺലൈൻ അഡ്മിഷൻ നടപ്പിൽ വരുത്തിയപ്പോൾ, നിലവിലുള്ള സംവരണ നിയമങ്ങളിൽ മാറ്റം വരുത്തിയിട്ടില്ല.

**ഐസറിലെ കോഴ്സുകൾ**

180 (3712) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, എഡ്യൂക്കേഷൻ & റിസർച്ചിലെ

കോഴ്സുകൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികൾ ഇക്വലൈസേഷൻ കൊടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്വലൈസേഷനു വേണ്ടി അപേക്ഷ നൽകി ദീർഘകാലമായി കാത്തിരിക്കുന്ന വിദ്യാർത്ഥികളുടെ വിഷമതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഐസറിലെ കോഴ്സുകൾക്ക് കേരളത്തിലെ യൂണിവേഴ്സിറ്റികളുടെ അംഗീകാരം ലഭ്യമാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) യൂണിവേഴ്സിറ്റികളിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

**ലക്ചറർ ഇൻ കമ്പ്യൂട്ടർ സയൻസ് തസ്തികയിലെ നിയമനം**

181 (3713) <u>ശ്രീ. മോൻസ് ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-1-2011 മുതൽ 20-9-2016 വരെ ലക്ചറർ ഇൻ കമ്പ്യൂട്ടർ സയൻസ് തസ്തികയിലെ എത്ര ഒഴിവുകൾ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഒഴിവുകൾ റിപ്പോർട്ട് ചെയ്ത തീയതിയും ബന്ധപ്പെട്ട ഫയൽ നമ്പരും വ്യക്തമാക്കുമോ; നിലവിൽ ഏതൊക്കെ കോളേജുകളിൽ പ്രസ്തുത തസ്തികയിൽ ഒഴിവുകളുണ്ട്;

(ബി) കോളേജുകളിൽ നിന്ന് റിപ്പോർട്ട് ചെയ്ത മുഴുവൻ ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; 1-1-2011-ന് ശേഷം സൃഷ്ടിക്കപ്പെട്ട പുതിയ തസ്തികകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 1-1-2011 മുതൽ 20-9-2016 വരെ ലക്ചറർ ഇൻ കമ്പ്യൂട്ടർ സയൻസ് തസ്തികയിലെ 7 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഫയൽ നമ്പറുകളും നിലവിൽ ഒഴിവുകളുള്ള കോളേജുകളുടെ വിവരവും അനുബന്ധം-1-ൽ* ചേർത്തിരിക്കുന്നു.

(ബി) ഉണ്ട്; 1-1-2011-ന് ശേഷം സൃഷ്ടിച്ച പുതിയ തസ്തികകൾ എത്രയുണ്ടെന്നതു സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു.

**മലപ്പുറം ജില്ലയിൽ അനുവദിച്ച കോളേജുകൾ**

182 (3714) <u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് മലപ്പുറം ജില്ലയിൽ എത്ര കോളേജുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

അനുവദിച്ചുവെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം കോളേജുകളിൽ അധ്യയനം ആരംഭിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) പ്രവർത്തനമാരംഭിച്ച കോളേജുകളിൽ അധ്യയനം നടക്കുന്നത് സ്ഥിരമായ കെട്ടിടങ്ങളിലാണോ; അല്ലെങ്കിൽ ഇവയിൽ നാളിതുവരെ സ്ഥിരകെട്ടിടം ഇല്ലാത്ത കോളേജുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) കോളേജുകൾക്ക് സ്ഥിരകെട്ടിടം ലഭിക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് (2011-16) മലപ്പുറം ജില്ലയിൽ 49 കോളേജുകൾ അനുവദിച്ചിട്ടുണ്ട്. അവയുടെ പട്ടിക അനുബന്ധം 1 ആയി ചേർക്കുന്നു.* കൂടാതെ 9-2-2016-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 30/2016/ഉ.വി.വ. പ്രകാരം നിലമ്പൂരിൽ ഒരു ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജും എയ്ഡഡ് മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി നടപടിക്രമങ്ങൾ പാലിച്ച് സർവ്വകലാശാല ശിപാർശ ചെയ്യുന്നതനുസരിച്ച് മാനേജ്മെന്റ് ആവശ്യപ്പെടുന്ന 3 കോഴ്സുകൾ വീതം അനുവദിക്കുന്നതിന്, സർക്കാരുമായി ഡയറക്ട് പേമെന്റ് എഗ്രിമെന്റ് ഒപ്പ് വയ്ക്കുന്ന മുറയ്ക്ക് നിലവിലുള്ള വ്യവസ്ഥകൾക്ക് വിധേയമായി സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് വനിത കോളേജ്, കാട്ടിലങ്ങാടി, ആതവനാട്.പി.ഒ., മലപ്പുറം എന്ന കോളേജും അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത കോളേജുകൾ 1-1-2016-ന് ശേഷം അനുവദിച്ചതാകയാൽ മേൽപ്പറഞ്ഞ കോളേജുകൾ സംബന്ധിച്ച തീരുമാനം കാബിനറ്റ് റിവ്യൂ കമ്മിറ്റിയുടെ പുനഃപരിശോധനയിലാണ്.

(ബി) ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, നിലമ്പൂർ, സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ മെമ്മോറിയൽ ആർട്സ് & സയൻസ് വനിത കോളേജ്, കാട്ടിലങ്ങാടി, ആതവനാട്. പി.ഒ., മലപ്പുറം എന്നീ കോളേജുകളൊഴികെ മറ്റ് എല്ലാ കോളേജുകളിലും അധ്യയനം ആരംഭിച്ചിട്ടുണ്ട്.

(സി) പ്രവർത്തനമാരംഭിച്ച കോളേജുകളിൽ നാളിതുവരെ സ്ഥിരകെട്ടിടം ഇല്ലാത്തതും താത്കാലിക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതുമായ കോളേജുകളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ഡി) ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, താനൂർ, ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, തവനൂർ, ഗവൺമെന്റ് വനിത കോളേജ് മലപ്പുറം, എന്നീ മൂന്ന് കോളേജുകളുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പൂർത്തിയായിട്ടില്ല. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, മങ്കട, ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കൊണ്ടോട്ടി എന്നീ രണ്ട് കോളേജുകളുടെ കെട്ടിട നിർമ്മാണം പുരോഗമിക്കുന്നു. സ്വാശ്രയ എയ്ഡഡ് കോളേജുകളിൽ സ്ഥിരം കെട്ടിടം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നത് അതാത് വിദ്യാഭ്യാസ ഏജൻസികളാണ്.

**പാലക്കാട് വിക്ടോറിയ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ**

183 (3715) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാട് ഗവൺമെന്റ് വിക്ടോറിയ കോളേജിൽ പുതിയ പി.ജി. കോഴ്സുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം കോഴ്സുകൾ എന്ന് വിശദമാക്കാമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിൽ ഇല്ല.

**പാർട്ട് ടൈം ലോ അദ്ധ്യാപകരുടെ വേതന വർദ്ധനവ്**

184 (3716) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എയ്ഡഡ് കോളേജുകളിലെ പാർട്ട് ടൈം ലോ അദ്ധ്യാപകർക്ക് കാലാകാലങ്ങളിലുള്ള ശമ്പള പരിഷ്കരണ കമ്മീഷനുകളുടെ ശിപാർശകളനുസരിച്ചുള്ള വേതന വർദ്ധനവ് നടപ്പാക്കിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത അദ്ധ്യാപകർക്ക് വേതന വർദ്ധനവ് നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പാർട്ട് ടൈം ലോ അദ്ധ്യാപകരുടെ ശമ്പളം പത്താം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 10,000 രൂപ + ഡിഎ.-യിൽ നിന്നും 19,000 രൂപ + ഡിഎ. ആക്കി വർദ്ധിപ്പിച്ചിട്ടുണ്ട്.

**ഓൺലൈൻ ഡിഗ്രി അഡ്മിഷൻ**

185 (3717) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഓൺലൈനായി ഡിഗ്രി അഡ്മിഷൻ നടത്തിയപ്പോൾ സംസ്ഥാനത്തെ ധീവര സമുദായത്തിലെ വിദ്യാർത്ഥികളെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് അഡ്മിഷന് പരിഗണിച്ചിരുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധീവര സമുദായത്തിലെ വിദ്യാർത്ഥികളെ ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തി പരിഗണിച്ചതിനെതിരെ ആരെങ്കിലും കേരള യൂണിവേഴ്സിറ്റിക്ക് രേഖാമൂലം പരാതി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കോളേജുകളിൽ ഓൺലൈനായി ഡിഗ്രി അഡ്മിഷൻ നടത്തിയപ്പോൾ സംസ്ഥാനത്തെ ധീവര സമുദായത്തിലെ വിദ്യാർത്ഥികൾക്ക് 6 ലക്ഷം രൂപയിൽ താഴെ എന്ന വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് സാമുദായികമായും സാമ്പത്തികമായും പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കായുള്ള ഒ.ബി.എച്ച്. വിഭാഗത്തിനർഹമായ സംവരണാനുകൂല്യം ധീവര സമുദായത്തിന് ലഭ്യമാക്കിയിട്ടുണ്ട്.

(ബി) ഇതുസംബന്ധിച്ച പരാതികൾ കേരള സർവ്വകലാശാലയിൽ ലഭിച്ചിട്ടുണ്ട്. ധീവര സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഒ.ബി.എച്ച് സംവരണവും ഒ.ഇ.സി. വിഭാഗത്തിന് ലഭിക്കുന്ന ഫീസ് ആനുകൂല്യവും വരുന്ന അദ്ധ്യയനവർഷം ബിരുദ പ്രവേശനത്തിന് ബാധകമാക്കുന്നത് കേരള സർവ്വകലാശാല പരിഗണിച്ചിട്ടുണ്ട്.

**പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ കോഴ്സുകൾ**

186 (3718) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മണ്ഡലത്തിലെ ഏക സർക്കാർ കോളേജായ പനമ്പിള്ളി മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ബി.എസ്.സി.(ഫിസിക്സ്), എം.എസ്.സി. (കമ്പ്യൂട്ടർ സയൻസ്), എം.എ. (ഇംഗ്ലീഷ്), എം.കോം തുടങ്ങിയ കോഴ്സുകൾ പുതുതായി അനുവദിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

ഇപ്പോൾ പരിഗണനയിൽ ഇല്ല.

**കോഴിക്കോട് ജില്ലയിൽ പുതുതായി അനുവദിച്ച കോളേജുകൾ**

187 (3719) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ പുതുതായി അനുവദിച്ച കോളേജുകളിൽ എത്രയെണ്ണത്തിനുള്ള സ്ഥലമാണ് സർക്കാരിന് വിട്ടു കിട്ടിയിട്ടുള്ളത്; അവ ഏതെല്ലാമാണ്;

(ബി) കോളേജ് അനുവദിച്ചപ്പോഴുണ്ടാക്കിയ വ്യവസ്ഥകൾ പാലിക്കാത്ത കോളേജുകളുടെ കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ കാലത്ത് കോഴിക്കോട് ജില്ലയിൽ പുതുതായി നാല് ആർട്സ് & സയൻസ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. ടി കോളേജുകളുടെ പേര് ചുവടെ ചേർക്കുന്നു :

1. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കൊടുവള്ളി
2. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കുന്ദമംഗലം
3. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, നാദാപുരം
4. ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, ബാലുശ്ശേരി.

ഇതിൽ കൊടുവള്ളി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, ഒഴികെ ബാക്കി എല്ലാ കോളേജുകൾക്കുമുള്ള സ്ഥലം സർക്കാരിന് വിട്ടുകിട്ടിയിട്ടുണ്ട്.

(ബി) അഫിലിയേറ്റഡ് കോളേജുകൾ ഏതെങ്കിലും വ്യവസ്ഥകൾ പാലിക്കുന്നില്ലെങ്കിൽ സർവ്വകലാശാല ചട്ടങ്ങളനുസരിച്ച് അന്വേഷണം നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

**ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ ബിരുദ, ബിരുദാനന്തര സയൻസ് കോഴ്സുകൾ**

188 (3720) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ നിലവിൽ സയൻസ് വിഷയങ്ങൾക്കായി ഏതെല്ലാം കോഴ്സുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ചിറയിൻകീഴ് താലൂക്കിലെ ഏക ഗവൺമെന്റ് കോളേജായ പ്രസ്തുത

കോളേജിൽ പുതിയതായി ഏതെല്ലാം ബിരുദ, ബിരുദാനന്തര സയൻസ് കോഴ്സുകൾ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) സയൻസ് ബ്ലോക്കും വനിതാ ഹോസ്റ്റലും ഉൾപ്പടെ മികച്ച സൗകര്യങ്ങൾ ഉണ്ടായിട്ടും പുതിയ കോഴ്സുകൾ അനുവദിക്കാത്തതിന് കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ആറ്റിങ്ങൽ ഗവൺമെന്റ് കോളേജിൽ സയൻസ് കോഴ്സുകളായ ബി.എസ്.സി. പോളിമർ കെമിസ്ട്രിയും എം.എസ്.സി. പോളിമർ കെമിസ്ട്രിയും നിലവിലുണ്ട്.

(ബി) ബി.എസ്.സി. മാത്സ്, ബി.എസ്.സി. ഫിസിക്സ് എന്നീ കോഴ്സുകൾ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഗവൺമെന്റ് കോളേജുകളിൽ അധിക തസ്തിക സൃഷ്ടിക്കാതെ നിവിലുള്ള അദ്ധ്യാപകരെ ഉപയോഗിച്ചും നിലവിലുള്ള ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിയും പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യമാണ് സർക്കാർ പരിഗണനയിലുള്ളത്.

**സർക്കാർ കോളേജുകളിൽ പുതിയ കോഴ്സുകൾ**

189 (3721) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ ഈ അധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഗവൺമെന്റ് കോളേജുകളിൽ അധിക തസ്തിക സൃഷ്ടിക്കാതെ, നിലവിലുള്ള അദ്ധ്യാപകരെ ഉപയോഗിച്ചും നിലവിലുള്ള ഭൗതിക സാഹചര്യം ഉപയോഗപ്പെടുത്തിയും കഴിവതും ഈ അദ്ധ്യയന വർഷം മുതൽ പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

## സർക്കാർ കോളേജുകളിൽ സൈക്കോളജി ലക്ചറർമാരുടെ തസ്തിക സൃഷ്ടിക്കാൻ നടപടി

190 (3722) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കോളേജുകളിൽ സൈക്കോളജി ലക്ചറർമാരുടെ തസ്തിക സൃഷ്ടിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള കോളേജുകളിൽ സൈക്കോളജി ലക്ചറർമാരുടെ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് കേരള യൂണിവേഴ്സിറ്റി സമർപ്പിച്ച അപേക്ഷയിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കാമോ?

### ഉത്തരം

(എ) സർക്കാർ കോളേജുകളിൽ സൈക്കോളജി ലക്ചറർമാരുടെ തസ്തിക സൃഷ്ടിക്കുന്നതിന് ബന്ധപ്പെട്ട പ്രിൻസിപ്പാൾമാരിൽ നിന്നും നിലവിൽ പ്രൊപ്പോസലുകളൊന്നും ലഭിച്ചിട്ടില്ല.

(ബി) കേരള സർവ്വകലാശാലയുടെ കീഴിലുള്ള പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസിൽ (aided) സൈക്കോളജി വിഷയത്തിൽ തസ്തിക സൃഷ്ടിക്കണമെന്നാവശ്യപ്പെട്ട് 11-7-2008-ൽ ലഭിച്ച അപേക്ഷ അനുസരിച്ച് 20-8-2010-ലെ സ.ഉ. (എംഎസ്.) നമ്പർ 260/2010/ഉ.വി.വ. പ്രകാരം കേരള സർവ്വകലാശാലയുടെ കീഴിലുള്ള പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസിൽ സൈക്കോളജി വിഷയത്തിൽ ഒരു അദ്ധ്യാപക തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.

## അപമര്യാദയായി പെരുമാറിയ കോളേജ് അദ്ധ്യാപകനെതിരെ നടപടി

191 (3723) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം ഗവ. ഗോവിന്ദപൈ മെമ്മോറിയൽ കോളേജിലെ അധ്യാപകൻ ലഹരി മരുന്ന് ഉപയോഗിച്ച് ക്ലാസ്സിൽ വരികയും പെൺകുട്ടികളോടടക്കം അപമര്യാദയായി പെരുമാറുകയും ചെയ്തതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഈ വിഷയം സംബന്ധിച്ച് കോളേജിലെ രണ്ട് വിദ്യാർത്ഥിനികൾ വകുപ്പ് മന്ത്രിക്ക് പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(സി) മഞ്ചേശ്വരം പോലീസ് ഈ വിഷയവുമായി ബന്ധപ്പെട്ട് അധ്യാപകനെതിരെ കോളേജ് വകുപ്പ് അധികൃതർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ അധ്യാപകനെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്; പരാതി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ പരിശോധനയ്ക്കും തുടർനടപടികൾക്കുമായി അയച്ചുകൊടുക്കുകയും പരാതിയുടെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം ജി.പി.എം. ഗവൺമെന്റ് കോളേജിലെ കന്നട വിഭാഗം അദ്ധ്യാപകനെ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 13-10-2016 തീയതിയിലെ വി.സി./31231/2016/ കോ.വി.വ. നമ്പർ ഉത്തരവ് പ്രകാരം അന്വേഷണ വിധേയമായി സർവ്വീസിൽ നിന്നു സസ്പെന്റ് ചെയ്യുകയും ചെയ്തു.

(സി) നൽകിയിട്ടുണ്ട്; 27-7-2016 തീയതി വൈകുന്നേരം 4 മണിയോടുകൂടി മഞ്ചേശ്വരം ഗോവിന്ദപൈ മെമ്മോറിയൽ ഗവൺമെന്റ് കോളേജിലെ കന്നട വിഭാഗം അദ്ധ്യാപകൻ ശ്രീ. കെ. ദിനേശ് കുമാർ എന്നയാൾ കോളേജിൽ മദ്യപിച്ച് ഡ്യൂട്ടിക്ക് ഹാജരായതായും ആയതിൽ പ്രതിഷേധിച്ച് വിദ്യാർത്ഥികൾ ടിയാനെ ഘെരാവോ ചെയ്യുന്നതായും വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം പോലീസ് സ്റ്റേഷനിലെ എ.എസ്.ഐ. ശ്രീ. രവീന്ദ്രൻ കോളേജിലെത്തി ക്രമസമാധാന പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനായി ടിയാനെ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടുപോകുകയും, ആൽക്കോമീറ്റർ പരിശോധനയിൽ 34.3 mg/100 ml എന്ന് കാണപ്പെടുകയുണ്ടായെന്നും മെഡിക്കൽ പരിശോധന നടത്തുകയോ എഫ്.ഐ.ആർ രജിസ്റ്റർ ചെയ്യുകയോ ചെയ്തിട്ടില്ലെന്നും മഞ്ചേശ്വരം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

(ഡി) ഉണ്ട്; പോലീസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും വിദ്യാർത്ഥികൾ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിലും ശ്രീ. കെ. ദിനേശ് കുമാറിനെ സർവ്വീസിൽനിന്നും അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തു.

## അസിസ്റ്റന്റ് പ്രൊഫസർമാരായി നിയമനം നേടിയവരുടെ റെഗുലറൈസേഷൻ

192 (3724) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിൽ 2010-ന് ശേഷം അസിസ്റ്റന്റ് പ്രൊഫസർമാരായി നിയമനം നേടിയവരുടെ റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമൂലം പ്രസ്തുത അദ്ധ്യാപകർക്ക് ഗവേഷണം പോലുള്ള കാര്യങ്ങളിൽ ഉണ്ടായ പ്രതിസന്ധി പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത അദ്ധ്യാപരുടെ റെഗുലറൈസേഷൻ നടപടികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) റെഗുലറൈസേഷൻ നടപടികൾ പൂർത്തിയാക്കാത്തതിനാൽ ഗവേഷണം പോലുള്ള കാര്യങ്ങളിൽ പ്രസ്തുത അദ്ധ്യാപകർക്ക് പ്രതിസന്ധി ഉള്ളതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) റെഗുലറൈസേഷൻ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ

193 (3725) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്തെ വിവിധ യൂണിവേഴ്സിറ്റികളിൽ നിലവിലുള്ള അസിസ്റ്റന്റുമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

കേരള സർവ്വകലാശാല-232 ഒഴിവുകൾ റിപ്പോർട്ട് ചെയ്തു. 2 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എം.ജി. സർവ്വകലാശാല -118 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31-5-2016-ന് ശേഷമുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ തീയതിക്ക് മുമ്പുള്ള ഒഴിവുകളിലേക്ക് നിയമന ഉത്തരവ് നൽകിക്കഴിഞ്ഞു. കാലിക്കറ്റ് സർവ്വകലാശാല-ഒഴിവുകളുടെ എണ്ണം

വ്യക്തമാക്കിയിട്ടില്ല. 30-1-2016-ന് പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നൽകിക്കൊണ്ടിരിക്കുന്നു. കുസാറ്റ്- നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടന്നുവരുന്നു. കണ്ണൂർ സർവ്വകലാശാല-71 അസിസ്റ്റന്റുമാരുടെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജി.ഒ.(എംഎസ്.) നമ്പർ174/2016/ഉ.വി.വ. തീയതി 6-8-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാ ശാലയിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകൾ ഒന്നുംതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. മലയാള സർവ്വകലാശാല-തസ്തിക സൃഷ്ടിച്ചിട്ടില്ല. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - അസിസ്റ്റന്റിന്റെ ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പഠനനിലവാരം മെച്ചപ്പെടുത്തൽ

194 (3726) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ (സർക്കാർ/സ്വകാര്യ/ സ്വാശ്രയ സ്ഥാപനങ്ങൾ) പഠന നിലവാരം, പഠന സൗകര്യങ്ങൾ, യോഗ്യതയുള്ള അദ്ധ്യാപകരുടെ ലഭ്യത എന്നിവ സംബന്ധിച്ച് സംസ്ഥാന സാങ്കേതിക സർവ്വകലാശാല പഠനമോ പരിശോധനകളോ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) സാങ്കേതിക സർവ്വകലാശാല നടത്തിയ പഠനങ്ങളിൽ നിലവാരത്തകർച്ചയും മറ്റ് അപര്യാപ്തതകളും കണ്ടെത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; അവയ്ക്കെതിരെ സർവ്വകലാശാല എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോളേജുകൾക്ക് സർവ്വകലാശാല നൽകിയ നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടുവോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) സർവ്വകലാശാല നിർദ്ദേശങ്ങൾ നല്കിയിട്ടും പ്രസ്തുത നിർദ്ദേശങ്ങൾ യഥാവിധി പാലിക്കാത്ത കോളേജുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചു ;

(ഇ) സർവ്വകലാശാല ഏതെല്ലാം കോളേജുകൾക്കെതിരെ നാളിതുവരെ നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) സാങ്കേതിക സർവ്വകലാശാല നിലവിൽ വന്നതിനുശേഷം ഇതിനോട് അഫിലിയേഷൻ നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 156 സാങ്കേതിക സ്ഥാപനങ്ങളിൽ എഞ്ചിനീയറിംഗ് മേഖലയിലെ അക്കാദമിക വിദഗ്ദ്ധരടങ്ങുന്ന രണ്ടംഗ സമിതി വിദഗ്ദ്ധ പരിശോധന നടത്തിയിട്ടുണ്ട്. ഭൗതിക സാഹചര്യം, അദ്ധ്യാപകരുടെ ലഭ്യത തുടങ്ങിയവയെല്ലാം പരിശോധനയ്ക്ക് വിധേയമാക്കി. ഇതുകൂടാതെ അക്കാദമിക നിലവാരം ഉയർത്തുന്നതിന് അക്കാദമിക് ഓഡിറ്റിംഗ് എന്ന സമ്പ്രദായവും നടപ്പിലാക്കിയിട്ടുണ്ട്. ഓരോ കോളേജുകളിലേയും അക്കാദമിക പ്രവർത്തനങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനായി ഓരോ സ്ഥാപനങ്ങളിലേക്കും ഓരോ ഓഡിറ്റർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ ഒരു സെമസ്റ്ററിൽ രണ്ടു തവണ പരിശോധന നടത്തി ഓഡിറ്റർമാർ അക്കാദമിക നടപടികൾ വിലയിരുത്തുന്നു.

(ബി-ഇ) ഗുണനിലവാരം ഉയർത്തുന്നതിനായി കർശന നിർദ്ദേശങ്ങളാണ് സർവ്വകലാശാല നൽകിയിരിക്കുന്നത്. അഫിലിയേഷൻ ലഭിക്കുന്നതിന് എ.ഐ.സി.റ്റി.ഇ.-യുടെ മാനദണ്ഡങ്ങൾ പാലിക്കണമെന്ന വ്യവസ്ഥ ഏർപ്പെടുത്തി. വിദഗ്ദ്ധ പരിശോധനയുടെ അടിസ്ഥാനത്തിൽ പാളിച്ച കണ്ടെത്തിയ സ്ഥാപനങ്ങൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും പിന്നീട് അപ്പീൽ കമ്മിറ്റിക്ക് മുമ്പാകെ വിളിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സർവ്വകലാശാല മാനദണ്ഡങ്ങൾ പാലിച്ചില്ലെന്ന് കണ്ടെത്തിയതിനാൽ 2016-17 അദ്ധ്യയനവർഷത്തിൽ ചുവടെ പറയുന്ന 5 എഞ്ചിനീയറിംഗ് കോളേജുകൾക്ക് അഫിലിയേഷൻ നല്കിയിട്ടില്ല :

1. ശ്രീഎറണാകുളത്തപ്പൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജുമെന്റ്, തൃശ്ശൂർ.
2. സെന്റ് ഗ്രിഗോറിയസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാസർഗോഡ്.
3. സദ്ഗുരു സ്വാമി നിത്യാനന്ദ സ്കൂൾ ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട്.
4. പിനാക്കിൾ സ്കൂൾ ഓഫ് എഞ്ചിനീയറിംഗ് ടെക്നോളജി, കൊല്ലം.
5. അർച്ചന കോളേജ് ഓഫ് എഞ്ചിനീയറിംഗ്, നൂറനാട്.

ഈ കോളേജുകളെല്ലാം, സർവ്വകലാശാല ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചെങ്കിലും ശ്രീഎറണാകുളത്തപ്പൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് മാനേജുമെന്റ്, തൃശ്ശൂർ, സദ്ഗുരു സ്വാമി നിത്യാനന്ദ സ്കൂൾ ഓഫ് ടെക്നോളജി, കാഞ്ഞങ്ങാട് എന്നീ സ്ഥാപനങ്ങൾക്കുമാത്രം പ്രവേശനത്തിന് അനുമതി ലഭിക്കുകയുണ്ടായി.

## ഐ.എച്ച്.ആർ.ഡി. അദ്ധ്യാപകരുടെ ദിവസ വേതനം

195 (3727) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിൽ പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ദിവസവേതനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) പ്ലസ് ടു ഗസ്റ്റ് അദ്ധ്യാപകർക്ക് ജൂനിയർ, സീനിയർ പോസ്റ്റുകളിൽ നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഐ.എച്ച്.ആർ.ഡി.യുടെ കീഴിൽ കുറഞ്ഞ വേതനത്തിൽ ജോലി ചെയ്യുന്ന അദ്ധ്യാപകർക്ക് മറ്റു അദ്ധ്യാപകർക്ക് നൽകുന്ന വേതനം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) വേതനം വർദ്ധിപ്പിക്കുന്നത് ഐ.എച്ച്.ആർ.ഡി.യുടെ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ ശിപാർശയിന്മേൽ സർക്കാരിന്റെ അംഗീകാരത്തോടുകൂടിയാണ്. നിലവിലെ വേതനത്തിൽ വർദ്ധനവ് വരുത്തുന്നതിനുള്ള ശിപാർശകൾ ഐ.എച്ച്.ആർ.ഡി. ഡയറക്ടർ, എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

## കാവാലം ടെക്നിക്കൽ ഹൈസ്കൂളിന് ഭൂമി

196 (3728) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാവാലം ടെക്നിക്കൽ ഹൈസ്കൂളിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ വേഗത്തിൽ പൂർത്തീകരിക്കുമോ;

(സി) പ്രസ്തുത സ്കൂളിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) കാവാലം ടെക്നിക്കൽ ഹൈസ്കൂളിനുവേണ്ടി കുന്നമ്മൽ 13-ാം വാർഡിൽ ആശാരി പറമ്പിൽ ശ്രീ. ജോസ് ജേക്കബിന്റെ വക ഒരു ഏക്കർ 11 ആർ നിലം ഏറ്റെടുക്കുന്നതിനുള്ള നപടികൾ സ്വീകരിച്ചുവരുന്നു.

(ബി & സി) കാവാലം ടെക്നിക്കൽ ഹൈസ്കൂളിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ കഴിവതും വേഗത്തിൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്. സ്കൂളിന് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് ആവശ്യമായ നടപടികൾ ഫണ്ടിന്റെ ലഭ്യത പരിഗണിച്ച് സ്വീകരിക്കുന്നതാണ്.

## കൊരട്ടി സർക്കാർ പോളിടെക്നിക്

197 (3729) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊരട്ടി സർക്കാർ പോളിടെക്നിക്കിൽ മെക്കാനിക്കൽ, കമ്പ്യൂട്ടർ അടക്കമുള്ള കോഴ്സുകൾ പുതുതായി അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ;

(ബി) എ.ഐ.സി.ടി.ഇ. അപ്രൂവൽ ഇതിനായി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കൊരട്ടി സർക്കാർ പോളിടെക്നിക്കിൽ 2015-16, 2016-17 വർഷങ്ങളിൽ പുതിയ കോഴ്സുകൾക്ക് എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം ലഭിക്കുന്നതിനായി ബന്ധപ്പെട്ട വെബ്സൈറ്റിൽ അപേക്ഷിക്കുവാൻ എൻ.ബി.എ. അക്രഡിറ്റേഷൻ ലഭിക്കാത്തതിനാൽ സാധിച്ചിരുന്നില്ല. 2017-18 വർഷത്തെ എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരം പുതുക്കുന്നതിനുള്ള അപേക്ഷയോടൊപ്പം പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള അംഗീകാരം ലഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

## നടുവിൽ പോളിടെക്നിക്ക്

198 (T* 3730) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ നടുവിൽ എന്ന സ്ഥലത്ത് ആരംഭിക്കുവാൻ തീരുമാനിച്ച പോളിടെക്നിക്കിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) കേന്ദ്രസംഘം നടത്തിയ പരിശോധനയിൽ നിർദ്ദേശിച്ച പോരായ്മകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

<u>ഉത്തരം</u>

(എ&ബി) നടുവിൽ ടെക്നിക്കൽ ഹൈസ്കൂളിന്റെ കൈവശമുള്ള 7.4 ഏക്കറിൽ നിന്നും 5 ഏക്കർ ഭൂമി നടുവിൽ പോളിടെക്നിക്കിനുവേണ്ടി കൈമാറാൻ 16-3-2016 തീയതിയിലെ ക്യാബിനറ്റ് യോഗത്തിൽ ഐറ്റം നമ്പർ 8766 പ്രകാരം തീരുമാനം എടുത്തിരുന്നെങ്കിലും ഇലക്ഷൻ പ്രക്രിയ കഴിയുന്നതുവരെ കാത്തിരിക്കാൻ ഇലക്ഷൻ കമ്മീഷൻ ഉത്തരവാകുകയാണുണ്ടായത്. തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്തെ മന്ത്രിസഭാ തീരുമാനങ്ങൾ പരിശോധിക്കാൻ രൂപീകരിച്ച മന്ത്രിസഭാ ഉപസമിതിയുടെ പരിഗണനയ്ക്ക് വിഷയം സമർപ്പിക്കുകയും ഇക്കാര്യം പരിശോധന യിലുമാണ്. 2016-17 വർഷത്തേക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരത്തിനായി ഓൺലൈൻ അപേക്ഷ നൽകിയതിന്റെ തുടർ നടപടിയായി എ.ഐ.സി.റ്റി.ഇ. സ്റ്റാന്റിംഗ് അപ്പലേറ്റ് കമ്മിറ്റി മുമ്പാകെ 25-5-2016-ന് ന്യൂനതകൾ പരിഹരിച്ച് ഹാജരാകുവാൻ എ.ഐ.സി.റ്റി.ഇ. നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചിട്ടുണ്ടായിരുന്നു. എങ്കിലും 2016-17 വർഷത്തേക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ 2017-18 വർഷത്തേക്ക് എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുന്നതിനുവേണ്ടി നടപടി സ്വീകരിച്ചുവരുന്നു.

## ഹരിപ്പാട് ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിൽ അദ്ധ്യാപകരെ നിയമിക്കാൻ നടപടി

199 (3731) <u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. അപ്ലൈഡ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്ക് ആനുപാതികമായി സ്ഥിരം അദ്ധ്യാപകരെ നിയമിക്കാത്തതുമൂലം വിജയശതമാനത്തിൽ കാര്യമായ കുറവ് സംഭവിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സ്റ്റാഫ് ഫിക്സേഷൻ അടിയന്തരമായി നടത്തി സ്ഥിരം അദ്ധ്യാപകരെ പ്രസ്തുത കോളേജിൽ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 2011-നുശേഷം പ്രവർത്തനം ആരംഭിച്ച കോളേജ് ഓഫ് അപ്ലൈഡ് സയൻസ്, ഹരിപ്പാട് ഉൾപ്പെടെയുള്ള പുതിയ കോളേജുകളിലേക്കുള്ള സ്റ്റാഫ് പാറ്റേൺ നിർദ്ദേശിക്കുന്നതിനായി ഐ.എച്ച്.ആർ.ഡി. ഒരു സ്റ്റാഫ് ക്രിയേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി 15-10-2016-ന് സമർപ്പിച്ച റിപ്പോർട്ടിനെ ആധാരമാക്കി ഐ.എച്ച്.ആർ.ഡി. ഡയറക്ടർ തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

## പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ. റാങ്ക് ലിസ്റ്റ്

200 (3732) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ എൽ.പി.എസ്.എ തസ്തികയിലേക്കുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ഹൈക്കോടതിയിൽ ഈ വിഷയം സംബന്ധിച്ച് കേസ് നിലവിലുണ്ടോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) 25-10-2016-നാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത്.

(ബി) ടി വിഷയം സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ കേസ് നിലവിലുണ്ട്.

## ഹരിപ്പാട് കുമാരപുരം പഞ്ചായത്തിൽ സർക്കാർ പോളിടെക്നിക്

201 (3733) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കുമാരപുരം പഞ്ചായത്തിൽ അനുവദിച്ച സർക്കാർ പോളിടെക്നിക്കിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി എന്ത് തുകയാണ് പുതിയ കെട്ടിടത്തിനായി അനുവദിച്ചിട്ടുള്ളത്;

(സി) ഈ പോളിടെക്നിക്കിന്റെ സ്പെഷ്യൽ ഓഫീസർ ആരാണ്;

(ഡി) പോളിടെക്നിക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിച്ച് ഇവിടെ ക്ലാസ്സുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2016-17-ലേക്ക് എ.ഐ.സി.റ്റി.ഇ.-യുടെ അംഗീകാരത്തിനായി ഓൺലൈൻ അപേക്ഷ നൽകിയതിന്റെ തുടർനടപടിയായി 22-4-2016-ന് എ.ഐ.സി.റ്റി.ഇ.-യുടെ വിദഗ്ധ സമിതി നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും പരിശോധനാ റിപ്പോർട്ടിൽ കുറവുകൾ സൂചിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്ന വിവരം എ.ഐ.സി.റ്റി.ഇ.യെ അറിയിച്ചിട്ടുണ്ട്. പുനഃപരിശോധന ആവശ്യപ്പെട്ടിരുന്നെങ്കിലും 2016-17 അക്കാദമിക വർഷത്തിലേക്ക് എ.ഐ.സി.റ്റി.ഇ.-യുടെ അനുമതി ലഭിച്ചിട്ടില്ല.

(ബി) ഹരിപ്പാട് പോളിടെക്നിക്കിന് പുതിയ കെട്ടിടം പണിയുന്നതിനായി 120 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ട് ജി.ഒ.(ആർ.ടി)നമ്പർ 640/2016/ ഉ.വി.വ. തീയതി 3-3-2016 പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ശ്രീമതി ആർ. ലേഖാ മേനോൻ, പ്രിൻസിപ്പാൾ, വനിതാ പോളിടെക്നിക് കോളേജ്, കായംകുളം.

(ഡി) കെട്ടിട നിർമ്മാണത്തിന്റെ പ്രവർത്തനങ്ങളുടെ തുടക്കത്തിനായി 120 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എ.ഐ.സി.റ്റി.ഇ.യുടെ അനുമതി ലഭിച്ചാൽ മാത്രമേ ക്ലാസ് ആരംഭിക്കുന്ന വിഷയം പരിഗണിക്കുവാൻ കഴിയുകയുള്ളൂ.

**കൃഷ്ണപുരം വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം**

202 (3734) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കായംകുളത്തെ കൃഷ്ണപുരം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ടെക്നിക്കൽ ഹൈസ്കൂളിന്റെ കെട്ടിടവും വർക്ക്ഷോപ്പും ലാബോറട്ടറിയും ഉപയോഗിച്ചാണ് പ്രവർത്തിക്കുന്നത് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ക്ലാസ് മുറികൾ, സ്റ്റാഫ് റൂം, ലാബോറട്ടറി, ശൗചാലയങ്ങൾ, സൈക്കിൾ ഷെഡ് തുടങ്ങിയവക്കാവശ്യമായ കെട്ടിടം നിർമ്മിച്ച് കൃഷ്ണപുരം വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിന്റെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടപടി സ്വീകരിച്ചുവരുന്നു.

**എഞ്ചിനീയറിംഗ് കോളേജുകളിലെ ഒഴിവുകൾ**

203 (3735) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽ ഇപ്പോൾ എത്ര സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും അവ ഏതെല്ലാം കോളേജുകളിൽ ആണെന്നും

വിശദമാക്കുമോ ;

(ബി) എഞ്ചിനീയറിംഗ് വിജയ ശതമാനം സംബന്ധിച്ച വിവരം ലഭ്യമാക്കുമോ; വിജയ ശതമാനം ഉയർത്തുവാൻ എന്തെങ്കിലും കർമ്മ പരിപാടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എഞ്ചിനീയറിംഗ് വിജയം 15% ആണെന്ന പൊതുകണക്ക് നിലനിൽക്കുമ്പോൾ 85% വിദ്യാർത്ഥികളുടെ ഭാവി എന്താണെന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ;

(ഡി) ഇത്തരത്തിൽ വിജയ ശതമാനം കുറഞ്ഞു പോകുന്നത് കേരളത്തിന്റെ സാങ്കേതിക രംഗത്തുള്ള ഗുണനിലവാരത്തെ ബാധിക്കുമോ; ഇക്കാര്യം വിശദമായി പരിശോധിച്ച് പരിഹാരം കണ്ടെത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽ മെറിറ്റ് സീറ്റിൽ 15647 സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്നുണ്ട്. സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന കോളേജുകളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(ബി-ഡി) എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല നടത്തിയ 2015-16 വർഷത്തെ ബി.ടെക് എഞ്ചിനീയറിംഗ് വിജയ ശതമാനം 55.16 ആണ്. എഞ്ചിനീയറിംഗ് കോളേജുകളുടെ നിലവാരവും സൗകര്യവും വിലയിരുത്തുന്നതിനായി എല്ലാ കോളേജുകളിലും എക്സ്പെർട്ട് വിസിറ്റ് കമ്മിറ്റിയുടെ പരിശോധനയും അക്കാഡമിക് ആഡിറ്റും നടത്തിവരുന്നു. കൂടാതെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധിക പരിശീലനം നൽകുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാമും നടപ്പാക്കി വരുന്നു.

**എഞ്ചിനീയറിംഗ് കോളേജുകളിലെ കൂട്ടത്തോൽവി**

204 (3736) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എഞ്ചിനീയറിംഗ് കോളേജുകളിൽ കൂട്ടത്തോൽവി സംഭവിച്ചതായി റിപ്പോർട്ടുകളുണ്ടോ; വിശദമായ വിവരം ലഭ്യമാക്കുമോ;

(ബി) കൂട്ടത്തോൽവി പരിഹരിക്കുവാൻ കർമ്മ പരിപാടി തയ്യാറാക്കുമോ;

(സി) സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഇക്കാര്യത്തിൽ എടുത്ത നടപടികൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്തെല്ലാം; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ-സി) എഞ്ചിനീയറിംഗ് പരീക്ഷയിൽ കൂട്ടത്തോൽവി സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി എല്ലാ കോളേജുകളിലും എക്സ്പെർട്ട് വിസിറ്റ് കമ്മിറ്റിയുടെ പരിശോധനയും അക്കാഡമിക് ആഡിറ്റും നടത്തിവരുന്നു. കൂടാതെ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് അധിക പരിശീലനം നൽകുന്നതിനായി സ്കോളർ സപ്പോർട്ട് പ്രോഗ്രാമും നടപ്പാക്കിവരുന്നു.

**കാലിക്കറ്റ് സർവ്വകലാശാലയിലെ വിദൂര പഠനവും പ്രൈവറ്റ് രജിസ്ട്രേഷനും**

205 (3737) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ വിദൂര പഠനത്തിനും പ്രൈവറ്റ് രജിസ്ട്രേഷനും എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത തടസ്സങ്ങൾ ഒഴിവാക്കി വിദൂര പഠന സമ്പ്രദായം നടപ്പിലാക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) കാലിക്കറ്റ് സർവ്വകലാശാലയിൽ പ്രൈവറ്റ് രജിസ്ട്രേഷൻ സമ്പ്രദായം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) കാലിക്കറ്റ് സർവ്വകലാശാലയുടെ വിദൂര വിദ്യാഭ്യാസ വിഭാഗം മുഖേനയുള്ള Open and Distance Learning Programme-കളുടെ അംഗീകാരം UGC റദ്ദാക്കിയിട്ടുണ്ട്. Standing counsel-ന്റെ നിയമോപദേശത്തിന്റെ വെളിച്ചത്തിൽ കാലിക്കറ്റ് സർവ്വകലാശാല 2016-17 അദ്ധ്യയന വർഷത്തിലേയ്ക്ക് പ്രൈവറ്റ് രജിസ്ട്രേഷൻ മുഖാന്തരം വിവിധ യു.ജി., പി.ജി. കോഴ്സുകളിലേയ്ക്ക് നോട്ടിഫിക്കേഷൻ dated 7-10-2016 പ്രകാരം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

(സി) പ്രൈവറ്റ് രജിസ്ട്രേഷൻ നടപ്പിലാക്കിക്കൊണ്ട് അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

**കാലിക്കറ്റ് സർവ്വകലാശാലയിലെ പ്യൂൺ/വാച്ച്മാൻ നിയമനം**

206 (3738) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ പ്യൂൺ/വാച്ച്മാൻ തസ്തികയിൽ

സി.എൽ.ആർ. വിഭാഗത്തിന് എത്ര ശതമാനമാണ് സംവരണം ചെയ്തിട്ടുള്ളത്;

(ബി) പ്രസ്തുത നിയമനത്തിന്റെ ഭാഗമായി തയ്യാറാക്കിയ സ്കോർ ഷീറ്റ് പ്രസിദ്ധീകരിക്കുന്നതിന് മുമ്പ് പുറത്തായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതു സംബന്ധിച്ച അന്വേഷണത്തിന്റെ ചുമതല ആരെയൊക്കെയാണ് ഏല്പിച്ചതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിന്മേൽ അഡ്മിനിസ്ട്രേഷൻ ജോയിന്റ് രജിസ്ട്രാർ സമർപ്പിച്ച വിശദീകരണം, പ്രോ-വൈസ് ചാൻസലർ സമർപ്പിച്ച റിപ്പോർട്ട് എന്നിവയുടെ കോപ്പി ലഭ്യമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ അന്വേഷണ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(എഫ്) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെങ്കിലും തുടരന്വേഷണ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ജി) സ്കോർ ഷീറ്റ് ചോർന്നതിനാൽ പ്രസ്തുത തസ്തികയിലേയ്ക്ക് ആരംഭിച്ച നിയമന നടപടികൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 30 ശതമാനം.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) ഡോ. പി. മോഹൻ (പ്രോ വൈസ് ചാൻസലർ) കൺവീനറായും ഡോ. എബ്രഹാം ജോസഫ് (പ്രൊഫസർ, കെമിസ്ട്രി ഡിപ്പാർട്ടുമെന്റ്) അംഗവുമായ അന്വേഷണ കമ്മീഷനെ നിയമിച്ചിട്ടുണ്ട്.

(ഡി)അന്വേഷണ കമ്മീഷൻ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഇ) ബന്ധപ്പെട്ട ഡാറ്റാ അടങ്ങിയ കമ്പ്യൂട്ടർ ഹാർഡ് ഡിസ്കുകൾ അന്വേഷണത്തിന്റെ ഭാഗമായി വൈസ് ചാൻസലർ കസ്റ്റഡിയിലെടുത്തിട്ടുണ്ട്.

(എഫ്) തുടർനടപടിക്കുവേണ്ടി മലപ്പുറം പോലീസ് സൂപ്രണ്ടിന് കൈമാറിയിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ജി) ഇതിന്മേലുള്ള നടപടി സർവ്വകലാശാല സിൻഡിക്കേറ്റാണ് എടുക്കേണ്ടത്.

**യൂണിവേഴ്സിറ്റികളിലെ ബൈ-ട്രാൻസ്ഫർ നിയമനം**

207 (T* 3739) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

യൂണിവേഴ്സിറ്റികളിലെ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുന്ന സാഹചര്യത്തിൽ, യോഗ്യതയുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് യൂണിവേഴ്സിറ്റി അസിസ്റ്റന്റ് തസ്തികയിലേക്ക് പി. എസ്.സി. മുഖേന ബൈ-ട്രാൻസ്ഫർ നിയമനം നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോൾ പരിഗണനയിൽ ഇല്ല.

**സർവ്വകലാശാലകളിൽ അസിസ്റ്റന്റ് നിയമനം**

208 (3740) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളിലെ അസിസ്റ്റന്റ് തസ്തികകളിൽ നിലവിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും ഇതുവരെ എത്ര പേർക്ക് നിയമനം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ യൂണിവേഴ്സിറ്റിയിലും എത്ര പേർക്ക് വീതം നിയമന ശിപാർശ നല്കിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) സർവ്വകലാശാലകളിലെ അസിസ്റ്റന്റ് നിയമനത്തിന് പി.എസ്.സി. നിയമന ശിപാർശ നൽകിയ ഉദ്യോഗാർത്ഥികൾക്ക് അവരുടെ സീനിയോറിറ്റി നിലനിർത്തിക്കൊണ്ട് ഓപ്ഷൻ നൽകുന്നതിന് തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) ഉയർന്ന റാങ്കുകാരായ ഉദ്യോഗാർത്ഥികൾക്ക് സമീപത്തുള്ള സർവ്വകലാശാലകളിൽ നിയമനം നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(ഇ) ആയത് സംബന്ധിച്ച് സർക്കാരിന് ലഭിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള സർവ്വകലാശാല - 232

എം. ജി. സർവ്വകലാശാല - 118

പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. അതിൽ 108 പേർ സർവ്വീസിൽ പ്രവേശിക്കുകയും 4 പേർ സർവ്വീസിൽ പ്രവേശിക്കുന്നതിന് എക്സ്റ്റൻഷൻ വാങ്ങിയിട്ടുമുണ്ട്. കാലിക്കറ്റ് സർവ്വകലാശാല-കാലിക്കറ്റ് സർവ്വകലാശാലകൾ ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. 30-1-2016-ൽ പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടന്നുകൊണ്ടിരിക്കുന്നു. 2009-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിന്റെ ഭാഗമായി ഒഴിവുവന്ന അസിസ്റ്റന്റ് തസ്തികയുടെ 20 NCA ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി. 20 ഉദ്യോഗാർത്ഥികളുടെ അഡ്വൈസ് പട്ടിക അസിസ്റ്റന്റ് നിയമനത്തിന് നൽകിയിട്ടുണ്ട്. ജി.ഒ.(എംഎസ്.) നമ്പർ174/2016/ഉവിവ. തീയതി 6-8-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലയിലെ ജോയിന്റ് രജിസ്ട്രാർ, ഡെപ്യൂട്ടി രജിസ്ട്രാർ, അസിസ്റ്റന്റ് രജിസ്ട്രാർ, സെക്ഷൻ ഓഫീസർ, അസിസ്റ്റന്റ്, ക്ലറിക്കൽ അസിസ്റ്റന്റ് തസ്തികകളിൽ ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള സർവ്വകലാശാലകളിൽ നിന്നും ഓപ്ഷൻ മുഖേന നിയമനം നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്നതിനാൽ അസിസ്റ്റന്റ് ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല.

മലയാള സർവ്വകലാശാല-തസ്തിക സൃഷ്ടിച്ചിട്ടില്ല. ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല-അസിസ്റ്റന്റിന്റെ ഒരു ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കുസാറ്റ്-നിലവിലുണ്ടായിരുന്ന 30 ഒഴിവുകളിലേക്ക് പി.എസ്.സി. ലിസ്റ്റിൽനിന്നും നിയമനം നടന്നുവരുന്നു. കണ്ണൂർ സർവ്വകലാശാല-71 അസിസ്റ്റന്റുമാരുടെ ഒഴിവ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 18-10-2016 വരെ റിപ്പോർട്ട് ചെയ്ത 58 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. NUALS സർവ്വകലാശാല ഒഴിവുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ല. ഈ സർവ്വകലാശാലയിൽ അസിസ്റ്റന്റ് നിയമനത്തിന് പുതിയ സർവ്വകലാശാല നിയമം വരുന്നതിനുമുമ്പ് അപേക്ഷ ക്ഷണിച്ചിരുന്നതും തുടർന്ന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം നിയമന നടപടികളുമായി സർവ്വകലാശാല മുന്നോട്ടുപോകുന്നു.

(സി) നിലവിലുള്ള അന്തർ സർവ്വകലാശാല സ്ഥലംമാറ്റ വ്യവസ്ഥകൾ പ്രകാരം സീനിയോറിറ്റി നിലനിർത്തുവാൻ സാധ്യമല്ല.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

(ഇ) നിവേദനങ്ങളിലെ ആവശ്യം പരിശോധിച്ചുവരുന്നു.

### സാക്ഷരതാ പ്രേരക്

209 (3741) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിൽ എത്ര സാക്ഷരതാ പ്രേരക്മാരുണ്ട് ; പഞ്ചായത്ത്/ മുനിസിപ്പൽതല ലിസ്റ്റ് ലഭ്യമാക്കാമോ ?

ഉത്തരം

തൃശ്ശൂർ ജില്ലയിൽ ആകെ പ്രേരക്/അസിസ്റ്റന്റ് പ്രേരക് ഉൾപ്പെടെ 181 പേരാണ് ഉള്ളത്. പഞ്ചായത്ത്/മുനിസിപ്പൽതല ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

### ലൈബ്രേറിയന്മാരുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ

210 (T*3742) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ലൈബ്രറി കൗൺസിൽ മുഖേന എത്ര ലൈബ്രേറിയൻമാർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ലൈബ്രേറിയന്മാരുടെ വേതനം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ലൈബ്രറി കൗൺസിലിലെ അഫിലിയേറ്റഡ് ലൈബ്രറികളിൽ ചുവടെ പറയും പ്രകാരം ലൈബ്രേറിയന്മാരുണ്ട് :

| | |
|---|---|
| അംഗ ലൈബ്രറികളിലെ ലൈബ്രേറിയന്മാർ | 5530 |
| വനിതാ വയോജന പുസ്തക വിതരണ പദ്ധതി കേന്ദ്രങ്ങളിലെ ലൈബ്രേറിയന്മാർ | 800 |
| താലൂക്ക് റഫറൻസ് ലൈബ്രറികളിലെ ലൈബ്രേറിയന്മാർ | 73 |
| ജില്ലാ ലൈബ്രറികളിലെ ലൈബ്രേറിയന്മാർ | 5 |
| താലൂക്ക് ലൈബ്രറികളിലെ ലൈബ്രേറിയന്മാർ | 3 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

| | |
|---|---|
| ഭാഷാ ന്യൂനപക്ഷ കോർണർ ലൈബ്രേറിയന്മാർ | 1 |
| ആകെ | 6412 |

(ബി) അഫിലിയേറ്റ് ലൈബ്രറികളിൽ ലൈബ്രേറിയന്മാരായി നിയോഗിക്കപ്പെടുന്നവർക്ക് അലവൻസ് നൽകിവരുന്നു. 2016-17-ലെ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന്റെ ബഡ്ജറ്റ് പ്രകാരം വർദ്ധിച്ച നിരക്കിലാണ് അലവൻസ് നൽകുന്നത്.

## വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ

211 (3743) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് താലൂക്കിലെ നഗരൂർ, വെള്ളല്ലൂർ വില്ലേജ് ഓഫീസ് കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നഗരൂർ, വെള്ളല്ലൂർ വില്ലേജാഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കണമെന്നാവശ്യപ്പെട്ട് 18-8-2016 ൽ ബഹു. റവന്യൂ വകുപ്പ് മന്ത്രി എം.എൽ.എ. നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഇതുമായി ബന്ധപ്പെട്ട ഫയൽ നമ്പർ അറിയിക്കാമോ; കമ്മീഷണറേറ്റ് ഓഫ് ലാൻഡ് റവന്യൂ തയ്യാറാക്കിയ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

### ഉത്തരം

(എ) ഉണ്ട്.

(ബി) ചിറയിൻകീഴ് താലൂക്കിലെ നഗരൂർ, വെള്ളല്ലൂർ വില്ലേജ് ആഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ പണികൾക്ക് ഭരണാനുമതി ലഭ്യമാക്കുന്നത് സംബന്ധിച്ച തുടർനടപടികൾ കൈക്കൊള്ളുന്നതിനായി എസ്റ്റിമേറ്റ്, പ്ലാൻ, ബഡ്ജറ്റ് ശീർഷകം എന്നിവ ഉൾപ്പെടുത്തി വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ ലാൻഡ് റവന്യൂ കമ്മീഷണർ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ വിഷയത്തിൽ സർക്കാർ ഫയൽ നമ്പർ e-813244/REV-F2/110/2016-REV ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയത്തിലെ ഫയൽ നമ്പർ എൽ.ആർ.എം. 2-5011/16. ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു.*

## ട്രേസർ തസ്തികകൾ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

212 (3744) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ ആൻറ് ലാന്റ് റിക്കാർഡ്സ് വകുപ്പിൽ ആകെ എത്ര ട്രേസർ തസ്തികകൾ നിലവിലുണ്ട് ;

(ബി) പ്രസ്തുത വകുപ്പിലെ സ്പെഷ്യൽ റൂൾ പ്രകാരം 25% ട്രേസർ തസ്തികയിലുള്ളവരെ സ്ഥാനക്കയറ്റം നൽകി ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II ആക്കുന്നതിന് വ്യവസ്ഥയുണ്ടോ;

(സി) എന്നാൽ മേൽപ്രകാരമുള്ള അനുപാതത്തിനനുസരിച്ച് പ്രൊമോഷൻ നൽകാൻ ആവശ്യത്തിന് ട്രേസർമാർ നിലവിലുണ്ടോ;

(ഡി) ഈ സാഹചര്യത്തിൽ നിലവിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 19 ട്രേസർ തസ്തികകൾ.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

**ഭൂമിയുടെ പോക്കുവരവ്**

213 (3745) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> :

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> :

<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യഥാസമയം പോക്കുവരവ് ചെയ്യാൻ കഴിയാതിരുന്ന ഭൂമിയുടെ പോക്കുവരവ് നടത്തിക്കിട്ടാനുള്ള നടപടിക്രമമെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം ഭൂമി റീസർവ്വെയിലുണ്ടായ അപാകതമൂലം മറ്റൊരാളുടെ പേരിൽ തണ്ടപ്പേർ രജിസ്റ്ററിൽ ചേർത്താൽ അത് തിരുത്തിക്കിട്ടാനുള്ള നടപടിക്രമം വിശദമാക്കുമോ;

(സി) റീസർവ്വേ അപാകതകൾമൂലം തണ്ടപ്പേർ രജിസ്റ്ററിൽ തെറ്റായി പേരു ചേർക്കപ്പെട്ടയാൾ, വസ്തു കൈവശമുള്ള യഥാർത്ഥ ഉടമയ്ക്കെതിരെ കേസ് നൽകിയാൽ അതനുവദിക്കാറുണ്ടോ; നിലവിലുള്ള അത്തരം കേസുകളിൽ വേഗത്തിൽ തീർപ്പുണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളിന്മേൽ വസ്തു ഉടമസ്ഥന്റെ പേരിലേയ്ക്ക് വില്ലേജ് റിക്കാർഡിൽ ഭൂമി മാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ സബ് ഡിവിഷനോ, തർക്കങ്ങളോ ഇല്ലാത്ത കേസുകൾ, അസ്സൽ ആധാരം/കൈവശരേഖ, ബാദ്ധ്യത സർട്ടിഫിക്കറ്റ്, സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസിൽ പോക്കുവരവ് നടത്തി തണ്ടപ്പേര് കണക്കിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണ്. സബ് ഡിവിഷനുള്ള കേസുകളിലും, മറ്റ് തർക്കങ്ങൾ നിലനിൽക്കുന്ന കേസുകളിലും, ആവശ്യമായ പരിശോധന നടത്തി തഹസിൽദാർ പോക്കുവരവ് അംഗീകരിക്കുകയും, ആയതിന്മേൽ വില്ലേജിൽ തുടർനടപടി സ്വീകരിച്ച് തണ്ടപ്പേർ കണക്കിൽ ഉൾപ്പെടുത്തുന്നതുമാണ്.

(ബി) റീസർവ്വേയിൽ വന്ന പിശകുകൾ പരിഹരിക്കുന്നതിനായി താലൂക്കുകളിൽ എൽ.ആർ.എം. സംവിധാനം പ്രവർത്തിക്കുന്നു. ഭൂമിയുടെ യഥാർത്ഥ അവകാശം തെളിയിക്കുന്നതിനായി രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകൾ താലൂക്കിലെ ലാന്റ് റെക്കോർഡ്സ് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന റവന്യൂ/സർവ്വേ ഉദ്യോഗസ്ഥർ പരിശോധിച്ച് നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം സന്ദർഭങ്ങളിൽ ഭൂമി സംബന്ധിച്ച് ഹാജരാക്കപ്പെടുന്ന അസ്സൽ രേഖകളും, വില്ലേജ് റിക്കോർഡുകളും, കോറിലേഷൻ സ്റ്റേറ്റ്മെന്റ്, ഉടവ് സ്കെച്ച്, കൈവശം മുതലായവ പരിശോധിച്ച് നിയമാനുസൃതം അപ്പീലിൽ മുൻഗണനാക്രമത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

**ചാത്തന്നൂർ താലൂക്ക് രൂപവത്കരണം**

214 (3746) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ അവസാന കാലത്തു നടന്ന പുതിയ താലൂക്കുകളുടെ രൂപവത്കരണം മാനദണ്ഡങ്ങൾ അനുസരിച്ചായിരുന്നോ എന്ന് ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതു വിശദമാക്കാമോ ;

(ബി) പുതിയ താലൂക്കുകൾ രൂപീകരിക്കുമ്പോൾ പ്രഥമ പരിഗണന നല്കേണ്ടിയിരുന്ന നിർദ്ദിഷ്ട ചാത്തന്നൂർ താലൂക്ക് രൂപീകരണം മുൻസർക്കാർ

ഒഴിവാക്കിയതിന്റെ കാരണങ്ങൾ ഈ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കാരണങ്ങൾ വിശദമാക്കാമോ;

(സി) കൊല്ലം താലൂക്ക് വിഭജിച്ച് ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപവത്കരിക്കാൻ അടിയന്തര പരിഗണന നൽകുമോ; ആയതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ചാത്തന്നൂർ ആസ്ഥാനമാക്കി പുതിയ താലൂക്ക് രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

**പാട്ടക്കരാറുകൾ**

215 (3747) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്താകെ എത്ര ഏക്കർ റവന്യൂഭൂമി (പൊന്നും വിലയുള്ള വസ്തുവകകൾ) പാട്ടത്തിന് നല്കിയിട്ടുണ്ടെന്നും അവയിൽ പാട്ടക്കരാറിന്റെ കാലാവധി കഴിഞ്ഞിട്ടും പാട്ടക്കാർ അനധികൃതമായി കൈവശം വച്ചിട്ടുള്ള ഭൂമിയെത്രയെന്നും വ്യക്തമാക്കാമോ; പാട്ടക്കാരെ ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കേസ്സുകളുള്ള ഭൂമിയെത്രയെന്ന് വ്യക്തമാക്കാമോ; അവയുടെ ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) നെയ്യാറ്റിൻകര മുതൽ തലപ്പാടി വരെയുള്ള പല താലൂക്ക് ഓഫീസുകളിലും 30 വർഷം പഴക്കമുള്ള പാട്ടക്കരാറുകൾ പോലും ലഭ്യമല്ല എന്ന പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം എന്തു തുടർ നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് അനധികൃതമായി രേഖകളുണ്ടാക്കി റവന്യൂ ഭൂമിയിൽ വമ്പൻ കെട്ടിട സമുച്ചയങ്ങൾ, ഫ്ലാറ്റുകൾ, വാണിജ്യസമുച്ചയങ്ങൾ എന്നിവ നിർമ്മിച്ചതും,ഓടകൾ പോലും പതിച്ചുനല്കിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം അനധികൃത ഇടപാടുകളുടെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു വരുന്നു.

**സീറോ ലാന്റ് ലെസ് പദ്ധതി**

216 (3748) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലത്ത് "സീറോ ലാന്റ്ലെസ് പദ്ധതി"-യിൽ, ഭൂമി

അനുവദിക്കപ്പെട്ട പലർക്കും വാസയോഗ്യമല്ലാത്ത ഭൂമിയാണ് അനുവദിച്ചത് എന്നതും ജനങ്ങൾ കബളിപ്പിക്കപ്പെട്ടു എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ വാസയോഗ്യമല്ലാത്ത ഭൂമി ലഭിക്കാനിടയായവരുടെ കാര്യം പുനഃപരിശോധിക്കുന്നതിനും വാസയോഗ്യമായ സ്ഥലം ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം നൽകിയ സ്ഥലങ്ങളിൽ ചിലത് വാസയോഗ്യമല്ലായെന്ന പരാതികൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആക്ഷേപം ഉന്നയിച്ചിട്ടുള്ള കേസുകളിൽ സ്ഥല പരിശോധന നടത്തി പരിഹാര നടപടികൾ സ്വീകരിച്ചുവരികയാണ്. തികച്ചും വാസയോഗ്യമല്ലാത്ത പ്ലോട്ടുകൾ മാറ്റിനൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**റീസർവ്വേ സംബന്ധിച്ച പരാതികൾ**

217 (3749) <u>ശ്രീ. എസ്. രാജേന്ദ്രൻ</u> :

<u>ശ്രീ. എം. രാജഗോപാലൻ</u> :

<u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അൻപത് വർഷത്തിലേറെയായി നടന്നുവരുന്ന റീ സർവ്വേ ജോലികൾ ഇനിയും പൂർത്തീകരിയ്ക്കാൻ സാധിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത റീ സർവ്വേ സംബന്ധിച്ച് അനേകം പരാതികൾ നിലനിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പരാതികൾ പരിഹരിച്ച് കുറ്റമറ്റ രീതിയിൽ റീ സർവ്വേ ജോലികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുവാൻ സാധിയ്ക്കുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വേ പരാതികൾ താലൂക്ക് തലത്തിൽ എൽ.ആർ.എം. സംവിധാനം മുഖേന പരിഹരിച്ചു വരുന്നു.

**റെജി ബേബിയുടെ ആശ്രിതയ്ക്ക് പെൻഷൻ**

218 (3750) ശ്രീ. എം. എം. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല താലൂക്കിലെ പാറത്തോട് വില്ലേജ് ഓഫീസറായി ജോലി ചെയ്തുവരവെ മരണപ്പെട്ട റെജി ബേബിയുടെ ആശ്രിതയ്ക്ക് അദ്ദേഹത്തിന്റെ മരണാനന്തര സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിച്ച് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്;

(ബി) റെജി ബേബിയുടെ ആശ്രിതയ്ക്ക് പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഓരോ ഓഫീസുകളും സ്വീകരിച്ച നടപടികൾ, ഇതുമായി ബന്ധപ്പെട്ട ഫയൽ എത്തിയ തീയതി, നടപടി സ്വീകരിച്ച് അയച്ച തീയതി എന്നിവയുടെ വിശദാംശം നൽകാമോ;

(സി) റെജി ബേബിയുടെ ആശ്രിതയ്ക്ക് ഓരോ ആനുകൂല്യങ്ങളും അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ഡി) നാളിതുവരെ പെൻഷൻ അനുവദിച്ച് നൽകാതിരിക്കാനിടയായ സാഹചര്യം വിശദീകരിക്കാമോ;

(ഇ) ഇവർക്ക് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയും; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) മരണപ്പെട്ട വില്ലേജ് ആഫീസർ റെജി ബേബിയുടെ ആശ്രിതർക്ക് ഉടൻ അനുവദിച്ചു നൽകാൻ കഴിയുന്ന ടെർമിനൽ സറണ്ടർ 26-5-2016-ൽ ഉടുമ്പൻചോല താലൂക്കിൽനിന്നും അനുവദിച്ചു നൽകിയിട്ടുള്ളതാണ്.

(ബി) റെജി ബേബിയുടെ ആശ്രിത പെൻഷൻ അനുവദിക്കുന്നതിനായി 2-2-2016-ൽ ഉടുമ്പൻചോല താലൂക്കിൽ അപേക്ഷ നൽകിയിരുന്നതും എന്നാൽ പെൻഷൻ അനുവദിക്കുന്നതിനായി ടിയാന്റെ മരണ സർട്ടിഫിക്കറ്റ്, അനന്തരവകാശ സർട്ടിഫിക്കറ്റ്, കുട്ടികളുടെ ജനന തീയതി തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ് എന്നിവ ഒന്നും അപേക്ഷയോടൊപ്പം ഹാജരാക്കാതിരുന്നതിനാൽ ഉടുമ്പൻചോല

താലൂക്ക് ഓഫീസിൽനിന്നും അപേക്ഷയുമായി ബന്ധപ്പെട്ട് ടി രേഖകൾ ലഭ്യമാക്കി ഉടുമ്പൻചോല താലൂക്ക് ഓഫീസിൽ നിന്നുള്ള പെൻഷൻ പ്രൊപ്പോസൽ 14-10-2016-ൽ ഇടുക്കി കളക്ടറേറ്റിൽ ബന്ധപ്പെട്ട സെക്ഷനിൽ ലഭിക്കുകയും, വിശദമായ പരിശോധനയിൽ ടി പെൻഷൻ പ്രൊപ്പോസലിൽ കാണപ്പെട്ട ന്യൂനതകൾ പരിശോധിച്ച് അടിയന്തരമായി ലഭ്യമാക്കുന്നതിലേക്ക് നടപടി സ്വീകരിച്ചു വരുന്നതുമാണ്.

(സി) റെജി ബേബിയുടെ ആശ്രിതർക്ക് ജി.പി.എഫ്. തുക അനുവദിക്കുന്നതിലേക്ക് ഉടുമ്പൻചോല തഹസിൽദാരുടെ ശിപാർശ 6-10-2016-ൽ കളക്ടറേറ്റിൽ ലഭിച്ചിട്ടുള്ളതും തുടർനടപടികൾ സ്വീകരിച്ച് വരുന്നതുമാണ്. എസ്.എൽ.ഐ. തുക അനുവദിക്കുന്നതിലേക്ക് ഉടുമ്പൻചോല താലൂക്കിൽനിന്ന് 29-9-2016-ൽ ജില്ലാ ഇൻഷ്വറൻസ് ഓഫീസിലേക്ക് തഹസീൽദാർ കത്ത് അയച്ചിട്ടുള്ളതാണ്.

(ഡി) 14-10-2016-ൽ ആണ് കളക്ടറേറ്റിലെ സർവ്വീസ് പെൻഷൻ കൈകാര്യം ചെയ്യുന്ന സെക്ഷനിൽ ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചിട്ടുള്ളത്. വിശദമായ പരിശോധനയിൽ കാണപ്പെട്ട ന്യൂനതകൾ പരിഹരിക്കുന്നതിലേക്ക് നടപടികൾ സ്വീകരിച്ചു വരുന്നതുമാണ്.

(ഇ) ഉടുമ്പൻചോല തഹസിൽദാറിൽനിന്നും ന്യൂനതകൾ പരിഹരിച്ച പെൻഷൻ പ്രൊപ്പോസൽ ലഭ്യമാക്കി ഇടുക്കി ജില്ലാ കളക്ടറുടെ ഓഫീസിൽ നിന്നുള്ള നടപടി ക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി അക്കൗണ്ടന്റ് ജനറൽ കേരള തിരുവനന്തപുരത്തിന് അയച്ച് കൊടുക്കുന്നതാണ്. പെൻഷൻ ആനുകൂല്യങ്ങൾ അക്കൗണ്ടന്റ് ജനറൽ അംഗീകരിച്ച് വരുന്ന മുറയ്ക്ക് ടി ആനുകൂല്യങ്ങൾ നൽകുന്നതാണ്.

**വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ**

219 (3751) <u>ശ്രീ. കെ. ജെ. മാക്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി നിയോജക മണ്ഡലത്തിൽ എത്ര സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്; അവ ഏതെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സർക്കാർ ഓഫീസുകൾ, സർക്കാർ കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കൊച്ചി നിയോജകമണ്ഡലത്തിൽ 10 സർക്കാർ ഓഫീസുകൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുണ്ട്. ചെല്ലാനം വില്ലേജിലെ മൃഗാശുപത്രി, ഹാർബർ എഞ്ചിനീയറിംഗ് ഓഫീസ്, കുമ്പളങ്ങി വില്ലേജിലെ മൃഗാശുപത്രി, കൃഷി ഭവൻ,

തോപ്പുംപടി വില്ലേജിലെ ലീഗൽ മെട്രോളജി ഓഫീസ്, സിറ്റി റേഷനിംഗ് ഓഫീസ്, താലൂക്ക് സപ്ലൈ ഓഫീസ്, ജോയിന്റ് ആർ.ടി. ഓഫീസ്, ഫോർട്ട് കൊച്ചി വില്ലേജിലെ ഫിഷറീസ് ഓഫീസ്, സ്റ്റാറ്റിസ്റ്റിക്സ് & ഇക്കണോമിക്സ് ഓഫീസ് എന്നിവയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ.

(ബി) നിലവിൽ പരിഗണനയിൽ ഇല്ല.

**മണൽ വാരാൻ അനുമതി**

220 (3752) <u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലിയാറിന്റെ മലപ്പുറം ജില്ലയിലെ കടവുകളിൽ മണൽ വാരാൻ അനുമതി നൽകുകയും കോഴിക്കോട് ജില്ലയുടെ ഭാഗത്തുനിന്നുള്ള കടവുകളിൽ മണൽ വാരലിന് നിയന്ത്രണമേർപ്പെടുത്തുകയും ചെയ്ത നടപടി ന്യായീകരിക്കത്തക്കതാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് കോഴിക്കോട് ജില്ലയിലെ പതിനൊന്ന് എം.എൽ.എ.-മാർ ഒപ്പിട്ടു നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 35284/P3/2016/R.D. നമ്പർ ഫയലിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) ചാലിയാർ പുഴയിൽ സാന്റ് ഓഡിറ്റിംഗ് പഠനം നടത്തിയത് മലപ്പുറം ജില്ലയിൽ നിലമ്പൂർ പഞ്ചായത്തിന്റെ പരിധിയിലുള്ള മൈലാട് പാലം മുതൽ കോഴിക്കോട് ജില്ലയിൽ മാവൂർ പഞ്ചായത്തിന്റെയും മലപ്പുറം ജില്ലയിലെ വാഴക്കാട് പഞ്ചായത്തിന്റെയും പരിധിയിൽ വരുന്ന കവണക്കല്ല് റെഗുലേറ്റർ വരെയുള്ള 53 കി.മീ. നദീഭാഗത്താണ്. കവണക്കല്ല് റെഗുലേറ്ററിന് താഴോട്ടുള്ള ഭാഗം തീരദേശ നിയന്ത്രണ മേഖലയായതിനാലും മൈലാടി പാലത്തിനു മുകളിലേയ്ക്കുള്ള പ്രദേശം കൂടുതലായും വനമേഖലയായതിനാലും ആണ് പ്രസ്തുത പരിധിക്കുള്ളിൽ പഠനം നടത്തിയത്. പ്രസ്തുത പഠന പരിധിയിൽ കോഴിക്കോട് ജില്ലയിൽ ചാലിയാർ പുഴയുടെ 10 കി.മീ. വരുന്ന വലതുകര മാത്രമാണ് ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ, ചാത്തമംഗലം, മാവൂർ എന്നീ പഞ്ചായത്തുകളാണ് ഉൾപ്പെടുന്നത്. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ ഈ 10 കി.മീ. പരിധിയിൽ ഇരുകരകളിലും സമ്മർ ജലനിരപ്പിന് മുകളിൽ മണൽ ഉള്ളതായി ഫീൽഡ് പഠനത്തിലും ഫീൽഡ് പരിശോധനയിലും കാണുന്നില്ല. ഈ 10 കി.മീ. പരിധിയിൽ വരുന്ന എതിർ വശത്തെ മലപ്പുറം ജില്ലയുടെ വാഴക്കാട്

പഞ്ചായത്തിലും സമ്മർ ജലനിരപ്പിന് മുകളിൽ മണൽ ഉള്ളതായി കാണുന്നില്ല. ആയതിനാൽ ഈ ഇരുകരകളിൽ വരുന്ന പഞ്ചായത്തുകൾക്കും മണൽ വാരാൻ അനുമതി നൽകിയിട്ടില്ല.

(ബി&സി) 6-6-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 229/2015/റവ, 12-2-2016-ലെ ജി.ഒ. (എം.എസ്) നമ്പർ 114/16/റവ എന്നീ ഉത്തരവുകൾ പുറപ്പെടുവിച്ചുകൊണ്ട് ചാലിയാർ പുഴയിലെ മണൽ ലഭ്യത സംബന്ധിച്ച സർക്കാർ തീരുമാനത്തിൽ അപാകത ഉണ്ടെന്നും ആയതിനാൽ തുടർപഠനങ്ങൾ നടത്തി മണൽ വാരലിന് നിയന്ത്രണം ഏർപ്പെടുത്തണം എന്നുള്ളതാണ് കോഴിക്കോട് ജില്ലയിലെ 11 എം.എൽ.എ.-മാർ ഒപ്പിട്ട നൽകിയ നിവേദനത്തിലെ ആവശ്യം. സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സസ് ഡെവലപ്പ്മെന്റ് (CSRD, Thrissur) പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചാലിയാർ പുഴയിലെ വിവിധ പഞ്ചായത്തുകളുടെ മണൽ ലഭ്യത സംബന്ധിച്ച് പുറപ്പെടുവിച്ച 6-6-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ229/2015/ആർ.ഡി. ഉത്തരവിൽ ഗുരുതരമായ പിഴവുകൾ കടന്നു കൂടിയിരുന്നു. പ്രസ്തുത ഉത്തരവിനെ ചോദ്യം ചെയ്ത് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നമ്പർ 28751/2015 ഫയൽ ചെയ്യുകയും ബഹുമാനപ്പെട്ട ഹൈക്കോടതി 23-9-2015-ലെ വിധിന്യായ പ്രകാരം പ്രസ്തുത സർക്കാർ ഉത്തരവ് പുന:പരിശോധിക്കാൻ ഉത്തരവിടുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 6-6-2015-ലെ ഉത്തരവും CSRD-യുടെ പഠന റിപ്പോർട്ടും വീണ്ടും പരിശോധിക്കുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 6-6-2015-ലെ സർക്കാർ ഉത്തരവിലെ ക്രമ നമ്പർ 1-ൽ പറഞ്ഞിരിക്കുന്ന Vazhakkad Right Bank-ലെ മണൽ ലഭ്യതയായി മാർക്ക് ചെയ്തിരിക്കുന്ന 73053.99 ക്യൂബിക് മീറ്റർ എന്നത് ചീക്കോട്, കീഴ്പ്പറമ്പ് എന്നീ പഞ്ചായത്തുകളിൽ 36526.99 ക്യൂബിക് മീറ്റർ വീതം വച്ച് വരേണ്ടതായിരുന്നു എന്നും എടവന പഞ്ചായത്തിന്റെ മണൽ ലഭ്യതയായി കാണിച്ചിരുന്ന 1,30,128.19 ക്യൂബിക് മീറ്റർ എന്നതിനുപകരം (84158.25 +45969.94) 108.140.516 ക്യൂബിക് മീറ്റർ എന്നാണ് വരേണ്ടിയിരുന്നതെന്നും മാമ്പാട് പഞ്ചായത്തിന്റെ മണൽ ലഭ്യതയായി കാണിച്ചിരുന്ന 132900 ക്യൂബിക് മീറ്റർ (120017.21 +12882.82)-നു പകരം 140496.23 ക്യൂബിക് മീറ്റർ ആണ് വരേണ്ടിയിരുന്നതെന്നും മണൽ ലഭ്യത " NIL" എന്ന് കാണിച്ചിരുന്ന ചാലിയാർ പഞ്ചായത്തിൽ 14391.55 ക്യൂബിക് മീറ്റർ മണൽ ലഭ്യത ഉണ്ട് എന്ന് കാണിക്കേണ്ടിയിരുന്നു എന്നു കണ്ടെത്തുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 12-2-2016-ന് G.O.(MS) No.114/RD പുറപ്പെടുവിക്കുകയുണ്ടായി. സെന്റർ ഫോർ സോഷ്യൽ ആന്റ് റിസോഴ്സ്സ് ഡെവലപ്പ്മെന്റ് (CSRD, Thrissur) സമർപ്പിച്ച പഠന റിപ്പോർട്ടിന്റെ പ്രസ്തുത ഭാഗങ്ങൾ പരിശോധിച്ചതിൽ മണൽ ലഭ്യത സംബന്ധിച്ച് ഓരോ പഞ്ചായത്ത് തലത്തിലും കൺസോളിഡേറ്റ് ചെയ്ത

പട്ടിക ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നില്ല. മൂന്ന് വർഷത്തിലൊരിക്കൽ സാന്റ് ഓഡിറ്റ് നടത്തേണ്ടതുള്ളതിനാൽ അടുത്ത രണ്ട് വർഷത്തിനകം തന്നെ പുതിയതായി സാന്റ് ഓഡിറ്റിംഗ് നടത്തുമ്പോൾ ബഹു. മാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിരിക്കുന്ന പ്രസക്തമായ കാര്യങ്ങൾ കൂടി പരിഗണിക്കുന്നതിനും പഞ്ചായത്ത് തലത്തിൽ കൺസോളിഡേറ്റ് ചെയ്ത മണൽ ലഭ്യത സംബന്ധിച്ച പട്ടിക ഉൾപ്പെടെ വ്യക്തവും വിശദവുമായ പഠന റിപ്പോർട്ട് സമർപ്പിക്കുന്നതിനും ഉള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പഠനം നടത്തുന്നതിന് നിയോഗിക്കുന്ന സമിതികൾക്ക് നൽകുന്നതിനും പഠന റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കുമ്പോൾ ജാഗ്രതാപൂർണ്ണമായ സമീപനം സ്വീകരിച്ച് ഉത്തരവിൽ ഉൾപ്പെടുത്തുന്ന കാര്യങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തിക്കൊണ്ടായിരിക്കണം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിക്കേണ്ടതെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**ദേശീയ കുടുംബക്ഷേമ പദ്ധതി**

221 (3753) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരമുള്ള ധനസഹായം ലഭിക്കുന്നതിനുള്ള അപേക്ഷകൾ തീരുമാനമാകാതെ കെട്ടിക്കിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെട്ടിക്കിടക്കുന്ന അപേക്ഷകളിൽ തീരുമാനമെടുക്കാൻ സ്വീകരിച്ച അടിയന്തര നടപടികൾ വിശദീകരിക്കാമോ;

(സി) ഏത് വർഷം വരെയുള്ള അപേക്ഷകളിലാണ് തീരുമാനമെടുത്തത്; ഓരോ താലൂക്കിലും ലഭിച്ച അപേക്ഷകളുടെയും സഹായം അനുവദിക്കപ്പെട്ട അപേക്ഷകളുടെയും എണ്ണം സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ വിശദീകരിക്കാമോ;

(ഡി) കേന്ദ്ര സർക്കാർ ഓരോ വർഷവും പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ച ധനസഹായത്തിന്റെ കണക്കുകൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ദേശീയ കുടുംബക്ഷേമ പദ്ധതി പ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ മുൻഗണനാക്രമത്തിൽ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം അനുവദിച്ചു നൽകുന്നുണ്ട്. ഫണ്ട് അനുവദിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള അപേക്ഷകളിലും ധനസഹായം അനുവദിക്കാൻ കഴിയും.

(സി) കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 2015 ഫെബ്രുവരി വരെയും മറ്റു ജില്ലകളിൽ 2016 സെപ്റ്റംബർ മാസം വരെയുമുള്ള അപേക്ഷകളിൽ തീരുമാനമെ

ടുത്തിട്ടുണ്ട്. ഓരോ താലൂക്കിലും ലഭിച്ച അപേക്ഷകളുടെയും സഹായം അനുവദിക്കപ്പെട്ട അപേക്ഷകളുടെയും എണ്ണം സംബന്ധിച്ച വിശദാംശം അനുബന്ധം-1 ൽ ചേർത്തിട്ടുണ്ട്.*

(ഡി) കേന്ദ്ര സർക്കാർ അനുവദിച്ച ധനസഹായത്തിന്റെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷത്തെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

**റവന്യൂ സർവ്വേ അദാലത്തുകൾ**

222 (3754) ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത അദാലത്തുകളിൽ എത്ര ലക്ഷം പരാതികളാണ് ലഭിച്ചതെന്നും ഇതിൽ എത്ര പരാതികൾ പരിഹരിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) അപേക്ഷകളുടെ പുരോഗതി വിലയിരുത്താൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വിവരിക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) വിവരം ശേഖരിച്ചു വരുന്നു.

**കായൽ കയ്യേറ്റം**

223 (3755) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായൽ കയ്യേറ്റം സംബന്ധിച്ച് എന്ത് നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഉത്തരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

നിലവിൽ താലൂക്ക് സർവ്വേയർമാർ മുഖേന കണ്ടെത്തിയ കായൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് കേരളാ ഭൂസംരക്ഷണ നിയമപ്രകാരവും പഞ്ചായത്ത് രാജ് ആക്ട് അനുസരിച്ച് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന കായൽ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്കും നിർദ്ദേശം നൽകി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും തടയുന്നതിനും ഫലപ്രദമായി നടപടി സ്വീകരിച്ച് വരുന്നുണ്ട്. 1994-ലെ പഞ്ചായത്ത് രാജ് നിയമപ്രകാരവും, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമപ്രകാരവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിലുള്ള സർക്കാർ വസ്തുക്കളുടെ കയ്യേറ്റം ഒഴിപ്പിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പഞ്ചായത്തുകളിൽ 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴചുമത്തലും ഈടാക്കലും) ചട്ടങ്ങൾ അനുസരിച്ചാണ് കയ്യേറ്റം ഒഴിപ്പിച്ചുവരുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള വസ്തുക്കളുടെ കയ്യേറ്റം ശ്രദ്ധയിൽപ്പെടുന്നപക്ഷം ആയത് അളന്ന് തിട്ടപ്പെടുത്തി സ്കെച്ച് സഹിതം അഡീഷണൽ തഹസീൽദാർ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിക്ക് തുടർനടപടികൾക്കായി കൈമാറുന്നു.

## റവന്യൂ വകുപ്പിൻകീഴിലെ അനധികൃത നടപടികൾ

224 (3756) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അനധികൃത പട്ടയങ്ങൾ, കുത്തകപാട്ടങ്ങൾ, സാധുതയില്ലാത്ത പാട്ടങ്ങൾ, പുറമ്പോക്ക ഭൂമിയിലെ അനധികൃത കയ്യേറ്റങ്ങൾ എന്നിവ കണ്ടെത്തിയതിൻമേൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ ;

(ബി) മുൻസർക്കാർ ഇവയ്ക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ അതിലൂടെ കണ്ടെത്തിയ വിവരങ്ങൾ എന്തെല്ലാം;

(സി) റവന്യൂ വകുപ്പിൻ കീഴിലെ ഓഫീസുകളിൽ വേണ്ടുന്ന നിർണ്ണായക രേഖകൾ സൂക്ഷിക്കുന്നതിനുള്ള നിയമപരമായ സംവിധാനങ്ങൾ എന്തെല്ലാമെന്നും അവയ്ക്ക് ഓരോന്നിനും ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാമെന്നും വ്യക്തമാക്കുമോ;

(ഡി) കയ്യേറ്റക്കാരെ സഹായിക്കാൻ രേഖകൾ നശിപ്പിക്കുന്ന ഒരു വിഭാഗം ഉദ്യോഗസ്ഥരുള്ളതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ കഴിഞ്ഞ അഞ്ചു വർഷമായി ഇത്തരം കേസ്സുകളിൽ ഉൾപ്പെട്ട റവന്യൂവകുപ്പ് ഉദ്യോഗസ്ഥർ ആരെല്ലാം; അവരുടെ പേരിൽ എന്തു നടപടി സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ -ഡി) വിവരം ശേഖരിച്ചുവരുന്നു.

**റിവർ മാനേജ്മെന്റ് ഫണ്ട്**

225 (3757) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് 2014-15 വർഷത്തിൽ മലപ്പുറം ജില്ലയിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാം;എത്ര തുക ചെലവഴിച്ചു;

(ബി) കോട്ടക്കൽ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;എത്ര തുക; ഭരണാനുമതി നൽകിയിട്ടുണ്ടോ;

(സി) പുതിയതായി കോട്ടക്കൽ മണ്ഡലത്തിലെ ഏതെല്ലാം പദ്ധതികൾ ഉൾപ്പെടുത്തും; വിശദമായ വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014-15 വർഷത്തിൽ മലപ്പുറം ജില്ലയിൽ കടലുണ്ടിപ്പുഴയിലെ തടയണ നിർമ്മാണത്തിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്കായി ഇതുവരെ 22.6 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) കോട്ടയ്ക്കൽ മണ്ഡലത്തിൽ നിന്നും പദ്ധതികൾ ഒന്നും ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഇക്കാര്യത്തിൽ ജില്ലാ വിദഗ്ദ്ധ സമിതിയുടെ ശിപാർശകൾ ഒന്നുംതന്നെ സർക്കാരിന് ലഭിച്ചിട്ടില്ല.

**പട്ടയം അനുവദിക്കാൻ നടപടി**

226 (3758) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലുള്ള കുമ്പളങ്ങി പഞ്ചായത്തിലെ പത്താം വാർഡിൽ രണ്ടുതെങ്ങുംതറ പൂവാടി വീട്ടിൽ താമസിക്കുന്നവരും പുലയ സമുദായാംഗങ്ങളുമായ ആർ.പി. ശ്രീധരൻ, ആർ.എസ്. സന്തോഷ് എന്നിവർക്ക് അനുവദിച്ചിരിക്കുന്ന പട്ടയം ഒപ്പിട്ട് നൽകാത്തതിന് കാരണം വ്യക്തമാക്കാമോ;

(ബി) ഇതുസംബന്ധിച്ച് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ശ്രീ. ആർ. പി. ശ്രീധരൻ, ശ്രീ. ആർ. എസ്. സന്തോഷ്, രണ്ടു

തെങ്ങുംതറ വീട്, കുമ്പളങ്ങി എന്നിവർക്ക് 30-10-2013-ൽ ക്രയ സർട്ടിഫിക്കറ്റ് അനുവദിച്ചിരുന്നു. 1970 മുതൽ ടി വസ്തുക്കൾ കൈവശത്തിലാണ് എന്നത് സംബന്ധിച്ച രേഖകൾ കക്ഷികൾക്ക് ഹാജരാക്കാൻ കഴിഞ്ഞിട്ടില്ല. ടി വസ്തുക്കളുടെ മുൻ ആധാരങ്ങൾ ഹാജരാക്കുന്നതിന് ആവശ്യപ്പെട്ടെങ്കിലും ആയതും കക്ഷികൾ ഹാജരാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ജപ്തി രഹിത സർട്ടിഫിക്കറ്റ് ഉൾപ്പെടെ വിശദമായ റിപ്പോർട്ട് തഹസീൽദാരിൽ നിന്നും ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭിക്കുന്ന മുറയ്ക്ക് പട്ടയം അനുവദിക്കാവുന്നതാണ്.

## ജില്ലാ കളക്ടർമാർക്ക് ഗ്രേഡിംഗ് സംവിധാനം

227 (3759) ശ്രീ. വി. ടി. ബൽറാം :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജില്ലാ കളക്ടർമാർക്ക് ഗ്രേഡിംഗ് ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കളക്ടർമാരുടെ ഏതെല്ലാം പ്രവർത്തനങ്ങളുടെ മികവിന്റെ അടിസ്ഥാനത്തിലാണ് ഗ്രേഡിംഗ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഗ്രേഡിംഗ് സംവിധാനംമൂലം കളക്ടറേറ്റുകളുടെ പ്രവർത്തനം എത്ര മാത്രം കാര്യക്ഷമമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് ജില്ലാ കളക്ടർമാർക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ തീരുമാനമെടുത്തിട്ടില്ല.

## നെന്മാറ ഐ.ടി.ഐ.-യുടെ സ്ഥലം ഏറ്റെടുക്കുന്ന നടപടി

228 (3760) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെന്മാറ ഐ.ടി.ഐ.-യുടെ സ്ഥലം ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) സ്ഥലം ഏറ്റെടുക്കുന്നതിനായി പാലക്കാട് കളക്ടറേറ്റിൽനിന്നും എന്നാണ് അപേക്ഷ അയച്ചത് എന്ന് വിശദമാക്കുമോ;

(സി) സ്ഥലം ഏറ്റെടുക്കുന്നതിനുള്ള ഉത്തരവ് വൈകാനിടയായ സാഹചര്യം വിശദമാക്കുമോ?

ഉത്തരം

(എ-സി) പാലക്കാട് ജില്ലയിൽ ചിറ്റൂർ താലൂക്കിലെ വല്ലങ്ങി വില്ലേജിൽ റീ-സർവ്വേ നമ്പർ 497/10-ൽപ്പെട്ട 1.0120 ഹെക്ടർ ഭൂമി, ഗവ.ഐ.റ്റി.ഐ. നിർമ്മിക്കുന്നതിലേക്കായി ഭൂമി കൈമാറ്റ പ്രൊപ്പോസൽ പാലക്കാട് ജില്ലാ കളക്ടർ 10-9-2015-ൽ ലാന്റ് റവന്യൂ കമ്മീഷണർ മുഖേന സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി പ്രൊപ്പോസലിൽ ഭൂമിയുടെ നിലവിലുള്ള കമ്പോള വില ഉൾക്കൊള്ളിച്ചിട്ടില്ലാത്തതിനാൽ ഭൂമിയുടെ കമ്പോളവില അടിയന്തരമായി ലഭ്യമാക്കാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമിയുടെ കമ്പോളവില ഉൾപ്പെടെയുള്ള റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്.

**പതിച്ചു നൽകിയ ഭൂമി**

229 (3761) ശ്രീ. കെ. കൃഷ്ണൻകുട്ടി :
ശ്രീ. സി. കെ. നാണു :
ശ്രീ. തോമസ് ചാണ്ടി :
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011 ജൂൺ 1 മുതൽ 2016 മേയ് 31 വരെ കേരളത്തിലെ അനാഥാലയങ്ങൾ, സ്വകാര്യ ട്രസ്റ്റുകൾ, സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്വകാര്യ വ്യക്തികൾ എന്നിവർക്ക് എത്ര ഭൂമിയാണ് മുൻസർക്കാർ പതിച്ചു നൽകിയത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇതേ കാലയളവിൽ കേരളത്തിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി പതിച്ചു നൽകണമെന്ന കോടതി വിധിയും അതുമായി ബന്ധപ്പെട്ട ഉത്തരവുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എത്ര ഭൂമി, ഏതൊക്കെ ജില്ലകളിൽ, എവിടെയൊക്കെ ഭൂരഹിതരായ ആദിവാസികൾക്ക് പതിച്ചു നൽകിയിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) വിശദവിവരം അനുബന്ധമായിചേർക്കുന്നു.*

**ഇടുക്കി മാങ്കുളം വില്ലേജിൽ ഭൂരഹിത കർഷകർക്ക് ഭൂമി**

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

230 (T* 3762) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ദേവികുളം മാങ്കുളം വില്ലേജിൽ ഭൂരഹിത കർഷകർക്ക് ഭൂമി പതിച്ച് നൽകുന്നതിനായി 1977-ലെ കെ.ഡി.എച്ച്. നിയമപ്രകാരം എത്ര ഏക്കർ സ്ഥലം മാറ്റിവെച്ചിട്ടുണ്ടായിരുന്നു; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥലം ഭൂരഹിതർക്ക് പതിച്ച് നൽകുന്ന നടപടി ഏതു ഘട്ടത്തിലാണ്;

(സി) ഭൂരഹിത കർഷകർക്ക് ഭൂമി പതിച്ച് നൽകുന്ന പദ്ധതി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) കണ്ണൻ ദേവൻ പ്രൊഡ്യൂസ് കമ്പനിയിൽനിന്നും 1971-ലെ കെ.ഡി.എച്ച്. ഭൂമി വീണ്ടെടുക്കൽ നിയമ പ്രകാരം സർക്കാരിലേയ്ക്ക് ഏറ്റെടുത്തതിൽ മാങ്കുളം പ്രദേശത്തുള്ള 5189 ഏക്കർ ഭൂമിയാണ് ഭൂരഹിതർക്ക് പതിച്ച് നൽകുന്നതിനായി പ്രത്യേകം നീക്കിവച്ചിട്ടുള്ളത്.

(ബി & സി) 524 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. അവശേഷിക്കുന്ന ഭൂമിയിൽ 1016 പേർക്ക് പട്ടയം അനുവദിക്കാനായുള്ള ഗുണഭോക്തൃ ലിസ്റ്റ് 1998-ൽ പുറപ്പെടുവിച്ചുവെങ്കിലും കോടതി കേസുകളും, പ്രദേശത്തു നടക്കുന്ന ഫോറസ്റ്റ് സെറ്റിൽമെന്റ് സർവ്വേ നടപടികളും കാരണം ഇപ്പോൾ പതിവ് നടപടികൾ നടക്കുന്നില്ല. ഫോറസ്റ്റ് സെറ്റിൽമെന്റ് നടപടികളുടെ ഭാഗമായി മാങ്കുളം റിസർവ് വനത്തിന്റെ അതിർത്തികൾ നിശ്ചയിക്കാനുള്ള സർവ്വെ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

## ആദിവാസി കുടുംബങ്ങൾ

231 (3763) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിൽ മൊത്തം എത്ര ആദിവാസി കുടുംബങ്ങൾ ഉണ്ട് എന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള ലിസ്റ്റ് ലഭ്യമാക്കാമോ ;

(ബി) അതിൽ സ്വന്തമായി ഭൂമിയും കിടപ്പാടവും ഇല്ലാത്ത എത്ര കുടുംബങ്ങൾ ഉണ്ട് എന്നതിന്റെ കണക്ക് ലഭ്യമാക്കാമോ;

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

(സി) ചിറ്റൂർ നിയോജകമണ്ഡലത്തിലെ റവന്യൂ പുറമ്പോക്ക്, ഫോറസ്റ്റ്, വിവിധ സർക്കാർ സ്ഥാപനങ്ങളിലുള്ള ഭൂമി ഇവയുടെ സർവ്വെ നമ്പർ ഉൾപ്പെടെയുള്ള ലിസ്റ്റ് പഞ്ചായത്ത്-മുൻസിപ്പാലിറ്റി തിരിച്ച് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

**ഭൂമിയുടെ ന്യായവില**

232 (3764) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോതമംഗലം താലൂക്കിലെ ഇരമല്ലൂർ വില്ലേജിൽ ഭൂമിയുടെ ന്യായവില തൊട്ടടുത്ത വില്ലേജുകളെ അപേക്ഷിച്ച് അഞ്ചിരട്ടിയോളം അധികമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട ഏതെങ്കിലും പരാതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) താരീഫ് വില പുതുക്കി നിശ്ചയിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വില്ലേജിൽനിന്നും സർക്കാരിന് ലഭിച്ച അപേക്ഷയിൽ താരീഫ് വില പുതുക്കി നിശ്ചയിച്ച് എന്തെങ്കിലും ഉത്തരവുണ്ടായിട്ടുണ്ടെങ്കിൽ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്.

(സി) താരിഫ് വില പുതുക്കി നിശ്ചയിക്കുന്നതിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിച്ചുവരുന്നതും അപേക്ഷ ന്യായമാണെന്ന് കാണുന്നപക്ഷം ന്യായവില പുതുക്കി നിശ്ചയിച്ച് നൽകി പോരുന്നതുമാണ്.

(ഡി) സർക്കാരിൽ ലഭിച്ച അപേക്ഷയിന്മേൽ പരിശോധന നടന്നുവരികയാണ്.

**അങ്കമാലി നിയോജക മണ്ഡലത്തിലെ വില്ലേജ് ഓഫീസുകൾ**

233 (3765) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അങ്കമാലി നിയോജക മണ്ഡലത്തിലെ വില്ലേജ് ഓഫീസുകളുടെ പേരും, വിലാസവും ഫോൺ നമ്പരും ലഭ്യമാക്കാമോ;

(ബി) ഈ മണ്ഡലത്തിലെ ഏതെല്ലാം വില്ലേജ് ഓഫീസുകളാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ കാലപ്പഴക്കം കൊണ്ട് ശോചനീയാവസ്ഥയിലായ വില്ലേജ് ഓഫീസ് കെട്ടിടങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത വില്ലേജ് ഓഫീസുകൾക്ക് പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അങ്കമാലി നിയോജക മണ്ഡലത്തിലുള്ള വില്ലേജ് ആഫീസുകളുടെ പേര്, മേൽ വിലാസം, ഫോൺ നമ്പർ എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന വില്ലേജ് ആഫീസുകൾ ഒന്നും തന്നെയില്ല.

(സി) കാലടി, കറുകുറ്റി എന്നീ വില്ലേജുകൾ നിലവിൽ ശോചനീയാവസ്ഥ യിലുള്ളതാണ്.

(ഡി) കാലടി വില്ലേജ് ആഫീസിന്, ഉദ്ഘാടനം കഴിഞ്ഞിട്ടുള്ള കാലടി മിനി സിവിൽ സ്റ്റേഷനിൽ റൂം അനുവദിച്ചിട്ടുള്ളതാണ്. കറുകുറ്റി വില്ലേജ് ആഫീസ് നിലവിൽ അനക്സ് കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നതും, മെയിൻ ബിൽഡിംഗിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതും വൈദ്യുതി ബന്ധം ലഭിക്കാത്തതിനാൽ മെയിൻ ബിൽഡിംഗിലേക്ക് പ്രവർത്തനം മാറ്റിയിട്ടില്ലാത്തതുമാണ്.

## വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തിക

234 (3766) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ വകുപ്പിൽ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ യോഗ്യത ഉയർത്തുന്നത് സംബന്ധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ;

(ബി) ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ അനുകൂല ശിപാർശകളുണ്ടായിട്ടും ഉത്തരവിറങ്ങുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്താണ്;

(സി) ഇതുസംബന്ധിച്ച് റവന്യൂ വകുപ്പിന്റെ പരിഗണനയിലുള്ള 70777/2012, 63379/2015 നമ്പർ ഫയലുകളിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(എ&ബി) ഉണ്ട്. 14-10-2016 തീയതിയിൽ ജി.ഒ.(കൈ) 538/16/റവ. നമ്പറായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 70777/റ്റി1/12 നമ്പർ ഫയലിലെ വിഷയമായ വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ അടിസ്ഥാന വിദ്യാഭ്യാസയോഗ്യത പത്താംക്ലാസ്സ്/തത്തുല്യം എന്ന് ഉയർത്തുന്നതും കരം രസീതിൽ ഒപ്പിടുന്നതിന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് അധികാരം നൽകുന്നതും സംബന്ധിച്ച് വിഷയം സർക്കാർ പരിശോധിച്ചിട്ടുള്ളതും തുടർനടപടികൾക്കായി പത്താം ശമ്പളപരിഷ്കരണ കമ്മീഷന്റെ പരിഗണനയ്ക്കായി 23-3-2015-ൽ സമർപ്പിക്കുകയുണ്ടായി. എങ്കിലും 27-5-2015-ലെ സ.ഉ.(കൈ) 213/15/ആർ.ഡി., 30-6-2015-ലെ സ.ഉ.(കൈ)288/15/ആർ.ഡി. എന്നീ നമ്പർ ഉത്തരവുകൾ പ്രകാരം വില്ലേജാഫീസുകളിൽ കരം സ്വീകരിച്ച് രസീതിൽ ഒപ്പം വെച്ച് വിതരണം ചെയ്യുന്നതിന് വില്ലേജ് ഫീൽഡ് അസിസ്റ്റന്റിന് അനുമതി നൽകുകയുണ്ടായി. 63379/സി2/15/ആർ.ഡി. നമ്പർ ഫയൽ റവന്യൂ (സി) വകുപ്പിൽ കൈകാര്യം ചെയ്തുവെങ്കിലും വില്ലേജ് ഫീൽഡ് അസിസ്റ്റന്റുമാരുടെ അടിസ്ഥാന യോഗ്യത എസ്.എസ്.എൽ.സി. പാസ്സ് ആയി ഉയർത്തിക്കൊണ്ടുള്ള എക്സിക്യൂട്ടീവ് ഓർഡർ പുറപ്പെടുവിക്കുന്നതിനും വിഷയം പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതിനുമായി ഈ വകുപ്പിലേയ്ക്ക് അതായത് റവന്യൂ (റ്റി) വകുപ്പിൽ ലഭിക്കുകയും ടി ഫയൽ 15214/റ്റി1/16/ആർ.ഡി. നമ്പരിൽ ആരംഭിക്കുകയും തുടർനടപടി സ്വീകരിച്ചുകൊണ്ട് 14-10-2016 തീയതിയിൽ ജി.ഒ. (കൈ) നമ്പർ 538/16/റവ. നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

## വില്ലേജ് ആഫീസുകളിൽനിന്നും നൽകുന്ന സർട്ടിഫിക്കറ്റുകൾ

235 (3767) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനങ്ങൾ ഏറ്റവുമധികം ആശ്രയിക്കുന്ന വില്ലേജ് ആഫീസുകളിൽ നിന്നും എത്രയിനം സർട്ടിഫിക്കറ്റുകളാണ് ലഭ്യമാക്കുന്നത്;

(ബി) ഈ സർട്ടിഫിക്കറ്റുകൾ നല്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പഠനകാലയളവിൽ വിദ്യാർത്ഥികൾക്ക് ജാതിസർട്ടിഫിക്കറ്റ് അടിക്കടി പുതുക്കി നൽകേണ്ടിവരുന്നത് ബുദ്ധിമുട്ടുളവാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്ത് നടപടിയാണ് ഉദ്ദേശിക്കുന്നത്?

<u>ഉത്തരം</u>

(എ) വില്ലേജാഫീസിൽ നിന്നൾപ്പെടെ റവന്യൂ വകുപ്പിൽ നിന്ന് 24 ഇനം സർട്ടിഫിക്കറ്റുകളാണ് നൽകിവരുന്നത്. ഇവ കൂടാതെ വിവിധ സ്കീമുകൾ, പ്രോഗ്രാമുകൾ എന്നിവയുമായി ബന്ധപ്പെട്ട് മറ്റു പല വകുപ്പുകളും സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് വില്ലേജ് ആഫീസർമാരെ ചുമതലപ്പെടുത്തി ഉത്തരവിറക്കുന്നുണ്ട്.

(ബി) റവന്യൂ വകുപ്പിൽ നിന്ന് നൽകുന്ന 23 ഇനം സർട്ടിഫിക്കറ്റുകൾ സേവനാവകാശ നിയമപ്രകാരം വിജ്ഞാപനം ചെയ്തിട്ടുള്ള സേവനങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതു പ്രകാരം സേവനാവകാശ നിയമപ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയപരിധിക്കുള്ളിൽ ടി സർട്ടിഫിക്കറ്റുകൾ നൽകുവാൻ നിയുക്ത ഉദ്യോഗസ്ഥൻ ബാധ്യസ്ഥനാണ്. e-district പദ്ധതിയിലൂടെ ഓൺലൈനായി സർട്ടിഫിക്കറ്റുകൾ പരമാവധി വേഗത്തിൽ നൽകിവരുന്നുണ്ട്.

(സി) നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റിന്റെ സാധ്യതാ കാലയളവ് കോഴ്സിന്റെ കാലാവധി ആണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ജാതി സർട്ടിഫിക്കറ്റ് നൽകുന്നതിന് 10 വർഷം കാലാവധി നിശ്ചയിച്ചിരുന്നുവെങ്കിലും ആയത് പരാതികളുടെ അടിസ്ഥാനത്തിൽ റദ്ദ് ചെയ്ത് പ്രത്യേക ആവശ്യത്തിന് അനുവദിച്ചാൽ മതിയാകും എന്ന് സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്.

**കോങ്ങാട് വില്ലേജ് ആഫീസിന് കെട്ടിടം**

236 (3768) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിലെ കോങ്ങാട് വില്ലേജ് (ഒന്ന്) ഓഫീസ് വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്വന്തമായി സ്ഥലമുള്ള ഈ വില്ലേജിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ വിശദമായ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിച്ചാൽ ഭരണാനുമതി ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ-സി) പാലക്കാട് ജില്ലയിലെ സ്വന്തമായി സ്ഥലമുള്ള കോങ്ങാട്-1 വില്ലേജ് ആഫീസ് സ്വന്തം കെട്ടിടത്തിലാണ് നിലവിൽ പ്രവർത്തിക്കുന്നത്. പ്രസ്തുത സാഹചര്യത്തിൽ കോങ്ങാട്-1 വില്ലേജ് ആഫീസിന് കെട്ടിടനിർമ്മാണത്തിനായി ഭരണാനുമതി നൽകുന്ന വിഷയം ഇപ്പോൾ ബാധകമല്ല.

**കോട്ടയം - കുമരകം റോഡ് നിർമ്മാണം**

237 (T*3769) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോട്ടയം-കുമരകം റോഡ് നിർമ്മാണത്തിന് വേളൂർ വില്ലേജിലെ സ്ഥലമെടുപ്പിന്റെ ഇപ്പോഴത്തെ അവസ്ഥ എന്തെന്നും പ്രസ്തുത നടപടി 'ഡിനോവ' ആയിട്ടുണ്ടോയെന്നും സ്ഥലമുടമകൾക്ക് എന്നത്തേക്ക് നഷ്ടപരിഹാരം നൽകുമെന്നും വിശദമാക്കുമോ?

<u>ഉത്തരം</u>

കോട്ടയം-കുമരകം റോഡിലെ വേളൂർ വില്ലേജിലെ വിട്ടുപോയ സർവ്വേ നമ്പറുകളിൽപ്പെട്ട വസ്തുക്കൾ പുതിയ പൊന്നുംവില നിയമപ്രകാരം ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുള്ളതാണ്. പുതിയ പൊന്നുംവില ചട്ടങ്ങൾ പ്രകാരമുള്ള അർത്ഥന ലഭ്യമായാലുടൻ നടപടികൾ സ്വീകരിക്കുന്നതാണ്.

**പേരോലിൽ ദുരന്ത നിവാരണ സേനയുടെ ഡിറ്റാച്ച്മെന്റ് ക്യാംപ്**

238 (T* 3770) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് നീലേശ്വരം മുനിസിപ്പാലിറ്റിയിൽപ്പെട്ട പേരോലിൽ, ദുരന്ത നിവാരണ (എസ്.ഡി.ആർ.എഫ്.) സേനയുടെ ഡിറ്റാച്ച്മെന്റ് ക്യാംപ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) എൺപത് കി.മീ. കടൽത്തീരമുള്ളതും പ്രകൃതി ദുരന്തങ്ങൾക്ക് ഏറെ സാദ്ധ്യതയുള്ള പ്രദേശവുമായ ഇവിടെ ദുരന്തനിവാരണ സേനയുടെ കേന്ദ്രം എപ്പോൾ പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാസർഗോഡ് ജില്ലയിൽ ദുരന്ത നിവാരണ (എസ്.ഡി.ആർ.എഫ്.) സേനയുടെ ഡിറ്റാച്ച്മെന്റ് ക്യാംപ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഒരു തീരുമാനവും എടുത്തിട്ടില്ല. കേരളത്തിൽ സംസ്ഥാന ദുരന്ത പ്രതികരണ സേനയെ തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ എന്നീ സ്ഥലങ്ങളിലാണ് വിന്യസിച്ചിട്ടുള്ളത്. എന്നാൽ ദുരന്ത നിവാരണ സേനയ്ക്കുവേണ്ടി നീലേശ്വരം മുനിസിപ്പാലിറ്റിയിൽപ്പെട്ട പേരോൽ വില്ലേജിൽ റീ.സ.നമ്പർ 189/1-ൽ 7 ഏക്കർ ഭൂമി പതിച്ചുനൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നുണ്ടെന്ന് കാസർഗോഡ് ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്.

**പാലക്കാട് ഐ.ഐ.റ്റി.-ക്ക് സ്ഥലം**

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

239 (3771) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ഐ.ഐ.റ്റി.ക്ക് വേണ്ടിയുള്ള സ്ഥലമെടുപ്പ് അനന്തമായി നീണ്ടുപോവുന്നു എന്ന ആക്ഷേപം ശ്രദ്ധയിലുണ്ടോ; എങ്കിൽ സ്ഥലമെടുപ്പ് ത്വരിതപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐ.ഐ.റ്റി.-ക്ക് എത്ര ഏക്കർ സ്ഥലമാണ് ആവശ്യമുള്ളത്; അതിൽ എത്ര ഏറ്റെടുത്തു; മിച്ചഭൂമി ഏറ്റെടുക്കുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പാലക്കാട് ജില്ലയിൽ ഐ.ഐ.റ്റി.ക്കുവേണ്ടി 504.54 ഏക്കർ സ്ഥലമാണ് ആവശ്യമുള്ളത്.ആയതിൽ സ്വകാര്യ വ്യക്തികളിൽ നിന്നും ഏറ്റെടുക്കേണ്ട 367.87 ഏക്കർ ഭൂമിയിൽ 317.77 ഏക്കർ ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. 21.56 ഏക്കർ ഭൂമി കൈവശക്കാർ സമ്മതപത്രം നൽകിയിട്ടില്ലാത്തതിനാലും, 23.62 ഏക്കർ ഭൂമി കൈവശക്കാർ തമ്മിൽ സ്വത്തു തർക്കകേസ് കോടതിയിൽ നിലനിൽക്കുന്നതിനാലും ഏറ്റെടുക്കുവാൻ സാധിച്ചിട്ടില്ലാത്തതാണ്. 4.92 ഏക്കർ ഭൂമിയുടെ രജിസ്ട്രേഷൻ നടപടി സ്വീകരിച്ചു കൊണ്ടിരിക്കുന്നു. 21.84 ഏക്കർ പഞ്ചായത്ത് ഭൂമി റവന്യൂ വകുപ്പിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പ് സ്വീകരിച്ചുവരുന്നു. 70.02 ഏക്കർ സർക്കാർ ഭൂമി കൈമാറ്റം ചെയ്യുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. 44.81 ഏക്കർ വനഭൂമിക്ക് പകരമായി 89.62 ഏക്കർ ഭൂമി കണ്ടെത്തുകയും, ടി ഭൂമിയുടെ സർവ്വെ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിൽ എത്തിയിട്ടുള്ളതുമാണ്. ഐ.ഐ.റ്റി.ക്കുവേണ്ടി മിച്ചഭൂമിയൊന്നും ഏറ്റെടുത്തിട്ടില്ല.

**ചാലക്കുടി പോലീസ് ക്വാർട്ടേഴ്സിന്റെ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി**

240 (3772) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനോട് ചേർന്ന് മുമ്പ് പോലീസ് ക്വാർട്ടേഴ്സ് ആയിരുന്ന സ്ഥലം ഏറ്റെടുക്കുന്നതിനും, പൊതുവികസന പ്രവർത്തനങ്ങൾക്കായി

പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടികൾ ഏതു ഘട്ടത്തിലാണ് എന്ന് അറിയിക്കുമോ?

ഉത്തരം

ചാലക്കുടി മുനിസിപ്പൽ ജംഗ്ഷനോട് ചേർന്ന് മുമ്പ് പോലീസ് ക്വാർട്ടേഴ്സ് ആയിരുന്ന സ്ഥലം സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. പൊതുവികസന പ്രവർത്തനങ്ങൾക്കായി ശിപാർശ ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത സ്ഥലം ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**നദികളിൽ നിന്നുള്ള മണലെടുപ്പ്**

241 (T* 3773) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ നദികളിൽ നിന്നുമുള്ള മണലെടുപ്പ് സ്വകാര്യ/സഹകരണ/ബിനാമി ഏജൻസികളെ ഒഴിവാക്കി സർക്കാർ നിയന്ത്രണത്തിൽ ഏറ്റെടുക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) മാഫിയവത്ക്കരണം വ്യാപകമായി നടക്കുന്ന മണലെടുപ്പുമൂലം പരിസര വാസികൾക്കും പോലീസ്, റവന്യൂ ഉദ്യോഗസ്ഥന്മാർക്കും നേരെ ഉണ്ടായ അക്രമങ്ങൾ മുൻനിർത്തി സുതാര്യമായ രീതിയിൽ തൊഴിലാളികളുടെ തൊഴിൽ സംരക്ഷിച്ചും, ഇടത്തട്ടുകാരെ ഒഴിവാക്കിയും പദ്ധതി ആസൂത്രണം ചെയ്യാൻ നടപടികൾ ഉണ്ടാകുമോ;

(സി) അനിയന്ത്രിതമായ മണലെടുപ്പ് മൂലം ഉണ്ടാകുന്ന പാരിസ്ഥിതിക പ്രശ്നം പരിഹരിക്കാനും ബിനാമികളെയും, മാഫിയകളെയും ഒഴിവാക്കി തൊഴിൽ സുരക്ഷിതത്വവും സർക്കാരിലേക്ക് വരുമാനവുമുണ്ടാക്കാൻ ഈ പദ്ധതി നടപ്പിൽ വരുത്തുമോ; വിശദമാക്കാമോ?

ഉത്തരം

(എ) പാരിസ്ഥിതികാനുമതി ലഭിക്കാത്തതിനാൽ ഈ ജില്ലയിൽ നദികളിൽ നിന്നുള്ള മണലെടുപ്പ് നിർത്തിവച്ചിരിക്കുകയാണ്. മുമ്പ് ഓൺലൈൻ സംവിധാനം വഴി മണൽ വിതരണം നടത്തിയിരുന്നതിനാൽ മണൽ മാഫിയയുടെ ചൂഷണം പൂർണ്ണമായും അവസാനിച്ചിരുന്നു. ജില്ലയിൽ നദികളിൽ നിന്നുള്ള മണലെടുപ്പ് സ്വകാര്യ/സഹകരണ/ബിനാമി ഏജൻസികളെ ഒഴിവാക്കിക്കൊണ്ടാണ് നടത്തിയിരുന്നത്.

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

കേരള നദീതീര സംരക്ഷണവും മണൽ നിയന്ത്രണവും ആക്ട് അനുസരിച്ച് കടവ് കമ്മിറ്റിയാണ് നദികളിൽ നിന്നുള്ള മണലെടുപ്പ് നിരീക്ഷിക്കുന്നത്. ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിലാണ് കടവ് കമ്മിറ്റികൾ പ്രവർത്തിക്കുന്നത്.

(ബി&സി) നദികളിൽനിന്നും അനിയന്ത്രിതമായി മണൽ വാരുന്നത് തടയുന്നതിനും, സുതാര്യമായ രീതിയിൽ മണൽ വാരൽ നടപ്പാക്കുന്നതിനും വേണ്ടിയാണ് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ട് കൊണ്ടുവന്നിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരളത്തിലുള്ള 20 നദികളിൽ സാന്റ് ഓഡിറ്റിംഗ് നടത്തുവാൻ തീരുമാനിക്കുകയും നിലവിൽ 18 നദികളുടെ സാന്റ് ഓഡിറ്റിംഗ് പൂർത്തിയാക്കിയിട്ടുള്ളതുമാണ്. നിലവിലെ സംവിധാനം സുതാര്യമായാണ് നടപ്പിലാക്കിവരുന്നത്. കടവുകൾ ലേലം ചെയ്തു നൽകി സർക്കാർ മണൽ വിൽപ്പനയിൽ ഇടപെടൽ നടത്തിവരുന്നു. മണൽ മാഫിയാ സംഘങ്ങളെ നിയന്ത്രിക്കുന്നതിന് റവന്യൂ, പോലീസ് വകുപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. ഈ മേഖലയിലെ ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും നിർമ്മാണ മേഖലയ്ക്കും പൊതുജനങ്ങൾക്കും മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുമായി മണൽ സംഭരണവും വിൽപ്പനയും സാധ്യമാക്കുന്നതിനായി വിവിധ വകുപ്പുകളുടെ മേധാവികളെ വിളിച്ച് ചേർത്ത് ആവശ്യമായ കൂടിയാലോചനകൾ നടത്തി വിശദമായ റിപ്പോർട്ട് തയ്യാറാക്കുവാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ചർച്ച ചെയ്ത് അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

**നെൽവയൽ - തണ്ണീർത്തട നിയമം**

242 (3774) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽവയൽ-തണ്ണീർത്തട നിയമത്തിന്റെ ഇപ്പോഴത്തെ അവസ്ഥയെക്കുറിച്ച് വിശദമായ വിവരം ലഭ്യമാക്കുമോ ;

(ബി) ഡാറ്റാ ബാങ്കിന്റെ കൃത്യമായ വിവരം ലഭ്യമാക്കുമോ;

(സി) കമ്മിറ്റികളുടെ വിശദമായ വിവരം ലഭ്യമാക്കുമോ;

(ഡി) കേരളത്തിലെ വില്ലേജുകളിലും റവന്യൂ ഓഫീസുകളിലും കൃഷി ഓഫീസുകളിലും ഇതുസംബന്ധിച്ച് ചെയ്ത നടപടിക്രമങ്ങൾ വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനതല കമ്മിറ്റി എപ്പോഴാണ് കൂടുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നെൽവയൽ/തണ്ണീർത്തടത്തിന്റെ സംരക്ഷണത്തിനായി സംസ്ഥാനത്ത് നിലവിലുള്ള 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം പ്രാവർത്തികമാകുകയും, ഭൂവിനിയോഗ നിയന്ത്രണങ്ങളിലെ ഇളവ് പ്രസ്തുത നിയമ പ്രകാരമായിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ടി ആക്ട് പ്രകാരം ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് കൈക്കൊണ്ടുവരുന്നു.

(ബി) കേരളത്തിലെ 941 പഞ്ചായത്തുകളിൽ 328 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ച് കഴിഞ്ഞിട്ടുണ്ടെന്നും 570 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരണത്തിനായി നൽകിയിട്ടുണ്ടെന്നും, ബാക്കിയുള്ള 22 പഞ്ചായത്തുകളിൽ ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതിനുള്ള നടപടി തദ്ദേശ സ്വയംഭരണ വകുപ്പ് നടത്തിവരുന്നു. ഡാറ്റാബാങ്ക് തയ്യാറാക്കിയിട്ടില്ലാത്ത പ്രദേശങ്ങളിൽ ആവശ്യമായ ഫീൽഡ് പരിശോധന നടത്തി കുറ്റമറ്റ ഡാറ്റാ ബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് കൃഷി വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ആക്ടിലെ സെക്ഷൻ 5 പ്രകാരം കൃഷി ഓഫീസർ കൺവീനറായ പ്രാദേശികതല നിരീക്ഷണ സമിതികളും സെക്ഷൻ 9 പ്രകാരം ആർ.ഡി.ഒ. അദ്ധ്യക്ഷനും പ്രിൻസിപ്പൽ കൃഷി ഓഫീസർ കൺവീനറുമായി ജില്ലാതല അധികൃത സമിതികളും സെക്ഷൻ 8 പ്രകാരം കാർഷികോത്പാദന കമ്മീഷണർ കൺവീനറായി സംസ്ഥാനതല സമിതിയും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. പ്രാദേശികതല നിരീക്ഷണ സമിതിയിൽ കൃഷി ഓഫീസറെ കൂടാതെ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ്/ചെയർപേഴ്സൺ/മേയർ ചെയർമാനും ബന്ധപ്പെട്ട വില്ലേജ് ഓഫീസർ/ ആഫീസർമാർ, പ്രദേശത്തെ നെൽക്കൃഷിക്കാരുടെ മൂന്ന് പ്രതിനിധികൾ എന്നിവർ അംഗങ്ങളുമാണ്. ജില്ലാതല അധികൃത സമിതിയിൽ ആർ.ഡി.ഒ., പ്രിൻസിപ്പൽ കൃഷി ഓഫീസർ എന്നിവരെ കൂടാതെ കളക്ടർ നാമനിർദ്ദേശം ചെയ്യുന്ന മൂന്ന് നെൽകർഷകർ അംഗങ്ങളാണ്. സംസ്ഥാനതല സമിതിയിൽ ലാൻഡ് റവന്യൂ കമ്മീഷണർ, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന പരിസ്ഥിതി മേഖലയിലെ ഒരു വിദഗ്ദ്ധൻ, നെൽക്കൃഷി മേഖലയിലെ ഒരു ശാസ്ത്രജ്ഞൻ എന്നിവർ അംഗങ്ങളാണ്.

(ഡി) നിയമത്തിലെ സെക്ഷൻ 5 പ്രകാരവും ചട്ടങ്ങളിലെ റൂൾ 4 പ്രകാരവും കരട്/അന്തിമ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുള്ളതും ആയതിനടിസ്ഥാനമാക്കി നിയമത്തിലെ വകുപ്പ് 7, 12, 13, 19, 20, 21, 22 എന്നിവ പ്രകാരമുള്ള നിയമാനുസൃത നടപടികളാണ് റവന്യൂ ഓഫീസുകളിലും കൃഷി ഓഫീസുകളിലും സ്വീകരിച്ചുവരുന്നത്.

(ഇ) ജില്ലാതല സമിതിയുടെ ശിപാർശകൾ പരിശോധിക്കേണ്ട സാഹചര്യത്തിൽ സംസ്ഥാനതല സമിതി യോഗം ചേരുന്നതാണ്.

**കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ**

243 (3775) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷൻ നിലവിൽ വന്നത് എപ്പോഴാണ്; മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ എത്ര ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മിനി സിവിൽ സ്റ്റേഷനിലെ സ്ഥലപരിമിതിയും, സൗകര്യങ്ങളുടെ അപര്യാപ്തതയും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ പ്രശ്നം അടിസ്ഥാനമാക്കി പത്രങ്ങളിൽ വന്ന വാർത്തകൾ അറിയാമോ;

(സി) എങ്കിൽ മിനി സിവിൽ സ്റ്റേഷനിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) 1998 ഓഗസ്റ്റ് 27-ന് നിലവിൽ വന്ന കൊയിലാണ്ടി മിനി സിവിൽ സ്റ്റേഷനിൽ നിലവിൽ 10 ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) ഉണ്ട്. പത്രവാർത്തകളെപ്പറ്റി അറിയാവുന്നതാണ്.

(സി) സിവിൽ സ്റ്റേഷനിലെ സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്.

**കാസർഗോഡ് തിമിരി വില്ലേജിലെ മിച്ചഭൂമി**

244 (3776) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ കയ്യൂർ-ചീമേനി പഞ്ചായത്തിലെ തിമിരി വില്ലേജിൽ മിച്ചഭൂമി അകാല കൈമാറ്റംവഴി വാങ്ങിയവരുടെ നികുതി സ്വീകരിക്കാത്ത നടപടി സാധൂകരിച്ച് നൽകാൻ നടപടികൾ ഉണ്ടാകുമോ; ഇത്തരത്തിലുള്ളവരിൽ എത്രപേരിൽ നിന്നും നികുതി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ തിമിരി വില്ലേജിലെ പതിച്ചു നൽകിയ മിച്ചഭൂമി അകാലകൈമാറ്റംവഴി വാങ്ങിയ 74 കൈവശക്കാരുടെ നികുതി സ്വീകരിക്കുന്നത്

സംബന്ധിച്ച് പരിശോധിച്ചുവരുന്നു. സർക്കാർ ഉത്തരവ് പ്രകാരം മുമ്പ് സാധൂകരിച്ച് ഉത്തരവായിരുന്ന കേസുകളിൽപ്പെട്ട 75 പേരിൽനിന്നും നികുതി സ്വീകരിച്ചു വരുന്നുണ്ട്.

## കാസർഗോഡ് ജില്ലയിലെ പട്ടയം

245 (3777) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ജില്ലാ കളക്ടറേറ്റിലും, മറ്റ് റവന്യൂ ഓഫീസുകളിലുമായി നിലവിൽ പട്ടയം കിട്ടാത്തവരുടെ എത്ര അപേക്ഷകളാണ് ഇനിയും തീർപ്പ് കല്പിക്കാതെ നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി എത്ര അപേക്ഷകൾ ഇതുസംബന്ധിച്ച് ലഭിച്ചിട്ടുണ്ട്; ജില്ലയിൽ തന്നെ പരിഹരിക്കാൻ കഴിയുന്ന എത്ര അപേക്ഷകളുണ്ട്;

(സി) പൊതുജനങ്ങൾ നൽകിയ പട്ടയ അപേക്ഷയിൽ ഓരോന്നിലും ഇതുവരെയുണ്ടായ കാലതാമസം എത്രയെന്ന് അപേക്ഷ തിരിച്ച് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത അപേക്ഷകളിൽ പട്ടയം ലഭിക്കാൻ ഇനിയും എത്ര കാലതാമസമുണ്ടാകും; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ -ഡി) കാസർഗോഡ് ജില്ലയിൽ ജില്ലാ കളക്ടറേറ്റിലും, മറ്റ് റവന്യൂ ഓഫീസുകളിലുമായി പട്ടയം സംബന്ധിച്ച് തീർപ്പ് കൽപ്പിക്കാത്ത 2161 അപേക്ഷകളാണ് നിലവിലുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി 737 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ഭൂമിപതിവ് നിയമങ്ങളും ചട്ടങ്ങളും പ്രകാരം മുഴുവൻ അപേക്ഷകളിലും നിയമാനുസൃതമായ നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയ എൽ.എ. കമ്മിറ്റി രൂപീകരിക്കുന്ന മുറയ്ക്ക് ഭൂമി പതിവിനുള്ള അപേക്ഷകളിൽ അർഹത പരിശോധിച്ച് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കാസർഗോഡ് ജില്ലയിൽ ഏഴിമല നേവൽ അക്കാദമിക്ക് ഭൂമി

246 (3778) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ ഏഴിമല നോവൽ അക്കാദമിക്ക് ഭൂമി നൽകാൻ

സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഒരു തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ &ബി) ഏഴിമല നേവൽ അക്കാദമിക്കുവേണ്ടി കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ ചീമേനി വില്ലേജിൽ റീസർവ്വെ നമ്പർ 260/1 എ 1 എ-യിൽപ്പെട്ട 400 ഏക്കർ ഭൂമിയും സൗത്ത് തൃക്കരിപ്പൂർ വില്ലേജിലെ റീസർവ്വെ നമ്പർ 471/ എ-യിൽപ്പെട്ട 0.83 1/4 ഏക്കർ ഭൂമിയും കൈമാറുന്നതിനുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരികയാണ്.

**കാസർഗോഡ് മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജ് ആഫീസുകൾ**

247 (3779) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മണ്ഡലത്തിൽ കാസർഗോഡ് താലൂക്ക് പരിധിയിൽ എത്ര ഗ്രൂപ്പ് വില്ലേജാഫീസുകൾ ഉണ്ട്; അവയുടെ പേരു വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) ഗ്രൂപ്പ് വില്ലേജുകളിലെ ഉദ്യോഗസ്ഥൻമാർക്കു കടുത്ത ജോലിഭാരം അനുഭവപ്പെടുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാത്തത് കാരണം സർട്ടിഫിക്കറ്റുകളും മറ്റും അനുവദിക്കുന്നതിന് കാലതാമസം വരുന്നത് ഗൗരവമായി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) കാസർഗോഡ് താലൂക്കിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് മണ്ഡലത്തിലെ കാസർഗോഡ് താലൂക്ക് പരിധിയിൽ 8 ഗ്രൂപ്പ് വില്ലേജുകൾ ഉണ്ട്. അവ ചുവടെ പരാമർശിക്കുന്നു.

| | | | |
|---|---|---|---|
| 1. | ആദൂർ | - | ആദൂർ, കാറഡുക്ക |
| 2. | ചെങ്കള | - | ചെങ്കള, മുട്ടത്തോടി |
| 3. | കാസർഗോഡ് | - | കാസർഗോഡ്, അഡുക്കത്ത് വയൽ |

| | | | |
|---|---|---|---|
| 4. | കുഡ്‌ലു | - | കുഡ്‌ലു, പുത്തൂർ, ഷിരിബാഗിലു |
| 5. | കുമ്പടാജെ | - | കുമ്പടാജെ, ഉബ്രംഗള |
| 6. | മധൂർ | - | മധൂർ, പട്ള |
| 7. | നെട്ടണിഗെ | - | നെട്ടണിഗെ, ബെള്ളൂർ |
| 8. | പാടി | - | പാടി, നെക്രജെ |

(ബി) ഉണ്ട്.

(സി) ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കാത്തത് കാരണം ജോലിഭാരം കൂടുന്നുണ്ടെങ്കിലും സമയത്ത് സേവനങ്ങൾ നൽകുന്നുണ്ട്.

(ഡി) കാസർഗോഡ് താലൂക്കിലേതുൾപ്പെടെ സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലെ ബുദ്ധിമുട്ടുമൂലം റവന്യൂ വകുപ്പിൽ ഒരു Manpower Assessment നടത്തി പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**റീസർവ്വേ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് നടപടി**

248 (3780) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റീസർവ്വേ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; റീസർവ്വേ പ്രവർത്തനം കാര്യക്ഷമമായി നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) റീസർവ്വേ പൂർത്തിയാകാത്ത സ്ഥലങ്ങളിൽ ഭൂവുടമകൾക്ക് പട്ടയം ലഭിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മുൻസർക്കാരിന്റെ കാലത്ത് നടത്തിയ സർവ്വേ അദാലത്തിലൂടെ എത്ര പരാതികൾക്ക് പരിഹാരം കാണുവാൻ കഴിഞ്ഞു; അത്തരം അദാലത്തുകൾ സംഘടിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) റീസർവ്വേ സംബന്ധിച്ച പരാതികളിൽ സമയബന്ധിതമായി തീർപ്പ് കല്പിക്കുന്നതിന് പ്രത്യേക സംവിധാനം ഒരുക്കുമോ;

(ഇ) ഏതെങ്കിലും ജില്ലയിൽ റീസർവ്വേ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കുവാൻ ഉത്തരവ് നൽകിയിട്ടുണ്ടോ?

ഉത്തരം

(എ) സംസ്ഥാനത്തുള്ള 1664 റവന്യൂ വില്ലേജുകളിൽ 881 വില്ലേജുകളുടെ റീസർവ്വേ പൂർത്തിയാക്കി റിക്കാർഡുകൾ റവന്യൂ ഭരണത്തിന് കൈമാറിയിട്ടുണ്ട്. കൂടാതെ 53 വില്ലേജുകളിൽ സർവ്വേ അതിരടയാള നിയമപ്രകാരം നോട്ടിഫിക്കേഷൻ 9(2) പ്രസിദ്ധപ്പെടുത്തുകയും, 8 വില്ലേജുകളിൽ സർവ്വേ അതിരടയാള നിയമപ്രകാരം 13 നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 409/2012/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) LRM മുഖേന ലഭിച്ച 695804 പരാതികളിൽ 593146 പരാതികൾ തീർപ്പാക്കുകയും ചെയ്തു. ബാക്കിയുള്ള 102658 അപേക്ഷകൾ അതാത് താലൂക്ക് അഡീഷണൽ തഹസിൽദാർമാരുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 200/10/റവന്യൂ തീയതി 31-10-2016 പ്രകാരം റീസർവ്വെ പൂർത്തിയാക്കി റവന്യൂ ഭരണത്തിന് കൈമാറിയ വില്ലേജുകളിലെ ഭൂപരാതികൾ അതാത് താലൂക്ക് അഡീഷണൽ തഹസിൽദാർ മുഖേന നടപടി സ്വീകരിച്ചുവരുന്നു.

(ഇ) സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ 409/2012/റവന്യൂ തീയതി 31-10-2012 പ്രകാരം സംസ്ഥാനത്ത് നിലവിൽ റീസർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്.

## കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിക്ക് പാട്ടത്തിന് നൽകിയ സ്ഥലം

249 (3781) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വർഷങ്ങൾക്ക് മുൻപ് പ്രവർത്തനം അവസാനിപ്പിച്ച കൊരട്ടിയിലെ വൈഗൈ

ത്രഡ്സ് കമ്പനിയ്ക്ക് സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്തു നിന്നും കൊരട്ടി ജംഗ്ഷനോട് ചേർന്ന 10 ഏക്കറോളം സ്ഥലം, കൊരട്ടി ഗ്രാമപഞ്ചായത്ത് ഓഫീസ്, മിനി സിവിൽ സ്റ്റേഷൻ, ബസ് സ്റ്റാന്റ്, വ്യാപാര സമുച്ചയം, കളിസ്ഥലം തുടങ്ങിയ അത്യാവശ്യ വികസന പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്തിന് അനുവദിച്ച് നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ അപേക്ഷയിൽ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിക്ക് പാട്ടത്തിന് നൽകിയ സ്ഥലത്ത് നിന്നും കൊരട്ടി ജംഗ്ഷനോട് ചേർന്ന 10 ഏക്കറോളം സ്ഥലം കൊരട്ടി ഗ്രാമപഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾക്കായി അനുവദിക്കണമെന്ന അപേക്ഷ തൃശ്ശൂർ ജില്ലാ കളക്ടർക്ക് റിപ്പോർട്ടിനായി നൽകിയിട്ടുണ്ട്.

**പുറമ്പോക്ക് സ്ഥലങ്ങൾ**

250 (3782) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കായംകുളം അസംബ്ലി മണ്ഡലത്തിൽ ഉൾപ്പെട്ട പത്തിയൂർ, കൃഷ്ണപുരം, കണ്ടല്ലൂർ, ദേവികുളങ്ങര, ചെട്ടിക്കുളങ്ങര, ഭരണിക്കാവ് ഗ്രാമപഞ്ചായത്തുകളിലും കായംകുളം നഗരസഭാ പരിധിയിലും ഉള്ള പുറമ്പോക്ക് സ്ഥലങ്ങൾ എവിടെയൊക്കെയാണെന്നും അതിന്റെ വിസ്തൃതി എത്രയെന്നും വിശദമാക്കാമോ ?

ഉത്തരം

| | |
|---|---|
| പത്തിയൂർ | 58.53.51 Hectare |
| കൃഷ്ണപുരം | 118.55.83 Hectare |
| കണ്ടല്ലൂർ | 37.96.79 Hectare |
| പുതുപ്പള്ളി (ദേവിക്കുളങ്ങര) | 963.33.79 Hectare |
| ചെട്ടിക്കുളങ്ങര | 160.95.95 Hectare |
| ഭരണിക്കാവ് | 121.96.20 Hectare |

| | |
|---|---|
| കായംകുളം | 14.97.85 Hectare |

പുറമ്പോക്ക് സ്ഥലങ്ങളിൽ റോഡ്, ജലാശയങ്ങൾ, കുളങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

**പുല്ലൂരാംപാറ ദുരിതബാധിതരുടെ പുനരധിവാസം**

251 (T*3783) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012 ആഗസ്റ്റ് 6-നുണ്ടായ പുല്ലൂരാംപാറ ഉരുൾപൊട്ടലിൽ സർവസ്വവും നഷ്ടപ്പെട്ട കുടുംബങ്ങളിൽ പലരും ഇപ്പോഴും ദുരിതാശ്വാസ ക്യാമ്പുകളിലാണ് കഴിയുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇവരുടെ പുനരധിവാസത്തിനായി മുൻസർക്കാർ അനുവദിച്ച ഭൂമി വാസയോഗ്യമല്ലാത്തതിനാൽ ഭവന നിർമ്മാണം നടപ്പാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ കുടുംബങ്ങളുടെ പുനരധിവാസത്തിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭവന നിർമ്മാണത്തിനുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(സി) 2012 തിരുവമ്പാടി ഉരുൾപൊട്ടലിൽ വീട് നഷ്ടപ്പെട്ട 22 കുടുംബങ്ങളിൽ 4 കുടുംബങ്ങൾക്ക് ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മിക്കുന്നതിന് ധനസഹായം അനുവദിച്ചിട്ടുണ്ട്. താമരശ്ശേരി രൂപതയുടെ കീഴിലുള്ള സോഷ്യൽവർക്ക് സംഘടനയുടെ സെന്റർ ഫോർ ഓവറോൾ ഡെവലപ്മെന്റ് 2 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് നൽകിയിട്ടുണ്ട്. ബാക്കി വരുന്ന 16 കുടുംബങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ ഭവന നിർമ്മാണ പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മാണത്തിനാവശ്യമായ ധനസഹായം നൽകുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

**കിഴക്കേകോട്ട ഭാഗത്തെ ഭൂമി കയ്യേറ്റങ്ങൾ**

252 (3784) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാനത്തെ കിഴക്കേകോട്ട ഭാഗത്ത് കയ്യേറിയ ഭൂമി ഒഴിപ്പിക്കലിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) പുറമ്പോക്ക് ഭൂമി പാട്ടത്തിന് നൽകിയത് സംബന്ധിച്ച രേഖകൾ താലൂക്ക് ഓഫീസിൽനിന്നും കാണാതായി എന്ന റിപ്പോർട്ടുകൾ ശരിയാണോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഉത്തരവാദികൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു;

(ഡി) രേഖകൾ അനുബന്ധ ഓഫീസുകളിലും പാട്ടക്കാരുടെ കൈവശവും ഉണ്ടായിരിക്കേണ്ടതല്ലേ;

(ഇ) എങ്കിൽ പാട്ടക്കാരോടും അനധികൃത കയ്യേറ്റക്കാരോടും രേഖകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് അവർക്ക് നോട്ടീസ് നൽകാനും അതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കൽ നടപടികൾ സ്വീകരിക്കാനും ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ?

<u>ഉത്തരം</u>

(എ) റോഡ് വികസനത്തിന്റെ ഭാഗമായി കയ്യേറ്റക്കാരെ ഒഴിപ്പിച്ച് പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ശരിയല്ല.

(സി) ബാധകമല്ല.

(ഡി) ഉണ്ടായിരിക്കേണ്ടതാണ്.

(ഇ) കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ചെങ്ങന്നൂർ അമിനിറ്റി സെന്റർ**

253 (3785) <u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ ടൗണിൽ അമിനിറ്റി സെന്റർ സ്ഥാപിക്കുന്നതിന് മൂന്ന് സെന്റ് ഭൂമിയുടെ അഡ്വാൻസ് പൊസ്സഷൻ നൽകുന്നത് സംബന്ധിച്ച് സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ (Rev A2/861537) എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷയിൻമേൽ നടപടിക്ക് കാലതാമസം നേരിടുന്നതിന്റെ കാരണം

വിശദീകരിക്കുമോ;

(സി) ഭൂമിയുടെ അഡ്വാൻസ് പൊസ്സഷൻ ലഭിക്കുന്നതിന് എന്തെല്ലാം നടപടി ക്രമങ്ങൾ സ്വീകരിക്കണം എന്ന് വിശദീകരിക്കുമോ;

(ഡി) സർക്കാരിൽ സമർപ്പിച്ച അപേക്ഷയിൽ എത്ര നാളിനുള്ളിൽ അഡ്വാൻസ് പൊസ്സഷൻ ലഭിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ചെങ്ങന്നൂർ താലൂക്കിൽ ചെങ്ങന്നൂർ വില്ലേജിൽ 3.10 ആർ റവന്യൂ പുറമ്പോക്കിൽ പബ്ലിക് അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകണമെന്ന ആവശ്യം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആലപ്പുഴ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

(സി&ഡി) അഡ്വാൻസ് പൊസ്സഷൻ നൽകുന്നതിന് നിലവിലെ ഭൂമി പതിവ് ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല.

**വസ്തുക്കളുടെ പോക്കുവരവ്**

254 (3786) <u>ശ്രീ. എം. ഉമ്മർ</u> :
<u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> :
<u>ശ്രീ. എൻ. ഷംസുദ്ദീൻ</u> :
<u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പോക്കുവരവ് ചെയ്യുന്നതിൽ കാലതാമസം വന്ന വസ്തുക്കളുടെ പോക്കുവരവ് ചെയ്തുകിട്ടാൻ നിലവിലുള്ള നടപടിക്രമം വിശദമാക്കാമോ ;

(ബി) പോക്കുവരവ് ചെയ്യുന്നതിൽ കാലതാമസം വന്ന വസ്തുക്കൾ റീസർവ്വെ യിലുണ്ടായ അപാകതമൂലം മറ്റൊരാളുടെ തണ്ടപ്പേർ രജിസ്റ്ററിൽ വന്നത് യഥാർത്ഥ ഭൂവുടമയുടെ തണ്ടപ്പേരിലേക്ക് ഇപ്പോൾ മാറ്റാൻ കഴിയുമോ; അതിനുള്ള നടപടിക്രമം വിശദമാക്കാമോ;

(സി) റീസർവ്വെയിലെ അപാകതമൂലം മറ്റൊരാളിലേക്ക് തണ്ടപ്പേർ രജിസ്റ്റർ പ്രകാരം പോയ ഭൂമിക്കുമേൽ അവകാശമുന്നയിച്ച് ടിയാൻ വസ്തു ഉടമയ്ക്കെതിരെ നൽകുന്ന അപ്പീൽ അനുവദിക്കാറുണ്ടോ;

(ഡി) റീസർവ്വെയിലെ അപാകതമൂലം വസ്തു തണ്ടപ്പേർ രജിസ്റ്റർ പ്രകാരം

മാറുന്നെങ്കിലും കൈവശമനുഭവിച്ച പോകുന്ന ഭൂമിക്ക് മാറ്റം വരാത്തതിനാൽ ഇത്തരത്തിൽ നൽകുന്ന അപ്പീൽ പെട്ടെന്ന് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; വിശദാംശം നൽകുമോ?

ഉത്തരം

(എ) രജിസ്റ്റർ ചെയ്യപ്പെടുന്ന ആധാരങ്ങളിന്മേൽ വസ്തു ഉടമസ്ഥന്റെ പേരിലേയ്ക്ക് വില്ലേജ് റിക്കോർഡിൽ ഭൂമി മാറ്റുന്നതിന് ലഭിക്കുന്ന അപേക്ഷകളിൽ സബ് ഡിവിഷനോ, തർക്കങ്ങളോ ഇല്ലാത്ത കേസ്സുകൾ, അസ്സൽ ആധാരം/കൈവശരേഖ, ബാദ്ധ്യത സർട്ടിഫിക്കറ്റ്, സ്ഥലപരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ വില്ലേജ് ഓഫീസിൽ പോക്കുവരവ് നടത്തി തണ്ടപ്പേര് കണക്കിൽ ആവശ്യമായ മാറ്റം വരുത്തുന്നതാണ്. സബ് ഡിവിഷനുള്ള കേസ്സുകളിലും മറ്റ് തർക്കങ്ങൾ നിലനിൽക്കുന്ന കേസ്സുകളിലും ആവശ്യമായ പരിശോധന നടത്തി തഹസിൽദാർ പോക്കുവരവ് അംഗീകരിക്കുകയും ആയതിന്മേൽ വില്ലേജിൽ തുടർനടപടി സ്വീകരിച്ച് തണ്ടപ്പേർ കണക്കിൽ ഉൾപ്പെടുത്തുന്നതുമാണ്.

(ബി) റീസർവ്വേയിൽ വന്ന പിശകുകൾ പരിഹരിക്കുന്നതിനായി താലൂക്കുകളിൽ എൽ.ആർ.എം. സംവിധാനം പ്രവർത്തിക്കുന്നു. ഭൂമിയുടെ യഥാർത്ഥ അവകാശം തെളിയിക്കുന്നതിനുള്ള രേഖകൾ സഹിതം ലഭിക്കുന്ന അപേക്ഷകൾ താലൂക്കിലെ ലാന്റ് റെക്കോർഡ്സ് വിഭാഗത്തിന്റെ കിഴിൽ പ്രവർത്തിക്കുന്ന റവന്യൂ/സർവ്വേ ഉദ്യോഗസ്ഥർ പരിശോധിച്ച് നിയമാനുസൃതം നടപടി സ്വീകരിക്കുന്നതാണ്. റീസർവ്വേയിലുണ്ടായ അപാകതമൂലം മറ്റൊരാളുടെ തണ്ടപ്പേർ രജിസ്റ്ററിൽ വന്നത് യഥാർത്ഥ ഭൂവുടമയുടെ തണ്ടപ്പേരിലേയ്ക്ക് മാറ്റുന്നതിനായി ലഭിക്കുന്ന പരാതികൾ ഭൂമിയുടെ അവകാശം ലഭിച്ചത് സംബന്ധിച്ച അസ്സൽ രേഖകളും, കോറിലേഷൻ സ്റ്റേറ്റ്മെന്റ്, ഉടവ് സ്കെച്ച് മുതലായവ പരിശോധിച്ച് നിയമാനുസൃതം യഥാർത്ഥ ഭൂവുടമകളുടെ പേരിലേയ്ക്ക് തണ്ടപ്പേർ പിടിക്കാവുന്നതാണ്.

(സി) ഇത്തരം സന്ദർഭങ്ങളിൽ ബന്ധപ്പെട്ട അഡീഷണൽ തഹസിൽദാർമാർ അസ്സൽ രേഖകളും, കോറിലേഷൻ സ്റ്റേറ്റ്മെന്റ്, ഉടവ് സ്കെച്ച്, കൈവശം മുതലായവ പരിശോധിച്ച് നിയമാനുസൃത നടപടി സ്വീകരിക്കുന്നതാണ്.

(ഡി) റീസർവ്വേയുമായി ബന്ധപ്പെട്ട പരാതികളും അപ്പീലുകളും സമയബന്ധിതമായി തീർപ്പാക്കുന്നതിന് താലൂക്ക് ഓഫീസുകളിൽ എൽ.ആർ.എം. വിഭാഗം നടപടി സ്വീകരിച്ചുവരുന്നു. റവന്യൂ പരാതികൾ പ്രത്യേകമായി തരംതിരിച്ച് അടിയന്തര നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉത്തരവ് (എംഎസ്.) 200/10/റവന്യൂ തീയതി 31-5-2010 പ്രകാരം കർശന നിർദ്ദേശം നൽകിയിട്ടുള്ളതും കൃത്യമായ

കാലയളവിൽ അവലോകനം നടത്തിവരുന്നുമുണ്ട്.

## വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം

255 (3787) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി, ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനുള്ള നടപടികളിൽ പരിഷ്കാരങ്ങൾ വരുത്തി ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുള്ള വിവിധ റോഡുകൾക്ക് ജില്ലാ കളക്ടർമാർ സാങ്കേതിക കാരണങ്ങൾ ചൂണ്ടിക്കാട്ടി അനുമതി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അവ പരിശോധിക്കുന്നതിനും ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുവാൻ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 10-10-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 384/2012/ഡി.എം.ഡി., 20-5-2015-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 194/2015/ഡി.എം.ഡി. എന്നിവ പ്രകാരം പുതുക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## പരിവർത്തിത ക്രൈസ്തവർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ നൽകാൻ നടപടി

256 (3788) ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പരിവർത്തിത ക്രൈസ്തവർക്ക് ജാതി തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ നിഷേധിക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പരാതി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) കൊല്ലം ജില്ലയിൽ എസ്.സി. വിഭാഗത്തിൽനിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർക്ക് പരവ ക്രിസ്ത്യൻ/ഭരത ക്രിസ്ത്യൻ എന്നിങ്ങനെ ജാതി സർട്ടിഫിക്കറ്റ് നല്കിയിരുന്നത് നിർത്തൽ ചെയ്തുകൊണ്ട് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട മാതാപിതാക്കളുടെ മക്കൾക്ക് ആ വിഭാഗത്തിൽപ്പെടുത്തി ജാതി സർട്ടിഫിക്കറ്റ് നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിസ്ത്യൻ ഭരത സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കാത്തത് സംബന്ധിച്ച് കൊല്ലം നിവാസികളായ ശ്രീ. മാക്സൺ ചാൾസ്, ശ്രീ. ആൽബി ജോസഫ്, ശ്രീ. നേവിസ് ജോർജ്ജ് എന്നിവർ സർക്കാരിന് പരാതി സമർപ്പിച്ചിട്ടുണ്ട്. പരാതിയിന്മേൽ കൊല്ലം തഹസിൽദാരുടെ റിപ്പോർട്ട് ലഭ്യമാക്കി ഈ വിഷയം റവന്യൂ (റ്റി) വകുപ്പിലെ 853132/റ്റി 2/2016/ ആർ.ഡി. നമ്പർ ഫയലിൽ പരിശോധിച്ച് വരികയാണ്.

(ബി) നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഉത്തരവും കിർത്താഡ്സിന്റെ പഠന റിപ്പോർട്ടും ലഭിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ പരവ/ഭരത ക്രിസ്ത്യൻ എന്ന് അവകാശപ്പെടുന്നവരുടെ പൂർവ്വികർ പട്ടികജാതിക്കാരല്ലായെന്നും അവർ യഥാർത്ഥത്തിൽ ലാറ്റിൻ കാത്തലിക്ക് വിഭാഗത്തിൽപ്പെട്ടവരാണെന്നും WP (C) 24227/2004 നമ്പർ കേസ്സിലെ 18-12-2006-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ കിർത്താഡ്സിന്റെ അന്വേഷണ റിപ്പോർട്ടിൽ ആൾ കേരള ഭരതർ ഐക്യ സംഘം, കൊല്ലം എന്ന സംഘടന ലത്തീൻ കത്തോലിക്കർ ഭരത ക്രിസ്ത്യൻ സർട്ടിഫിക്കറ്റ് കിട്ടുവാൻ വേണ്ടി ഉണ്ടാക്കിയ വ്യാജ സംഘടനയാണെന്നും കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ ലാറ്റിൻ കാത്തലിക്ക് വിഭാഗക്കാർ ഭരത/പരവ ക്രിസ്ത്യൻ ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതായും പരാമർശിച്ചിട്ടുണ്ട്. മേൽ സംഗതികളുടെ അടിസ്ഥാനത്തിലാണ് നിലവിൽ പരവ/ഭരത ക്രിസ്ത്യൻ ജാതി സർട്ടിഫിക്കറ്റ് നൽകിവന്നിരുന്നത് നിർത്തലാക്കിയത്.

(സി) WP (C) 24227/2004 നമ്പർ കേസ്സിലെ 18-12-2006-ലെ ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവിന്റെയും കിർത്താഡ്സിന്റെ പഠന റിപ്പോർട്ടിന്റെയും അന്വേഷണത്തിൽ ബോധ്യപ്പെടുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ മാത്രമേ ജാതി സർട്ടിഫിക്കറ്റ് അനുവദിക്കാൻ സാധിക്കുകയുള്ളൂ.

**ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് നടപടി**

257 (3789) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഭൂരഹിതർക്ക് മിച്ചഭൂമി വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഭൂരഹിതർക്കായി ഏറ്റെടുത്തിട്ടുള്ള മിച്ചഭൂമി സംബന്ധിച്ചുള്ള വിശദാംശം നൽകുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്രയേക്കർ മിച്ചഭൂമി ഏറ്റെടുത്തുവെന്നും ഭൂരഹിതർക്കായി എത്ര ഭൂമി വിതരണം ചെയ്തുവെന്നും വ്യക്തമാക്കുമോ;

(ഡി) മുൻസർക്കാരിന്റെ കാലത്ത് ഭൂരഹിതർക്ക് എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തുവെന്ന് വ്യക്തമാക്കുമോ ;

(ഇ) മിച്ചഭൂമി വിതരണം ത്വരിതപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) മിച്ചഭൂമി സംബന്ധിച്ച കേസുകളിൽ വേഗത്തിൽ തീർപ്പ് കല്പിക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ സെക്ഷൻ 86, 87 വകുപ്പുകൾ പ്രകാരം സർക്കാരിൽ നിക്ഷിപ്തമാക്കപ്പെടുന്ന മിച്ചഭൂമിയിൽ വിതരണയോഗ്യമായ ഭൂമി ടി നിയമത്തിലെ 96-ാം വകുപ്പിലെയും അനുബന്ധ ചട്ടങ്ങളിലെയും വ്യവസ്ഥകൾ അനുസരിച്ച് കുടികിടപ്പുകാർ, പട്ടികജാതി/പട്ടികവർഗ്ഗക്കാർ ഉൾപ്പെടെയുള്ള ഭൂരഹിതരായ കർഷകത്തൊഴിലാളികൾ എന്നിവർക്ക് അവരുടെ അർഹതയും മുൻഗണനയും പരിഗണിച്ച് വിതരണം ചെയ്യുകയാണ് ചെയ്യുന്നത്. ഇതിന് അതാത് ജില്ലാ കളക്ടർമാരാണ് നടപടികൾ സ്വീകരിക്കുന്നത്. താലൂക്ക് ലാൻഡ് ബോർഡുകൾ മിച്ചഭൂമിയായി പ്രഖ്യാപിക്കുന്ന ഭൂമിയാണ് സർക്കാർ ഏറ്റെടുക്കുന്നത്. ഭൂരഹിതർക്ക് മാത്രമായി മിച്ചഭൂമി നിലവിൽ ഏറ്റെടുക്കുന്നില്ല. പതിവിന് അനുയോജ്യമായ മിച്ചഭൂമി ടി നിയമത്തിലെ 96(1എ)-യും ഭൂപരിധി ചട്ടം 32 പ്രകാരവും പൊതു ആവശ്യത്തിലേയ്ക്കായി നീക്കിവച്ച് ഉത്തരവായ ശേഷം ആയത് ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഭൂരഹിതർക്ക് വിതരണം ചെയ്യുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിൽ 9.8542 ഹെക്ടർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ടി ഭൂമി ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വിതരണം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് ജില്ലകളിൽ മിച്ചഭൂമി ഏറ്റെടുക്കുകയോ വിതരണം ചെയ്യുകയോ ചെയ്തിട്ടില്ല.

(ഡി) വിവിധ ജില്ലകളിലായി 449.6286 ഹെക്ടർ മിച്ചഭൂമി വിതരണം ചെയ്തു.

(ഇ) മിച്ചഭൂമി ഏറ്റെടുത്ത് കഴിഞ്ഞാൽ കാലതാമസം കൂടാതെ പതിവിന് അനുയോജ്യമായ മിച്ചഭൂമി വിതരണം ചെയ്യുന്നതിനുള്ള നിയമാനുസൃത നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) സംസ്ഥാന ലാൻഡ് ബോർഡ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ 2016 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ നടന്ന അവലോകന യോഗങ്ങളിൽ സംസ്ഥാനത്തെ വിവിധ താലൂക്ക് ലാൻഡ് ബോർഡുകളിൽ നിലവിൽ കുടിശ്ശികയുള്ള മിച്ചഭൂമി കേസ്സുകൾ വേഗത്തിൽ തീർപ്പ് കൽപ്പിക്കുന്നതിന് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാന്മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. തൽഫലമായി കൂടുതൽ കേസ്സുകൾ തീർപ്പുകൽപ്പിക്കപ്പെടുമെന്നും തദ്വാര കൂടുതൽ മിച്ചഭൂമി കണ്ടെത്താനാകുമെന്നും പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതിയിലും, ഹൈക്കോടതിയിലുമുള്ള കേസ്സുകളിൽ യഥാസമയം തന്നെ കാര്യവിവര പത്രിക, ആവശ്യമായി വരുന്ന മറ്റ് റിപ്പോർട്ടുകൾ മുതലായവ സമർപ്പിച്ചുകൊണ്ടും ബന്ധപ്പെട്ട സർക്കാർ അഭിഭാഷകർക്ക് ആവശ്യമായി വരുന്ന പ്രസക്ത വിവരങ്ങൾ അതാത് സമയത്തുതന്നെ നൽകിക്കൊണ്ടും കേസ്സുകൾ ത്വരിതഗതിയിൽ തീർപ്പാക്കി കിട്ടുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**അപകടത്തിൽപ്പെടുന്നവർക്ക് ധനസഹായം**

258 (3790) ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തത്തിൽ അപകടത്തിൽപ്പെടുന്നവർക്ക് ധനസഹായം ലഭിക്കുന്നതിന് കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചെങ്ങന്നൂർ താലൂക്കിൽ തെങ്ങ് വീണ് ഗുരുതരമായി ആശുപത്രിയിൽ കഴിയുന്ന ആളിന് ധനസഹായം നൽകുന്നതിന് പുലിയൂർ വില്ലേജ് ആഫീസർ യഥാസമയം റിപ്പോർട്ട് സമർപ്പിച്ചിട്ടും, റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിന്

കഴിയാത്തതിന്റെ കാരണം വിശദീകരിക്കുമോ;

(സി) ഈ ആളിന് എന്ന് സഹായം ലഭ്യമാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) പ്രകൃതിക്ഷോഭത്തിൽ പരിക്കേറ്റയാളുടെ ശാരീരിക വൈകല്യത്തിന്റെ ശതമാനം സൂചിപ്പിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം യഥാസമയം ഹാജരാക്കാഞ്ഞതിനാലാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ആശ്വാസ ധനസഹായത്തിന് സർക്കാരിലേക്ക് ശിപാർശ നൽകാൻ ജില്ലാ കളക്ടർക്ക് കഴിയാതിരുന്നത്. 30-9-2016-ൽ ലഭിച്ചിട്ടുള്ള അപേക്ഷ സർക്കാരിലേക്ക് ശിപാർശ ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയാക്കിവരുന്നുവെന്നും ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത ശിപാർശ സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## 2008-ന് മുമ്പ് നികത്തിയ വെറ്റ് ലാന്റിൽ വീട് നിർമ്മാണം

259 (T* 3791) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2008-ന് മുമ്പ് നികത്തിയ വെറ്റ് ലാന്റിൽ വീട് നിർമ്മിക്കണമെങ്കിൽ വസ്തുവിന്റെ വിലയുടെ 25 ശതമാനം സർക്കാരിൽ അടയ്ക്കണമെന്നും എന്നാൽ മാത്രമേ പെർമിറ്റ് ലഭിക്കുകയുള്ളൂ എന്നുമുള്ള നിയമം ഇപ്പോൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) 10 സെന്റിൽ വീട് വയ്ക്കുന്ന സാധാരണക്കാരായവർക്കും ഈ നിയമം ബാധകമാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരം നിയമങ്ങൾമൂലം ദുർബലവിഭാഗങ്ങൾ ഏറെ ബുദ്ധിമുട്ടുന്നത് തടയാൻ സമഗ്രമായ ഉത്തരവ് ഉണ്ടാകുമോയെന്ന് അറിയിക്കാമോ?

ഉത്തരം

(എ-സി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വരുന്നതിന് മുമ്പ് നികത്തപ്പെട്ട നെൽവയലുകൾക്ക് ന്യായവിലയുടെ 25 ശതമാനം ഫീസ് ഈടാക്കി ക്രമവൽക്കരിക്കുന്നതിനായി നടപ്പിലാക്കിയ നിയമ ഭേദഗതി പിൻവലിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

## റീസർവ്വേ നടപടികൾ

260 (3792) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം റീ-സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം വില്ലേജുകളിലാണ് റീ-സർവ്വേ നടപടികൾ പൂർത്തിയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ റീ-സർവ്വേ സർക്കാർ ഭൂമിയിലും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് മാത്രം സ്വകാര്യ ഭൂമിയിലുമായി നിജപ്പെടുത്തിയിട്ടുണ്ട്. റീസർവ്വേ നടപടികൾ പുനരാരംഭിക്കുന്ന വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) റീ-സർവ്വേ നടപടികൾ പൂർത്തിയായ വില്ലേജുകളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

## ഡ്രാഫ്റ്റ്സ്മാൻ തസ്തികകൾ

261 (3793) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വേ & ലാന്റ് റിക്കാർഡ്സ് വകുപ്പിൽ ഡ്രാഫ്റ്റ്സ്മാൻ ഫസ്റ്റ് ഗ്രേഡ് വിഭാഗത്തിൽ എത്ര തസ്തികകളുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത തസ്തികകളിൽ എത്രയെണ്ണം ഒഴിഞ്ഞു കിടക്കുന്നുവെന്നും ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 415 തസ്തികകൾ.

(ബി) ടി തസ്തികകൾ നിലവിൽ ഒഴിഞ്ഞുകിടക്കുന്നില്ല.

(സി) 8 ഒഴിവുകൾ.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## തരിശായി കിടക്കുന്ന സർക്കാർ ഭൂമിയുടെ കൃത്യമായ കണക്ക്

262 (3794) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തരിശ്ശായിക്കിടക്കുന്ന സർക്കാർ ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാണോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) താലൂക്ക് അടിസ്ഥാനത്തിലോ നിയോജക മണ്ഡലാടിസ്ഥാനത്തിലോ ഇതിന്റെ കണക്ക് ജനപ്രതിനിധികൾക്ക് ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ ഭൂമിയിൽ കയ്യേറ്റങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സ്ഥിരം സംവിധാനം നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

### ഉത്തരം

(എ) സർക്കാർ ഭൂമിയുടെ വിവരം സംബന്ധിച്ച രജിസ്റ്റർ എല്ലാ വില്ലേജ് ഓഫീസുകളിലും ലഭ്യമാണെങ്കിലും അതിൽ തരിശായി കിടക്കുന്നവ (ഉപയോഗ രഹിതമായി കിടക്കുന്നവ) സംബന്ധിച്ച് പ്രത്യേകം കണക്കുകളൊന്നും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

(ബി) പ്രത്യേകം കണക്ക് ലഭ്യമല്ലാത്തതിനാൽ ഇപ്പോൾ നൽകുവാൻ നിവൃത്തിയില്ലാത്തതാണ്.

(സി) ഭൂസംരക്ഷണ നിയമപ്രകാരം സർക്കാർ ഭൂമിയിലെ കയ്യേറ്റം സംബന്ധിച്ച് പരിശോധന നടത്തുന്നതിനും പരിശോധന കൃത്യമായി നടക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനും നടപടികൾ ത്വരിതപ്പെടുത്തി കയ്യേറ്റം ഒഴിപ്പിക്കുന്നതിനും ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും പ്രത്യേക പരിശോധനാ സ്ക്വാഡ് രൂപീകരിച്ചിട്ടുള്ളതാണ്.

## ഭവന നിർമ്മാണ ധനസഹായം

263 (T* 3795) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദരിദ്ര കുടുംബങ്ങൾക്കായി നടപ്പിലാക്കിയ ഭവന നിർമ്മാണ ധനസഹായ പദ്ധതികളിൽ നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാതെ പോയ കുടുംബങ്ങൾക്ക് വീടുപണി പൂർത്തീകരിക്കാൻ ധനസഹായം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ജനറൽ, എസ്‌സി., എസ്‌ടി. വിഭാഗത്തിൽപ്പെട്ടവർക്ക്

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

വീടൊന്നിന് എത്ര തുക വീതമാണ് പരമാവധി നൽകാവുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ ഭവന നിർമ്മാണത്തിന് അനുവദിച്ചുവരുന്ന തുകയുടെ ആനുപാതികമായ തുക ധനസഹായമായി നൽകാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകുമോയെന്നറിയിക്കാമോ ;

(ഡി) പുനരധിവാസ പദ്ധതി പ്രകാരം വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങാൻ പട്ടികജാതി ക്ഷേമവകുപ്പ് നൽകുന്നതിന് സമാനമായ തുക അനുവദിക്കാൻ പഞ്ചായത്തുകൾക്ക് അനുമതി നൽകുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**കലവറ പദ്ധതി**

264 (3796) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. കുഞ്ഞിരാമൻ :
ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനനിർമ്മാണത്തിനായി 'കലവറ' പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ ആരൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കുന്ന/ അറ്റകുറ്റപ്പണികൾ നടത്തുന്ന വ്യക്തികളാണ് പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കൾ.

(സി) 1. 2000 ചതുരശ്ര അടി വരെ തറ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്ന/ അറ്റകുറ്റപ്പണികൾ നടത്തുന്ന വ്യക്തികൾ ആയിരിക്കണം.

2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും വീട് നിർമ്മാണത്തിന് അനുവാദമോ/എൻ.ഒ.സി.യോ ലഭിച്ച രേഖകൾ നൽകണം.

3. ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവർ ആണെങ്കിൽ അത്

തെളിയിക്കുന്നതിനാവശ്യമായ രേഖകൾ നൽകണം.

4. സർക്കാരിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെട്ട വീട് നിർമ്മാണം ആണെങ്കിൽ ബന്ധപ്പെട്ട രേഖകൾ ഹാജരാക്കണം.

5. പഴയ വീടുകളുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തുന്നവർക്കും പരിശോധനയ്ക്ക് ശേഷം സാമഗ്രികൾ നൽകിവരുന്നു.

**വീടുവയ്ക്കുവാൻ അനുമതി**

265 (3797) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് ബേപ്പൂരിലെ മാറാട് ഭാഗത്ത് വീടുവയ്ക്കുന്നതിനു വേണ്ടി ഭൂമി പതിച്ച് നൽകിയ സ്ഥലത്ത് വീടുവയ്ക്കുവാൻ അനുമതി ലഭിക്കാത്തതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ വീടുവയ്ക്കുന്നതിന് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഭൂരഹിതരായ ആളുകളെ കണ്ടെത്തി 3 സെന്റ് ഭൂമി വീതം വീട് വയ്ക്കുന്നതിന് സൗജന്യമായി പതിച്ചുനൽകുന്ന ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ബേപ്പൂർ വില്ലേജിലെ നടുവട്ടം ദേശത്ത് CRZ പരിധിയിൽപ്പെട്ട പുറമ്പോക്ക് ഭൂമി ഗുണഭോക്താക്കൾക്ക് പതിച്ചുകൊടുത്തതിൽ പ്രസ്തുത സ്ഥലത്ത് വീട് നിർമ്മിക്കുവാനുള്ള അനുമതി ലഭിക്കുന്നില്ലെന്ന നിരവധി പരാതികൾ ലഭിച്ചിരുന്നു. ടി സ്ഥലത്ത് വീട് നിർമ്മാണത്തിനുള്ള അനുമതി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിനായി സംസ്ഥാന Coastal Zone Management Authority അധികൃതർക്ക് കോഴിക്കോട് ജില്ലാ കളക്ടർ കത്ത് നൽകിയിട്ടുണ്ട്.

**പ്രീ ഫാബ്രിക്കേറ്റഡ് കെട്ടിട നിർമ്മാണ രീതി**

266 (3798) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> :
<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u> :
<u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> :
<u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രീ ഫാബ്രിക്കേറ്റഡ് കെട്ടിട നിർമ്മാണ രീതി പ്രാവർത്തികമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനുള്ള നിർമ്മാണ സാമഗ്രികളെക്കുറിച്ച് വ്യക്തത വരുത്തിയിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ വിദേശ സാങ്കേതിക സഹായം തേടാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യവും വിലവർദ്ധനവും കെട്ടിട നിർമ്മാണ തൊഴിലാളികളുടെ കുറവും വർദ്ധിച്ച കൂലിയും കാരണം കെട്ടിട നിർമ്മാണ ചെലവ് ദിനംപ്രതി വർദ്ധിച്ചുവരുന്നതിനാൽ കെട്ടിട നിർമ്മാണത്തിന് നൂതനമായ സാങ്കേതിക വിദ്യകൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി പ്രീ ഫാബ്രിക്കേറ്റഡ് കെട്ടിട നിർമ്മാണ രീതി ഇപ്പോൾ ഉപയോഗിച്ചുവരുന്നുണ്ട്. പ്രീ ഫാബ്രിക്കേറ്റഡ് സാങ്കേതിക വിദ്യ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് നിർമ്മിക്കുന്ന പദ്ധതികൾക്ക് പ്രയോജനപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാരിന്റെ ഏജൻസി എന്ന നിലയ്ക്ക് ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കി വരുന്ന ചോറ്റാനിക്കര സാഫല്യം ഭവന പദ്ധതിയിൽ 24 ഫ്ലാറ്റുകൾ ഈ വിദ്യയിലൂടെയാണ് നിർമ്മിച്ചത്. 2015-16-ലെ പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം പി.റ്റി.പി. നഗറിൽ പ്രീ ഫാബ്രിക്കേറ്റഡ് സാങ്കേതികവിദ്യ ഉപയോഗിച്ചു കൊണ്ടുള്ള ഒരു മാതൃകാഭവനം നിർമ്മിച്ചു. ഇതിന്റെ ഉദ്ദേശ്യലക്ഷ്യം ഈ സാങ്കേതിക വിദ്യയെപ്പറ്റിയുള്ള ഒരു അവബോധം സാങ്കേതിക വിദഗ്ദ്ധർ ഉൾപ്പെടെയുള്ള പൊതുജനങ്ങൾക്ക് ലഭിക്കുക എന്നതാണ്. ഇതിന്റെ ഭാഗമായി 2016-17-ലെ വിഹിതത്തിൽ ഈ നിർമ്മാണത്തിൽ പരിശീലനം നൽകുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്.

(ബി&സി) കൊച്ചിയിലെ പൊതുമേഖലാ സ്ഥാപനമായ FACT-ന്റെ ഒരു ഉപഉൽപ്പന്നമായ GFRG (Glass Fibre Re-inforced Gypsum) പാനലുകൾ മദ്രാസ് IIT-യുടെ സാങ്കേതിക സഹായത്തോടെ പ്രയോജനപ്പെടുത്തിയാണ് ഭവന നിർമ്മാണ ബോർഡ് നിലവിൽ ഈ കെട്ടിട നിർമ്മാണ രീതി നടപ്പിലാക്കുന്നത്.

**വീടുവയ്ക്കുന്നതിനായി നിലം നികത്തുന്നതിനുള്ള അനുമതി**

267 (3799) <u>ശ്രീ. കെ. വി. വിജയദാസ്</u> :

<u>ശ്രീ. കെ. ബാബു</u> :

ശ്രീ. മുരളി പെരുനെല്ലി :

ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി മറ്റ് ഭൂമി ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിന് നിലം നികത്താനുള്ള അനുമതി നൽകുമോ;

(ബി) എങ്കിൽ ഏത് അളവു വരെ നിലം നികത്തുവാൻ അനുമതി നൽകുമെന്നും ആയതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ;

(സി) വീട് വയ്ക്കുന്നതിനായി നിലം നികത്തിയശേഷം ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും നിർമ്മാണാനുമതി ലഭിയ്ക്കാതെ നിരവധി ആളുകൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് പരിഹരിയ്ക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ, നെൽവയലിന്റെ ഉടമസ്ഥന് വീട് വയ്ക്കുവാൻ അനുയോജ്യമായ മറ്റ് ഭൂമി ഇല്ലാത്ത പക്ഷം, വീട് വയ്ക്കുന്ന ആവശ്യത്തിനായി നിലം പരിവർത്തനപ്പെടുത്തുന്നതിന് ആക്ടിലെ നിബന്ധനകൾ പ്രകാരം അനുമതി നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരം വീട് വയ്ക്കുവാൻ അനുയോജ്യമായ ഭൂമിയില്ലാത്ത നെൽവയലിന്റെ ഉടമസ്ഥന് പഞ്ചായത്ത് ഏരിയയിൽ പത്ത് സെന്റും മുനിസിപ്പൽ/കോർപ്പറേഷൻ ഏരിയയിൽ അഞ്ച് സെന്റും നിലം നികത്തുന്നതിന് അനുമതി നൽകുവാൻ ടി നിയമത്തിൽ വ്യവസ്ഥയുണ്ട്. അപ്രകാരമുള്ള അപേക്ഷകൾ ഫാറം നമ്പർ 1-ൽ 10 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് പതിച്ച്, ബന്ധപ്പെട്ട പ്രാദേശികതല നിരീക്ഷണ സമിതി കൺവീനറായ കൃഷി ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. ടി അപേക്ഷകൾ പ്രാദേശികതല സമിതി പരിശോധിക്കുന്നതും ആയത് പരമാവധി 60 ദിവസത്തിനകം ശിപാർശ സഹിതം ജില്ലാതല അധികൃത സമിതിക്ക് സമർപ്പിക്കുകയും ചെയ്യുന്നു. പ്രസ്തുത അപേക്ഷകളിൽ ജില്ലാതല അധികൃത സമിതി ഒരു മാസത്തിനകം തീരുമാനമെടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജില്ലാതല അധികൃത സമിതിയുടെ തീരുമാനത്തിനെതിരെയുള്ള അപ്പീൽ ആയത് കൈപറ്റി 30 ദിവസത്തിനകം ജില്ലാ

കളക്ടർക്ക് സമർപ്പിക്കാവുന്നതാണ്.

(സി&ഡി) നിലവിലെ നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായി നിലം നികത്തുന്നപക്ഷം വീട് നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിന് ബുദ്ധിമുട്ട് നേരിടേണ്ടതില്ല.

**ചെലവുകുറഞ്ഞ വീടുകളുടെ നിർമ്മാണം**

268 (3800) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കായി ചെലവു കുറഞ്ഞ വീടുകളുടെ നിർമ്മാണത്തിന് വായ്പ, പദ്ധതി നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഉണ്ടെങ്കിൽ വായ്പയുടെ പരമാവധി തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതി ഏറ്റെടുത്ത് നടത്തുന്ന സർക്കാർ ഏജൻസികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി & സി) ബാധകമല്ല.

**ഗൃഹശ്രീ ഭവന പദ്ധതി**

269 (3801) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന നിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട് സ്വന്തമായി വീടില്ലാത്ത സാധാരണ ജനങ്ങൾക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കുമായി ഏതെങ്കിലും പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാന ഭവനനിർമ്മാണ ബോർഡ് വഴി നടപ്പിൽ വരുത്തിയ ഗൃഹശ്രീ ഭവന പദ്ധതിയിൽ നാളിതുവരെ എത്രമാത്രം തുക ചെലവഴിച്ചിട്ടുണ്ടെന്നും എത്രത്തോളം ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) മുൻസർക്കാരിന്റെ കാലത്ത് നടപ്പിൽ വരുത്തിയ ഗൃഹശ്രീ ഭവന പദ്ധതി കുറ്റമറ്റ രീതിയിൽ തുടർന്നും നടപ്പിൽ വരുത്തുന്നതിന് ആലോചിക്കുന്നുണ്ടോ;

വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) സ്വന്തമായി വീടില്ലാത്ത സാധാരണ ജനങ്ങൾക്കും സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്കുമായി സർക്കാർ നടപ്പിൽ വരുത്തുവാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. എല്ലാവർക്കും വീട് പദ്ധതി:

സംസ്ഥാനത്തെ ഭവനരഹിതരെ സഹായിക്കുന്നതിന് എല്ലാവർക്കും വീട് എന്ന ലക്ഷ്യത്തോടെയുള്ള പാർപ്പിട പദ്ധതിക്ക് മുൻ സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള "എല്ലാവർക്കും വീട്" എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. മുൻ സർക്കാർ പ്രഖ്യാപിച്ച എല്ലാവർക്കും വീട് പദ്ധതി പ്രകാരം ദുർബല വരുമാന വിഭാഗക്കാർക്കുള്ള 7000 വീടുകളുടെ നിർമ്മാണത്തിന് ഹഡ്കോ 231.84 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്.

2. സാർവത്രികമായ ഭവന നിർമ്മാണത്തിലൂടെ, ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് വച്ച് നൽകുന്നതിന് ഒരു പദ്ധതി സമാരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച ഗൃഹശ്രീ ഭവന പദ്ധതിക്കായി നാളിതുവരെ 4425 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിലൂടെ 1677 ഗുണഭോക്താക്കൾക്ക് വീട് നിർമ്മിച്ച് നൽകുകയും 941 ഗുണഭോക്താക്കളുടെ വീട് നിർമ്മാണം വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുവരികയുമാണ്.

(സി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**ഇരിയണ്ണി ദശലക്ഷം കോളനി**

270 (3802) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക്

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിലെ ഇരിയണ്ണി ദശലക്ഷം കോളനിയിൽ എത്ര കുടുംബങ്ങളാണ് താമസിക്കുന്നത്;

(ബി) ഇവിടുത്തെ വീടുകൾ എന്നാണ് പണിത് നൽകിയത്; ആയതിന് പിന്നീട് റിപ്പയർ ചെയ്യുന്നതിനോ പുനരുദ്ധാരണത്തിനോ തുക നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത വീടുകൾ ഏറെ ശോചനീയാവസ്ഥയിലാണുള്ളതെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) എങ്കിൽ വീടുകൾ പുതുക്കി പണിയുന്നതിനും നിലവിലുള്ള ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ മുളിയാർ പഞ്ചായത്തിലെ ഇരിയണ്ണി എന്ന സ്ഥലത്ത് നിർമ്മിച്ചിരിക്കുന്ന രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരമുള്ള ഹൗസിംഗ് കോംപ്ലക്സിൽ 37 വീടുകൾ നിർമ്മിക്കുകയും അവയിൽ 35 വീടുകൾ അലോട്ട് ചെയ്യുകയും ചെയ്തിട്ടുണ്ട്. 35 വീടുകളിലും ആളുകൾ താമസിക്കുകയാണ്. ബാക്കിയുള്ള 2 വീടുകളിൽ അനധികൃതമായി ആളുകൾ താമസിച്ചുവരുന്നു.

(ബി) ഈ വീടുകളുടെ നിർമ്മാണം 11-7-1994-ൽ ആരംഭിച്ച് 31-5-1996-ൽ പൂർത്തിയായി. ഇതിന്റെ അറ്റകുറ്റപ്പണികൾക്കോ പുനർ നിർമ്മാണത്തിനോ തുക നൽകിയിട്ടില്ല.

(സി) വീടൊന്നിന് 24,630 രൂപ ചെലവിൽ നിർമ്മിച്ച ഈ വീടുകൾക്ക് കുറഞ്ഞ സൗകര്യങ്ങൾ മാത്രമേയുള്ളൂ. 5 x 2.40 മീറ്റർ വലിപ്പത്തിലുള്ള ഒരു ഹാളും, 1.70 x 1.50 മീറ്റർ വലിപ്പത്തിലുള്ള ഒരു അടുക്കളയും പുറത്തുനിന്ന് പ്രവേശിക്കാൻ കഴിയുന്ന ഒരു ചെറിയ ടോയ്‌ലെറ്റും മാത്രമേ ഈ വീടുകൾക്കുള്ളൂ. വീടുകൾ പ്ലാസ്റ്റർ ചെയ്യാത്തവയും അടച്ചുറപ്പുള്ള ജനലുകൾ ഇല്ലാത്തവയുമാണ്. വീടൊന്നിന് സ്ഥല വിസ്തൃതി 3 സെന്റിൽ താഴെയാണ്.

(ഡി) പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**പാർപ്പിട പ്രശ്നം പരിഹരിക്കാനെടുത്ത നടപടികൾ**

271 (3803) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് :

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പാർപ്പിട പ്രശ്നം പൂർണ്ണമായി പരിഹരിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി 2016-17 ലെ പുതുക്കിയ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതിയുടെ രൂപരേഖ തയ്യാറായിട്ടുണ്ടോ ;

(ബി) നടപ്പുസാമ്പത്തിക വർഷം തന്നെ പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുമെന്നുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ എത്രത്തോളമായെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത്; ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള മതിപ്പ് ചെലവ് എത്രയെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമ പദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ ലക്ഷ്യം. പദ്ധതിയുടെ നടത്തിപ്പിനായി മുഖ്യമന്ത്രി അദ്ധ്യക്ഷനായി സംസ്ഥാനതല പാർപ്പിട മിഷനും മിഷന്റെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി ജില്ലാതല മിഷനും രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഭവനരഹിതരും ഭൂരഹിതരുമായവർ**

272 (3804) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭവനരഹിതരായവരുടെ ആകെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഭവനരഹിതരായവരിൽ എത്രപേർ ഭൂരഹിതരാണെന്ന് വ്യക്തമാക്കാമോ;

(സി) ഭവനരഹിതരും ഭൂരഹിതരുമായവർക്ക് അവ ലഭ്യമാക്കാനുള്ള എന്തെങ്കിലും പദ്ധതി ആലോചനയിലുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഭവനനിർമ്മാണത്തിനായി ആനുകൂല്യം ലഭിച്ചവർ തുക മതിയാകാതെവന്ന് ഇപ്പോഴും ഭവനരഹിതരായി കഴിയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇവർക്കായി എന്തെങ്കിലും പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ-സി) 2013-ലെ ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ 470606 ഭവനരഹിതരുണ്ട്. ഇതിൽ 179210 പേർ ഭവനരഹിതരും ഭൂരഹിതരുമാണ്. ഭൂരഹിതർക്കും ഭവനരഹിതർക്കുമായി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്ന താഴെപ്പറയുന്ന പദ്ധതികൾ നിലവിലുണ്ട് :

1. <u>എല്ലാവർക്കും വീട് പദ്ധതി</u> :

ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./ താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള "എല്ലാവർക്കും വീട്" എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് ഉത്തരവായിട്ടുണ്ട്. ദുർബല വരുമാന വിഭാഗക്കാർക്കുള്ള 7000 വീടുകളുടെ നിർമ്മാണത്തിന് ഹഡ്കോ 231.84 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്.

2. <u>സാഫല്യം ഭവന പദ്ധതി</u>:

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകിയും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന

സാഫല്യം ഭവന പദ്ധതി ബോർഡ് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

3. <u>2016-ലെ ബഹുമാനപ്പെട്ട ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിലൂടെ പ്രഖ്യാപിച്ച പുതിയ പദ്ധതി:</u>

സാർവത്രികമായ ഭവന നിർമ്മാണത്തിലൂടെ ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് വച്ച് നൽകുന്നതിന് ഒരു പദ്ധതി സമാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും അടുത്ത അഞ്ച് വർഷം കൊണ്ട് കേരളത്തിലെ എല്ലാ കുടുംബങ്ങൾക്കും വീടും ഭൂമിയും ഉറപ്പാക്കുക എന്ന ഉദ്ദേശത്തോടെ 'സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ' നടപ്പാക്കാനുദ്ദേശിക്കുന്നു.

**സമ്പൂർണ്ണ പാർപ്പിട പദ്ധതി**

273 (3805) <u>ശ്രീ. കെ. ബാബു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്വന്തമായി വീടും സ്ഥലവും ഇല്ലാത്ത കുടുംബങ്ങളെ സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) വീടും സ്ഥലവും ഇല്ലാത്തവർക്കായി നടപ്പിലാക്കാൻ പോകുന്ന പദ്ധതികൾ വിശദമാക്കുമോ ;

(സി) സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) 2013-ലെ ലാന്റ് റവന്യൂ ഡിപ്പാർട്ടുമെന്റിന്റെ കണക്കുകളനുസരിച്ച് സംസ്ഥാനത്ത് ആകെ 470606 ഭവനരഹിതരുണ്ട്. ഇതിൽ 179210 പേർ ഭവനരഹിതരും ഭൂരഹിതരുമാണ്.

(ബി) വീടും സ്ഥലവും ഇല്ലാത്തവർക്ക് താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്/നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് :

1. <u>എല്ലാവർക്കും വീട് പദ്ധതി</u> :

ഭൂരഹിതരായ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങൾക്കായി ബഹുനില അപ്പാർട്ട്മെന്റുകളും ഭൂമി സ്വന്തമായുള്ള ബി.പി.എൽ./

താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് പലിശ സബ്സിഡി നൽകുന്ന വായ്പകളും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ദരിദ്രരിൽ ദരിദ്രരായവർക്കായി ഒരു വാർഡിൽ ഒരു വീട് എന്ന പദ്ധതിയും ഉൾപ്പെടുത്തിക്കൊണ്ടുള്ള " എല്ലാവർക്കും വീട്" എന്ന പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യ ഘട്ടമായി സ്വന്തമായി ഭൂമിയുള്ള ബി.പി.എൽ. വിഭാഗക്കാർക്കായി 7000 വീടുകൾ നിർമ്മിക്കുന്ന പദ്ധതി ഭവന നിർമ്മാണ ബോർഡ് മുഖേന നടപ്പിലാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്. ദുർബല വരുമാന വിഭാഗക്കാർക്കുള്ള 7000 വീടുകളുടെ നിർമ്മാണത്തിന് ഹഡ്കോ 231.84 കോടി രൂപ അനുമതി നൽകിയിട്ടുണ്ട്.

2. <u>സാഫല്യം ഭവന പദ്ധതി</u>:

സമൂഹത്തിലെ ഭൂ-ഭവനരഹിതരായ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ വീതം സർക്കാർ സബ്സിഡി നൽകിയും സന്നദ്ധ സംഘടന/പഞ്ചായത്തിന്റെ സഹകരണത്തോടെയും ഫ്ലാറ്റുകൾ നിർമ്മിച്ച് നൽകുന്ന സാഫല്യം ഭവന പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിലൂടെ കൊല്ലത്ത് ചാത്തന്നൂരിൽ 48 ഫ്ലാറ്റുകളും എറണാകുളത്ത് ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകളും കോഴിക്കോട് ചേളന്നൂരിൽ 66 ഫ്ലാറ്റുകളും നിർമ്മിച്ചിട്ടുണ്ട്. പാലക്കാട് ലക്കിടി-പേരൂരിൽ 24 ഫ്ലാറ്റുകളുടെ നിർമ്മാണം നടന്നുവരുന്നു.

3. സാർവ്വത്രികമായ ഭവന നിർമ്മാണത്തിലൂടെ ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് വച്ച് നൽകുന്നതിന് ഒരു പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) സമ്പൂർണ്ണ പാർപ്പിട പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഫ്ലാറ്റുകൾ കൈമാറ്റം ചെയ്യുമ്പോഴുള്ള വില നിർണ്ണയം

274 (T* 3806) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫ്ലാറ്റുകൾ കൈമാറ്റം ചെയ്യുമ്പോൾ ഒരു എൻജിനീയറുടെ വിലനിർണ്ണയ

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

റിപ്പോർട്ട് വേണമെന്ന നിർദ്ദേശം നിലവിലുണ്ടോ;

(ബി) ഹൗസിംഗ് ബോർഡ് നിർമ്മിച്ച ഫ്ലാറ്റുകൾക്ക് ഹൗസിംഗ് ബോർഡിന്റെ എൻജിനീയർമാർ വില നിശ്ചയിച്ചാണോ വില്പന നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത ഫ്ലാറ്റുകൾ കൈമാറ്റം ചെയ്യുമ്പോൾ വീണ്ടും എൻജിനീയർമാർ വില നിശ്ചയിച്ച് നൽകണമെന്ന വ്യവസ്ഥയുണ്ടോ?

<u>ഉത്തരം</u>

(എ)കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് നിർമ്മിക്കുന്ന ഫ്ലാറ്റുകൾ അലോട്ട്മെന്റ് നടത്തുന്നത് ബോർഡ് നിശ്ചയിക്കുന്ന വിലകളുടെ അടിസ്ഥാനത്തിലാണ്.

(ബി&സി) ഹൗസിംഗ് ബോർഡ് നിർമ്മിക്കുന്ന ഫ്ലാറ്റുകൾക്ക് ഹൗസിംഗ് ബോർഡിന്റെ എഞ്ചിനീയർമാർ ശിപാർശ ചെയ്യുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോർഡ് വില നിശ്ചയിച്ചാണ് വിൽപ്പന നടത്തുന്നത്. ഫ്ലാറ്റുകൾ കൈമാറ്റം (വിലയാധാരം) ചെയ്യുമ്പോൾ വീണ്ടും വില നിശ്ചയിക്കുന്ന വ്യവസ്ഥ ബോർഡിൽ നിലവിലില്ല.

**ഭവനനിർമ്മാണ ബോർഡിലെ സാമ്പത്തിക പ്രതിസന്ധി**

275 (3807) <u>ശ്രീ. രാജു എബ്രഹാം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏഴ് ലക്ഷത്തോളം ജനങ്ങളുടെ പാർപ്പിട ആവശ്യങ്ങൾക്കായി പ്രവർത്തിച്ച സംസ്ഥാന ഭവന നിർമ്മാണ ബോർഡ് ഇപ്പോൾ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മുന്നൂറോളം സാങ്കേതിക /സാങ്കേതികേതര ജീവനക്കാർ നിലവിൽ പ്രവർത്തിക്കുന്ന ഭവന നിർമ്മാണ ബോർഡിനെ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കരകയറ്റുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിൽ വരുത്തുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) മുൻസർക്കാർ ഭവന നിർമ്മാണ ബോർഡിന് ഫണ്ട് നൽകുന്നതിനുദ്ദേശിച്ച് ആരംഭിച്ച ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ ഇപ്പോഴത്തെ അവസ്ഥയും ഇതിനായി ചെലവഴിച്ച തുകയും എന്തൊക്കെ പ്രവർത്തനങ്ങളാണ് ഇതിലൂടെ നടപ്പിലാക്കിയതെന്നും വിശദീകരിക്കാമോ ;

(സി) ഇതിന്റെ പ്രവർത്തനം തുടർന്നും നടപ്പിലാക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഭവനനിർമ്മാണ ബോർഡിനെ ഇപ്പോഴത്തെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറ്റുന്നതിനായി ഭവന നിർമ്മാണ ബോർഡിന്റെ ഉടമസ്ഥതയിലുള്ള വിവിധ സ്ഥലങ്ങളിൽ പാരസ്പര്യം മാതൃകയിൽ ഗുണഭോക്താക്കളിൽ

നിന്നും മുൻകൂറായി നിർമ്മാണത്തിനുള്ള തുക ശേഖരിച്ചുകൊണ്ട് നടപ്പിലാക്കുന്ന 12 ഭവന/വാണിജ്യ സമുച്ചയ പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന്റെ അനൗദ്യോഗിക മെമ്പർമാരെ നിയമിക്കുന്ന കാര്യത്തിൽ സർക്കാർ തീരുമാനം കൈക്കൊണ്ടിട്ടില്ല. കോർപ്പറേഷന്റെ ഫയലുകൾ കൈകാര്യം ചെയ്തുകൊണ്ടിരുന്ന സീനിയർ സൂപ്രണ്ട് ഡെപ്യൂട്ടേഷൻ കാലാവധി അവസാനിച്ചതിനാൽ മാതൃവകുപ്പിലേയ്ക്ക് തിരികെ പോയി. കോർപ്പറേഷൻ രൂപീകരിക്കുന്നതിനായി ചെലവഴിച്ച തുകയും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**സാർവ്വത്രികമായ ഭവനനിർമ്മാണം**

276 (3808) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാർവ്വത്രികമായ ഭവനനിർമ്മാണത്തിലൂടെ ഭൂരഹിതർക്കും ഭവനരഹിതർക്കും സമയബന്ധിതമായി വീട് വച്ചുനൽകുന്നതിന് ഒരു പദ്ധതി സർക്കാർ ആരംഭിക്കുമെന്ന് പ്രസ്താവിച്ച പ്രകാരം ഇതിനായി നാളിതുവരെ പൂർത്തിയാക്കിയ നടപടികൾ വിശദമാക്കുമോ;

(ബി) ഈ പദ്ധതി എന്ന് നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(സി) പാവപ്പെട്ട ജനങ്ങൾക്ക് വളരെ ഉപകാരപ്രദമാകുമെന്ന് കണക്കാക്കുന്ന ഈ പദ്ധതി ഉടനെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) കേരളത്തിന്റെ സമഗ്ര വികസനത്തിനുവേണ്ടി സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി ഉൾപ്പെടെ നാല് ബൃഹത് പദ്ധതികൾ 5 വർഷം കൊണ്ട് ജനപങ്കാളിത്തത്തോടെ മിഷൻ മാതൃകയിൽ നടപ്പിലാക്കാൻ തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഭൂരഹിതരായ ഭവനരഹിതർക്കും സ്വന്തമായി തൊഴിൽ ചെയ്ത് ഉപജീവനം നിർവ്വഹിക്കുന്നതിനും സമൂഹത്തിന്റെ നടത്തിപ്പിനും നിലനിൽപ്പിനും ഭാഗഭാക്കാകുവാനും സാമ്പത്തിക സേവനങ്ങൾ ഉൾപ്പെടെ എല്ലാ സാമൂഹിക ക്ഷേമപദ്ധതികളുടെയും പ്രയോജനം ലഭ്യമാക്കുന്നതിനും ഉതകുന്ന തരത്തിലുള്ള സുരക്ഷിതത്വവും മാന്യവുമായ വീടുകൾ ലഭ്യമാക്കുക എന്നതാണ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയുടെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ലക്ഷ്യം. പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉൾനാടൻ മത്സ്യകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ**

277 (3809) ശ്രീ. ബി. സത്യൻ :
ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി പദ്ധതിയുണ്ടെങ്കിൽ അതിന്റെ വിശദാംശം നൽകുമോ ;

(ബി) മത്സ്യകൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ; അവയ്ക്ക് പരിഹാരം കാണാനായി ശ്രമം ഉണ്ടാകുമോയെന്നറിയിക്കുമോ;

(സി) ആവശ്യാനുസരണം മത്സ്യവിത്ത് ലഭ്യമാക്കാനായി ഹാച്ചറികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) പല നാടൻ മത്സ്യ ഇനങ്ങളുടെയും ശോഷണത്തിന് കാരണം കണ്ടെത്തി അത് പരിഹരിക്കാൻ സാധിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഉൾനാടൻ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനായി ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സംസ്ഥാനത്തെ മത്സ്യകർഷകർ നേരിടുന്ന പ്രധാന പ്രശ്നം മത്സ്യക്കുഞ്ഞുങ്ങൾ, മത്സ്യത്തീറ്റ എന്നിവയുടെ ലഭ്യതക്കുറവാണ്. മത്സ്യക്കുഞ്ഞുങ്ങളുടെ കുറവ് പരിഹരിക്കുന്നതിനായി സർക്കാർ ഹാച്ചറികളിലെ ഉത്പാദനം വർദ്ധിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. മത്സ്യത്തീറ്റയുടെ ലഭ്യത പരിഹരിക്കുന്നതിനായി അഡാക്കിന്റെ മേൽനോട്ടത്തിൽ ഒരു മത്സ്യത്തീറ്റ ഫാക്ടറി ആരംഭിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഇവയ്ക്കുപുറമേ പ്രകൃതിക്ഷോഭം, രോഗബാധ എന്നിവ മുഖേനയുണ്ടാകുന്ന കൃഷി നാശം, മാർക്കറ്റിംഗ് സംവിധാനത്തിന്റെ അഭാവം എന്നിവ മത്സ്യകർഷകരെ ബാധിക്കുന്ന വലിയ പ്രശ്നങ്ങളാണ്. മത്സ്യസമൃദ്ധി പദ്ധതി മുഖാന്തരം നടപ്പിലാക്കുന്ന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സൗജന്യ ഇൻഷുറൻസ് പദ്ധതി, ഈ പ്രശ്നങ്ങളിൽ ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ സാധിക്കുന്നു. മാർക്കറ്റിംഗ് രംഗത്ത് മത്സ്യഫെഡിന്റെ ഇടപെടൽ വർദ്ധിപ്പിക്കാനും ഉദ്ദേശിക്കുന്നു :

(സി) ഉണ്ട്. എറണാകുളം ഭ്രതത്താൻകെട്ട്, വയനാട് തളിപ്പുഴ, വെസ്റ്റ് കല്ലട, കൊല്ലം കുളത്തുപ്പുഴ എന്നീ സ്ഥലങ്ങളിൽ മത്സ്യവിത്ത് ലഭ്യമാക്കാനായി ഹാച്ചറികൾ സ്ഥാപിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ട്.

(ഡി) നാടൻ മത്സ്യ ഇനങ്ങളുടെ ശോഷണത്തിന് താഴെപ്പറയുന്നവയാണ് പ്രധാന കാരണങ്ങൾ.

1. പരിസ്ഥിതി നശീകരണം.
2. അശാസ്ത്രീയ മത്സ്യബന്ധന മാർഗ്ഗങ്ങൾ
3. നദികളിലെ മണൽവാരൽ (habitat modification)
4. ജല മലിനീകരണം.
5. കണ്ടൽക്കാടുകളുടെ നശീകരണം.
6. മത്സ്യരോഗ വ്യാപനം
7. വിദേശ മത്സ്യങ്ങളുടെ കടന്നുകയറ്റം.
8. വിദേശ ജലസസ്യങ്ങളുടെ വ്യാപനം.

നാടൻ മത്സ്യങ്ങളുടെ ശോഷണം പരിഹരിക്കാൻ സാധിക്കുന്നതാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ചിട്ടുണ്ട്.

**തൃക്കരിപ്പൂർ മണ്ഡലത്തിലെ കല്ലുമ്മക്കായ കൃഷി**

278 (3810) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ലുമ്മക്കായ കൃഷിയിൽ ഏഷ്യയിലെ തന്നെ ഏറ്റവും പ്രധാന കേന്ദ്രമായ തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പ, പടന്ന, മാടക്കാൽ, ഇടയിലക്കാട്, തൃക്കരിപ്പൂർ ഗ്രാമങ്ങളിൽ ഇതുകൊണ്ട് ഉപജീവനം നടത്തുന്ന 5000-ൽ അധികം വരുന്ന കർഷകരെ സഹായിക്കാൻ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ബി) വിത്തുവാങ്ങുന്നത് മുതൽ വിളവെടുപ്പ് വരെ ഇടത്തട്ട് ചൂഷണം ഒഴിവാക്കുന്നതിനും സംഭരണം, ശീതീകരണം, മൂല്യവർദ്ധനവ് എന്നിവയ്ക്കും പൊതുമേഖലയിൽ ഒരു സംരംഭം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) നിലവിൽ മത്സ്യസമൃദ്ധി പദ്ധതിവഴി കല്ലുമ്മക്കായ കർഷകർക്ക് ഒരു യൂണിറ്റിന് ($25m^2$ വിസ്തൃതിയിൽ 100 മീറ്റർ ദൈർഘ്യമുള്ള റോപ്പിൽ വിത്ത് നിക്ഷേപിക്കുന്നത് ഒരു യൂണിറ്റായി കണക്കാക്കുന്നു). 5,000 രൂപ തോതിൽ ആനുകൂല്യം അനുവദിച്ച് വരുന്നുണ്ട്. വ്യക്തികൾക്ക് പരമാവധി ഒരു യൂണിറ്റും ഗ്രൂപ്പുകൾക്ക് പരമാവധി 5 യൂണിറ്റ് വരെയുമാണ് മേൽപ്പറഞ്ഞ ആനുകൂല്യം അനുവദിച്ച് വരുന്നത്. 2015-16 വർഷത്തിൽ ആകെ 795 വ്യക്തികളും 165 ഗ്രൂപ്പുകളും ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്. 2016-17 വർഷത്തിലും ഇതേ പദ്ധതി തുടരുന്നുണ്ട്.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

**മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ**

279 (3811) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവകൾക്കും അനുബന്ധത്തൊഴിലാളികൾക്കും വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഏതെല്ലാം ക്ഷേമ പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ; ഈ പദ്ധതികൾ നടപ്പിലാക്കുന്ന ഏജൻസികൾ ഏതാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതികൾ മുഖേനയും അല്ലാതെയും മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവകൾക്കും അനുബന്ധത്തൊഴിലാളികൾക്കും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ; പ്രസ്തുത ആനുകൂല്യങ്ങൾ എപ്പോൾ എങ്ങനെയാണ് ലഭിക്കുക എന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് നേരിട്ട് വിവിധ പദ്ധതികളായ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ, ആരോഗ്യ പരിപാലന പദ്ധതികൾ, മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ പ്രോത്സാഹന പദ്ധതികൾ, സമ്പാദ്യ സമാശ്വാസ പദ്ധതി, ഭവന പുനരുദ്ധാരണ പദ്ധതി, ഭവനനിർമ്മാണ പദ്ധതി, ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമി വാങ്ങുന്ന പദ്ധതി, സ്ത്രീ ശാക്തീകരണ പദ്ധതി തുടങ്ങി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ വകുപ്പിന്റെ കീഴിലുള്ള ഏജൻസികളായ മത്സ്യബോർഡ്, സാഫ്, മത്സ്യഫെഡ്, കേരള തീരദേശ

വികസന കോർപ്പറേഷൻ മുഖേനയും വിവിധ ക്ഷേമ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ബി) മത്സ്യത്തൊഴിലാളികൾക്കും മത്സ്യത്തൊഴിലാളി വിധവകൾക്കും അനുബന്ധ തൊഴിലാളികൾക്കും ലഭ്യമാകുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ

280 (3812) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ മത്സ്യബന്ധന വകുപ്പിനുവേണ്ടി എന്തെല്ലാം പ്രവൃത്തികളാണ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ ഗുണനിലവാരമില്ലാത്തതും ഉപയോഗശൂന്യവുമാണെന്ന് ധനകാര്യ വകുപ്പിന്റെ പരിശോധനാ വിഭാഗം കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കെ.എസ്.സി.എ.ഡി.സി. ഏത് വർഷം മുതലുള്ള പ്രോജക്ടുകൾ പൂർത്തീകരിക്കാൻ ബാക്കിയുണ്ടെന്നും അവയുടെ മൊത്തം അടങ്കൽ തുക എത്രയെന്നും അറിയിക്കാമോ; ഈ തുകയിൽനിന്ന് പലിശ ഇനത്തിൽ എത്ര തുക ലഭിച്ചുവെന്നും ഇത് ഏത് ആവശ്യത്തിനാണ് ഉപയോഗിച്ചതെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) തീരദേശ വികസന കോർപ്പറേഷൻ തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായുള്ള വിവിധ പദ്ധതികൾ (പ്രധാനമായും അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ) നടപ്പിലാക്കിവരുന്നു. ചില പ്രധാന പദ്ധതികൾ താഴെപ്പറയുന്നു :

1. മാതൃകാ മത്സ്യഗ്രാമ പദ്ധതി
2. സംയോജിത മത്സ്യഗ്രാമ വികസന പദ്ധതി
3. ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

4. മത്സ്യമാർക്കറ്റുകളുടെ ആധുനികവൽക്കരണം
5. തീരദേശ സാമൂഹിക അടിസ്ഥാന സൗകര്യ വികസന പദ്ധതി.
6. സമഗ്ര തീരദേശ വികസന പദ്ധതി.
7. ഭൂരഹിതർക്ക് ഭവന പദ്ധതി.
8. ബേസിക് ഇൻഫ്രാസ്ട്രക്ചർ ഫെസിലിറ്റീസ് ആന്റ് ഹ്യൂമൺ ഡെവലപ്പ്മെന്റ് ഓഫ് ഫിഷർഫോക്ക്.

(ബി) തിരുവനന്തപുരം ജില്ലയിലെ നബാർഡ് ധനസഹായത്തോടെ നടപ്പിലാക്കുന്ന ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതി ട്രാഞ്ചേ 17-ൽ ഉൾപ്പെട്ട 3 ഫിഷ് ലാന്റിംഗ് സെന്ററുകൾ നിർമ്മാണം പൂർത്തീകരിച്ച് അതാത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിരുന്നുവെങ്കിലും പൂർണ്ണമായ രീതിയിൽ ഉപയോഗിക്കുന്നില്ലായെന്ന് 2014 ഡിസംബർ, 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ പരിശോധനയിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗം കണ്ടെത്തിയിരുന്നു. പദ്ധതികൾ ഗുണനിലവാരമില്ലാത്തതാണെന്ന് കണ്ടെത്തിയിട്ടില്ല.

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫിഷ് ലാന്റിംഗ് സെന്ററുകളുടെ തുടർ നടത്തിപ്പും പരിപാലനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്നതിനാൽ 3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറിമാരെ ഉൾപ്പെടുത്തി ചർച്ച നടത്തുകയും ഫിഷ് ലാന്റിംഗ് സെന്ററുകൾ പ്രവർത്തനക്ഷമമാക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തു.

(ഡി) കെ.എസ്.സി.എ.ഡി.സി. വഴി 2011-12 മുതൽ 2016-17 സാമ്പത്തിക വർഷം വരെ ഭരണാനുമതി നൽകിയ പദ്ധതികളിൽ 141 പദ്ധതികളുടെ നിർവ്വഹണം പുരോഗമിക്കുകയും 108 പദ്ധതികളുടെ നിർവ്വഹണം ആരംഭഘട്ടത്തിലുമാണ്. 2011-12 മുതൽ 2016-17 വരെയുള്ള പദ്ധതികളുടെ മൊത്തം അടങ്കൽ തുക 27,287.88 ലക്ഷം രൂപയാണ്. മേൽ പദ്ധതികൾക്ക് ഫിഷറീസ് വകുപ്പിൽ നിന്നും അനുവദിച്ച ഫണ്ട് തീരദേശ വികസന കോർപ്പറേഷന്റെ ടി.എസ്.ബി. അക്കൗണ്ടിൽ ആണ് നിക്ഷേപിച്ചിരിക്കുന്നത്. ആയതിനാൽ പലിശയിനത്തിൽ തുകയൊന്നും ലഭിച്ചിട്ടില്ല.

## പൊതുജലാശയങ്ങളിലും കുളങ്ങളിലും മത്സ്യകൃഷി

281 (3813) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതു ജലാശയങ്ങളിലും, കുളങ്ങളിലും മത്സ്യകൃഷി ആരംഭിക്കാൻ എന്തെല്ലാം സഹായങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സഹായങ്ങൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം;

(സി) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കാൻ പുതിയ പദ്ധതികൾ പരിഗണന യിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതു ജലാശയങ്ങളിലും കുളങ്ങളിലും മത്സ്യകൃഷി നടത്തുന്നതിന് മത്സ്യസമൃദ്ധി പദ്ധതി മുഖേനയും, മത്സ്യകർഷക വികസന ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾക്ക് കർഷകർക്ക് ആനുകൂല്യം നൽകിവരുന്നു. നൂതന മത്സ്യകൃഷി രീതികളിൽ ഉൾപ്പെടുത്തി മത്സ്യകൃഷി ഡെമോൺസ്ട്രേഷൻ യൂണിറ്റുകൾ നടപ്പാക്കു ന്നതിനായി നടപടി സ്വീകരിച്ചുവരുന്നു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) സ്വന്തമായോ, പാട്ടത്തിനെടുത്തതോ ആയ ജലാശയങ്ങളുള്ള വ്യക്തിഗത കർഷകർ, കർഷക ഗ്രൂപ്പുകൾ, കർഷകരുടെ സഹകരണ സംഘങ്ങൾ, പാടശേഖര സമിതികൾ, എൻ.ജി.ഒ.കൾ, ജലസ്രോതസ്സുള്ള മറ്റ് വകുപ്പുകൾ തുടങ്ങിയവർക്ക് അപേക്ഷിക്കാം. അപേക്ഷകരുടെ യോഗ്യത ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥർ പരിശോധിച്ച് പഞ്ചായത്ത് ലെവൽ സ്റ്റിയറിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുന്നു. തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റ് ചെയർമാനും മത്സ്യഭവൻ ആഫീസർ കൺവീനർ ആയുള്ള (പി.എൽ.എസ്.സി.) കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ ഫിഷറീസ് ഓഫീസർ കൺവീനറുമായ കമ്മിറ്റി (ഡി.എൽ.എസ്.സി.) പരിശോധിച്ച് അംഗീകാരം നൽകുന്നു.

(സി) മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതികളായി കരിമീൻ മിനി ഹാച്ചറികൾ, മാതൃകാ മത്സ്യകുളം സ്ഥാപിക്കൽ, നൂതന കൃഷി രീതികളായ ഓരുജല മത്സ്യകൃഷി, സമുദ്ര ജല കൂടുകൃഷി, ഓരുജല കൂടുകൃഷി, കാറ്റ്ഫിഷ് ഫാമിംഗ്, റിസർ വോയറിലെ കൂടുകൃഷി, SPF കാര കൃഷി, നാരൻ ചെമ്മീൻ/ആറ്റുകൊഞ്ച് കൃഷി, റീ സർക്കുലേറ്ററി അക്വാ സിസ്റ്റം (RAS), ഗിഫ്റ്റ് തിലാപ്പിയ കൾച്ചർ, കല്ലുമ്മക്കായ് കൃഷി എന്നിവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വകരിച്ചുവരുന്നു.

**പുതിയ മത്സ്യബന്ധന തുറമുഖങ്ങൾ**

282 (3814) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

24-6-2016-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ കേന്ദ്ര സർക്കാരിന്റെ അനുമതിയോടുകൂടി പുതിയ മത്സ്യബന്ധ തുറമുഖങ്ങൾ ഈ വർഷം ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ഇതുസംബന്ധിച്ച നടപടികൾ ഏതുഘട്ടം വരെയായി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

എന്ന് വിശദമാക്കുമോ ?

<u>ഉത്തരം</u>

പ്രഖ്യാപിച്ചിരുന്നു. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് 12 പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ അന്വേഷണ ഗവേഷണ പഠനങ്ങൾ നടത്തിവരുന്നുണ്ട്. തിരുവനന്തപുരം ജില്ലയിലെ വലിയതുറ, പൂന്തുറ, വർക്കല ചിലക്കൂർ, പൊഴിയൂർ, കൊല്ലം ജില്ലയിലെ സൗത്ത് പരവൂർ, ആലപ്പുഴ ജില്ലയിലെ പുന്നപ്ര, തൃക്കുന്നപ്പുഴ, തൃശ്ശൂർ ജില്ലയിലെ കൈപ്പമംഗലം, മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി, കോഴിക്കോട് ജില്ലയിലെ കുരിയാടി, കണ്ണൂർ ജില്ലയിലെ പുതിയങ്ങാടി, കാസർഗോഡ് ജില്ലയിലെ അജാനൂർ കടപ്പുറം എന്നിവയാണ് പഠനം നടക്കുന്നവ. മേൽ പരാമർശിച്ചവയിൽ മാതൃകാ പഠനം പൂർത്തിയാക്കി പരിസ്ഥിതി ആഘാത പഠനം വിവിധ ഘട്ടങ്ങളിലായി പൂർത്തികരിച്ചു വരുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(i) തിരുവനന്തപുരം ജില്ലയിലെ വലിയതുറ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ, പാരിസ്ഥിതിക പഠനം, മാതൃകാ പഠനം എന്നിവ പൂർത്തീകരിക്കുകയും Pollution Control Board-ന്റെ നോ ഒബജക്ഷൻ സർട്ടിഫിക്കറ്റ്, KCZMA-യിൽ നിന്നും CRZ ക്ലിയറൻസ് എന്നിവ ലഭ്യമായിട്ടുണ്ട്. ഇതിൻ പ്രകാരം ലേ ഔട്ട് തയ്യാറാക്കി പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ii) തിരുവനന്തപുരം ജില്ലയിലെ പൂന്തുറ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പഠനം പുരോഗമിക്കുകയാണ്. പദ്ധതിക്കുവേണ്ടി CRZ ക്ലിയറൻസ്, Pollution Control Board-ന്റെ എൻ.ഒ.സി. എന്നിവ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ മത്സ്യബന്ധന തുറമുഖം നിർമ്മിക്കാനുദ്ദേശിക്കുന്ന ലൊക്കേഷൻ മാറ്റണമെന്നുള്ള പ്രദേശവാസികളുടെ അഭ്യർത്ഥനപ്രകാരം പുതിയ സ്ഥലത്ത് ഹാർബർ നിർമ്മിക്കുന്നതിന് CWPRS-ൽ നിന്നും ലഭ്യമായ പുതുക്കിയ എസ്റ്റിമേറ്റ് പരിശോധിച്ചുവരികയാണ്.

(iii) തിരുവനന്തപുരം ജില്ലയിലെ വർക്കല ചിലക്കൂർ മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായി ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പഠനം സംബന്ധിച്ച ഫൈനൽ റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. CRZ ക്ലിയറൻസ്

ലഭ്യമാക്കുന്നതിനായി അപേക്ഷ KCZMA-യ്ക്ക് നൽകുകയും ആയതിനുവേണ്ടി 10 ലക്ഷം രൂപ KCZMA ആവശ്യപ്പെട്ടിട്ടുമുണ്ട്. പുലിമുട്ടുകൾ നിർമ്മിക്കാനുദ്ദേശിക്കുന്ന സ്ഥലത്തെ CLIFF പുലിമുട്ട് നിർമ്മാണത്തെ ബാധിക്കുമോയെന്ന് പരിശോധിച്ച് വ്യക്തമായ റിപ്പോർട്ട് നൽകുവാൻ CWPRS-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. Pollution Control Board-ന്റെ അനുമതിക്കായുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്.

(iv) മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തിനായുള്ള ഇൻവെസ്റ്റിഗേഷൻ, മാതൃകാ പഠനം എന്നിവ പൂർത്തീകരിച്ചിട്ടുണ്ട്. പാരിസ്ഥിതിക പഠനം പൂർത്തീകരണ ഘട്ടത്തിലാണ്. എന്നാൽ നിലവിൽ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ നിൽക്കുന്നവയുടെ പൂർത്തീകരണത്തിനും നിർമ്മാണം പൂർത്തീകരിച്ചവയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പാക്കുന്നതിനുമാണ് ഈ സർക്കാർ മുൻഗണന നൽകുന്നത്.

## തീരദേശ പരിപാലന നിയമം

283 (3815) ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ പരിപാലന നിയമംമൂലം, സംസ്ഥാനത്ത് എല്ലാ മത്സ്യ തൊഴിലാളികൾക്കും നിലവിലുള്ള സ്ഥലത്ത് സുരക്ഷിത വീടുകൾ നിർമ്മിക്കുന്നതിന് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടോ;

(ബി) എങ്കിൽ ആവശ്യമായ മാറ്റങ്ങളോടെ സ്വപ്ന ഭവന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ & ബി) 2011-ൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ച തീരദേശ നിയന്ത്രണ വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികളടക്കമുള്ള തീരദേശവാസികൾക്ക് ഭവനം ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനും ലൈസൻസ് ലഭിക്കുന്നതിനും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. തീരദേശവാസികൾ അനുഭവിക്കുന്ന ഇത്തരം പ്രശ്നങ്ങൾക്ക് സ്ഥായിയായ പരിഹാരം കാണുന്നതിനും അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഉതകുന്ന തരത്തിൽ 2011-ലെ വിജ്ഞാപനത്തിൽ ഇളവുകൾ അനുവദിക്കുന്നതിന്

കേന്ദ്ര സർക്കാരിലേക്ക് പ്രൊപ്പോസൽ നൽകിയിട്ടുണ്ട്. എന്നാൽ തീരദേശ നിയന്ത്രണ വിജ്ഞാപനത്തിൽ സംസ്ഥാനം ആവശ്യപ്പെട്ട ഇളവുകൾ അനുവദിക്കുന്നത് പരിശോധിക്കുന്നതിന് സംസ്ഥാനത്തിന്റെ സമഗ്രതീരദേശ മാനേജ്മെന്റ് പ്ലാൻ (ICZM) തയ്യാറാക്കി സമർപ്പിക്കേണ്ടതായിരുന്നെന്ന് അറിയിച്ചിട്ടുണ്ട്. അതിൻപ്രകാരം സംസ്ഥാനത്തിന് ഒരു സമഗ്രതീരദേശ പരിപാലന പദ്ധതി (ICZMP) തയ്യാറാക്കുന്നതിൽ മത്സ്യമേഖലയുടെ കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിന് പ്രാരംഭ പ്രവർത്തനമായി 2016 ആഗസ്റ്റ് 10, 11 തീയതികളിൽ ബന്ധപ്പെട്ട ജനപ്രതിനിധികൾ, മത്സ്യത്തൊഴിലാളി പ്രതിനിധികൾ, രാഷ്ട്രീയ പ്രതിനിധികൾ, സന്നദ്ധ സംഘടന പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ ഉൾപ്പെടുത്തി ശിൽപശാല സംഘടിപ്പിക്കുകയുണ്ടായി. ഈ ശില്പശാല നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് സംസ്ഥാനത്തിന്റെ ICZMP-യിൽ ഉൾപ്പെടുത്തേണ്ട മത്സ്യമേഖല കാഴ്ചപ്പാട് നിർദ്ദേശിക്കാൻ ഒരു കർമ്മ സമിതിയെ നിയോഗിച്ചിട്ടുണ്ട്. ടി കർമ്മ സമിതി തയ്യാറാക്കുന്ന വിശദമായ രേഖ ICZMP-യിലേക്ക് പരിഗണിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിന് നൽകുന്നതാണ്. ഇക്കാര്യങ്ങളെല്ലാം കണക്കിലെടുത്ത് മത്സ്യത്തൊഴിലാളികൾക്കായി ഒരു സമഗ്ര ഭവന നിർമ്മാണ പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

## സൗജന്യ മത്സ്യക്കുഞ്ഞ് വിതരണം

284 (3816) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിൽ ഫിഷറീസ് വകുപ്പ് പഞ്ചായത്തുകൾ മുഖേന നടത്തിയ മത്സ്യക്കുഞ്ഞ് വിതരണം പൂർണ്ണമായി നടന്നിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

പാലക്കാട് ജില്ലയിൽ മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ പഞ്ചായത്തുകൾക്കും അപേക്ഷ പ്രകാരം മത്സ്യക്കുഞ്ഞ് വിതരണം നടത്തിയിട്ടുണ്ട്.

## നൂറനാട്-ചുനക്കര ബണ്ട് റോഡ്

285 (3817) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട് - ചുനക്കര ബണ്ട് റോഡ് ഫിഷറീസ് വകുപ്പ് മുഖേന നവീകരിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എസ്റ്റിമേറ്റ് തുക എത്രയാണെന്ന് അറിയിക്കാമോ; ഈ ബണ്ട് റോഡിന് അടിയന്തരമായി ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ നൂറനാട്-ചുനക്കര (പുലിമേൽ ചിറക്കര) ബണ്ട് റോഡ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയുടെ അംഗീകൃത ലിസ്റ്റിൽ ഉൾപ്പെട്ടതല്ല. എന്നാൽ മാവേലിക്കര എം.എൽ.എ.-യുടെ ആവശ്യപ്രകാരം ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നു. ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക ഏകദേശം 95.00 ലക്ഷം രൂപ വരുന്നുണ്ട്. എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## ഫിഷറീസ് വകുപ്പ് പദ്ധതികളുടെ ഫണ്ടിന്റെ കാസർഗോഡ് ജില്ലയിലെ വിനിയോഗം

286 (3818) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തീരദേശ മേഖലയിൽപ്പെടുന്ന പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ഫണ്ട് തീരദേശ മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലുമല്ലാതെ മറ്റേതെങ്കിലും പഞ്ചായത്തുകളിൽ കഴിഞ്ഞ സർക്കാറിൻെറ കാലത്ത് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര തുക, ഏതൊക്കെ ഇനത്തിൽ, ഏതൊക്കെ പഞ്ചായത്തുകളിൽ അനുവദിക്കുകയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലയിലെ പഞ്ചായത്തുകൾ :

വലിയപറമ്പ്, തൃക്കരിപ്പൂർ, പടന്ന, ചെറുവത്തൂർ, അജാനൂർ, പള്ളിക്കര, ഉദുമ, ചെമ്മനാട്, മൊഗ്രാൽ, പുത്തൂർ, കുമ്പള, മംഗൽപാടി, മഞ്ചേശ്വരം.

കാസർഗോഡ് ജില്ലയിലെ തീരദേശ മേഖലയിലെ മുനിസിപ്പാലിറ്റികൾ :

നീലേശ്വരം, കാഞ്ഞങ്ങാട്, കാസർഗോഡ്.

(ബി) മത്സ്യകർഷകർക്ക് തീരദേശ പഞ്ചായത്തുകൾ കൂടാതെ ഉൾനാടൻ പഞ്ചായത്തുകളിലും മുൻസിപ്പാലിറ്റികളിലും മത്സ്യകൃഷി നടത്തുന്നതിനുള്ള സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. കൂടാതെ മത്സ്യകർഷകർക്ക് പരിശീലനവും മത്സ്യ കുഞ്ഞുങ്ങളുടെ സൗജന്യമായി വിതരണവും ഫിഷറീസ് വകുപ്പ് നടത്തിയിട്ടുണ്ട്.

(സി) വെസ്റ്റ് എളേരി ഗ്രാമപഞ്ചായത്ത് മത്സ്യകർഷക ക്ലബിന് അടിസ്ഥാന സൗകര്യ വികസനത്തിനായി 5 ലക്ഷം രൂപ ഫിഷറീസ് വകുപ്പ് അനുവദിച്ചിട്ടുണ്ട്.

## പ്രകൃതിക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങളും ഉപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് സഹായങ്ങൾ

287 (3819) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. വിൻസെന്റ് :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ക്ഷോഭത്തിൽ മത്സ്യബന്ധനയാനങ്ങളും ഉപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അവർക്ക് നഷ്ടപ്പെട്ട മത്സ്യബന്ധന ഉപകരണങ്ങൾക്കു പകരം വാങ്ങുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രകൃതിക്ഷോഭം, മറ്റ് അപകടങ്ങൾ എന്നിവമൂലം യാനങ്ങളും ഉപകരണങ്ങളും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകുന്നത് SDRF/NDRF-ൽ നിന്നും ജില്ലാ കളക്ടർ മുഖേനയാണ്. കൂടാതെ ശക്തമായ കടൽക്ഷോഭത്തെ തുടർന്ന് ഈ മഴക്കാലത്ത് വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട സംഘങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. മത്സ്യഫെഡിൽനിന്നും ലോൺ എടുത്ത് യാനവും എഞ്ചിനും വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് നിലവിൽ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) ഈ മഴക്കാലത്ത് വള്ളം, വല തുടങ്ങിയ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട സംഘങ്ങൾക്ക് (Groups) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും

ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവായിട്ടുണ്ട്. നഷ്ടപ്പെട്ട മത്സ്യബന്ധനോപാധികൾക്ക് പകരം മത്സ്യബന്ധനോപകരണങ്ങൾ മത്സ്യത്തൊഴിലാളികൾക്ക് നൽകുവാൻ സഹായകരമായ ഒരു പദ്ധതി പുതിയതായി ആവിഷ്കരിച്ച് മത്സ്യഫെഡ് മുഖേന നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

## പെലാജിക് വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം

288 (3820) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത്"പെലാജിക്"വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നടത്തുന്നതുമൂലം മത്സ്യ സമ്പത്തിൽ നാശം സംഭവിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വലകൾ തദ്ദേശീയരായ മത്സ്യബന്ധന തൊഴിലാളികൾ ഉപയോഗിക്കേണ്ടിവന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ;

(സി) ഇത്തരം വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നതുമൂലം ഉണ്ടാകുന്ന തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

### ഉത്തരം

(എ) ഉണ്ട്. KMFR Act 1980-ഉം ചട്ടങ്ങളും പ്രകാരം പെലാജിക് നെറ്റുകൾ ഉപയോഗിച്ച് ചെറുമത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് മത്സ്യസമ്പത്തിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 14 ഇനം മത്സ്യങ്ങളെ പിടിക്കുന്നത് നിയമംമൂലം നിരോധിച്ചിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിരോധിത വലകൾ ഉപയോഗിച്ച് മത്സ്യബന്ധനം നടത്തുന്നത് ശ്രദ്ധയിൽപ്പെടുന്നതനുസരിച്ച് കെ.എം.എഫ്.ആർ. ആക്ട് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) നിരോധിത വലകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനവും അതുമൂലമുള്ള തർക്കങ്ങളും പരിഹരിക്കുന്നതിന് ഇംപൗണ്ടിംഗ് കർശനമാക്കുകയും കടൽ പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത് ലംഘിക്കുന്നവർക്ക് പിഴ ചുമത്താറുണ്ട്.

## അഴീക്കോട് മാരിടൈം കോളേജിന്റെ നിർമ്മാണം

289 (3821) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃശ്ശൂർ ജില്ലയിലെ അഴീക്കോട് മാരിടൈം കോളേജിന്റെ നിർമ്മാണം എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ; ഇവിടെ എന്തെല്ലാം കോഴ്സുകളാണ് തുടങ്ങാനുദ്ദേശിക്കുന്നത്; ഇതുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും ലഭ്യമാക്കുമോ?

ഉത്തരം

തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ (അഴീക്കോട്) മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ആയതിന്റെ ഉത്ഘാടനം 11-7-2015-ൽ നിർവ്വഹിക്കുകയും ചെയ്തു. കൊടുങ്ങല്ലൂർ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ താഴെപ്പറയുന്ന കോഴ്സുകൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ട് :

| നമ്പർ | | കോഴ്സ് | കാലാവധി | പങ്കെടുക്കാവുന്നവരുടെ എണ്ണം |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| I | | പ്രീ-സീ കോഴ്സുകൾ | | |
| | 1 | ജി.പി. റേറ്റിംഗ് (എഫ്.ജി.) (2 ബാച്ചുകൾ) | 6 മാസം | 80 |
| | 2 | സലൂൺ റേറ്റിംഗ് (എഫ്.ജി.) (ഒരു ബാച്ച്) | 6 മാസം | 40 |
| (1) | (2) | (3) | (4) | (5) |
| II | | പ്രിപ്പറേറ്ററി കോഴ്സുകൾ | | |
| | 1 | ഇൻലാന്റ് മാസ്റ്റർ ക്ലാസ് I (2 ബാച്ചുകൾ) | 2 മാസം | 30 |
| | 2 | ഇൻലാന്റ് മാസ്റ്റർക്ലാസ് II | 2 മാസം | 30 |

| | | | | |
|---|---|---|---|---|
| | | (2 ബാച്ചുകൾ) | | |
| | 3 | സാരംഗ് (2 ബാച്ചുകൾ) | 2 മാസം | 60 |
| | 4 | എഞ്ചിനീയർ (1 ബാച്ച്) | 2 മാസം | 30 |
| | 5 | ഇൻലാന്റ് എഞ്ചിൻ ഡ്രൈവർ (1 ബാച്ച്) | 2 മാസം | 30 |
| | 6 | ഇൻലാന്റ് എഞ്ചിൻ ഡ്രൈവർ ക്ലാസ് II (2 ബാച്ചുകൾ) | 2 മാസം | 60 |
| III | ഇൻലാന്റ്സർട്ടിഫിക്കേഷൻ കോഴ്സുകൾ | | | |
| | 1 | ഫോർ ഡെക്ക് റേറ്റിംഗ് (2 ബാച്ചുകൾ) | 4 മാസം | 60 |
| | 2 | ഫോർ എഞ്ചിൻ റേറ്റിംഗ് (2 ബാച്ചുകൾ) | 4 മാസം | 60 |
| IV | | ബേസിക് സേഫ്റ്റി കോഴ്സുകൾ | പ്രീ സീ കോഴ്സം ഇൻഡക്ഷൻ കോഴ്സം അറ്റന്റ് ചെയ്തവർക്ക് മാത്രം നിജപ്പെടുത്തിയിരിക്കുന്നു. | |

നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ സബ്സെന്റർ എന്ന രീതിയിലാണ് തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂരിൽ (അഴീക്കോട്) ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചിരിക്കുന്നത് എന്നതിനാൽ ഡയറക്ടർ ജനറൽ നിഷ്കർഷിച്ച മാതൃകയിലുള്ള സൗകര്യങ്ങളോടുകൂടിയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം നീണ്ടകരയിൽ പൂർത്തിയായതിന് ശേഷം മാത്രമേ കൊടുങ്ങല്ലൂർ സബ് സെന്ററിൽ ഡയറക്ടർ ജനറൽ അംഗീകരിച്ച കോഴ്സുകൾ നടത്താൻ സാധിക്കുകയുള്ളൂ. നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണം അവസാന ഘട്ടത്തിലാണ്.

**പാലക്കാട് ജില്ലയിൽ മത്സ്യ സമൃദ്ധി പദ്ധതി**

290 (3822) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് ജില്ലയിൽ നടപ്പിലാക്കി വരുന്ന "മത്സ്യ സമൃദ്ധി" പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) ജില്ലയിലെ ഓരോ നിയോജകമണ്ഡലത്തിലേയും ജലാശയങ്ങളുടെ കണക്ക് ശേഖരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്കായി ഫിഷറീസ് വകുപ്പ് ഏറ്റെടുത്ത കുളങ്ങളുടെ ലിസ്റ്റും, പദ്ധതിക്കായി നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശവും ലഭ്യമാക്കാമോ?

ഉത്തരം

(എ) മത്സ്യസമൃദ്ധി II പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന ഘടക പദ്ധതികൾ അനുബന്ധം (എ) ആയി ചേർത്തിരിക്കുന്നു.*

(ബി) മത്സ്യസമൃദ്ധി പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഘടക പദ്ധതികൾ നടപ്പിലാക്കിവരുന്ന ജില്ലയിലെ ജലാശയങ്ങളുടെ വിവരങ്ങൾ അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു.*

(സി) പദ്ധതി നിർവ്വഹണത്തിനായി ഫിഷറീസ് വകുപ്പ് നേരിട്ട് കുളങ്ങൾ ഏറ്റെടുക്കാറില്ല. ഉത്തരം (എ)-യിൽ പറയുന്ന പദ്ധതി ഘടകങ്ങൾ തെരഞ്ഞെടുത്ത ഗുണഭോക്താക്കളിലൂടെ നടപ്പിലാക്കുന്നു.

### പരമ്പരാഗത മത്സ്യത്തൊഴിലാളി

291 (3823) ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മത്സ്യബന്ധനം, മത്സ്യബന്ധന അനുബന്ധ തൊഴിൽ എന്നിവയിൽ ഏർപ്പെടുന്നവരെ തിരിച്ചറിയുന്നതിന് എന്തെങ്കിലും തിരിച്ചറിയൽ രേഖ നല്കിയിട്ടുണ്ടോ;

(ബി) "പരമ്പരാഗത മത്സ്യത്തൊഴിലാളി "എന്നതിൽ ആരൊക്കെയാണ് ഉൾപ്പെടുന്നത്; നിലവിൽ മത്സ്യക്കച്ചവടം ഉപജീവന മാർഗ്ഗമായി സ്വീകരിക്കുന്നതും, എന്നാൽ പരമ്പരാഗതമായി മത്സ്യബന്ധനം തൊഴിലായി ചെയ്തുവന്നിരുന്നതുമായ കുടുംബത്തിലെ അംഗമായ ഒരാളെ പരമ്പരാഗത മത്സ്യത്തൊഴിലാളി എന്ന ഗണത്തിൽ പരിഗണിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) മത്സ്യബന്ധന അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സ്ത്രീകളെ മത്സ്യത്തൊഴിലാളി ക്ഷേമനിധിയിൽ ഉൾപ്പെടുത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം എടുത്തിട്ടുള്ള മത്സ്യത്തൊഴിലാളികൾക്കും മത്സ്യഅനുബന്ധ മത്സ്യത്തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡ് മുഖേന പാസ് ബുക്ക് നൽകിയിട്ടുണ്ട്. കൂടാതെ രാജ്യരക്ഷയുടെ ഭാഗമായി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശ പ്രകാരം ഫിഷറീസ് വകുപ്പ് മുഖേന ബയോമെട്രിക് ഐഡന്റിറ്റി കാർഡും നൽകിയിട്ടുണ്ട്.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമസംഘം ആക്ട് പ്രകാരം മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി രജിസ്റ്റർ ചെയ്യാവുന്നതാണ്. മത്സ്യബന്ധനം മുഖ്യ ഉപജീവനമാർഗ്ഗമായി സ്വീകരിച്ചുവരുന്ന ഒരു കുടുംബത്തിലെ കുടുംബനാഥൻ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കച്ചവടം നടത്തുന്ന ഒരാളെ മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുകയില്ല. എന്നാൽ മത്സ്യകച്ചവടം മാത്രം നടത്തുന്നയാളെ മത്സ്യ അനുബന്ധ പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്. മത്സ്യത്തൊഴിലാളിയായ കുടുംബനാഥന്റെ ഭാര്യ മത്സ്യം വിൽപ്പന നടത്തുകയാണെങ്കിൽ ടി സ്ത്രീയെ മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെടുത്തുന്നതാണ്.

(സി) മത്സ്യ അനുബന്ധ മേഖലകളിൽ പ്രവർത്തിക്കുന്ന സ്ത്രീകൾക്ക് മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നതിന് തടസ്സങ്ങൾ ഒന്നും നിലവിലില്ല. ഇങ്ങനെയുള്ള സ്ത്രീകൾക്ക് എല്ലാ വർഷവും മേയ് മാസം മുതൽ ഫെബ്രുവരി മാസം അവസാനം വരെയുള്ള പ്രവർത്തി ദിവസങ്ങളിൽ അംഗത്വത്തിന് അപേക്ഷ നൽകാവുന്നതാണ്. ടി അപേക്ഷയിൽ അന്വേഷണം നടത്തി ഏപ്രിൽ ഒന്നാം തീയതി ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതും ടി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുന്നതുമാണ്.

**കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ**

292 (3824) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷന്റെ

മാനേജിങ് ഡയറക്ടർ തസ്തിക വഹിക്കുമ്പോൾ തന്നെ ശ്രീ.അമ്പാടി ഐ.ഐ.എസ്. മറ്റ് ഏതെല്ലാം തസ്തികകൾ ഒരേ സമയം വഹിച്ചിട്ടുണ്ട്; അവ ഏതെല്ലാം;

(ബി) കെ.എസ്.സി.എ.ഡി.സി. എം.ഡി എന്ന നിലയിലല്ലാതെ ശ്രീ. അമ്പാടി എത്ര രൂപ ശമ്പളം, അലവൻസ്, വാഹനം എന്ന രീതിയിൽ കൈപ്പറ്റിയിട്ടുണ്ട്;

(സി) ഫിഷറീസ് ഡിപ്പാർട്ട്മെന്റിന് വേണ്ടി കോസ്റ്റൽ ഏരിയ ഡെവലപ്മെന്റ് കോർപ്പറേഷൻ കഴിഞ്ഞ 5 വർഷം എത്ര പ്രവർത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്; അവയിൽ എത്ര എണ്ണം പൂർത്തിയാകാതെ കിടക്കുന്നുണ്ട്; ഇതുവരെ ആരംഭിക്കാത്ത പ്രവർത്തികൾ എത്ര?

ഉത്തരം

(എ) ഡോ. കെ. അമ്പാടി ഐ.ഐ.എസ്, തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ചുമതലകൾക്ക് പുറമേ മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അധികചുമതല, കെ.ആർ.നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് ഡയറക്ടറുടെ അധിക ചുമതല, പബ്ലിക് റിലേഷൻസ് ഡയറക്ടറുടെ അധിക ചുമതല, ലഹരി വിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി രൂപീകരിച്ച സുബോധം പദ്ധതിയുടെ ഡയറക്ടറുടെ അധിക ചുമതല എന്നിവ വഹിക്കുന്നുണ്ട്.

(ബി) കെ.എസ്.സി.എ.ഡി.സി., എം.ഡി. എന്ന നിലയിലല്ലാതെ ശ്രീ. അമ്പാടി മുന്നോക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ, കെ. ആർ. നാരായണൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആന്റ് ആർട്സ് ഡയറക്ടർ, സുബോധം പദ്ധതിയുടെ ഡയറക്ടർ എന്നിവയുടെ അധിക ചുമതല വഹിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ശമ്പളം, അലവൻസ്, വാഹനം എന്ന രീതിയിൽ തുകയൊന്നും കൈപ്പറ്റിയിട്ടില്ല. എന്നാൽ, പബ്ലിക് റിലേഷൻസ് വകുപ്പ് ഡയറക്ടർ എന്ന നിലയിൽ ശമ്പളവും, അലവൻസും കൈപ്പറ്റുന്നില്ലെങ്കിലും വകുപ്പിന്റെ ഡയറക്ടർ എന്ന നിലയ്ക്ക് ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുണ്ട്.

(സി) ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് വേണ്ടി കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ 2011-12 മുതൽ 2015-16 വരെയുള്ള കാലഘട്ടത്തിൽ 586 പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു. ഇതിൽ 356 പദ്ധതികൾ പൂർത്തീകരിച്ചു. 141 പദ്ധതികൾ പുരോഗമിക്കുന്നു. 89 പദ്ധതികൾ ആരംഭഘട്ടത്തിലാണ്.

**മത്സ്യകൃഷി പദ്ധതി**

293 (3825) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറ്റൂർ നിയോജകമണ്ഡലത്തിലെ മത്സ്യകൃഷിക്ക് അനുയോജ്യമായ

രണ്ടായിരത്തോളം കുളങ്ങൾ സ്വകാര്യ/പൊതുവിഭാഗങ്ങളിലായി ഉണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈക്കാര്യത്തെക്കുറിച്ച് സമഗ്രമായി പഠിക്കാനും മത്സ്യകൃഷി പദ്ധതി തയ്യാറാക്കാനും ഒരു വിദഗ്ദ്ധസമിതിയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ ഇത്തരം പദ്ധതികൾക്ക് സഹായമായി എന്തൊക്കെ സംസ്ഥാന-കേന്ദ്രാവിഷ്കൃത പദ്ധതികളാണ് ഉള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഇല്ല. ഫിഷറീസ് വകുപ്പ് സംസ്ഥാനമൊട്ടാകെ നടപ്പാക്കിവരുന്ന മത്സ്യസമൃദ്ധി II പദ്ധതിയിൽ പാലക്കാട് ജില്ലയിലെ ചിറ്റൂർ നിയോജകമണ്ഡലത്തിലെ മത്സ്യകൃഷിക്ക് അനുയോജ്യമായ 848.72 ഏക്കർ (339.48 ഹെക്ടർ) ശുദ്ധ ജലാശയങ്ങളിൽ മത്സ്യകൃഷി ചെയ്തുവരുന്നു. മത്സ്യകൃഷിക്ക് അനുയോജ്യമായ ശുദ്ധജലാശയങ്ങൾ (കുളങ്ങൾ) അവശേഷിക്കുന്നവ പരിശോധിച്ച് മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫിഷറീസ് പോളിസി 2016 തയ്യാറാക്കുന്നതിനായി ഒരു വിദഗ്ദ്ധ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) മത്സ്യസമൃദ്ധി II പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര/സംസ്ഥാന/ആർ.കെ.വി.വൈ. ഫണ്ട് വിഹിതം വിനിയോഗിക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ നീലവിപ്ലവം പദ്ധതിയിൽ ഉൾപ്പെടുത്തി ഉൾനാടൻ മത്സ്യകൃഷി വികസനത്തിനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുമായി ചുവടെ ചേർക്കുന്ന 4 പദ്ധതികളുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്.

1. ഉൾനാടൻ മത്സ്യകൃഷി വികസനം.
   (എ) പുതിയ കുളങ്ങളുടെ നിർമ്മാണം.
   (ബി) മത്സ്യകുളങ്ങളുടെ പുനരുദ്ധാരണം.
2. ഓരുജലത്തിലെ കൂട് കൃഷി.
3. സമുദ്രജലത്തിലെ കൂടുകൃഷി.
4. നൂതന മത്സ്യകൃഷിയിൽ കർഷകർക്ക് പരിശീലനം.

**ഉൾനാടൻ മത്സ്യകൃഷി**

294 (3826) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോൽസാഹനത്തിനായി കഴിഞ്ഞ സർക്കാർ ചെലവഴിച്ച തുക, പദ്ധതികൾ എന്നതിന്റെ കണക്ക് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ കൊണ്ടോട്ടി നിയോജക മണ്ഡലത്തിൽ തുക ചെലവഴിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിനായി കഴിഞ്ഞ സർക്കാർ ചെലവഴിച്ച തുക, പദ്ധതികൾ എന്നതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹനത്തിനായി മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മത്സ്യസമൃദ്ധി I, മത്സ്യസമൃദ്ധി II എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി 138733 രൂപ ചെലവഴിച്ചിട്ടുണ്ട്. കൊണ്ടോട്ടി നിയോജക മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ വാലില്ലാപുഴയിൽ 2013-14 കാലയളവിൽ മത്സ്യസമൃദ്ധി I പദ്ധതിയിൽ പൊതുജലാശയങ്ങളിലെ മത്സ്യവിത്ത് നിക്ഷേപം/ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതിക്കുവേണ്ടി 127500 കാർപ്പ് മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ചതിന് 70650 രൂപയും നെടിയിരുപ്പ്, വാഴയൂർ, മുതുവല്ലൂർ പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട മത്സ്യകർഷകർക്ക് മത്സ്യസമൃദ്ധി II പദ്ധതി പ്രകാരം 2015-16 കാലയളവിൽ മത്സ്യകുഞ്ഞുങ്ങളെ വിതരണംചെയ്ത ഇനത്തിൽ 68083 രൂപയും ചെലവഴിച്ചിട്ടുണ്ട്.

**നിലമ്പൂർ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പിന്റെ സബ് ഓഫീസ്**

295 (3827) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിൽ ഏറ്റവും കൂടുതൽ ഉൾനാടൻ മത്സ്യ കർഷകരും മത്സ്യ തൊഴിലാളികളുമുള്ള നിലമ്പൂർ കേന്ദ്രീകരിച്ച് ഫിഷറീസ് വകുപ്പിന്റെ സബ് ഓഫീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) നിലവിൽ പൊന്നാനിയിലുള്ള ഫിഷറീസ് വകുപ്പിന്റെ ആസ്ഥാനത്തെ ആശ്രയിക്കാൻ ഉൾനാടൻ മത്സ്യ കർഷകരും തൊഴിലാളികളും തയ്യാറാവാത്തത് ദൂരക്കൂടുതലും യാത്രാദുരിതവുംമൂലമാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(സി) സർക്കാരിന് അധിക ബാധ്യതയില്ലാതെ ജില്ലാ ആസ്ഥാനത്തെ ജീവനക്കാരെ പുനർവിന്യസിച്ചാൽ നിലമ്പൂരിൽ ഒരു സബ് ഓഫീസ് സാധ്യമാകുകില്ലേ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) നിലവിൽ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മലപ്പുറം ജില്ലാ ആസ്ഥാനത്ത് പുനർവിന്യസിക്കാൻ തക്കവിധമുള്ള തസ്തികകൾ നിലവിലില്ല.

**കുട്ടനാട്ടിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ മത്സ്യസങ്കേതം**

296 (3828) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കുട്ടനാട്ടിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ മത്സ്യ സങ്കേതം (ഫിഷ് സാങ്ച്വറി) നിർമ്മിക്കുന്നതിന് കേരള തീരദേശ വികസന കോർപ്പറേഷൻ സ്വീകരിച്ച നടപടിയുടെ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

13-ാം ധനകാര്യ കമ്മീഷൻ കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 'എസ്റ്റാബ്ലിഷ്മെന്റ് ഓഫ് സാങ്ച്വറീസ് ഇൻ കുട്ടനാട് ഏരിയ' എന്ന പദ്ധതിയുടെ നിർവ്വഹണത്തിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. ടി. പദ്ധതിയിലുൾപ്പെടുത്തി 27 ലക്ഷം രൂപ അടങ്കൽ തുക വരുന്ന ഫിഷ് സാങ്ച്വറി കുട്ടനാട്ടിലെ നീലംപേരൂർ ഗ്രാമപഞ്ചായത്തിൽ 30-4-2016-ൽ നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. മത്സ്യസങ്കേതത്തിലും സമീപ പ്രദേശങ്ങളിലുമായി 2460795 ആറ്റുകൊഞ്ച് വിത്ത് നിക്ഷേപിച്ചിട്ടുണ്ട്.

**തൃക്കുന്നപ്പുഴ ഇടതുരുത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ**

297 (3829) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ :

(എ) തുറമുഖ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നിർമ്മാണം ആരംഭിച്ച ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ ഇടതുരുത്ത് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോകുന്നതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പാലത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നബാർഡ് RIDF XVII-ൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ തൃക്കുന്നപ്പുഴ ഇടതുരുത്ത് പാലം (പതിയാങ്കര പാലം) നിർമ്മാണ പ്രവൃത്തി സമയബന്ധിതമായി തീർക്കുന്നതിൽ കരാറുകാരന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയും അപ്രോച്ച്റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കണമെന്നാവശ്യപ്പെട്ട് നാട്ടുകാർ പാലം പ്രവൃത്തി തടസ്സപ്പെടുത്തിയതുമാണ് ടി പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നീണ്ടുപോയത്. കരാറുകാരന്റെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണം മധ്യമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ കരാർ റദ്ദ് ചെയ്യുകയും ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനഃക്രമീകരിക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി ചെയ്യാൻ സന്നദ്ധത അറിയിച്ചതിനെ തുടർന്ന് ടെർമിനേഷൻ ഉത്തരവ് റിവോക്ക് ചെയ്യുകയും, പ്രവൃത്തി പുനരാരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രവൃത്തി എത്രയും വേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി ബയോ-മെട്രിക് കാർഡ് പദ്ധതി**

298 (3830) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഭ്യന്തര സുരക്ഷ ലക്ഷ്യമാക്കി കേന്ദ്രസർക്കാർ ഫിഷറീസ് വകുപ്പുമായി ചേർന്ന് നടപ്പാക്കിയ മത്സ്യത്തൊഴിലാളി ബയോ-മെട്രിക് കാർഡ് പദ്ധതി ലക്ഷ്യത്തിലെത്താൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇപ്രകാരം മത്സ്യവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കി വരുന്ന ബയോമെട്രിക് കാർഡ് പദ്ധതിയനുസരിച്ച് പ്രാരംഭ ഘട്ടത്തിൽ ഫണ്ട് ബോർഡിൽ അംഗത്വമുണ്ടായിരുന്ന 2,95,469 മത്സ്യത്തൊഴിലാളികളെയും അനുബന്ധത്തൊഴിലാളികളെയും ഈ പദ്ധതിക്ക് കീഴിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഇതിൽ 70 ശതമാനം പേർക്കും കാർഡ് വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന അംഗങ്ങളുടെ വിവരശേഖരണം നടത്തി കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) കേരള മത്സ്യത്തൊഴിലാളി ക്ഷേമ സംഘം ആക്ട് പ്രകാരം മത്സ്യത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ മത്സ്യത്തൊഴിലാളികളും ക്ഷേമനിധി ബോർഡ് അംഗങ്ങളാണ്. ആയത് പ്രകാരം 2015-16-ൽ അംഗങ്ങളായിട്ടുള്ള മത്സ്യത്തൊഴിലാളികളുടെയും 1999-ലെ മത്സ്യത്തൊഴിലാളി ക്ഷേമനിധി ഭേദഗതി ആക്ട് പ്രകാരം മത്സ്യഅനുബന്ധമേഖലയിൽ പണിയെടുക്കുന്ന ക്ഷേമനിധി ബോർഡിൽ അംഗങ്ങളായിട്ടുള്ള അനുബന്ധത്തൊഴിലാളികളുടെയും ജില്ല തിരിച്ച കണക്ക് താഴെ രേഖപ്പെടുത്തുന്നു :

| ജില്ല | മത്സ്യത്തൊഴിലാളികളുടെ എണ്ണം | അനുബന്ധത്തൊഴിലാളികളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| തിരുവനന്തപുരം | 49929 | 1749 |
| കൊല്ലം | 25863 | 16278 |
| ആലപ്പുഴ | 42820 | 23524 |
| പത്തനംതിട്ട | 199 | 480 |
| ഇടുക്കി | 182 | 225 |
| കോട്ടയം | 4894 | 778 |
| (1) | (2) | (3) |

| | | |
|---|---|---|
| എറണാകുളം | 26148 | 14684 |
| തൃശ്ശൂർ | 6809 | 2749 |
| പാലക്കാട് | 481 | 244 |
| മലപ്പുറം | 34504 | 3068 |
| കോഴിക്കോട് | 23805 | 10999 |
| വയനാട് | 0 | 405 |
| കണ്ണൂർ | 6825 | 1577 |
| കാസർഗോഡ് | 10667 | 934 |
| ആകെ | 233126 | 77694 |

(സി) പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ മത്സ്യത്തൊഴിലാളി/അനുബന്ധ ത്തൊഴിലാളി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള 2,95,469 പേരിൽ 2,65,957 പേർക്ക് പ്രസ്തുത പദ്ധതിക്കായി വിവരശേഖരണം നടത്തുന്നതിന് ഹാജരാകുകയും 2,22,250 പേർ ബയോമെട്രിക് ഡേറ്റ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ 1,95,443 പേരുടെ കാർഡ് പ്രിന്റ് ചെയ്തിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ**

299 (3831) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) രജിസ്റ്റർ ചെയ്തവയിൽ പ്രവർത്തനക്ഷമതയുള്ള എത്ര സംഘങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) വ്യാജ-കടലാസ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 633 മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

(ബി) രജിസ്റ്റർ ചെയ്ത മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ പ്രവർത്തനക്ഷമമായ 442 സംഘങ്ങളുണ്ട്.

(സി) സംസ്ഥാനത്ത് വ്യാജ-കടലാസ് സഹകരണ സംഘങ്ങളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

**കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങൾ**

300 (3832) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യ തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം മുൻനിർത്തി നടപ്പുസാമ്പത്തിക വർഷം എത്രതുകയാണ് നീക്കിവച്ചിട്ടുള്ളത്;

(സി) കടലാക്രമണത്തിനിരയായി താല്ക്കാലികമായി മാറ്റി പാർപ്പിക്കപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കടലാക്രമണത്തിൽ വീടും ഭൂമിയും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഭരണാനുമതി ഉടൻ നൽകുന്നതാണ്.

(ബി) പ്രസ്തുത ലക്ഷ്യത്തിനായി 25 കോടി രൂപ നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തുന്നതാണെന്ന് 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ

പ്രഖ്യാപിക്കുകയുണ്ടായി. ടി തുക ഉപധനാഭ്യർത്ഥന മുഖേന ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. കടലാക്രമണത്തിനിരയായി താൽക്കാലികമായി മാറ്റി പാർപ്പിക്കപ്പെട്ടവർക്ക് മുൻഗണന നൽകി പുനരധിവസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അനുവദിച്ച ആശ്വാസ നടപടികൾ

301 (3833) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. കെ. വിജയൻ :
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ അനുവദിച്ച ആശ്വാസ നടപടികൾക്കുമേൽ ബാങ്കുകൾ സ്വീകരിക്കുന്ന നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടാശ്വാസ തുക ഏത് തരത്തിൽ നൽകുന്നതിനാണ് മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ വിധിച്ചിരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ബാങ്കുകളോട് ആലോചിക്കാതെ കടാശ്വാസം പ്രഖ്യാപിച്ചതാണോ അവരുടെ നിസ്സഹകരണത്തിന് കാരണമെന്ന് അറിയിക്കുമോ;

(ഡി) ഉത്തരവ് നടപ്പാക്കാത്ത ബാങ്കുകൾക്കെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾ 31-12-2007-ന് മുമ്പ് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവനനിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, മക്കളുടെ വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകൾക്കാണ് കടാശ്വാസം നൽകി വരുന്നത്. മുതൽ ഇനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ പരമാവധി 75000 രൂപയും മൊത്തം പലിശയുടെ 25 ശതമാനവും കടാശ്വാസമായി നൽകുന്നു. മുതലിൽ 75000 രൂപയിൽ കവിഞ്ഞ്

കടബാധ്യതയുള്ള പക്ഷം അത് തവണകളായി കടക്കാരൻ തന്നെ അടച്ചുതീർക്കണമെന്നാണ് വ്യവസ്ഥ.

(സി) ഏറെക്കുറെ എല്ലാ നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളും കമ്മീഷനുമായി യോജിച്ച് നടത്തുന്ന അദാലത്തുകളുമായി സഹകരിച്ച് സർക്കാർ ഫോർമുല പ്രകാരം മത്സ്യത്തൊഴിലാളികളെ കടബാധ്യതകളിൽ നിന്ന് ഒഴിവാക്കി ഈട് പ്രമാണങ്ങൾ മടക്കി നൽകുന്നു. ഏതാനും ചില സഹകരണ ബാങ്കുകളും, അപൂർവ്വം നാഷണലൈസ്ഡ് ബാങ്കുകളും വ്യവസ്ഥയ്ക്ക് വിധേയമായി കടം തീർപ്പാക്കാൻ വിമുഖത കാണിക്കുന്നുമുണ്ട്. ആനുകൂല്യം അനുവദിക്കുന്ന കാര്യത്തിലും സർക്കാരിന്റെ കടാശ്വാസ പദ്ധതി നടപ്പാക്കുന്ന കാര്യത്തിലും ബാങ്കുകളുടെ ഏകോപന സമിതിയായ എസ്.എൽ.ബി.സി.യുമായി സർക്കാരും കമ്മീഷനും പല പ്രാവശ്യം ചർച്ച നടത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം സഹകരണ വകുപ്പുമായി ഉന്നതതല ചർച്ചകൾ നടത്തിയതിനെ തുടർന്ന് പദ്ധതി നടപ്പാക്കണമെന്ന് കാണിച്ച് സഹകരണ വകുപ്പും വ്യക്തമായ നിർദ്ദേശങ്ങൾ ഇക്കാര്യത്തിൽ നൽകിയിരുന്നെങ്കിലും അപൂർവ്വം സ്ഥാപനങ്ങൾ അത് നടപ്പാക്കാൻ വിസമ്മതിക്കുന്നു. അവരിൽ ചിലരും, ഒരു ഷെഡ്യൂൾഡ് ബാങ്കും ഹൈക്കോടതിയെ സമീപിച്ച് അനുകൂല ഉത്തരവുകൾ നേടിയിട്ടുമുണ്ട്.

(ഡി) ഉത്തരവ് നടപ്പാക്കാത്ത ബാങ്കുകൾക്കെതിരെ നടപടിയെടുക്കാൻ നിലവിൽ മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷന് അധികാരമില്ല. മൊറട്ടോറിയം ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കാൻ വിസമ്മതിക്കുന്ന ബാങ്കുകൾക്കെതിരെ നടപടി സ്വീകരിക്കാനും, ഇത്തരം കേസുകളിൽ സ്ഥാപനത്തിനെതിരെയും ആനുകൂല്യം നിഷേധിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെയും പിഴ ചുമത്തുന്നതുൾപ്പെടെയുള്ള നടപടികളെടുക്കാൻ കമ്മീഷന് നിയമ ഭേദഗതിയിലൂടെ അധികാരം നൽകുന്നതുമായി ബന്ധപ്പെട്ട വിഷയം പരിഗണനയിലാണ്.

**കാലാവസ്ഥാവ്യതിയാനംമൂലം മത്സ്യസമ്പത്തിലെ കുറവ്**

302 (3834) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലാവസ്ഥാവ്യതിയാനംമൂലം മത്സ്യസമ്പത്ത് കുറയുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാലാവസ്ഥാവ്യതിയാനംമൂലം മത്സ്യസമ്പത്ത് കുറയുന്നത് സംബന്ധിച്ച് ഫിഷറീസ് വകുപ്പ് നേരിട്ട് പഠനം നടത്തിയിട്ടില്ല. CMFRI ഈയിടെ നടത്തിയ ഒരു പഠനത്തിൽ കാലാവസ്ഥാവ്യതിയാനം മത്സ്യസമ്പത്ത് കുറയ്ക്കുന്നതിന് ഒരു കാരണമായിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനം**

303 (3835) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(ബി) തീരദേശ വികസന പദ്ധതി കൂടുതൽ ഫലപ്രദമാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ മത്സ്യത്തൊഴിലാളി വിഭാഗത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി ആകെ 177.34 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 100 കോടി രൂപ മത്സ്യത്തൊഴിലാളി ഭവന പദ്ധതിക്കായി വകയിരുത്തിയിട്ടുണ്ട്. ഭവനരഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായമായി 2 ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മാണത്തിന് 2 മുതൽ 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണ് നടപ്പിലാക്കുന്നത്. ആരോഗ്യ വിദ്യാഭ്യാസ സാമൂഹിക മേഖലകളിലെ അടിസ്ഥാന വികസന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആകെ 77.34 കോടി രൂപയുടെ വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | | | |
|---|---|---|---|
| 1. | ഭവന നവീകരണം | - | 2000 ലക്ഷം |
| 2. | ശൗചാലയ നിർമ്മാണം | - | 297.50 ലക്ഷം |
| 3. | ഫിഷർമെൻ കോളനികളുടെ നവീകരണം | - | 977.00 ലക്ഷം |
| 4. | എനർജി എഫിഷന്റ് മാനേജ്മെന്റ് | - | 800.00 ലക്ഷം |

| | | | |
|---|---|---|---|
| | സിസ്റ്റം | | |
| 5. | മാത്തുളിൽ പുതിയ സബ്സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം. | - | 33.00 ലക്ഷം |
| 6. | എരപുറത്ത് പുതിയ സബ്സെന്റർ കെട്ടിടത്തിന്റെ നിർമ്മാണം. | - | 53.00 ലക്ഷം |
| 7. | കുരിയാടിയിൽ പുതിയ സബ്സെന്റർ- കെട്ടിടത്തിന്റെ നിർമ്മാണം. | | 56.00 ലക്ഷം |
| 8. | ആറാട്ടുപുഴയിലെ പ്രാഥമികാരോഗ്യ സെന്ററിൽ പുതിയ ലബോറട്ടറിയുടെയും ഫാർമസിയുടെയും നിർമ്മാണം. | - | 30.50 ലക്ഷം |
| 9. | മെഡിക്കൽ ക്യാമ്പ്, ഹെൽത്ത് ക്ലബ്ബ് രൂപീകരണം | - | 100.00 ലക്ഷം |
| 10. | ബേപ്പൂർ ജി.ആർ.എഫ്.റ്റി. എച്ച്.എസ് & വി.എച്ച്.എസ്.എസ്. മെയിന്റനൻസും റിപ്പയറും | - | 40.00 ലക്ഷം |
| 11. | അടുക്കത്തു ബയൽ, കസബ ഗവൺമെന്റ് ഫിഷറീസ് അപ്പർ പ്രൈമറി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം. | - | 149.00 ലക്ഷം |
| 12. | പുതിയങ്ങാടി ഗവൺമെന്റ് മോഡൽ അപ്പർ പ്രൈമറി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം | - | 121.00 ലക്ഷം |
| 13. | അഴീക്കൽ, കണ്ണൂർ ഗവൺമെന്റ് റീജിയണൽ ഫിഷറീസ് ഹൈസ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്കും ആഡിറ്റോറിയം നിർമ്മാണവും | - | 217.00 ലക്ഷം |
| 14. | പുതിയാപ്പ, കോഴിക്കോട്, ഗവൺമെന്റ് ഫിഷറീസ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മാണം. | - | 203.00 ലക്ഷം |
| 15. | മാടപ്പള്ളി ഗവൺമെന്റ് | - | 250.00 ലക്ഷം |

| | | | |
|---|---|---|---|
| | വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം. | | |
| 16. | ചീരൻകടപ്പുറം ഗവൺമെന്റ് മോഡൽ അപ്പർ പ്രൈമറി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം. | - | 167.00 ലക്ഷം |
| 17. | പുത്തൻതോട്, ചെല്ലാനം, എറണാകുളം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ ക്ലാസ് റൂം നിർമ്മാണവും മുറ്റം കല്ല് പാവുന്നതും. | - | 120.00 ലക്ഷം |
| 18. | വലിയഴീക്കൽ, ആറാട്ടുപുഴ, ആലപ്പുഴ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിന് പുതിയ കക്കൂസ് നിർമ്മാണം. | - | 25.00 ലക്ഷം |
| 19. | വലിയതുറ, തിരുവനന്തപുരം ജി.ആർ.എഫ്.റ്റി.എച്ച്.എസ്സിന് പുതിയ അക്കാഡമിക് & അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണം. | - | 466.00 ലക്ഷം |
| 20. | എറണാകുളം, കടമക്കുടി ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിന് പുതിയ അക്കാഡമിക് ബ്ലോക്ക് നിർമ്മാണം. | - | 435.30 ലക്ഷം |
| 21. | സ്കൂളുകളിലെ ഉച്ചഭക്ഷണം പാകം ചെയ്യുന്നതിനുള്ള അടുക്കളയുടെ നവീകരണം. | - | 200.00 ലക്ഷം |
| 22. | കോസ്റ്റൽ ഗവൺമെന്റ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകളുടെ നിർമ്മാണം. | - | 280.00 ലക്ഷം |
| 23. | വിദ്യാർത്ഥിനികൾക്ക് സൗജന്യ | - | 100.00 ലക്ഷം |

| | | | |
|---|---|---|---|
| | സൈക്കിൾ | | |
| 24. | തീരപ്രദേശങ്ങളിൽ കായിക സൗകര്യം വർദ്ധിപ്പിക്കൽ. | - | 250.00 ലക്ഷം |
| 25. | അക്ഷര സാഗരം | - | 10.00 ലക്ഷം |
| 26. | വിദ്യാതീരം | - | 150.00 ലക്ഷം |
| 27. | സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കൽ | - | 40.00 ലക്ഷം |
| 28. | കരിയർ ഗൈഡൻസ് | - | 21.60 ലക്ഷം |
| 29. | സോഷ്യൽ മൊബിലൈസേഷൻ | - | 69.00 ലക്ഷം |
| 30. | മാതാപിതാക്കൾ മരണമടഞ്ഞ മത്സ്യത്തൊഴിലാളി കുട്ടികളെ ദത്തെടുക്കൽ | - | 9.10 ലക്ഷം |
| 31. | ബോധവത്കരണം. | - | 9.00 ലക്ഷം |
| 32. | കടയ്ക്കാവൂർ ചെമ്പു ഫിഷർമെൻ കോളനിയിൽ കോൺക്രീറ്റ് നടപ്പാതയും ഡ്രെയിനേജ് സൗകര്യവും | - | 55 ലക്ഷം |

(ബി) തീരദേശത്തെ സമഗ്ര വികസനം ലക്ഷ്യമാക്കി പദ്ധതികൾ ആവിഷ്കരിച്ചു വരുന്നു. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിയും തീരദേശ ഹരിത ഇടനാഴിയും, വിദ്യാഭ്യാസ ആരോഗ്യ മേഖലയുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതിയും സർക്കാരിന്റെ സജീവ പരിഗണനയിലുള്ള പദ്ധതികളാണ്. കടലാക്രമണ ഭീഷണി നേരിടുന്ന കടലോരത്ത് 50 മീറ്ററിനുള്ളിൽ താമസമാക്കിയിട്ടുള്ള മത്സ്യത്തൊഴിലാളികളെ പുനരധിവാസം നടത്തി കടലോരത്ത് 50 മീറ്റർ വീതിയിലുള്ള സ്ഥലം പ്രയോജനപ്പെടുത്തി മരങ്ങൾ നട്ടുപിടിപ്പിച്ചും കേരളത്തിന്റെ തെക്ക് മുതൽ വടക്ക് വരെ ബന്ധിപ്പിക്കുന്ന ഒരു തീരദേശ ഹരിത ഇടനാഴി ചെയ്യാനുദ്ദേശിക്കുന്നു. ഈ പദ്ധതിയിലൂടെ ഹാർബറുകൾ കരയ്ക്കടുപ്പിക്കാൻ കേന്ദ്രങ്ങൾ, തീരദേശ വിദ്യാലയങ്ങൾ, ആശുപത്രികൾ എന്നിവയിൽ എത്തിച്ചേരുന്നതിനുള്ള യാത്രാക്ലേശം പരിഹരിക്കപ്പെടുകയും മത്സ്യവിപണനത്തിനുള്ള യാത്രാ സൗകര്യം വർദ്ധിക്കുകയും ചെയ്യും.

**മത്സ്യമാർക്കറ്റുകളുടെ നവീകരണം**

304 (3836) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിന് പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിലേക്കായി മാർക്കറ്റുകൾ പരിഗണിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്താണെന്ന് വിശദമാക്കാമോ;

(സി) ഈ പദ്ധതിയിലുൾപ്പെടുത്തി ഓരോ മാർക്കറ്റിനും എത്ര തുക വരെ അനുവദിക്കാറുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ആറ്റിങ്ങൽ മണ്ഡലത്തിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കിളിമാനൂർ മാർക്കറ്റ്, വക്കം മാർക്കറ്റ് എന്നിവ ഈ പദ്ധതിയിലുൾപ്പെടുത്തുന്നതിനു വേണ്ട നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ദേശീയ മത്സ്യ വികസന ബോർഡിന്റെ ധനസഹായത്തോടെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന സംസ്ഥാനത്തെ മത്സ്യമാർക്കറ്റുകൾ ആധുനികവൽകരിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടെയും അപേക്ഷകളുടെ അടിസ്ഥാനത്തിലും മാർക്കറ്റുകളുടെ നിലവിലെ അവസ്ഥ പരിഗണിച്ചുമാണ് മാർക്കറ്റുകൾ തെരഞ്ഞെടുക്കുന്നത്. നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ മാനദണ്ഡങ്ങൾ അംഗീകരിക്കുകയും അതനുസരിച്ചുള്ള കരാർ ഒപ്പിടുകയും മാർക്കറ്റ് നിർമ്മാണത്തിനായി സ്ഥലം വിട്ടുതരാൻ തയ്യാറാകുകയും മാർക്കറ്റിന്റെ നിർമ്മാണം പൂർത്തീകരിച്ചു കഴിഞ്ഞാൽ ഭാവി പരിപാലനം ഏറ്റെടുക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാർക്കറ്റുകളാണ് നവീകരണ പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്നത്.

(സി) നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിന്റെ മാനദണ്ഡ പ്രകാരം ഒരു സ്റ്റാളിന് 5 ലക്ഷം രൂപ വരെയാണ് അനുവദനീയമായിട്ടുണ്ടായിരുന്നത്. പരമാവധി 50 സ്റ്റാളുകൾ വരെയുള്ള മാർക്കറ്റുകൾക്ക് നാഷണൽ ഫിഷറീസ് ഡെവലപ്മെന്റ് ബോർഡിൽ നിന്നും 250 ലക്ഷം രൂപയ്ക്ക് വരെ അനുമതി ലഭിച്ചിട്ടുണ്ട്. അധികം തുക ആവശ്യമായി വരുന്നപക്ഷം സംസ്ഥാന പദ്ധതിവിഹിതം അതിലേക്കായി അനുവദിച്ചുവരുന്നു.

(ഡി) ആറ്റിങ്ങൽ മണ്ഡലത്തിലെ പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിൽ

മത്സ്യമാർക്കറ്റ് നിർമ്മാണത്തിനായി 2014-15-ൽ ഒരു പദ്ധതി നാഷണൽ ഫിഷറീസ് ഡെവലപ്‌മെന്റ് ബോർഡിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നുവെങ്കിലും അംഗീകാരം ലഭിച്ചിട്ടില്ല. പ്രസ്തുത മാർക്കറ്റുകളുടെ നിർമ്മാണത്തിനായി എൻ.എഫ്.ഡി.ബി.-യുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

**മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി**

305 (3837) ശ്രീ. എം. വിൻസെന്റ് :
ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) പദ്ധതിയുടെ വിശദാംശങ്ങൾ എന്തെല്ലാം; വിശദീകരിക്കുമോ;

(സി) എന്തു തുകയാണ് കടാശ്വാസത്തിനുവേണ്ടി ബജറ്റിൽ വകകൊള്ളിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) മത്സ്യത്തൊഴിലാളികൾ 31-12-2007-ന് മുമ്പ് വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് മത്സ്യബന്ധനോപകരണങ്ങൾ വാങ്ങൽ, ഭവന നിർമ്മാണം, കുട്ടികളുടെ വിദ്യാഭ്യാസം, ചികിത്സ, മക്കളുടെ വിവാഹം തുടങ്ങിയ ആവശ്യങ്ങൾക്ക് എടുത്തിട്ടുള്ള വായ്പകൾക്കാണ് കടശ്വാസം നൽകിവരുന്നത്. മുതലിനത്തിൽ തിരിച്ചടയ്ക്കാനുള്ള തുകയിൽ പരമാവധി 75,000 രൂപ വരെയുള്ള തുക കടാശ്വാസമായി നൽകുന്നു. മുതലിൽ ഇതിൽ കൂടുതൽ തുക ബാക്കി നിൽക്കുന്നുണ്ടെങ്കിൽ ആയത് യുക്തമായ ഗഡുക്കളായി വായ്പക്കാരൻതന്നെ തിരിച്ചടയ്ക്കണം. മൊത്തം പലിശയുടെ 25 ശതമാനവും കടാശ്വാസമായി നൽകുന്നു. ബാക്കിവരുന്ന 75 ശതമാനം പലിശയും പിഴപ്പലിശയും മറ്റിനത്തിലുള്ള ചെലവുകളും വായ്പ നൽകിയ സ്ഥാപനം എഴുതിത്തള്ളി ഈട് വച്ചിട്ടുള്ള പ്രമാണങ്ങൾ തിരികെ നൽകണം എന്നതാണ് വ്യവസ്ഥ.

(സി) മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം അനുവദിക്കുന്നതിനും കമ്മീഷന്റെ ഭരണച്ചെലവുകൾക്കുമായി 2016-17 സാമ്പത്തിക വർഷം 2405-00-80-21-34-എൻ.പി. എന്ന ശീർഷകത്തിൽ 17.50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ 50 കോടി രൂപ കൂടി 2016-17 വർഷം അനുവദിക്കുമെന്നും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

## മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിക്കുന്നതിന് പദ്ധതി

306 (3838) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭവന രഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവനം നിർമ്മിച്ചു നൽകുന്നതിനുള്ള പദ്ധതി നിർവ്വഹണത്തിനായി എത്ര തുകയാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഭവനം നിർമ്മിക്കുന്നതിന് എന്തെല്ലാം സാമ്പത്തിക സഹായങ്ങളാണ് നൽകാനുദ്ദേശിക്കുന്നത്, വിവരിക്കുമോ;

(സി) ഇതിന്റെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾക്ക് സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് 2016-17 വർഷം 10,000 ലക്ഷം രൂപ അടങ്കൽ തുക വരുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. കൂടാതെ കേന്ദ്ര സർക്കാർ ധനസഹായത്തോടെ (50%) നടപ്പിലാക്കുന്ന ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമ ഭവന പദ്ധതി നടപ്പിലാക്കുന്നതിന് സമർപ്പിച്ച 1640 ലക്ഷം രൂപയുടെ പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഭവനരഹിതരായ 2600 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വീതവും ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വീട് വയ്ക്കുന്നതിനായി 3 സെന്റ് വരെ സ്ഥലം വാങ്ങുന്നതിന് 6 ലക്ഷം രൂപ വീതവും ധനസഹായം അനുവദിക്കുന്നതിനായി 2016-17 വർഷം 10,000 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. ദേശീയ മത്സ്യത്തൊഴിലാളി ക്ഷേമഭവന പദ്ധതി പ്രകാരം വീടൊന്നിന് 2 ലക്ഷം രൂപ നിരക്കിൽ സംസ്ഥാനത്ത് 800 വീടുകൾ നിർമ്മിക്കുന്നതിനായി കേന്ദ്ര സർക്കാരിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട്.

(സി) ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് ലഭിക്കുന്നതിന് അർഹതപ്പെട്ട ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അരൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെയ്തുവരുന്ന പ്രവൃത്തികൾ

307 (3839) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന അരൂർ മണ്ഡലത്തിൽ ഇപ്പോൾ ചെയ്തുവരുന്ന പ്രവൃത്തികൾ ഏതെല്ലാമാണ്; ഭരണാനുമതി കിട്ടിയിട്ടും നിർമ്മാണം ആരംഭിക്കാത്ത പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റിൽനിന്നും ഭരണാനുമതി ആകുന്ന പ്രവൃത്തികളുടെ ഭരണാനുമതി ഉത്തരവിന്റെ ഒരു പകർപ്പ് സ്ഥലം എം.എൽ.എ.-മാർക്ക് കൂടി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, പ്രവൃത്തികൾക്ക് നിശ്ചയിച്ചിരിക്കുന്ന നിർമ്മാണ സാമഗ്രികളുടെ നിരക്ക് ഇതര ഡിപ്പാർട്ട്മെന്റുകളെ അപേക്ഷിച്ച് കുറവായതിനാൽ കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കുന്നില്ലെന്ന വസ്തുത ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) അരൂർ മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന ചെയ്തുവരുന്ന പ്രവൃത്തികളുടെയും ഭരണാനുമതി നൽകിയിട്ടും ആരംഭിക്കാത്ത പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്വീകരിക്കുന്നതാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## റെസ്ക്യൂ ഗാർഡുമാരായി ജോലി ചെയ്യുന്നവരുടെ വേതനം

308 (3840) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u> : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ട്രോളിങ്ങ് നിരോധന കാലയളവിൽ റെസ്ക്യൂ ഗാർഡുമാരായി ജോലി ചെയ്യുന്നവരുടെ വേതനം വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

ഉണ്ട്. 30-6-2015-ലെ സർക്കാർ ഉത്തരവ് (സാധാ) 502/2015/മഉവ. നമ്പർ ഉത്തരവ് പ്രകാരം കടൽ സുരക്ഷാ സേനാംഗങ്ങൾക്ക് ദിവസവേതനം ഉയർത്താതെ റിസ്ക് അലവൻസായി 150 രൂപ 1-6-2015 മുതൽ പ്രാബല്യത്തിൽ അനുവദിച്ചിട്ടുണ്ട്. 21-4-2016-ലെ സർക്കാർ ഉത്തരവ് (സാധാ)293/2016/മഉവ. നമ്പർ ഉത്തരവ് പ്രകാരം കടൽ സുരക്ഷാ സേനാംഗങ്ങളുടെ ദിവസവേതനമായ 377 രൂപയ്ക്കൊപ്പം 30-6-2015-ലെ ഉത്തരവ് പ്രകാരം അനുവദിച്ച് റിസ്ക് അലവൻസായ 150 രൂപ കൂടി ചേർത്ത് ദിവസ വേതനമായി ആകെ 527 രൂപ അനുവദിച്ചിട്ടുണ്ട്. വേതനം ഇനിയും വർദ്ധിപ്പിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്.

## ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള റോഡുകൾ

309 (3841) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിയന്ത്രണത്തിൽ റോഡുകൾ നിലവിലുണ്ടോ;

(ബി) ഹാർബർ എഞ്ചിനീയറിംഗിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയ റോഡുകൾ ഏതെങ്കിലും ഏറ്റെടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) ഉണ്ട്. തീരദേശത്തെ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, കായൽ/റിസർവോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലൂടെ കടന്നുപോകുന്ന റോഡുകളാണ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്.

(ഡി) പുതിയ റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഇക്കാര്യം പരിഗണിക്കുന്നതാണ്.

## അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) ഒഴിവുകൾ

310 (3842) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) വിഭാഗത്തിൽ എത്ര പോസ്റ്റുകളാണ് നിലവിലുള്ളത്;

(ബി) ഇതിന്റെ എത്ര ശതമാനമാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ തന്നെ ജീവനക്കാരിൽ നിന്ന് പ്രൊമോഷൻ വഴി നികത്തുന്നതിനായി നീക്കിവച്ചിട്ടുള്ളത്;

(സി) നിലവിൽ പ്രൊമോഷൻവഴി എ.ഇ. (സിവിൽ) തസ്തികയിൽ നിയമനം ലഭിച്ചവർ എത്രയാണ് ; ഇത് ആകെയുള്ള എ.ഇ. (സിവിൽ) തസ്തികയുടെ എത്ര ശതമാനമാണ്;

(ഡി) ഓപ്പൺ ക്വാട്ടയിൽ എ.ഇ (സിവിൽ) തസ്തികയിൽ നിയമിക്കപ്പെടുന്നവർ എത്രയെന്നും ഇത് എത്ര ശതമാനമെന്നും അറിയിക്കുമോ ;

(ഇ) നിലവിൽ ഈ തസ്തികയിലെ ഒഴിവുകൾ എത്ര എന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ഇതിൽ പ്രൊമോഷൻ വഴിയുള്ള നിയമനത്തിന് നീക്കിവക്കേണ്ടത് എത്രയാണ്; ഓപ്പൺ ക്വാട്ടയിൽ നീക്കിവയ്ക്കേണ്ടത് എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) വിഭാഗത്തിൽ 65 പോസ്റ്റുകളാണ് നിലവിലുള്ളത്.

(ബി) ആകെയുള്ള 65 പോസ്റ്റിന്റെ 40 ശതമാനം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിലെ തന്നെ ജീവനക്കാരിൽനിന്നും പ്രൊമോഷൻവഴി നികത്തുന്നതിനായി നീക്കിവച്ചിട്ടുണ്ട്.

(സി) നിലവിൽ 24 ജീവനക്കാർക്ക് അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലേക്ക് പ്രൊമോഷൻ ലഭിച്ചിട്ടുണ്ട്. ഡി.പി.സി. സെലക്ട് ലിസ്റ്റ് നിലവിലില്ലാത്തതിനാൽ രണ്ട് ജീവനക്കാർക്ക് പ്രൊമോഷൻ നൽകിയിട്ടില്ല. നിലവിൽ പ്രൊമോഷൻ ലഭിച്ചവർ ആകെയുള്ള അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയുടെ 36.9 ശതമാനമാണ്.

(ഡി) ഓപ്പൺ ക്വാട്ടയിൽ അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 39 പേരാണ് നിയമിക്കപ്പെടുന്നത്. ഇത് ആകെയുള്ള പോസ്റ്റിന്റെ 60 ശതമാനമാണ്.

(ഇ) അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ) തസ്തികയിൽ 5 ഒഴിവുകൾ നിലവിലുണ്ട്.

(എഫ്) രണ്ട് ഒഴിവ് പ്രൊമോഷൻ മുഖേനയും ബാക്കി മൂന്ന് ഒഴിവുകൾ ഓപ്പൺ ക്വാട്ട മുഖേനയുമാണ് നികത്തേണ്ടത്.

**അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ**

311 (T* 3843) <u>ശ്രീ. അനൂപ് ജേക്കബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ എത്രയെണ്ണം ഉണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) കേരള കാഷ്യൂ ഫാക്ടറി അക്വസിഷൻ അമന്റ്മെന്റ് ആക്ട് 2009 പ്രകാരം അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ ഏറ്റെടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) ഫാക്ടറികൾ അടഞ്ഞുകിടക്കുന്ന കാലയളവിൽ തൊഴിലാളികൾക്ക് ലേ-ഓഫ് കോമ്പൻസേഷൻ കൊടുക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കുമോ?

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ &ബി) 2016 സെപ്റ്റംബർ മാസത്തിൽ ലഭ്യമായ കണക്കുപ്രകാരം 408 ഫാക്ടറികൾ അടഞ്ഞുകിടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപ്പെക്സിന്റേയും കീഴിലുള്ള 40 ഫാക്ടറികൾ ആവശ്യമായ തോട്ടണ്ടി ലഭ്യമാക്കി ഇതിനകം തുറന്നു പ്രവർത്തിപ്പിച്ചിട്ടുണ്ട്. അടഞ്ഞുകിടക്കുന്ന ഫാക്ടറികൾ തുറക്കുന്ന വിഷയം മുഖ്യമന്ത്രി വിളിച്ചുചേർത്ത യോഗം ചർച്ചചെയ്തിരുന്നു. കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ മുഖ്യമന്ത്രി കശുവണ്ടി വ്യവസായികളോട് അഭ്യർത്ഥിച്ചിരുന്നു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്ത വായ്പ, കുടിശ്ശിക വരുത്തിയതിനെ തുടർന്ന് ജപ്തി നടപടികൾ നേരിടുന്ന സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുന്ന കാര്യം ചെറുകിട വ്യവസായികളുമായും ബാങ്ക് പ്രതിനിധികളുമായും ചർച്ച ചെയ്യുന്നതിനായി 25-10-2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വീണ്ടും യോഗം വിളിച്ചിരിക്കുകയാണ്. കൂടാതെ കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയത്തിൽ നിയമപരമായി സ്വീകരിക്കാൻ കഴിയുന്ന എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

(സി) ഇക്കാര്യം തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

**കശുവണ്ടി സംഭരണം**

312 (3844) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന കശുവണ്ടി ഫാക്ടറികൾക്ക് ഒരു വർഷത്തേക്ക് പ്രവർത്തിക്കാൻ എത്ര ടൺ കശുവണ്ടി ആവശ്യമായി വരുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര ടൺ നമ്മുടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുണ്ട്; എത്ര ടൺ വിദേശത്തു നിന്ന് ഇറക്കുമതി ചെയ്യുന്നുണ്ട്; വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന കശുവണ്ടിക്ക് കിലോക്ക് എത്ര രൂപനൽകിയാണ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് മെച്ചപ്പെട്ട വില നല്കി കശുവണ്ടി സംഭരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഉത്തര മലബാറിലെ മണ്ണും കാലാവസ്ഥയും കശുമാവ് കൃഷിക്ക് ഏറെ അനുയോജ്യമാണെന്ന കാര്യം പരിഗണിച്ച് ആ പ്രദേശങ്ങളിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കശുവണ്ടി ഫാക്ടറികളുടെ ആവശ്യങ്ങൾക്ക് ഏകദേശം 6 ലക്ഷം മെട്രിക് ടൺ കശുവണ്ടി ആവശ്യമുണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിൽ 80,000 മെട്രിക് ടൺ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ട്. രാജ്യത്ത് പ്രതിവർഷം 8.5 ലക്ഷം മെട്രിക് ടൺ മുതൽ 9 ലക്ഷം മെട്രിക് ടൺ വരെ തോട്ടണ്ടി വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്നതായി കണക്കാക്കുന്നുണ്ട്. ഇത് സംസ്ഥാനത്തിന് പുറത്തുള്ള ഫാക്ടറികളുടെ ആവശ്യത്തിനുവേണ്ടിയാണ്. ഇറക്കുമതി ചെയ്തുവച്ചിരുന്ന തോട്ടണ്ടി കശുവണ്ടി വികസന കോർപ്പറേഷൻ (₹ 151.50 + ടാക്സ്) നിരക്കിലാണ് അവസാനം വാങ്ങിയത്. കാപെക്സ് ഏകദേശം USD1567 നാണ് IVC ഒർജിൻ തോട്ടണ്ടി വാങ്ങിയത്.

(ബി) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന കശുവണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ ആവശ്യങ്ങൾക്ക് വാങ്ങുന്നതിന് പദ്ധതികൾ പരിഗണനയിലാണ്.

(സി) ഉത്തര മലബാറിലുൾപ്പെടെ സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലും തരിശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി ചെയ്യുന്നതിന് വനം, കൃഷി, തദ്ദേശസ്വയംഭരണം തുടങ്ങിയ വകുപ്പുകളുമായി ആലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 3678, 3685 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

# II അറിയിപ്പ്

## സഭാനടപടികൾ നീണ്ടുപോകുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: റൂൾ 50 എടുക്കുന്നതിനുമുമ്പ് ഒരു കാര്യം സഭയുടെ ശ്രദ്ധയിൽ പെടുത്തേണ്ടതുണ്ട്. ഇന്നലെ സഭാനടപടികൾ നീണ്ടുപോയതിൽ ബഹുഭൂരിപക്ഷം അംഗങ്ങളും ആംഗ്യഭാഷയിലും അല്ലാതെയും അസ്വസ്ഥത പ്രകടിപ്പിക്കുകയുണ്ടായി. കക്ഷിനേതാക്കളുടെ യോഗത്തിൽ നിശ്ചയിച്ചതുപോലെ സമയനിഷ്ഠ പാലിക്കാൻ തുടക്കം മുതൽതന്നെ ശ്രദ്ധിച്ചാൽ കൃത്യസമയത്തിന് സഭ അവസാനിപ്പിക്കാൻ സാധിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബി.എ.സി.-ക്ക് പറ്റിയ ചെറിയ തകരാർ മൂലമാണ് ഇത്തരത്തിൽ സംഭവിക്കുന്നത്. ഇന്നലെ ടൂറിസം, സഹകരണം, കൃഷി തുടങ്ങിയ മൂന്ന് പ്രധാനപ്പെട്ട വിഷയങ്ങളുടെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ചയായിരുന്നു നടന്നത്. ഇതിനുതൊട്ടുമുമ്പുള്ള ദിവസം ശുദ്ധജല വിതരണവും ശുചീകരണവും, ജലസേചനം എന്നീ വിഷയങ്ങളിലെ ധനാഭ്യർത്ഥന കളിന്മേലുള്ള ചർച്ച മാത്രമേ ഉണ്ടായിരുന്നുള്ളൂ. അതിനാൽ കൃത്യസമയത്ത് സഭ അവസാനിപ്പിക്കാൻ സാധിച്ചു. ഇക്കാര്യങ്ങൾ ബി.എ.സി.യിൽ കൂടി ചർച്ച ചെയ്യേണ്ടതാണ്. വിഷയങ്ങൾ അലോട്ട് ചെയ്യുമ്പോൾ പ്രത്യേക ശ്രദ്ധ കാണിച്ചാൽ ഇന്നലത്തേതുപോലുള്ള സംഭവം ഉണ്ടാകില്ല എന്നാണ് എനിക്ക് തോന്നുന്നത്.

മി. സ്പീക്കർ: ഇന്നലെ ബഹുമാന്യനായ വി. ഡി. സതീശനും ഈ വിഷയം ചൂണ്ടിക്കാണിക്കുകയുണ്ടായി. അത് പരിശോധിക്കാമെന്ന് പറയുകയും ചെയ്തിരുന്നു. ഇന്നലെ സബ്മിഷൻ കഴിഞ്ഞ് ധനകാര്യവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിലേക്ക് കടന്നത് ഉച്ചയ്ക്കുശേഷം 12.55-നായിരുന്നു. സബ്മിഷനുകൾ ശരാശരി ഒരു മിനിട്ടിൽ അവതരിപ്പിക്കാനും മറുപടി പറയാനുമാണ് നിശ്ചയിച്ചിരുന്നത്. എന്നാൽ അടിയന്തരപ്രമേയവും അതിന്റെ അനുബന്ധ നടപടികളും വളരെയധികം നീണ്ടുപോയ സാഹചര്യമുണ്ടായി. എല്ലാവരുടെയും ശ്രദ്ധയിൽ അത് ഉണ്ടാകണമെന്ന് ഒരിക്കൽ കൂടി ചെയർ ഓർമ്മപ്പെടുത്തുന്നു.

## III അടിയന്തരപ്രമേയം

### പരിസ്ഥിതി ലോലപ്രദേശങ്ങളുടെ പട്ടികയിൽനിന്നും ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: കസ്തൂരിരംഗൻ റിപ്പോർട്ടിൽ പരാമർശിക്കപ്പെട്ട 3314 ചതുരശ്ര കിലോമീറ്റർ വരുന്ന പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ജനവാസകേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കി 2014 മാർച്ച് 10-ന് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിന് കടകവിരുദ്ധമായി സംസ്ഥാനത്തെ 123 വില്ലേജുകൾ പൂർണ്ണമായും ഇ.എസ്.എ. മേഖലകളിൽ ഉൾപ്പെട്ടിരിക്കുകയാണെന്നുകാണിച്ച് സംസ്ഥാന സർക്കാർ ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചതിനാൽ കർഷകർക്കുണ്ടായിട്ടുള്ള ഭയാശങ്കകൾമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ സണ്ണി ജോസഫ്, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

## IV ക്രമപ്രശ്നം

### (1) ശ്രദ്ധ ക്ഷണിക്കൽ വിഷയം അടിയന്തരപ്രമേയമായി അവതരിപ്പിക്കുന്നത് സംബന്ധിച്ച്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഒരു വിഷയം ശ്രദ്ധക്ഷണിക്കലിനായി ലിസ്റ്റ് ചെയ്തുകഴിഞ്ഞാൽ എമർജൻസി ഇൻവോക്ക് ചെയ്യുന്ന പ്രത്യേക സാഹചര്യമുണ്ടെങ്കിൽ അടിയന്തരപ്രമേയമായി കൊണ്ടുവരാം. നിയമസഭ ചേർന്നതിനുശേഷം അടിയന്തരപ്രാധാന്യമുള്ള എന്തെങ്കിലും പ്രശ്നം ഇന്ന് ഇപ്പോൾ ഇവിടെ അവതരിപ്പിക്കാൻ പോകുന്ന അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് ഇല്ല. എന്നാൽ ബഹുമാനപ്പെട്ട സ്പീക്കർ അതേ വിഷയം ശ്രദ്ധ ക്ഷണിക്കലിൽ ലിസ്റ്റ് ചെയ്യുകയും ചെയ്തു. ശ്രദ്ധ ക്ഷണിക്കൽ ലിസ്റ്റ് ചെയ്ത സാഹചര്യത്തിൽ ഈ അടിയന്തരപ്രമേയം അങ്ങയുടെ ഡിസ്ക്രീഷണറി പവർ ഉപയോഗിച്ച് അനുവദിക്കാം. പക്ഷേ ഇത് ശരിയായ ഒരു കീഴ്വഴക്കമല്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതുപോലുള്ള സംഭവങ്ങളൊക്കെ സഭയിൽ മുമ്പും ഉണ്ടായിട്ടുണ്ട്. 25-1-1999-ൽ ശ്രീ. എം. വിജയകുമാർ സ്പീക്കർ ആയിരുന്നപ്പോൾ റൂൾ 300 അനുസരിച്ച് മന്ത്രി സ്റ്റേറ്റ്മെന്റ് കൊടുത്തശേഷം അതേവിഷയത്തിന്മേൽ അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ടുണ്ട്. ഇത്രയും പ്രധാനപ്പെട്ട ഒരു കാര്യത്തെ, 123 വില്ലേജുകൾ പരിസ്ഥിതി ലോല പ്രദേശമാണെന്നുള്ള അഫിഡവിറ്റിനെ ശ്രീ. എ. കെ. ബാലൻ എതിർക്കുന്നത് എന്തിനാണ്; ഗവൺമെന്റ് എതിർക്കുന്നത് എന്തിനാണ്?

മി. സ്പീക്കർ: തർക്കത്തിലേയ്ക്ക് പോകണ്ട. ചെയർ കാര്യങ്ങൾ പറയാം.

ശ്രീ. എ. കെ. ബാലൻ: അടിയന്തരപ്രമേയവുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പ്രശ്നത്തിൽ ഞങ്ങൾക്കാർക്കും വിയോജിപ്പില്ല. ഇത് ഇന്നോ ഇന്നലെയോ ഈ സഭാസമ്മേളനം ആരംഭിച്ചപ്പോഴോ ഉണ്ടായ ഒരു വിഷയമല്ല. ഇപ്പോൾ നടക്കുന്ന അടിയന്തര പ്രാധാന്യമുള്ള വിഷയമാണ് സഭയിൽ അടിന്തരപ്രമേയമായി കൊണ്ടു വരേണ്ടത്. എന്നാൽ അങ്ങനെയല്ലാത്തൊരു വിഷയം കൊണ്ടുവന്നത് ശരിയല്ല. ചട്ടപ്രകാരമുള്ള കാര്യമാണ് ഞാൻ പറയുന്നത്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ജനവാസ പ്രദേശങ്ങളെ പരിസ്ഥിതി ലോല പ്രദേശങ്ങളായി വിജ്ഞാപനം ചെയ്യുന്നത് ഒഴിവാക്കണമെന്ന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ശ്രീ. രാജു എബ്രഹാം ശ്രദ്ധ ക്ഷണിക്കൽ കൊണ്ടുവന്നിട്ടുള്ളത്. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഇറക്കിയ നോട്ടിഫിക്കേഷന്റെ നിയമസാധുത കേരള ഹൈക്കോടതി അംഗീകരിച്ചശേഷം സംസ്ഥാന സർക്കാർ ചീഫ് സെക്രട്ടറിക്കുവേണ്ടി കൊടുത്ത അഫിഡവിറ്റിൽ വന്നിട്ടുള്ള തെറ്റാണ് ശ്രീ. സണ്ണി ജോസഫ് അടിയന്തരപ്രമേയമായി ചൂണ്ടിക്കാണിക്കുന്നത്. ഇത് രണ്ടും രണ്ട് വിഷയങ്ങളാണ്.

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ നൽകിയ നോട്ടീസിനോടൊപ്പം നോട്ടും നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുൻമുഖ്യമന്ത്രി പറഞ്ഞത് ഭാഗികമായി ശരിയാണ്. ആ വിഷയവും ഞാൻ ശ്രദ്ധ ക്ഷണിക്കലായി ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ കൊടുത്തിരിക്കുന്ന 123 വില്ലേജ് എന്നുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടില്ല. തത്സ്ഥിതി തുടരുകയാണ്. ...(ബഹളം)...

മി. സ്പീക്കർ: അങ്ങ് വിഷയത്തിലേയ്ക്ക് പോകണ്ട.

ശ്രീ. രാജു എബ്രഹാം: സർ, എനിക്ക് ഒറ്റ വിഷയം മാത്രമേ സംസാരിക്കാനുള്ളൂ. ശ്രീ. സണ്ണി ജോസഫ് അടിയന്തരപ്രമേയ അവതരണത്തിനായി നൽകിയ നോട്ടീസിനോടൊപ്പം എന്റെ സ്റ്റേറ്റ്മെന്റ് കൂടി ഉൾപ്പെടുത്തി ഒരുമിച്ച് അവതരിപ്പിക്കുന്നതായിരിക്കും നല്ലത്. ..............(ബഹളം)...........

## റൂളിംഗ്

മി. സ്പീക്കർ: ശ്രീ. രാജു എബ്രഹാം ഇരിക്കൂ..... ചെയർ പറയാം......... പ്ലീസ്.......പ്ലീസ്...... ചട്ടം 50 പ്രകാരം അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ടുള്ള നോട്ടീസ് നൽകാൻ പ്രതിപക്ഷത്തിനുള്ള അവസരം അന്നേ

ദിവസം രാവിലെ മാത്രമേ ലഭ്യമാകുന്നുള്ളൂ. ലിസ്റ്റ് ചെയ്യപ്പെട്ട വിഷയങ്ങൾ കാര്യപരിപാടിയിൽ വന്നിട്ടുണ്ടെങ്കിലും ചട്ടം 50 പ്രകാരമുള്ള നോട്ടീസ് ഉണ്ടെങ്കിൽ ആയതിന് മുൻഗണന നൽകിയിട്ടുള്ള കീഴ്‌വഴക്കമാണ് സഭയിൽ ഉണ്ടായിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇന്നത്തെ കാര്യപരിപാടിയിൽ ശ്രദ്ധ ക്ഷണിക്കലായി ഉൾപ്പെടുത്തിയ വിഷയം അടിയന്തരപ്രമേയമായി വന്നിട്ടുണ്ടെങ്കിൽ ചട്ടം 50 പ്രകാരം ബഹുമാനപ്പെട്ട അംഗങ്ങൾ നൽകിയിട്ടുള്ള നോട്ടീസിന് പരിഗണന നൽകുന്നതിൽ അപാകതയുള്ളതായി ചെയർ കരുതുന്നില്ല. മാത്രമല്ല അടിയന്തരപ്രമേയത്തിലൂടെ ഉന്നയിക്കാൻ ഉദ്ദേശിച്ചിട്ടുള്ള കാര്യം ശ്രദ്ധ ക്ഷണിക്കൽ വിഷയത്തിൽനിന്നും അൽപ്പം വിഭിന്നമാണ് എന്നുള്ള കാര്യവും ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

## അടിയന്തരപ്രമേയം (തുടർച്ച)

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഇവിടെ ഉന്നയിക്കപ്പെട്ട വിഷയം കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ടതാണ്. 2012-ലാണ് കസ്തൂരി രംഗൻ കമ്മിറ്റി റിപ്പോർട്ട് കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെട്ടത്. ആ റിപ്പോർട്ടിൽ 123 വില്ലേജുകൾ Ecologically Sensitive Area (ESA) ആണെന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ അഭിപ്രായം കേന്ദ്ര സർക്കാർ തേടുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് Kerala State Biodiversity Board-ന്റെ ചെയർമാനായ ഉമ്മൻ വി. ഉമ്മൻ കൺവീനറായി ഒരു കമ്മിറ്റിയെ നിശ്ചയിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വ്യാപക രീതിയിൽ തെളിവെടുപ്പ് നടത്തിയതിന്റെ അടിസ്ഥാനത്തിൽ സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കൈവശഭൂമി ഒഴികെ ഹൈറേഞ്ച് മേഖലയിലുള്ള പ്രദേശങ്ങൾ മാത്രം ഇ.എസ്.എ. ആയാൽ മതിയെന്ന നിർദ്ദേശം സർക്കാരിനുമുമ്പിൽ സമർപ്പിക്കുകയും സംസ്ഥാന സർക്കാർ അത് അംഗീകരിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് അന്ന് ഉയർന്നുവന്ന ആശങ്കയുടെ അടിസ്ഥാനത്തിൽ സഭയിൽ ഈ വിഷയം ചർച്ച ചെയ്യുകയും ഇക്കാര്യത്തിൽ ഏകകണ്ഠമായ അഭിപ്രായം സ്വരൂപിക്കുകയും ചെയ്തു. 123 വില്ലേജുകളെ ഇ.എസ്.എ. ആയി പ്രഖ്യാപിച്ചാൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ സംബന്ധിച്ച് ജനങ്ങൾക്കിടയിൽ ആശങ്കയുണ്ടായ പ്രത്യേക സാഹചര്യത്തിലാണ് അങ്ങനെയുണ്ടായത്. സ്റ്റേറ്റ് ഗവൺമെന്റ് ഈ പ്രമേയത്തിന്റെയുംകൂടി അടിസ്ഥാനത്തിൽ ഈ അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. ചെന്നൈയിലെ നാഷണൽ ഗ്രീൻ ട്രിബ്യൂണലോ കേന്ദ്ര ഗവൺമെന്റോ ഇതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനമെടുത്തിട്ടില്ല. ആ

സാഹചര്യത്തിൽ ഇപ്പോൾ പറയുന്ന രീതിയിലുള്ള ആശങ്കയുടെ ആവശ്യമില്ല. ഈ വിഷയത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിലേക്ക് പോകാനുള്ള സാഹചര്യമില്ലാത്ത ഘട്ടത്തിൽ ഇതുസംബന്ധിച്ച് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട അടിയന്തരപ്രാധാന്യം ഇപ്പോഴില്ല എന്നതാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഈ വിഷയത്തിൽ മുൻഗവൺമെന്റ് സ്വീകരിച്ച അതേനയം തന്നെയാണ് ഈ ഗവൺമെന്റും സ്വീകരിക്കാനുദ്ദേശിക്കുന്നത്. ഇക്കാര്യത്തിൽ വ്യത്യസ്തമായ അഭിപ്രായങ്ങളില്ല. 2014-ലെ കേന്ദ്ര കരട് വിജ്ഞാപനത്തിൽനിന്നും ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും പൂർണ്ണമായും ഒഴിവാക്കണമെന്നും കർഷക വിരുദ്ധ നിർദ്ദേശങ്ങൾ ഉപേക്ഷിക്കണമെന്നുമാണ് ഈ ഗവൺമെന്റിന്റെയും നയം. അതുകൊണ്ട് സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ല.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം കേരളത്തിലെ 123 വില്ലേജുകളെ പൂർണ്ണമായും ഇ.എസ്.എ.യിൽ ഉൾപ്പെടുത്തിയ വിഷയം ഈ സഭയിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിനെത്തുടർന്ന് ഇടുക്കിയിൽ പ്രക്ഷോഭങ്ങളുണ്ടായി. എന്റെ നിയോജകമണ്ഡലത്തിലെ കൊട്ടിയൂരും താമരശ്ശേരിയിലും നടന്ന സമരങ്ങളിൽ അനിഷ്ട സംഭവങ്ങളുണ്ടാവുകയും കേസ്സുകൾ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. 30-1-2014-ൽ സഭ ഈ വിഷയം ചർച്ച ചെയ്തിരുന്നു. അന്നത്തെ പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ "കസ്തൂരി രംഗൻ റിപ്പോർട്ട് സംബന്ധിച്ച് കേരളത്തിലെ ജനങ്ങൾക്കിടയിൽ ഉയർന്നുവന്നിട്ടുള്ള ആശങ്കകൾ കണക്കിലെടുത്തുകൊണ്ട് പരിസ്ഥിതി ലോല പ്രദേശങ്ങൾ (ESA) നിർണ്ണയിക്കുമ്പോൾ ജനവാസ കേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പൂർണ്ണമായും ഒഴിവാക്കണമെന്നും കർഷകവിരുദ്ധ നിലപാടുകൾ ഉപേക്ഷിക്കണമെന്നും സഭയുടെ പൊതുവികാരം മാനിച്ച് സംസ്ഥാന ഗവൺമെന്റ് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിഗണിച്ചുമാത്രമേ അന്തിമ തീരുമാനം കൈക്കൊള്ളാവൂ എന്നും ഈ സഭ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുകയും അത് ഐകകണ്ഠ്യേന കേരള നിയമസഭ പാസ്സാക്കുകയും ചെയ്തു. കേരള സർക്കാരും ഇതുസംബന്ധിച്ച് വളരെ ഗൗരവബുദ്ധിയോടെ പ്രവർത്തിച്ചിട്ടുണ്ട്. അതാണ് ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി തന്നെ പറഞ്ഞത്. ബയോ ഡൈവേഴ്സിറ്റി ബോർഡിന്റെ ചെയർമാൻ ഉമ്മൻ വി. ഉമ്മൻ ചെയർമാനായി മൂന്നംഗ സമിതി രൂപീകരിക്കുകയും ആ സമിതി ബന്ധപ്പെട്ട 123 വില്ലേജുകൾ സന്ദർശിച്ച് യോഗങ്ങൾ വിളിച്ചുകൂട്ടുകയും ചെയ്തു. എന്റെ നിയോജകമണ്ഡലത്തിൽ കൊട്ടിയൂരും ആറളത്തും വന്നിരുന്നു. സമിതി പഞ്ചായത്തുകളിൽ യോഗം ചേരുകയും എല്ലാ ജനപ്രതിനിധികളും കർഷകസംഘടനകളും പൗരപ്രമുഖരും മാധ്യമങ്ങളുമെല്ലാം പങ്കെടുത്തുകൊണ്ട് ഏകദേശം എല്ലാ പ്രദേശങ്ങളിലും തെളിവെടുപ്പ് നടത്തുകയും ചെയ്തു. തിരുവനന്തപുരത്ത് ജനപ്രതിനിധികളെ പ്രത്യേകം

വിളിച്ചുചേർത്തു. രാഷ്ട്രീയ പാർട്ടികളുടെ നേതൃയോഗം ഗവൺമെന്റ് വിളിച്ചുകൂട്ടി. ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി തിരുവനന്തപുരത്ത് ദർബാർ ഹാളിൽ രാഷ്ട്രീയപ്പാർട്ടികളുടെയും ജനപ്രതിനിധികളുടെയും യോഗം വിളിച്ചുകൂട്ടി അവരുടെയെല്ലാം അഭിപ്രായങ്ങൾ കേൾക്കുകയും എഴുതിവാങ്ങുകയും ആ നിർദ്ദേശങ്ങളെല്ലാം ഉൾക്കൊള്ളുകയും ചെയ്തു. മാത്രമല്ല, 123 വില്ലേജുകൾ ഉൾപ്പെടുന്ന പ്രശ്നമായതുകൊണ്ട് കുറെക്കൂടി ഗ്രൗണ്ട് റിയാലിറ്റി മനസ്സിലാക്കണമെന്ന് കണക്കാക്കി പഞ്ചായത്ത് തലത്തിൽ കമ്മിറ്റി രൂപീകരിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാനായി, പഞ്ചായത്ത് സെക്രട്ടറി, വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ, ഫോറസ്റ്റ് ഓഫീസർ എന്നിങ്ങനെ അഞ്ചുപേർ ഉൾക്കൊള്ളുന്ന സമിതി രൂപീകരിച്ചു. 123 വില്ലേജുകളിൽ ഏതാണ് ഇ.എസ്.എ. ആയി നിർണ്ണയിക്കപ്പെടാൻ സാധിക്കുന്നത്, ഏതൊക്കെ കൃഷിസ്ഥലങ്ങളും ജനവാസ കേന്ദ്രങ്ങളുമാണ് ഒഴിവാക്കേണ്ടത് എന്ന് പഠിക്കുന്നതിനുവേണ്ടി കമ്മിറ്റി രൂപീകരിക്കുകയും അവർ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയും ചെയ്തു. എല്ലാ വില്ലേജുകളിലും റീസർവ്വേ പൂർത്തീകരിക്കാത്തതാണ് പ്രവർത്തനങ്ങൾക്ക് തടസ്സമായത്. റീസർവ്വേ പൂർത്തീകരിക്കാത്ത സ്ഥലങ്ങളിൽ കമ്മിറ്റി വിപുലീകരിച്ചുകൊണ്ട് താലൂക്ക് സർവ്വേയർമാരെ ഉൾപ്പെടുത്തി പ്രവർത്തനം വ്യാപിപ്പിച്ചു. പഞ്ചായത്ത് പ്രസിഡന്റുമാരും ജനപ്രതിനിധികളുമെല്ലാം ഹോംവർക്ക് ചെയ്ത് സംസ്ഥാന സർക്കാരിന്റെ നിർദ്ദേശം കേന്ദ്രത്തിന് സമർപ്പിച്ചു. 2014 മാർച്ച് മാസം 4-ാം തീയതി കേന്ദ്ര സർക്കാർ കേരളത്തിന്റെ ഹോം വർക്കിനെ അംഗീകരിച്ചുകൊണ്ട് ഒരു ഒഫിഷ്യൽ മെമ്മോറാണ്ടം പുറപ്പെടുവിച്ചു. "Considering that Kerala is the only State among the Western Ghats States which has undertaken the exercise of demarcating ESA by physical verification post High Level Working Group report, the draft notification to be issued by the Ministry for declaring ESA for Western Ghats region, in respect of Kerala State, will state the proposal of State Government of Kerala for demarcation of ESA based on physical verification got conducted by them while seeking objections or suggestions from stakeholders. As the village-wise details of ESA proposed by the State Government are available with the Kerala State Biodiversity Board, the stakeholders may access the same from their website while sending objections or suggestions on the draft notification." യഥാർത്ഥത്തിൽ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം കേരളത്തിനുവേണ്ടി മാത്രമായാണ് ഈ ഒഫിഷ്യൽ മെമ്മോറാണ്ടം പുറപ്പെടുവിച്ചിരിക്കുന്നത്. ഇതിൽ പറയുന്നത് ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമെന്നാണ്, ഒഫിഷ്യൽ മെമ്മോറാണ്ടം മാത്രം പോര. ഒരു നോട്ടിഫിക്കേഷൻ റദ്ദാക്കണമെങ്കിൽ മറ്റൊരു നോട്ടിഫിക്കേഷൻ വേണം. അതിനെത്തുടർന്ന് 2014

മാർച്ച് 10-ാം തീയതി കേരളത്തിന്റെ ആവശ്യങ്ങൾ ഏകദേശം അംഗീകരിച്ചുകൊണ്ടുള്ള ഒരു നോട്ടിഫിക്കേഷനാണ് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം പുറപ്പെടുവിച്ചത്. അതിന്റെ പ്രധാനപ്പെട്ട ഭാഗങ്ങൾ വായിക്കാം, "AND WHEREAS, the Ecologically Sensitive Area recommended by the Kerala State Government is spread over of an area of 9993.7 sq. km., which includes 9107 sq. km. of forest area and 886.7 sq. km. of non-forest area and ESA in that State works out to 9,993.7 sq km. as compared to 13,108 sq. km. recommended by High Level Working Group;" 2012-ൽ ഹൈ ലെവൽ വർക്കിംഗ് ഗ്രൂപ്പ് കേരളത്തിൽ 123 വില്ലേജുകളിലായി 13108 സ്ക്വയർ കിലോമീറ്റർ പ്രദേശങ്ങളെയാണ് ഇ.എസ്.എ.-യിൽ ഉൾപ്പെടുത്തിയതെങ്കിൽ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയും പഞ്ചായത്ത് പ്രസിഡന്റുമാർ ചെയർമാൻമാരായ കമ്മിറ്റിയും പഠിച്ച് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13108 എന്നുള്ളത് 9,993 ആയി കുറച്ചു. അതിൽ 9107 സ്ക്വയർ കിലോമീറ്ററും ഫോറസ്റ്റ് ഏരിയ ആണ്. ബാക്കി വരുന്ന 800 സ്ക്വയർ കിലോമീറ്റർ വെള്ളക്കെട്ടും പാറക്കെട്ടും പുറമ്പോക്ക് സ്ഥലങ്ങളുമാണ്. കൃഷിസ്ഥലങ്ങളെയും ജനവാസ കേന്ദ്രങ്ങളെയും പൂർണ്ണമായി ഒഴിവാക്കി. ഈ നോട്ടിഫിക്കേഷന്റെ annexure-ൽ രണ്ടാമത്തെ പാരഗ്രാഫിൽ പറയുന്നത് "2. Boundary and Description of Western Ghats Eco-sensitive Area.- (1) The boundary and description of Eco-Sensitive Area as recommended by High Level Working Group excluding the State of Kerala is as under:-", കേരളത്തെ ഒഴിവാക്കി ഗുജറാത്ത്, തമിഴ്നാട്, മഹാരാഷ്ട്ര, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങൾക്ക് പ്രത്യേക ടേബിൾ കൊടുത്ത് അതിന്റെ അതിർത്തി പറഞ്ഞിരിക്കുന്നു. എന്നാൽ കേരളത്തിന്റേത് പ്രത്യേകം പറഞ്ഞിട്ടുണ്ട്. "(2) The Eco-Sensitive Area in the State of Kerala is spread over of an area of 9993.7 sq. km., which includes 9107 sq. km. of forest area and 886.7 sq. km. of non-forest area and the boundary and description of Eco-Sensitive Area and the village-wise details of Eco-sensitive area proposed by the State Government are available on the website of the Kerala State Biodiversity Board" എന്ന് രണ്ടാമത്തെ ക്ലോസിൽ ആവർത്തിച്ച് പറയുന്നുണ്ട്.

ഇതുമായി ബന്ധപ്പെട്ട് നൽകിയിരിക്കുന്ന ടേബിൾ തന്നെ പഠിക്കേണ്ടതാണ്. ടേബിൾ ഇത്തരത്തിലാണ്:

State-wise area of Western Ghats Eco-sensitive Area except for State of Kerala.

| Sl. No. | State | Western Ghats Ecologically Sensitive Area (in sq.km.) |
|---|---|---|
| 1 | Gujarat | 449 |
| 2 | Maharashtra | 17340 |
| 3 | Goa | 1461 |
| 4 | Karnataka | 20668 |
| 5 | Tamil Nadu | 6914 |

ഇതിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യാ രാജ്യത്ത് മൊത്തത്തിൽ നിശ്ചയിച്ചിട്ടുള്ള ഇ.എസ്.എ.യുടെ പരിധിയിൽനിന്നും (59,940 സ്ക്വയർ കിലോമീറ്റർ ആയിരുന്ന ഈ വർക്കിംഗ് ഗ്രൂപ്പ് നോട്ടിഫൈ ചെയ്തത്) കേരളത്തിൽ കുറവുചെയ്തിട്ടുള്ള സ്ഥലം ഒഴിവാക്കി 56,825 സ്ക്വയർ കിലോമീറ്റർ മാത്രമാണെന്ന് കേന്ദ്ര ഗവൺമെന്റ് നോട്ടിഫൈ ചെയ്തു. ഇത് യു.പി.എ. ഗവൺമെന്റിന്റെ കാലത്താണ്. 2015 സെപ്റ്റംബറിൽ എൻ.ഡി.എ. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആറ് സംസ്ഥാനങ്ങളിലെ മന്ത്രിമാരുടെയും എം.പി.മാരുടെയും യോഗം വിളിച്ചുചേർക്കുകയും ആ യോഗങ്ങളിലെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ചുകൊണ്ട് കേരളത്തിന് മാത്രമായി 2015 സെപ്റ്റംബർ 4-ന് നോട്ടിഫിക്കേഷൻ ഇറക്കുകയും ചെയ്തു. 2014 മാർച്ച് 10-ാം തീയതി എന്ത് നോട്ടിഫൈ ചെയ്തുവോ ആ നോട്ടിഫിക്കേഷന്റെ തനിയാവർത്തനമാണ് പുതിയ ഗവൺമെന്റും ചെയ്തത്. നേരത്തെ പറഞ്ഞ ടേബിളിന്റെ തനിയാവർത്തനമാണ്. പശ്ചിമഘട്ടത്തിന്റെ 37 ശതമാനം ഇ.എസ്.എ. ആയി പ്രഖ്യാപിച്ചത് കുറവുവരുത്തിക്കൊണ്ട് 2015 സെപ്റ്റംബറിലെ നോട്ടിഫിക്കേഷനിൽ പറഞ്ഞിട്ടുണ്ട് എന്നതാണ് മൊത്തത്തിലുള്ള ചെയ്ഞ്ച്. ഇതുസംബന്ധിച്ച് ഇടുക്കിയിലെ എം. പി. ശ്രീ. ജോയ്സ് ജോർജ് പാർലമെന്റിൽ ഒരു അൺസ്റ്റാർഡ് ക്വസ്റ്റ്യൻ ചോദിച്ചു. ആ ചോദ്യത്തിന് കിട്ടിയ ഉത്തരം 2014 മാർച്ച് 10-ൽ വന്ന നോട്ടിഫിക്കേഷനിൽ നിന്ന് 2015 സെപ്റ്റംബർ 4-ലെ നോട്ടിഫിക്കേഷനിൽ യാതൊരു ഭേദഗതിയും വരുത്തിയിട്ടില്ല എന്നാണ്. ഇൻഡ്യാ ഗവൺമെന്റ് എം.പി.മാരെയും മന്ത്രിമാരെയും വിളിച്ച് ചർച്ച ചെയ്തിരുന്നു. യാതൊരു ഭേദഗതിയും വരുത്താതെതന്നെ കേരളം എന്ത് പഠിച്ചോ, എന്ത് റിപ്പോർട്ട് സമർപ്പിച്ചുവോ ആ റിപ്പോർട്ട് അംഗീകരിക്കപ്പെട്ടു. നോട്ടിഫിക്കേഷനിലെ ചില വാക്കുകൾ ശ്രദ്ധിക്കണം.

മി. സ്പീക്കർ: താങ്കൾ സംസാരിക്കാൻ തുടങ്ങിയിട്ട് 10 മിനിട്ടായി.

ശ്രീ. സണ്ണി ജോസഫ്: സർ, I am coming to the real point. ഈ വിഷയങ്ങൾ പലപ്പോഴും കേരളത്തിലെ പല സുഹൃത്തുക്കളും ചില മാധ്യമങ്ങളും സമരക്കാരും കർഷക സംഘടനകളും അംഗീകരിച്ചിട്ടില്ല. പത്തനംതിട്ടയിൽ ഒരു ക്വാറിയുടെ അപേക്ഷയുമായി സ്വകാര്യ വ്യക്തി ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി ഈ കാര്യങ്ങളെല്ലാം കേട്ടതിനുശേഷം 2014 മാർച്ച് 10-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഈ 123 വില്ലേജുകളിലെയും മുഴുവൻ പ്രദേശങ്ങളെയും ഇ.എസ്.എ.-യായി ഉൾപ്പെടുത്താൻ പറ്റില്ല എന്നുപറഞ്ഞു. ആ ഉത്തരവ് ഞാൻ വായിക്കാം.

മി. സ്പീക്കർ: അടിയന്തര പ്രാധാന്യമുള്ള വിഷയത്തിലേക്ക് വരൂ.

Shri Sunny Joseph: Sir, Of course. Why not; I will read it. "….in the light of Exhibit P10 notification, this Hon'ble Court is of the view that treating the aforesaid land as a non ESA area, the respondent application for environmental clearance shall be taken for logical consideration by the 2nd appellant without any delay....". ക്വാറി കൊടുക്കണമെന്നല്ല പറഞ്ഞത്, ഈ അപേക്ഷ ഇ.എസ്.എ. ലാന്റിൽപ്പെട്ടതാണ് എന്ന കാരണത്താൽ തള്ളേണ്ടതില്ല എന്നാണ് പറഞ്ഞത്. ക്വാറിക്കാവശ്യമായ എക്സ്പ്ലോസീവിന്റെ ക്ലിയറൻസുണ്ടോ, പൊല്യൂഷൻ ക്ലിയറൻസുണ്ടോ ജനവാസ കേന്ദ്രമാണോ ഈ കാര്യങ്ങളൊക്കെ പരിശോധിച്ചതിനുശേഷം ഇ.എസ്.എ. എന്ന ഒറ്റ കാരണത്തിൽ ഇത് തള്ളാൻ പാടില്ല എന്നാണ് പറഞ്ഞത്. Exhibit P10 notification എന്നുപറയുന്നത് 2014 മാർച്ച് 10-ന്റെ നോട്ടിഫിക്കേഷനാണ്.

Mr. Speaker: Yes. Please conclude.

ശ്രീ. സണ്ണി ജോസഫ്: സർ, ആ നോട്ടിഫിക്കേഷനെ മുഖവിലയ്ക്കെടുത്തുകൊണ്ട് ഇത് തള്ളേണ്ടതില്ല. എന്നാൽ അതിനുശേഷം കേരള സർക്കാർ ഹൈക്കോടതി വിധിക്കെതിരെ...

മി. സ്പീക്കർ: അതാണ് വിഷയം. ഇപ്പോൾ വിഷയത്തിലേയ്ക്ക് വരുന്നതേയുള്ളൂ.

ശ്രീ. സണ്ണി ജോസഫ്: സർ, ഈ ബാക്ക്ഗ്രൗണ്ട് ഉണ്ടെങ്കിൽ മാത്രമേ ശ്രീ. രാജു എബ്രഹാമിനുപോലും ഇത് മനസ്സിലാകുകയുള്ളൂ. I am coming to the point. അഫിഡവിറ്റിൽ എന്താണ് പറഞ്ഞിരിക്കുന്നത്; അഫിഡവിറ്റ് റിട്ട് അപ്പീൽ നമ്പർ 1052/2016 ഇതിൽ അഞ്ചാമത്തെ പേജ് മൂന്നാമത്തെ പാരഗ്രാഫ്...

മി. സ്പീക്കർ: 10 മിനിട്ടിനുള്ളിൽ തീർക്കണമെന്ന് നമ്മൾ രാവിലെ തീരുമാനിച്ചതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, രണ്ട് മിനിട്ട് കൂടി മതിയാകും. " The finding and direction of learned Single Judge that the land of respondent shall be treated as non ESA area is factually and legally unsustainable." ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ ഇത്രയും ഹാർഡ്‌വർക്കും ടീംവർക്കും ചെയ്ത് കൊണ്ടുവന്ന, കേരളത്തിന് മാത്രമായി 2014 മാർച്ച് 10-നും 2015 സെപ്റ്റംബർ 4-നും നമ്മളാവർത്തിച്ച് ലഭ്യമാക്കിയ നോട്ടിഫിക്കേഷന്റെ ഹാർഡ്‌വർക്ക് unsustainable ആണെന്ന് ഹൈക്കോടതി അംഗീകരിച്ചിട്ടും കേരള സർക്കാർ ഒരു അഫിഡവിറ്റ് കൊടുത്തു. ഈ അഫിഡവിറ്റിൽതന്നെ വേറെയും വാക്കുകളുണ്ട്. അതായത് പാരഗ്രാഫ് 10-ൽ "There is no indication that the ESAs proposed by the State Government have been accepted by Government of India." Is it correct? It is really accepted by the Government of India that is why notifications are issued repeatedly. ആ നോട്ടിഫിക്കേഷനെ സപ്രസ്സ് ചെയ്തുകൊണ്ടാണ് കേരളത്തിന്റെ ഒരു അഫിഡവിറ്റ് കേരള ചീഫ് സെക്രട്ടറിക്കുവേണ്ടി നൽകപ്പെട്ടത്.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്... ഇനി സമയം അനുവദിക്കാൻ സാധിക്കില്ല. അങ്ങ് ഈ അഫിഡവിറ്റ് ആദ്യം വായിച്ചതിനുശേഷം പ്രസംഗം തുടങ്ങേണ്ടതായിരുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, കേന്ദ്രം ഈ കാര്യങ്ങൾ പരിഗണിച്ചു. ഇത് മാർച്ച് മാസത്തിലുണ്ടായ ഹൈക്കോടതി വിധിയാണ്. പുതിയ ഗവൺമെന്റ് വന്നിട്ടാണ് 175 ദിവസത്തെ ഡിലേ മാപ്പാക്കുന്നതിനുവേണ്ടി ഡിലേ കണ്ടോനേഷൻ പെറ്റീഷൻ സഹിതം ഈ അപ്പീൽ ഫയൽ ചെയ്തിട്ടുള്ളത്. ഇത് വാർത്ത ആയപ്പോൾ ഇങ്ങനെയൊന്നും ഫയൽ ചെയ്തിട്ടില്ല എന്ന് മന്ത്രി ആദ്യം പറഞ്ഞു. ഞങ്ങൾ ആശങ്കയിലാണ്.

മി. സ്പീക്കർ: പ്ലീസ്... ഇനി എനിക്ക് സഹകരിക്കാൻ പറ്റുകയില്ല. ബുദ്ധിമുട്ടാണ്. 14 മിനിട്ടായി.

ശ്രീ. സണ്ണി ജോസഫ്: സർ, അതുകൊണ്ട് ഈ അപ്പീൽ പിൻവലിക്കണം. സർക്കാർ നയം വ്യക്തമാക്കണം. ഇതിന്റെ കാതലായ വശങ്ങൾ മറച്ചുവച്ചുകൊണ്ടാണ് മന്ത്രി നേരത്തെ സംസാരിച്ചത്. ശ്രീ. ഉമ്മൻ ചാണ്ടി സർക്കാർ നേടിയ നേട്ടങ്ങൾ തമസ്കരിക്കുന്ന നടപടിയിൽനിന്ന് ഗവൺമെന്റ് പിന്നോട്ടുപോകണം. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഞാൻ ആദ്യം സംസാരിച്ചപ്പോൾ തന്നെ ഗവൺമെന്റിന്റെ നയം വളരെ വ്യക്തമായി പറഞ്ഞതാണ്. കഴിഞ്ഞ പ്രാവശ്യം ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഈ സഭയിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഏകകണ്ഠമായി ഒരു പ്രമേയം തന്നെ പാസ്സാക്കി. എല്ലാവരും യോജിച്ചുകൊണ്ടുള്ളതാണത്. ആ നയം തന്നെയാണ് ഇടതുപക്ഷ ഗവൺമെന്റിനുമുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിനും എൽ.ഡി.എഫ്. ഗവൺമെന്റിനും ഈ കാര്യത്തിൽ വ്യത്യസ്തമായ നയം ഇല്ല. ഒരേ നയം തന്നെയാണുള്ളത്. അത് മറ്റൊന്നുമല്ല. 2014-ലെ കരട് വിജ്ഞാപനത്തിൽ നിന്ന് ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും പൂർണ്ണമായി ഒഴിവാക്കണം. ആ നയം തന്നെയാണ് ഗവൺമെന്റ് ഇപ്പോഴും പിന്തുടരുന്നത്. അതിന് യാതൊരുവിധ മാറ്റവുമില്ല. യഥാർത്ഥത്തിൽ യു.പി.എ. ഗവൺമെന്റ് അധികാരത്തിലിരുന്ന സമയത്തുതന്നെ ഫൈനൽ വിജ്ഞാപനം പുറപ്പെടുവിക്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ ഒരു കുഴപ്പവും ആശങ്കയും ഉണ്ടാകുമായിരുന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, യു.പി.എ. ഗവൺമെന്റ് ആദ്യം മറ്റ് സംസ്ഥാനങ്ങൾക്കുവേണ്ടി കാത്തിരുന്നു. മറ്റൊരു സംസ്ഥാനവും റിപ്പോർട്ട് കൊടുത്തില്ല. കാരണം വളരെ ഹാർഡ്‌വർക്ക് ചെയ്താൽ മാത്രമേ റിപ്പോർട്ട് കൊടുക്കാൻ സാധിക്കുകയുള്ളൂ. അപ്പോൾ അവർ കേരളത്തിനുവേണ്ടി മാത്രമായി ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. അതിന്മേൽ പരാതി കൊടുക്കുന്നതിന് ഒരു വർഷത്തെ സമയം അനുവദിച്ചു. ആ ഒരു വർഷം പൂർത്തിയാകുന്നതിനുമുമ്പ് ഇലക്ഷൻ വന്നു. ഒരു വർഷ സമയം കിട്ടാത്തതുകൊണ്ട് മാത്രമാണ് യു.പി.എ. ഗവൺമെന്റിന് ഫൈനൽ നോട്ടിഫിക്കേഷൻ ഇറക്കാൻ കഴിയാതെ പോയത്. പക്ഷെ ഈ പ്രശ്നം ശ്രീ. നരേന്ദ്ര മോദി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ അവർ അതേ നോട്ടിഫിക്കേഷൻ തന്നെ ഇപ്പോൾ ഇറക്കിയിരിക്കുകയാണ്. ഇനിയിപ്പോൾ ഫൈനൽ നോട്ടിഫിക്കേഷൻ വന്നാൽ മതി. കേന്ദ്ര ഗവൺമെന്റിന് അംഗീകരിക്കാനുള്ള ഒരു ഇൻഡിക്കേഷനുമില്ല എന്നുപറഞ്ഞത് വളരെ തെറ്റായ കാര്യമാണ്. അങ്ങ് ഇതുതന്നെയാണ് സംസ്ഥാന ഗവൺമെന്റിന്റെ നയം എന്നുപറഞ്ഞതിൽ വളരെ സന്തോഷമുണ്ട്. നമ്മൾ ഐകകണ്ഠ്യേന ആൾ പാർട്ടി മീറ്റിംഗ് കൂടിയാണ് ഈ തീരുമാനമൊക്കെ എടുത്തത്. തെറ്റാണെങ്കിൽ അതിന് മറ്റ് കാരണങ്ങൾ പറയണം. നമുക്ക് തിരിച്ചുകൊള്ളുന്ന പ്രൊവിഷൻ അനുസരിച്ചാണ് അഫിഡവിറ്റ് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ഇത് പിൻവലിച്ച് പുതിയ അഫിഡവിറ്റ് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

10.00 AM]

ശ്രീ. കെ. രാജു: സർ, ഇവിടെ പ്രതിപാദിപ്പിച്ചത് ഒരു ക്വാറി ഉടമ കൊടുത്ത കേസ്സാണ്. ക്വാറി ഉടമയ്ക്ക് ക്വാറി നടത്താനുള്ള അനുമതി കിട്ടാത്തതിന്റെ അടിസ്ഥാനത്തിൽ വന്നിട്ടുള്ള ഒരു സംഭവമാണിത്. ഈ കേസ്സിൽ സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുത്തിട്ടുള്ളത് സ്റ്റേറ്റ് അസസ്സ്മെന്റ് അതോറിറ്റിയാണ്, ഗവൺമെന്റല്ല. അതാണ് ഞാൻ നേരത്തേയും പറഞ്ഞത്. സ്റ്റേറ്റ് അസസ്സ്മെന്റ് അതോറിറ്റിയുണ്ടെന്നുള്ളത് ശ്രീ. സണ്ണി ജോസഫ് സമ്മതിക്കുന്നുണ്ടല്ലോ. അവരാണ് അതിൽ കക്ഷി. അവർക്കു വേണ്ടിയാണ് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുത്തിട്ടുള്ളത്, അഫിഡവിറ്റല്ല. സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് പറയുന്ന കൂട്ടത്തിൽ കസ്തൂരിരംഗൻ റിപ്പോർട്ടിൽ 123 വില്ലേജുകൾ സെൻസിറ്റീവ് ഏരിയയായി പ്രഖ്യാപിച്ചിട്ടുണ്ടെന്നുള്ള സ്റ്റേറ്റ്മെന്റ് അതിൽ പറഞ്ഞുവെന്നേയുള്ളൂ. അത് ഗവൺമെന്റിന്റെ നയത്തിന് എതിരല്ല. കർഷക വിരുദ്ധമല്ല. അവിടെ ഒരു ആശങ്കയുടെയും ആവശ്യമില്ല. ഈ വിഷയം ബഹുമാനപ്പെട്ട മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പറഞ്ഞതുപോലെ, മുൻ കേന്ദ്ര വനം പരിസ്ഥിതി വകുപ്പുമന്ത്രി ശ്രീ. പ്രകാശ് ജാവേദ്ക്കർ കേരളത്തിൽ വന്നപ്പോൾ നമ്മുടെ വാദഗതികളെല്ലാം അംഗീകരിച്ചുകൊണ്ടുതന്നെയാണ് വർത്തമാനം പറഞ്ഞത്. ഇതിന്റെ പേരിൽ ജനങ്ങൾക്ക് യാതൊരുവിധമായ ആശങ്കയുടെയും കാര്യമില്ലെന്നുകൂടി അദ്ദേഹം പറഞ്ഞു. ജനങ്ങളെ ആരെയും ഒഴിപ്പിക്കാൻ പോകുന്നില്ല, നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ പോകുന്നില്ല. എന്നാൽ ക്വാറി പോലെയുള്ള കാര്യങ്ങളിൽ എൻവയോൺമെന്റൽ അസസ്സ്മെന്റ് നടത്തി തീരുമാനം എടുക്കേണ്ടതാണ്. വനഭൂമിയിൽ കൃഷി ചെയ്യുന്നത് തടയുന്നില്ല, ആളുകളെ ഇറക്കി വിടുന്നില്ല, കൺസ്ട്രക്ഷൻ തടയുന്നില്ല. ആ നിലയിലുള്ള നയമാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളതെന്ന് പറഞ്ഞിട്ടുണ്ട്. 28-2-2014-ൽ സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി പത്തനംതിട്ട ചിറ്റാർ വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 946/2-ൽ ക്വാറി തുടങ്ങുന്നതിന് ഒരു വ്യക്തി അപേക്ഷ സമർപ്പിച്ചിരുന്നു. 23-1-2016-ൽ പ്രസ്തുത അപേക്ഷയിൽ പരിസ്ഥിതി ലോല പ്രദേശമാണെന്ന നിലയിൽ അനുമതി താൽക്കാലികമായി തടഞ്ഞുവയ്ക്കുകയുണ്ടായി. ആ തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിൽ പ്രസ്തുത പ്രദേശം പരിസ്ഥിതിലോല പ്രദേശമാണെന്ന് അംഗീകരിക്കാതെ അപേക്ഷകന് ക്വാറി ആരംഭിക്കുന്നതിന് അനുമതി നൽകാൻ 1-3-2016-ൽ എക്സ്പാർട്ടി വിധിയായി. സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റൽ ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി ഈ വിധിയുടെ അടിസ്ഥാനത്തിൽ അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടിയതിനുശേഷം കേസ്സിൽ അപ്പീൽ നൽകാൻ തീരുമാനിച്ചു. അവരാണ് അപ്പീൽ നൽകിയത്, ഗവൺമെന്റല്ല. സംസ്ഥാന സർക്കാർ ഈ കേസ്സിൽ യാതൊരു വിധത്തിലും ഇടപെട്ടിട്ടില്ല. എക്സ്പാർട്ടി ഉത്തരവാണെങ്കിലും ഇതിനിടയിൽ വിധി

നടപ്പാക്കാത്തതിനാൽ കോടതി അലക്ഷ്യ നോട്ടീസ് പ്രകാരം കേസ്സിലെ എതിർ കക്ഷികളോട് നേരിട്ട് ഹാജരാകാൻ ആവശ്യപ്പെട്ടു. ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡോ. ഉമ്മൻ വി. ഉമ്മൻ as well as ഡോ. കെ. പി. ലാലാദാസ് ഇവരെയെല്ലാം കക്ഷി ചേർത്തുകൊണ്ടാണ് റിട്ട് പെറ്റീഷൻ 17068/16 നമ്പരായി ഹൈക്കോടതിയിൽ ഒരു കേസ് പെൻഡിംഗുള്ളത്. അതിനകത്ത് സെൻട്രൽ ഗവൺമെന്റ്, സ്റ്റേറ്റ് ഗവൺമെന്റ്, ശ്രീ. ഉമ്മൻ ചാണ്ടി, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, ഡോ. ഉമ്മൻ വി. ഉമ്മൻ as well as ഡോ. കെ. പി. ലാലാദാസ് തുടങ്ങിയവരാണ് അതിനകത്ത് കക്ഷികൾ. ഗവൺമെന്റും സെൻട്രൽ ഗവൺമെന്റും നമ്മുടെ മുൻ മുഖ്യമന്ത്രിയും എടുത്ത നയം ശരിയാണെന്നുള്ള അഭിപ്രായമാണ് കോടതിയിൽ നമ്മുടെ വക്കീൽ പറഞ്ഞത്. അതിന്റെ അടിസ്ഥാനത്തിൽ ക്വാറി ഉടമയുടെ കേസിന് സ്റ്റേ കൊടുത്തു. ഇവരുടെ പേരിൽ നടപടിയെടുക്കണമെന്ന് ആവശ്യപ്പെട്ട് കോർട്ട് അലക്ഷ്യത്തിന് കൊടുത്ത കേസ് ഹൈക്കോടതി സ്റ്റേ ചെയ്തു. സർക്കാർ എന്നുപറയുന്നത് തുടർച്ചയാണല്ലോ. അതുകൊണ്ട് മുൻ ഗവൺമെന്റിന്റെ നയം തന്നെ അവിടെ റെപ്രസെന്റ് ചെയ്തു. Advocate General Shri Renjith Thampan appeared on behalf of the State Government. It was submitted that as on today the proposal submitted by the State Government is pending; in consideration of the Ministry of Forest & Environment, Union of India and also National Green Tribunal, Chennai. It was submitted that until the Central Government takes a decision on the report already submitted by the State Government, there is no scope for further orders. The Honourable High Court accepting the contention made by the State Government, dismissed the writ petition observing that the report filed by the State Government is being considered by the Central Government and National Green Tribunal and no orders are necessary at present. ഇതാണ് യഥാർത്ഥ fact. ഗവൺമെന്റ് എടുത്ത നയം അവിടെ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ കോടതി ക്വാറി ഉടമയുടെ അപേക്ഷ തൽക്കാലം സ്റ്റേ ചെയ്തു. മാത്രമല്ല, മുൻ ഗവൺമെന്റിന്റെയും മുഖ്യമന്ത്രിയുടെയും പേരിൽ കോർട്ട് അലക്ഷ്യ നടപടിയെടുക്കണമെന്ന് പറഞ്ഞുകൊണ്ട് കൊടുത്ത കേസ്സും ഹൈക്കോടതി സ്റ്റേ ചെയ്തതാണ്. ഇങ്ങനെയൊരു സ്റ്റേറ്റ്മെന്റ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തിക്കൊണ്ട് ഇടുക്കിയിൽ യു.ഡി.എഫ്. ഹർത്താൽ പ്രഖ്യാപിച്ചു. യഥാർത്ഥത്തിൽ ഹർത്താലിന്റെ ആവശ്യമുണ്ടോ; എന്തെങ്കിലും നയമാറ്റമുണ്ടോ ഈ ഗവൺമെന്റിന്? ഒരു നയ മാറ്റവുമില്ല എന്നുമാത്രമല്ല, അവിടത്തെ ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിന്, അതിനോടൊപ്പം നിൽക്കുന്ന സമീപനമായിരിക്കും ഈ ഗവൺമെന്റ് എടുക്കുന്നതെന്നുകൂടി സൂചിപ്പിക്കുകയാണ്.

## ക്രമപ്രശ്നം (തുടർച്ച)

### (2) വസ്തുതാപരമായ പിശക്

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞപ്പോൾ രണ്ട് വസ്തുതാപരമായ തെറ്റുകൾ പറഞ്ഞു. ഒന്ന്, സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സ് കൊടുത്തത് അതോറിറ്റിയാണെന്നാണ്. ഈ കേസിലെ ഒന്നാമത്തെ appellant ചീഫ് സെക്രട്ടറിയാണ്. രണ്ടും മൂന്നും appellants ആണ് ഈ അതോറിറ്റികൾ. മൂന്നാമത്തെ പേജിൽ, സുപ്രീംകോടതിയിൽ കൊടുത്തിരിക്കുന്ന റിട്ട് അപ്പീലിൽ പറഞ്ഞിരിക്കുന്നത്- The Address for service of the appellants are C/o. Office of the Advocate General, Kerala എന്നാണ്. അഡ്വക്കേറ്റ് ജനറലാണ് ഈ നാല് അപ്പെലന്റ്സിനു വേണ്ടിയും ഹാജരായിരിക്കുന്നത്. അവരാണ് appear ചെയ്യുന്നത്. ചീഫ് സെക്രട്ടറിയെന്ന് പറയുന്നത് സ്റ്റേറ്റിന്റെയല്ലേ? അതോറിറ്റിയാണ് കൊടുത്തിരിക്കുന്നതെന്ന് പറഞ്ഞാൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുകൂടിയാണ് അവിടെ രേഖപ്പെടുത്തിയിരിക്കുന്നത്.

രണ്ടാമത്, അഫിഡവിറ്റില്ലായെന്ന് പറഞ്ഞത് തെറ്റാണ്. അത് ഇതിന്റെ കൂടെയുണ്ട്. A writ appeal should be accompanied by an affidavit. അങ്ങ് വക്കീലല്ലേ; അങ്ങേയ്ക്ക് അറിയാൻ പാടില്ലേ; അഫിഡവിറ്റില്ലാതെ ഒരു കേസ് കൊടുക്കാൻ പറ്റുമോ? അങ്ങനെ രണ്ട് വസ്തുതാപരമായ തെറ്റുകളാണ് ബഹുമാനപ്പെട്ട മന്ത്രി മറുപടിയിൽ പറഞ്ഞത്. ഈ രണ്ട് മറുപടികളും തെറ്റിദ്ധരിപ്പിക്കുന്നതിന് ഇടയാക്കിയിരിക്കുകയാണ്. അതുസംബന്ധിച്ച് റൂളിംഗ് ഉണ്ടാകണം.

മി. സ്പീക്കർ : അത് പരിശോധിക്കാം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, .........

മി. സ്പീക്കർ : അദ്ദേഹം വഴങ്ങിയിട്ടില്ല. ദയവായി ഇരിക്കു....

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നു.

മി. സ്പീക്കർ: ഏത് ചട്ട പ്രകാരമാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റൂൾ 307 പ്രകാരമാണ് ഞാൻ പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. ഇവിടെ പ്രധാനപ്പെട്ട കാര്യം SEIAA കൊടുത്ത അഫിഡവിറ്റാണ് അങ്ങ് ഇവിടെ പറയുന്നത്. SEIAA കൊടുത്ത അഫിഡവിറ്റിനകത്ത് സർക്കാർ ഉദ്യോഗസ്ഥർ ആരുമില്ലേ; ഫോറസ്റ്റ് ആന്റ് എൻവയോൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി ഇതിനകത്തില്ലേ?

മി. സ്പീക്കർ: വാദങ്ങൾ വേണ്ട. പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്നെക്കൂടി ബാധിക്കുന്ന പ്രശ്നത്തെ കുറിച്ച് ഞാൻ തന്നെ മറുപടി പറയണ്ടേ. അതിന് ഞാൻ തന്നെ മറുപടി പറഞ്ഞേ മതിയാകൂ. ഗവൺമെന്റിന് ഇതിന് ഉത്തരവാദിത്വമില്ല, ഇത് SEIAA ആണ് ചെയ്തതെന്ന് പറഞ്ഞാൽ അതിനോട് യോജിക്കാൻ കഴിയില്ല. ... (ബഹളം)....

മി.സ്പീക്കർ: പോയിന്റ് ഓഫ് ഓർഡറിൽ സ്റ്റേറ്റ്മെന്റില്ല. അങ്ങയുടെ ക്രമപ്രശ്നം എന്താണെന്ന് പറഞ്ഞാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോയിന്റ് ഓഫ് ഓർഡർ പറഞ്ഞുകൊണ്ടിരിക്കുകയാണ്. എനിക്ക് മൈക്ക് തരികയും അവർ ബഹളം വയ്ക്കുകയും ചെയ്യുകയല്ലേ?

മി. സ്പീക്കർ: അങ്ങയുടെ ക്രമപ്രശ്നം എന്താണെന്ന് ചെയറിനെ അറിയിക്കൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സ്പീക്കർ പറയുന്നത് അംഗീകരിക്കാം. ഇവിടെ അടിച്ചിരുത്താൻ ആളിറങ്ങിയാലോ; അത് എന്ത് അനീതിയാണ്. വളരെ പ്രധാനപ്പെട്ട ലീഗൽ പോയിന്റിൽ എത്തുമ്പോൾ കൂവി തോൽപ്പിക്കാൻ ശ്രമിക്കുകയാണ്. അത് ശരിയല്ലല്ലോ; ഈ ഹൗസിന്റെ ഉത്തരവാദിത്വം ആർക്കാണ്? ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞാൽ അതുപോലെ അംഗീകരിക്കും. ഈ കാണിക്കുന്നത് എന്താണ്? ഇവിടെ കുറച്ച് ആളുകളുണ്ട്. രാവിലെ വന്നാൽ ബഹളം തുടങ്ങുകയാണ്. പ്രതിപക്ഷത്തിന് എങ്ങനെയാണ് പറയാൻ കഴിയുന്നത്. ഇവിടെ എന്താണ് നടക്കുന്നത്; ഇത് ഏത് ലാ ബുക്കിലുള്ളതാണ്; ഏത് റൂളിലുള്ളതാണ്? ...........(ബഹളം).................

മി. സ്പീക്കർ: ശ്രീ. രാജേഷ്.... രണ്ട് പേരും ദയവായി ഇരിക്കൂ..... പ്ലീസ്... പ്ലീസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അത് ശരിയല്ല. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചിട്ടാണ് ഞാൻ സംസാരിക്കാൻ തുടങ്ങിയത്.

മി. സ്പീക്കർ: സംസാരിക്കാനല്ല. പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കാനാണ് അനുവദിച്ചത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറെ അംഗീകരിക്കുന്നു. സ്പീക്കർ പറയുന്നത് സമ്മതിക്കും. അങ്ങ് നേരത്തേ ഗവൺമെന്റ് അറിഞ്ഞില്ലായെന്ന് പറഞ്ഞത് ശരിയല്ല. ചീഫ് സെക്രട്ടറിക്കുവേണ്ടി അഫിഡവിറ്റ്

കൊടുത്തുവെന്നാണ് രേഖയിൽ കാണുന്നത്. അപ്പോൾ സ്വാഭാവികമായും വസ്തുതയിൽ നിന്ന് ഡീവിയേറ്റ് ചെയ്തുപോയി. അതാണ് ഞാൻ ക്രമപ്രശ്നമായി ഉന്നയിച്ചത്. അത് തിരുത്തണം. ഗവൺമെന്റ് അറിയാതെ ഒരു അഫിഡവിറ്റ് കൊടുത്തിട്ടുണ്ടെങ്കിൽ ആ അഫിഡവിറ്റ് കൊടുത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണ്ടേ? ... (ബഹളം).....

മി. സ്പീക്കർ: റൂൾ 307 പ്രകാരം എന്താണ് അങ്ങ് ഉദ്ദേശിക്കുന്നത്. ...... (ബഹളം)...... ഇത്രയധികം സമയം കളയരുത്. റൂൾ 307-ൽ എന്താണ് അങ്ങ് പറയുന്നത്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, രണ്ടാമത്തെ എന്റെ പോയിന്റ് ഓഫ് ഓർഡർ, റൂൾ 304. ......(ബഹളം)......

മി. സ്പീക്കർ: റൂൾ 307 പ്രകാരം എന്താണ് നീക്കം ചെയ്യണമെന്ന് അങ്ങ് പറഞ്ഞത്. ......(ബഹളം)......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതാണ് ഞാൻ പറഞ്ഞുവന്നത്.

മി. സ്പീക്കർ: അങ്ങ് ഒന്നും പറഞ്ഞിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റൂൾ 307-ൽ എന്റെ പേര് പറഞ്ഞത് ഒഴിവാക്കുക. ......(ബഹളം)......

മി. സ്പീക്കർ: റൂൾ 307 പ്രകാരം നീക്കം ചെയ്യാനുള്ള വാക്കുകളൊന്നും പറഞ്ഞിട്ടില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റൂൾ 304. ......(ബഹളം)......

മി. സ്പീക്കർ: റൂൾ 304 അങ്ങനെ ഉന്നയിക്കാൻ കഴിയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, റൂൾ 304 വായിച്ചുനോക്കൂ. കുറച്ച് വിപുലമായതുകൊണ്ട് ഞാനത് വായിക്കുന്നില്ല.

മി. സ്പീക്കർ: ഞാൻ അങ്ങോട്ട് വായിച്ചുതരാം. റൂൾ 304(1)-ൽ പറയുന്നത് - 'ക്രമപ്രശ്നമല്ലാത്ത ഏതെങ്കിലും സംഗതി സഭയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ആഗ്രഹിക്കുന്ന ഒരംഗം സഭയിൽ താൻ ഉന്നയിക്കുവാൻ ഉദ്ദേശിക്കുന്ന സംഗതിയെപ്പറ്റി അത് ഉന്നയിക്കുവാൻ ഉദ്ദേശിക്കുന്നതിനുള്ള കാരണങ്ങളോടുകൂടി, സംക്ഷിപ്തമായി പ്രസ്താവിച്ചുകൊണ്ട് രേഖാമൂലം സെക്രട്ടറിക്ക് നോട്ടീസ് നൽകേണ്ടതും സ്പീക്കർ,

അനുമതി നൽകിയതിനുശേഷവും സ്പീക്കർ നിശ്ചയിക്കാവുന്ന അങ്ങനെയുള്ള സമയത്തും തീയതിയിലും മാത്രമേ അത് ഉന്നയിക്കുവാൻ അദ്ദേഹത്തെ അനുവദിക്കുവാനും പാടുള്ളൂ' എന്നാണ്. അങ്ങയുടെ റൂൾ 304 ഇപ്പോൾ അനുവദിക്കുന്നില്ല. അങ്ങ് അത് എഴുതി തന്നിട്ടുമില്ല. പ്ലീസ് ഇരിക്കൂ..... ......(ബഹളം)...... ദയവായി ഇരിക്കണം. അങ്ങയെപ്പോലെ ദീർഘകാല പാരമ്പര്യമുള്ള ഒരാൾ ഈ സമീപനം സ്വീകരിക്കുന്നത് ശരിയല്ല. ......(ബഹളം)...... റൂൾ 304 സബ്മിഷനാണ്. പ്ലീസ്..... പാർലമെന്ററികാര്യ വകുപ്പുമന്ത്രി സംസാരിക്കട്ടെ. പ്ലീസ്..... അങ്ങ് സംസാരിക്കൂ........(ബഹളം)..... ഇരിക്കൂ.....പ്ലീസ്.....

## അടിയന്തരപ്രമേയം (തുടർച്ച)

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഇതിന് ബഹുമാനപ്പെട്ട സ്പീക്കർ റൂളിംഗ് കൊടുത്തുകഴിഞ്ഞു. റൂൾ 304 സബ്മിഷനാണ്. റൂൾ 307 അപകീർത്തികരമായിട്ടുള്ള വാക്കുകൾ പിൻവലിക്കലാണ്. ഇവിടെ ഉന്നയിച്ചത് റൂൾ 304-ലും റൂൾ 307-ലും വരികയില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എക്സ്പഞ്ച് ചെയ്യുന്നത് പിന്നെ ഏത് വകുപ്പാണ്?

ശ്രീ. എ. കെ. ബാലൻ: സർ, അത് എനിക്കറിയില്ല. ഏത് വകുപ്പാണെന്ന് നോക്കേണ്ടത് നിങ്ങളാണ്. അപകീർത്തികരമായ വാചകങ്ങൾ നീക്കം ചെയ്യേണ്ടതാണ് റൂൾ 307. അപകീർത്തികരമായ എന്ത് വാക്കാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. എന്തെങ്കിലുമുണ്ടോ? കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് കേരള നിയമസഭ 30-1-2014-ൽ പൊതുതാല്പര്യത്തോടുകൂടി ഒരു പ്രമേയം പാസ്സാക്കിയതാണ്. ഞാൻ ഈ കേസിലേയ്ക്ക് പിന്നീട് വരാം. ഇതിന്റെ ആരംഭം എന്നുപറയുന്നത് ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടാണ്. പശ്ചിമഘട്ട ഇക്കോളജി എക്സ്പെർട്ട് പാനലുമായി ബന്ധപ്പെട്ട് ഗാഡ്ഗിലിനെയാണ് ആദ്യം നിശ്ചയിക്കുന്നത്. അത് എന്തിനു വേണ്ടിയായിരുന്നു എന്നുള്ളതിന്റെ ചരിത്രത്തിലേയ്ക്കൊന്നും കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അതിനുമുമ്പ് ഇവിടെ അതിരപ്പിള്ളി പ്രശ്നമുണ്ടായിരുന്നു. അതിന്റെ പശ്ചാത്തലത്തിലാണ് ഗാഡ്ഗിൽ കമ്മീഷൻ വന്നത്. ആ കമ്മീഷനുശേഷമാണ് കസ്തൂരിരംഗൻ റിപ്പോർട്ട് വരുന്നത്. ഈ രണ്ട് റിപ്പോർട്ടുകളും കേരളത്തിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് മലയോര പ്രദേശത്തെ 123 ഓളം വരുന്ന വില്ലേജുകളിലും 63 താലൂക്കുകളിലും അതിലെ പ്രധാനപ്പെട്ട 14 താലൂക്കുകൾക്കും ഒരിക്കലും

അംഗീകരിക്കാൻ കഴിയാത്തതാണെന്ന് ഭരണ-പ്രതിപക്ഷ ഭേദമെന്യേ അംഗീകരിച്ചതാണ്. അതിന്റെ ഭാഗമായാണ് ഉമ്മൻ വി. ഉമ്മൻ കമ്മിറ്റി വന്നത്. അവർ തെളിവെടുപ്പ് നടത്തി കേന്ദ്രഗവൺമെന്റിന് റിപ്പോർട്ട് കൊടുത്തു. ഫൈനൽ നോട്ടിഫിക്കേഷൻ ഇതുവരെ വന്നിട്ടില്ലെന്നുള്ളത് നാം ആദ്യം മനസ്സിലാക്കണം. "123 വില്ലേജുകൾ പൂർണ്ണമായും ഇ.എസ്.എ. മേഖലയിൽ ഉൾപ്പെടുത്തി സംസ്ഥാന ഗവൺമെന്റ് ഹൈക്കോടതിയിൽ സത്യവാങ്മൂലം സമർപ്പിച്ചതുമൂലം ബന്ധപ്പെട്ട മേഖലകളിൽ കർഷകർക്കുണ്ടായിട്ടുള്ള ഭയാശങ്കകൾ"-ഇതാണ് ബഹുമാനപ്പെട്ട സണ്ണി ജോസഫിന്റെ അടിയന്തരപ്രമേയത്തിന്റെ ഉള്ളടക്കം. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുന്നിടത്തോളംകാലം കർഷകർക്ക് ഒരാശങ്കയും ഉണ്ടാവുകയില്ല. കേന്ദ്രഗവൺമെന്റ് അന്തിമ നോട്ടിഫിക്കേഷൻ ഇറക്കുന്നില്ലെങ്കിൽപ്പോലും ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടിയുടെ കാലഘട്ടത്തിൽ 30-1-2014-ലെ പ്രമേയത്തിന്റെ ഉള്ളടക്കം എന്താണോ അത് നൂറ് ശതമാനവും കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി നടപ്പിലാക്കും. അതുകൊണ്ട് അക്കാര്യത്തിൽ ആർക്കും ആശങ്ക വേണ്ട. കേന്ദ്രഗവൺമെന്റ് 123 വില്ലേജുകളെ പരിസ്ഥിതി ലോല പ്രദേശമായി വിജ്ഞാപനം പുറപ്പെടുവിച്ചു. ഇത്തരമൊരു പ്രദേശത്ത് കോടിക്കണക്കിന് രൂപയുടെ ക്വാറി പെർമിറ്റിനുള്ള അപേക്ഷ സ്വകാര്യ വ്യക്തികൾ സമർപ്പിച്ചിരുന്നു. സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി ഈ അപേക്ഷ നിരസിച്ചു. നിലവിൽ കേന്ദ്ര സർക്കാർ വിജ്ഞാപനത്തിലുൾപ്പെട്ട സ്ഥലമെന്ന കാരണത്താലാണ് അനുമതി നിഷേധിച്ചത്. ഇതിനെതിരെ ക്വാറി ഉടമകൾ ഹൈക്കോടതിയിൽ ഹർജി ബോധിപ്പിച്ചു. സിംഗിൾ ബഞ്ച് ക്വാറി ഉടമകൾക്ക് അനുകൂലമായി വിധി പ്രസ്താവിച്ചു. ഇതിനെതിരെ ഹൈക്കോടതിയിൽ ഡിവിഷൻ ബഞ്ച് മുമ്പാകെ അപ്പീൽ ബോധിപ്പിച്ചു. അപ്പീലിൽ കേന്ദ്ര നോട്ടിഫിക്കേഷൻ പ്രകാരം ഇത് പരിസ്ഥിതി ലോല പ്രദേശമാണ്. സിംഗിൾ ബഞ്ച് വിധി നടപ്പാക്കാത്തതിനാൽ ഗവൺമെന്റിന് എതിരായി കോടതി അലക്ഷ്യ കേസെടുത്തു. ക്വാറി നടത്തിപ്പിനുള്ള അനുമതിക്ക് എതിരായി മാത്രമാണ് ഹൈക്കോടതിയിൽ സർക്കാർ നിലപാട് സ്വീകരിച്ചത്. അല്ലാതെ ഇതുമായി ബന്ധപ്പെട്ടുള്ളതല്ല. കേന്ദ്ര നോട്ടിഫിക്കേഷൻ നടപ്പാക്കുമെന്നല്ല സർക്കാർ പറഞ്ഞിട്ടുള്ളത്. കേന്ദ്ര നോട്ടിഫിക്കേഷൻ നടപ്പാക്കുമെന്ന് സ്റ്റേറ്റ്മെന്റ് ഓഫ് ഫാക്ട്സിൽ പറഞ്ഞിട്ടേയില്ല. വിജ്ഞാപനത്തിലെ അപ്രായോഗിക നിർദ്ദേശങ്ങൾ ഒഴിവാക്കിക്കൊണ്ടും ജനങ്ങളുടെ ആശങ്ക പരിഹരിച്ചുകൊണ്ടും മാത്രമേ എൽ.ഡി.എഫ്. ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട നടപടികൾ സ്വീകരിക്കുകയുള്ളൂ. 28-2-2014-ൽ സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി മുമ്പാകെ പത്തനംതിട്ട ജില്ലയിലെ ചിറ്റാർ വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 946/2-ൽ ക്വാറി

തുടങ്ങുന്നതിനുള്ള അനുമതിക്കായി അപേക്ഷ സമർപ്പിച്ചു. 23-1-2016-ൽ പ്രസ്തുത അപേക്ഷയിൽ പരിസ്ഥിതി ലോല പ്രദേശമെന്ന നിലയിൽ അനുമതി താല്ക്കാലികമായി തടഞ്ഞുവച്ചു. ആ തീരുമാനത്തിനെതിരെ ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയിൽ പ്രസ്തുത പ്രദേശം പരിസ്ഥിതിലോല പ്രദേശമാണെന്ന് അംഗീകരിക്കാതെ അപേക്ഷകന് ക്വാറി ആരംഭിക്കുന്നതിനുള്ള അനുമതി നൽകാൻ 1-3-2016-ൽ ഉത്തരവായി. ഈ വിധിയുടെ അടിസ്ഥാനത്തിൽ സ്റ്റേറ്റ് ലെവൽ എൻവയോൺമെന്റ് ഇംപാക്ട് അസസ്സ്മെന്റ് അതോറിറ്റി അഡ്വക്കേറ്റ് ജനറലിന്റെ ഉപദേശം തേടുകയും 30-4-2016-ൽ അപ്പീൽ നൽകാൻ തീരുമാനിക്കുകയും ചെയ്തു. ഇതിനിടയിൽ വിധി നടപ്പാക്കാത്തതിനാൽ കോടതി അലക്ഷ്യ നോട്ടീസ് പ്രകാരം കേസിലെ എതിർ കക്ഷികളോട് നേരിട്ട് ഹാജരാകാൻ ആവശ്യപ്പെട്ടു. അപ്പീൽ ഫയലിൽ സ്വീകരിച്ച ശേഷം ബഹുമാനപ്പെട്ട കോടതി സിംഗിൾ ബെഞ്ച് വിധിക്ക് സ്റ്റേ അനുവദിച്ചു. ഇതല്ലാതെ പരിസ്ഥിതി ലോല പ്രദേശമായി പ്രഖ്യാപിച്ച 123 വില്ലേജുകളെ സംബന്ധിച്ച് ഒരു എക്സംപ്ഷനും ഈ ഗവൺമെന്റ് കൊടുക്കാൻ തീരുമാനിച്ചിട്ടില്ല. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിലുള്ള സമയത്ത് എന്ത് consensus-ഓടുകൂടിയാണോ പ്രമേയം പാസ്സാക്കിയത് ആ പ്രമേയത്തിന്റെ ഉള്ളടക്കത്തിൽ തന്നെ നിൽക്കുന്നു. ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിലും കസ്തൂരിരംഗൻ റിപ്പോർട്ടിലും പറഞ്ഞതുപ്രകാരം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കോ യു.ഡി.എഫ്.-നോ നൂറ് ശതമാനവും അംഗീകരിക്കാൻ കഴിയില്ലെന്ന പൊതു തത്വത്തിൽ നിന്ന് ഒരിക്കലും ഗവൺമെന്റ് പിന്മാറുകയില്ല. ഇതാണ് ബഹുമാനപ്പെട്ട പ്രതിപക്ഷത്തിനും കേരളത്തിലെ ജനതയ്ക്കും ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കും നൽകാനുള്ള ഉറപ്പ്. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് അടിയന്തര പ്രമേയമായി ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നുള്ളതാണ് ഗവൺമെന്റിനുവേണ്ടി എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിമാരുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, 30-1-2014-ൽ കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ ഒരു പ്രമേയമുണ്ട്. ആ പ്രമേയത്തിന്റെ സ്പിരിറ്റിലും അന്തഃസത്തയിലും ഉറച്ചുനിന്നുകൊണ്ടുള്ള ഒരു നിലപാട് സ്വീകരിക്കുമെന്ന് പറഞ്ഞതിനെ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. ഇവിടെ എന്താണ് സംഭവിച്ചിരിക്കുന്നത്? ഒരു

സ്വകാര്യ വ്യക്തിയുടെ അന്യായത്തിൽ സംസ്ഥാന ഗവൺമെന്റ് അഡ്വക്കേറ്റ് ജനറലുമായി കൂടിയാലോചിച്ച് അഫിഡവിറ്റ് കൊടുക്കുമ്പോൾ അത് ഗൗരവ സ്വഭാവമുള്ളതാണ്. അഡ്വക്കേറ്റ് ജനറൽ എന്നുപറഞ്ഞാൽ ഗവൺമെന്റിന്റെ പ്രതിനിധിയാണ്. ഇവിടത്തെ പ്രശ്നം വളരെ സെൻസിറ്റീവാണ്. വളരെക്കാലമായി മലയോര മേഖലയിലെ കർഷകർ വലിയ ഭയാശങ്കയിലാണ്. ഇവിടെ ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ട് വന്നു. അതിനെതിരായി ശക്തമായ വികാരമുണ്ടായപ്പോഴാണ് കസ്തൂരിരംഗനെ കമ്മീഷനായി നിയോഗിച്ചത്. ഈ രണ്ട് കമ്മീഷൻ റിപ്പോർട്ടുകളിലും പറയുന്നത് 123 പരിസ്ഥിതിലോല പ്രദേശങ്ങളുണ്ടെന്നാണ്. ഇടുക്കി, വയനാട്, പാലക്കാട്, കോട്ടയത്തെ ചില വില്ലേജുകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളിലെ കർഷകർ വലിയ ആശങ്കയിലാണ്.

ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ ഗവൺമെന്റ് വളരെ ഫലപ്രദമായ രീതിയിൽ ഇടപെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റിനോട് കാര്യങ്ങൾ അവതരിപ്പിച്ചു. ഗ്രീൻ ട്രൈബ്യൂണലിൽ കേസുണ്ട്. കേന്ദ്രഗവൺമെന്റിന് മാത്രം ഏകപക്ഷീയമായി തീരുമാനിക്കാൻ കഴിയുന്ന കാര്യമല്ല. ഗ്രീൻ ട്രൈബ്യൂണലിന്റെ ചെന്നൈയിലുള്ള ബെഞ്ചിന്റെ മുന്നിൽ നിരവധി പരിസ്ഥിതി സംഘടനകൾ ശക്തമായി ഈ കേസ് വാദിക്കുകയാണ്. അതുകൊണ്ട് പശ്ചിമഘട്ട മലനിരകളിൽ വ്യാപിച്ചുകിടക്കുന്ന എല്ലാ സംസ്ഥാനങ്ങളും ഇതു സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ പറയണമെന്ന് പറഞ്ഞു. ആരും പറഞ്ഞില്ല. കേരളം മാത്രമാണ് വളരെ നല്ലനിലയിൽ ഉമ്മൻ വി. ഉമ്മൻ കമ്മിറ്റിയെ നിയോഗിച്ച് പഠിച്ച് സമഗ്രമായ അഭിപ്രായം പറഞ്ഞത്. കഴിഞ്ഞ ഗവൺമെന്റിന്റെ ശക്തമായ സമ്മർദ്ദത്തിന്റെ അടിസ്ഥാനത്തിലാണ് യു.പി.എ. ഗവൺമെന്റ് ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ ഇറക്കിയത്. അതിനുശേഷം ഫൈനൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കാനുള്ള സമയം വരുന്നതേയുള്ളൂ. ഞങ്ങൾക്ക് ഈ ഗവൺമെന്റിനോട് പറയാനുള്ളത് ഇങ്ങനെ ഒരു അഫിഡവിറ്റിനകത്ത് പരിസ്ഥിതി ലോല പ്രദേശമാണെന്ന് കാണിച്ചാൽ അത് ഗ്രീൻ ട്രിബ്യൂണലിലും പ്രശ്നമുണ്ടാകും. ഇപ്പോഴും ഡ്രാഫ്റ്റ് നോട്ടിഫിക്കേഷൻ വരുന്നതിനെതിരെ ധാരാളം പരിസ്ഥിതി സംഘടനകൾ ശക്തമായി നില്ക്കുകയാണ്. അങ്ങനെയൊരു സാഹചര്യം വരുമ്പോൾ ഫൈനൽ നോട്ടിഫിക്കേഷനിൽ കർഷകർക്ക് ദ്രോഹകരമായ നിലപാട് ഉണ്ടാകാനുള്ള സാധ്യത തള്ളിക്കളയാൻ കഴിയില്ല. ഗ്രീൻ ട്രൈബ്യൂണലിൽ വരുന്ന പല കേസുകളും എടുത്താൽ അത് ബോധ്യമാകുന്നതാണ്. ഞങ്ങളുടെ ആശങ്ക എന്താണെന്നുവച്ചാൽ 123 വില്ലേജുകളിൽ ജീവിക്കുന്ന പാവപ്പെട്ട കുടിയേറ്റ കർഷകരുടെ ഭാവി തുലാസിലാകുന്ന ഒരു സാഹചര്യമുണ്ടാകരുത്. അതിന് ഈ സഭയിൽ എല്ലാവരും

ഒറ്റക്കെട്ടാണ്. ഇങ്ങനെ അവധാനതയില്ലാതെ ഒരു അഫിഡവിറ്റ് കൊടുത്തതിന്റെ പശ്ചാത്തലത്തിൽ ഇതിന്റെ അന്തിമ നോട്ടിഫിക്കേഷൻ വരുമ്പോൾ പ്രശ്നങ്ങൾ ഉയർന്നുവരാനുള്ള സാധ്യതയാണ് ഈ അടിയന്തരപ്രമേയത്തിലൂടെ പ്രതിപക്ഷം ഉന്നയിക്കുന്നത്. ശ്രീ. സണ്ണി ജോസഫ് അത് വളരെ വ്യക്തമായി തന്നെ ഇവിടെ പറഞ്ഞു. അതുകൊണ്ടാണ് ഗവൺമെന്റ് ഈ അഫിഡവിറ്റ് പിൻവലിക്കണമെന്ന് പറയുന്നത്. ആ ഒരു ക്വാറിയുടെ കാര്യത്തിൽ വ്യത്യസ്തമായ സമീപനം സ്വീകരിക്കാം. ഇവിടത്തെ പരിസ്ഥിതിലോല പ്രദേശത്തെ കർഷകരെ ബാധിക്കാത്ത തരത്തിൽ അഫിഡവിറ്റ് കൊടുക്കാമായിരുന്നു. ചീഫ് സെക്രട്ടറിയുടെ പേരിലാണ് അഫിഡവിറ്റ് കൊടുത്തത്. ഞങ്ങൾ പ്രതിപക്ഷ നേതാക്കന്മാർ മുഖ്യമന്ത്രിയെ കണ്ടിരുന്നു. അദ്ദേഹം ഞങ്ങളോട് 'ചീഫ് സെക്രട്ടറി അറിഞ്ഞിട്ടില്ല. ഉദ്യോഗസ്ഥന്മാർ ആരോ തെറ്റായി കൊടുത്തതാണ്' എന്നുപറഞ്ഞു. അങ്ങനെയാണെങ്കിൽ വനം വകുപ്പുമന്ത്രിക്ക് മുഖ്യമന്ത്രി പറഞ്ഞതനുസരിച്ച് ഈ അഫിഡവിറ്റ് പിൻവലിച്ച് ക്വാറിയുടെ കാര്യത്തിൽ വ്യക്തമായ നിർദ്ദേശം കൊടുത്തുകൂടേ? മുഖ്യമന്ത്രി ഞങ്ങളോടു പറഞ്ഞു അത് തെറ്റായിപ്പോയി കൊടുക്കാൻ പാടില്ലായിരുന്നു എന്ന്. ചീഫ് സെക്രട്ടറി അറിഞ്ഞിട്ടില്ല. ചീഫ് സെക്രട്ടറി എല്ലാം അറിയണമെന്നില്ലല്ലോ! അദ്ദേഹത്തിന്റെ പേരിലായിരിക്കും പലപ്പോഴും അഫിഡവിറ്റ് കൊടുക്കുന്നത്. ഞാൻ അവസാനിപ്പിക്കുകയാണ്. ഫൈനൽ നോട്ടിഫിക്കേഷൻ കേന്ദ്രഗവൺമെന്റ് പുറപ്പെടുവിക്കാനിരിക്കുമ്പോൾ കേരള ഗവൺമെന്റ് പ്രഖ്യാപിത നിലപാടിൽ നിന്നുമാറി മറ്റൊരു അഫിഡവിറ്റ് കൊടുത്താൽ അത് ആ ഫൈനൽ നോട്ടിഫിക്കേഷനെ സ്വാധീനിക്കപ്പെടും. അതുകൊണ്ടാണ് ഇടുക്കിയിലും മറ്റു പ്രദേശങ്ങളിലുമുള്ള കർഷകർ ആശങ്കാകുലരായതും അവർ സമര രംഗത്തേയ്ക്ക് വന്നതും. ഇത് ആദ്യമായിട്ടല്ല സമരം ഉണ്ടാകുന്നത്. ഇടുക്കിയിൽ പണ്ടും സമരം ഉണ്ടായിട്ടുണ്ട്; കർഷകർ ആശങ്കാകുലരായിട്ടുണ്ട്. മണ്ണിൽ പണിയെടുത്ത് ജീവിതം കണ്ടെത്തിയ കുടിയേറ്റ കർഷകർക്ക് ആശങ്കയുണ്ടാകുന്നത് സ്വാഭാവികമാണ്. അതുകൊണ്ട് അങ്ങ് അവരെ പരിഹസിച്ചതിൽ എനിക്ക് വിഷമമുണ്ട്. അവിടെയുണ്ടാകുന്ന സമരങ്ങളെ പരിഹസിക്കരുത്. ജീവിതകാലം മുഴുവൻ ആ മണ്ണിൽ പണിയെടുത്ത് വസന്തങ്ങൾ സൃഷ്ടിച്ചിട്ടുള്ള ആളുകളാണ്. അതുകൊണ്ട് അവിടെയുണ്ടാകുന്ന സമരം ന്യായമാണ്. ഞങ്ങൾക്ക് ഗവൺമെന്റിനോട് ഒരു അഭ്യർത്ഥനയേയുള്ളൂ. 30-1-2014-ൽ നിയമസഭ പാസ്സാക്കിയ പ്രമേയത്തിന്റെ സ്പിരിറ്റും അന്തഃസത്തയും ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകുമെന്ന് മന്ത്രി പറഞ്ഞതിൽ സന്തോഷമുണ്ട്. അതിനനുസരിച്ച് ആ അഫിഡവിറ്റ് പിൻവലിച്ചുകൊണ്ട് ക്വാറിയുടെ കാര്യത്തിൽ നിങ്ങൾ വ്യത്യസ്തമായ അഫിഡവിറ്റ് കൊടുത്തുകൊള്ളുക. അത് കർഷകരെ ബാധിക്കാത്ത തരത്തിൽ കൊടുക്കണമെന്ന് മാത്രമാണ് എനിക്ക്

പറയാനുള്ളത്. ഏതായാലും പാർലമെന്ററികാര്യ മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ആ ഒരു സ്പിരിറ്റോടുകൂടി വനം വകുപ്പുമന്ത്രികൂടി മുന്നോട്ടുപോകണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രശ്നം ഗവൺമെന്റ് ഉൾക്കൊണ്ടതിന്റെ അടിസ്ഥാനത്തിൽ വാക്കൗട്ട് നടത്തുന്നില്ല എന്നുകൂടി അറിയിക്കുന്നു.

## V അനുമോദനം

### വി.എസ്. അച്ചുതാനന്ദന് ജന്മദിനാശംസകൾ

മി. സ്പീക്കർ: ബഹുമാന്യനായ ശ്രീ. വി. എസ്. അച്ചുതാനന്ദന് 93 വയസ്സ് പൂർത്തീകരിക്കുന്ന ദിവസമാണ് ഇന്ന്. അദ്ദേഹത്തിന് സഭയിലിരിക്കുന്ന എല്ലാവരുടെയും പേരിൽ അനുമോദനം അറിയിക്കുകയാണ്.

## VI ശ്രദ്ധ ക്ഷണിക്കൽ

### (1) പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടികയിൽനിന്നും ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കുന്നത് സംബന്ധിച്ച്

ശ്രീ. രാജു എബ്രഹാം: സർ, ഞാൻ ആദ്യംതന്നെ ശ്രീ. വി. എസ്. അച്ചുതാനന്ദന് ജന്മദിനാശംസകൾ നേരുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രഗവൺമെന്റ് അന്തിമവിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് മുമ്പ് സംസ്ഥാനങ്ങളിൽ ഒരു തവണകൂടി തെളിവെടുപ്പ് നടത്തുമെന്ന് കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. നേരത്തെ ശ്രീ. പ്രകാശ് ജാവേദ്കർ ആണ് പരിസ്ഥിതി മന്ത്രിയെങ്കിൽ ഇപ്പോൾ അദ്ദേഹത്തിനുപകരം വന്നിരിക്കുന്ന ഒരു മന്ത്രിയാണ് സംസ്ഥാനങ്ങളിൽ പുതിയ ഒരു തെളിവെടുപ്പുകൂടി നടത്തുമെന്നുള്ള പ്രഖ്യാപനം നടത്തിയിരിക്കുന്നത്. അതിനകത്തെ അപകടകരമായ ഒരു വസ്തുത, ആദ്യം പുറപ്പെടുവിച്ച റിപ്പോർട്ടാണ് ഗാഡ്ഗിൽ റിപ്പോർട്ട്. ആ റിപ്പോർട്ടുകൂടി വീണ്ടും പരിഗണിക്കാൻ സാധ്യതയുണ്ടെന്ന് കേന്ദ്രസർക്കാർ ഇപ്പോൾ അഭിപ്രായപ്പെട്ടിരിക്കുകയാണ്. ഗാഡ്ഗിൽ റിപ്പോർട്ടിനെ സംബന്ധിച്ച് വലിയ പരാതികളുണ്ടായിരുന്നു. ആ റിപ്പോർട്ട് നടപ്പാക്കിയാൽ കേരളത്തിന്റെ പകുതിയോളം വരുന്ന പ്രദേശങ്ങൾ നോട്ടിഫൈഡ് ഏരിയ ആകും. കസ്തൂരിരംഗൻ റിപ്പോർട്ട് പ്രകാരം 123 വില്ലേജുകളെയാണ് ഈ പ്രശ്നം ബാധിക്കുന്നത്. ഇവിടെ ക്വാറിയുടെ പ്രശ്നം മാത്രമല്ല ഉണ്ടാകുന്നത്. കഴിഞ്ഞദിവസം ശ്രീ. എസ്. രാജേന്ദ്രൻ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ട് വന്നതിനുശേഷം One earth One life എന്നു പറയുന്ന പരിസ്ഥിതി സംഘടന കൊടുത്ത

കേസിനെത്തുടർന്ന് ദേവികുളം നിയോജകമണ്ഡലത്തിലെ മൂന്നാർ പ്രദേശത്തെ 8 വില്ലേജുകളിൽ ഒരു കാര്യവും നടപ്പാക്കാൻ കഴിയില്ല. എന്റെ മണ്ഡലത്തിൽ പെരിനാട് ഉൾപ്പെടെയുള്ള വില്ലേജുകളിൽ തടിമുറിക്കാൻ കഴിയില്ല. പട്ടയഭൂമിയിലെ തടി ഔദ്യോഗികമായി മുറിക്കാൻ കഴിയാത്ത രൂപത്തിൽ നോട്ടിഫൈ ചെയ്തിരിക്കുകയാണ്. ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രി കഴിഞ്ഞ ദിവസം ഇത് ചൂണ്ടിക്കാണിക്കുകയുണ്ടായി. കേരളത്തിൽ നോട്ടിഫൈഡ് അല്ലാത്ത വില്ലേജുകളിലെ 28 ഇനം മരങ്ങൾ മുറിക്കുന്നതിന് ഇപ്പോൾ യാതൊരു തടസ്സവുമില്ല. എന്നുപറഞ്ഞാൽ ഇപ്പോൾ ഫലത്തിൽ ഈ 123 വില്ലേജുകളും നോട്ടിഫൈഡായിക്കഴിഞ്ഞിരിക്കുന്നു. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അന്തിമ വിജ്ഞാപനം കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടില്ല. അത് പുറപ്പെടുവിച്ചതിനുശേഷം ഈ വിജ്ഞാപനം അംഗീകരിക്കണമോ വേണ്ടയോ എന്ന് ഗ്രീൻ ട്രൈബ്യൂണൽ പരിശോധിക്കും. ഇതാണ് യഥാർത്ഥത്തിലുള്ള ചിത്രം. ഈ ചിത്രത്തിന് മുമ്പാണ് ശ്രീ. കോടിയേരി ബാലകൃഷ്ണൻ അന്ന് അവതരിപ്പിച്ച പ്രമേയം. ഏകപക്ഷീയമായി സഭ പാസ്സാക്കിയ ആ പ്രമേയത്തിൽ നമ്മൾ നിൽക്കുകയാണ്. അതിൽ ചർച്ചചെയ്ത പ്രധാനപ്പെട്ട പ്രശ്നം ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കണമെന്നു തന്നെയാണ്. ഈ 123 വില്ലേജുകളുടെ കാര്യത്തിൽ ജനവാസ പ്രദേശങ്ങളെ പൂർണ്ണമായി ഒഴിവാക്കുന്നില്ല. ഉമ്മൻ വി. ഉമ്മൻ കമ്മീഷൻ റിപ്പോർട്ടിനകത്തും ഈ ജനവാസ പ്രദേശങ്ങൾ ഉൾപ്പെടുത്തിയിരിക്കുകയാണ്. ഉമ്മൻ വി. ഉമ്മൻ കമ്മീഷനെ പിരിച്ചുവിടണമെന്ന് ഞാൻ പറയുന്നില്ല; വളരെ നല്ല പ്രവർത്തനം നടത്തിയ ഒരു കമ്മീഷനാണ്; അതിൽ സംസ്ഥാന ഗവൺമെന്റിന്റെ നിലപാടുണ്ടാകണം. വനത്തിന് പുറത്തുള്ള ജനവാസ പ്രദേശങ്ങളെ ഇ.എസ്.എ.-യുടെ പരിധിയിൽ നിന്നും ഒഴിവാക്കണം. അല്ലെങ്കിൽ മലയോര മേഖലയിൽ ജനജീവിതം പൂർണ്ണമായും സ്തംഭിക്കും. ഇത് പത്തോ ഇരുപതോ വർഷം മുമ്പുള്ള ഒരു അജണ്ടയാണ്. ഈ അജണ്ട നടപ്പാക്കിയത് ആരാണ്? ഇവിടെ കർഷക പ്രേമം പറഞ്ഞതുകേട്ടു. നമുക്കത് അംഗീകരിക്കാം. പക്ഷെ കേന്ദ്രമന്ത്രി ശ്രീ. ജയറാം രമേശ് ആണ് ഈ ജനവിരുദ്ധ ഗാഡ്ഗിൽ റിപ്പോർട്ട് രാജ്യത്ത് അവതരിപ്പിച്ചത്. ശ്രീ. ജയറാം രമേശ് മാത്രമല്ല ഇവിടെ ധാരാളം പരിസ്ഥിതി സംഘടനകൾ ഉണ്ട്. സുപ്രീം കോടതിയിലാണെങ്കിലും ഇന്ത്യയിലെ ഏത് ഹൈക്കോടതിയിലാണെങ്കിലും എത്ര ലക്ഷം രൂപ വേണമെങ്കിലും മുടക്കി കേസ് നടത്താൻ ഈ പരിസ്ഥിതി സംഘടനയ്ക്ക് കഴിയുന്നു. എവിടെ നിന്നാണ് അവർക്ക് ഈ പണം കിട്ടുന്നത്? പ്രധാനമന്ത്രിയായിരുന്നപ്പോൾ ഡോ. മൻമോഹൻ സിംഗ് ആണ് ആദ്യമായി കൂടംകുളം സമരം തുറന്നുകാണിച്ചത്. ഇവിടെ സമരം ചെയ്ത പല പരിസ്ഥിതി സംഘടനകൾക്കും കോടിക്കണക്കിന് വിദേശ പണം ഒഴുകി വരുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു. പിന്നീട് ശ്രീ. നരേന്ദ്ര മോദിയും ഇതേ

സ്റ്റേറ്റുമെന്റ് തന്നെ നടത്തുകയുണ്ടായി. എല്ലാ പരിസ്ഥിതി സംഘടനകളും വിദേശപണം വാങ്ങി പ്രവർത്തിക്കുന്നുവെന്ന് ഞാൻ പറയില്ല. നിർഭാഗ്യവശാൽ 90 ശതമാനം പരിസ്ഥിതി സംഘടനകളും വിദേശപണം വാങ്ങുന്ന, കാർബൺ ക്രെഡിറ്റ് ഫണ്ട് വാങ്ങുന്ന സംഘടനകളാണ്. ബാംഗ്ലൂർ കേന്ദ്രമാക്കിയുള്ള അശോക ട്രസ്റ്റ് എന്ന സംഘടനയാണ് വിദേശ പണത്തിന്റെ സ്രോതസ്. ദൗർഭാഗ്യവശാൽ നമ്മുടെ പ്രിയപ്പെട്ട ജയറാം രമേശ് ആ സംഘടനയുടെ പേട്രൺ ആണ്. കോടാനുകോടി രൂപയാണ് ഇവിടെ ഒഴുകുന്നത്. (..ബഹളം..) ഈ കാർബൺ ക്രെഡിറ്റ് ഫണ്ട് ലഭിക്കാൻ വേണ്ടി... നല്ല പരിസ്ഥിതി സംഘടനകളെ ഞാൻ ഒഴിവാക്കുകയാണ്. .... (ബഹളം)... ശ്രീ. പി. ടി. തോമസിന് നോവും. ശ്രീ. പി. ടി. തോമസിന് ഇടുക്കി വിടേണ്ടിവന്നത് ഈ പ്രശ്നം കൊണ്ടാണ്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. അതുകൊണ്ട് ഈ റിപ്പോർട്ട് പൂർണ്ണമായും തള്ളിക്കളയണം. സംസ്ഥാന ഗവൺമെന്റ് ആ നിലപാടിലേയ്ക്ക് വരണം. ജനങ്ങളാണ് പ്രധാനം. മൃഗങ്ങളും വനങ്ങളും വേണം. പക്ഷെ ജനങ്ങളെ ഒഴിവാക്കിക്കൊണ്ട് മൃഗങ്ങൾക്കും വനങ്ങൾക്കും വേണ്ടിയുള്ള ഒരു നയത്തെയും അംഗീകരിക്കാൻ കഴിയില്ല. അതുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഈ നയത്തിനകത്ത് മാറ്റം വരുത്തണം. 123 വില്ലേജുകൾ എന്ന സങ്കൽപ്പം ഒഴിവാക്കിക്കൊണ്ട് വനപ്രദേശം മാത്രം ഇ.എസ്.എ.യുടെ പരിധിയിൽ ഉൾപ്പെടുത്തണമെന്നതാണ് എന്റെ ഡിമാന്റ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, പോയിന്റ് ഓഫ് ഓർഡർ. ചട്ടം 303. ഇവിടെ ശ്രീ. രാജു എബ്രഹാം, രാജ്യത്തുള്ള പരിസ്ഥിതി സംഘടനകളിൽ 90 ശതമാനവും തട്ടിപ്പുനടത്തുന്നവരാണ്, വിദേശപണം പറ്റുന്നവരാണ് എന്ന തെറ്റായ പ്രസ്താവന നടത്തിയിരിക്കുകയാണ്. പരിണിതപ്രജ്ഞനായ ബഹുമാനപ്പെട്ട മെമ്പർ അങ്ങനെയൊന്നും പറയരുത്. ഈ നാടിനെ രക്ഷിക്കാൻ വേണ്ടി ഈ രംഗത്ത് പ്രവർത്തിക്കുന്ന ആളുകളെ മോശമായി ചിത്രീകരിക്കാൻ പാടില്ല. ഇവിടെ സുരേന്ദ്രനാഥ് എന്ന എം.എൽ.എ. ഉണ്ടായിരുന്നു. ഒരുപക്ഷെ അത് ശ്രീ. രാജു എബ്രഹാമിന് ഓർമ്മയുണ്ടാകില്ല. അതുകൊണ്ട് ആ പ്രസ്താവന പിൻവലിക്കണം. അതോടൊപ്പംതന്നെ ശ്രീ. ജയറാം രമേശിനെ പോലെ ലോകം ആദരിക്കുന്ന വളരെ ഉന്നതനായ കാഴ്ചപ്പാടുള്ള മന്ത്രിയെ മോശമായി ചിത്രീകരിക്കുന്ന നടപടി ശരിയല്ല. കാർബൺ ക്രെഡിറ്റ് ഫണ്ട് വാങ്ങിയിട്ടുണ്ടെങ്കിൽ അത് ക്വാറി മാഫിയയുടെ ഏജന്റായി പ്രവർത്തിക്കുന്ന വല്ലവരുമായിരിക്കും. അല്ലാതെ ആരും വാങ്ങിയിട്ടില്ല. ആ പ്രസ്താവന പിൻവലിക്കണം.

<u>മി. സ്പീക്കർ</u>: അങ്ങയുടെ പോയിന്റ് ഓഫ് ഓർഡർ നിലനിൽക്കുന്നതല്ല. സഭയുടെ കാര്യനിർവ്വഹണവുമായി ബന്ധപ്പെട്ടതാണ് ചട്ടം 303. പ്ലീസ്.. ഇരിക്കൂ.. പ്ലീസ്......

ശ്രീ. എസ്. രാജേന്ദ്രൻ: സർ, പോയിന്റ് ഓഫ് ഓർഡർ... ചട്ടം 307

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ചട്ടം 307 എന്നു പറയുന്നത് രേഖയിൽനിന്നും ഒഴിവാക്കുന്നത് സംബന്ധിച്ചാണ്. ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ചിട്ട് ഒഴിവാക്കണമെങ്കിൽ ഒഴിവാക്കാം, കൂട്ടി ചേർക്കണമെങ്കിൽ കൂട്ടി ചേർക്കാം.

മി. സ്പീക്കർ: കൂട്ടിച്ചേർക്കാൻ വകുപ്പില്ല.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിലും കസ്തൂരിരംഗൻ റിപ്പോർട്ടിലും ഭരണ പക്ഷത്തുള്ളവർക്കും പ്രതിപക്ഷത്തുള്ളവർക്കും consensus ഉള്ളതും ഇല്ലാത്തതുമായ ഭാഗങ്ങളുണ്ട്. അതൊരു യാഥാർത്ഥ്യമാണ്. അതിൽ എക്സ്റ്റംപ്ഷണലായ നിലപാട് സ്വീകരിക്കുന്ന ആളാണ് ബഹുമാനപ്പെട്ട പി. ടി. തോമസ്. അക്കാര്യത്തിൽ ഒരു സംശയവുമില്ല. ആദ്യം മുതൽ അദ്ദേഹത്തിന് ഒരു നിലപാടുണ്ട്. അതായിരിക്കില്ല ശ്രീ. മുരളീധരനുള്ളത്. ശ്രീ. രാജു എബ്രഹാം സൂചിപ്പിച്ചതുപോലെ ഇതിന്റെ ഒറിജിൻ എന്നുപറയുന്നത് അതിരപ്പിള്ളിയുമായി ബന്ധപ്പെട്ടുള്ളതാണ്. നമുക്ക് മൂന്ന് പ്രാവശ്യം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ ക്ലിയറൻസ് കിട്ടി. ഞാൻ വൈദ്യുതി വകുപ്പുമന്ത്രിയായിരുന്ന സമയത്ത് ബഹുമാനപ്പെട്ട ശ്രീ. ജയറാം രമേശിന്റെ അടുത്തുപോയി നടപടികളുമായി മുന്നോട്ടുപോയിക്കൂടെ എന്ന് ചോദിച്ച പ്പോഴാണ് അതിശക്തമായ എതിർപ്പ് അറിയിക്കുന്നത്. നൽകിയിട്ടുള്ള പരിസ്ഥിതി ക്ലിയറൻസ് ഞാൻ revoke ചെയ്യാൻ പോകുകയാണെന്നും പറഞ്ഞു. അതിനുള്ള കാരണമെന്താണെന്ന് ഞാൻ ചോദിച്ചു. ടി. കെ. നായർ എതിരാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഞാൻ വിവരാവകാശ കമ്മീഷൻ മുഖേന ഫയൽ വരുത്തി നോക്കുമ്പോൾ അത് ശരിയാണ്. ടി. കെ. നായർ അതിന് എതിരായിരുന്നു. അതുകൊണ്ട് അതിനോടാണ് എനിക്ക് യോജിപ്പുള്ളതെന്നു പറഞ്ഞുകൊണ്ട് ഒരു എക്സിക്യൂട്ടീവ് ഓർഡർ ഇറക്കിയിരിക്കുകയാണ്. അതിന്റെ ഭാഗമായിട്ടാണ് പരിസ്ഥിതി ക്ലിയറൻസ് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ കൊടുത്തിട്ടുപോലും ബഹുമാനപ്പെട്ട അന്നത്തെ വനം-പരിസ്ഥിതി വകുപ്പുമന്ത്രി അത് revoke ചെയ്തത്. ഒരു നടപടിക്രമവും പൂർത്തീകരിക്കാതെ ആർബിട്രറിയായാണ് അത് ചെയ്തത്. അതിനുശേഷം ഗാഡ്ഗിൽ കമ്മീഷനെ നിയമിച്ചു. ഗാഡ്ഗിൽ കമ്മീഷനെ

നിയമിക്കുന്നതിന്റെ പ്രധാന ഉദ്ദേശ്യം ഡാമുകളായിരുന്നു. അതിരപ്പിള്ളിയിൽ എത്ര പ്രാവശ്യം വന്നാണ് അവർ തെളിവെടുപ്പ് നടത്തിയത്. അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് 30-1-2012-ൽ സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെ അഭിപ്രായം അറിയിച്ചു. അതിൽ ഗാഡ്ഗിൽ കമ്മിറ്റിയുമായി ബന്ധപ്പെട്ടുകൊണ്ട് ഞങ്ങൾക്ക് അംഗീകരിക്കാൻ പറ്റാത്ത ആറു കാര്യങ്ങൾ പറഞ്ഞു. അത് യു.ഡി.എഫ്.-ന്റെ കാലത്താണ്. ആ സമയത്താണ് ഇതിന്റെ പ്രത്യാഘാതം എന്താണെന്ന് പൊതുസമൂഹം അറിയുന്നത്. ഒന്ന്, പശ്ചിമഘട്ട അതിർത്തി നിർണ്ണയത്തിലെ അശാസ്ത്രീയത നമ്മൾ ചൂണ്ടിക്കാണിച്ചു. രണ്ട്, അശാസ്ത്രീയമായ സോണിംഗ് നിർണ്ണയം, മൂന്ന്, ഈ സോണിംഗിൽ ചില പ്രവൃത്തികൾ നിരോധിക്കുന്നതുമൂലമുണ്ടാകുന്ന പ്രത്യാഘാതങ്ങൾ, നാല്, ചെറിയ സമയത്തിനുള്ളിൽ കാർഷിക രീതി രാസവളത്തിൽ നിന്നും ജൈവ വളത്തിലേയ്ക്കുള്ള മാറ്റം അതിന്റെ അപ്രായോഗികത അന്ന് ചൂണ്ടിക്കാണിച്ചു. അഞ്ച്, നിയന്ത്രിത പ്രദേശത്ത് ഡാം പദ്ധതി നിരോധനം. 35 വർഷം മുതൽ 50 വർഷം വരെയുള്ള ഡാമുകൾ പൊളിച്ചു മാറ്റുക. മുല്ലപ്പെരിയാർ പ്രശ്നത്തിൽ ഇത് വളരെ പ്രസക്തിയുള്ളതായി തോന്നിയതാണ്. പക്ഷെ ഇത് നമുക്ക് ഒരിക്കലും അംഗീകരിക്കാൻ കഴിയില്ല. പിന്നീടാണ് കസ്തൂരിരംഗൻ കമ്മിറ്റി വരുന്നത്. കസ്തൂരിരംഗൻ പരിസ്ഥിതിയുമായി ബന്ധപ്പെട്ട അതിപ്രഗത്ഭനായ ഒരു ശാസ്ത്രജ്ഞനാണ് എന്നുള്ളൊരു അഭിപ്രായം എനിക്കില്ല. അദ്ദേഹം ബഹിരാകാശ ശാസ്ത്രജ്ഞനാണ്. സ്വാഭാവികമായും അതിന്റെ കുറവ് ഇതിനകത്തുണ്ടായിരുന്നു. ഗാഡ്ഗിൽ കമ്മീഷൻ റിപ്പോർട്ടിനേക്കാളും കുറെക്കൂടി അംഗീകരിക്കാൻ പറ്റാത്ത ഭാഗങ്ങളാണ് അതിൽ വന്നിരിക്കുന്നത്. അതിനുശേഷമാണ് അതുമായി ബന്ധപ്പെട്ട ഒരു പ്രമേയം പാസ്സാക്കി പൊതു കൺസെൻസസോടു കൂടി നമ്മൾ അയച്ചത്. ഇപ്പോഴും അതിൽ തന്നെ നിൽക്കുകയാണ്. ഭരണ-പ്രതിപക്ഷ ഭേദമെന്യേ യാതൊരു അഭിപ്രായ വ്യത്യാസവുമില്ല. വ്യക്തികൾക്ക് അഭിപ്രായ വ്യത്യാസമുണ്ടാകും. പക്ഷെ പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും പൊതു consensus ഈ റിപ്പോർട്ട് നടപ്പിലാക്കാൻ കഴിയില്ലായെന്നുള്ളതാണ്. അത് കേരളത്തിലെ 123 വില്ലേജുകളിലെ പാവപ്പെട്ട കൃഷിക്കാരെയും വികസനത്തെയും ബാധിക്കുമെന്നും മറ്റു പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്നും അന്നത്തെ പ്രതിപക്ഷ ഉപനേതാവ് ബഹുമാനപ്പെട്ട കോടിയേരി ബാലകൃഷ്ണന്റെ പ്രമേയത്തിൽ പറഞ്ഞ അതേ കാര്യങ്ങൾ ഒരിക്കൽ കൂടി അടിവരയിട്ട് പറയാൻ ഞാൻ നിർബന്ധിക്കപ്പെടുകയാണ്. അതിൽനിന്നും ഒരു മാറ്റവും ഇല്ല. കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ 123 വില്ലേജുകളിലായി 13108 ചതുരശ്ര കിലോമീറ്ററാണ് പരിസ്ഥിതി ലോല പ്രദേശമായി കണക്കാക്കിയിരുന്നത്. തുടർന്ന് സംസ്ഥാന സർക്കാർ 3114.3

ചതുരശ്ര കിലോമീറ്റർ കുറവ് ചെയ്ത് 9107 ചതുരശ്ര കിലോമീറ്റർ വനമേഖലയും 856.70 ചതുരശ്ര കിലോമീറ്റർ വനേതര മേഖലയായും ഉൾപ്പെടുന്ന സംസ്ഥാനത്തെ പരിസ്ഥിതി ലോലപ്രദേശം 9993.7 ചതുരശ്ര കിലോമീറ്ററായി കണക്കാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടു. 10-3-2014-ൽ കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വിജ്ഞാപനത്തിൽ സംസ്ഥാനത്തെ 9993.7 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതി ലോലപ്രദേശമായി കണക്കാക്കി. കരട് വിജ്ഞാപനം പുറപ്പെടുവിച്ചതിനുശേഷം ഈ 123 വില്ലേജുകളുടെ അതിർത്തി നിർണ്ണയിച്ച് നൽകാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടു. ഇതിനായി സർക്കാർ നിയോഗിച്ച പഞ്ചായത്തുതല സമിതി തയ്യാറാക്കിയ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്താകെ 119 വില്ലേജുകളിലായി 9839.314 ചതുരശ്ര കിലോമീറ്റർ പരിസ്ഥിതി ലോല പ്രദേശമായി നിജപ്പെടുത്തണമെന്ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് ആവശ്യപ്പെടുകയുണ്ടായി. മുകളിൽ പറഞ്ഞ 10-3-2014-ലെ കരട് വിജ്ഞാപനത്തിന്റെ കാലാവധി പൂർത്തിയായിട്ടും അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാത്തതിനാൽ 4-9-2015-ൽ പുതിയ കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചു. ഈ വിജ്ഞാപനത്തിലും കേരളത്തിലെ പരിസ്ഥിതി ലോലപ്രദേശങ്ങളുടെ വിസ്തൃതി 123 വില്ലേജുകളിലായി 9993.7 ചതുരശ്ര കിലോമീറ്ററായി തന്നെയാണ് കാണിച്ചിട്ടുള്ളത്. പരിസ്ഥിതി ലോല പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുള്ള ഇടങ്ങളിൽ ജനവാസ കേന്ദ്രങ്ങളും ഉൾപ്പെടുന്നുണ്ടെന്ന പ്രശ്നം സജീവമായി ഉയർന്നുവന്നു. ജനജീവിതത്തെ പ്രതിസന്ധിയിലാക്കുന്നുവെന്ന പ്രശ്നവും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടു. പരിസ്ഥിതി ലോലപ്രദേശങ്ങളിൽ നിന്നും ജനവാസ കേന്ദ്രങ്ങളെ മാറ്റി നിർത്തിയോ, അതേസമയം പരിസ്ഥിതി ലോലപ്രദേശങ്ങളായി സംരക്ഷിക്കപ്പെടേണ്ട പ്രദേശങ്ങളെ സംരക്ഷിച്ചുകൊണ്ടുമുള്ള നിയമമാണ് ഉണ്ടാകേണ്ടത് എന്നുള്ള കാഴ്ചപ്പാടാണ് ഈ ഗവൺമെന്റിനുള്ളത്. കേന്ദ്രസർക്കാരിൽ ഇതിനായി സമ്മർദ്ദം ചെലുത്തും. ഇതിനുവേണ്ടി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളുടെയും കൂട്ടായ പ്രവർത്തനവും പിന്തുണയും ഉണ്ടാകണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. ബഹുമാനപ്പെട്ട രാജു എബ്രഹാം അവതരിപ്പിച്ച ശ്രദ്ധ ക്ഷണിക്കലിലെ ഉള്ളടക്കത്തോട് പരിപൂർണ്ണമായും യോജിക്കുന്നു.

ശ്രീ. രാജു എബ്രഹാം: സർ, പൂർണ്ണമായും യോജിച്ച സ്ഥിതിക്ക് പ്രത്യേകം ചോദ്യം ഉന്നയിക്കുന്നില്ല. എന്നിരുന്നാലും രണ്ടാം വട്ടം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം തെളിവെടുക്കാൻ പോകുന്നുവെന്ന് മന്ത്രി പ്രഖ്യാപിച്ചിരിക്കുകയാണ്. അങ്ങനെയാണെങ്കിൽ അതിനുവേണ്ട തയ്യാറെടുപ്പ് നടത്തുകയും 123 വില്ലേജുകളിലെ ജനവാസ കേന്ദ്രങ്ങളെ പൂർണ്ണമായും ഒഴിവാക്കാനുള്ള ഒരു നയം രൂപീകരിക്കണമെന്നുള്ളതാണ് എന്റെ നിർദ്ദേശം.

ശ്രീ. എ. കെ. ബാലൻ: ഇതുസംബന്ധിച്ച് മറുപടി പറഞ്ഞതാണ്. ഇതിന് പ്രത്യേകം മറുപടിയുടെ ആവശ്യമില്ല.

## (2) റേഷൻ വിഹിതം വെട്ടിക്കുറച്ചത് സംബന്ധിച്ച്

ശ്രീ. അനൂപ് ജേക്കബ്: സർ, റേഷൻ കടകളിലൂടെ ലഭ്യമാകുന്ന ഭക്ഷ്യധാന്യ വിഹിതത്തിൽ വലിയ കുറവുണ്ടായിട്ടുണ്ട്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സബ്മിഷനിലൂടെ ഈ വിഷയം ഉന്നയിച്ചു. അതിനോടൊപ്പം മണ്ണെണ്ണയുടെ ലഭ്യതയും കുറഞ്ഞത് റേഷൻ ഉപഭോക്താക്കൾക്ക് ഇരട്ടി പ്രഹരം ഉണ്ടാക്കിയിരിക്കുകയാണ്. ഇപ്പോൾ കാൽ ലിറ്റർ മണ്ണെണ്ണപോലും വിതരണം ചെയ്യാൻ കഴിയാത്ത സാഹചര്യം റേഷൻ കടകളിലൂടെ വരുന്നുവെന്നുള്ളതാണ് ഏറ്റവും ഒടുവിൽ ലഭ്യമാകുന്ന വിവരം. ഇത് മത്സ്യമേഖലയെപ്പോലും തെറ്റായ രീതിയിൽ ബാധിക്കുമെന്നുള്ള വിഷയവും നിലനിൽക്കുന്നു. ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുവാൻ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് വിവിധ പദ്ധതികൾ രൂപീകരിച്ചിരുന്നു. അതൊന്നും ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. എല്ലാ പഴുതുകളും അടച്ച് ഈ നിയമം നടപ്പിലാക്കുക എന്നുള്ളതാണ് കഴിഞ്ഞ ഗവൺമെന്റ് എടുത്തിരുന്ന നിലപാട്. ഇപ്പോൾ വിവിധ സംസ്ഥാനങ്ങൾ ഇത് നടപ്പിലാക്കിയെന്ന് പറയുമ്പോൾ, പലപ്പോഴും അത് കേന്ദ്രത്തിന്റെ വലിയ സമ്മർദ്ദം കൊണ്ടാണ്. ഇപ്പോൾ കേരളത്തിലും അതേ നിലയിലുള്ള സമ്മർദ്ദം അവർ പയറ്റിയിരുന്നു. നിലവിലുണ്ടായിരുന്ന ബി.പി.എൽ. കാർഡുകൾ മുൻഗണനാ വിഭാഗങ്ങളാക്കി പരിവർത്തനപ്പെടുത്തി നിയമം നടപ്പിലാക്കുകയാണുണ്ടായത്. അത്തരത്തിൽ 2014-ൽ യു.ഡി.എഫ്. ഗവൺമെന്റ് ആലോചിച്ചിരുന്നു. പക്ഷേ ബി.പി.എൽ കാർഡിൽ അനർഹരുണ്ടെന്നുള്ളതുകൊണ്ട് ആ അനർഹരെ വീണ്ടും മുൻഗണനക്കാരാക്കിയാൽ ചെയ്തുകൊണ്ടിരുന്ന തെറ്റ് വീണ്ടും ആവർത്തിക്കുന്നതു പോലെയാകും. അതുകൊണ്ട് യഥാർത്ഥ ഗുണഭോക്താക്കളെ കണ്ടെത്തുക എന്ന നയത്തിലേയ്ക്ക് നീങ്ങുകയും റേഷൻ കാർഡ് പുതുക്കുന്ന നടപടിയിലേയ്ക്ക് പോകുകയും ചെയ്തു. സ്വാഭാവികമായും അത് വലിയൊരു പ്രോസസ് ആയിരുന്നു. അതിന് സമയം ആവശ്യമായിരുന്നു. പിന്നീട് ഞങ്ങളതിന്റെ ലിസ്റ്റുകൾ ലഭ്യമാക്കി താലൂക്ക് തലത്തിൽ മുൻഗണനക്കാരെ കണ്ടെത്താനുള്ള തീരുമാനമെടുത്തു. പുതിയ ഗവൺമെന്റ് വന്ന സന്ദർഭത്തിൽ താലൂക്ക് ലെവലിൽ മുൻഗണനക്കാരെ കണ്ടെത്തേണ്ട, സംസ്ഥാന തലത്തിൽ കണ്ടെത്തണമെന്ന ഒരു നയപരമായ മാറ്റം കൊണ്ടുവന്നു. ആധാർ സീഡിംഗും കൊണ്ടുവന്നു. സ്വാഭാവികമായും കൂടുതൽ സമയം അക്കാര്യത്തിലെടുത്തുവെന്നുള്ളതാണ്. അതാണ് ബഹുമാനപ്പെട്ട മന്ത്രി മാർച്ച് മാസത്തിലേ പുതിയ കാർഡ് കൊടുക്കാൻ കഴിയുകയുള്ളൂവെന്ന് പ്രഖ്യാപിച്ചത്. ആ

കാലതാമസം കൃത്യമായ നിലയിൽ കേന്ദ്രത്തെ ധരിപ്പിച്ചിരുന്നുവെങ്കിൽ നമുക്ക് ലഭിക്കേണ്ട ഭക്ഷ്യധാന്യങ്ങളിൽ കുറവ് വരുമായിരുന്നില്ല. കേരളത്തിന്റെ പ്രത്യേക സാഹചര്യങ്ങൾ കൃത്യതയോടെ കേന്ദ്രത്തെ ധരിപ്പിക്കുന്നതിൽ ഉദ്യോഗസ്ഥ തലത്തിലാണോ ഗവൺമെന്റ് തലത്തിലാണോ വീഴ്ച പറ്റിയിട്ടുള്ളതെന്ന കാര്യം പരിശോധിക്കണം. നമ്മുടേത് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സംവിധാനമുള്ള ഒരു സംസ്ഥാനമാണ്. ഇന്ത്യയിൽ ഏറ്റവും നല്ല റേഷനിംഗ് സംവിധാനമുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. നമുക്ക് പൂർണ്ണമായ വിട്ടെടുപ്പുണ്ട്. അഡീഷണൽ അലോട്ട്മെന്റും നോർമൽ അലോട്ട്മെന്റും നൂറ് ശതമാനവും ഉപയോഗിക്കുന്ന സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പല സ്റ്റേറ്റുകളിലും അതില്ല. അത്തരത്തിലുള്ള സാഹചര്യങ്ങളൊക്കെ ചൂണ്ടിക്കാട്ടി കേന്ദ്ര ഗവൺമെന്റിനെ സമ്മർദ്ദപ്പെടുത്തി അത് കൊണ്ടുവരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. കേന്ദ്ര സർക്കാർ അത്തരത്തിലുള്ള ഒരു സമീപനം സ്വീകരിച്ചത് തികച്ചും പ്രതിഷേധാർഹമാണ്. കേന്ദ്ര നയത്തെ ശക്തമായിത്തന്നെ ഞങ്ങളും എതിർക്കുന്നു. ഇതിന്റെ പേരിൽ അരി കൊടുക്കാതിരിക്കാൻ സാഹചര്യമില്ല. അതുകൊണ്ട് എം.എസ്.പി. പ്രൈസിലെങ്കിലും അരിയെടുത്ത് സബ്സിഡൈസ് ചെയ്ത് റേഷൻ കാർഡുടമകൾക്ക് കൊടുക്കുവാനുള്ള സമീപനം സംസ്ഥാന സർക്കാർ സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. അതുപോലെ ബി.പി.എൽ. വിഭാഗങ്ങൾക്ക് സൗജന്യ അരി വിതരണം ചെയ്യുന്നുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് ആരംഭിച്ച സൗജന്യ പദ്ധതി ഇത്തവണ ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാക്കുമ്പോഴും മുൻഗണനാ വിഭാഗക്കാർക്ക് അതേ നിലയിൽ തുടരാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കണം. അതോടൊപ്പംതന്നെ നമ്മുടെ ക്ലെയിമെന്നുള്ളത് 16¼ ലക്ഷം മെട്രിക് ടൺ ഭക്ഷ്യധാന്യമാണ്. ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ച് 14¼ ലക്ഷം മെട്രിക് ടണ്ണാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. അത് പൂർണ്ണമായി അംഗീകരിച്ചിട്ടില്ല. നമ്മുടെ ക്ലെയിം അവിടെ കിടക്കുന്നുണ്ടെന്നുള്ളത് ഗവൺമെന്റിനെ ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം മണ്ണെണ്ണയുടെ ലഭ്യത കുറയുന്നു. കൂടാതെ മണ്ണെണ്ണയുടെ ചില്ലറ വിൽപ്പനവില ഈ ഗവൺമെന്റ് വന്നതിനുശേഷം വർദ്ധിപ്പിച്ചത് തികച്ചും പ്രതിഷേധാർഹമാണ്. സംസ്ഥാനത്ത് ലഭിച്ചുകൊണ്ടിരുന്ന മണ്ണെണ്ണ വിഹിതം ഇപ്പോൾ ഗണ്യമായി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിൽ മനസ്സിലാക്കാൻ കഴിയുന്നത് 16,908 കിലോ ലിറ്ററായി മണ്ണെണ്ണ വിഹിതം കേന്ദ്രം കുറച്ചുവെന്നുള്ളതാണ്. ഇന്നലെ ശ്രീ. രാജു എബ്രഹാം ഇവിടെ സംസാരിച്ചപ്പോൾ ഭക്ഷ്യഭദ്രതാ നിയമം നടപ്പാക്കാൻ വൈകുന്നുവെന്നുള്ളതുകൊണ്ട് റേഷൻ സമ്പ്രദായം താറുമാറായ നിലയിലാണെന്ന് പറഞ്ഞു. മണ്ണെണ്ണയുമായി ഭക്ഷ്യഭദ്രതാ നിയമത്തിന് യാതൊരു

ബന്ധവുമില്ല. എന്തുകൊണ്ട് കേന്ദ്രം മണ്ണെണ്ണയുടെ വിഹിതം ഇത്രമാത്രം കുറയ്ക്കുന്നു. 36 ശതമാനത്തിന്റെ കുറവുവന്നു. അത് restore ചെയ്യാൻ എന്ത് നടപടി ഗവൺമെന്റ് സ്വീകരിച്ചുവെന്നുള്ളത് വ്യക്തമാക്കേണ്ടതായിട്ടുണ്ട്. അതുപോലെ ഇന്ന് 18 രൂപയാണ് മണ്ണെണ്ണയുടെ ചില്ലറ വിലയെന്ന് ഞാൻ മനസ്സിലാക്കുന്നു. കേന്ദ്രം 25 പൈസ വർദ്ധിപ്പിക്കുന്ന സന്ദർഭത്തിൽ കേരളം പിന്നീടും വർദ്ധനവ് വരുത്തുകയാണ്. ഞാൻ ആദ്യമേ സൂചിപ്പിച്ചു, ഇതുമൂലം ഒരു ഇരട്ടപ്രഹരം റേഷൻകാർഡ് ഉടമകൾക്ക് വരുമെന്ന്. അത്തരത്തിൽ വില വർദ്ധിപ്പിക്കുന്ന ഒരു സാഹചര്യമുണ്ടായിരിക്കുന്നു. ആ വില വർദ്ധിപ്പിച്ചത് മാറ്റണം. വില ഏകീകരണമെന്ന നിലയിലാണ് അത് വന്നിരിക്കുന്നത്. എറണാകുളത്തും മധ്യകേരളത്തിലും വില കുറച്ച് മണ്ണെണ്ണ കൊടുക്കാൻ നമുക്ക് കഴിയും. ട്രാൻസ്പോർട്ടേഷൻ കോസ്റ്റ് കൂടുന്നതനുസരിച്ച് തെക്കോട്ടോ വടക്കോട്ടോ ഉള്ള ജില്ലകളിൽ വില വർദ്ധിപ്പിക്കാം. പക്ഷെ എല്ലായിടത്തും ഒരേ വില കൊണ്ടു വരുമ്പോൾ അത് ന്യായീകരിക്കാൻ കഴിയില്ല. അക്കാര്യത്തിൽ ഗവൺമെന്റ് പുനരാലോചന നടത്തേണ്ടതായിട്ടുണ്ട്. കേരളത്തിന് കിട്ടിക്കൊണ്ടിരുന്ന വിഹിതം നിലനിർത്തുവാനുള്ള സാഹചര്യം ഉണ്ടാക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ഗവൺമെന്റിനോട് അഭ്യർത്ഥിക്കാനുള്ളത്.

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, 2013-ലെ ഭക്ഷ്യഭദ്രതാ നിയമം കേരള സംസ്ഥാനത്ത് നടപ്പാക്കാത്തതിനാൽ എ.പി.എൽ., ബി.പി.എൽ. വിഭാഗങ്ങൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന അധിക വിഹിതം നൽകേണ്ടതില്ലായെന്നും എ.പി.എൽ. വിഭാഗത്തിന് അനുവദിക്കുന്ന അരിക്കും ഗോതമ്പിനും 2016 നവംബർ മുതൽ താങ്ങുവില നിരക്ക്- എം.എസ്.പി. ഡിറൈവ്ഡ് റേറ്റ് ഈടാക്കണമെന്നും തീരുമാനിച്ചുകൊണ്ടുള്ള 7-10-2016-ലെ 1-2-2015/ബി.പി.3 നമ്പരിലുള്ള കേന്ദ്ര സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. ഭക്ഷ്യഭദ്രതാ നിയമത്തിന്റെ ഭാഗമായുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാലാണ് മേൽ നടപടി. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ അനുവദിച്ച നോർമൽ വിഹിതം അതേ അളവിൽ തന്നെ കേന്ദ്രത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ മുൻവർഷങ്ങളിൽ അനുവദിച്ചിരുന്ന അധികവിഹിതം 2016 ഏപ്രിൽ മുതൽ ജൂൺ വരെയുള്ള മൂന്ന് മാസങ്ങളിലേയ്ക്കാണ് അനുവദിച്ചു നൽകിയിട്ടുള്ളത്. ഭക്ഷ്യഭദ്രതാ നിയമം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുക, ഓൺലൈൻ അലോട്ട്മെന്റ് നൽകുക, വാതിൽപ്പടി വിതരണം നടത്തുക, സംസ്ഥാന-ജില്ലാതല പരാതി പരിഹാര ഓഫീസർമാരെ നിയമിക്കുക, സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണം നടത്തുക തുടങ്ങിയ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടിയിരുന്നു. മുൻഗണനാ വിഭാഗങ്ങളെ

കണ്ടെത്തുന്നതിന് താലൂക്ക് തലത്തിൽ റാങ്കിംഗ് നടത്തിയിരുന്നു. എങ്കിലും അതിലെ അപാകതകൾ കണക്കിലെടുത്ത് സംസ്ഥാനതല റാങ്കിംഗ് നടത്തുവാൻ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തീരുമാനിച്ചു. തുടർന്ന് പ്രാഥമിക പട്ടിക പ്രസിദ്ധീകരിച്ചു. അന്തിമ മുൻഗണന, മുൻഗണനേതര പട്ടിക പ്രസിദ്ധീകരിച്ചതിനു ശേഷം റേഷൻ കാർഡ് വിതരണം ചെയ്യുന്നതാണ്. ഭക്ഷ്യഭദ്രതാ നിയമം നിഷ്കർഷിക്കുന്നതുപ്രകാരം റേഷൻ സാധനങ്ങൾ ഓൺലൈനിലൂടെ അനുവദിക്കുന്ന പ്രവർത്തനത്തിന്റെ ഭാഗമായി എഫ്.സി.ഐ.യിൽ നിന്നും റേഷൻ സാധനങ്ങൾ വിട്ടെടുത്ത് എ.ആർ.ഡി.കൾ വഴി റേഷൻ കാർഡുടമകൾക്ക് വിതരണം ചെയ്യുന്നതു വരെയുള്ള വിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ നിയമത്തിൽ അനുശാസിച്ചിട്ടുള്ള സംസ്ഥാന ഭക്ഷ്യ കമ്മീഷനും ജില്ലാ പരാതി പരിഹാര ഓഫീസർമാരേയും നിയമിച്ചുകൊണ്ട് 13-10-2016-ലെ സർക്കാർ ഉത്തരവ് എംഎസ്. (നമ്പർ)16/2016/ഭക്ഷ്യപൊതുവിതരണ വകുപ്പുപ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ ആക്ട് നടപ്പിൽ വരുത്തുന്നതിനുവേണ്ടി ഒട്ടേറെ കാര്യങ്ങൾ ചെയ്യുകയുണ്ടായി. ഇത്രയും കാര്യങ്ങൾ ചെയ്ത ഞങ്ങളെ കുറ്റപ്പെടുത്തരുത്. ഞങ്ങൾ നാലുമാസം കൊണ്ടാണ് ഇക്കാര്യങ്ങളൊക്കെ ചെയ്തത്. അങ്ങ് കഴിഞ്ഞ ഗവൺമെന്റിലെ ഭക്ഷ്യ പൊതുവിതരണ വകുപ്പുമന്ത്രിയായിരുന്നു. അങ്ങേയ്ക്ക് മൂന്നു വർഷം കിട്ടി. അങ്ങ് കാര്യമായിട്ടൊന്നും ചെയ്തില്ല. അതിന് ഞങ്ങൾ കുറ്റപ്പെടുത്തുകയല്ല, മറിച്ച് ഇങ്ങോട്ട് കുറ്റപ്പെടുത്തരുത്. ഈ ആക്ട് കേരളത്തിൽ നടപ്പിൽ വരുത്താത്തതിന്റെ പേരിൽ ഓണത്തിനുമുമ്പ് നമുക്ക് നൽകേണ്ടിയിരുന്ന അധിക അലോട്ട്മെന്റ് ആദ്യം നിർത്തിവച്ചു. ആ പ്രയാസമാണ് നമ്മൾ അനുഭവിക്കുന്നത്. ഇത് നടപ്പാക്കാത്തതിന്റെ പേരിൽ എ.പി.എൽ. കാർഡുടമകൾക്ക് നൽകുന്ന ആനുകൂല്യങ്ങൾ എടുത്തുകളയും എന്നാണ് ഓണം കഴിഞ്ഞപ്പോൾ നമ്മളോട് കേന്ദ്രം പറഞ്ഞത്. എടുത്തു കളയാതിരിക്കണമെങ്കിൽ നവംബർ ഒന്നു മുതൽ ഈ ആക്ട് പ്രകാരമുള്ള ഭക്ഷ്യ ധാന്യ വിതരണം ഇവിടെ നടപ്പിൽ വരുത്തണം. അത് നടപ്പിൽ വരുത്തുന്നതിനുവേണ്ടിയുള്ള വളരെ സ്പീഡിയായിട്ടുള്ള പ്രവർത്തനങ്ങളുമായി മുമ്പോട്ടുപോകുകയാണ്. ഇന്നലെ അക്കാര്യങ്ങൾ സംബന്ധിച്ചെല്ലാം ഞാൻ വിശദമായി സഭയിൽ പറഞ്ഞതാണ്. അക്കാര്യങ്ങൾ പറഞ്ഞ് താങ്കൾ ഞങ്ങളെ കുറ്റപ്പെടുത്തുകയല്ല വേണ്ടത്. ഞാൻ കൂടുതലായി അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ഈ നിർദ്ദേശം കേന്ദ്രഗവൺമെന്റിൽ നിന്നും വന്നയുടനെ തന്നെ കേന്ദ്രമന്ത്രിയെ നേരിട്ട് പോയിക്കണ്ടു നിവേദനം സമർപ്പിച്ചു. കേരളത്തിൽ നടപ്പിൽ വരുത്തുന്ന എല്ലാക്കാര്യങ്ങളെയും കുറിച്ച് അദ്ദേഹത്തോട് വിശദീകരിച്ചു എന്നുമാത്രമല്ല, ശ്രീ. എ. കെ. ആന്റണി,

ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. കെ. വി. തോമസ് ഉൾപ്പെടെ മുഴുവൻ എം.പി.-മാർക്കും നിവേദനം കൊടുത്തു. ഇവിടത്തെ പൊളിറ്റിക്കൽ ലീഡേഴ്സിനെ കാണാൻ ശ്രമിച്ചു. ശ്രീ. കുമ്മനം രാജശേഖരൻ, ശ്രീ. ഒ. രാജഗോപാൽ എന്നിവരുൾപ്പെടെയുള്ളവരെ നേരിട്ട് കണ്ട് സംസാരിച്ചു. അങ്ങനെ മുഴുവൻ പേരുടെയും പിന്തുണയോടുകൂടി നമുക്ക് അർഹതപ്പെട്ട ധാന്യവിഹിതം കേന്ദ്ര ഗവൺമെന്റിൽ നിന്നും വാങ്ങിയെടുക്കാനുള്ള പരിശ്രമങ്ങളാണ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്. അതിന് താങ്കളടക്കമുള്ളവരുടെ പിന്തുണ ഉണ്ടാകേണ്ടതാണ് എന്നാണ് എനിക്ക് പറയാനുള്ളത്.

ഈ സാമ്പത്തിക വർഷത്തിൽ അനുവദിക്കപ്പെട്ടിട്ടുള്ള പി.ഡി.എസ്. മണ്ണെണ്ണയുടെ അളവിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ട്. 2016-17 ആദ്യപാദത്തിൽ 27960 കിലോ ലിറ്ററും രണ്ടാം പാദത്തിൽ 26568 കിലോ ലിറ്ററും ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള മൂന്നാം പാദത്തിൽ 16908 കിലോ ലിറ്ററുമാണ് കേന്ദ്രഗവൺമെന്റിൽനിന്നും ലഭ്യമായിട്ടുള്ളത്. വിളക്ക് കത്തിക്കുന്നതിനും പാചകാവശ്യത്തിനും മാത്രമേ പി.ഡി.എസ്. മണ്ണെണ്ണ ഉപയോഗിക്കാവൂ എന്ന കർശനമായ കേന്ദ്ര നിർദ്ദേശം നിലവിലുണ്ട്. കൂടാതെ എൽ.പി.ജി. കണക്ഷനുകളും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണവും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഒരേ ആവശ്യത്തിന് രണ്ടുതരത്തിലുള്ള സബ്സിഡി നടപ്പാക്കാൻ കഴിയില്ല എന്നാണ് കേന്ദ്ര ഗവൺമെന്റിന്റെ അഭിപ്രായം. എൽ.പി.ജി. കണക്ഷനുകളുടെ കാര്യത്തിലും വൈദ്യുതീകരിച്ച വീടുകളുടെ എണ്ണത്തിലും കേരളത്തിൽ മറ്റ് സംസ്ഥാനങ്ങളെക്കാളും ദേശീയ ശരാശരിയേക്കാളും ഉയർന്ന ശരാശരിയാണുള്ളത്. ഇതുകൂടാതെ മത്സ്യബന്ധന ആവശ്യം പരിഗണിച്ച് കേന്ദ്രസർക്കാർ ക്വാട്ടയിൽനിന്ന് 2525 കിലോ ലിറ്റർ മണ്ണെണ്ണ വിഹിതം മത്സ്യബന്ധന മേഖലയ്ക്ക് നൽകിവരുന്നു. നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് ഇക്കണോമിക് റിസർച്ചിന്റെ സർവ്വേ പ്രകാരം കേരളത്തിൽ ലഭ്യമായ മണ്ണെണ്ണയുടെ 19.2 ശതമാനം ഇത്തരത്തിൽ വകമാറ്റി നൽകുന്നുവെന്നും ആ ഇനത്തിൽ ഏകദേശം 111 കോടി രൂപ പ്രതിവർഷം അധികമായി ചെലവാകുന്നുവെന്നും കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്. മത്സ്യബന്ധന മേഖലയ്ക്ക് മണ്ണെണ്ണ ഇനിയും വകമാറ്റി നൽകിയാൽ വീണ്ടും മണ്ണെണ്ണയുടെ പ്രതിമാസ ലഭ്യതയിൽ കുറവ് വരാൻ സാധ്യതയുണ്ട്. ആയതിനാൽ പി.ഡി.എസ്. മണ്ണെണ്ണയുടെ വിതരണത്തിൽ മത്സ്യബന്ധന മേഖലയുമായി ബന്ധപ്പെട്ട വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഫിഷറീസ് വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ലഭ്യമായ അളവിൽ മണ്ണെണ്ണ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്ര സർക്കാരിന് കത്ത് അയയ്ക്കുന്നുമുണ്ട്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ഈ ഗവൺമെന്റ് എടുക്കുന്ന നടപടികളെ ചെറുതായി കാണുകയോ അത്തരത്തിലുള്ള സാഹചര്യങ്ങൾ....

മി. സ്പീക്കർ: അങ്ങ് ഒറ്റ ചോദ്യം ചോദിക്കൂ.

ശ്രീ. അനൂപ് ജേക്കബ്: സർ, ചോദ്യമാണ്. അദ്ദേഹം പറഞ്ഞതുകൊണ്ട് അത് വ്യക്തമാക്കേണ്ടതുണ്ട്. കേരളത്തിന്റെ ഭക്ഷ്യധാന്യങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ ഒറ്റക്കെട്ടായിട്ടുള്ള സമീപനമുണ്ടാകണം. യാതൊരു തർക്കവും അക്കാര്യത്തിലില്ല. അതിന് ഐകകണ്ഠ്യേന നിയമസഭ പ്രമേയവും പാസ്സാക്കിയതാണ്. ഞങ്ങളുടെ പൂർണ്ണമായ പിന്തുണയുമുണ്ട്. ഞങ്ങളുടെ ഗവൺമെന്റിന്റെ സമയത്ത് അന്നുണ്ടായിരുന്ന ബി.പി.എൽ. കാർഡുകൾ മുൻഗണനാ കാർഡുകളാക്കി മാറ്റി ഇത് നടത്തണമായിരുന്നുവെങ്കിൽ അങ്ങനെ ചെയ്യാമായിരുന്നു. ഞാൻ അതുകൊണ്ടാണ് ആദ്യമേ പറഞ്ഞത് പഴുതുകൾ അടച്ച് നിയമം നടപ്പിലാക്കുക എന്ന ഒരു സമീപന മായിരുന്നു യു.ഡി.എഫ്. ഗവൺമെന്റ് എടുത്തിട്ടുള്ളത്. ഈ നിയമം നടപ്പിലാക്കുവാൻ ഞങ്ങൾ എന്തൊക്കെ ചെയ്തു എന്നത് ഞാൻ തന്നെ ഇത്തവണ ചോദ്യങ്ങളായി ചോദിച്ചു. അദ്ദേഹം തന്നെ എനിക്ക് മറുപടി നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അങ്ങ് ഒരു ചോദ്യം ചോദിക്കുകയാണ് വേണ്ടത്.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാനൊന്നു പറഞ്ഞോട്ടെ. ഇക്കാര്യത്തിൽ ഒരു വ്യക്തത ഉണ്ടാകണം. അതുകൊണ്ടാണ് ഇത് പറയുന്നത്. അത്തരത്തിലുള്ള കാര്യങ്ങൾ കഴിഞ്ഞ ഗവൺമെന്റിന്റെ സമയത്ത് നടപ്പിലാക്കി മുമ്പോട്ടുപോയിരുന്നു. നിയമം നടപ്പിലാക്കുമ്പോൾ അപാകതകൾ ഉണ്ടാകരുത്. ഒരു താൽക്കാലിക അടിസ്ഥാനത്തിൽ നിയമം നടപ്പാക്കണം എന്നായിരുന്നുവെങ്കിൽ ഇതിനുമുമ്പേ ഇത് നടപ്പിലാക്കാൻ കഴിയുമായിരുന്നു. ഇതെല്ലാം കൃത്യതയോടുകൂടി കൊണ്ടുവരാൻ വേണ്ടിയുള്ള ഒരു സമയമാണ് ഞങ്ങൾ എടുത്തത്. എന്തായാലും പുതിയ ഗവൺമെന്റ് ഇത് ചില മാറ്റങ്ങളിലൂടെ കൊണ്ടുവരുന്നു എന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. എന്തായാലും നടക്കട്ടെ. നിയമം കൃത്യമായ നിലയിൽ നടപ്പിലാക്കുക. അതിന് എല്ലാ അർത്ഥത്തിലുള്ള പിന്തുണയും ഭക്ഷ്യധാന്യങ്ങൾ നേടിയെടുക്കാനുള്ള സഹകരണവും ഞങ്ങളുടെ ഭാഗത്തുനിന്നുണ്ടാകും. മണ്ണെണ്ണ വിഹിതം കുറഞ്ഞത് തുക വകമാറ്റി ചെലവഴിച്ചതിനാലാണെന്ന് കേന്ദ്ര ഗവൺമെന്റ് പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചത്. മണ്ണെണ്ണ മത്സ്യമേഖലയ്ക്ക് കൊടുക്കുന്നത് 1980 മുതലുള്ള ഒരു കീഴ്വഴക്കമാണ്. അക്കാര്യം മാറിമാറി വന്ന കേന്ദ്ര സർക്കാരുകളെ

കേരളം അറിയിച്ചിട്ടുള്ളതുമാണ്. അതുകൊണ്ട് അതിന്റെ പേരിൽ മണ്ണെണ്ണ വിഹിതം കുറയ്ക്കുക എന്നുള്ളതിൽ യാതൊരു യുക്തിയുമില്ല. അക്കാര്യം നേടിയെടുക്കാൻ നമുക്ക് സാധിക്കണം. മണ്ണെണ്ണയുടെ വിഹിതം വീണ്ടും കുറച്ചുകൊണ്ടുവരുന്നുവെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയും അത് ഇനിയും ആവർത്തിക്കും എന്നുള്ളത് അദ്ദേഹത്തിന്റെ വാക്കുകളിൽ ഉള്ളതുകൊണ്ടും പി.ഡി.എസ്. മണ്ണെണ്ണ പൂർണ്ണമായും റേഷൻ കാർഡുടമകൾക്ക് കൊടുത്ത് നോൺ പി.ഡി.എസ്. മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് കൊടുക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. പി. തിലോത്തമൻ: സർ, നോൺ പി.ഡി.എസ്. മണ്ണെണ്ണ മത്സ്യബന്ധന മേഖലയ്ക്ക് കൊടുക്കുന്ന കാര്യത്തെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കേണ്ട വിഷയമാണ്. പി.ഡി.എസ്. സിസ്റ്റത്തിലൂടെ വരുന്ന മണ്ണെണ്ണയുടെ വിനിയോഗത്തെ സംബന്ധിച്ചാണ് ഇവിടെ അദ്ദേഹം ഉന്നയിക്കപ്പെട്ടത്. അതിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്. ഈ വർഷാരംഭം മുതലുള്ള കാര്യങ്ങൾ നോക്കുകയാണെങ്കിൽ അതിന്റെ ആദ്യത്തെ രണ്ടു പാദത്തിൽ 5 ശതമാനം വീതം കുറച്ചു. ഇപ്പോൾ 19.2 ശതമാനം കുറച്ചു. വളരെ വലിയ വെട്ടിക്കുറയ്ക്കലാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. 9660 കിലോലിറ്റർ മണ്ണെണ്ണയാണ് ഇപ്പോൾ വെട്ടിക്കുറച്ചത്. അതിന്റേതായ പ്രയാസമുണ്ട്. ആ സാഹചര്യങ്ങളെല്ലാം വച്ചുകൊണ്ട് കേരളത്തിൽ പ്രത്യേകമായ ഒരു കാര്യമാണ് നമ്മൾ ചെയ്യുന്നത്. നമ്മുടെ മത്സ്യബന്ധന മേഖലയ്ക്ക് ഇതിലൊരു ഭാഗം മണ്ണെണ്ണ പങ്കുവച്ചുകൊടുക്കുക എന്ന പ്രശ്നം എങ്ങനെ നടപ്പിൽ വരുത്താൻ കഴിയുമെന്നതിനെക്കുറിച്ചെല്ലാം വിശദമായി മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചർച്ചയ്ക്ക് വച്ചിരിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുത്ത് നടപ്പിലാക്കും.

## VII സബ്മിഷൻ

### (1) ഐ.ടി. മേഖലയിൽ തൊഴിൽ നിയമങ്ങൾ

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ പതിനായിരക്കണക്കിന് എഞ്ചിനീയറിംഗ് ബിരുദധാരികൾ കടുത്ത ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ബി-ടെക്, എം.ടെക് തുടങ്ങിയ ബിരുദങ്ങൾ കരസ്ഥമാക്കിയിട്ടുള്ള ഇവർക്കൊക്കെ പതിനായിരമോ ഇരുപതിനായിരമോ രൂപവരെയാണ് മാസ ശമ്പളമായി ലഭിക്കുന്നത്. എന്നുപറഞ്ഞാൽ സംസ്ഥാന സർക്കാരിന്റെ ഒരു പ്യൂണിന്റെ ശമ്പളം പോലും എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക്

ലഭിക്കുന്നില്ല. ഐ.ടി. കമ്പനികൾ പ്രത്യേക സാമ്പത്തിക മേഖല എന്നപേരിലാണ് യുവജനങ്ങളെ ചൂഷണം ചെയ്യുന്നത്. ഇവിടെ മിനിമം വേജസ് പോലും നടപ്പിലാക്കിയിട്ടില്ല. കമ്പനികൾ ഇവരെ ഉപയോഗിച്ച് കൊള്ളലാഭം കൊയ്യുകയും ജീവനക്കാരെ കൊടിയ ചൂഷണം ചെയ്യുകയുമാണ് ചെയ്യുന്നത്. യുവതികളായ ജീവനക്കാർക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ള പ്രസവകാല അവധി പോലും നൽകുന്നില്ല. സർക്കാർ ജീവനക്കാരായ വനിതകൾക്ക് ആറുമാസം പ്രസവാവധി നൽകുമ്പോൾ ഐ.ടി. മേഖലയിൽ നൽകുന്നത് പരമാവധി 84 ദിവസം മാത്രമാണ്. അതായത് മൂന്നുമാസം പോലും പ്രസവാവധി നൽകുന്നില്ല. പലരും പ്രസവാവധി കഴിഞ്ഞ് തിരിച്ചുവരുമ്പോൾ ഒരു മുന്നറിയിപ്പുമില്ലാതെ ജോലിയിൽനിന്ന് പിരിച്ചുവിടുന്ന സ്ഥിതിയുമുണ്ട്. വനിതാ ജീവനക്കാരുടെ കുട്ടികളെ പരിപാലിക്കുന്നതിന് നിയമപ്രകാരം തൊഴിൽ സ്ഥാപനങ്ങളിൽ ഏർപ്പെടുത്തേണ്ട സംവിധാനങ്ങളും ഇത്തരം സ്ഥാപനങ്ങളിൽ ഇല്ല. ഇതുസംബന്ധിച്ച് ഗൗരവമായി ഗവൺമെന്റ് ഇടപെട്ട് ഐ.ടി. മേഖലയിലെ ഉദ്യോഗാർത്ഥികളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണമെന്നാണ് എനിക്ക് വിനീതമായി അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഐ.ടി. പാർക്കുകളിൽ പ്രവർത്തിച്ചുവരുന്ന കമ്പനികളിലെ സേവന-വേതന വ്യവസ്ഥകൾ അതാത് കമ്പനികളുടെ സേവന വേതന പോളിസികൾ അനുസരിച്ചാണ് നടപ്പിലാക്കി വരുന്നത്. 16-4-2002-ലെ സർക്കാർ ഉത്തരവ് പ്രകാരം ഐ.ടി. മേഖലകളിലെ സ്ഥാപനങ്ങളെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രസ്തുത നിയമത്തിലെ ചില വകുപ്പുകൾ നിബന്ധനകളോടെ ഒഴിവാക്കിയിട്ടുണ്ട്. ഇതനുസരിച്ച് ഐ.ടി. സ്ഥാപനങ്ങളിലെ ജോലി സമയം ഷിഫ്റ്റ് സമ്പ്രദായത്തിലും ഫ്ലെക്സി ടൈം വ്യവസ്ഥയിലും പ്രവർത്തിക്കുന്നതിന് അനുമതിയുണ്ട്. ആധുനിക കാലഘട്ടത്തിൽ വളർന്നുവരുന്ന ഒരു തൊഴിൽ മേഖലയാണ് വിവര സാങ്കേതിക മേഖല. ഈ മേഖലയിൽ മത്സരം വളരെ കൂടുതലാണ്. സാങ്കേതിക വിദ്യയുടെ വികാസത്തിന്റെ ഭാഗമായി രൂപപ്പെടുന്ന പുതിയ തൊഴിൽ മേഖല എന്ന നിലയിൽ അതുകൂടി കണക്കിലെടുത്തു കൊണ്ടുള്ള തൊഴിൽ നിയമങ്ങൾ രൂപപ്പെടുത്തുക എന്നതും ഈ മേഖലയുടെ വികാസത്തിന് അനിവാര്യമാണ്. മത്സര കാഠിന്യം ഇതിനെ അസ്ഥിരമായ തൊഴിൽ മേഖലയാക്കി മാറ്റുന്നുവെന്ന പ്രശ്നവും നിലനിൽക്കുന്നുണ്ട്. ഏത് സമയത്തും പിരിച്ചുവിടൽ ഭീഷണി നേരിടുന്നവരാണ് ഈ ജീവനക്കാർ. എട്ട് മണിക്കൂർ ജോലി, അവധി ദിന ഒഴിവ്, ലീവ് ഓവർടൈം, ജോലികൾക്ക് പ്രത്യേക അലവൻസ്

എന്നിവയൊന്നും ഇവർക്ക് പൊതുവെ ലഭിക്കുന്നില്ല. സ്ത്രീ ജീവനക്കാർക്ക് ന്യായമായി ലഭിക്കേണ്ട പ്രസവാവധി പോലും ലഭിക്കാത്ത സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ മേഖലയിലെ തൊഴിലിന്റെ സ്വഭാവം വളരെ വ്യത്യസ്തമാണ്. അനുകൂലമായ സാഹചര്യം രൂപപ്പെടുത്തിയില്ലെങ്കിൽ ഈ മേഖലയിലെ തൊഴിൽ വളരെ പെട്ടെന്ന് സംസ്ഥാനത്തിന്റെയും രാജ്യത്തിന്റെയും പുറത്തേയ്ക്ക് പോകുന്ന സാഹചര്യമുണ്ടാകും. അതിനാൽ ഐക്യരാഷ്ട്രസഭയുടെ മേൽനോട്ടത്തിൽ ഐ.എൽ.ഒ. പോലുള്ള സംഘടനകളുടെ സഹായത്തോടെ ലോകമെങ്ങും അംഗീകാരം നേടാൻ കഴിയുന്ന തൊഴിൽ നിയമങ്ങൾ രൂപപ്പെട്ടാൽ മാത്രമേ വലിയ നിലയിൽ പരിഹാരമുണ്ടാക്കാൻ കഴിയൂ. എങ്കിലും നമ്മുടെ സാധ്യതകൾ ഉപയോഗിച്ച് ഈ രംഗത്തെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇടപെടും. ഐ.ടി.പാർക്കുകളും കമ്പനികളും തമ്മിലുള്ള കരാർ ഉടമ്പടികളിൽ നിയമാനുസൃത നിയന്ത്രണങ്ങൾ, സേവന-വേതന വ്യവസ്ഥകൾ എന്നിവ കമ്പനികൾ പാലിക്കണമെന്ന് കർശനമായി നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൽ വീഴ്ചവരുത്തിയാൽ സർക്കാർ ശക്തമായി ഇടപെടുന്നതാണ്.

11.00 AM]

### (2) വിജിലൻസ് ഡയറക്ടർ സ്ഥാനം ഒഴിയുന്നത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും തന്നെ മാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. ജേക്കബ് തോമസ് നൽകിയ കത്ത് മന്ത്രിസഭയോ ആഭ്യന്തര വകുപ്പോ മുഖ്യമന്ത്രിയോ പരിഗണിക്കുന്നതിനുമുമ്പ് സി.പി.ഐ.(എം.)-ന്റെ അവയ്ലബിൾ സെക്രട്ടേറിയറ്റ് എ.കെ.ജി. സെന്ററിൽ കൂടി കത്ത് പരിഗണിക്കേണ്ടെന്ന് തീരുമാനിച്ച വാർത്തകൾ ഇന്ന് പുറത്തുവരികയുണ്ടായി. ഇന്നൊരു പത്രത്തിൽ വന്ന വാർത്ത, ശ്രീ. ജേക്കബ് തോമസ് വിജിലൻസ് ഡയറക്ടറായി തുടരണമെന്ന് ഇന്നലെ ചേർന്ന സി.പി.ഐ.(എം.) അവയ്ലബിൾ സെക്രട്ടേറിയറ്റ് യോഗം മുഖ്യമന്ത്രിയോട് നിർദ്ദേശിച്ചുവെന്നാണ്. സി.പി.ഐ.(എം.) ജനറൽ സെക്രട്ടറി ശ്രീ. സീതാറാം യെച്ചൂരിയുടെ സാന്നിദ്ധ്യത്തിലായിരുന്നു യോഗം. ഇതൊരു അസാധാരണമായ സംഭവമാണ്. കേരള ചരിത്രത്തിൽ ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ഒരു സംഭവമാണിത്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ എന്നത് അഴിമതി തടയാനുള്ള ഏറ്റവും ഫലപ്രദമായ ഒരു സ്ഥാപനമാണ്. അതിന്റെ ഡയറക്ടറെ സംബന്ധിച്ചുള്ള തീരുമാനം എടുക്കേണ്ടത് സി.പി.ഐ.(എം.) അവയ്ലബിൾ പാർട്ടി സെക്രട്ടേറിയറ്റ് അല്ല. അതിനെപ്പറ്റി തീരുമാനിക്കേണ്ടത് മുഖ്യമന്ത്രിയോ ആഭ്യന്തര വകുപ്പോ ആണ്. ക്യാബിനറ്റിൽപോലും പോകേണ്ട ആവശ്യമില്ല. അങ്ങനെ സി.പി.ഐ.(എം.)

അവയ്ലബിൾ സെക്രട്ടേറിയറ്റിൽ തീരുമാനം എടുത്താൽ അതിന്റെ ആനുകൂല്യം കിട്ടുന്ന വ്യക്തിക്ക് എങ്ങനെ നിഷ്പക്ഷനായി പ്രവർത്തിക്കാൻ കഴിയും. നാളെ വിജിലൻസിന്റെ പ്രവർത്തനം സി.പി.ഐ.(എം.) പറയുന്നതുപോലെ നടത്താൻ ബാധ്യസ്ഥനായ ഒരു ഉദ്യോഗസ്ഥനായി അദ്ദേഹം മാറുകയാണ്. നാളെ സി.പി.ഐ.(എം.)-ന് അനുകൂലമായ രാഷ്ട്രീയ താൽപ്പര്യങ്ങൾ വച്ചുകൊണ്ട് സ്വജനപക്ഷപാതത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥനായി വിജിലൻസ് ഡയറക്ടർ മാറുന്നുവെന്നുള്ളതാണ് യഥാർത്ഥത്തിലുള്ള സംഭവം. വിജിലൻസ് ഡയറക്ടർ എന്തിനാണ് സ്ഥാനം ഒഴിയുന്നത്. എന്താണ് ഇവിടെ ഉണ്ടായത്; ഇതിനെ സംബന്ധിച്ച് ധാരാളം ഊഹാപോഹങ്ങൾ നിലനിൽക്കുകയാണ്. ശ്രീ. ഇ. പി. ജയരാജന്റെ കേസാണോ അദ്ദേഹത്തെ ഒഴിയാൻ പ്രേരിപ്പിക്കുന്നത്; വിജിലൻസ് ഡയറക്ടറുടെ പേരിലുള്ള ഫിനാൻസ് ഡിപ്പാർട്ടുമെന്റിന്റെ പുതിയ ആരോപണമാണോ അദ്ദേഹത്തെ ഒഴിയാൻ പ്രേരിപ്പിക്കുന്നത്; സർക്കാരിന്റെയും മുഖ്യമന്ത്രിയുടെയും സമ്മർദ്ദം കൊണ്ടാണോ വിജിലൻസ് ഡയറക്ടർ സ്ഥാനം ഒഴിയുന്നത്; എന്താണ് ഇവിടെ സംഭവിക്കുന്നത്; മുഖ്യമന്ത്രികൂടി ഉൾപ്പെടാൻ സാധ്യതയുള്ള ശ്രീ. ഇ. പി. ജയരാജന്റെ കേസും ശ്രീ. ജേക്കബ് തോമസിന് എതിരായുള്ള ധനകാര്യ വകുപ്പിന്റെ അന്വേഷണ റിപ്പോർട്ടുമല്ലാതെ വേറൊരു പുതിയ ആകാശവും പുതിയ ഭൂമിയും ഇവിടെ ഉണ്ടായിട്ടില്ല. ശ്രീ. വി. ഡി. സതീശൻ കഴിഞ്ഞ ദിവസം ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു, ക്ലിഫ് ഹൗസിൽ കറങ്ങുന്ന ഒരു തത്തയെയാണ് അദ്ദേഹം കണ്ടതെന്ന്. എന്റെ സംശയം ഇനി മുതൽ എ.കെ.ജി. സെന്ററിൽ ആയിരിക്കും തത്ത പറക്കാൻ പോകുന്നതെന്നാണ്. ഇത് ശരിയാണോ; ഇതൊരു പാർട്ടി തീരുമാനിക്കേണ്ട വിഷയമാണോ; സ്വതന്ത്രവും നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ പ്രവർത്തിക്കേണ്ട വിജിലൻസ് ഡയറക്ടറെ ഇന്ന് പാർട്ടിയുടെ നോമിനിയാക്കി മാറ്റാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. അത് അത്യന്തം ഗൗരവമുള്ള കാര്യമാണ്. ഇത് ഏറ്റവും ഗുരുതരമായ ഒരു പ്രശ്നമാണ്. ഗവൺമെന്റ് പ്രവർത്തിക്കേണ്ടത് ഗവൺമെന്റായിട്ടാണ്. Government is the child of the party-ഞാൻ അംഗീകരിക്കുന്നു. പക്ഷെ തീരുമാനങ്ങൾ എടുക്കേണ്ടത് ഗവൺമെന്റാണ്. ഗവൺമെന്റ് എടുക്കേണ്ട തീരുമാനങ്ങൾ ഗവൺമെന്റ് എടുക്കണം. മുഖ്യമന്ത്രി എടുക്കേണ്ട തീരുമാനങ്ങൾ മുഖ്യമന്ത്രി എടുക്കണം. അല്ലാതെ പാർട്ടി അവയ്ലബിൾ സെക്രട്ടേറിയറ്റ് കൂടി വിജിലൻസ് ഡയറക്ടർ തുടരണമെന്ന് എടുത്ത തീരുമാനം കീഴ്വഴക്കങ്ങളുടെ ലംഘനമാണ്. അത് ഒരിക്കലും ഒരു ഗവൺമെന്റിന്റെ ഫങ്ഷനിംഗിന് ചേർന്ന നടപടിയല്ല. അത് വിജിലൻസിന് നിഷ്പക്ഷവും നീതിപൂർവ്വവുമായ നിലയിൽ പ്രവർത്തിക്കാൻ കഴിയാത്ത അന്തരീക്ഷം ഉണ്ടാക്കും. ഇവിടെ എന്തെല്ലാമാണ് നടക്കുന്നത്; വിജിലൻസ് ഡയറക്ടർ എത്ര ചീപ്പായാണ്

കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഓരോ ദിവസവും ഓരോ അഭിമുഖം കൊടുക്കുകയാണ്. സർക്കാർ ഉദ്യോഗസ്ഥന്മാർ ഇങ്ങനെ പ്രവർത്തിക്കാൻ തുടങ്ങിയാൽ നമ്മുടെ ബ്യൂറോക്രസിയുടെ സ്ഥിതി എന്താവും; ചുവന്ന കാർഡ്, പച്ച കാർഡ്, മഞ്ഞ കാർഡ് എന്നിങ്ങനെയാണ്. അദ്ദേഹത്തെ ആര് കാർഡ് കാണിക്കുമെന്നാണ് ആളുകൾക്ക് സംശയമായി മാറിയിരിക്കുന്നത്. ഉദ്യോഗസ്ഥന്മാരെ നിലയ്ക്ക് നിർത്തണം. ഇവിടെ ഗവൺമെന്റാണ്, മന്ത്രിയാണ് ഭരിക്കേണ്ടത്. അല്ലാതെ ഉദ്യോഗസ്ഥന്മാരല്ല. ജനാധിപത്യ സംവിധാനത്തിൽ ഭരിക്കേണ്ടത് ഗവൺമെന്റാണ്, മന്ത്രിമാരാണ്. അവർക്കാണ് ജനങ്ങളോട് ഉത്തരവാദിത്തമുള്ളത്. ആ നിലയിൽ പ്രവർത്തിപ്പിക്കാൻ ഗവൺമെന്റിന് കഴിയണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ചിറ്റയം ഗോപകുമാർ]

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർക്ക് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് റൂൾ 304 പ്രകാരം കൊടുത്ത ഒരു നോട്ടീസുണ്ട്. അത് ഞാൻ വായിക്കാം. വിജിലൻസ് ഡയറക്ടർ സ്ഥാനത്തുനിന്നും തന്നെ മാറ്റണമെന്നാവശ്യപ്പെട്ട് ശ്രീ. ജേക്കബ് തോമസ് നൽകിയ കത്ത് മന്ത്രിസഭയോ മുഖ്യമന്ത്രിയോ പരിഗണിക്കുന്നതിന് മുമ്പ് സി.പി.ഐ.(എം.)-ന്റെ അവയ്ലബിൾ സെക്രട്ടേറിയറ്റ് യോഗം കൂടി കത്ത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിച്ച അസാധാരണ സംഭവം സഭയിൽ ഉന്നയിക്കാൻ എനിക്ക് ശൂന്യവേളയിൽ ഇന്ന് അനുമതി നൽകണമെന്ന് അഭ്യർത്ഥിക്കുന്നു. യഥാർത്ഥത്തിൽ സി.പി.ഐ.(എം.)-ന്റെ ഒരു സെക്രട്ടേറിയറ്റ് മെമ്പർ ആയിരുന്നു ശ്രീ. രമേശ് ചെന്നിത്തല എങ്കിൽ ഞാൻ ഇത് അംഗീകരിക്കുമായിരുന്നു. അതിനുള്ള ഭാഗ്യം താങ്കൾക്ക് എപ്പോഴെങ്കിലും കിട്ടുമെങ്കിൽ അതിൽ സന്തോഷിക്കുന്ന ഒരാളാണ് ഞാൻ. ഒരു അവയ്ലബിൾ സെക്രട്ടേറിയറ്റ് മെമ്പർക്ക് മാത്രമേ ഇങ്ങനെ പറയാൻ പറ്റൂ. നേരെ മറിച്ച് പത്ര വാർത്തയുടെ അടിസ്ഥാനത്തിലാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നതെന്ന് നിങ്ങൾ എഴുതി തന്നിരുന്നുവെങ്കിൽ.......

ശ്രീ. രമേശ് ചെന്നിത്തല: അത് ഞാൻ പ്രസംഗിച്ചപ്പോൾ പറഞ്ഞിരുന്നല്ലോ;

ശ്രീ. എ. കെ. ബാലൻ: നോട്ടീസ് കൊടുക്കുമ്പോൾ പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ എന്ന് എഴുതി വയ്ക്കുന്നതിൽ ബുദ്ധിമുട്ടില്ലല്ലോ; ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഉത്തരവാദിത്ത ബോധത്തോടുകൂടിയാണല്ലോ ഒരു നോട്ടീസ് തരുന്നത്. ഒരു കാര്യം മനസ്സിലാക്കേണ്ടത്, സി.പി.ഐ.(എം.)-ന്റെ സെക്രട്ടേറിയറ്റ്

യോഗം ചേർന്ന് ഇങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. പത്രങ്ങളിൽ പല വാർത്തകളും വരുന്നുണ്ട്. പത്രങ്ങളിൽ വന്ന കെ.പി.സി.സി.-യുടെ എക്സിക്യൂട്ടീവ് ചേർന്നെടുത്ത തീരുമാനങ്ങളൊക്കെ ഞാൻ ഇവിടെ പറയണോ; അതൊന്നും ഞങ്ങളാരും ഇവിടെ കൊണ്ടുവന്നിട്ടില്ലല്ലോ; പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് വളരെ ഗുരുതരമായ ഒരു ആരോപണമല്ലേ ഉന്നയിക്കുന്നത്. അതിന്റെ ഭാഗമായി എന്തൊക്കെയാണ് ഇവിടെ പറഞ്ഞത്. ഞാൻ ഒരു കാര്യം പറയാം, ഈ രീതിയിൽ ഒരു ചർച്ചയും അവയ്‌ലബിൾ സെക്രട്ടേറിയറ്റിൽ നടത്തിയിട്ടില്ല. പത്ര വാർത്ത തികച്ചും അടിസ്ഥാനരഹിതമാണ്. ഈ കാര്യത്തിൽ ഒരു തീരുമാനവും പാർട്ടി അവയ്‌ലബിൾ സെക്രട്ടേറിയറ്റ് എടുത്തിട്ടില്ല. ഭരണ രംഗത്ത് സ്വാഭാവികമായും എടുക്കേണ്ട തീരുമാനം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ തന്നെയാണ് എടുക്കുക. ഡയറക്ടർ ജനറൽ ഓഫ് പോലീസ് (ഡി.ജി.പി.)-നെയോ വിജിലൻസ് ഡയറക്ടറെയോ മാറ്റണോ വേണ്ടയോ എന്ന് മുഖ്യമന്ത്രി ഇപ്പോൾ തീരുമാനിച്ചാൽ അടുത്ത സെക്കന്റിൽ അത് നടപ്പിലാക്കും. അതിനൊന്നും യാതൊരു ബുദ്ധിമുട്ടും ആർക്കും ഉണ്ടാകുകയില്ല. ആശങ്കയും വേണ്ട. ഇന്നേവരെ അങ്ങനെ ഒരു തീരുമാനം എടുത്തിട്ടില്ല. ഇക്കാര്യത്തിൽ തീരുമാനം ആവശ്യമാണെങ്കിൽ ഉചിതമായ തീരുമാനം മുഖ്യമന്ത്രി എടുക്കുന്നതായിരിക്കും. പക്ഷെ ഉത്തരവാദിത്തപ്പെട്ട ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് പത്ര വാർത്തകളുടെ അടിസ്ഥാനത്തിൽ ആധികാരികമായി ഗവൺമെന്റിനെ വിമർശിക്കാൻ ഈ രൂപത്തിൽ ഒരു സബ്മിഷൻ മേലിലെങ്കിലും കൊണ്ടുവരാതിരിക്കാൻ അങ്ങ് ശ്രദ്ധിക്കണമെന്നാണ്.

## (3) ഗ്രാമീണ ന്യായാലയം

ശ്രീ. കെ. സി. ജോസഫ്: സർ, എന്റെ മണ്ഡലവുമായി ബന്ധപ്പെട്ട ഇരിക്കൂർ വികസന ബ്ലോക്കിൽ ഒരു ഗ്രാമീണ ന്യായാലയം ശ്രീകണ്ഠാപുരം ആസ്ഥാനമായി ആരംഭിക്കുന്നതിന് തീരുമാനിച്ചിരുന്നു. നടപടി പൂർത്തിയായപ്പോൾ ശ്രീകണ്ഠാപുരം നഗരസഭയായി മാറി. ശ്രീകണ്ഠാപുരത്തുനിന്നും ആ കേന്ദ്രം മാറ്റുന്നതിനായി ഈ സർക്കാർ വന്നതിനുശേഷം 20-7-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം തീരുമാനിച്ചു. ഞാൻ ആ ഉത്തരവ് വായിക്കാം. പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ഇരിക്കൂർ ഗ്രാമപഞ്ചായത്ത് വക നമ്പർ ആയിട്ടുള്ള കെട്ടിടത്തിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട് ഗ്രാമ ന്യായാലയത്തിനു വേണ്ടി അനുവദിക്കാൻ വിട്ടുകൊടുക്കുന്നു എന്നാണ് അതിൽ പറയുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി ചുമതലപ്പെടുത്തിയ ജില്ലാ ജഡ്ജി വന്ന് സ്ഥലം പരിശോധിച്ച് കണ്ടെത്തി. അതിനുശേഷം ഞങ്ങൾ ഒരു യോഗം വിളിച്ചുകൂട്ടി

പഞ്ചായത്തുകളും വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളും ഭരണകക്ഷിയടക്കം യോഗം ചേർന്ന് 6 ലക്ഷം രൂപ പിരിച്ച് കെട്ടിടം, കോർട്ട് മുറി, ജഡ്ജിക്ക് വേണ്ടിയുള്ള ടോയ്ലെറ്റ് എന്നിങ്ങനെ ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കി അത് റിപ്പോർട്ട് ചെയ്തു. റിപ്പോർട്ട് ചെയ്തപ്പോൾ Additional Chief Secretary (Home)-ന് ഹൈക്കോടതി കത്തയച്ചു. I quote: The High Court of Kerala - dated 29-9-2016 - As per G.O. cited 2nd had handed over possession of the building to house the Grama Nyayalaya Irikkur at Irikkur instead of Sreekandapuram. Since the building is ready for accommodation for Grama Nyayalaya at Irikkur, I am to request you to issue necessary orders modifying the G.O. ആർക്കാണ് കത്തയച്ചത്? അഡീഷണൽ ചീഫ് സെക്രട്ടറി, ഹോം ഡിപ്പാർട്ടുമെന്റിന്. ഹൈക്കോടതി അയച്ച കത്തിൽ തുടർന്ന് പറയുന്നു, in anticipation of the issuance of G.O. modifying the place of sitting, the High Court proposes to commence functioning of the Grama Nyayalaya Irikkur at Irikkur with effect from 21st day of October 2016. നാളെ മുതൽ ആരംഭിക്കുന്നതിന് നോട്ടിഫിക്കേഷനുവേണ്ടിയുള്ള നിർദ്ദേശം ഹൈക്കോടതി ഗവൺമെന്റിലേയ്ക്ക് അയച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി (ഹോം) അത് പരിശോധിച്ച് അനുകൂലമായി ശിപാർശ ചെയ്തു. ആ ശിപാർശ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പരിഗണനയിലാണ്. ഹൈക്കോടതി പറഞ്ഞത് 21-10-2016 മുതൽ ആരംഭിക്കണമെന്നാണ്. പക്ഷേ ഇതുവരെ ജി.ഒ. ആയിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അല്ലെങ്കിൽ അദ്ദേഹത്തിന്റെ അസാന്നിദ്ധ്യത്തിൽ ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി അടിയന്തരമായി ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കണം. ഹൈക്കോടതി ആവശ്യപ്പെട്ട പ്രകാരം ഞങ്ങൾ എല്ലാ സൗകര്യങ്ങളും അവിടെ ഉണ്ടാക്കിയിട്ടുണ്ട്. പഞ്ചായത്ത് കെട്ടിടം കണ്ടെത്തി. അതെല്ലാം മോഡിഫൈ ചെയ്ത് ഫർണിഷ് ചെയ്തു, കോർട്ട് മുറി ഉണ്ടാക്കി. ഈ സാഹചര്യത്തിൽ എത്രയും വേഗം അവിടെ അത് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം ബഹുമാനപ്പെട്ട ഗവൺമെന്റ് നൽകണം. ഇതിനാവശ്യമായ ഉത്തരവ് പുറപ്പെടുവിക്കണം.

മി. ചെയർമാൻ: ഇതു സംബന്ധിച്ച് ശ്രീ. ജെയിംസ് മാത്യു, എം.എൽ.എ.യും നോട്ടീസ് നൽകിയിട്ടുണ്ട്. അദ്ദേഹത്തിന് സംസാരിക്കാം.

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. കെ. സി. ജോസഫ് ഇവിടെ സൂചിപ്പിച്ച കാര്യം ഭാഗികമായി ശരിയാണ്. എന്നാൽ ഇതിനിടയിൽ അദ്ദേഹം വിട്ടുകളഞ്ഞൊരു കാര്യമാണ് ഈ സബ്മിഷനിലൂടെ

ഞാൻ ഉന്നയിക്കാൻ ഉദ്ദേശിക്കുന്നത്. ബഹുമാനപ്പെട്ട മുൻ മന്ത്രി ഇവിടെ സൂചിപ്പിച്ചതു പോലെ അദ്ദേഹത്തിന്റെ നിയോജകമണ്ഡലമായ ഇരിക്കൂറിലെ ശ്രീകണ്ഠാപുരം ഗ്രാമപഞ്ചായത്തായിരുന്നു. പിന്നീട് മുനിസിപ്പാലിറ്റി ആയപ്പോൾ ഗ്രാമ ന്യായാലയം അവിടെനിന്ന് മാറ്റാൻ ഹൈക്കോടതി നിർദ്ദേശിച്ചു. അതനുസരിച്ച് ജില്ലാ കോടതി ജഡ്ജി വന്ന് പരിശോധിച്ച സമയത്ത് ഇരിക്കൂർ പഞ്ചായത്തിലെ പെരുവളത്തു പറമ്പ് എന്ന സ്ഥലത്തെ പഴയ കെട്ടിടം കാണിച്ചു കൊടുത്തു. അദ്ദേഹത്തിന് അതൊട്ടും തൃപ്തികരമായില്ല. ആ സമയത്ത് കൂടെയുണ്ടായിരുന്ന ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജില്ലാ ജഡ്ജിയേയും കൂട്ടി തൊട്ടടുത്ത ഗ്രാമപഞ്ചായത്തിലെ മലപ്പട്ടം എന്ന സ്ഥലത്ത് സാംസ്കാരിക നിലയത്തിനു വേണ്ടി പണി കഴിപ്പിച്ചതും പിന്നീട് സാംസ്കാരിക നിലയത്തിനുവേണ്ടി ഉപയോഗപ്പെടുത്താത്തതുമായ കെട്ടിടം കാണിച്ചു കൊടുത്തു. അത് അദ്ദേഹം തൃപ്തികരമാണെന്നു പറഞ്ഞു. തുടർന്ന് അവിടെ അതിനുവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കി. ഈ സമയത്താണ് അൽപ്പം വാശിയോടെ ഇരിക്കൂർ ഗ്രാമപഞ്ചായത്തിലെ കെട്ടിടത്തിനു വേണ്ടിയുള്ള ശ്രമങ്ങൾ നടന്നത്. കേന്ദ്ര ഗവൺമെന്റ് ഗ്രാമീൺ ന്യായാലയങ്ങളുടെ കാര്യത്തിൽ പറഞ്ഞിട്ടുള്ള എല്ലാ സൗകര്യങ്ങളും തീർച്ചയായും ഇവിടെയുണ്ട്. ഏതെല്ലാം ഗ്രാമപഞ്ചായത്തിൽ ആവശ്യമുണ്ടോ അവിടെയൊക്കെ ചെയ്യാൻ സാധിക്കും. ഗ്രാമപഞ്ചായത്തുകൾക്ക് മുകളിൽ ബ്ലോക്ക് പഞ്ചായത്തുപോലുള്ള സംവിധാനമുണ്ടെങ്കിൽ അതത് സംസ്ഥാനങ്ങൾക്ക് ആ പഞ്ചായത്ത് സംവിധാനത്തെ അടിസ്ഥാനപ്പെടുത്തി ജൂറിസ്ഡിക്ഷൻ നിശ്ചയിച്ചു കൊണ്ട് നടത്താവുന്നതാണ്. ഇക്കാര്യത്തിൽ എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്, ജില്ലാ ജഡ്ജി നേരിട്ടുവന്ന് പരിശോധിക്കുകയും ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും തീരുമാനമെടുക്കുകയും അതനുസരിച്ച് ആരംഭിക്കാൻ നിശ്ചയിക്കുകയും ചെയ്ത മലപ്പട്ടം ഗ്രാമപഞ്ചായത്തിന്റെ ഭാഗമായിട്ടുള്ള ആ കെട്ടിടം അംഗീകരിക്കപ്പെട്ടതാണ്. അവിടെ ഗ്രാമീൺ ന്യായാലയം ആരംഭിക്കണമെന്നുള്ളതാണ് എനിക്ക് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

ശ്രീ. കെ. സി. ജോസഫ്: ദയവായി എം.എൽ.എ.മാരെ തമ്മിൽ തല്ലിക്കരുത്. ആ സബ്മിഷൻ ഇവിടെ നോട്ടിഫൈ ചെയ്തിട്ടില്ല, ലിസ്റ്റിലില്ല. ഇത് ശരിയല്ല. തെറ്റായൊരു കീഴ്വഴക്കമാണിത്. ഇന്നുവരെ ഉണ്ടായിട്ടില്ല. ഞാൻ ഇവിടെ വായിച്ചത് എന്റെ അഭിപ്രായമല്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതി പറഞ്ഞതാണ്. ദയവായി ചെയർ ഇത്തരത്തിലുള്ള നടപടികളിലേയ്ക്ക് പോകരുത്.

ശ്രീ. ജെയിംസ് മാത്യു: ഇത്തരത്തിൽ ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. ഞാൻ ഇവിടെനിന്ന് എഴുന്നേറ്റു പോകാതെ ബഹുമാനപ്പെട്ട അംഗം ആവശ്യപ്പെടുന്നപക്ഷം ബഹുമാനപ്പെട്ട സ്പീക്കറുടെ ഓഫീസിൽനിന്ന് ഇതിനുവേണ്ടി ഞാൻ സമർപ്പിച്ചിട്ടുള്ള റിക്വസ്റ്റ് ഇപ്പോൾതന്നെ പരിശോധിക്കാവുന്നതാണ്.

മി. ചെയർമാൻ: അക്കാര്യത്തിൽ സംശയമില്ല. ഇതേ വിഷയം ശ്രീ. ജെയിംസ് മാത്യു ഉന്നയിച്ചിരുന്നു. നേരത്തെയും ഇത്തരം കീഴ്‌വഴക്കങ്ങൾ ഉണ്ടായിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 1-3-2011-ലെ ജി.ഒ. (എംഎസ്.) 86/2011/ആഭ്യന്തരം പ്രകാരം 30 ഗ്രാമ ന്യായാലയം അനുവദിക്കുകയുണ്ടായി. അതിൽ ഇരിക്കൂറിലെ ശ്രീകണ്ഠാപുരത്തും ഗ്രാമന്യായാലയം അനുവദിച്ചു. എന്നാൽ ശ്രീകണ്ഠാപുരം മുനിസിപ്പാലിറ്റിയായി മാറിയതിനാൽ പ്രസ്തുത ഗ്രാമ ന്യായാലയം ഇരിക്കൂറിലേയ്ക്ക് മാറ്റണമെന്ന് ഹൈക്കോടതി രജിസ്ട്രാർ ശിപാർശ നൽകി. പ്രസ്തുത ശിപാർശ സർക്കാർ പരിശോധിച്ചുവരവേ ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്തിലെ ജനങ്ങൾക്ക് ഏറ്റവും സൗകര്യപ്രദമായി വന്നുപോകാൻ കഴിയുന്ന മലപ്പട്ടം ഗ്രാമപഞ്ചായത്തിലേയ്ക്ക് പ്രസ്തുത ഗ്രാമ ന്യായാലയം മാറ്റി സ്ഥാപിക്കണമെന്നും അതിനുവേണ്ട എല്ലാ സൗകര്യങ്ങളും ലഭ്യമാക്കുമെന്നും ഇരിക്കൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സർക്കാരിന് നിവേദനം സമർപ്പിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച് റിപ്പോർട്ട് നൽകാൻ ഹൈക്കോടതി രജിസ്ട്രാറോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് എത്രയുംവേഗം ലഭ്യമാക്കി ഗ്രാമ ന്യായാലയം ഉടൻ ആരംഭിക്കണമെന്ന ആവശ്യം പരിശോധിക്കുന്നതാണ്. രജിസ്ട്രാറുടെ റിപ്പോർട്ട് കിട്ടിയാൽ ഗ്രാമ ന്യായാലയം എവിടെയാണോ തുടങ്ങേണ്ടത് അവിടെത്തന്നെ തുടങ്ങും.

ഞാൻ ഒരു കാര്യം പറയാം, ശ്രീ. കെ. സി. ജോസഫിന്റെ മണ്ഡലത്തോട് ഒരു രൂപത്തിലുമുള്ള വിവേചനവും കാണിക്കില്ല. കഴിഞ്ഞ എൽ.ഡി.എഫ്.-ന്റെ കാലഘട്ടത്തിൽ നൂറിലധികം ട്രാൻസ്ഫോർമറുകളാണ് ബഹുമാനപ്പെട്ട മെമ്പർക്ക് നൽകിയത്. രണ്ട് സബ് സ്റ്റേഷനും നൽകി. ആർ.ജി.ജി.വി.വൈ. പ്രകാരം 20 കോടി രൂപ കണ്ണൂരിൽ കിട്ടിയതിൽ 10 കോടി രൂപയും താങ്കളുടെ മണ്ഡലത്തിലാണ് അനുവദിച്ചത്. അപ്പോൾ ഒരു സംശയവും വേണ്ട ഈ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഒരു വിവേചനവും കാട്ടില്ലെന്ന് മാത്രമല്ല മറ്റ് എം.എൽ.എ.മാരെക്കാളും നല്ല പരിഗണന നൽകുകയും ചെയ്യും. കാരണം താങ്കൾ 34 കൊല്ലമായി എം.എൽ.എ. ആണ്. താങ്കളെ അവഗണിച്ച് ഗവൺമെന്റിന് എങ്ങനെ മുന്നോട്ടുപോകാൻ സാധിക്കും? അതുകൊണ്ട് ഒരു വിവേചനവും കാണിക്കില്ല.

## (4) കാസർഗോഡ് ജില്ലയിലെ ഒഴിവുകൾ

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ വളരെ പ്രതീക്ഷയോടുകൂടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറയുമെന്നാണ് ഞാൻ വിചാരിച്ചത്. കാരണം കാസർഗോഡിനെ വളരെ നന്നായി അറിയുന്നതും കാസർഗോഡുമായി വളരെ അടുത്ത ബന്ധവുമുള്ള ആളാണ് മുഖ്യമന്ത്രി. പക്ഷേ ബഹുമാനപ്പെട്ട ശ്രീ. എ. കെ. ബാലനും വളരെ വിശാല ഹൃദയമുള്ള ആളാണ്. അതുകൊണ്ട് എന്റെ പ്രശ്നം പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുകയാണ്. ഞാൻ ഇന്ന് ഇവിടെ അവതരിപ്പിക്കുന്നത് കാസർഗോഡ് ജില്ല അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ്. വികസനത്തിന്റെ കാര്യത്തിൽ കാസർഗോഡ് മറ്റ് ജില്ലകളോടൊപ്പം എത്തുന്നില്ല എന്നത് നമുക്കെല്ലാവർക്കും അറിയാം. കഴിഞ്ഞ സർക്കാരാണ് പ്രഭാകരൻ കമ്മീഷനെ നിയോഗിച്ചത്. അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ പറയുന്ന ഒരു പ്രധാനപ്പെട്ട കാര്യം one of the critical issues facing developmental administration in Kasaragod is the large number of vacancies, particularly in the supervisory and technical posts in Government services എന്നതാണ്. അപ്പോൾ കാസർഗോഡ് ജില്ല പിന്നോക്കമാകാനുള്ള കാരണം സർക്കാർ ജീവനക്കാർ അവിടെവന്ന് ജോലി ചെയ്യാൻ വിമുഖത കാട്ടുന്നു എന്നതാണ്. കാസർഗോഡ് ഇപ്പോൾ പഴയ കാസർഗോഡല്ല എന്ന് നമ്മളെല്ലാവരും മനസ്സിലാക്കണം. ഇപ്പോൾ ശ്രീ. എം. മുകേഷ്, ശ്രീ. കെ. ബി. ഗണേഷ് കുമാർ എന്നീ രണ്ട് സിനിമാ നടൻമാർ ഈ സഭയിലുണ്ട്. പണ്ട് സിനിമകളിൽ ഏതെങ്കിലും വലിയ മേലുദ്യോഗസ്ഥൻ കീഴുദ്യോഗസ്ഥൻമാരെ സ്ഥലം മാറ്റുമെന്ന് പറയുമ്പോൾ അവർ പറഞ്ഞിരുന്നത് നിങ്ങളെ കാസർഗോഡേയ്ക്ക് സ്ഥലം മാറ്റും എന്നാണ്. ആ കാസർഗോഡല്ല ഇന്നത്തെ കാസർഗോഡ് എന്ന് എല്ലാവരും മനസ്സിലാക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. കാസർഗോഡ് ജില്ലയിൽ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം കേട്ടാൽ നമ്മൾ ഞെട്ടിപ്പോകും. പി.ഡബ്ല്യു.ഡി. - 24, ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് - 38, എക്സൈസ് ഡിപ്പാർട്ടുമെന്റ് - 32, ഭൂജല വകുപ്പ് - 6, വ്യവസായ വകുപ്പ്-2, ലീഗൽ മെട്രോളജി-3, പൊല്യൂഷൻ കൺട്രോൾ ബോർഡ്-6, ക്ഷീരവികസന വകുപ്പ് - 5, ഭക്ഷ്യ സുരക്ഷാ വകുപ്പ് - 4, ട്രൈബൽ ഡെവലപ്മെന്റ് - 3, ഫയർഫോഴ്സ് - 43, ആരോഗ്യ വകുപ്പ് - 71, കൃഷി വകുപ്പ് - 14, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസ് - 31, വിദ്യാഭ്യാസ വകുപ്പ് - 293 എന്നിങ്ങനെ തസ്തികകൾ ഒഴിഞ്ഞുകിടക്കുകയാണ്. അതുപോലെ തന്നെ 38 പഞ്ചായത്തുകളിൽ

മിക്ക പഞ്ചായത്തുകളിലും നഗരസഭകളിലും സെക്രട്ടറിമാരില്ല. ജില്ലാ പഞ്ചായത്തിൽ ഇ. ഇ. ഇല്ല, പഞ്ചായത്തുകളിൽ എ.ഇ. മാരില്ല, മൂന്നും നാലും പഞ്ചായത്തുകളുടെ ചാർജ്ജാണ് ഒരു എ.ഇ.-ക്ക് ഉള്ളത്. അപ്പോൾ കാസർഗോഡ് എങ്ങനെയാണ് മറ്റു ജില്ലകളോടൊപ്പം എത്തുന്നത്. ഈ ഗവൺമെന്റ് 3 മാസം തികച്ചു, പി.ആർ.ഡി. യുടെ ഒരു പരസ്യം ഞാൻ കണ്ടു, ഇപ്പോൾ നമുക്ക് ഇവിടെ ഒരു സർക്കാരുണ്ട്, ശരിയായി തുടങ്ങി, മാറ്റം വന്നു തുടങ്ങി എന്നതാണ് ആ പരസ്യം. ബഹുമാനപ്പെട്ട റവന്യൂ മന്ത്രി എന്റെ ജില്ലക്കാരനാണ് അപ്പോൾ ഈ മാറ്റം കാസർഗോഡും വേണമെന്ന് അദ്ദേഹത്തിനും ആഗ്രഹമുണ്ടാകുകയില്ലേ? കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോയിൽ 38 കണ്ടക്ടർമാരുടെയും 32 ഡ്രൈവർമാരുടെയും കുറവുണ്ട്. രണ്ടാഴ്ച മുമ്പ് കെ.എസ്.ആർ.ടി.സി. കാസർഗോഡ് ഡിപ്പോയിൽ ഒരു കണ്ടക്ടറുടെ വിവാഹം കാരണം 2 ദിവസം കെ.എസ്.ആർ.ടി.സി. ബസ്സ് ഓടിയില്ല എന്നാണ് പത്ര റിപ്പോർട്ട്. അതുകൊണ്ട് ഈ ഗവൺമെന്റ് ഇപ്പോൾ കൊട്ടിഘോഷിക്കുന്നതുപോലെ എല്ലാം ശരിയായി, മാറ്റം വന്നു തുടങ്ങിയിട്ടുണ്ടെങ്കിൽ കാസർഗോഡുകാരായ ഞങ്ങളും ആ മാറ്റം കാണാൻ ആഗ്രഹിക്കുന്നു. ഒഴിഞ്ഞുകിടക്കുന്ന തസ്തികകളെല്ലാം നികത്തി, കാസർഗോഡിനേയും മറ്റു ജില്ലകളോടൊപ്പം എത്തിക്കണം എന്നാണ് ഈ സബ്മിഷനിലൂടെ എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ സർക്കാർ അധികാരമേറ്റ ഉടൻതന്നെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള എല്ലാ തസ്തികകളുടേയും മുഴുവൻ ഒഴിവുകളും 3-6-2016-നകം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ വകുപ്പ് അദ്ധ്യക്ഷൻമാർക്കും നിയമനാധികാരികൾക്കും കർശന നിർദ്ദേശം നൽകുകയുണ്ടായി, ക്യാബിനറ്റ് തീരുമാനമായിരുന്നു അത്. ഇതുകൂടാതെ 2017-ലെ പ്രതീക്ഷിത ഒഴിവുകൾ, 2016 സെപ്റ്റംബറോടുകൂടി റിപ്പോർട്ട് ചെയ്യാനും നിർദ്ദേശം നൽകി. ഈ സർക്കാർ അധികാരത്തിൽ വന്ന 25-5-2016 മുതൽ 30-9-2016 വരെയുള്ള കാലയളവിൽ കാസർഗോഡ് ജില്ലയിൽ 407 ഒഴിവുകൾ വിവിധ വകുപ്പുകളിൽ നിന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ കാലയളവിൽ 464 പേർക്ക് പി.എസ്.സി. നിയമന ശിപാർശ നൽകുകയും ചെയ്തു. പി.എസ്.സി. പറഞ്ഞതിനേക്കാൾ കൂടുതൽ അഡ്വൈസ് മെമ്മൊ നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എവിടെയെങ്കിലും ഒഴിവുകളുണ്ടെങ്കിൽ അത് നികത്തുന്നതിനുള്ള നടപടിയും സ്വീകരിക്കും.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

## (5) മുഹമ്മദ് അസ്ലം വധക്കേസ്സ്

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നാദാപുരം നിയോജകമണ്ഡലത്തിലെ യൂത്ത് ലീഗ് പ്രവർത്തകനായ കാളിയംപറമ്പത്ത് മുഹമ്മദ് അസ്ലമിനെ കഴിഞ്ഞ ആഗസ്റ്റ് 12-ന് വൈകുന്നേരം 5.00 മണിക്ക് ഇന്നോവാ കാറിൽ വന്ന ഒരു സംഘം ആളുകൾ നടുറോഡിലിട്ട് വെട്ടിയും കുത്തിയും കൊലപ്പെടുത്തി. തലയോട്ടി പുറത്തുവന്ന്, കണ്ണും, ചെവിയും, മൂക്കും, വലത്തെ കൈയും, ഇടതു കാലും പൂർണ്ണമായും വെട്ടിമാറ്റി മൃഗീയമായ രൂപത്തിലാണ് കൊല നടത്തിയത്. ആ കൊല നടന്നിട്ട് ഏതാണ്ട് രണ്ടര മാസത്തോളമായി. 14 പ്രതികളെ ഐഡന്റിഫൈ ചെയ്തുവെന്നും അതിൽ 10 പ്രതികളെ പിടിച്ചുവെന്നുമാണ് പറയുന്നത്. ഈ 10 പ്രതികൾ എന്നുപറയുന്നത് വണ്ടി ഓടിച്ചയാൾ, അസ്ലമിനെ ചൂണ്ടിക്കാണിച്ചു കൊടുത്തയാൾ, പ്രതികൾക്ക് ഒളിവിൽ താമസിക്കാൻ സൗകര്യം ചെയ്തുകൊടുത്തയാൾ, അങ്ങനെയുള്ളവരാണ്. ഇന്നോവാ കാറിൽ 6 അംഗ സംഘം ആണ് വന്നത്. ആ കൊലയാളി സംഘത്തിലെ രണ്ടേ രണ്ട് ആളുകളെ മാത്രമേ പിടിച്ചിട്ടുള്ളൂ. ബാക്കി നാല് ആളുകളെയും യഥാർത്ഥ കൃത്യം നടത്തിയവരേയും രണ്ടര മാസമായിട്ടും പോലീസിന് ഇതുവരെ പിടിക്കാൻ സാധിച്ചിട്ടില്ല. ഇതിൽ ഒരുപാട് ദുരൂഹതകളുണ്ട്. ഈ അസ്ലം ഷിബിൻ വധക്കേസ്സിൽപ്പെട്ട ആളാണ്. അദ്ദേഹത്തെ കോടതി നിരുപാധികം വിട്ടയച്ചതാണ്. ഈ യൂത്ത് ലീഗ് പ്രവർത്തകൻ കമ്മ്യൂണിസ്റ്റുകാരനായ അബ്ദുള്ളയുടെ മകനാണ്. ആ കുടുംബത്തിന്റെ ആശ്രയവും ഏക ആൺതരിയുമാണ് ഈ അസ്ലം. ഷിബിൻ വധക്കേസ്സിൽപ്പെട്ടു എന്ന കാരണത്താൽ അസ്ലമിന്റെ രണ്ടു നില വീട് പൂർണ്ണമായും തകർത്തു. തറ ഉൾപ്പെടെ കോരി കളഞ്ഞതാണ്. ഇപ്പോൾ ഒരു വാടക വീട്ടിലാണ് അസ്ലമിന്റ കുടുംബം താമസിക്കുന്നത്. ഏക ആശ്രയമായിരുന്ന അസ്ലമിനെ ഇങ്ങനെയൊക്കെ കൈകാര്യം ചെയ്തപ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും സമാധാനത്തിനു വേണ്ടിയുള്ള ഒരു ശ്രമവും ഉണ്ടായില്ല. നേരത്തേ ഷിബിൻ അവിടെ കൊല ചെയ്യപ്പെട്ടപ്പോൾ മുഖ്യമന്ത്രി ഉൾപ്പെടെ 6 മന്ത്രിമാർ, കുഞ്ഞാലിക്കുട്ടി സാഹിബ് ഉൾപ്പെടെയുള്ള ആളുകൾ അവിടെ സമാധാനത്തിന്റെ ദൗത്യം ഏറ്റെടുത്തു. ഷിബിന്റെ കുടുംബത്തിന് സമാശ്വാസമായി സഹായധനം കൊടുത്തു. എല്ലാ അർത്ഥത്തിലും ഗവൺമെന്റ് നിലപാട് സ്വീകരിച്ചു. സ്വന്തം വീട് പൂർണ്ണമായും തകർക്കപ്പെട്ട് വാടക വീട്ടിൽ താമസിക്കുന്ന അസ്ലമിന്റെ കുടുംബത്തെ സമാശ്വസിപ്പിക്കാൻ കളക്ടറുടെ നേതൃത്വത്തിൽ കൂടിയ സർവ്വകക്ഷിയോഗത്തിൽ, സമാശ്വാസമായി ധനസഹായം അനുവദിക്കുമെന്ന് പറഞ്ഞിട്ട് കൊടുക്കാൻ തയ്യാറായില്ല, ഇന്നിപ്പോൾ അവിടെ പ്രതികളെ പിടിക്കാത്തതിന്റെ

പേരിൽ വലിയ പ്രശ്നങ്ങൾ ഉണ്ടായിവരികയാണ്. പൂർണ്ണമായും പ്രതികളെ സംരക്ഷിക്കുന്ന ഒരു സാഹചര്യമാണുള്ളത്. അസ്ലമിന്റെ ഘാതകരെ പിടിക്കുന്നില്ല എന്നുമാത്രമല്ല, മുസ്ലീം ലീഗിന്റെ പാർട്ടി പ്രവർത്തകൻമാരെ 153 (എ) വകുപ്പ് ചുമത്തി ജാമ്യം കിട്ടാത്ത കേസ് ചാർജ്ജ് ചെയ്ത് നിരന്തരമായി പീഡിപ്പിക്കുന്നു. പോലീസും സി.പി.എം. പ്രവർത്തകൻമാരും ഒരുമിച്ച് നിന്നുകൊണ്ട് പൂർണ്ണമായും പാർഷ്യാലിറ്റി കാണിക്കുകയാണ്, ഏകപക്ഷീയമായ നിലപാട് സ്വീകരിക്കുകയാണ്. ഇതുകൊണ്ട് ഉണ്ടാകുന്ന വലിയ അപകടം അവിടെയുണ്ട്. അതുമാത്രമല്ല, ഈ കൊലക്കേസ്സിലെ പ്രതികളിൽ ഒരാൾ കാസർഗോഡും, ഒരാൾ കണ്ണൂരും, വേറൊരാൾ കോഴിക്കോട്ടുകാരനുമാണ്. അതുപോലെ പല പ്രദേശങ്ങളിലുള്ള ആളുകളാണ്. ഈ ആളുകൾ എങ്ങനെ ഒരുമിച്ചു, ഇവരെ ഒരുമിപ്പിച്ച കണ്ണി ഏത്; ഇതിന്റെ പിന്നിൽ നടന്ന ഗൂഢാലോചന എന്ത്; അത് അന്വേഷിക്കാൻ നടപടി സ്വീകരിക്കുന്നില്ല. അവിടെ ക്രമസമാധനം തകർന്ന് ആളുകളെ ഏകപക്ഷീയമായി പോലീസ് കൈകാര്യം ചെയ്യുന്നു, അതിന് സി.പി.എം. ഒത്താശ ചെയ്തുകൊടുക്കുന്ന സാഹചര്യമാണ്. കലുഷിതമായ അന്തരീക്ഷമാണ്. ഇതിന്റെ പിന്നിൽ നടന്ന ഗൂഢാലോചന അന്വേഷിക്കുന്നില്ല, പോലീസും ഇത്തരം ക്രിമിനൽ സംഘങ്ങളുമായി എന്തൊക്കെയോ അവിശുദ്ധ ബന്ധങ്ങളുണ്ട്. നേരത്തേ ഞാൻ ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ നസ്റുദീൻ എന്ന പാവപ്പെട്ട പയ്യനെ കൊന്നിട്ട് പ്രതികൾക്ക് ജാമ്യം ലഭിക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചത്. അതുകൊണ്ട് വടകര താലൂക്കിലെ പോലീസിനെ നിരീക്ഷണവിധേയമാക്കാനും പ്രതികളെ പിടികൂടാനുമുള്ള നടപടികൾ സ്വീകരിക്കണം.

മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, 12-8-2016-ന് വൈകുന്നേരം നാദാപുരം ചാലപ്പുറത്തുവച്ച് കാളിയംപറമ്പത്ത് അസ്ലം കൊല്ലപ്പെട്ട സംഭവത്തിന് നാദാപുരം പോലീസ് ക്രൈം നമ്പർ 574/16 ആയി കേസ്സ് രജിസ്റ്റർ ചെയ്തു. ഈ കേസ് നാദാപുരം പോലീസ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ പ്രത്യേക ടീം അന്വേഷിച്ചു വരികയാണ്. ഈ കേസ്സിൽ 14 പ്രതികൾ ഉള്ളതായിട്ടാണ് അറിവായിട്ടുള്ളത്. അതിൽ കുറ്റകൃത്യം ചെയ്യുന്നതിന് കാറിൽ സംഭവസ്ഥലത്ത് എത്തിയവരുൾപ്പെടെ 10 പ്രതികളെ ഇതിനകം അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തുകഴിഞ്ഞു. ശേഷിക്കുന്ന 4 പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനായി പോലീസ് സ്ക്വാഡുകളായി തിരിഞ്ഞ് അന്വേഷണം നടത്തിവരികയാണ്. ഒളിവിലായ മറ്റു പ്രതികളെ കണ്ടെത്തുന്നതിന് സൈബർ സെല്ലിന്റെ സഹായത്തോടുകൂടി മൊബൈൽ ഫോൺ

ടവർ ലൊക്കേഷൻ പരിശോധിച്ച്, ഇവർ പോകാനിടയുള്ള സ്ഥലങ്ങളും രഹസ്യ സങ്കേതങ്ങളും ഉൾപ്പെടെ എല്ലാ സ്ഥലങ്ങളിലും ഊർജ്ജിതമായ അന്വേഷണം നടന്നുകൊണ്ടിരിക്കുകയാണ്. പ്രതികൾ ഏതു മാളത്തിൽ ഒളിച്ചാലും കണ്ടുപിടിക്കും, നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരും എന്ന് ബഹുമാനപ്പെട്ട എം.എൽ.എ.ക്ക് ഉറപ്പു നൽകുകയാണ്.

## (6) പെൺകുട്ടികൾക്ക് ഹോസ്റ്റൽ നിർമ്മാണം

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾ പഠിക്കുന്ന ഏറ്റുമാനൂർ മോഡൽ റെസിഡൻഷ്യൽ സ്കൂളിനോട് അനുബന്ധിച്ചുള്ള ഹോസ്റ്റൽ പണി പൂർത്തിയായിട്ട് ഏതാണ്ട് മൂന്ന് വർഷമായി. ഇന്നുവരെ ആ ഹോസ്റ്റലിൽ ഈ പെൺകുട്ടികളെ താമസിപ്പിക്കാനുള്ള ഒരു നടപടിയും അധികാരികൾ എടുത്തിട്ടില്ല. സ്കൂളിന്റെ മുകളിലുള്ള ഒരു സ്ഥലത്താണ് ഈ പെൺകുട്ടികൾ താമസിക്കുന്നത്. അധികാരികളുമായി നിരന്തരം ബന്ധപ്പെട്ടിട്ടും ഒരു നടപടിയും സ്വീകരിച്ചില്ല എന്നുമാത്രമല്ല കഴിഞ്ഞ നിയമസഭാ കാലയളവിൽ ശ്രീ. വി. പി. സജീന്ദ്രൻ ചെയർമാനായ കമ്മിറ്റി ഒരു വർഷം മുമ്പ് ഈ സ്കൂളിൽ വന്ന് ഹോസ്റ്റൽ പരിശോധിച്ച് എത്രയുംവേഗം ഇത് പ്രവർത്തനക്ഷമമാക്കി കുട്ടികളെ താമസിപ്പിക്കണം എന്നു പറയുകയും ചെയ്തതാണ്. ഒരു നടപടിയുമെടുക്കാത്ത ഉദ്യോഗസ്ഥരുടെ പേരിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുകയും ഈ ഹോസ്റ്റൽ എന്ന് ഉദ്ഘാടനം ചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ പറയണമെന്നുമുള്ളതാണ് എന്റെ ആവശ്യം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ എന്ന സ്ഥലത്ത് മോഡൽ റെസിഡൻഷ്യൽ സ്കൂൾ ആരംഭിക്കുന്നതിന് 9,73,09,003 (ഒൻപത് കോടി എഴുപത്തിമൂന്ന് ലക്ഷത്തി ഒൻപതിനായിരത്തി മൂന്ന്) രൂപയുടെ ഭരണാനുമതി 28-3-2012-ൽ ലഭിക്കുകയുണ്ടായി. കെട്ടിടത്തിന്റെ പ്രവൃത്തി 'കിറ്റ്കോ' എന്ന ഏജൻസിയെ ഏൽപ്പിക്കുകയും പ്രസ്തുത സ്ഥാപനം 21-7-2012-ന് കരാറിൽ ഒപ്പുവച്ച് കെട്ടിടം പണി ആരംഭിക്കുകയും ചെയ്തു. എന്നാൽ നിശ്ചിത സമയത്തിനകം കെട്ടിടത്തിന്റെ പണി പൂർത്തിയാക്കാൻ ഏജൻസിക്ക് കഴിഞ്ഞിരുന്നില്ല. 30-4-2016 വരെ സമയപരിധി നീട്ടി നൽകുന്നതിന് ഏജൻസി ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സമയപരിധി നീട്ടി നൽകുകയും പ്രസ്തുത സമയത്തിനുള്ളിൽ തന്നെ ഏജൻസി പണി പൂർത്തിയാക്കുകയും

ചെയ്തിട്ടുണ്ട്. രൂക്ഷമായ ജലദൗർലഭ്യം ഇവിടെ അനുഭവപ്പെടുന്നുണ്ട്. പുതിയ ഹോസ്റ്റലിലേയ്ക്ക് മാറുമ്പോൾ ജലദൗർലഭ്യം പരിഹരിക്കാൻ പട്ടികവർഗ്ഗ വികസന വകുപ്പ് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കുഴൽക്കിണർ കുഴിച്ച് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള ഫീസിബിലിറ്റി റിപ്പോർട്ട് ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽ നിന്നും ലഭിക്കുകയും അതിന്റെ ഭാഗമായി 2,75,000 രൂപയുടെ എസ്റ്റിമേറ്റ് ലഭ്യമാക്കുകയും ചെയ്തു. ആയതിനുള്ള ഭരണാനുമതി നൽകി കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുകയും നിർമ്മാണ പ്രവൃത്തി നടന്നുവരികയുമാണ്. ഇതുമൂലമാണ് കുട്ടികളെ ഹോസ്റ്റലിലേയ്ക്ക് മാറ്റാതിരുന്നത്. യഥാർത്ഥത്തിൽ കെട്ടിടത്തിന്റെ പണിയോടൊപ്പം തന്നെ ഇതിന്റെ എസ്റ്റിമേറ്റുകൂടി എടുക്കേണ്ടതായിരുന്നു. ചില കാര്യങ്ങൾ അങ്ങേയ്ക്ക് അറിയാമല്ലോ. കെട്ടിടത്തിന്റെ പണി കഴിഞ്ഞാലേ വാട്ടർ സപ്ലൈയുടേയും ഇലക്ട്രിസിറ്റി കണക്ഷനുമുള്ള അനുമതി നൽകൂ. അങ്ങനെയുണ്ടാകുന്ന പ്രശ്നങ്ങളാണ്. അതുകൊണ്ട് കാലതാമസം ഒഴിവാക്കി കുട്ടികളെ ഹോസ്റ്റലിലേയ്ക്ക് മാറ്റി താമസിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഉടൻതന്നെ ഹോസ്റ്റൽ കുട്ടികൾക്കായി തുറന്നുകൊടുക്കുന്നതാണ്.

## (7) ദളിത് ക്രൈസ്തവരുടെ ആനുകൂല്യങ്ങൾ

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിലെ ഒരു വിഭാഗം ജനസമൂഹത്തിന്റെ സാമൂഹിക സാമ്പത്തിക ജീവിതത്തെ ബാധിക്കുന്ന ഒരു വിഷയമാണ് ഞാൻ ഈ സബ്മിഷനിലൂടെ അവതരിപ്പിക്കുന്നത്. 1950 ആഗസ്റ്റ് 10-ന് രാഷ്ട്രപതിയുടെ ഉത്തരവിലൂടെ ഹിന്ദുക്കളല്ലാത്ത ദളിതരെയെല്ലാം സംവരണത്തിന്റെ പട്ടികയിൽനിന്നും ഒഴിവാക്കി. കേന്ദ്ര സർക്കാരിന്റെ ഭരണഘടനാ വിരുദ്ധമായ ഈ ഉത്തരവിനെതിരെ അന്ന് മുതൽ ദളിത് ക്രൈസ്തവർ സമരം ചെയ്തുവരികയാണ്. ഹിന്ദുമതം, ബുദ്ധമതം, സിക്ക് മതം മുതലായ മതങ്ങളിൽ വിശ്വസിക്കുന്ന ദളിതർക്ക് സംവരണം നൽകുമ്പോൾ ക്രിസ്തുമതം സ്വീകരിച്ച ദളിതർക്ക് സംവരണം നൽകാത്തത് എന്തുകൊണ്ടാണെന്ന് ഭരണവർഗ്ഗം വെളിപ്പെടുത്തേണ്ടതാണ്. ഇത് അനീതിയും മനുഷ്യത്വമില്ലായ്മയുമാണ്. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിൽ ദളിത് ക്രൈസ്തവരും ഇതര ദളിത് സമൂഹങ്ങളും ദയനീയമായി കൊല്ലപ്പെടുന്നു, അവരുടെ ഭവനങ്ങൾ കത്തിച്ചുകളയുന്നു. ദളിത് സമുദായാംഗങ്ങളെ കൂട്ടത്തോടെ തീവച്ച് കൊല്ലുന്നു. ദളിത് സാഹിത്യകാരന്മാർ പലതരത്തിലുള്ള ഭീഷണികൾ നേരിടുന്നു. കേരളത്തിലെ മതന്യൂനപക്ഷങ്ങളിലെ ന്യൂനപക്ഷമായ ദളിത് ക്രൈസ്തവ ജനവിഭാഗത്തിന്റെ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളും ഹൈന്ദവ ദളിതുകളുടെ സാമൂഹിക രാഷ്ട്രീയ പ്രശ്നങ്ങളും ഏക സ്വഭാവത്തോടുകൂടി

വർത്തിക്കുന്നു. ഇവിടെ വിവിധ വിഭാഗങ്ങളിലായി ഒരു വലിയ ജനസമൂഹമുണ്ട്. അവർ സാമൂഹികമായി പിന്നോക്കം നിൽക്കുന്നവരാണ്. ഉന്നതപഠന പ്രവേശനത്തിന് അവർ ക്ലേശം അനുഭവിക്കുന്നുണ്ട്. ഗവൺമെന്റ് ആവിഷ്കരിക്കുന്ന സാമൂഹികക്ഷേമ സുരക്ഷാ പദ്ധതികളുടെ ആനുകൂല്യം ലഭിക്കുന്നതിലും നിലവിലുള്ള നിയമതടസ്സം നിൽക്കുന്നു. ഇതുപോലെ വിവിധ മതവിഭാഗങ്ങളിൽപ്പെട്ട നാടാർ സമുദായത്തിലെ സംവരണം സംബന്ധിച്ചും ആക്ഷേപമുണ്ട്. അത് പരിഹരിക്കുമെന്ന് എൽ.ഡി.എഫ്. വ്യക്തമാക്കിയിട്ടുണ്ട്. ഈ കാര്യത്തെ സംബന്ധിച്ച് പാർലമെന്ററികാര്യ വകുപ്പുമന്ത്രി നന്നായി പഠിച്ച ആളാണ്. അദ്ദേഹം ഈ കാര്യങ്ങൾ വ്യക്തമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ക്രിസ്തുമതം സ്വീകരിച്ച പട്ടികജാതിയിൽപ്പെട്ട (Scheduled caste converted to Christian) കേരള സംസ്ഥാനത്തിലെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ പട്ടികയിൽ 47-ാമതായും മറ്റ് അർഹ സമുദായങ്ങളുടെ ലിസ്റ്റിൽ അതായത് ഒ.ഇ.സി. (Other Eligible Community)-യിൽ 10-ാമതായും ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന്റെ എസ്.ഇ.ബി.സി. (സോഷ്യലി ആന്റ് ഇക്കണോമിക്കലി ബാക്‌വേർഡ് കമ്മ്യൂണിറ്റി) ലിസ്റ്റിൽ നാലാമതായി Other Backward Christians എന്ന വിഭാഗത്തെ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാനത്തെ മറ്റ് പിന്നോക്ക വിഭാഗങ്ങളുടെ കേന്ദ്ര പട്ടികയിൽ 45-ാം ഇനമായി പട്ടികജാതിയിൽനിന്നും ക്രിസ്തുമതത്തിലേയ്ക്ക് മാറിയ വിഭാഗം ഉൾപ്പെട്ടിട്ടുണ്ട്. ഭരണഘടനയുടെ 16(4) വ്യവസ്ഥ പ്രകാരം സംസ്ഥാന-കേന്ദ്ര സർക്കാരുകളിലെ തൊഴിലിനുള്ള സംവരണത്തിന് ഈ വിഭാഗം ഇപ്പോൾ അർഹരാണ്. മറ്റ് അർഹ വിഭാഗം, അതായത് ഒ.ഇ.സി. എന്ന നിലയിൽ പട്ടികജാതിക്കാർക്ക് അനുവദിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും സംസ്ഥാനത്തെ ഈ വിഭാഗത്തിന് നൽകിവരുന്നുണ്ട്. കേരളത്തിലെ ജനസംഖ്യയിൽ പരിവർത്തിത ക്രൈസ്തവരുടെ ജനസംഖ്യ എത്ര എന്നത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ഇപ്പോൾ ലഭ്യമല്ല. പട്ടികജാതി വിഭാഗത്തിന് സാധാരണ ഗതിയിൽ നൽകുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അതേ നിരക്കിൽ പരിവർത്തിത ക്രൈസ്തവർക്ക് നിലവിൽ അനുവദിക്കുന്നുണ്ട്. പരിവർത്തിത ക്രൈസ്തവർക്ക് ഉദ്യോഗത്തിൽ ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ രണ്ട് ശതമാനവും ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികയിൽ ഒരു ശതമാനം സംവരണവുമാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. അതായത് 2:1. എസ്.ഇ.ബി.സി. വിഭാഗങ്ങൾക്ക് 30 ശതമാനം സംവരണമാണ് വിവിധ കാറ്റഗറിയിൽ പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക്

അനുവദിച്ചിട്ടുള്ളത്. ഇതിൽ എസ്.ഐ.യു.സി. നാടാർ വിഭാഗത്തോടൊപ്പമാണ് നിലവിൽ ഒരു ശതമാനം സംവരണം പരിവർത്തിത ക്രൈസ്തവർക്ക് അനുവദിച്ചിട്ടുള്ളത്. പിന്നോക്ക സമുദായ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പദ്ധതി, ഓവർസീസ് സ്കോളർഷിപ്പ് പദ്ധതി, കരിയർ ഓട്ടോ മൊബൈൽ പദ്ധതി, അഡ്വക്കേറ്റ് ഗ്രാന്റ് തുടങ്ങിയ സ്കീമുകളിൽ വാർഷിക വരുമാന പരിധിക്ക് വിധേയമായി പരിവർത്തിത ക്രൈസ്തവർക്ക് ആനുകൂല്യം അനുവദിക്കുന്നുണ്ട്. ഈ വിഭാഗത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന പദ്ധതികൾ പരിവർത്തിത ക്രൈസ്തവ ശിപാർശിത വികസന കോർപ്പറേഷൻവഴി കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്.

## (8) പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി

ശ്രീ. എസ്. ശർമ്മ: സർ, കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ കൃഷി, വ്യവസായം, ജലസേചനം, കുടിവെള്ളം എന്നീ മേഖലകൾക്കും നാടിന്റെ വൈദ്യുതി ആവശ്യത്തിനും സുപ്രധാന ആശ്രയമാണ് പെരിയാർ. പെരിയാർവാലി ഇറിഗേഷൻ പ്രോജക്ടും ഇടുക്കി, ചെങ്കുളം, പള്ളിവാസൽ, പന്നിയാർ തുടങ്ങിയ വൈദ്യുതി പദ്ധതികളും വ്യാവസായിക നഗരമായ കൊച്ചിയിലെ ബഹുഭൂരിപക്ഷം വരുന്ന വ്യവസായ പദ്ധതികളും പെരിയാറിനെ ആശ്രയിച്ച് നിൽക്കുന്നുവെന്നത് നമുക്കറിയാം. ഇത്തരത്തിൽ കേരളത്തിന്റെ ചരിത്രത്തിലും വികസനത്തിലും പൈതൃകത്തിലും നിർണ്ണായകമായ ഉത്തരവാദിത്തമാണ് പെരിയാർ വഹിച്ചുവരുന്നത്. അതുകൊണ്ടുതന്നെ 'ലൈഫ് ലൈൻ ഓഫ് കേരള' - 'കേരളത്തിന്റെ ജീവിത രേഖ' എന്നാണ് പെരിയാർ അറിയപ്പെടുന്നത്. കേരളത്തിന്റെ സംസ്കൃതിയിൽ പെരിയാർ വഹിക്കുന്ന ഈ പങ്കാണ് വയലാറിന്റെ കാവ്യഭാവനയിൽ മലയാളി പെൺകൊടിയായ പെരിയാറിനെ വരച്ചു കാണിക്കുന്നത്. പെരിയാറിലെ ജലത്തിൽ വിഷാംശം കലർന്നുവെന്ന വാർത്ത കാട്ടുതീപോലെ പരന്നതിനെത്തുടർന്ന് ജനം പരിഭ്രാന്തിയിൽ അകപ്പെട്ടു. എന്റെ മണ്ഡലത്തിൽ വിഷാംശം കലർന്ന വെള്ളത്തിലാണ് കുഞ്ഞിനെ കുളിപ്പിച്ചതെന്ന ഭയത്തിൽ ആശുപത്രിയിൽ ചികിത്സ തേടിയെത്തിയ രക്ഷകർത്താക്കളും ഉണ്ടായിരുന്നു. വിവാഹസദ്യ കഴിച്ചത്, വിഷാംശം കലർന്ന വെള്ളത്തിലാണ് ഭക്ഷണം പാകം ചെയ്തതെന്ന് തെറ്റിദ്ധരിച്ച് ആശങ്കയുടെ മുൾമുനയിൽ കഴിഞ്ഞു. പോലീസ്, റവന്യൂ, ജല, ആരോഗ്യ വകുപ്പുകൾ ജല പരിശോധനാ റിപ്പോർട്ടിനായി കാത്തുനിന്നു. ഒടുവിൽ വ്യാജ പ്രചരണമാണ് എന്ന് ബോധ്യമായശേഷമാണ് ദിവസങ്ങൾ നീണ്ടുനിന്ന ടെൻഷൻ അവസാനിക്കുന്നത്. ഇത്തരത്തിൽ അടിസ്ഥാനമില്ലാതെ

ഊഹാപോഹങ്ങൾ പ്രചരിപ്പിക്കുന്നത് യാതൊരു കാരണവശാലും സംഭവിക്കാൻ പാടില്ല. പെരിയാറിലെ ജലത്തിൽ വിഷാംശമുണ്ടെങ്കിൽ തീർച്ചയായും പരിശോധനയ്ക്ക് വിധേയമാക്കണം. എന്നാൽ അടിസ്ഥാനപരമായി പരിസ്ഥിതി നിരാകരിച്ചുകൊണ്ടുള്ള വ്യവസായമോ വ്യവസായത്തെ നിരാകരിച്ചുകൊണ്ടുള്ള പരിസ്ഥിതിയോ നാടിന്റെ വളർച്ചയ്ക്കും വികസനത്തിനും ആശാസ്യമല്ല. വ്യവസായത്തിന്റെയും പരിസ്ഥിതിയുടെയും സംരക്ഷണത്തിന് പെരിയാറിന്റെ സംരക്ഷണം അനിവാര്യമാണ്. അതുകൊണ്ട് പെരിയാർ സംരക്ഷണത്തിനായി സർക്കാർ തലത്തിൽ നടത്തിവരുന്ന നടപടി ക്രമങ്ങൾ ശക്തിപ്പെടുത്താൻ നിയമപരമായ അധികാര അവകാശങ്ങളോടുകൂടിയ പെരിയാർ റിവർ മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിന് ഗവൺമെന്റ് മുമ്പോട്ടുവരണമെന്ന് ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുന്നു.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>): സർ, പർവ്വത നിരകളുടെ പനിനീരായ പെരിയാറിന്റെ ഇന്നത്തെ അവസ്ഥ ബഹുമാനപ്പെട്ട അംഗം ഇവിടെ ചൂണ്ടിക്കാണിച്ചു. പെരിയാറിനെ സംബന്ധിച്ച് മാത്രമല്ല കേരളത്തിലെ പല പുഴകളുടെയും അവസ്ഥ ഇന്ന് ഇതേ രൂപത്തിൽ എത്തിനിൽക്കുകയാണ്. എല്ലാ നദികളുടെയും ജലാശയങ്ങളുടെയും സംരക്ഷണം ലക്ഷ്യമിട്ട് കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2003-ലെ ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് ഭേദഗതി ചെയ്യാൻ വേണ്ടി ഒരു ബിൽ സഭയിൽ അവതരിപ്പിച്ചുവെങ്കിലും അത് പാസ്സാക്കാൻ കഴിഞ്ഞില്ല. സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി രൂപീകരിക്കുകയായിരുന്നു ലാപ്സായിപ്പോയ ആ ബില്ലിന്റെ പ്രധാന ലക്ഷ്യം. കേരളത്തിലെ എല്ലാ നദികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സംസ്ഥാന നദീതട ബോർഡുകളും അതിന് താഴെ സംസ്ഥാനത്തെ നദികളെ നാലായി തിരിച്ചുകൊണ്ടുള്ള നദീതട ബോർഡുകളും രൂപീകരിക്കുന്നതിന് ആ ബില്ലിൽ വിഭാവന ചെയ്തിരുന്നു. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ പെരിയാറിനുവേണ്ടി മാത്രം ഒരു മാനേജ്മെന്റ് അതോറിറ്റി രൂപീകരിക്കണോ അതോ ഓരോ നദിക്കും ഓരോ അതോറിറ്റിയെന്നതിനേക്കാൾ ജലവിഭവ മേഖലയുടെ സംരക്ഷണവും വികസനവും ലക്ഷ്യമിട്ട് നിയന്ത്രണ അധികാരത്തോടുകൂടിയ ഒറ്റ അതോറിറ്റി രൂപീകരിക്കണമോയെന്നത് ഒരു നയപരമായ പ്രശ്നമാണ്. നദികളുടെ സമഗ്ര സംരക്ഷണത്തിനുള്ള നടപടികൾ കൂടുതൽ ശക്തമാക്കാൻ ശ്രമിക്കും. ഏതായാലും അതോറിറ്റി രൂപീകരണ വിഷയം ഗവൺമെന്റ് ഗൗരവമായി എടുത്തിട്ടുണ്ട്. അതിനാവശ്യമായ നിയമനിർമ്മാണ നടപടികൾ സ്വീകരിച്ചുവരികയാണ്.

## (9) ചാത്തന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം

ശ്രീ. ജി. എസ്. ജയലാൽ: സർ, ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ പ്രാദേശിക സർവ്വീസുകൾ ഒന്നൊന്നായി നിർത്തലാക്കുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും പൂർണ്ണമായി ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നതിന് ബസ്സുകൾ അനുവദിക്കുന്നതിനും പുതിയ സർവ്വീസുകൾ അനുവദിച്ചുകൊണ്ട് കഴിഞ്ഞ കാലങ്ങളിൽ നിലനിന്നിരുന്ന അവഗണനയിൽനിന്ന് ഈ ഡിപ്പോയെ വികസനോന്മുഖമായ പരിഗണനയോടെ പുതിയ കാലത്തേയ്ക്ക് ഉയർത്തുന്നതിനുംവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. 62 ഷെഡ്യൂളുകൾ ഉണ്ടായിരുന്ന ഈ ഡിപ്പോയിൽ കഴിഞ്ഞ 5 വർഷമായി ഓടാതെ നിർത്തിയിട്ടിരുന്ന ഏതാണ്ട് 6 ഷെഡ്യൂളുകൾ വെട്ടിക്കുറച്ച് 56 ഷെഡ്യൂളുകളായി കുറച്ചു. ഇതിൽ 53 എണ്ണം സാധാ സർവ്വീസുകളും മൂന്ന് ജൻറം ബസ്സുകളുമാണ്. ഈ 53-ൽ 42 എണ്ണം മാത്രമാണ് അയയ്ക്കുന്നത്. 11 ബസ്സുകൾ അയച്ചിട്ടില്ല. ഇത് ഇന്നത്തെ കണക്കാണ്. 53 സർവ്വീസ് അയയ്ക്കാൻ 58 ബസ്സാണ് അവിടെ വേണ്ടത്. അതിൽ 9 എണ്ണം എഞ്ചിനില്ലാതെ ഡോക്കിൽ കിടക്കുകയാണ്. ഏതാണ്ട് 30-ലധികം ബസ്സുകൾക്ക് പന്ത്രണ്ട് വർഷത്തോളം കാലപ്പഴക്കമുണ്ട്. ഇത് കാരണം നിരന്തരം ബ്രേക്ക്ഡൗണാകുകയാണ്. ഇക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. 171 ഡ്രൈവർമാർ വേണ്ടിടത്ത് 130 പേരും 171 കണ്ടക്ടർമാർ വേണ്ടിടത്ത് 165 പേരും 37 മെക്കാനിക്കുകൾ വേണ്ടിടത്ത് 25 മെക്കാനിക്കുകളുമാണുള്ളത്. കൂടാതെ ഡിപ്പോയുടെ അടിസ്ഥാന സൗകര്യവും പര്യാപ്തമല്ല. അവിടെ വെള്ളക്കെട്ടാണ്. ഞങ്ങളെല്ലാം ഇക്കാര്യത്തിൽ ഇടപെടാറുണ്ട്. ഇപ്പോഴും ഈ പ്രശ്നം പരിഹരിക്കുന്ന തിനുള്ള ശ്രമം നടത്തുകയുണ്ടായി. പ്രസ്തുത ഡിപ്പോ ഹൈവേയുടെ സൈഡിലാണ് പ്രവർത്തിക്കുന്നത്. ഒരു സൂപ്പർ ഫാസ്റ്റ് ബസ്സുപോലുമില്ലാത്ത അവിടത്തെ ഏക ഡിപ്പോയാണിത്. ഇത്തരം പരിമിതികൾ ഇവിടെ നിലനിൽക്കുന്നുണ്ടെങ്കിലും ഏതാണ്ട് 38 മുതൽ 40 വരെ ഇ.പി.കെ.എം.ഉം 10500-ന് മുകളിൽ ഇ.പി.ബി.യും ഉള്ള ഡിപ്പോയാണിത്. സമാനമായ മറ്റ് ഡിപ്പോകളെ വച്ചുനോക്കുമ്പോൾ ഇത്തരം കാര്യങ്ങളിൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കാൻ ശ്രദ്ധിക്കുന്ന ഡിപ്പോയാണിത്. ഈ ഡിപ്പോയ്ക്ക് മൂന്നര ഏക്കർ ഭൂമി സ്വന്തമായി ഉണ്ട്. കൊല്ലം ഡിപ്പോയ്ക്ക് ധാരാളം പരിമിതികളുണ്ട്. ചാത്തന്നൂർ ഡിപ്പോയുടെ ഈ സ്ഥലം ഉപയോഗപ്പെടുത്തിയാൽ അവിടെനിന്ന് പുതിയ സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കും. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കെ.എസ്.ആർ.ടി.സി.യെ ആശ്രയിച്ച് ജീവിക്കുന്ന ഗ്രാമീണ മേഖലയിലെ ജനങ്ങൾക്ക് പുതിയ സർവ്വീസുകൾ

അനുവദിക്കുന്നതിനുള്ള നിരവധി അപേക്ഷകൾ കെട്ടിക്കിടക്കുകയാണ്. കഴിഞ്ഞ അഞ്ച് വർഷക്കാലം ഈ ഡിപ്പോയ്ക്ക് അവഗണനയുടെ കാലമായിരുന്നു. നിരന്തരമായി സമരം ചെയ്തതിലൂടെ രണ്ട് ഫാസ്റ്റ് പാസഞ്ചർ ബസ്സുകൾ മാത്രമാണ് ഈ ഡിപ്പോയിൽ അനുവദിച്ചത്. പട്ടയം ലഭിച്ച കേരളത്തിലെ എല്ലാ ഡിപ്പോകളും ഇപ്പോൾ പണയത്തിലാണ്. കഴിഞ്ഞ അഞ്ച് വർഷമായി കെ.എസ്.ആർ.ടി.സി.യിൽ പെൻഷനും ശമ്പളവും കൃത്യമായി കൊടുക്കാൻ സാധിക്കുന്നില്ല. ഇത്തരം ദുരവസ്ഥകൾ പരിഹരിക്കുന്നതിന് വളരെ ഗൗരവമായ ഇടപെടൽ സർക്കാർ നടത്തണം. മൂന്ന് സൂപ്പർഫാസ്റ്റ് ബസ്സെങ്കിലും ഈ ഡിപ്പോയിൽ അനുവദിക്കുന്നതിന് അങ്ങ് തയ്യാറാകണം. അതുപോലെ കാലപ്പഴക്കമുള്ള ബസ്സുകൾ ഒഴിവാക്കുകയും പുതിയ ബസ്സുകൾ അനുവദിക്കുകയും ചെയ്യണം. ഇത്തരം കാര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് ഗതാഗത വകുപ്പുമന്ത്രിക്കും എം.ഡി.ക്കും നിരവധി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മീറ്റിംഗ് വിളിച്ചുചേർത്ത് ഈ ഡിപ്പോയുടെ പ്രശ്നങ്ങൾ പരിഹരിക്കാനാവശ്യമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ശ്രീ. എസ്. ജയലാൽ ഇവിടെ സൂചിപ്പിച്ചതുപോലെ ഇപ്പോൾ നിലവിലുള്ള 56 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നതിനുള്ള ബസ്സുകൾ പൂർണ്ണമായും ആ ഡിപ്പോയിൽ ഇല്ല. പതിനാല് ബസ്സുകളുടെ അപര്യാപ്തതയാണ് ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇത് റിപ്പെയറിനായി മാറ്റിവച്ച ബസ്സുകളാണ്. ഈ ബസ്സുകളുടെ റിപ്പെയർ വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിച്ച് സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ തീർച്ചയായും സ്വീകരിക്കുന്നതാണ്. വരുമാനം കുറഞ്ഞ ബസ്സ് സർവ്വീസുകൾ നടപ്പിലാക്കുന്ന കാര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങൾ ദയവായി നിർബന്ധം പിടിക്കരുതെന്നാണ് എന്റെ മറ്റൊരു അഭ്യർത്ഥന. ചാത്തന്നൂർ ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ നിയമസഭാ സമ്മേളനം തീരുന്നതിനുമുമ്പ് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർക്കുന്നതാണ്.

### (10) കായംകുളം താലൂക്കാശുപത്രിയുടെ പ്രവർത്തനം

ശ്രീമതി യു. പ്രതിഭ ഹരി: സർ, നാഷണൽ ഹൈവേയോട് ചേർന്നുള്ള കായംകുളം താലൂക്ക് ആശുപത്രിയുടെ ഇപ്പോഴത്തെ സ്ഥിതി വളരെ ദയനീയമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ രാഷ്ട്രീയ പകപോക്കൽ ഈ സ്ഥാപനത്തോട് ഉണ്ടായിട്ടുണ്ട്. ഞാൻ എം.എൽ.എ. ആയി വന്നതിനുശേഷം ഏകദേശം പത്തോളം അപകട മരണങ്ങൾ എന്റെ മണ്ഡലത്തിലുണ്ടായിട്ടുണ്ട്. യഥാസമയം ആശുപത്രിയിലെത്തി നല്ല ചികിത്സ ലഭിക്കാത്തതാണ് പല മരണങ്ങൾക്കും കാരണം. ആയതിനാൽ

അടിയന്തരമായി ഒരു ട്രോമാ കെയർ യൂണിറ്റ് കായംകുളം ആശുപത്രിയിൽ സ്ഥാപിക്കണം. കഴിഞ്ഞ അഞ്ച് വർഷമായി ഈ ആശുപത്രിയിൽ സർജനില്ലാത്ത അവസ്ഥയുണ്ട്. അതിനാൽ സർജനെ നിയമിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കണം. റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ എഴുപത്തിയാറ് ലക്ഷം രൂപ നൽകിക്കൊണ്ട് ഒരു സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങുന്നതിന് 2012-ൽ എച്ച്.പി.എൽ.ഉമായി കരാർ വച്ചു. എന്നാൽ അത് പൂർത്തീകരിക്കുന്ന കാര്യത്തിൽ എച്ച്.പി.എൽ.ന്റെ ഭാഗത്തു നിന്ന് വലിയ അനാസ്ഥയാണുണ്ടായിട്ടുള്ളത്. ഇത്തരം കാര്യങ്ങളിൽ ഗൗരവമായ ഇടപെടൽ ബന്ധപ്പെട്ട വകുപ്പിൽനിന്ന് ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കായംകുളം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ യൂണിറ്റ്, സർജന്റെ സേവനം എന്നിവ അനുവദിക്കുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഉന്നയിച്ചത്. കായംകുളം താലൂക്ക് ആശുപത്രിയിൽ ട്രോമാ കെയർ പദ്ധതി നടത്തിപ്പിനായി 2011-ൽ 10 ലക്ഷം രൂപയുടെ ഉപകരണങ്ങൾ പ്ലാൻ ഫണ്ടിൽ നിന്ന് ലഭ്യമാക്കിയിരുന്നു. നിലവിലുള്ള നാല് കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ തസ്തികയിൽ നാലുപേർ ജോലി ചെയ്യുന്നുണ്ട്. അവിടെ സർജന്റെ തസ്തിക നിലവിലില്ല. പുതിയ തസ്തിക ക്രിയേറ്റ് ചെയ്തുകൊണ്ടു മാത്രമേ സർജനെ അനുവദിക്കാൻ സാധിക്കുകയുള്ളൂ. താലൂക്ക് ആശുപത്രികളിൽ തസ്തിക സൃഷ്ടിക്കുന്നതിന് ആരോഗ്യ വകുപ്പ് തയ്യാറാക്കിവരുന്ന പ്രൊപ്പോസലിൽ കായംകുളം ആശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. അതിൽ സർജന്റെ തസ്തികയും ഉൾപ്പെട്ടിട്ടുണ്ട്. തസ്തിക ക്രിയേറ്റ് ചെയ്ത് കിട്ടുന്ന മുറയ്ക്ക് അവിടെ പോസ്റ്റ് ചെയ്യാൻ സാധിക്കും. ട്രോമാ കെയറിന്റെ കാര്യത്തിൽ ഗവൺമെന്റ് ഒരു പ്രത്യേക പദ്ധതി പ്രഖ്യാപിച്ചിരിക്കുകയാണ്. റോഡ് അപകടങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സമഗ്രമായ ഒരു ട്രോമാ കെയർ പദ്ധതി ഹൈവേയിലെ പ്രധാനപ്പെട്ട ആശുപത്രികളെ കണക്ക് ചെയ്തുകൊണ്ട് രൂപീകരിക്കണമെന്ന് ആലോചനയുണ്ട്. ഈ പദ്ധതി യാഥാർത്ഥ്യമാകുമ്പോൾ പ്രധാനപ്പെട്ട ആശുപത്രി എന്ന നിലയിൽ കായംകുളം ആശുപത്രിയേയും പരിഗണിക്കാൻ സാധിക്കും. അപകടത്തിൽപ്പെട്ട് ഗുരുതരാവസ്ഥയിൽ അല്ലാത്ത രോഗികൾക്ക് ഈ ആശുപത്രിയിൽനിന്ന് സേവനം ലഭ്യമാകുന്നുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ കാര്യത്തിൽ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ 76 ലക്ഷം രൂപ അനുവദിക്കുകയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെയും പ്രോജക്ട് ഇംപ്ലിമെന്റേഷൻ കമ്മിറ്റിയുടെയും സംയുക്ത തീരുമാന പ്രകാരം എസ്.ടി.പി.യുടെ നിർമ്മാണച്ചുമതല ഹിന്ദുസ്ഥാൻ പ്രീഫാബ്

ലിമിറ്റഡിനെ ഏൽപ്പിച്ച് അഡ്വാൻസായി 26 ലക്ഷം രൂപ നൽകിയിരുന്നു. ഈ കമ്പനി 2016 ജൂലൈയിൽ നിർമ്മാണം പൂർത്തിയാക്കി 33 ലക്ഷം രൂപയുടെ കണക്ക് സമർപ്പിക്കുകയും ചെയ്തു. മുനിസിപ്പൽ എഞ്ചിനീയർ സ്ഥലം സന്ദർശിച്ച് സർട്ടിഫിക്കറ്റ് നൽകി എച്ച്.എം.സി.യും പി.ഐ.സി.യും നിർമ്മാണച്ചെലവ് അംഗീകരിച്ചശേഷം മാത്രമേ റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷനിൽനിന്ന് ഉപകരണങ്ങൾക്കുള്ള തുക വാങ്ങി ഇതുമായി ബന്ധപ്പെട്ട മറ്റ് പണികൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. എന്നാൽ ഈ നടപടിക്രമങ്ങൾ വേഗത്തിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് സമയബന്ധിതമായി പൂർത്തിയാക്കി പ്രവർത്തിപ്പിക്കുന്നതാണ്.

## (11) സാങ്കേതിക സർവ്വകലാശാല

ശ്രീ. കെ. മുരളീധരൻ: സർ, മുൻരാഷ്ട്രപതി എ.പി.ജെ. അബ്ദുൾ കലാമിന്റെ പേരിലുള്ള സാങ്കേതിക സർവ്വകലാശാല 2014-ൽ തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ സ്ഥലത്താണ് ആരംഭിച്ചത്. 153 എഞ്ചിനീയറിംഗ് കോളേജുകളും 23 എം.ബി.എ. കോളേജുകളും 25 എം.സി.എ. കോളേജുകളും 8 ആർക്കിടെക്ചറൽ കോളേജുകളും ഉൾപ്പെടെ 210 സ്ഥാപനങ്ങളാണ് ഈ സർവ്വകലാശാലയുടെ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സാങ്കേതിക സർവ്വകലാശാല സ്ഥാപിക്കുന്നതിനായി കേരള സർവ്വകലാശാലയുടെ 50 ഏക്കർ സ്ഥലം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിർദ്ദേശിക്കുകയും ഇത് കേരള സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. ഈ സ്ഥലം അനുവദിക്കാൻ സാധിക്കില്ലെന്നും പകരം സ്ഥലം നിർദ്ദേശിക്കണമെന്നുമാണ് ഇപ്പോൾ കേരള സർവ്വകലാശാല പറയുന്നത്. തിരുവനന്തപുരം നഗരത്തിൽ ധാരാളം സ്ഥലം ഉണ്ട്. കഴക്കൂട്ടത്ത് ടെക്നോസിറ്റിയിലും വിളപ്പിൽശാലയിൽ കോർപ്പറേഷന്റെ അധീനതയിലുമുള്ള സ്ഥലങ്ങളുണ്ട്. ഇത്രയും സ്ഥലലഭ്യത തിരുവനന്തപുരത്ത് ഉണ്ടെങ്കിലും ഇതിനെ മറ്റ് ജില്ലകളിലേയ്ക്ക് മാറ്റുന്നതിനുള്ള ചില ശ്രമങ്ങൾ നടക്കുന്നതായി പത്രവാർത്തകളുണ്ട്. തൃശ്ശൂർ ജില്ലയിലും കൊച്ചിയിലും മൂന്ന് സർവ്വകലാശാലകൾ വീതമുണ്ട്. തിരുവനന്തപുരത്ത് 1937-ൽ സർ സി.പി. രാമസ്വാമി അയ്യരുടെ കാലത്ത് ആരംഭിച്ച കേരള സർവ്വകലശാല മാത്രമേ നിലവിലുള്ളൂ. അതുകൊണ്ട് ദയവായി ഈ സർവ്വകലാശാല ഇവിടെനിന്ന് മാറ്റുന്നതിനുള്ള ശ്രമം ഉണ്ടാകരുത്. ഈ സർവ്വകലാശാല തിരുവനന്തപുരത്തുതന്നെ നിലനിർത്താനുള്ള ശ്രമം നടത്തണം. സാങ്കേതിക സർവ്വകലാശാലയുടെ ആസ്ഥാനം തിരുവനന്തപുരമാണെന്ന് ആക്ടിൽ തന്നെ പ്രത്യേകിച്ച് പറയുന്നുണ്ട്. ആയതിനാൽ ഈ സർവ്വകലാശാല തിരുവനന്തപുരത്തുതന്നെ നിലനിർത്താൻ ബഹുമാനപ്പെട്ട ഗവൺമെന്റും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും പ്രത്യേകം ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ് ): സർ, കേരളത്തിൽ സാങ്കേതികശാസ്ത്ര വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും എഞ്ചിനീയറിംഗ് കോളേജുകളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുമായി 2014-ൽ തിരുവനന്തപുരം ആസ്ഥാനമാക്കി സാങ്കേതികശാസ്ത്ര സർവ്വകലാശാല സ്ഥാപിതമായി. തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജ് ക്യാമ്പസിലാണ് ഇപ്പോൾ ഈ സർവ്വകലാശാലയുടെ ആസ്ഥാനം. സർവ്വകലാശാലയുടെ ആസ്ഥാനം ആക്ടിലെ സെക്ഷൻ 3(6) പ്രകാരം തിരുവനന്തപുരത്തായിരിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാങ്കേതിക സർവ്വകലാശാലയ്ക്ക് ഒരു ക്യാമ്പസ് അത്യന്താപേക്ഷിതമാണ്. സർവ്വകലാശാലയ്ക്കും അതിൽ അഫിലിയേറ്റ് ചെയ്ത കോളേജുകൾക്കും യു.ജി.സി. ഫണ്ട് ലഭിക്കണമെങ്കിൽ സർവ്വകലാശാലയ്ക്ക് 12(ബി) പദവി വേണം. 12(ബി) പദവി ലഭിക്കണമെങ്കിൽ ചുരുങ്ങിയത് 5 ഡിപ്പാർട്ടുമെന്റുകളുള്ള ഒരു ക്യാമ്പസ് അത്യന്താപേക്ഷിതമാണ്. ഗവേഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ലോകോത്തര നിലവാരത്തിലുള്ള റെസിഡൻഷ്യൽ ക്യാമ്പസ് സ്ഥാപിക്കാനാണ് സർവ്വകലാശാല ഉദ്ദേശിക്കുന്നത്. സർവ്വകലാശാലയ്ക്ക് ക്യാമ്പസ് സ്ഥാപിക്കുന്നതിനായി സർക്കാർ വക ഭൂമി കണ്ടെത്തുവാൻ ഡോ. ജി. പി. പത്മകുമാർ, രജിസ്ട്രാർ, ശ്രീ. എം. ജി. രഞ്ജിത് കുമാർ, ഡെപ്യൂട്ടി സെക്രട്ടറി, ശ്രീ. എം. ഷെറീഫ്, സീനിയർ ഡയറക്ടർ എന്നിവരുൾപ്പെടുന്ന ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ചിരുന്നു. ഈ കമ്മിറ്റിയുടെ റിപ്പോർട്ടിനെ അടിസ്ഥാനമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## VIII മേശപ്പുറത്തുവച്ച കടലാസ്സുകൾ

### (1) ലിസ്റ്റ് 1 പ്രകാരം

I. മുഖ്യമന്ത്രിക്കുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു :

1. നമ്പർ 4789/സി3/2016-I/വിജ്. തീയതി 12-7-2016 (എസ്.ആർ.ഒ. നമ്പർ 475/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. നമ്പർ 4789/സി3/2016-II/വിജ്. തീയതി 12-7-2016 (എസ്.ആർ.ഒ. നമ്പർ 476/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

3. നമ്പർ 4789/സി3/2016-III/വിജ്. തീയതി 12-7-2016 (എസ്.ആർ.ഒ. നമ്പർ 477/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

4. നമ്പർ 4789/സി3/2016-IV/വിജ്. തീയതി 12-7-2016 (എസ്.ആർ.ഒ. നമ്പർ 478/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

5. ജി.ഒ. (എം.എസ്.) നമ്പർ 18/2016/പി & എആർഡി. തീയതി 11-8-2016 (എസ്.ആർ.ഒ. നമ്പർ 546/2016)

6. ജി.ഒ. (ആർറ്റി.) നമ്പർ 2471/2016/ഹോം തീയതി 8-8-2016 (എസ്.ആർ.ഒ. നമ്പർ 553/2016)

7. ജി.ഒ. (ആർറ്റി.) നമ്പർ 2573/2016/ഹോം തീയതി 19-8-2016 (എസ്.ആർ.ഒ. നമ്പർ 559/2016)

8. ജി.ഒ. (ആർറ്റി.) നമ്പർ 2574/2016/ഹോം തീയതി 19-8-2016 (എസ്.ആർ.ഒ. നമ്പർ 560/2016)

9. ജി.ഒ. (പി) നമ്പർ 219/2016/ഹോം തീയതി 17-8-2016 (എസ്.ആർ.ഒ. നമ്പർ 566/2016)

10. ജി.ഒ. (ആർറ്റി.) നമ്പർ 2509/2016/ഹോം തീയതി 11-8-2016 (എസ്.ആർ.ഒ. നമ്പർ 570/2016)

11. നമ്പർ 41573/എസ്.എസ്.എ 1/2016/ഹോം തീയതി 31-8-2016 (എസ്.ആർ.ഒ. നമ്പർ 580/2016)

12. ജി.ഒ. (എം.എസ്.) നമ്പർ 32725/എസ്.എസ്.എ 2/2016/ഹോം തീയതി 6-9-2016 (എസ്.ആർ.ഒ. നമ്പർ 586/2016)

13. ജി.ഒ. (ആർറ്റി.) നമ്പർ 2788/2016/ഹോം തീയതി 31-8-2016 (എസ്.ആർ.ഒ. നമ്പർ 592/2016)

14. ജി.ഒ. (ആർറ്റി.) നമ്പർ 2844/2016/ഹോം തീയതി 8-9-2016 (എസ്.ആർ.ഒ. നമ്പർ 594/2016)

15. ജി.ഒ. (ആർറ്റി.) നമ്പർ 2658/2016/ഹോം തീയതി 29-8-2016 (എസ്.ആർ.ഒ. നമ്പർ 596/2016)

16. ജി.ഒ. (പി) നമ്പർ 19/2016/ജിഎഡി. തീയതി 17-9-2016 (എസ്.ആർ.ഒ. നമ്പർ 602/2016)

17. ജി.ഒ. (എംഎസ്.) നമ്പർ 236/2016/ഹോം തീയതി 7-9-2016 (എസ്.ആർ.ഒ. നമ്പർ 606/2016)

18. ജി.ഒ. (പി) നമ്പർ 248/2016/ഹോം തീയതി 28-9-2016 (എസ്.ആർ.ഒ. നമ്പർ 615/2016)

19. ജി.ഒ. (എംഎസ്.) നമ്പർ 145/2016/ജിഎഡി. തീയതി 3-10-2016 (എസ്.ആർ.ഒ. നമ്പർ 620/2016)

20. കോഴിക്കോട് എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ 2015-16-ലെ പ്രവർത്തന റിപ്പോർട്ട്

21. കോഴിക്കോട് വിജിലൻസ് ട്രൈബ്യൂണൽ ഓഫീസിന്റെ 2015-16-ലെ പ്രവർത്തന റിപ്പോർട്ട്

22. ഇന്റർനാഷണൽ സെന്റർ ഫോർ ഫ്രീ ആന്റ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ (ഐ.സി.ഫോസ്)-ന്റെ 2014-15-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

II. സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 142/2015/കോ-ഓപ്. തീയതി 12-11-2015 (എസ്.ആർ.ഒ. നമ്പർ 777/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 80/2016/കോ-ഓപ്. തീയതി 28-7-2016 (എസ്.ആർ.ഒ. നമ്പർ 557/2016)

3. ജി.ഒ. (പി) നമ്പർ 87/2016/കോ-ഓപ്. തീയതി 29-8-2016 (എസ്.ആർ.ഒ. നമ്പർ 595/2016)

4. ജി.ഒ. (പി) നമ്പർ 88/2016/കോ-ഓപ്. തീയതി 29-8-2016 (എസ്.ആർ.ഒ. നമ്പർ 597/2016)

5. ജി.ഒ. (പി) നമ്പർ 89/2016/കോ-ഓപ്. തീയതി 29-8-2016 (എസ്.ആർ.ഒ. നമ്പർ 598/2016)

6. ജി.ഒ. (പി) നമ്പർ 91/2016/കോ-ഓപ്. തീയതി 3-9-2016 (എസ്.ആർ.ഒ. നമ്പർ 599/2016)

7. ജി.ഒ. (പി) നമ്പർ 95/2016/കോ-ഓപ്. തീയതി 6-9-2016 (എസ്.ആർ.ഒ. നമ്പർ 600/2016)

8. ജി.ഒ. (പി) നമ്പർ 98/2016/കോ-ഓപ്. തീയതി 23-9-2016 (എസ്.ആർ.ഒ. നമ്പർ 603/2016)

9. ജി.ഒ. (പി) നമ്പർ 85/2016/കോ-ഓപ്. തീയതി 12-8-2016 (എസ്.ആർ.ഒ. നമ്പർ 607/2016)

10. ജി.ഒ. (പി) നമ്പർ 94/2016/കോ-ഓപ്. തീയതി 5-9-2016 (എസ്.ആർ.ഒ. നമ്പർ 608/2016).

III. തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 105/2016/എൽബിആർ. തീയതി 15-7-2016 (എസ്.ആർ.ഒ. നമ്പർ 480/2016) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 136/2016/എൽബിആർ. തീയതി 8-8-2016 (എസ്.ആർ.ഒ. നമ്പർ 574/2016)

3. ജി.ഒ. (പി) നമ്പർ 149/2016/എൽബിആർ. തീയതി 3-9-2016 (എസ്.ആർ.ഒ. നമ്പർ 588/2016)

4. ജി.ഒ. (പി) നമ്പർ 154/2016/എൽബിആർ. തീയതി 20-9-2016 (എസ്.ആർ.ഒ. നമ്പർ 605/2016)

5. കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ 2013-14-ലെ ഭരണ റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IV. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

കാലിക്കറ്റ് സർവ്വകലാശാലയുടെ 2015-ലെ വാർഷിക റിപ്പോർട്ടും 2014-15-ലെ വാർഷിക കണക്കുകളും.

V. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 11/2016/എസ്ജെഡി. തീയതി 29-8-2016 (എസ്.ആർ.ഒ. നമ്പർ 577/2016)

2. ജി.ഒ. (പി) നമ്പർ 12/2016/എസ്ജെഡി. തീയതി 5-9-2016 (എസ്.ആർ.ഒ. നമ്പർ 581/2016)

3. കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷന്റെ 2006-07-ലെ വാർഷിക റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VI. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

കേരള കാർഷിക സർവ്വകലാശാലയുടെ 2009-10, 2010-11, 2011-12 എന്നീ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

VII. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 9/2016/നിയമം തീയതി 29-8-2016 (എസ്.ആർ.ഒ. നമ്പർ 578/2016)

2. ജി.ഒ. (പി) നമ്പർ 10/2016/നിയമം തീയതി 5-9-2016 (എസ്.ആർ.ഒ. നമ്പർ 582/2016)

3. ജി.ഒ. (പി) നമ്പർ 12/2016/നിയമം തീയതി 9-9-2016 (എസ്.ആർ.ഒ. നമ്പർ 601/2016)

4. സ.ഉ.(അച്ചടിച്ചത്) നമ്പർ 11/2016/നിയമം തീയതി 8-9-2016

5. വിജ്ഞാപനം നമ്പർ ജി.എസ്. 5-3872/2016 തീയതി 9-9-2016

6. കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2014-15-ലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

7. കേരള അഡ്വക്കേറ്റ്സ് ക്ലാർക്ക്സ് വെൽഫെയർ ഫണ്ട് കമ്മിറ്റിയുടെ 2015-16- ലെ ആഡിറ്റ് റിപ്പോർട്ട്

8. കോഴിക്കോട് പെർമനന്റ് ലോക് അദാലത്തിന്റെ 2013-14, 2014-15 എന്നീ വർഷങ്ങളിലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

9. എറണാകുളം പെർമനന്റ് ലോക് അദാലത്തിന്റെ 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ടുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

10. തിരുവനന്തപുരം പെർമനന്റ് ലോക് അദാലത്തിന്റെ 2014-15-ലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

11. ആലപ്പുഴ ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയുടെ 2013-14-ലെ പ്രത്യേക ആഡിറ്റ് റിപ്പോർട്ട് ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

12. കേരള ഔദ്യോഗിക ഭാഷ (നിയമനിർമ്മാണ) കമ്മീഷന്റെ 2015-16-ലെ ഭരണ റിപ്പോർട്ട്.

VIII. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 646/2015/ആർഡി. തീയതി 3-12-2015 (എസ്.ആർ.ഒ. നമ്പർ 834/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം

2. ജി.ഒ. (പി) നമ്പർ 649/2015/ആർഡി. തീയതി 4-12-2015 (എസ്.ആർ.ഒ. നമ്പർ 835/2015) ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

IX. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1 ജി.ഒ. (പി) നമ്പർ 31/2016/എൽഎസ്ജിഡി. തീയതി 12-8-2016 (എസ്.ആർ.ഒ. നമ്പർ 572/2016)

2. ജി.ഒ. (പി) നമ്പർ 32/2016/എൽഎസ്ജിഡി. തീയതി 12-8-2016 (എസ്.ആർ.ഒ. നമ്പർ 573/2016).

X. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ. (പി) നമ്പർ 11/2016/എഫ്& ഡബ്ല്യുഎൽഡി. തീയതി 8-9-2016 (എസ്.ആർ.ഒ. നമ്പർ 593/2016)

XI. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

ജി.ഒ. (പി) നമ്പർ 55/2016/ട്രാൻ. തീയതി 16-8-2016 (എസ്.ആർ.ഒ.നമ്പർ 579/2016).

XII. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

1. ജി.ഒ. (പി) നമ്പർ 83/2016/റ്റിഡി. തീയതി 23-8-2016 (എസ്.ആർ.ഒ. നമ്പർ 568/2016)
2. ജി.ഒ. (പി) നമ്പർ 84/2016/റ്റിഡി. തീയതി 23-8-2016 (എസ്.ആർ.ഒ. നമ്പർ 569/2016)
3. ജി.ഒ. (പി) നമ്പർ 85/2016/റ്റിഡി. തീയതി 6-9-2016 (എസ്.ആർ.ഒ. നമ്പർ 583/2016)
4. ജി.ഒ. (പി) നമ്പർ 86/2016/റ്റിഡി. തീയതി 6-9-2016 (എസ്.ആർ.ഒ. നമ്പർ 584/2016)
5. ജി.ഒ. (പി) നമ്പർ 87/2016/നി.വ. തീയതി 27-9-2016 (എസ്.ആർ.ഒ. നമ്പർ 610/2016)
6. ജി.ഒ. (പി) നമ്പർ 88/2016/റ്റിഡി. തീയതി 29-9-2016 (എസ്.ആർ.ഒ. നമ്പർ 614/2016)
7. ജി.ഒ. (പി) നമ്പർ 89/2016/റ്റിഡി. തീയതി 1-10-2016 (എസ്.ആർ.ഒ. നമ്പർ 619/2016).

XIII. ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

കമാൻറ് ഏരിയ ഡെവലപ്മെൻറ് അതോറിറ്റി (കാഡ)യുടെ 2011-12-ലെ വാർഷിക കണക്കുകൾ ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം.

(2) ലിസ്റ്റ് 2 പ്രകാരം

ചട്ടം 47(2) അനുസരിച്ചുള്ള കടലാസ്സുകൾ

1. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിനഞ്ചാം സമ്മേളനത്തിലെ 2949, പതിനാറാം സമ്മേളനത്തിലെ 2648, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2115, 2188 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

2. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

പതിമൂന്നാം കേരള നിയമസഭയുടെ പതിമൂന്നാം സമ്മേളനത്തിലെ 2254, 2784, 2850, 2853, പതിനാലാം സമ്മേളനത്തിലെ 5229, പതിനഞ്ചാം സമ്മേളനത്തിലെ 1248, 1273, പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 968 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടികളും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റുകളും.

## IX റിപ്പോർട്ട് സമർപ്പണം

(1) സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ റിപ്പോർട്ട്

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(2) ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ റിപ്പോർട്ട്

സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഭക്ഷ്യവും സിവിൽസപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ 2015-16 സാമ്പത്തിക വർഷത്തെ ആനുകാലിക റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

(3) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട്

ശ്രീ. എ. എം. ആരിഫിനുവേണ്ടി (ശ്രീ. ജോർജ് എം. തോമസ്): സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമിതി അദ്ധ്യക്ഷനുവേണ്ടി സമിതിയംഗമായ ഞാൻ സമർപ്പിക്കുന്നു.

(4) ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഒന്ന് മുതൽ നാല് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ചെയർമാനായ ഞാൻ സമിതിയുടെ ഒന്നു മുതൽ നാല് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(5) സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട്

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഒന്നാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

# X ധനകാര്യം

## 2016-17 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഗതാഗത വകുപ്പുമന്ത്രിക്ക് വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്ക് നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കുനേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2016-17 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

12.00 Noon]

| ബഡ്ജറ്റ് എസ്റ്റിമേറ്റ് 2016-17 | | | | | | | | |
|---|---|---|---|---|---|---|---|---|
| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥയുടെ പേര് | 24-2-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 14-7-2016-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| IX | വാഹന നികുതികൾ | 40,03,14,000 | -- | 30,02,35,000 | -- | 50,03,92,000 | -- | 50,03,92,000 |
| XXII | നഗരവികസനം | 439,86,83,000 | 3,33,34,000 | 329,90,13,000 | 2,50,00,000 | 549,83,54,000 | 4,16,67,000 | 554,00,21,000 |
| XXXV | പഞ്ചായത്ത് | 177,12,01,000 | 178,33,34,000 | 132,84,01,000 | 133,75,00,000 | 221,40,01,000 | 222,91,68,000 | 444,31,69,000 |
| XXXVI | ഗ്രാമവികസനം | 1010,38,80,000 | 50,00,000 | 757,79,10,000 | 37,50,000 | 1262,98,50,000 | 62,50,000 | 1263,61,00,000 |
| XLI | ഗതാഗതം | 20,71,62,000 | 139,31,68,000 | 15,53,72,000 | 104,48,76,000 | 25,89,53,000 | 174,14,61,000 | 200,04,14,000 |

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. മാത്യു ടി. തോമസ്</u>) : സർ, ഞാൻ പ്രമേയങ്ങളെ പിന്താങ്ങുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>) : സർ, വാഹന നികുതികൾ, എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയേയും നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയേയും പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയേയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റികളുടെ ശിപാർശകളിന്മേൽ ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

<u>മി. സ്പീക്കർ</u>: അഞ്ച് ധനാഭ്യർത്ഥകളെയും സംബന്ധിച്ച് ചർച്ച ഒന്നിച്ച് നടത്താവുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ IX- വാഹന നികുതികൾ നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (സംസ്ഥാനത്ത് വാഹന നികുതിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ശരിയായ രീതിയിൽ വിനിയോഗിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സ്വകാര്യ വാഹനങ്ങളുടെ നികുതി പരിഷ്കരണം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ഡ്രൈവിംഗ് പരിശീലനത്തിനും ടെസ്റ്റ് നടത്തുന്നതിനും ഗ്രൗണ്ടുകൾ ആവശ്യാനുസരണം ലഭ്യമല്ലാത്തതുമൂലം ഡ്രൈവിംഗ് ടെസ്റ്റ് നടപടികൾക്ക് കാലവിളംബം വരുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>: സർ, വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (അമിത തീവ്രതയുള്ള ഹോൺ ഘടിപ്പിച്ച വാഹനങ്ങളുടെ ലൈസൻസ് തടയുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. <u>ശ്രീ. പി. ഉബൈദുള്ള</u>: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നിയമാനുസൃതമല്ലാത്ത വിധത്തിലുള്ള ബോർഡുകളും നമ്പർ പ്ലേറ്റും പ്രദർശിപ്പിച്ച് സർവ്വീസ് നടത്തുന്ന വാഹന ഉടമകളുടെ പേരിൽ ശിക്ഷാ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ചെക്ക് പോസ്റ്റുകളിൽ മതിയായ സംവിധാനം ഒരുക്കി വാഹന മോഷണങ്ങൾ തടയുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (റീ രജിസ്ട്രേഷൻ ആവശ്യമായ വാഹനങ്ങളുടെ ഉടമകളിൽ നിന്ന് യഥാസമയം ഫീസ് ഈടാക്കി റീ രജിസ്ട്രേഷൻ നടത്താനുള്ള നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. ടി. വി. ഇബ്രാഹിം: സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (മോട്ടോർ വാഹന ചട്ടങ്ങൾ ലംഘിച്ച് നിരത്തിലോടുന്ന വാഹനങ്ങളുടെ ഉടമകൾക്കെതിരെ ഫലപ്രദമായ നിയമനടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**സൂചക വെട്ടിക്കുറയ്ക്കൽ**

വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 50,03,92,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചു.

9. ഡോ. എം. കെ. മുനീർ

**ധനാഭ്യർത്ഥന നമ്പർ XXII-നഗരവികസനം**

**നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ**

1. ശ്രീ. പി. ഉബൈദുള്ള: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവു ചെയ്യേണ്ടതാണ് (മാലിന്യ ശേഖരണം, നിർമ്മാർജ്ജനം എന്നിവ ഫലപ്രദമായി നടപ്പാക്കി നഗരങ്ങൾ മനോഹരമാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിൽ ചേരി നിർമ്മാർജ്ജന പദ്ധതികൾ ഫലപ്രദമായി നടപ്പാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിൽ പൊതു ശൗചാലയങ്ങൾ ആവശ്യാനുസരണം സ്ഥാപിക്കുന്ന കാര്യത്തിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ആവശ്യാനുസരണം വൃത്തിയുള്ള പൊതു ശൗചാലയങ്ങളും വഴിയോരങ്ങളിൽ തുപ്പാൻ മണൽ നിറച്ച ബാരലുകളും സ്ഥാപിക്കാനുള്ള ഉത്തരവാദിത്വം നിറവേറ്റാതെ വഴിയോരത്ത് തുപ്പുന്നവരിൽ നിന്ന് പിഴ ഈടാക്കാൻ നിയമം കൊണ്ടുവന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗര പരിധിക്കുള്ളിൽ അലഞ്ഞു തിരിഞ്ഞ് ജനങ്ങളെ ആക്രമിക്കുന്ന തെരുവു നായ്ക്കളുടെ ശല്യമില്ലാതാക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. <u>ഡോ. എം. കെ. മുനീർ</u>: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്ത് തെരുവ് നായ്ക്കൾ ജനങ്ങളെ കടിച്ച് കൊല്ലുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (അവധി ദിവസങ്ങളിൽ നഗരങ്ങളിൽ നടക്കുന്ന അനധികൃത കെട്ടിട നിർമ്മാണം തടയുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. എം. ഉമ്മർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗരസഭകളിൽ ജനസേവനത്തിന് നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ ജനവിരുദ്ധ നടപടികളും കൈക്കൂലിയും തടയുന്നതിൽ ഭരണസമിതികൾ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗര പ്രദേശങ്ങളിൽ മതിയായ വാഹന പാർക്കിംഗ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീ. ടി. എ. അഹമ്മദ് കബീർ: നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗര വികസനത്തിന്റെ ഭാഗമായി തിരക്കുള്ള ജംഗ്ഷനുകൾ വികസിപ്പിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗരസഭകളിൽ ജനന സർട്ടിഫിക്കറ്റിന് അപേക്ഷ സമർപ്പിച്ചാൽ ആയത് കൃത്യ സമയത്ത് ലഭിക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. ശ്രീ. കെ. മുരളീധരൻ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിൽ PMAY പദ്ധതി പ്രകാരം വീടില്ലാത്തവർക്ക് വീട് നിർമ്മിച്ചു നൽകുവാനുള്ള പദ്ധതി ക്രിയാത്മകമായി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13. ശ്രീ. എ. പി. അനിൽ കുമാർ: സർ, നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നഗരങ്ങളിൽ ഓണത്തിന് മുമ്പ് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

### സൂചക വെട്ടിക്കുറയ്ക്കൽ

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 554,00,21,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചു :

14. ശ്രീ. സി. എഫ്. തോമസ്

### ധനാഭ്യർത്ഥന നമ്പർ XXXV – പഞ്ചായത്ത്
### നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ആധുനിക സംവിധാനത്തോടെയുള്ള അറവുശാലകൾ ഓരോ പഞ്ചായത്തിലും സ്ഥാപിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ഡോ. എം. കെ. മുനീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്ത് പ്രദേശത്തെ

റോഡുവക്കുകളിലും തോട്ടുവക്കുകളിലും മറ്റ് പൊതു സ്ഥലങ്ങളിലും തണൽ മരങ്ങൾ വച്ചുപിടിപ്പിച്ച് മോടികൂട്ടാനും പരിസ്ഥിതി സംരക്ഷണത്തിനും നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (തണ്ണീർത്തടങ്ങൾ സംരക്ഷിച്ച് കുടിവെള്ളവും കൃഷിക്കുവേണ്ട വെള്ളവും സംഭരിച്ച് വിതരണം ചെയ്യുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിൽ തരിശായി കിടക്കുന്ന കൃഷി ഭൂമി ഏറ്റെടുത്ത്, കൃഷി ചെയ്യാൻ സന്നദ്ധരായ ചെറുപ്പക്കാർക്ക് പാട്ടത്തിനു നല്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തു പ്രദേശങ്ങളിലെ നെൽവയലുകൾ നികത്താൻ അധികൃതർ തന്നെ ഒത്താശ ചെയ്യുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. പി. ഉബൈദുള്ള: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്ത് പുറമ്പോക്കുകൾ പൊതു ആവശ്യത്തിന് ഉപയോഗപ്രദമാക്കാതെ കയ്യേറാൻ അവസരമൊരുക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. ടി. വി. ഇബ്രാഹിം: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്തുകളിൽ തെരുവു

നായകളുടെ നിയന്ത്രണ നടപടികൾ കാര്യക്ഷമമല്ലായെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പഞ്ചായത്ത് റോഡുകൾ ഗതാഗത യോഗ്യമാക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പുതുതായി കോർപ്പറേഷനുകളും മുനിസിപ്പാലിറ്റികളും രൂപീകരിക്കുന്നതിന് ആനുപാതികമായി പുതിയ പഞ്ചായത്തുകളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 444,31,69,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചു :

10. ശ്രീ. സി. എഫ്. തോമസ്

## ധനാഭ്യർത്ഥന നമ്പർ XXXVI- ഗ്രാമവികസനം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. വി. ഡി. സതീശൻ: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,61,00,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (PMGSY പദ്ധതി പ്രകാരം ഗ്രാമീണ റോഡുകളുടെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,61,00,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമവികസന വകുപ്പ് വഴി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന റോഡുകൾ പൊട്ടിപ്പൊളിയുന്നതായി പറയപ്പെടുന്ന പ്രശ്നം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,61,00,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമവികസന വകുപ്പിന്റെ പ്രവർത്തനവും വിപുലീകരണവും സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. <u>ശ്രീ. ഹൈബി ഈഡൻ</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,61,00,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംയോജിത നീർത്തട പരിപാലന പരിപാടി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. <u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,61,00,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (തൊഴിലുറപ്പ് പദ്ധതി പ്രകാരം തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. <u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,61,00,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (മഹാത്മാഗാന്ധി ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പാക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 1263,61,00,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു.

7. ഡോ. എം. കെ. മുനീർ
8. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
9. ശ്രീ. പി. കെ. ബഷീർ
10. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
11. ശ്രീ. എൻ. ഷംസുദ്ദീൻ
12. ശ്രീ. പി. ഉബൈദുള്ള
13. ശ്രീ. അബ്ദുൽ ഹമീദ്. പി.
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. സി. എഫ്. തോമസ്

## ധനാഭ്യർത്ഥന നമ്പർ XLI- ഗതാഗതം

## നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ

1. ശ്രീ. അനൂപ് ജേക്കബ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (പൊതുഗതാഗതം കാര്യക്ഷമമാക്കുന്നതിനു വേണ്ടി സ്വീകരിക്കേണ്ട നടപടികളെപ്പറ്റി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

2. ശ്രീ. സണ്ണി ജോസഫ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സംസ്ഥാനത്തിന് ദോഷകരമായിട്ടുള്ള നിർദ്ദിഷ്ട കേന്ദ്ര മോട്ടോർ വെഹിക്കിൾ ആക്ടിനെ എതിർക്കുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

3. ശ്രീ. ടി. എ. അഹമ്മദ് കബീർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (മോട്ടോർ വാഹന വകുപ്പിന്റെ ഓഫീസുകളിൽ പൊതുജനങ്ങൾക്കു ലഭ്യമായ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

4. ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (മദ്യപിച്ച് വാഹനമോടിക്കുന്നവർക്കും അമിത വേഗതക്കാർക്കും കടുത്ത ശിക്ഷ ഉറപ്പാക്കാനും ഇത്തരം തെറ്റിൽനിന്ന് അവരെ പിന്തിരിപ്പിക്കാനും ഇതിനുവേണ്ടി മാത്രം വാഹന ചെക്കിംഗ് ഇടതടവില്ലാതെ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

5. ശ്രീ. അബ്ദുൽ ഹമീദ്. പി.: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ഹെൽമറ്റ് ധരിക്കാതെ ഇരുചക്ര വാഹനം ഓടിക്കുന്ന രോഗികളും പ്രായമായവരുമായ വ്യക്തികളോടുള്ള പോലീസ് നടപടി ലഘൂകരിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

6. ശ്രീ. എൽദോസ് കുന്നപ്പിള്ളി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കാതെ അവരെ ബുദ്ധിമുട്ടിലാക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

7. ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (നവരാത്രി ആഘോഷക്കാലത്തു പോലും പെൻഷൻ നൽകാതെ കെ.എസ്.ആർ.ടി.സി.യിലെ വിരമിച്ച ജീവനക്കാരെ ബുദ്ധിമുട്ടിലാക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

8. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.യിലെ പാസഞ്ചർ ഇതര ഔദ്യോഗിക വാഹനങ്ങൾ ഓടിക്കാൻ യാതൊരു മാനദണ്ഡങ്ങളുമില്ലാതെ സ്ഥിരമായി ഒരേ ഡ്രൈവർമാരെ മാത്രം അനുവദിക്കുന്നതിനാൽ മറ്റുള്ളവർക്ക് ഈ അവസരം നിഷേധിക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

9. ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടറും ഡ്രൈവറും ഒഴികെയുള്ള ഉദ്യോഗസ്ഥരുടെ പഞ്ചിംഗ് സംവിധാനം മാസം തോറും പരിശോധിച്ച് നടപടി സ്വീകരിക്കാതെ സംവിധാനത്തെ പ്രയോഗക്ഷമമല്ലാതാക്കുന്നതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

10. ശ്രീ. എം. വിൻസെന്റ്: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (കെ.യു.ആർ.ടി.സി.യുടെ ലോ ഫ്ലോർ ബസ്സുകൾ റിപ്പയർ ചെയ്യാൻ വേണ്ടത്ര സാങ്കേതിക പരിജ്ഞാനമുള്ള ജീവനക്കാർ ഇല്ലാത്തതുമൂലം ബസ്സുകൾ ഓടിക്കാനാവാതെ വർക്ക് ഷോപ്പുകളിൽ കിടക്കുന്നതിനാൽ യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

11. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ലേലം ചെയ്യുന്ന വാഹനങ്ങളുടെ ഉപയോഗക്ഷമമായ സ്പെയർപാർട്ടുകൾ നീക്കം ചെയ്ത് പുനരുപയോഗിക്കാതെ ലേലം കൊള്ളുന്നവരെ സഹായിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ നയം തിരുത്താൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

12. ഡോ. എം. കെ. മുനീർ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (ബോർഡ് മീറ്റിംഗിന് ഒഴികെ ദിവസേനയുള്ള ചായ സൽക്കാര ചെലവുകൾ കെ.എസ്.ആർ.ടി.സി.-യുടെ ചെലവിൽ നിന്നും പൂർണ്ണമായും ഒഴിവാക്കി കെ.എസ്.ആർ.ടി.സി.-യുടെ നഷ്ടം കുറച്ചുകൊണ്ടുവരാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

13. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ്(നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന് പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

14. ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (സ്വകാര്യ കോൺട്രാക്ടർമാരെ പൂർണ്ണമായും ഒഴിവാക്കി കെ.എസ്.ആർ.ടി.സി.-യിലെ മരാമത്ത് പണികൾ പി.ഡബ്ല്യൂ.ഡി. മുഖാന്തരം ചെയ്യിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന നയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

15. ശ്രീ. പി. ഉബൈദുള്ള: സർ, ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപ ഒരു ഉറുപ്പികയായി കുറവുചെയ്യേണ്ടതാണ് (അമിതവേഗക്കാരെയും മദ്യപിച്ച് വാഹനം ഓടിക്കുന്നവരെയും കണ്ടെത്തുന്നതിന് പ്രഥമ പ്രാധാന്യം നൽകി, ട്രാഫിക് നിയമ ലംഘകരുടെ പട്ടികയിൽ അവരെ ഉൾപ്പെടുത്തുന്നതിനും കടുത്ത ശിക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

## സൂചക വെട്ടിക്കുറയ്ക്കൽ

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 200,04,14,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവുചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗം അവതരിപ്പിച്ചു :

16. ശ്രീ. സി. എഫ്. തോമസ്

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഇന്ന് സഭയിലെ ഏറ്റവും മുതിർന്ന അംഗമായ, ആദരണീയനായ, ശ്രീ. വി. എസ്. അച്യുതാനന്ദൻ അവർകളുടെ പിറന്നാൾ ദിനമായതിനാൽ അദ്ദേഹത്തിന് ഊഷ്മളമായ പിറന്നാൾ ആശംസകൾ അർപ്പിച്ചുകൊണ്ട് ഞാൻ എന്റെ ചർച്ചയിലേക്ക് കടക്കുകയാണ്. ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഇന്ത്യൻ ഭരണഘടനയുടെ 73-74 ഭേദഗതി യിലൂടെയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിലവിൽ വന്നത്. അധികാരവും പണവും താഴെത്തട്ടിലേക്ക് എത്തിച്ചുകൊണ്ട് പ്രാദേശിക ഭരണകൂടങ്ങളുടെ നേതൃത്വത്തിൽ ജനപങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങൾക്ക് ഒരു പുതിയ മാറ്റം കേരളത്തിലുടനീളം ഉണ്ടാക്കി എന്നത് ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. ബഹുമാന്യനായ മുൻമുഖ്യമന്ത്രി ഇ. കെ. നായനാരുടെ നേതൃത്വത്തിലുള്ള സർക്കാർ 1996 മുതൽ 2001 വരെ അധികാരത്തിൽ വന്നപ്പോഴാണ് വികസനത്തിന്റെ പുതിയ കാലഘട്ടമുണ്ടായത്. ആദ്യകാലങ്ങളിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ഒരു പുതിയ സംവിധാനമെന്നുള്ള നിലയിൽ നല്ല രീതിയിലുള്ള ട്രെയിനിംഗ് കൊടുത്തിരുന്നത് 'കില' (കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ) ആണ്. ഇതിന്റെ പ്രവർത്തനങ്ങളുടെ ഫലമായി ആദ്യ അഞ്ച് വർഷംകൊണ്ട് നാട്ടിൽ ഇന്നുവരെ ഉണ്ടായിട്ടില്ലാത്ത തരത്തിലുള്ള വികസന പ്രക്രിയകൾ ഓരോ പഞ്ചായത്ത്-വാർഡ് തലത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞുവെന്നുള്ളത് യാഥാർത്ഥ്യമാണ്. സ്ത്രീശാക്തീകരണത്തിന് ഒരു പുതിയ മാനം തന്നെ കണ്ടെത്താൻ സാധിച്ചു. അന്ന് നായനാർ സർക്കാരിന്റെ കാലത്ത് സ്ത്രീകളെ മുഖ്യധാരയിലേക്കെത്തിക്കാൻ വേണ്ടി സ്ത്രീകളെ സംഘടിപ്പിച്ച്, അയൽക്കൂട്ടങ്ങൾ രൂപീകരിച്ച് സ്ത്രീശക്തി എന്ന പേരിൽ കൂട്ടായ്മകൾ സംഘടിപ്പിച്ച് അവരിലൂടെ കൂടുതൽ സ്വയംപര്യാപ്തതയിലേക്ക് എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയുണ്ടായി. അതാണ് കുടുംബശ്രീയായി മാറിയത്.

ഇന്ന് കുടുംബശ്രീ വലിയൊരു പ്രസ്ഥാനമായി മാറിയിരിക്കുകയാണ്. കേരളത്തിനും ലോകത്തിനും ഏറ്റവും വലിയ മാതൃകയായി പടർന്നുപന്തലിച്ച് എല്ലായിടങ്ങളിലും എത്തിച്ചേർന്ന് സ്ത്രീകൾക്ക് വലിയ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ എല്ലാ അധികാരവും താഴെത്തട്ടിലേക്ക് കൊടുക്കുകയും അർഹമായ രീതിയിൽ ആവശ്യമായ ഫണ്ട് നൽകുകയും ചെയ്തിരുന്നു. എന്നാൽ അതിൽനിന്നും വ്യത്യസ്തമായൊരു സമീപനമാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. -1962 മുതൽ 1979 വരെ പഞ്ചായത്ത് തെരഞ്ഞെടുപ്പ് നടക്കാതിരുന്നത് അതിന്റെ ഒരു ഉദാഹരണമാണ്. 1984-ൽ പഞ്ചായത്ത് ഭരണ സമിതികൾ പിരിച്ചുവിട്ട് 1987 വരെ ഉദ്യോഗസ്ഥ ഭരണം ഏർപ്പെടുത്തുകയുണ്ടായി.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ]

1991-ൽ ജില്ലാ കൗൺസിലുകളെ പിരിച്ചുവിട്ടത് മറ്റൊരു ഉദാഹരണമാണ്. 2001-ൽ ജനകീയാസൂത്രണം അട്ടിമറിച്ച് കേരള വികസന പദ്ധതി കൊണ്ടുവന്നതും കേരളത്തിന് മറക്കാനാവില്ല. അതാണ് ഇക്കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റും ചെയ്തത്. തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നായി തിരിച്ച് മൂന്ന് മന്ത്രിമാരുടെ കീഴിലാക്കി. ആ പ്രവർത്തനത്തിന് ഒരു ഏകോപനമില്ലാതെ പ്രവർത്തനരഹിതമാകുന്ന തരത്തിലേക്ക് കൊണ്ടുപോയതാണ് ഏറ്റവും ഒടുവിലുണ്ടായത്. അതിനുശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് വീണ്ടും അധികാരത്തിൽ വരികയും ചുരുങ്ങിയ നാളുകൾ കൊണ്ട് ഈ പ്രവർത്തനങ്ങളെയെല്ലാം മാറ്റിമറിച്ചുകൊണ്ട് ജനപക്ഷ കാഴ്ചപ്പാടോടുകൂടി ജനങ്ങൾക്ക് അധികാരം നൽകുന്ന തരത്തിൽ ജനകീയാസൂത്രണം വീണ്ടും ഒരു നവകേരളത്തിനുവേണ്ടി ആരംഭിച്ചുകഴിഞ്ഞിരിക്കുന്നുവെന്നുള്ളത് ഏറ്റവും സന്തോഷകരമായ കാര്യമാണ്. വിപുലമായ അധികാരങ്ങളും വിഭവങ്ങളും ഉദ്യോഗസ്ഥ സംവിധാനങ്ങളും പ്രാദേശിക സർക്കാരുകൾക്ക് കൈമാറിക്കൊണ്ടാണ് ഈ സർക്കാർ മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. ബഡ്ജറ്റിലും നയപ്രഖ്യാപനത്തിലുമെല്ലാം പ്രഖ്യാപിച്ച കാര്യങ്ങൾ ഒന്നൊന്നായി നടപ്പിലാക്കിക്കൊണ്ടാണ് ഈ ഗവൺമെന്റ് പോകുന്നത്. ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് എന്നുപറയുന്നൊരു വകുപ്പും ഒരു മന്ത്രിയും അതിനൊരു പ്രിൻസിപ്പൽ സെക്രട്ടറിയുമൊക്കെ ഉള്ളതുകൊണ്ട് അതിന് അതിന്റേതായ മാറ്റങ്ങൾ വേഗത്തിൽ കണ്ടുതുടങ്ങിയിട്ടുണ്ട്. പാവങ്ങൾക്ക് വീട് നിർമ്മിച്ച് നൽകുക, സമ്പൂർണ്ണ പാർപ്പിട പദ്ധതി തുടങ്ങിയവയൊക്കെ ബഡ്ജറ്റിൽ പരാമർശിക്കുന്നുണ്ട്. കഴിഞ്ഞ ഗവൺമെന്റ് സമ്പൂർണ്ണ പാർപ്പിട പദ്ധതി അട്ടിമറിച്ചെങ്കിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് പ്രഖ്യാപിച്ചുകൊണ്ട് മുഴവൻ

ആളുകൾക്കും വീട് നൽകാനുള്ള നടപടികൾ ആരംഭിക്കുകയുണ്ടായി. ബഡ്ജറ്റിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് വലിയ അംഗീകാരം നൽകിക്കൊണ്ടാണ് പരാമർശി ച്ചിരിക്കുന്നത്. 250 കോടിയലധികം രൂപ വകയിരുത്തിക്കൊണ്ടും കുറഞ്ഞ പലിശനിരക്കിൽ സാധനങ്ങൾ കൊടുത്തും വികസനപ്രവർത്തനങ്ങളിൽ പങ്കാളിയാക്കിയും കുടുംബശ്രീയെ കൂടുതൽ ശക്തമാക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്തു. അതിന്റെ ഭാഗമായി കുടിശ്ശികയുണ്ടായിരുന്ന ക്ഷേമപെൻഷനുകൾ മുഴുവൻ പേർക്കും കൃത്യമായി നൽകാൻ സർക്കാർ തീരുമാനിക്കുകയും അതിന്റെ സർവ്വേ നടത്താനുള്ള അധികാരവും ചുമതലയും കുടുംബശ്രീയെ ഏൽപ്പിച്ചുകൊണ്ട് വളരെ വേഗത്തിൽ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. പെൻഷൻ ലഭിക്കാതെ മാസങ്ങളായി കഷ്ടപ്പെടുന്നവർക്ക് പെൻഷൻ നൽകാനും കുടുംബശ്രീയെ അതിന്റെ ഭാഗമാക്കാനും ഉപയോഗപ്പെടുത്താനും സാധിച്ചുവെന്നുള്ളത് നല്ല കാര്യമായാണ് കാണുന്നത്. കുടുംബശ്രീയെ ഏറ്റവും കൂടുതൽ തകിടം മറിച്ച ഒരു സർക്കാരായിരുന്നു കഴിഞ്ഞ സർക്കാർ. അത് എന്നും അങ്ങനെതന്നെയാണ്. ഒരു പാർട്ടിയുടെ ഭാഗമായി ജനശ്രീ മിഷൻ എന്ന ഒരു പാരലൽ സംവിധാനമുണ്ടാക്കി 14 കോടി രൂപ സബ്സിഡി കൊടുത്ത വാർത്തകളും അതുസംബന്ധിച്ചുണ്ടായ രാപ്പകൽ സമരങ്ങളും അവസാനം ഗവൺമെന്റിന് കീഴടങ്ങേണ്ടി വന്നതുമൊക്കെ നമുക്കറിയാം. അതിൽനിന്ന് വ്യത്യസ്തമായ നടപടികളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത് എന്നുള്ളത് വളരെ സന്തോഷത്തോടു കൂടിയാണ് ഓർക്കുന്നത്. മറ്റൊന്ന് ഇപ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ജനങ്ങൾക്ക് സേവനം നൽകുന്നതിന്റെ ഭാഗമായി കൂടുതൽ മെച്ചപ്പെട്ട നിലയിലാണ് പ്രവർത്തിക്കുന്നത്. കുടുംബശ്രീയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞിരുന്നു, 'പൊലിവ്' പദ്ധതിയിലൂടെ കൂടുതൽ പച്ചക്കറി ഉല്പാദനം നടത്തിയതെല്ലാം ഇതിന് ഉദാഹരണമാണ്. അതുപോലെ കേരളത്തെ ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കുന്നത് ഏറ്റവും ശ്രദ്ധേയമായ കാര്യമാണ്. നവംബർ ഒന്നാം തീയതി കേരളത്തെ രാജ്യത്തെ ആദ്യത്തെ പൂർണ്ണ വെളിയിട വിസർജ്ജന വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുകയാണ്. എന്റെ മണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളും ഒ.ഡി.എഫ്. ആക്കിയിട്ടുണ്ട്. ഇനി ഒരു മുനിസിപ്പാലിറ്റി മാത്രമേ ഒ.ഡി.എഫ്. ആക്കാനുള്ളൂ. അവർക്ക് മാർച്ച് 31 വരെ സമയം നൽകിയിട്ടുണ്ട്. എന്നാലും അവർ നവംബർ 1-നുമുമ്പ് അത് പൂർത്തീകരിക്കും. ഇത് ഒരു വലിയ മാറ്റം തന്നെയാണ്. മറ്റൊന്ന്, സമ്പൂർണ്ണ പാർപ്പിട പദ്ധതി നടപ്പാക്കാനും തൊഴിലുറപ്പ് പദ്ധതി കൂടുതൽ ശക്തിപ്പെടുത്താനും പോകുകയാണ്. ചുരുങ്ങിയ സമയം കൊണ്ടുതന്നെ അക്കാര്യത്തിൽ വലിയൊരു ഇടപെടൽ നടത്തിയിട്ടുണ്ട്. ഈ ഗവൺമെന്റ് വളരെ ശക്തമായ ഇടപെടൽ സമസ്ത മേഖലകളിലും നടത്തുമ്പോഴും

പദ്ധതികൾ കുറച്ചുകൂടി കാര്യക്ഷമമാക്കാനും ജനകീയമാക്കാനും കഴിയുന്ന ട്രെയിനിംഗുകൾകൂടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൊടുക്കേണ്ടതായിട്ടുണ്ട്. ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഞാൻ മീറ്റിംഗ് വിളിച്ചുകൂട്ടിയപ്പോൾ പലർക്കും ഇതുസംബന്ധിച്ച് എന്താണ് ചെയ്യേണ്ടതെന്നറിയില്ല. ഞാൻ നല്ല മാർഗ്ഗങ്ങൾ പറഞ്ഞുകൊടുത്തു. സന്നദ്ധ സംഘടനകളുടെയും കുടുംബശ്രീയുടെയും മനുഷ്യത്വമുള്ള ആളുകളുടെയും പ്രവർത്തനത്തിലൂടെ ജനകീയ അംഗീകാരത്തോടെയാണ് ഈ പദ്ധതി നടപ്പാക്കിയത്. അതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പൂർണ്ണമായും ശുചിത്വം ഉറപ്പാക്കുന്ന തരത്തിൽ 'ക്ലീൻ കേരള' എന്ന സങ്കല്പത്തിലേക്ക് എത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വകുപ്പുമന്ത്രിയും ഇക്കാര്യങ്ങളിലെല്ലാം വളരെയേറെ ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. റോഡുകൾ പലപ്പോഴും കാടുപിടിച്ച് കാണപ്പെടുന്നുണ്ട്. റോഡുകളുടെ വശങ്ങളിലുള്ള കാടുകൾ വെട്ടി നിർത്തിയാൽ വേനൽക്കാലത്ത് പൊടി പറക്കാതിരിക്കുന്നതോടൊപ്പം റോഡുകൾക്ക് നല്ല ഭംഗിയുമുണ്ടാകും. അങ്ങനെ റോഡുകൾ മാലിന്യമുക്തമാക്കാനും ഭംഗിയുള്ളതാക്കാനും സാധിക്കും. അതുപോലെ സ്ഥലപരാസൂത്രണത്തിലൂടെതന്നെ പദ്ധതികൾ പ്ലാൻ ചെയ്യേണ്ടതായിട്ടുണ്ട്. ഓരോ സ്ഥലത്തിനും യോജിക്കുന്ന രീതിയിലുള്ള പദ്ധതികളാണ് നടപ്പാക്കേണ്ടത്. കൊല്ലം ജില്ലാ പഞ്ചായത്ത് അതിന് നല്ലൊരു മാതൃകയുണ്ടാക്കിയിട്ടുണ്ട്. പക്ഷേ അത് ഫലപ്രാപ്തിയിലേയ്ക്ക് കൊണ്ടുവരണം. ആവശ്യമുള്ള സ്ഥലത്ത് എന്താണോ വേണ്ടത് അത് ദീർഘവീക്ഷണത്തോടെ 25 വർഷം മുന്നിൽകണ്ടുകൊണ്ടുള്ള പദ്ധതികൾ തയ്യാറാക്കാനുള്ള ഗൈഡൻസ് എല്ലാ ത്രിതല പഞ്ചായത്തുകൾക്കും കൊടുക്കേണ്ടതായിട്ടുണ്ട്. അങ്ങനെ വന്നാൽ വലിയൊരു മാറ്റം നമുക്കുണ്ടാക്കിയെടുക്കാൻ സാധിക്കുമെന്നുള്ളതിൽ സംശയമില്ല. അതുപോലെ പഞ്ചായത്തിന്റെ അധീനതയിലുള്ള തോടുകൾ, ആറുകൾ എല്ലാം കയ്യേറിയിരിക്കുകയാണ്. കൊട്ടാരക്കര മണ്ഡലത്തിൽ പുലമൺതോടിന്റെ വശങ്ങൾ റോഡുവരെ കയ്യേറി കേസായിരിക്കുന്ന അവസ്ഥയുണ്ട്. ഇത്തരം കയ്യേറ്റങ്ങൾ ഒഴിവാക്കാനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചാൽ ട്രാഫിക് ജാം ഒഴിവാക്കി റോഡുകൾ കൂടുതൽ മെച്ചപ്പെടുത്താൻ സാധിക്കും. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇത്തരം കാര്യങ്ങളിൽ കുറെക്കൂടി ജാഗ്രത പുലർത്താനാവശ്യമായ നടപടികൾ സ്വീകരിക്കണം. മറ്റൊന്ന്, പുതുതായി രൂപവൽക്കരിച്ച നഗരസഭകളെ സംബന്ധിച്ചാണ്. എന്റെ മണ്ഡലത്തിൽ കൊട്ടാരക്കര നഗരസഭയായി മാറിയിട്ടുണ്ട്. എന്നാൽ നഗരസഭയ്ക്ക് അതിന്റേതായ ബാലാരിഷ്ടതകളുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ സ്റ്റാഫിനെ പോസ്റ്റ് ചെയ്യാനുള്ള നടപടികളെടുത്തുവെങ്കിലും അതിനൊരു മുന്നോക്കം വരുന്നില്ല. അവിടെ

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി അടിയന്തരമായി നടപ്പാക്കാനുള്ള നടപടികൾകൂടി സ്വീകരിക്കണം. അതുപോലെ അവരുടെ പദ്ധതികൾ വളരെ ഭംഗിയായി നടപ്പിലാക്കാനാവശ്യമായ ഫണ്ട് വേഗത്തിൽ കൊടുത്തുകൊണ്ട് അവർക്ക് ആവശ്യമായ സഹായങ്ങൾ ചെയ്യണം. സ്റ്റാഫിനെ പോസ്റ്റ് ചെയ്തെങ്കിലും അവർ അവിടെ എത്തിയിട്ടില്ല. എഫിഷ്യന്റായിട്ടുള്ള സെക്രട്ടറിമാരെയും സ്റ്റാഫിനെയും പോസ്റ്റ് ചെയ്തുകൊണ്ട് ആ മുനിസിപ്പാലിറ്റിയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികൾകൂടി സ്വീകരിക്കണം. മറ്റൊരു കാര്യം, അധികാര വികേന്ദ്രീകരണത്തിന് കടയ്ക്കൽ കത്തിവച്ചുകൊണ്ട് പുതിയ മോദി ഗവൺമെന്റ് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നത് നമ്മൾ വളരെ ശ്രദ്ധയോടെ കാണേണ്ടതാണ്. സർക്കാർ പഞ്ചായത്തീരാജ് മന്ത്രാലയം നിർത്തലാക്കാൻ പോകുന്നു എന്ന വാർത്ത ഹിന്ദു ദിനപ്പത്രത്തിൽ ജൂൺ 29-ന് റിപ്പോർട്ട് ചെയ്തത് നമ്മളെല്ലാം വായിച്ചിട്ടുള്ളതാണ്. ഇത് കേന്ദ്ര സർക്കാരിന്റെ ആ വിഷയത്തോടുള്ള നയ സമീപനമായിത്തന്നെ കാണാം. ഇത് വേഗത്തിലെടുത്ത തീരുമാനമൊന്നുമല്ല. 2015-16 സാമ്പത്തിക വർഷത്തെ കേന്ദ്ര ബഡ്ജറ്റിൽ ധനമന്ത്രി അരുൺ ജയ്റ്റ്ലി പഞ്ചായത്തീരാജ് മന്ത്രാലയത്തിലെ ബഡ്ജറ്റിൽ വമ്പിച്ച വെട്ടിക്കുറവ് വരുത്തിയത് നമുക്കറിയാം. അതിന്റെ ഫലമായി വകുപ്പിന്റെ കീഴിലുള്ള രണ്ട് വൻകിട പദ്ധതികളായ പിന്നോക്ക മേഖലാ ഗ്രാന്റ് ഫണ്ടും രാജീവ് ഗാന്ധി ശാക്തീകരണ പദ്ധതിയും ഷട്ടറിട്ടു. കേന്ദ്ര സർക്കാരിന്റെ ഈ രഹസ്യ നീക്കത്തിനെതിരെ ചെറുത്തുനിന്നത് അന്നത്തെ വകുപ്പുസെക്രട്ടറിയും ഇന്നത്തെ നമ്മുടെ ചീഫ് സെക്രട്ടറിയുമായ ഡോ. എസ്. എം. വിജയാനന്ദ് മാത്രമാണെന്നുള്ളത് നമുക്കൊരു ആശാകിരണമാണ് എന്നത് പറയാതിരിക്കാനാവില്ല. അദ്ദേഹത്തിന്റെ ശ്രമഫലമായി ആർ.ജി.പി.എസ്.എ., രാഷ്ട്രീയ ഗ്രാം സ്വരാജ് അഭിയാൻ എന്ന പേരിൽ പുനരാരംഭിച്ചു എന്ന കാര്യം സന്തോഷമുള്ളതാണ്. 2016-17-ലെ ബഡ്ജറ്റ് വിഹിതം 655 കോടി രൂപയാക്കിയത് നമുക്ക് ചെറിയൊരാശ്വാസം നൽകുന്നു. പഞ്ചായത്തു വകുപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർത്തുകയാണ്. ബാക്കി എനിക്ക് ശേഷമുള്ളവർ സംസാരിക്കും.

കെ.എസ്.ആർ.ടി.സി.-യുടെ ഏറ്റവും പ്രധാനപ്പെട്ട ഒരു ഡിപ്പോയാണ് കൊട്ടാരക്കര. കൊട്ടാരക്കര ഡിപ്പോയെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഏറ്റവും കൂടുതൽ അവഗണിച്ചിട്ടുണ്ട് എന്നത് വേദനയോടെ ഓർക്കുന്ന ഒരാളാണ് ഞാൻ. ഞങ്ങളുടെ 9 ബസ്സുകൾ ഒറ്റയടിക്ക് നിർത്തലാക്കിയപ്പോൾ അത് തിരിച്ചുതരുമോ എന്ന് അന്ന് പ്രതിപക്ഷത്തിരുന്നുകൊണ്ട് ഞാൻ ചോദിച്ചപ്പോൾ അന്നത്തെ ഗതാഗത വകുപ്പുമന്ത്രി എന്നോട് ദേഷ്യപ്പെട്ടത് ഞാൻ ഓർക്കുന്നു. 74 ഷെഡ്യൂളുകൾ മാത്രം ഓപ്പറേറ്റ് ചെയ്തിരുന്ന കൊട്ടാരക്കര ഡിപ്പോയിൽ 2006-ൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി

ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ 128 ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ തക്കവണ്ണമുള്ള എല്ലാ സൗകര്യങ്ങളും നൽകി. അവിടെ സ്വന്തമായി വരുമാനമുണ്ടാക്കാൻ ഷോപ്പിംഗ് കോംപ്ലക്സ് നൽകി. കേരളത്തിൽ കെ.എസ്.ആർ.ടി.സി. നഷ്ടം വരാതെ സ്വന്തമായി നടപ്പാക്കിയ ഒരു കെ.എസ്.ആർ.ടി.സി. കോംപ്ലക്സ് അവിടെയുണ്ട്. പക്ഷേ അതിനൊരുപാട് പരിമിതികളുണ്ട്. അതിനോട് ചേർന്ന് ചതുപ്പായ കുറെ സ്ഥലമുണ്ട്. കിഫ്ബിയിൽ നിന്നോ മറ്റോ പൈസയുണ്ടാക്കി അതുകൂടി അക്വയർ ചെയ്ത് ഡെവലപ് ചെയ്താൽ വൻതോതിലുള്ള വരുമാനം കെ.എസ്.ആർ.ടി.സി.-ക്ക് നേടിയെടുക്കാൻ സാധിക്കും. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ ധാരാളം കാര്യങ്ങൾ ചെയ്യാൻ സാധിക്കും. ബഹുമാനപ്പെട്ട മന്ത്രി അധികാരത്തിൽ വന്നപ്പോൾത്തന്നെ ഗ്രീൻ ട്രിബ്യൂണലിന്റെ വിധിയുമായി ബന്ധപ്പെട്ട് വലിയ പ്രതിസന്ധി നേരിട്ടു. അക്കാര്യത്തിലെല്ലാം സഡൻ ആക്ഷൻ എടുത്തു എന്നത് വളരെ സന്തോഷമുള്ള കാര്യമാണ്. കെ.എസ്.ആർ.ടി.സി.-ക്ക് 300 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്താൻ സാധിച്ചു. സി.എൻ.ജി ഇന്ധനമായി പ്രവർത്തിക്കുന്ന വാഹനങ്ങൾ ഇറക്കുന്നതിന് പ്രത്യേക വായ്പാ പദ്ധതി അനുവദിച്ചുകിട്ടി. എൽ.എൻ.ജി. ഇന്ധനമുപയോഗിച്ചുള്ള വാഹനങ്ങൾ ഓടിക്കുന്നതിന് ചട്ടത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് കേന്ദ്ര സർക്കാരിന് നിവേദനം നൽകി. ഇതൊക്കെ ചുരുങ്ങിയ കാലം കൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റ് ചെയ്തു എന്നുള്ളത് വളരെ സന്തോഷമുള്ള കാര്യമാണ്. മോട്ടോർ വാഹന വകുപ്പ് അഴിമതി വിമുക്തമാക്കാൻ ഇ-ഗവേർണൻസ് സംവിധാനം ഊർജ്ജിതപ്പെടുത്തി. റോഡ് സേഫ്റ്റി ബില്ലിലെയും കേന്ദ്ര മോട്ടോർ വാഹന ഭേദഗതി ബില്ലിലെയും പൊതുതാല്പര്യ വിരുദ്ധ വ്യവസ്ഥകൾക്കെതിരെ പ്രധാനമന്ത്രിക്കും കേന്ദ്ര മന്ത്രിമാർക്കും നിവേദനം നൽകി. ആ ആക്ട് വന്നാൽ കേരളത്തിൽ കെ.എസ്.ആർ.ടി.സി. എന്നല്ല ഒരു പൊതുമേഖലാ സ്ഥാപനവും ഉണ്ടാവുകയില്ല എന്നുള്ളത് നിശ്ചയമാണ്. ഏത് മനുഷ്യനും എവിടെയും വണ്ടി ഓടിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകും. അതിന് നല്ല ഇടപെടൽ നടത്തിയിട്ടുണ്ട്. 143 കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഇറക്കി. വാങ്ങിയിട്ട് ഓടാതെയിട്ടിരുന്ന സ്കാനിയ ബസ്സുകൾ എല്ലാ തടസ്സങ്ങളും മാറ്റി ഓടിക്കാനുള്ള നടപടി സ്വീകരിച്ചു. ഇങ്ങനെ നിരവധി പ്രവർത്തനങ്ങൾ ചുരുങ്ങിയ കാലയളവിനുള്ളിൽ നടപ്പാക്കിയ എല്ലാ മന്ത്രിമാരെയും അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. ഹൈബി ഈഡൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ ശക്തമായി എതിർക്കുകയാണ്. നഗരാസൂത്രണത്തിന് വലിയ പ്രാധാന്യം ഉൾക്കൊള്ളുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ ജീവിക്കുന്നത്. കൊച്ചി, കേരളത്തിലെ ഏറ്റവും

വേഗത്തിൽ വളരുന്ന ഒരു നഗരമാണ്. ഇൻഡ്യയിലെ 'second fastest growing city ebonization at its peak' എന്നുവേണമെങ്കിൽ ഇംഗ്ലീഷിൽ വിശേഷിപ്പിക്കാം. കേന്ദ്ര ഗവൺമെന്റ് 1000 കോടി രൂപ നൽകുന്ന സ്മാർട്ട് സിറ്റി പദ്ധതിയിൽ ആദ്യ ഘട്ടത്തിൽ 20 നഗരങ്ങൾ ഏറ്റെടുത്തതിൽ അഞ്ചാമത്തെ സ്ഥാനം കൊച്ചി വഹിക്കുകയാണ്. തിരുവനന്തപുരം രണ്ടാമത്തെ ഘട്ടത്തിൽ വന്നിരിക്കുകയാണ്. ഒരു ഇന്റഗ്രേറ്റഡ് അപ്രോച്ച് ടൗൺ പ്ലാനിംഗുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ടിയിരിക്കുന്നു. അതിൽ കൊച്ചിയാണെങ്കിലും തിരുവനന്തപുരമാണെങ്കിലും കോഴിക്കോടാണെങ്കിലുമെല്ലാം ആ നഗരത്തിന്റെ എല്ലാ പരമ്പരാഗത ശൈലികളും ഉൾക്കൊണ്ടുകൊണ്ട് ആ ഹെറിറ്റേജ് ഫാബ്രിക് നിലനിർത്തിക്കൊണ്ടുതന്നെ നമുക്ക് ആസൂത്രണം ചെയ്യാൻ സാധിക്കും. ആസൂത്രണം എന്നുപറയുന്നത് അടുത്ത 50 വർഷത്തെ മുൻനിർത്തിക്കൊണ്ടുള്ള ആസൂത്രണമായിരിക്കണം. നമുക്കറിയാം zoning regulation വളരെ പ്രധാനപ്പെട്ട ഒന്നാണ്. നമ്മുടെ മാസ്റ്റർ പ്ലാൻ എന്നുപറയുന്നത് കുറേ നാളുകളായി ചർച്ച ചെയ്യപ്പെടുന്ന ഒന്നാണ്. 1920-ലെ മദ്രാസ് ടൗൺ പ്ലാനിംഗ് ആക്ടും മലയാള മാസം 1108-ലെ ട്രാവൻകൂർ പ്ലാനിംഗ് ആക്ടും ചേർന്ന് 1976-ൽ ഗ്രേറ്റർ കൊച്ചിൻ ഡെവലപ്പ്മെന്റ് അതോറിറ്റി രൂപീകൃതമായതിനു ശേഷമുള്ള സ്ട്രക്ചറൽ പ്ലാനാണ് ഇന്ന് കൊച്ചിക്കുവേണ്ടി നിലനിൽക്കുന്നത്. ഈ zoning regulation-ഉമായി ബന്ധപ്പെട്ട് പഞ്ചായത്തുകളുമായും തദ്ദേശ സ്ഥാപനങ്ങളുമായും ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ട്. അമൃത ഹോസ്പിറ്റൽ അടങ്ങുന്ന ഇടപ്പള്ളി പ്രദേശം ഒരു Industrial Zone ആയിരിക്കുകയാണെന്ന് നമുക്കറിയാം. ഇപ്പോൾ പനമ്പിള്ളി നഗർ, വളരെ പ്രധാനപ്പെട്ട ഒരു വാണിജ്യ കേന്ദ്രമായി മാറിക്കൊണ്ടിരിക്കുകയാണ്. ധാരാളം food chain-ഉം boutique-ഉം ഉള്ള ആ പ്രദേശം Residentail Zone-ൽ കിടക്കുകയാണ്. അതുസംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുകയാണ്. ഇടക്കൊച്ചി മുതൽ തോപ്പുംപടിവരെയുള്ള പ്രദേശം Industrial Zone-ൽ കിടക്കുകയാണ്. ധാരാളം സാധാരണക്കാർ അധിവസിക്കുന്ന ഒരു കേന്ദ്രമാണിത്. ഈ irregularities ഒക്കെ മാസ്റ്റർ പ്ലാൻ നടപ്പാക്കിയെങ്കിൽ മാത്രമേ ഇല്ലാതാക്കാനും മുന്നോട്ടുള്ള നമ്മുടെ ലക്ഷ്യം കൈവരിക്കാനും സാധിക്കുകയുള്ളൂ. The state of the art transportation സംവിധാനം, കൊച്ചി മെട്രോ റെയിൽ എന്നിവ യാഥാർത്ഥ്യമായി. തിരുവനന്തപുരത്തും കോഴിക്കോടും ലൈറ്റ് മെട്രോയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ഒരു പുതിയ തൊഴിൽ സംസ്കാരവും വികസന സംസ്കാരവും കേരളത്തിന്റെ പൊതു സമൂഹത്തിൽ നിരത്തുമ്പോൾ ഡോ. ഇ. ശ്രീധരൻ അടക്കമുള്ള ആളുകൾ ചൂണ്ടിക്കാണിച്ച വളരെ പ്രധാനപ്പെട്ട ഒരു കാര്യം, നമുക്ക് ആധുനിക സ്കാനറുകളടക്കം ഉണ്ടായിട്ടുപോലും കൊച്ചി മെട്രോയുടെ വേഗത കുറയാനുള്ള കാരണം റോഡുകളുടെ അടിയിൽക്കൂടി

പോകുന്ന പൈപ്പ്ലൈനുകൾ, ബി.എസ്.എൻ.എൽ., കെ.എസ്.ഇ.ബി. എന്നിവയുടെ കേബിളുകൾ, വിവിധ സ്വകാര്യ ടെലികോം കമ്പനികളുടെ കേബിളുകൾ ഇവയൊന്നും കണ്ടുപിടിക്കാനുള്ള സംവിധാനമില്ല എന്നതാണ്. പല സ്ഥലത്തും പൈലിംഗ് നടത്തുമ്പോൾ പൈപ്പ് പൊട്ടുന്ന സ്ഥിതിവിശേഷമുണ്ടാകുന്നു. കേരള വാട്ടർ അതോറിറ്റി അവ റിപ്പെയർ ചെയ്യാനെടുക്കുന്ന സമയമെല്ലാം ഈ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുകയാണ്. ആധുനിക നഗരത്തിന് അത്യന്താപേക്ഷിതമായി വേണ്ടത് പുതിയ സംവിധാനത്തിലെ കേബിൾ ഡക്ടുകളാണ്. ഈ ഡക്ടിലൂടെ എല്ലാ കേബിളുകളും ലീസൗട്ട് ചെയ്യാൻ സാധിക്കും. ബഹുമാന്യനായ പി.ഡബ്ല്യു.ഡി. വകുപ്പുമന്ത്രി ഇവിടെ രാവിലെ സൂചിപ്പിച്ചതുപോലെ, ഈ കേബിൾ ഡക്ടുകളുണ്ടെങ്കിൽ ഒരു പരിധിവരെ റോഡ് കുഴിക്കുന്നത് അവസാനിപ്പിച്ചുകൊണ്ട് സ്വകാര്യ കേബിളുകളാണെങ്കിൽപ്പോലും ലീസൗട്ട് ചെയ്യാൻ പറ്റുന്ന ഒരു സംവിധാനമുണ്ട്. അതിനെക്കുറിച്ച് വളരെ ഗൗരവത്തോടുകൂടി ആലോചിക്കേണ്ടിയിരിക്കുന്നു. ആദ്യത്തെ മൾട്ടി മോഡൽ ട്രാൻസ്പോർട്ടേഷൻ സിസ്റ്റം - ഇൻഡ്യയിലെ ഏറ്റവും സവിശേഷകരമായ ഒരു മെട്രോ റെയിലാണ് കൊച്ചി മെട്രോ റെയിൽ. കാരണം, റോഡും ട്രെയിനും ജലഗതാഗതവുമടക്കമുള്ള മൂന്ന് പ്രധാനപ്പെട്ട ഗതാഗതം ഒരേ ടിക്കറ്റിൽ സിംഗിൾ മോഡൽ ട്രാൻസ്പോർട്ടേഷൻ സിസ്റ്റംവഴി, ഒരു ടിക്കറ്റെടുത്താൽ ഈ മൂന്നിലും യാത്രചെയ്യാൻ കഴിയുന്ന ഒരു സംവിധാനം ഇൻഡ്യയിൽ തന്നെ ആദ്യമായി വന്നിരിക്കുകയാണ്. അതെല്ലാം ഫലപ്രദമായി നമുക്ക് വിനിയോഗിക്കാൻ സാധിക്കണം. പാരിസ്ഥിതിക പ്രാധാന്യമുള്ള സ്ഥലം, കൊച്ചി എന്നുപറയുന്നത് ഒരു മീറ്റർ below sea level ആയതുകൊണ്ടുതന്നെ പാരിസ്ഥിതിക വിഷയങ്ങൾ ശ്രദ്ധിച്ചുകൊണ്ടുവേണം മുന്നോട്ടുപോകാനുള്ളത്. ആയിരം കോടി രൂപയാണ് സ്മാർട്ട് സിറ്റി മിഷന് അനുവദിച്ചിരിക്കുന്നത്. അതിന്റെ 20 ശതമാനം യു.എൽ.ബി. ഷെയർ കൊച്ചി നഗരസഭ കൊടുക്കേണ്ടിയിരിക്കുന്നു. കൊച്ചി നഗരസഭയ്ക്ക് അത് കൊടുക്കാനുള്ള യാതൊരുവിധ നടപടിയും ഉണ്ടാകുമെന്ന് ഞാൻ കരുതുന്നില്ല. അതുകൊണ്ടുതന്നെ സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലുമൊരു പദ്ധതിയുടെ ഭാഗമായി യു.എൽ.ബി. ഷെയർ കൊടുക്കാൻ മുന്നോട്ടുവരണം. സിവറേജ് വളരെ പ്രധാനപ്പെട്ട ഒന്നാണ്. ഭരണഘടനയുടെ പന്ത്രണ്ടാം ഷെഡ്യൂളിൽ ടൗൺ പ്ലാനിംഗിനേയും ബിൽഡിംഗ് റെഗുലേഷനെയും കുറിച്ചാണ് പറയുന്നത്. എല്ലാ നഗരസഭകളിലും ഒരു ഹെൽത്ത് ഓഫീസർ-ഒരു ഡോക്ടർ തസ്തിക വേണം. 200 - ഓളം വാഹനങ്ങളുള്ള നഗരസഭയ്ക്ക് ഒരു മെക്കാനിക്കൽ എഞ്ചിനീയർ ഇല്ല. സിവിൽ എഞ്ചിനീയർ മാത്രമേയുള്ളൂ. 45000-നു മുകളിൽ സ്ട്രീറ്റ് ലൈറ്റുള്ള നഗരസഭയ്ക്ക് ഒരു ഇലക്ട്രിക്കൽ എഞ്ചിനീയറില്ല. 3 കോടി രൂപ എല്ലാ മാസവും ഇലക്ട്രിസിറ്റി ബില്ലായി അടയ്ക്കുന്ന സ്ഥാപനത്തിന്റെ

ഒരു ദയനീയ അവസ്ഥയാണ്. അതുപോലെതന്നെ ടെക്നിക്കൽ പരിജ്ഞാനമുള്ള ആളുകൾ ഈ തസ്തികകളിലേക്ക് വന്നാൽ മാത്രമേ നമുക്കിത് പരിഹരിക്കാൻ സാധിക്കുകയുള്ളൂ. ത്രി എഫ്- ഫംഗ്ഷൻസ്, ഫങ്ഷണറീസ്, ഫിനാൻസ് എന്നിവ വളരെ പ്രധാനപ്പെട്ട കാര്യമാണ്. സോഷ്യൽ വെൽഫെയർ രംഗത്ത് പെൻഷൻ നൽകുന്നതടക്കം ഒരുപാട് നമ്മൾ മുന്നോട്ടുപോയിട്ടുണ്ട്. എന്നാലും ഒരു ഗസറ്റഡ് റാങ്കിലുള്ള സോഷ്യൽ വെൽഫെയർ ഓഫീസറില്ല എന്നുള്ളത് അത്യന്തം ദൗർഭാഗ്യകരമാണ്. സെൻട്രൽ ഗവൺമെന്റിന്റെ ധാരാളം സ്കീമുകൾ, യു.പി.എ. ഗവൺമെന്റിരുന്നപ്പോൾ 'രാജീവ് ആവാസ് യോജന' ആയിരുന്നുവെങ്കിൽ ഇന്ന് പേര് മാറ്റി 'പ്രൈം മിനിസ്റ്റേഴ്സ് ആവാസ് യോജന'യായി വന്നിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിൽ ഏറ്റവും കാലതാമസം വരുന്നത് നമ്മുടെ കൺസ്ട്രക്ഷൻ മേഖലയിലാണ്. ആ കൺസ്ട്രക്ഷന് ആധുനികമായ രീതിയിൽ ഇന്ന് പ്രീഫാബ് ചെയ്ത മെറ്റീരിയൽസ് ഉപയോഗിക്കാൻ സാധിക്കും. ജിപ്സം ബോർഡ് ഉപയോഗിച്ച മെറ്റീരിയൽസും ഉപയോഗിക്കാൻ സാധിക്കും. FACT-ന്റെ ക്വാർട്ടേഴ്സാണെങ്കിലും ചെന്നൈ ഐ.ഐ.ടി.-യുടെ സ്റ്റാഫ് ക്വാർട്ടേഴ്സാണെങ്കിലും നിർമ്മിച്ചിട്ടുള്ളത് ഈ ടെക്നോളജി ഉപയോഗിച്ചാണ്. നാലിലൊന്ന് ശതമാനം സമയംകൊണ്ട് ഈ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുന്നുവെന്നുള്ളത് ശ്രദ്ധേയമായ ഒരു കാര്യമാണ്. നഗര വികസനത്തിലും ഗ്രാമീണ വികസനത്തിലും വളരെ പ്രധാനപ്പെട്ടതാണ് CRZ-മായി ബന്ധപ്പെട്ട വിഷയങ്ങൾ. മത്സ്യത്തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശത്ത് ഇന്ന് Coastal Zone-ന് യാതൊരുവിധ ഇൻഫ്രാസ്ട്രക്ചറും ഇല്ല. ഫയലുകൾ തിരുവനന്തപുരത്ത് കെട്ടിക്കിടക്കുകയാണ്. ആയിരക്കണക്കിന് സാധാരണക്കാരുടെ വീട് മെയിന്റനൻസ്പോലും ചെയ്യാൻ സാധിക്കാത്ത സന്ദർഭം ഇന്ന് നിലവിലുണ്ട്. നമ്മൾ എല്ലാ നിയമ കാര്യങ്ങൾക്കുവേണ്ടിയും കോടതിയിൽ പോകുന്നുണ്ട്. എന്റെ നിയോജകമണ്ഡലത്തിലാണ് ഹൈക്കോടതി സ്ഥിതി ചെയ്യുന്നത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ, ആ കെട്ടിടത്തിന് യാതൊരുവിധ സാങ്ഷനുമില്ലാത്തതാണ്. കേരള ഹൈക്കോടതിയുടെ 9 നില കെട്ടിടത്തിന്റെ പ്ലാൻ കൊച്ചി നഗരസഭയിൽ പാസ്സാക്കിയിട്ടില്ല. കൊച്ചി നഗരസഭയുടെ അനുമതിയോ ബിൽഡിംഗ് പെർമിറ്റോ ഇല്ല. അവിടെ ഫയർ ആന്റ് സേഫ്റ്റി ഡിപ്പാർട്ടുമെന്റിന്റെ യാതൊരുവിധ റെഗുലേഷനും പാലിക്കുകയോ എൻ.ഒ.സി. ലഭിക്കുകയോ ചെയ്തിട്ടില്ല. ഏവിയേഷൻ ക്ലിയറൻസ് ലഭിച്ചിട്ടില്ല. തൊട്ടടുത്തുള്ള മംഗളവനം പക്ഷി സങ്കേതത്തിനുപോലും തടസ്സമായ രീതിയിൽ അത് സ്ഥിതി ചെയ്യുകയാണ്. ഇങ്ങനെ സാധാരണക്കാരന്റെ ജീവിതത്തിൽ ഒരു മെയിന്റനൻസ് പോലും നടത്താൻ സാധിക്കാത്ത വീടുകൾ സ്ഥിതിചെയ്യുമ്പോൾ, ഇന്ന് ഈ സംസ്ഥാനത്തിന്റെ മുഴുവൻ നിയമവും കാത്തുസൂക്ഷിക്കേണ്ട ഒരു ഭരണഘടനാ

സ്ഥാപനം നടത്തുന്ന തെറ്റായ ഇടപെടലുകൾ ഇവിടെ ശ്രദ്ധിക്കപ്പെടേണ്ടതുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഈ അവസരത്തിൽ കൊണ്ടുവരികയാണ്. എനിക്ക് പ്രധാനപ്പെട്ട ധാരാളം കാര്യങ്ങൾ പറയാനുണ്ട്. ഞങ്ങളുടെ ജില്ലാ കളക്ടറായിരുന്ന ആൾ കെ.എസ്.ആർ.ടി.സി.യുടെ എം.ഡി.യായി വന്നിരിക്കുകയാണ്. ഞങ്ങൾക്ക് വളരെ പ്രതീക്ഷയുണ്ട്. അദ്ദേഹം നല്ലൊരു ഓഫീസറാണ്. പക്ഷെ ധാരാളം പേർ കെ.എസ്.ആർ.ടി.സി.-ക്ക് എം.എൽ.എ. അസെറ്റ് ഫണ്ട് കൊടുക്കരുതെന്ന് പറഞ്ഞു. ഞാൻ 2 കോടി രൂപ എന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പുരാതനമായ ബസ്സ്റ്റാന്റ് നവീകരണത്തിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുംവേണ്ടി നൽകി. നമ്മുടെ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ വലിയ വീഴ്ചകൊണ്ടുതന്നെ, ഇന്ന് ഏറ്റവും മോശപ്പെട്ട രീതിയിലുള്ള ആ ബിൽഡിംഗിന്റെ പ്രവർത്തനം കാരണം അവിടത്തെ തൊഴിലാളികളും ജീവനക്കാരുമെല്ലാം ഒരുമിച്ച് എതിർക്കുന്ന തരത്തിലേക്ക് വന്നിരിക്കുകയാണ്. അതിലൊരു നടപടിയുണ്ടാകണം. 2 കോടി രൂപ എം.എൽ.എ. അസെറ്റ് ഫണ്ടിൽനിന്ന് കൊടുത്തതാണ്. അതുപോലെതന്നെ 190-ഓളം സർവ്വീസുകൾ നടത്തുന്ന എറണാകുളം ബസ് സ്റ്റേഷൻ ഒരു വെള്ളക്കുഴിയിലാണ് പ്രവർത്തിക്കുന്നത്. അവിടെയൊരു ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് എന്ന പ്രോജക്ട് നിലവിലുണ്ട്. അതിന് സോണിംഗ് റെഗുലേഷൻസുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുകയാണ്.

മി. ചെയർമാൻ: യെസ്. പ്ലീസ് കൺക്ലൂഡ്.

ശ്രീ. ഹൈബി ഈഡൻ: സർ, നമ്മൾ കഴിഞ്ഞ കുറേ നാളുകളായി കേരളത്തിലെ സ്വാശ്രയ സമരവുമായി ബന്ധപ്പെട്ട് ധാരാളം ചർച്ചകൾ നടത്തിയിട്ടുണ്ട്. ഞങ്ങളും ആ സമരത്തിന്റെ ഭാഗമായി. കേരളത്തിന്റെ സ്വാശ്രയ വിഷയത്തിൽ ധാരാളം സമരം നടത്തിയ ഡി.വൈ.എഫ്.ഐ.-യുടെയും എസ്.എഫ്.ഐ..-യുടെയും പ്രതിനിധികളും ഈ നിയമസഭയിലുണ്ട്. എനിക്ക് പറയാനുള്ളത് കൂത്തുപറമ്പിലെ രക്തസാക്ഷികളെ ഏതായാലും മറന്നു, കാരണം പരിയാരത്തുപോലും ഫീസ് കുറയ്ക്കാൻ തയ്യാറായില്ല. പക്ഷെ നമ്മൾ മനസ്സിലാക്കേണ്ട ഒരു കാര്യം, ജീവിച്ചിരിക്കുന്ന രക്തസാക്ഷികളെ കൂത്തുപറമ്പിലെ പുഷ്പനാണെങ്കിലും സൈമൺ ബ്രിട്ടോ ആണെങ്കിലും ഇവിടെ ചിറ്റപ്പന്മാർ ജോലി കൊടുക്കുന്ന ഈ കാലഘട്ടത്തിൽ ഒരു ജോലിക്കുവേണ്ടി ഇന്നും കേണപേക്ഷിക്കുകയാണ്. അവർക്ക് നിങ്ങൾ ജോലി കൊടുക്കാൻ തയ്യാറാകണം. ഇപ്പോഴും രക്തസാക്ഷികളെ സൃഷ്ടിക്കുന്ന ഫാക്ടറികളായി കേരളത്തിലെ സി.പി.എം. ഗ്രാമങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. XXXXX* ഞാനെന്റെ വാക്കുകൾ ഉപസംഹരിക്കുന്നു. ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

* പിൻവലിച്ചു

ശ്രീ. ആർ. രാജേഷ്: സർ, പോയിന്റ് ഓഫ് ഓർഡർ. XXXXXX* അത് പിൻവലിക്കണം. അത് സഭയുടെ രേഖയിലുണ്ടാകാൻ പാടില്ല.

ശ്രീ. ഹൈബി ഈഡൻ: സർ, സി.ഇ.ഒ. ആകരുതെന്നാണ് പറഞ്ഞത്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം പിൻവലിച്ചു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുകയാണ്. അഴിമതിയും സ്വജനപക്ഷപാതവും തട്ടിപ്പും മാഫിയാ പ്രീണനവും മുഖമുദ്രയാക്കിയ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിനെ തൂത്തെറിഞ്ഞ് എൽ.ഡി.എഫ്.-നെ അധികാരത്തിലേയ്ക്ക് കൊണ്ടുവരുമ്പോൾ ജനങ്ങൾക്ക് വലിയ പ്രതീക്ഷയാണുണ്ടായിരുന്നത്. അധികാരമേറ്റ് നാല് മാസങ്ങൾക്കുള്ളിൽ ഏറ്റവും ജനകീയമായ നടപടികൾ പ്രതിബദ്ധതയോടെ ഈ ഗവൺമെന്റ് നടപ്പിലാക്കുകയാണ്. ഒരു നനുത്ത, സമാശ്വാസ കാറ്റിൻ സ്പർശം അഗതികൾക്കും ആലംബഹീനർക്കും അശരണർക്കും അനുഭവിക്കാനുള്ള അവസരമാണ് പ്രദാനം ചെയ്യപ്പെട്ടിട്ടുള്ളത്. പെൻഷൻ, തൊഴിൽ, വിദ്യാഭ്യാസം, ആരോഗ്യം, പൊതുവിതരണം, കൃഷി തുടങ്ങിയ മേഖലകളിലും ഇടതുപക്ഷ സർക്കാരിന്റെ ജനോപകാര നടപടികളുടെ കരസ്പർശം അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്. വരാൻ പോകുന്ന വരൾച്ചയുൾപ്പെടെയുള്ള വിവിധങ്ങളായ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ ആവശ്യമായ ഹോംവർക്കുകളിലും അതുപോലെ തന്നെ നടപടികളിലും ഈ ഗവൺമെന്റ് സത്വര ശ്രദ്ധ പതിപ്പിക്കുന്നുവെന്നുള്ളത് ഏറെ ആശ്വാസം പകരുന്ന കാര്യമാണ്.

കേരളത്തിൽ എന്നല്ല, ഏതൊരു സംസ്ഥാനത്തിന്റെയും വികസനത്തിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘടകം എന്നുപറയുന്നത് ആ സംസ്ഥാനത്തെ ഗതാഗത സൗകര്യങ്ങളാണ്. കേരളത്തെ സംബന്ധിച്ചിടത്തോളം കെ.എസ്.ആർ.ടി.സി.-യും അതുപോലെ തന്നെ പ്രൈവറ്റ് സെക്ടറും ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഇന്ന് രംഗത്തുണ്ട്. ഇതിൽ കെ.എസ്.ആർ.ടി.സി. ലാഭകരമായി പ്രവർത്തിക്കേണ്ട രംഗമാണെന്ന് അവകാശപ്പെടാൻ കഴിയില്ല, അതൊരു സേവന മേഖലയാണ്. നഷ്ടം സഹിച്ചും സർവ്വീസുകൾ നടത്താൻ ബാധ്യതപ്പെട്ട മേഖലയാണ്. ആ മേഖലയെ ഇന്ന് കൂടുതൽ നഷ്ടത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങളാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. 2011 മുതൽ 2016 വരെയുള്ള കാലയളവിൽ കെ.എസ്.ആർ.ടി.സി.-ക്ക് ഭീമമായ നഷ്ടമാണ് വന്നിട്ടുള്ളത്. ഓരോ വർഷം കഴിയുന്തോറും നഷ്ടത്തിന്റെ തോത് വർദ്ധിച്ചുവരുന്ന കാഴ്ചയാണ് നമുക്ക് കാണാൻ കഴിയുന്നത്.

---

* പിൻവലിച്ചു

ഒരു വർഷത്തെ നഷ്ടം ഏതാണ്ട് 700 കോടി രൂപയിൽ വന്നുനിൽക്കുകയാണ്. ഇത് അവസാനിപ്പിക്കാൻ കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നതിലൂടെ മാത്രമുണ്ടാകുന്ന വരുമാനം കൊണ്ട് സാധ്യമാകുമെന്ന് കരുതാൻ സാധിക്കുകയില്ല. അതുകൊണ്ട് പാരലൽ സംവിധാനങ്ങൾ എങ്ങനെയൊക്കെ ഉപയോഗപ്പെടുത്താൻ കഴിയുമെന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. കെ.എസ്.ആർ.ടി.സി.-ക്ക് കേരളത്തിലെ കണ്ണായ പ്രദേശങ്ങളിൽ, കൊമേഴ്സ്യൽ പർപ്പസുള്ള സ്ഥലങ്ങളിൽ വസ്തുവകകളുണ്ട്. അവ എങ്ങനെ ലാഭകരമായി ഉപയോഗപ്പെടുത്താൻ കഴിയും എന്നതിനെക്കുറിച്ച് ചിന്തിക്കുന്നതിന് പകരം അത് മാസാമാസം പണയപ്പെടുത്തി അതിൽനിന്ന് ലഭ്യമാകുന്ന തുക ഉപയോഗിച്ച് ട്രാൻസ്പോർട്ട് ജീവനക്കാർക്കും പെൻഷൻകാർക്കും ശമ്പളവും പെൻഷനും കൊടുക്കേണ്ടിവരുന്ന അവസ്ഥ തീർച്ചയായും തുടരുന്നത് ആശാസ്യമാണെന്ന് കരുതാൻ കഴിയില്ല. എന്നുമാത്രമല്ല, കെ.എസ്.ആർ.ടി.സി.-യെ ലാഭകരമായി പ്രവർത്തിപ്പിക്കണം അല്ലെങ്കിൽ ലാഭവും നഷ്ടവുമില്ലാത്ത അവസ്ഥയിലേക്ക് കൊണ്ടുവരണമെന്ന കാഴ്ചപ്പാട് മാനേജ്മെന്റിന്റെ ഉയർന്ന തലങ്ങളിൽ ഇരിക്കുന്ന ഉദ്യോഗസ്ഥന്മാർക്ക് ഉണ്ടോയെന്നുള്ളത് ഗൗരവതരമായി പരിശോധിക്കപ്പെടേണ്ട കാര്യമാണ്. അതിന്റെ മാനേജിംഗ് ഡയറക്ടർക്ക് മാറ്റമുണ്ടായിട്ടുണ്ട്. എന്നാൽ അവിടെ ഉയർന്ന തലങ്ങളിലിരിക്കുന്ന എക്സിക്യൂട്ടീവ് ഡയറക്ടർ അടക്കമുള്ള പലരിലും ഇവിടെയൊരു ഭരണമാറ്റമുണ്ടായെന്ന തോന്നൽ ഇനിയും എത്തിയിട്ടില്ലായെന്നുള്ളത് കഷ്ടമാണ്. അവരെ അത് ബോധ്യപ്പെടുത്താനുള്ള ആർജ്ജവം തീർച്ചയായും ഈ ഗവൺമെന്റ് പ്രകടിപ്പിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും ഇല്ല. കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിത്യേന വെട്ടിക്കുറച്ചു കൊണ്ടിരിക്കുകയാണ്. ഈ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കാൻ കഴിയണം. കട്ടപ്പുറത്തിരിക്കുന്ന വാഹനങ്ങൾ സർവ്വീസ് നടത്താൻ പാകത്തിൽ അനുയോജ്യമാക്കി എടുക്കുന്നതിന് ആവശ്യമായ നടപടികൾ സത്വരമായി സ്വീകരിക്കേണ്ടതുണ്ട്. അതുപോലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്ന റൂട്ടുകൾ പലപ്പോഴും ജനങ്ങളുടെ ആവശ്യങ്ങൾ കൂടി കണക്കിലെടുത്ത് നടത്താൻ നിർബന്ധിതമാകും. ഇന്ന് പ്രൈവറ്റ് മേഖലയിൽ റൂട്ടുകൾ തീരുമാനിക്കുന്നത് അവർ തന്നെയാണ്. അതുകൊണ്ട് ലാഭകരമായ റൂട്ടുകളിൽ മാത്രമാണ് പ്രൈവറ്റ് ബസ്സുകൾ സർവ്വീസ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ സ്ഥിതി തുടരുന്നത് കെ.എസ്.ആർ. ടി.സി.-യെ കൂടുതൽ അപകടത്തിലേക്ക് എത്തിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല.

അതുപോലെ അഴിമതിയിൽ മുങ്ങിക്കുളിച്ച ഒരു ഡിപ്പാർട്ടുമെന്റായിരുന്നു. മോട്ടോർ വെഹിക്കിൾ ഡിപ്പാർട്ടുമെന്റ്. അതിനെ അഴിമതി വിമുക്തമാക്കാനുള്ള കർക്കശമായ നടപടികൾ എൽ.ഡി.എഫ്. ഗവൺമെന്റ് കൈക്കൊള്ളുന്നുവെന്നുള്ളത് പ്രതീക്ഷയ്ക്ക്

വക നൽകുന്ന കാര്യമാണ്. വാഹന അപകടങ്ങൾ ലഘൂകരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. റോഡ് ഗതാഗതത്തിൽ ഏറ്റവും കൂടുതൽ അപകടങ്ങൾ സൃഷ്ടിക്കുന്നത് പുതിയ ഇനം ഇരുചക്ര വാഹനങ്ങളാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. റോഡിന്റെ സൗകര്യങ്ങൾക്കോ, വാഹനങ്ങളുടെ ബാഹുല്യം കണക്കിലെടുക്കാതെയോ ഉള്ള യാത്രകളാണ് ഇരുചക്ര വാഹന യാത്രക്കാർ നടത്തിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് കാണാൻ കഴിയും. വിലപ്പെട്ട ജീവനുകൾ നിരവധിയാണ് റോഡിൽ പൊലിയുന്നതെന്ന് മനസ്സിലാക്കി ഇത് നിയന്ത്രിക്കാനും ആവശ്യമായ പരിശോധനകൾ നടത്താനുമുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണം.

ആരോഗ്യപൂർണ്ണമായ ഗ്രാമങ്ങൾ ഭാരതത്തിന്റെ പുരോഗതിക്ക് അനിവാര്യമാണ്. ഗ്രാമങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതി ഭാരതത്തിന്റെ പൊതുവായ പുരോഗതിയാണ്. സുദൃഢമായ ഗ്രാമഭരണം ഭാരതത്തിന്റെ പുരോഗതിക്ക് അനുപേക്ഷണീയമാണെന്ന് നമുക്ക് കാണാൻ കഴിയും. ഇന്ത്യയിലെ ഇതര ഗ്രാമങ്ങളിൽ നിന്ന് ഏറെ വ്യത്യസ്തമാണ് കേരളീയ ഗ്രാമങ്ങൾ. പഞ്ചായത്തീരാജ് സംവിധാനം നിലവിൽ വന്ന് 20 വർഷം കഴിഞ്ഞപ്പോഴേയ്ക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗ്രാമീണ ജീവിതത്തിലെ ഏറ്റവും പ്രധാന ഘടകമായി മാറി. ആരോഗ്യ-വിദ്യാഭ്യാസ മേഖലയിലും സ്ഥിതി സമത്വത്തിലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരള ജനത വളരെയധികം പുരോഗതി നേടി. ഈ നേട്ടം കൈവരിക്കുന്നതിൽ ഇടതുപക്ഷ ഗവൺമെന്റുകൾ നൽകിയ സംഭാവന വളരെ വലുതാണെന്ന് കാണാൻ കഴിയും. പുരോഗമന ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന പാർശ്വവൽകൃത വിഭാഗങ്ങളുടെ സർവ്വതോന്മുഖമായ പുരോഗതിക്കു വേണ്ടി നടപ്പിലാക്കിയ വിപ്ലവകരമായ തീരുമാനങ്ങളും മാതൃകാപരമായ പദ്ധതികളും കേരളീയ ഗ്രാമങ്ങൾക്ക് അസൂയാവഹമായ പുരോഗതി നേടുന്നതിന് സഹായിച്ചിട്ടുണ്ട്.

വികേന്ദ്രീകൃത ആസൂത്രണവും ജനകീയാസൂത്രണവും പദ്ധതികളുടെ നടത്തിപ്പിൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സഹായിച്ച ഘടകങ്ങളാണ്. കരാറുകാരനും ഇടനിലക്കാരനും പൊതുസ്വത്ത് കൊള്ളയടിക്കാനുള്ള അവസരം ഇല്ലാതാക്കിയപ്പോൾ പ്രതിപക്ഷം ജനകീയാസൂത്രണ പദ്ധതികളെ ആക്ഷേപിക്കുകയായിരുന്നു. പിന്നോക്ക ജനവിഭാഗങ്ങൾക്ക് വികസനത്തിന്റെ ഗുണഫലങ്ങൾ എത്തിച്ചു തുടങ്ങിയപ്പോൾ പ്രതിപക്ഷം അസഹിഷ്ണുതയോടെ പല പദ്ധതികൾക്കും തുരങ്കം വയ്ക്കുകയായിരുന്നു. ത്രിതല പഞ്ചായത്ത് സംവിധാനം നടപ്പിലായി 20 സംവത്സരങ്ങൾ പിന്നിടുമ്പോൾ കേരളം, കർണ്ണാടക, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ മാത്രമാണ് ഇതിന്റെ

ഗുണഫലങ്ങൾ കണ്ടു തുടങ്ങിയത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വിവിധ പദ്ധതികളുടെ ഗുണഫലങ്ങൾ മധ്യവർത്തികളില്ലാതെ ഗ്രാമീണ ജനങ്ങൾക്ക് ലഭിക്കുന്നതിന് ശക്തവും സുദൃഢവുമായ പഞ്ചായത്ത് ഭരണ സംവിധാനം ആവശ്യമാണെന്ന് ഈ ഗവൺമെന്റ് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകളുടെയും ഗ്രാമസഭകളുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനുവേണ്ടി അഞ്ചുകോടി രൂപ വകയിരുത്തിയിട്ടുള്ളതായി കാണാൻ കഴിയും. മുൻ ഗവൺമെന്റിന്റെ കാലത്ത് ഇതിനായി കേന്ദ്രാവിഷ്കൃത പദ്ധതി നിലവിലുണ്ടായിരുന്നെങ്കിലും തുക പൂർണ്ണമായി ചെലവഴിക്കപ്പെടുകയോ കേന്ദ്ര വിഹിതം പ്രയോജനപ്പെടുത്തുകയോ ചെയ്തില്ല. വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ ഗ്രാമതലങ്ങളിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ ഗുണഫലങ്ങൾ സുതാര്യമായും കാര്യക്ഷമമായും അഴിമതി വിമുക്തമായും നടപ്പിലാക്കുന്നതിന് ഗ്രാമപഞ്ചായത്ത് തലത്തിൽ നടത്തുന്ന ആധുനികവൽക്കരണം ഓരോ പൗരന്റേയും പ്രതീക്ഷയായി മാറുകയാണ്.

ഈ ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഹ്രസ്വമായ കാലയളവാണ് പിന്നിട്ടത്. സമ്പൂർണ്ണ വെളിയിട വിസർജ്ജനമുക്ത സംസ്ഥാനമാകുന്നതിനു വേണ്ടിയുള്ള പദ്ധതിയെ ഈ ഗവൺമെന്റ് ഒരു വെല്ലുവിളിയായി തന്നെ ഏറ്റെടുക്കുകയായിരുന്നു. നഗരസമാനമായ ജനസാന്ദ്രതയുള്ള കേരളീയ ഗ്രാമങ്ങളിൽ മാലിന്യവിസർജ്ജനം വലിയ വെല്ലുവിളിയാണ്. ദാരിദ്ര്യത്തിന്റെ പ്രതീകമായ വെളിയിടങ്ങളിലെ മലമൂത്ര വിസർജ്ജനം കേരളത്തിൽ 4 ശതമാനമായിരുന്നു. എന്നാൽ ഇന്ത്യയിൽ ഇത് ശരാശരി 48 ശതമാനമാണെന്ന് ഒർക്കേണ്ടതുണ്ട്. കേരളം ഈ പദ്ധതിയെ സുസംഘടിതമായി ഏറ്റെടുക്കുകയും വളരെ വേഗത്തിൽ തന്നെ പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഇച്ഛാശക്തിയുള്ള ഭരണ നേതൃത്വവും സുസംഘടിതമായ പഞ്ചായത്ത് ഭരണ സംവിധാനവും ഒത്തുചേർന്ന് പദ്ധതിയുടെ പൂർത്തീകരണത്തിന് വഴിതെളിക്കുകയായിരുന്നു. ഇന്ത്യയിലെ ആദ്യത്തെ ഒ.ഡി.എഫ്. സംസ്ഥാനമായി കേരളം നവംബർ ഒന്നിന് പ്രഖ്യാപിക്കപ്പെടാൻ പോവുകയാണ്. ഇത് ശുചിത്വപൂർണ്ണമായ ജീവിതത്തിലേക്കുള്ള വിപ്ലവകരമായ മുന്നേറ്റം തന്നെയാണെന്ന് നമുക്ക് കാണാൻ സാധിക്കും. പഞ്ചായത്തുകളുടെ പ്രവർത്തനത്തെ കൂടുതൽ കാര്യക്ഷമമാക്കിക്കൊണ്ട് ജനകീയാസൂത്രണപദ്ധതി പോലുള്ള പദ്ധതികൾ കൂടുതൽ ശക്തമായി നടപ്പിലാക്കിക്കൊണ്ട് ജനങ്ങൾക്ക് ആശ്വാസകരമായ സേവനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നടപടികൾ കൈക്കൊള്ളാൻ ഈ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന കാര്യം ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഈ വകുപ്പുകൾ നമ്മുടെ പൊതുജീവിതത്തെ സംബന്ധിച്ചിടത്തോളം വളരെ സുപ്രധാനമാണ്. പക്ഷേ ഇതിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പറയുമ്പോൾ എതിർക്കാതിരിക്കാൻ പറ്റുകയില്ല. ചരിത്രത്തിൽ കുറഞ്ഞ കാലംകൊണ്ട് ഒരുപാട് പേരുദോഷമുണ്ടാക്കിയ ഒരു ഗവൺമെന്റാണ് ഇപ്പോഴുള്ളത്. നാലര മാസം കൊണ്ട് മന്ത്രിസഭയിലെ രണ്ടാമൻ ക്ലീൻ ബൗൾഡായി. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം മിഡിൽ സ്റ്റമ്പാണ് തെറിച്ചുപോയത്. കമ്മ്യൂണിസ്റ്റ് പ്രത്യയശാസ്ത്രത്തിന്റെ അടിസ്ഥാന തത്വമെന്നുപറയുന്നത് വൈരുദ്ധ്യാധിഷ്ഠിത ഭൗതികവാദമാണ്. ഈ സർക്കാർ അതുനന്നായി ഉയർത്തിപ്പിടിക്കുന്നു എന്നുള്ളതിൽ വലിയ സന്തോഷമുണ്ട്. ഉപദേശകരെക്കൊണ്ട് ഈ ഗവൺമെന്റ് ശരിക്കും കുഴഞ്ഞിരിക്കുകയാണ്. ആദ്യം ദാമോദരൻ വക്കീലിനെ മുഖ്യമന്ത്രിയുടെ ഉപദേഷ്ടാവായി നിയമിച്ചു. അദ്ദേഹം ഗവൺമെന്റിനും എതിർ കക്ഷികൾക്കും ഒരുപോലെ ഉപദേശം കൊടുത്തു. ഒന്നാമത്തെ വൈരുദ്ധ്യം അവിടെ തുടങ്ങി. കമ്മ്യൂണിസ്റ്റ് പാർട്ടികൾ നഖശിഖാന്തം എതിർക്കുന്ന നവലിബറൽ പോളിസികളുടെ വക്താവായ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽനിന്നും വന്നിട്ടുള്ള ഗീതാ ഗോപിനാഥിനെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ ധനകാര്യ ഉപദേഷ്ടാവാക്കിയത് രണ്ടാമത്തെ വൈരുദ്ധ്യമായി. ധനകാര്യ വകുപ്പുമന്ത്രിയെ ഒതുക്കാനാണെന്ന് അണിയറയിൽ ഒരു സംസാരമുണ്ട്. മന്ത്രിമാർ തമ്മിലൊക്കെ നല്ല പൊരുത്തമാണ്. ധനകാര്യ വകുപ്പുമന്ത്രിയും പി.ഡബ്ല്യൂ.ഡി. വകുപ്പുമന്ത്രിയും തമ്മിൽ പത്തിൽ പത്ത് പൊരുത്തമാണ്. എല്ലാ വർക്കുകളും പി.ഡബ്ല്യൂ.ഡി.-യിൽനിന്നും മാറി കിഫ്ബിയിൽ കൊണ്ടുപോയി സ്വന്തം നിലയിൽ നടപ്പാക്കാനുള്ള ഒരു ശ്രമം നടക്കുകയാണ്. ഞങ്ങളുടെ പ്രസംഗം നിങ്ങൾ ശ്രദ്ധിക്കുന്നുണ്ടെന്നുള്ള കാര്യത്തിൽ വളരെയധികം സന്തോഷമുണ്ട്. വളരെ അനുസരണയോടുകൂടി ശ്രീ. എ. എൻ. ഷംസീർ ഇവിടെ ഇരുന്ന് ഓരോരുത്തരുടെ പ്രസംഗവും കേൾക്കുന്നുണ്ട്, കൃത്യമായി പറയുന്നുണ്ട്. നാളെ എന്റെ പ്രസംഗവും അങ്ങനെ പറയുമെന്ന പ്രതീക്ഷയോടെ ഞാൻ തുടരുകയാണ്.

അതിരപ്പിള്ളി പദ്ധതി നടപ്പാക്കണമെന്ന് സി.പി.ഐ.(എം), എങ്ങനെയും നഖശിഖാന്തം എതിർക്കുമെന്ന് സി.പി.ഐ. അത് കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ വൈരുദ്ധ്യവാദമാണെന്നുകൂടി പറഞ്ഞുകൊള്ളട്ടെ. ഇനി ഞാൻ പറയാനുദ്ദേശിച്ചിരുന്നത് ബഹുമാനപ്പെട്ട പഴയ പ്രതിപക്ഷ നേതാവുമായി ബന്ധപ്പെട്ട കാര്യമാണ്. ഇന്ന് അദ്ദേഹത്തിന്റെ ജന്മദിനമായതുകൊണ്ട് ആ ചാപ്റ്റർ തുറക്കുന്നില്ല. അദ്ദേഹത്തിന് ഹൃദ്യമായ ജന്മദിനാശംസകൾ വളരെ സന്തോഷത്തോടുകൂടി നേരുകയാണ്.

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന് രണ്ട് പതിറ്റാണ്ട് പിന്നിടുകയാണ്. ഇന്ത്യയിൽ തന്നെ പഞ്ചായത്തുകൾക്ക് ഇത്രയേറെ അധികാരം കൊടുത്തുകൊണ്ട് കേരളത്തിൽ ഇത് കൊണ്ടുവരാൻ ശ്രമിച്ചത് യു.ഡി.എഫ്. ഗവണ്മെന്റാണ്. കേരളത്തിൽ ഇത് നടപ്പാക്കാനുള്ള കാർമ്മികത്വവും നേതൃത്വവും വഹിച്ചത് യു.ഡി.എഫ്. ആണ്. അതിനുശേഷം 20 വർഷങ്ങൾ പിന്നിട്ടു. നമ്മളും നിങ്ങളുമൊക്കെയായി കേരളം ഭരിച്ചു. ഗ്രാമീണ മേഖലയിലും നഗരമേഖലയിലും വലിയ മാറ്റങ്ങളുണ്ടായി. ഒരു വിലയിരുത്തലിനും വിശകലനത്തിനുമുള്ള നല്ല സമയമാണിത്. കാർഷിക രംഗത്തും വിദ്യാഭ്യാസ രംഗത്തുമൊക്കെ അധികാരങ്ങൾ കൊടുത്തപ്പോൾ, പ്രാഥമിക വിദ്യാഭ്യാസം ഗ്രാമപഞ്ചായത്തിന്റെയും പ്ലസ് ടു വരെയുള്ള വിദ്യാഭ്യാസം ജില്ലാ പഞ്ചായത്തിന്റെയും പരിധിയിൽ വന്നു. ആരോഗ്യ മേഖലയിൽ പി.എച്ച്.സി.കളും സി.എച്ച്.സി.-കളുമൊക്കെ ഇവർക്ക് കൈമാറപ്പെട്ടു. റോഡ് മുതലായ പശ്ചാത്തല സൗകര്യങ്ങൾ എന്നിവയിലെല്ലാം വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ടെന്നുള്ളത് നിസ്തർക്കമാണ്. അധികാര വികേന്ദ്രീകരണം കേരളത്തെ സംബന്ധിച്ചിടത്തോളം ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട്. ഗ്രാമീണ നഗര മേഖലയിലെ ജീവിതത്തിൽ വലിയ മാറ്റങ്ങളുണ്ടായിട്ടുണ്ട്. അധികാര വികേന്ദ്രീകരണം പ്രാവർത്തികമാക്കുന്നതിന് മേൽനോട്ടം വഹിക്കേണ്ടത് നമ്മുടെ സർക്കാരാണ്. അത് കാര്യക്ഷമമായി നടപ്പാക്കുന്നതിലാണ് ഒരു സർക്കാർ ശ്രദ്ധിക്കേണ്ടത്. അവിടെയാണ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ മികവ്. ഒരു സർക്കാരിനെയും വകുപ്പിനെയും വിലയിരുത്താൻ സമയമായിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി എന്റെ പഴയ സഹപ്രവർത്തകനും അന്നും ഇന്നും സുഹൃത്തുമാണ്. എങ്കിൽപ്പോലും വിഷമത്തോടുകൂടി പറയട്ടെ, ഇപ്പോഴത്തെ സ്ഥിതി പരമദയനീയമാണ്.

പഞ്ചായത്തുകളിൽ ജീവനക്കാരില്ല. 178 ഗ്രാമപഞ്ചായത്തുകളിലും 44 ബ്ലോക്ക് പഞ്ചായത്തുകളിലും സെക്രട്ടറിമാരില്ല. അങ്ങുതന്നെ നൽകിയിട്ടുള്ള മറുപടിയാണിത്. സെക്രട്ടറിമാരുടെ കാര്യം മാത്രമല്ല, ഇതൊക്കെ നല്ല രീതിയിൽ നടത്തണമെങ്കിൽ പഞ്ചായത്തുകളിൽ പൂർണ്ണമായ ജീവനക്കാരുടെ സംവിധാനമുണ്ടാകണം. പഞ്ചായത്തുകളിലെ ജീവനക്കാരുടെ ഒഴിവ് നികത്താൻ ഈ സർക്കാർ വന്നതിനുശേഷം നടപടി സ്വീകരിച്ചിട്ടില്ല. ജീവനക്കാരില്ലാത്തതുമൂലം പഞ്ചായത്തുകളുടെ നിർവ്വഹണം താളം തെറ്റിക്കിടക്കുകയാണ്. തെരഞ്ഞെടുപ്പിനെ തുടർന്ന് പദ്ധതി പ്രവർത്തനങ്ങൾക്ക് ഇത്തവണ അംഗീകാരം കിട്ടിയത് ഇപ്പോഴാണ്. ഒക്ടോബർ മാസം തീരാറായി. ഇനി ഇതിന് എ.എസ്-ഉം ടി.എസ്-ഉം കിട്ടണം. നാല് മാസംകൊണ്ട് ഇതെല്ലാം നടപ്പാക്കണം. നാല് പഞ്ചായത്തിന് ഒരു അസിസ്റ്റന്റ് എഞ്ചിനീയറാണുള്ളത്. എങ്ങനെ ഇത് നടപ്പാക്കും? നാല് മാസംകൊണ്ട് എന്തത്ഭുതമാണ് കാണിക്കാൻ പോകുന്നത്. ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്.

നിങ്ങൾ ഉല്പാദന മേഖലയ്ക്കുള്ള വിഹിതം വർദ്ധിപ്പിച്ചു എന്നുള്ളത് നല്ല കാര്യം. പക്ഷേ ഇത് നടപ്പാക്കാൻ സംസ്ഥാനത്ത് എത്ര കൃഷി ഓഫീസർമാരുണ്ട്; നാല് പഞ്ചായത്തിന് ഒരു കൃഷി ഓഫീസറാണുള്ളത്. അതുകൊണ്ട് ഇതൊന്നും കൃത്യമായി നടക്കാൻ പോകുന്നില്ലെന്നുള്ള ആശങ്ക ഞാൻ ഇവിടെ പ്രകടിപ്പിക്കുകയാണ്. കഴിഞ്ഞ ഗവൺമെന്റിനെക്കുറിച്ച് ചിലർ ഇവിടെ കുറ്റം പറഞ്ഞു. മുൻ സർക്കാരിന്റെ കാലയളവിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പദ്ധതികളിൽ ചെലവ് വളരെ കുറഞ്ഞിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന ശ്രീ. കെ. വി. വിജയദാസിന്റെ ചോദ്യത്തിന് 7-10-2016-ന് മന്ത്രി നൽകിയ മറുപടി ശ്രദ്ധയിൽപ്പെട്ടിട്ടില്ല എന്നാണ്. അപ്പോൾ കഴിഞ്ഞ കാലങ്ങളിലൊക്കെ പദ്ധതികൾ നന്നായി നടപ്പാക്കാൻ സാധിച്ചിട്ടുണ്ട്. എൽ.ഡി.ക്ലാർക്ക്, യു.ഡി. ക്ലാർക്ക് തുടങ്ങിയ എല്ലാ തസ്തികകളിലും ഉദ്യോഗസ്ഥരുടെ കുറവുണ്ട്. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ജാഗ്രത കാണിക്കണം.

പുതിയ സർക്കാർ വന്നിട്ടും പഞ്ചായത്തുകളിൽ പുതിയ ഭവന പദ്ധതികളൊന്നും ഉണ്ടായില്ല. ഇ.എം.എസ്. ഭവന പദ്ധതിയുടെ ബാധ്യതകൾ ഇപ്പോഴും പല പഞ്ചായത്തുകളിലും കൊടുത്തുകൊണ്ടിരിക്കുകയാണ്. എന്റെ മണ്ഡലത്തിലെ അലനല്ലൂർ പഞ്ചായത്തിൽ 28 ലക്ഷം രൂപയാണ് ഒരു വർഷം ഇതിനുവേണ്ടി നീക്കിവയ്ക്കുന്നത്. അങ്ങനെ പഞ്ചായത്തിനെ കടക്കെണിയിലാക്കുന്ന ഭവന പദ്ധതിയല്ല നമുക്ക് വേണ്ടത്. IAY പദ്ധതി ഇപ്പോൾ PMAY ആക്കി. ഇന്ദിര ആവാസ് യോജന പ്രൈം മിനിസ്റ്റർ ആവാസ് യോജനയായി. എല്ലാം മോദിയിലേയ്ക്കാണ്. നിലവിലുള്ള പഞ്ചായത്ത് ലിസ്റ്റിൽനിന്നും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ കഴിയില്ല. അവിടെ ജാതി സെൻസസ് ലിസ്റ്റ് മാനദണ്ഡമാക്കി അതിൽ നിന്നും കൊടുക്കണം. പഞ്ചായത്തുകൾ നോക്കുകുത്തിയായി. അതിൽ കാര്യമായി ഇടപെടണം. കേന്ദ്രത്തിൽ ഇടപെട്ട് കേരളത്തിൽ നിലവിലുള്ള സിസ്റ്റം പ്രാവർത്തികമാക്കാൻ കഴിയണം. ഗൃഹശ്രീ പദ്ധതി ഭവന ബോർഡും ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. അത് പുനരാരംഭിക്കാൻ നടപടിയുണ്ടാകണം.

28 പുതിയ മുനിസിപ്പാലിറ്റികൾ രൂപീകരിച്ചതിന്റെ കാര്യം കഷ്ടമാണ്. ഒരുദാഹരണം ഞാൻ പറയാം. മണ്ണാർക്കാട് 20 ജീവനക്കാർ വേണ്ടിടത്ത് മൂന്നേ മൂന്ന് ജീവനക്കാരാണുള്ളത്. അവർക്ക് വാഹനവും മറ്റ് സൗകര്യങ്ങളുമില്ല. അവരുടെ അടിസ്ഥാന സൗകര്യങ്ങൾക്ക് ഒരു കോടി രൂപ അനുവദിക്കാമെന്ന് പറഞ്ഞിട്ട് ഇതുവരെയും കൊടുത്തിട്ടില്ല. പുതിയ മുനിസിപ്പാലിറ്റികളിലെങ്കിലും ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കണം. വികസനം മുരടിക്കുന്ന, വീർപ്പുമുട്ടുന്ന അനുഭവമാണ് ഇപ്പോൾ

പഴയ മുനിസിപ്പാലിറ്റികളിലുള്ളത്. പുതിയ മുനിസിപ്പാലിറ്റികളിലെങ്കിലും മാസ്റ്റർ പ്ലാൻ അനുസരിച്ച് വികസനങ്ങൾ മുന്നോട്ടുപോകണം. മുനിസിപ്പാലിറ്റികളിൽ പട്ടികജാതി പ്രോജക്ടുകൾ നടപ്പിലാക്കാൻ സംവിധാനമില്ലാത്ത സ്ഥിതിയുണ്ട്. അതിന് പരിഹാരമുണ്ടാകണം. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മലയോര പഞ്ചായത്തുകളിൽ വളരെ സജീവമായി പ്രവർത്തിച്ച ഒരു സംവിധാനമായിരുന്നു HADA. ഇന്ന് അതിനെക്കുറിച്ച് ഒരു വ്യക്തതയില്ല. മണ്ണാർക്കാട് മണ്ഡലത്തിലൊക്കെ 10 കോടി രൂപയുടെ കുടിവെള്ള പദ്ധതി, റോഡ്, ജലസേചനം എന്നിവ HADA പദ്ധതിവഴി നടപ്പിലാക്കിയിട്ടുണ്ട്. HADA-യുടെ ചാർജ് ഇപ്പോൾ ഏത് മന്ത്രിക്കാണ് എന്നുള്ള കാര്യത്തിൽപ്പോലും അവ്യക്തതയുണ്ട്. HADA-യെ സജീവമാക്കണം. അതുപോലെ അഹാഡ്സ്-നെ നിങ്ങൾ ഏറ്റെടുത്ത് കില-യുടെ ഒരു സബ്സെന്ററാക്കി. അത് പോരാ. അതിന് ധാരാളം അനുഭവവും പരിജ്ഞാനവുമുണ്ട്. ഒരു പുഴ പുനർജ്ജനിപ്പിച്ചവരാണ് അഹാഡ്സ്. പരിസ്ഥിതി പുനഃസ്ഥാപനത്തിൽ പഴയ കാലത്തുണ്ടായിരുന്ന കൊടങ്കരപള്ളം എന്ന പുഴ വറ്റിവരണ്ട് മരുഭൂമിയായി. അഹാഡ്സിന്റെ പരിസ്ഥിതി പ്രവർത്തനത്തിലൂടെ അപ്പുറത്തും ഇപ്പുറത്തുമൊക്കെ മരങ്ങൾ വച്ചുപിടിപ്പിച്ച് അവിടെ സ്വപ്നം പോലെ ഒരു പുഴ പുനർജ്ജനിപ്പിച്ച ഇതിഹാസം സൃഷ്ടിച്ചവരാണ് അഹാഡ്സ്. അതിന്റെ അനുഭവജ്ഞാനവും കഴിവും പ്രാവീണ്യവുമൊന്നും ഉപയോഗപ്പെടുത്താതെ വെറും കെട്ടിടങ്ങളും കോമ്പൗണ്ടും മാത്രം 'കില'-യ്ക്ക് കൈമാറുന്ന രീതി ശരിയല്ല. അതിന്റെ അനുഭവജ്ഞാനം കൂടി ഏറ്റെടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ജൈക്ക പദ്ധതി നിലച്ചതുകൊണ്ടാണ് അത് തുടർന്നുകൊണ്ടുപോകാൻ നിങ്ങളുടെ കാലത്ത് കഴിയാതെ പോയത്. അത് പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം കഴിഞ്ഞ ഗവൺമെന്റ് ചെയ്തെങ്കിലും പ്രാവർത്തികമായില്ല. അതുകൂടി പരിഗണിക്കണം. അതുപോലെ മുൻ പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നതിനുള്ള നടപടിയുണ്ടാകണം. നിങ്ങളും ഞാനും ഇവിടെ ഇരിക്കുന്നവരിൽ മഹാഭൂരിഭാഗവും മുൻ പഞ്ചായത്ത് അംഗങ്ങളാണ്. ധാരാളം പൊതു പ്രവർത്തകർ സാമ്പത്തികമായി പ്രയാസപ്പെടുന്നുണ്ട്.

അട്ടപ്പാടി ആദിവാസി മേഖലയിലെ മലയോരത്തുകൂടി വലിയ ബസുകൾക്ക് ഓടാൻ കഴിയില്ല. അവ വളഞ്ഞുകിട്ടുകയില്ല. കഴിഞ്ഞ ഗൺമെന്റിന്റെ കാലത്ത് ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായിരിക്കുന്ന സമയത്ത് കട്ട്ചെയ്സ് ബസ് അനുവദിച്ച് തന്നു. അത് ഇപ്പോൾ നന്നായി ഓടുന്നുണ്ട്. നല്ല കളക്ഷനുമാണ്. അട്ടപ്പാടി മേഖലയിലെ ആദിവാസി പ്രാധാന്യമൊക്കെ കണക്കിലെടുത്തുകൊണ്ട് മൂന്ന് കട്ട്ചെയ്സ് ബസ് അനുവദിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് സവിനയം അഭ്യർത്ഥിക്കുകയാണ്.

അട്ടപ്പാടി ഒരു അന്തർ-സംസ്ഥാന റൂട്ട് ആയതുകൊണ്ട് അവിടെ ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ എന്നുള്ള ആശയം വളരെ പഴക്കം ചെന്നതാണ്. ആ ആശയം അങ്ങയുടെ കാലത്ത് നടപ്പാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ബഹുമാനപ്പെട്ട മന്ത്രിയുടെ കീഴിലുള്ളതാണ് ഹജ്ജും മൈനോറിറ്റിയും. അത് ഇന്നത്തെ ലിസ്റ്റിൽ വന്നിട്ടില്ല. അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇപ്പോൾ പറയാൻ പറ്റുമോയെന്ന് എനിക്കറിയില്ല. ഹജ്ജും മൈനോറിറ്റിയും സംബന്ധിച്ച ചർച്ച മറ്റൊരു ദിവസം ഉണ്ടാകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, മറ്റൊരു ദിവസമുണ്ടാകും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, എങ്കിൽ ആ ദിവസത്തിൽ പറയാം. സാധാരണ ഒരു മന്ത്രിയുടെ വകുപ്പുകളെല്ലാം ഒരു ദിവസം തന്നെയാണ് വരാറുള്ളത്. അതുകൊണ്ടാണ് ഞാൻ സൂചിപ്പിച്ചത്. ഹജ്ജ് യാത്ര കരിപ്പൂരിൽ നിന്നല്ലാത്തതുകൊണ്ട് വലിയ പ്രയാസമുണ്ട്. അത് ഡോ. കെ. ടി. ജലീലിന് അറിയാവുന്നതാണ്. അതുകൊണ്ട് ഹജ്ജിന്റെ ചുമതലയുള്ള മന്ത്രിയെന്ന നിലയിൽ അടുത്ത തവണയെങ്കിലും ഹജ്ജ് യാത്ര കരിപ്പൂരിൽ നിന്നാക്കുന്നതിന് ഇടപെടണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഒരിക്കൽക്കൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. കെ. ബാബു: സർ, തദ്ദേശസ്വയംഭരണ വകുപ്പിലേക്കും ഗതാഗത വകുപ്പിലേക്കുമുള്ള ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ പിന്താങ്ങുന്നു. മഹാത്മജിയുടെ ഗ്രാമസ്വരാജ് ഇൻഡ്യയിൽ ആദ്യമായി നടപ്പിലാക്കാൻ ശ്രമിച്ചത് 1957-ൽ അധികാരത്തിൽ വന്ന ഇ.എം.എസ്. ഗവൺമെന്റാണ്. 1958 ആഗസ്റ്റ് മാസത്തിൽ ഭരണപരിഷ്കാര കമ്മിറ്റി ആരംഭിച്ചു. 1959 ഏപ്രിൽ 16-ന് ഡിസ്ട്രിക്ട് കൗൺസിൽ ബിൽ നിയമസഭയിൽ കൊണ്ടുവന്നു. ആ സർക്കാരിനെയാണ് വിമോചന സമരത്തിന്റെ അഴുക്കുചാലിൽ പിറന്ന ഗാന്ധി ശിഷ്യന്മാർ അട്ടിമറിച്ചത്. അവരാണ് ഇപ്പോൾ ഗ്രാമസ്വരാജിനെക്കുറിച്ച് പറയുന്നത്. 1962 മുതൽ 1979 വരെ 17 വർഷക്കാലം തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ കാലാവധി നീട്ടിക്കൊടുത്തു. ജനാധിപത്യത്തെയും അവർ അട്ടിമറിച്ചു. 1984 മുതൽ 1987 വരെയുള്ള കാലയളവിൽ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയെ പിരിച്ചുവിട്ട് ബ്യൂറോക്രാറ്റ് ഉദ്യോഗസ്ഥന്മാർക്ക് വരണാധികാരം ഏല്പിച്ചു. അവരാണിപ്പോൾ ജനപങ്കാളിത്തത്തെക്കുറിച്ച് പറയുന്നത്. 1991-ൽ എൽ.ഡി.എഫ്. സർക്കാർ രൂപീകരിച്ച ജില്ലാ കൗൺസിലുകളിലേക്കുള്ള

തെരഞ്ഞെടുപ്പ് നടന്നു. 1992-ൽ യു.ഡി.എഫ്. ഗവൺമെന്റ് വന്നപ്പോൾ ആ ജില്ലാ കൗൺസിലുകളുടെ കഴുത്തുഞെരിച്ച് ജനാധിപത്യത്തെ അട്ടിമറിച്ചു. 1996-ൽ അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ സഖാവ് നായനാരുടെ നേതൃത്വത്തിൽ 1997-ൽ ഇൻഡ്യയ്ക്ക് മാതൃകയായ ജനകീയാസൂത്രണ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച എം.എൽ.എ. ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞു, അത് അവർക്ക് അവകാശപ്പെട്ടതാണെന്ന്. എന്നാൽ ജനകീയാസൂത്രണവും പഞ്ചായത്തീരാജും രണ്ടും രണ്ടാണെന്ന തിരിച്ചറിവുപോലും അവർക്ക് ഉണ്ടാകുന്നില്ല. ഭരണഘടനയുടെ 73, 74 അനുച്ഛേദ പ്രകാരം ഇൻഡ്യയിലെ ത്രിതല പഞ്ചായത്തുകളിലേക്ക് തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിക്കപ്പെട്ടപ്പോൾ കേരളത്തിൽ തെരഞ്ഞെടുപ്പ് നടത്തി അധികാരത്തിൽ വന്നിട്ടുള്ള ഭരണസമിതികൾക്ക് യാതൊരുവിധത്തിലുള്ള അധികാരവും സമ്പത്തും വകുപ്പും കൈമാറാതെ, 1996-ൽ തെരഞ്ഞെടുപ്പ് നടത്തി എൽ.ഡി.എഫ്. അധികാരത്തിൽ വരുന്നതുവരെ അതിനെ നോക്കുകുത്തിയാക്കുകയായിരുന്നു. 2001-ൽ അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് അതിനെ അട്ടിമറിച്ചു. 2006 മുതൽ 2011 വരെയുണ്ടായിരുന്ന സഖാവ് വി. എസ്. അച്ചുതാനന്ദന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റാണ് 'പാവപ്പെട്ടവർക്ക് അന്തിയുറങ്ങാൻ ഒരു വീട്' എന്ന പദ്ധതി, മഹാനായ സഖാവ് ഇ.എം.എസ്.-ന്റെ നാമധേയത്തിലുള്ള ഇ.എം.എസ്. ഭവനപദ്ധതി ഇവിടെ കൊണ്ടുവന്നത്. അതിനെയും 2011-ൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് അട്ടിമറിക്കുകയാണ് ചെയ്തത്. ജനാധിപത്യത്തെയും അധികാര വികേന്ദ്രീകരണത്തെയും കുറിച്ച് പറയുന്നവർ അധികാരത്തിൽ വരുമ്പോഴൊക്കെ അതിനെ അട്ടിമറിക്കുന്ന രീതിയാണ് ഉണ്ടായിട്ടുള്ളത്. 'ഒന്നായ നിന്നെയിഹ രണ്ടെന്നല്ല മൂന്നെന്നു ചൊല്ലിലും' എന്നാക്കിയതായിരുന്നു കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് തദ്ദേശസ്വയംഭരണ വകുപ്പ്. പഞ്ചായത്ത് ഭരണ സംവിധാനമാകുന്ന കാലുകളെ അറുത്തെടുത്ത് ഡോ. എം. കെ. മുനീറിന് സംഭാവന ചെയ്തു. ഉടലാകുന്ന നഗരവികസനത്ത മുറിച്ചുമാറ്റി ശ്രീ. കെ. സി. ജോസഫിന് കൊടുത്തു. ശ്രീ. ഉമ്മൻ ചാണ്ടി സാറിന്റെ കഴുത്തിൽ കത്തിവച്ച് അഞ്ചാം മന്ത്രിപദം സ്വയം പ്രഖ്യാപിച്ച് നഗരവികസനം എന്ന തലയറുത്തെടുത്ത് ശ്രീ. മഞ്ഞളാംകുഴി അലിക്കും സംഭാവനയായി നല്കി. പാലക്കാട് ഒരു പഴഞ്ചൊല്ലുണ്ട്. 'മൂന്നും ചേർന്നാൽ മുറ്റമടിക്കില്ലായെന്ന്'. എന്നാൽ ഈ മൂന്നു മന്ത്രിമാരും ഒത്തുചേർന്നതുമില്ല, കേരളത്തിൽ മുറ്റമടിച്ചതുമില്ല. മാലിന്യ കുമ്പാരം കൊണ്ടുനിറയുന്ന സ്ഥിതിയിലേക്കാണ് അവർ ഭരണം കൊണ്ടെത്തിച്ചത്. ദൈവത്തിന്റെ സ്വന്തം നാടായ കേരളം മാലിന്യ പിശാചുക്കളുടെ നാടാക്കി മാറ്റുന്നതിൽ പങ്കുവഹിച്ചവരായിരുന്നു യു.ഡി.എഫ്.

നാലാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിരിക്കുന്നതും ഉമ്മൻ വി ഉമ്മൻ കമ്മീഷൻ ശിപാർശ ചെയ്തതും പദ്ധതിവിഹിതമായി ലഭിക്കുന്ന ഫണ്ടിന്റെ 30 മുതൽ 35 ശതമാനം വരെയെങ്കിലും ത്രിതല പഞ്ചായത്തുകളിലേക്ക് കൊടുക്കണമെന്നാണ്. അത് നടപ്പിലാക്കിയത് ഇടതുപക്ഷമുന്നണി ഗവൺമെന്റിന്റെ കാലത്ത് മാത്രമാണ്. 2011-ൽ അധികാരത്തിൽ വന്ന ഗവൺമെന്റിന്റെ കണക്കെടുത്ത് നോക്കിയാൽ 23-24 ശതമാനം മാത്രമാണ് അവർ കൊടുത്തത്. കൊടുത്തുവെന്ന് അവകാശപ്പെടുന്ന ഫണ്ടിൽ തന്നെ മൂന്നാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തത് ഫണ്ട് ലാപ്സാകാതിരിക്കണമെങ്കിൽ സഞ്ചിത നിധിയിൽനിന്ന് പ്രത്യേക പബ്ലിക് അക്കൗണ്ടിലേക്ക് പണം അനുവദിക്കണമെന്നാണ്. ആ ശിപാർശ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 2014 മുതൽ 2016 വരെ അംഗീകരിച്ചില്ല. അതുകൊണ്ട് ത്രിതല പഞ്ചായത്തുകളിലേക്ക് കിട്ടേണ്ട 652 കോടി രൂപയാണ് ലാപ്സായത്. ആരാണ് അത് കൊടുക്കുക; പുതിയ ഗവൺമെന്റിന് കൊടുക്കാൻ കഴിയുമോ? ഇവിടെ തദ്ദേശസ്വയംഭരണത്തിന് ഒരു മന്ത്രിയും ഒരു സെക്രട്ടറിയും ഒരു വകുപ്പുമെന്ന നിലയിൽ ഏറെ ആശ്വാസകരമാകുന്ന ഒരു തീരുമാനമെടുത്താണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. രാഷ്ട്രീയ ഇച്ഛാശക്തിയുടെയും നിശ്ചയദാർഢ്യത്തിന്റെയും ഉൾക്കരുത്തുള്ള സഖാവ് പിണറായി വിജയൻ നേതൃത്വം നല്കുന്ന ഇടതുപക്ഷമുന്നണി ഗവൺമെന്റ്, തദ്ദേശസ്വയംഭരണ വകുപ്പിന് നേതൃത്വം കൊടുക്കുന്ന സഖാവ് കെ. ടി. ജലീൽ, ഗതാഗത വകുപ്പിന് ശരിയായ റൂട്ട് നിശ്ചയിക്കുന്ന ശ്രീ. എ. കെ. ശശീന്ദ്രൻ ഇവരോടെല്ലാം ജനങ്ങൾക്ക് ഏറെ വിശ്വാസമുണ്ട്. എൽ.ഡി.എഫ്. സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ പ്രധാനപ്പെട്ടതാണ് സമ്പൂർണ്ണ ശുചിത്വവും പാർപ്പിട സൗകര്യങ്ങളും അഴിമതിരഹിത പഞ്ചായത്തുകളും. സമ്പൂർണ്ണ ശുചിത്വത്തെക്കുറിച്ച് പറയുമ്പോൾ, 'എന്റെ അപ്പൂപ്പന് ഒരു ആനയുണ്ടായിരുന്നു' എന്ന് വൈക്കം മുഹമ്മദ് ബഷീർ 50 വർഷം മുമ്പ് എഴുതിയത് കുഞ്ഞിപ്പാത്തുമ്മയുമായി ബന്ധപ്പെട്ട പ്രണയ കഥയാണെങ്കിലും അതിലും ഒരു കുഴികുത്തിയ കക്കൂസും അതിനെ ചൊല്ലിയുള്ള ആക്ഷേപങ്ങളും ഉയർന്നിരുന്നു. 50 വർഷം മുമ്പ് വൈക്കം മുഹമ്മദ് ബഷീർ കണ്ടിരുന്ന സ്വപ്നമാണ് ഇവിടെ ഒ.ഡി.എഫ്. പ്രഖ്യാപനത്തിലൂടെ എൽ.ഡി.എഫ്. ഗവൺമെന്റ് നടപ്പിലാക്കാൻ പോകുന്നത്. അതുകൊണ്ടുതന്നെയാണ് വിസർജ്ജന സൗകര്യത്തിനുതകുന്ന മറപ്പുരകൾ ഓരോരുത്തർക്കും ലഭ്യമാകുമ്പോഴേ ഇൻഡ്യയ്ക്ക് പുരോഗതിയുടെ പാതയിൽ കാലെടുത്തുവയ്ക്കാനാകൂ എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത്. ഗാന്ധിജി പറഞ്ഞ സ്വപ്നങ്ങളും പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞ സ്വപ്നങ്ങളും സാക്ഷാത്കരിക്കപ്പെടുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിലുണ്ടാകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഉപയോഗപ്പെടു

ത്തിക്കൊണ്ട് മാത്രമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രഖ്യാപനങ്ങളാണ് നടത്തിയത്. പ്രഖ്യാപനങ്ങളുടെ പെരുമഴ തീർത്തവർ ജനങ്ങൾക്ക് ആശ്വാസത്തിന്റെ ഒരു തുള്ളിവെള്ളം കൊടുത്തില്ല. വളഞ്ഞവഴിയിലൂടെ അധികാരം വെട്ടിപ്പിടിക്കാൻ ശ്രമിച്ചു. 941 പഞ്ചായത്തുകൾ, 152 ബ്ലോക്കുകൾ, 14 ജില്ലാ പഞ്ചായത്തുകൾ, 6 കോർപ്പറേഷനുകൾ, 87 മുനിസിപ്പാലിറ്റികൾ എന്നിവിടങ്ങളിലെ തെരഞ്ഞെടുപ്പു കഴിഞ്ഞ് എൽ.ഡി.എഫ്. മഹാഭൂരിപക്ഷത്തിൽ അധികാരത്തിൽ വന്നപ്പോൾ അവർ പ്രഖ്യാപിച്ചിരുന്നു ഈ ത്രിതല പഞ്ചായത്ത് ശക്തിപ്പടുത്താൻ 100 കോടി രൂപ നല്കുമെന്ന്. ഒരു നയാപൈസ കൊടുത്തോ? ഈ ഗവൺമെന്റ് ത്രിതല പഞ്ചായത്തിനെ ശക്തിപ്പെടുത്താനും മുനിസിപ്പാലിറ്റിക്ക് ആവശ്യമായ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കാനുമുള്ള തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. അതുപോലെതന്നെ ത്രിതല പഞ്ചായത്ത് ഭരണസമിതി അംഗങ്ങളുടെയും പ്രസിഡന്റുമാരുടെയും ഓണറേറിയം യു.ഡി.എഫ്. ഗവൺമെന്റ് പ്രഖ്യാപിച്ചു. ഓണറേറിയം വർദ്ധിപ്പിച്ചതുകണ്ട് ചില പഞ്ചായത്ത് പ്രസിഡന്റുമാരൊക്കെ ബോധംകെട്ടു വീണു.

1.00 PM]

പഞ്ചായത്ത് തെരഞ്ഞെടുപ്പിനുശേഷം അധികാരത്തിലുണ്ടായിരുന്ന യു.ഡി.എഫ്. ഗവൺമെന്റ് ഒരു നയാപൈസ അവർക്ക് വർദ്ധിപ്പിച്ചു കൊടുത്തോ? ഈ ഗവൺമെന്റ് ജൂലൈ മുതൽ മുൻകാല പ്രാബല്യത്തോടുകൂടിയാണ് അവർക്കുള്ള ഓണറേറിയം വർദ്ധിപ്പിച്ചു കൊടുത്തത്. യു.ഡി.എഫ്. ഭരണകാലത്ത് അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഒരു സമരം ചെയ്തു. ആ സമരത്തിന് ശ്രീ. ഉമ്മൻ ചാണ്ടി ഒത്തു തീർപ്പുണ്ടാക്കി. കേരളത്തിൽ 66792 അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും ഉണ്ട്. 5,600 രൂപയായിരുന്നത് 4,400 രൂപ വർദ്ധിപ്പിച്ച് 10,000 രൂപ ആക്കി, 5100 രൂപയായിരുന്നത് 2,900 രൂപ വർദ്ധിപ്പിച്ച് 7,000 രൂപയാക്കി അവർക്ക് കൊടുക്കാനാണ് തീരുമാനിച്ചത്. വർദ്ധിപ്പിച്ച തുക കൊടുക്കാൻവേണ്ടി യു.ഡി.എഫ് ഗവൺമെന്റ് എന്താണ് ചെയ്തത്? ദൈനംദിന ചെലവിനുപോലും വരുമാനമില്ലാതിരുന്ന ത്രിതല പഞ്ചായത്തുകളുടെ തലയിൽ കെട്ടിവച്ച് സ്വയം ഒഴിഞ്ഞുമാറുകയാണ് ചെയ്തത്. കൊടുക്കാൻ ബാക്കിയുള്ള സംഖ്യയിൽ പകുതി തുക ഈ ബഡ്ജറ്റിലൂടെ കൊടുത്തു തീർക്കാൻ എൽ.ഡി.എഫ്. ഗവൺമെന്റ് തീരുമാനിച്ചു. സർക്കാർ നിർദ്ദേശിക്കുന്ന പദ്ധതികൾക്ക് നിർബന്ധിതമായും പഞ്ചായത്ത് പദ്ധതി വിഹിതം വകയിരുത്തണമെന്നു വന്നാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരവും സമ്പത്തും കവർന്നെടുക്കലാകുമെന്നതിനാൽ അതുണ്ടാകാൻ പാടില്ലായെന്ന അഭ്യർത്ഥനയാണുള്ളത്.

2006 മുതൽ 2011 വരെ ഭരിച്ച എൽ.ഡി.എഫ്. സർക്കാർ ഇ.എം.എസ്. ഭവന പദ്ധതിയിലൂടെ 1,09,446 പേർക്കാണ് അന്തിയുറങ്ങാൻ ഒരു പിടി മണ്ണും ഒരു കൂരയുമെന്ന ഈ കേരളീയന്റെ സ്വപ്ന സാക്ഷാത്കാരം നടപ്പിലാക്കിയത്. യു.ഡി.എഫ്. ഗവൺമെന്റ് ആർക്കാണ് ഭൂമി കൊടുത്തത്? 14 വയസ്സിനു താഴെയുള്ള, പ്രായപൂർത്തിപോലും ആകാത്ത പെൺകുട്ടികളെ പീഡിപ്പിച്ച് ജയിലറയിൽ കിടക്കുന്ന സന്തോഷ് മാധവന്റെ ട്രസ്റ്റിനാണ് കൊടുത്തത്. അതുപോലെ തന്നെ ഭൂമാഫിയകൾക്ക് മെത്രാൻ കായൽ നികത്താനുള്ള അനുവാദം കൊടുത്തു. ഇവിടെ ഒ.എൻ.വി. കുറുപ്പ് പാടിയതുപോലെ നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാകും പൈങ്കിളിയേ എന്ന വരികൾക്ക് ശ്രീ. ഉമ്മൻ ചാണ്ടി ഒരു തിരുത്ത് കൊണ്ടുവന്നു. നമ്മൾ കൊയ്യും വയലെല്ലാം നമ്മുടേതാക്കാം സലീം രാജേ. രാജ്യത്തിലെ പാവപ്പെട്ടവർക്ക് ഒരു തുണ്ടു ഭൂമി കൊടുക്കാത്തവർ കടകംപള്ളിയിലും കടവന്ത്രയിലും കടമക്കുടിയിലും ഉള്ള ഭൂമി തട്ടിയെടുത്തതാണെന്ന് നാം കാണണം. എന്റെ നിയോജകമണ്ഡലത്തിലെ തമിഴ്നാടിനോട് ചേർന്ന് കിടക്കുന്ന പ്രദേശമാണ് മുതലമട. അവിടെ ഒരു അമ്മ പാർട്ടി ഓഫീസിലേക്ക് കയറിവന്ന് അവർക്ക് കിട്ടിയ രേഖ കാണിച്ചുകൊണ്ട് ബന്തടുക്ക തെരിയുമാ ബദിയടുക്ക തെരിയുമാ എന്ന് ചോദിക്കുന്നു. ആർക്കാണ് അവർ ഭൂമി കൊടുത്തത്, കൊടുത്തത് രേഖ മാത്രം. അളന്ന് കൊടുക്കാൻ അവർക്ക് കഴിഞ്ഞോ? 350 കിലോമീറ്റർ അകലെയുള്ള കാസർഗോഡ് ജില്ലയിലെ ഏതോ ഒരു തുരുത്തിൽ ഭൂമി കൊടുത്തുവെന്ന വ്യാജ രേഖയാണ് കൊടുത്തിരിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റിൽ ജനങ്ങൾക്ക് ഏറെ പ്രതീക്ഷയുണ്ട്. 4.7 ലക്ഷം ഭവനരഹിതരും ഭൂമിയുണ്ടായിട്ടും വീടില്ലാത്ത 2.91 ലക്ഷം ആളുകളും 1.79 ലക്ഷം ഭൂരഹിതരും ഉണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ കയറി നൂറ് ദിവസത്തിനകം എല്ലാവർക്കും വീട് എന്ന സ്വപ്ന സാക്ഷാത്കാരത്തിന്റെ പുതിയ പദ്ധതിയാണ് പ്രഖ്യാപിച്ചത്. ഈ ഗവൺമെന്റ് 5 വർഷത്തിനകം 5 ലക്ഷം പേർക്ക് വീട് കൊടുക്കുമെന്ന പ്രതീക്ഷ കേരളത്തിലെ ജനങ്ങൾക്കുണ്ട്. അത് നടപ്പിലാക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റ് എന്ന നിലയിൽ ഞങ്ങൾ സ്വാഗതം ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റ് ഐ.എ.വൈ. പദ്ധതിയുടെ പേര് പ്രൈം മിനിസ്റ്റർ ആവാസ് യോജന (PMAY) എന്നു മാറ്റിയതായി ഇവിടെ പറഞ്ഞു. ഞങ്ങൾക്കറിയാനുള്ളത് ഇന്ദിരാ ഗാന്ധിയുടെ നാമധേയത്തിലുള്ള ഒരു പദ്ധതിയുടെ പേര് മാറ്റിയപ്പോൾ ഒന്നു പ്രതിഷേധിക്കാൻ യു.ഡി.എഫ്-ന് കഴിഞ്ഞോ? 2011-ൽ എടുത്തിട്ടുള്ള കണക്ക് പ്രകാരമുള്ള ഗുണഭോക്താവിന് കൊടുത്താൽ മതിയെന്നാണ് ഇപ്പോൾ പറയുന്നത്. അത് പട്ടികജാതിക്കാരും മത ന്യൂനപക്ഷങ്ങളും ഉൾപ്പെടുന്ന 24341 പേർക്ക് മാത്രമായി നിജപ്പെടുത്തുന്നു. അത് തിരുത്തേണ്ടതാണെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അഴിമതിരഹിത പഞ്ചായത്ത് എന്ന സ്വപ്നം

കേരളത്തിലുണ്ടാകാൻ പോകുകയാണ്. ഒന്ന് ഫോൺ ചെയ്താലോ ഒരു എസ്.എം.എസ്. അയച്ചാലോ ഓൺലൈൻ വഴി അപേക്ഷ നൽകിയാലോ മറുപടി ഉടനെ ലഭിക്കും. അതാണ് ഫോർ ദി പീപ്പിൾ എന്ന പദ്ധതി. ഫോർ ദി പീപ്പിളിനെ ജനങ്ങൾ സ്വാഗതം ചെയ്യുന്നു. ഉമ്മൻ ചാണ്ടി സാറിന്റെ കാലത്തും ഫോർ ദി പീപ്പിൾ ഉണ്ടായിരുന്നു. രാത്രി ഫോൺ ചെയ്താൽ അർദ്ധരാത്രി വരെ സല്ലപിക്കാൻ കഴിയുന്ന ചില ആളുകളെ കേന്ദ്രീകരിച്ച ഫോർ ദി പീപ്പിൾ; ഉമ്മൻ ചാണ്ടി സാറിന്റെ ഭരണ കാലത്തെ ജിക്കുമോനും ജോപ്പനും സരിതയും സലീം രാജും ആയിരുന്നു അത്. ഇത് അതല്ല. ജനങ്ങൾക്ക് സേവനം കൊടുക്കുന്ന ഫോർ ദി പീപ്പിളാണ് കേരളത്തിൽ നടപ്പിലാക്കാൻ പോകുന്നത്. മോട്ടോർ വാഹന രംഗത്ത് ഏറെ പ്രതിസന്ധി നേരിടാൻ പോകുകയാണെന്ന് ഇവിടെ എനിക്ക് മുമ്പ് പറഞ്ഞവർ സൂചിപ്പിച്ചു. Road Transport Safety Bill എന്നു ഓമനപ്പേരിട്ട് ഇന്ത്യാ ഗവൺമെന്റ് ഒരു പുതിയ ബിൽ അവതരിപ്പിക്കുകയാണ്. ഫെഡറൽ സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന കേരളത്തിന്റെ രജിസ്ട്രേഷൻ ഉൾപ്പെടെയുള്ള ലൈസൻസും ബാഡ്ജും പെർമിറ്റും കൊടുക്കാനുള്ള അധികാരത്തെ മൂന്ന് അതോറിറ്റികൾ രൂപീകരിച്ചുകൊണ്ട് കവർന്നെടുക്കാനുള്ള തീരുമാനമാണ് കേന്ദ്ര ഗവൺമെന്റ് എടുത്തിരിക്കുന്നത്. അതിൽ പ്രതിഷേധിക്കാനും പ്രതികരിക്കാനും കഴിയണം. മോട്ടോർ തൊഴിലാളികളുടെ സമ്പന്നമായ ക്ഷേമനിധികളുണ്ട്. 200-ലധികം കോടി രൂപയാണ് കഴിഞ്ഞ ഗവൺമെന്റ് ദൈനംദിന ചെലവിനുവേണ്ടി മാറ്റിയെടുത്തത്. എന്നാൽ ആ ക്ഷേമനിധിയെ, കുത്തഴിഞ്ഞു കിടക്കുന്നതൊന്ന് മാറ്റിയെടുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. വാഹന അപകടങ്ങളില്ലാത്ത ഒരു കേരളമാക്കി നമ്മുടെ സംസ്ഥാനത്തെ മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുകയാണ്. സഭയിൽ പലരും പുലിമുരുകനെ കുറിച്ച് പറയുന്നതു കേട്ടു. പുലിമുരുകനിൽ അഭിനയിച്ച ശ്രീ. മോഹൻലാലിനെ ഞാൻ ഏറെ ബഹുമാനിക്കുന്നു. പക്ഷെ ഈ രാജ്യത്ത് അംബരചുംബികളായ കെട്ടിടം പണിയുന്നതിനുവേണ്ടി ഭൂമാഫിയകൾ ആട്ടിപ്പായിക്കുന്ന നിർദ്ധനരായ കമ്മട്ടിപ്പാടത്തെ ബാലനുൾപ്പെടെയുള്ളവരുടെ പക്ഷത്ത് നിൽക്കാൻ ഈ ഗവൺമെന്റ് തയ്യാറാകണമെന്ന അഭ്യർത്ഥനയോടുകൂടി ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, ശ്രീ. കെ. ബാബു ഇവിടെ എല്ലാം ശരിയായി, പൂർണ്ണമായി എന്നുള്ള രീതിയിലാണ് അവതരിപ്പിച്ചത്. ഈ സർക്കാർ വന്നിട്ട് ഇപ്പോൾ അഞ്ച് മാസമേ ആയിട്ടുള്ളൂ. ഈ ഗവൺമെന്റിലെ തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് പൂർണ്ണമായും വിലയിരുത്തലിന് സമയമായിട്ടില്ല. പക്ഷെ ഈ അഞ്ചു വർഷത്തേക്ക് ആവശ്യമുള്ള നല്ല പദ്ധതികൾ തുടങ്ങേണ്ട സമയമായി.

തദ്ദേശ സ്വയംഭരണ വകുപ്പ് എന്നുപറയുന്നത് പ്രാദേശിക ഗവൺമെന്റുകളാണ്. നമ്മുടെ കോർപ്പറേഷനുകൾ, മുനിസിപ്പാലിറ്റികൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ,ഗ്രാമ പഞ്ചായത്തുകളൊക്കെയാണ് അവ. വാസ്തവത്തിൽ അധികാരം ജനങ്ങളിലെത്തിക്കുന്നതിൽ ഏറെ നേട്ടം കൈവരിച്ച ഒരു സംസ്ഥാനമാണിത്. ഒരുപക്ഷെ നമുക്ക് ഇവിടെ ചെയ്യാൻ കഴിയുന്നതിനേക്കാൾ വികേന്ദ്രീകൃതമായി ധാരാളം കാര്യങ്ങൾ കേരളത്തിനുവേണ്ടി ചെയ്യാൻ കഴിയുന്നത് ഈ പ്രാദേശിക ഗവൺമെന്റു കളിലൂടെയാണ്. ഇന്ന് കേരളം നേരിടുന്ന വലിയ പല പ്രശ്നങ്ങളും പരിഹൃതമാകാതെ നിൽക്കുന്നു. ഇനിയും ഒരുപാട് കാര്യങ്ങൾ ചെയ്യേണ്ടതായി വന്നിരിക്കുകയാണ്. ഉദാഹരണമായി മാലിന്യ കൂമ്പാരം. മാലിന്യ പ്രശ്നത്തിൽ ഇതുവരെ നമ്മൾ സ്വീകരിച്ച നടപടികൾക്ക് ഫലം കിട്ടിയോ; ഒരു പരിശോധന നടത്തേണ്ട സമയമല്ലേ? ബഹുമാനപ്പെട്ട മന്ത്രിയുടെ ഇപ്രാവശ്യത്തെ മറുപടികൾ പരിശോധിച്ചപ്പോൾ എല്ലാ പ്രദേശങ്ങളിലും ട്രീറ്റ്മെന്റ് പ്ലാന്റുകൾ പോലുള്ള സംവിധാനങ്ങൾ ഒരുക്കുമെന്ന് പറഞ്ഞു. പ്രാദേശികമായി മാലിന്യ സംസ്കരണത്തിനാവശ്യമായ പദ്ധതികളെ കുറിച്ചൊക്കെ പറയുന്നുണ്ട്. പക്ഷേ ഇതൊക്കെ നമ്മുടെ നാട്ടിൽ ഫലം കണ്ടോ? കഴിഞ്ഞ എട്ടു പത്തുവർഷമായി മാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിച്ചിട്ട് അതിന് ഫലമുണ്ടായിട്ടില്ലെങ്കിൽ ഇനിയെങ്കിലും വലിയ പ്രാധാന്യം നൽകി തദ്ദേശസ്വയംഭരണ വകുപ്പ് ഇത് ഏറ്റെടുക്കണം. മാലിന്യ സംസ്കരണം എവിടേക്കാണ് പോകുന്നത്; നഗരങ്ങളിൽ മൂക്ക് പൊത്തിയാണ് ജനങ്ങൾ നടക്കുന്നത്. പുഴകൾ, നദികൾ, തോടുകൾ, തെരുവുകൾ തുടങ്ങി ഏത് പ്രദേശമെടുത്താലും മാലിന്യ കൂമ്പാരമാണ്. അതിനൊരു പരിഹാരം കണ്ടുപിടിക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രാദേശിക ഗവൺമെന്റുകളുടെ സഹകരണത്തോടുകൂടി നല്ലൊരു ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ട സമയമല്ലേ; അടുത്ത അഞ്ചുവർഷം കൊണ്ടെങ്കിലും ഈ പദ്ധതി കേരളത്തിൽ വിജയിപ്പിക്കേണ്ടതല്ലേ? ഇക്കാര്യം ഗവൺമെന്റ് ഗൗരവമായി ചിന്തിക്കേണ്ടതാണ്. വാസ്തവത്തിൽ അങ്ങനെയൊരു പദ്ധതിയില്ല. ഇപ്പോഴും മറുപടിയിൽ പറയുന്നത് താരതമ്യേന ഉറവിട മാലിന്യസംസ്കരണമാണ് നല്ലതെന്നാണ്. പക്ഷേ ഇത് എങ്ങനെ വിജയിക്കും. വീടുകളിൽ ഉറവിടമാലിന്യം സംഭരിക്കുന്നു, ജൈവം, അജൈവം തരംതിരിക്കുന്നു, എവിടെയെങ്കിലും ശരിയായി നടക്കുന്നുണ്ടോ? അജൈവമാലിന്യങ്ങൾ കളക്ട് ചെയ്യുന്നുണ്ടോ; പ്രാദേശിക മുനിസിപ്പാലിറ്റികൾ അല്ലെങ്കിൽ പഞ്ചായത്തുകൾ അവ ശേഖരിച്ചുകൊണ്ടുപോകുന്നുണ്ടോ? അത് ശേഖരിച്ചുകൊണ്ടുപോയാൽ അജൈവ മാലിന്യങ്ങൾ കളക്ട് ചെയ്യാൻ വേറെ ഏജൻസി വരുമെന്ന് പറഞ്ഞു. എവിടെയെങ്കിലും വരുന്നുണ്ടോ? പ്ലാസ്റ്റിക് മാലിന്യങ്ങളും അജൈവ മാലിന്യങ്ങളും കുന്നുകൂടുന്നു. ട്രീറ്റ്മെന്റ് പ്ലാന്റുകൾക്ക് ഒരിടത്തും സ്ഥലം

കിട്ടുന്നില്ല. ഒരു പ്രദേശത്തും സ്ഥലമെടുക്കാൻ ആളുകൾ സമ്മതിക്കുന്നില്ല. ഒരു വിമാനത്താവളമോ സ്റ്റേഡിയമോ പോലുള്ള വൻവികസന പദ്ധതികൾക്ക് സ്ഥലമെടുക്കുന്ന പ്രാധാന്യത്തോടുകൂടി ഓരോ നഗരത്തിലും, രണ്ടു മൂന്ന് പഞ്ചായത്ത് കേന്ദ്രങ്ങളിൽ അല്ലെങ്കിൽ ജില്ലകളിൽ സ്ഥലം ഏറ്റെടുത്തുകൊണ്ട് ഇത്തരം ട്രീറ്റ്മെന്റ് പ്ലാന്റ് നടത്തേണ്ട ഉത്തരവദിത്വം ഗവൺമെന്റിനില്ലേ; പല വിദേശ രാജ്യങ്ങളിലും ഗവൺമെന്റിന്റെ ചുമതലയിൽ സ്ഥലം ഏറ്റെടുത്ത് ട്രീറ്റ്മെന്റ് പ്ലാന്റ് നടത്താനുള്ള സംവിധാനങ്ങളുണ്ട്. പക്ഷേ കേരളത്തിൽ കൊച്ചിയിലും തിരുവനന്തപുരത്തും ഏത് പ്രദേശത്ത് ചെന്നാലും മാലിന്യ കൂമ്പാരമാണ്. ഇതിനുവേണ്ടി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കൃത്യമായ അവലോകനം നടത്തി, പുരോഗതി വിലയിരുത്തി സമയബന്ധിതമായി ഒരു പദ്ധതി ആവിഷ്കരിക്കാൻ ഗവൺമെന്റ് താൽപ്പര്യം കാണിക്കുന്നില്ല എന്നൊരു പരാതിയുണ്ട്. ഗവൺമെന്റിന്റെ ആരംഭ ഘട്ടത്തിലാണ് ഈ പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. പഞ്ചായത്തുകൾക്ക് ട്രീറ്റ്മെന്റ് പ്ലാന്റിനുവേണ്ടി 35 ലക്ഷം രൂപ വരെ കൊടുക്കാമെന്ന് ഉത്തരത്തിൽ പറയുന്നുണ്ട്. ഇത് എവിടെ പ്രാവർത്തികമാകുന്നു; കേരളത്തിലെ ഏതെങ്കിലും നഗരത്തിൽ ട്രീറ്റ്മെന്റ് പ്ലാന്റും മാലിന്യസംസ്കരണവും വിജയിച്ചിട്ടുണ്ടോ? കേരളം എങ്ങനെ ഇതിൽ നിന്നും മോചനം നേടും? അതുകൊണ്ട് ഈ വിഷയത്തിൽ ശക്തമായ ഒരു പരിപാടി ആവിഷ്കരിച്ച് നല്ലൊരു പദ്ധതിയായി മാറ്റിയെടുക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്.

അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് ഇവിടെ പറഞ്ഞു. അധികാര വികേന്ദ്രീകരണം വന്നപ്പോൾ നഗരങ്ങൾക്ക് പണവും അധികാരവും കൈമാറി. പക്ഷേ ഇന്ന് എന്താണ് അവസ്ഥ; ഈ നഗരങ്ങൾക്കാവശ്യമായ ഫണ്ടുണ്ടോ; നമ്മൾ പ്ലാൻ ഫണ്ട് കൊടുക്കുന്നു, അവർക്ക് കുറച്ച് തനത് ഫണ്ടുണ്ടെന്ന് പറയുന്നു. പക്ഷേ നഗരത്തിൽ എന്തെങ്കിലുമൊരു അത്യാവശ്യം വന്നാൽ നൂറ് രൂപ എടുത്ത് ചെലവാക്കാൻ കഴിയാത്ത മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളുമാണ് ഇപ്പോൾ നമ്മുടെ നാട്ടിലുള്ളത്. തനത് ഫണ്ടില്ലാത്തതിന്റെ കുറവ് പരിഹരിക്കാൻ എന്താണ് മാർഗ്ഗം? മുനിസിപ്പാലിറ്റികളിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും അതാത് മുനിസിപ്പാലിറ്റികൾ കൊടുക്കണമെന്നാണ് പറയുന്നത്. അങ്ങനെ കൊടുത്താൽ പിന്നെ അവർക്ക് എന്ത് മിച്ചം കിട്ടും. ശമ്പളത്തിനുവേണ്ടി ജനറൽ പർപ്പസ് ഗ്രാന്റ് കൊടുക്കുന്നു. എന്റെ മുനിസിപ്പാലിറ്റിയിൽ 50 ലക്ഷം രൂപ മാസം ആവശ്യമാണ്. ഗവൺമെന്റ് കൊടുക്കുന്നത് ഏഴ് ലക്ഷം രൂപയും. എങ്ങനെ കാര്യങ്ങൾ നീങ്ങും; ഒരു നഗരത്തിലെ മാത്രം കണക്കെടുത്തപ്പോൾ ഗവൺമെന്റ് കൊടുക്കാനുള്ള പെൻഷൻ അലോട്ട്മെന്റ് കുടിശ്ശിക നാല് കോടി രൂപയാണ്. ഒരു റോഡ്

തകർന്നാൽ, ഒരു പൈപ്പ്‌ലൈൻ പൊട്ടിയാൽ, പൈപ്പ് മാറ്റിയിടാൻ, പത്ത് വഴിവിളക്ക് കത്താതിരുന്നാൽ പഞ്ചായത്തുകളുടെയോ മുനിസിപ്പാലിറ്റികളുടെയോ കൈവശം പണമില്ല. അവിടത്തെ ജീവനക്കാരുടെ ശമ്പളവും പെൻഷനും മറ്റു ചെലവുകളും വഹിക്കണം. വെള്ളത്തിന്റെയും വൈദ്യുതിയുടേയും ചാർജ്ജ് എപ്പോഴും വർദ്ധിക്കുന്നു, അതും മുനിസിപ്പാലിറ്റികളിൽ നിന്നും പഞ്ചായത്തുകളിൽ നിന്നും കൊടുക്കണം. ഇതുസംബന്ധിച്ച് പരിശോധന നടത്തുന്നുണ്ടോ? നമ്മുടെ നഗരങ്ങളും ഗ്രാമങ്ങളും കൊടുക്കുന്ന പ്ലാൻ ഫണ്ട് നിശ്ചിത മേഖലയ്ക്കുവേണ്ടി മാത്രം ചെലവാക്കാൻ നിർദ്ദേശിക്കണം. മാറ്റിവയ്ക്കാൻ അവർക്ക് പണമില്ല. ഗവൺമെന്റ് കൊടുക്കേണ്ട കുടിശ്ശികയും ജനറൽ പർപ്പസ് ഗ്രാന്റും പെൻഷൻ അലോട്ട്മെന്റും കൊടുക്കാൻ തയ്യാറാകുന്നുമില്ല. അതുകൊണ്ട് ഇത്തരം കാര്യങ്ങളിൽ നമ്മുടെ മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും ഒന്നും ചെയ്യാൻ സാധിക്കാതെ വിഷമിക്കുന്ന ഈ ഘട്ടത്തിൽ അവരെ സാമ്പത്തികമായി ബലപ്പെടുത്താൻ എന്ത് മാർഗ്ഗമുണ്ടെന്ന് നോക്കണം. അതോടൊപ്പം കേന്ദ്രാവിഷ്കൃത പദ്ധതികൾ ധാരാളമുണ്ട്.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു. പ്ലീസ് കൺക്ലൂഡ്.......

<u>ശ്രീ. സി. എഫ്. തോമസ്</u>: സർ, ഒരു കമ്മിറ്റിയെയോ ഒരു ടീമിനെയോ നിയോഗിച്ചുകൊണ്ട് ഈ പദ്ധതികളിൽ കേരളത്തിന് ശരിക്കും പ്രയോജനം കിട്ടുന്നുണ്ടോ എന്നൊരു പരിശോധന നടത്തണം. എത്രത്തോളം തുക നമ്മൾ വാങ്ങുന്നു, അതിൽ എത്രത്തോളം വിജയിച്ചു. ലോക ബാങ്കിന്റെ സഹായം ലഭിക്കുന്നത് പത്ത് നഗരങ്ങൾക്കും കുറച്ച് പഞ്ചായത്തുകൾക്കും മാത്രമേയുള്ളൂ. കൂടുതൽ സഹായം എങ്ങനെ വാങ്ങാം എന്നതിനെക്കുറിച്ച് മനസ്സിലാക്കി പഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും സാമ്പത്തികമായി ബലപ്പെടുത്തുവാനുള്ള നടപടികൾ കൂടി സ്വീകരിക്കണം. സമ്പൂർണ്ണ ശുചിത്വം, മാലിന്യ സംസ്കരണം, മാലിന്യ നിർമ്മാർജ്ജനം തുടങ്ങിയവയ്ക്കുവേണ്ടി സമഗ്രമായ ഒരു പദ്ധതി, ഇതുവരെ വിജയിച്ചിട്ടില്ലാത്ത ഈ രംഗത്തെ വിജയിപ്പിക്കുവാൻ നടപടി സ്വീകരിക്കണം. ഇതിനാവശ്യമായ ഒരു കർമ്മപദ്ധതി ആവിഷ്കരിക്കാത്തതിനോട് പ്രതിഷേധം അറിയിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ ജനങ്ങളുടെ വിഷയവുമായി ഏറ്റവും ബന്ധപ്പെട്ട് നിൽക്കുന്ന രണ്ട് വകുപ്പുകളെക്കുറിച്ചാണ് ഇന്ന് ഇവിടെ ചർച്ച ചെയ്യുന്നത്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പരിപൂർണ്ണമായി പിന്തുണയ്ക്കുകയാണ്. നാലുമാസം കൊണ്ട് എല്ലാം ശരിയായി എന്നു പറയാൻ സമയമായിട്ടില്ല. പക്ഷേ ശരിയാക്കാനുള്ള തുടക്കം കുറിച്ചിട്ടുണ്ടെന്നാണ്

നമ്മളും ഈ നാട്ടിലെ ജനങ്ങളും വിശ്വസിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ എന്റെ സുഹൃത്തായ ഡോ. എം. കെ. മുനീറിന്റെ ചിറകരിയാൻ, ഈ വകുപ്പിനെ പതിനാറ് തുണ്ടമായി മുറിച്ചു. വിരല് വേറെ, കാല് വേറെ, കണ്ണ് വേറെ, മൂക്ക് വേറെ, ചുണ്ട് വേറെ, വെട്ടിമാറ്റിയതെല്ലാം ഒന്നിപ്പിച്ചുകൊണ്ട് so many cooks spoil ചെയ്ത ആ ഡിഷ് ഇപ്പോൾ ഒരു കുക്കിനെ ഏൽപ്പിച്ചിരിക്കുകയാണ്. അദ്ദേഹം നന്നായി അത് ചെയ്യും. അന്ന് നമ്മൾ ഒന്നിച്ചായിരുന്നു. ഉള്ളകാര്യം എപ്പോഴായാലും പറയണമല്ലോ? അന്നും ഈ അഭിപ്രായം പറഞ്ഞിട്ടുണ്ട്. അന്ന് പറഞ്ഞിട്ടുണ്ടോ എന്ന് ഡോ. എം. കെ. മുനീറിനോട് ചോദിച്ചാൽ മതി. അങ്ങേയ്ക്കും അതിൽ നിന്നും ഒരു പീസ് കിട്ടി. എനിക്ക് അതിൽ പ്രതിഷേധമുണ്ട്. അത് ഡോ. എം. കെ. മുനീറിനെ ദ്രോഹിക്കാൻ വേണ്ടി ചെയ്തതാണെന്ന് എനിക്കും ജനങ്ങൾക്കും നന്നായി അറിയാം. സി.എച്ച്.-ന്റെ മകനെ ഒന്ന് കൈകാര്യം ചെയ്യാൻ വേണ്ടി ചെയ്തതാണ്. അത് കുഴപ്പമില്ല. പക്ഷേ ഇന്ന് അതല്ല സാഹചര്യം. ഇന്ന് അതിനൊരു മന്ത്രിയും നാഥനുമുണ്ട്. നാല് മാസം കൊണ്ട് ഡോ. കെ. ടി. ജലീൽ എല്ലാം ശരിയാക്കിയെന്ന് ഞാൻ പറയുന്നില്ല. പക്ഷേ അദ്ദേഹത്തിനത് കഴിയുമെന്ന് വിശ്വസിക്കുന്ന ഒരു സഹപ്രവർത്തകനാണ് ഞാൻ. കാരണം അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകൾ അത്തരത്തിലുള്ളതാണ്. ആ കാഴ്ചപ്പാടുകൾ എൽ.ഡി.എഫ്. ഗവൺമെന്റിൽ വലിയ ഒരു മാറ്റമുണ്ടാക്കും. ബഹുമാനപ്പെട്ട മന്ത്രിയോട് എനിക്ക് പറയാനുള്ളത്, ജനാധിപത്യത്തിൽ മഹാത്മാഗാന്ധി സ്വപ്നം കണ്ട ശക്തമായ ഒരു സാന്നിദ്ധ്യമാണ് ഗ്രാമപഞ്ചായത്തുകളിലെ അധികാരം. അത് നമ്മൾ സ്വയം വിലയിരുത്തണം. പഞ്ചായത്ത് പ്രസിഡന്റിനെ ഭരിക്കുകയും പഞ്ചായത്ത് കമ്മിറ്റിയെടുക്കുന്ന തീരുമാനങ്ങളെ ലംഘിക്കുകയും അത് നടപ്പിലാക്കിക്കൊടുക്കാൻ തയ്യാറാകാത്ത ധിക്കാരപരമായ സമീപനം സ്വീകരിക്കുന്ന സെക്രട്ടറിമാരെ നിയന്ത്രിക്കാൻ ഒരു സംവിധാനമുണ്ടാകാതെ ജനാധിപത്യത്തിൽ ത്രിതല പഞ്ചായത്ത് സംവിധാനത്തിന് ഗുണമുണ്ടാകുകയില്ല. പാവപ്പെട്ട സ്ത്രീകൾ, പട്ടികജാതി/പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, സാധുക്കളും പുരുഷന്മാരുമായ പഞ്ചായത്ത് പ്രസിഡന്റുമാർ എന്നിങ്ങനെ നിയമം അറിയാതെ വരുന്ന പഞ്ചായത്ത് പ്രസിഡന്റുമാരെയാണ് സെക്രട്ടറിമാർ കൈകാര്യം ചെയ്യുന്നത്. നിയമവിരുദ്ധമായി ഒന്നും ചെയ്യണ്ട. പക്ഷേ നിയമത്തിൽ നിന്നുകൊണ്ട് ഒരു പഞ്ചായത്ത് കമ്മിറ്റി എടുക്കുന്ന തീരുമാനങ്ങൾ നടപ്പിലാക്കിക്കൊടുക്കാത്ത ഉദ്യോഗസ്ഥന്മാർക്കെതിരെ കർശനമായ നടപടിയെടുക്കണം. പഞ്ചായത്ത് തെരഞ്ഞെടുപ്പ് കഴിഞ്ഞ് രണ്ടുമാസം കഴിഞ്ഞാണ് ഭരണം വന്നത്, അതിനുശേഷം അസംബ്ലി ഇലക്ഷൻ വന്നു, ഒരു വർഷം പഞ്ചായത്ത് കമ്മിറ്റിക്ക് നഷ്ടപ്പെട്ടിരിക്കുകയാണെന്നത് ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം. ഇനി നാല് വർഷമേയുള്ളൂ. അതിനുള്ളിൽ ചെയ്യാവുന്നതിന്റെ പരമാവധി കാര്യങ്ങൾ ചെയ്യണം. അങ്ങ് ഇത് ചെയ്യുമെന്ന് പറയാൻ കാരണം, ഞാൻ വനം വകുപ്പുമന്ത്രിയായിരിക്കുമ്പോൾ അങ്ങയുടെ

മണ്ഡലത്തിലെ ആൽത്തറയും കാവും കുളങ്ങളും നവീകരിക്കാൻ വനം വകുപ്പിന് ഒരു പ്രൊപ്പോസൽ തന്നതാണ്. അങ്ങയുടെ ഭരണകാലത്ത് പഞ്ചായത്തുകൾ വഴി, ഉടമസ്ഥാവകാശം ഏത് ക്ഷേത്രത്തിന്റേതെന്നോ ഏത് വ്യക്തിയുടേതെന്നോ നോക്കാതെ കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കണം. ഓസോൺ പാളിയിലെ വിള്ളലുകൾ മാറ്റാൻ ആൽമരങ്ങളും കണ്ടൽ കാടുകളും നിർബന്ധമായും സംരക്ഷിക്കാനുള്ള പദ്ധതി അങ്ങയുടെ കാലത്തുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഗ്രാമവികസനത്തിൽ ധാരാളം രൂപ നമുക്ക് നഷ്ടമായിട്ടുണ്ട്. തമിഴ്നാട്ടിലും കർണ്ണാടകത്തിലും പ്രധാനമന്ത്രി ഗ്രാമീൺ സഡക് യോജന പ്രകാരം ലക്ഷക്കണക്കിന് കിലോമീറ്ററുകളുള്ള റോഡുകളുണ്ട്. 1999-ലോ മറ്റോ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന വാജ്പേയിയുടെ ജന്മദിന സമ്മാനമായി കൊണ്ടുവന്നതാണ് ഗ്രാമീൺ സഡക് യോജന. നിർഭാഗ്യവശാൽ കേരളത്തിന് ആയിരക്കണക്കിന് കിലോമീറ്റർ റോഡ് മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞുള്ളൂ. ഈ കേന്ദ്ര ഫണ്ട് നമ്മൾ നഷ്ടപ്പെടുത്തിയിരിക്കുകയാണ്. പി.ഡബ്ല്യൂ.ഡി-യിൽ നടന്നതുപോലുള്ള അഴിമതിയാണ് ഇവിടെയും നടക്കുന്നത്. കാരണം, ഒരു കിലോമീറ്റർ റോഡിന് 118 ലക്ഷം രൂപ വേണമെന്ന് എഴുതിക്കൊടുത്തു. സർക്കാർ ഖജനാവിലെ പണമാണെന്ന് ആലോചിക്കണം. കേന്ദ്ര ഗവൺമെന്റിന് സംശയം തോന്നി, കേന്ദ്രസംഘം വന്ന് അത് 103 ലക്ഷം രൂപയായി വെട്ടിക്കുറച്ചു. ഒരു കിലോമീറ്റർ റോഡ് പണിയാൻ 118 ലക്ഷം എന്നത് 103 ലക്ഷമായി കുറഞ്ഞു. എത്ര രൂപ നഷ്ടമായിയെന്നുള്ള വ്യത്യാസം മനസ്സിലാക്കണം. നികുതി കൊടുക്കുന്ന പണമാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയണം. കേന്ദ്രസഹായം കിട്ടുന്ന പല പദ്ധതികളും പ്രത്യേകിച്ച് നബാർഡിന്റെ പദ്ധതികൾക്ക് വർക്ക് കൊടുക്കുന്നില്ല. ആർ.ഐ.ഡി.എഫ്.-ൽ നിന്നും ഒരു കോടിയും രണ്ടുകോടിയും കിട്ടുന്നിടത്ത് കൊടുക്കുന്നത് 15 ലക്ഷം രൂപയുടെ പ്രൊപ്പോസലാണ്. അത് പാസ്സാകുന്നില്ല. കോടികൾ കിട്ടേണ്ടത് നമ്മൾ നഷ്ടപ്പെടുത്തുകയാണ്. ഇതെല്ലാം നമ്മുടെ വികസനത്തിന്റെ തകരാറുകളാണ്. അതുകൂടാതെ കെ.എൽ.ജി.എസ്.ഡി.പി. വഴി ലോകബാങ്കിന്റെ സഹായം കിട്ടുന്നതും ഇതുപോലെ വളരെ കുറഞ്ഞ തുകയ്ക്ക് എഴുതിക്കൊടുത്ത് കിട്ടാതാക്കുകയാണ്. ഓരോ പദ്ധതിക്കും കോടിക്കണക്കിന് രൂപ കിട്ടുന്നതാണ്. കുടിവെള്ള പദ്ധതികൾ, പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും ജില്ലാ പഞ്ചായത്തിന്റെയും റോഡുകൾ എല്ലാം ഇതുപയോഗിച്ച് പരിഹരിക്കാൻ കഴിയും. അടൂർ മണ്ഡലങ്ങളിലും മറ്റ് തെക്കൻ ജില്ലകളിലും ഇറിഗേഷൻ വകുപ്പിന്റെ കനാൽ റോഡുകളുമുണ്ട്. അത് ജില്ലാ പഞ്ചായത്തിന്റെ ലിസ്റ്റിൽ വന്നെങ്കിൽ മാത്രമേ പ്രധാനമന്ത്രി സഡക് യോജനയിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. അതൊക്കെ വന്നാൽ ഗുണകരമായിരിക്കും. അത് കൊണ്ടുവരാനുള്ള നടപടിയെടുക്കണം.

അതുകൂടാതെ കുടുംബശ്രീയെക്കുറിച്ച് ഒരു സംശയമുണ്ട്. കേരളത്തിൽ മാധ്യമ പ്രവർത്തകരുടെ എണ്ണം വളരെ കൂടുതലാണ്. അത് പോരാഞ്ഞിട്ട് കുടുംബശ്രീ ഒരു പദ്ധതി കൊണ്ടുവന്നു. ആ പദ്ധതി വളരെ രസകരമാണ്. അതിനകത്ത് മീഡിയശ്രീ എന്നുപറയുന്ന ഒരു പദ്ധതിയുണ്ട്. ആ പദ്ധതിയുടെ സ്ഥിതിയെന്താണ്; 60 ലക്ഷം രൂപ കോഴിക്കോട്ടുള്ള ഒരു മീഡിയ കോളേജിന് കൊടുത്തു. ഒരു പഞ്ചായത്തിൽ നിന്നും 65,000 രൂപ വച്ച് മൂന്നേകാൽ കോടിരൂപ ശേഖരിച്ചതിൽ രണ്ടുകോടി രൂപ ആ കോളേജിന് കൈമാറി. ശരിയാണോ എന്ന് മന്ത്രിയുടെ മറുപടിയിൽ പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഈ കോളേജ് എവിടെയാണ്; കോളേജിന്റെ പേര് എന്താണ്; ഈ കോളേജ് നിലവിലുണ്ടോ; മന്ത്രി അതിന് മറുപടി പറയണം. കുടുംബശ്രീ അംഗങ്ങളായ സ്ത്രീകളെ മീഡിയ പഠിപ്പിക്കേണ്ട ആവശ്യമുണ്ടോ; കേരളത്തിലെ ജനങ്ങളെ മീഡിയ പഠിപ്പിക്കണോ; പത്രപ്രവർത്തനം പഠിപ്പിക്കുകയേ വേണ്ട. ഫെയ്സ്ബുക്കും ചാനലും തുറന്നുനോക്കിയാൽ അറിയാം എല്ലാവരും പത്ര പ്രവർത്തകരാണെന്ന്. വാർത്തകൾ ഉണ്ടാക്കാനും കൊടുക്കാനും മത്സരം നടക്കുകയാണ്. അപ്പോഴാണ് കുടുംബശ്രീയിലെ സ്ത്രീകളെ മീഡിയ പഠിപ്പിക്കുന്നതിന് ഏതാണ്ട് 60 ലക്ഷം രൂപ ഒരു സ്ഥാപനത്തിന് കൊടുക്കുന്നത്. ഓരോ പഞ്ചായത്തിന്റെയും വികസനങ്ങൾ ഡോക്യുമെന്റ് ചെയ്യാനായി 65,000 രൂപ വീതം മാറ്റിവച്ചതിൽ നിന്നും രണ്ടുകോടി രൂപ ഈ സ്ഥാപനം കൈപ്പറ്റിയിട്ടുണ്ട്. ആ സ്ഥാപനം നിലവിലില്ല എന്നാണ് എന്റെ വിശ്വാസം. ആ സ്ഥാപനം ഉണ്ടോ എന്ന് മന്ത്രി പറയണം. ഞാൻ ഈ വകുപ്പിൽ പല മാറ്റങ്ങളും പ്രതീക്ഷിക്കുന്നു. ചോദ്യങ്ങളുടെ ഉത്തരം ലഭിച്ചാൽ മതിയാകും.

ട്രാൻസ്പോർട്ട് വകുപ്പിനെക്കുറിച്ച് പറഞ്ഞ് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കാം. ഞാനും ട്രാൻസ്പോർട്ട് വകുപ്പുമന്ത്രിയായിരുന്നു. പഞ്ചായത്തിനെക്കുറിച്ച് പറഞ്ഞതുപോലെ ഡെമോക്രസിയാണ്. ഉദ്യോഗസ്ഥന്മാരും യൂണിയൻകാരും അല്ല കെ.എസ്.ആർ.ടി.സി. ഭരിക്കേണ്ടത് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് കെ.എസ്.ആർ.ടി.സി. നന്നാക്കുന്നതിനെക്കുറിച്ച് പണ്ട് ഒരു പുസ്തകം എഴുതി. വളരെ നല്ല ആശയങ്ങൾ അന്ന് പറഞ്ഞു. ഇത് നടപ്പിലാക്കാൻ പറ്റില്ല എന്നുപറഞ്ഞ് അദ്ദേഹത്തെ എല്ലാവരും എതിർത്തു. അന്ന് അത് നടപ്പിലാക്കിയിരുന്നുവെങ്കിൽ ഇന്ന് കഞ്ഞികുടിച്ച് കിടക്കാമായിരുന്നു. കഴിഞ്ഞ മാസം 5-ാം തീയതിയാണ് ശമ്പളം ലഭിച്ചത്. പുതിയ എം.ഡി.യും വന്നിട്ടുണ്ട്. തൊഴിലാളികളെ ആദ്യം പറഞ്ഞ് മനസ്സിലാക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ആ വകുപ്പിന്റെ മന്ത്രിയായിരുന്നപ്പോൾ കോൺഗ്രസ് യൂണിയൻ ഭരിച്ചു. ഇപ്പോൾ അങ്ങ് വന്നപ്പോൾ

ഇടതുപക്ഷ യൂണിയൻ ഭരിക്കുന്നു. ഇവർക്ക് ഇതിനകത്ത് ഷെയർ വല്ലതുമുണ്ടോ; എം.എൽ.എ.-മാരെയെല്ലാം ബാധിക്കുന്ന കാര്യമാണ്. തെക്കൻ ജില്ലകളായ തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ എല്ലാ റോഡുകളും നാഷണലൈസ് ചെയ്തിരിക്കുകയാണ്. അടൂർ, പത്തനാപുരം, പുനലൂർ, ചടയമംഗലം, മാവേലിക്കര എന്നിവിടങ്ങളിൽ ബസ്സില്ല. ഞങ്ങൾക്ക് നാഷണലൈസേഷൻ എടുത്തുകളഞ്ഞിട്ട് പ്രൈവറ്റ് ബസ്സ് തരണം. രാവിലെ സ്റ്റേ ബസ് പോകുകയില്ല. എല്ലാ ബസ്സുകളും കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാരുടെ സൗകര്യത്തിനാണ് ഏർപ്പെടുത്തിയിരിക്കുന്നത്. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇരുന്ന സമയത്ത് എനിക്കൊരു എയർ കണ്ടീഷൻ ബസ് തന്നു. പക്ഷേ ആ ബസ് ഇതുവരെയും ഓടിയിട്ടില്ല. അങ്ങ് വന്നപ്പോൾ ഇതേ ബസ് എനിക്ക് തന്നു. അതും ഓടിയിട്ടില്ല. എക്സിക്യൂട്ടീവ് ഡയറക്ടറെ വിളിച്ചാൽ അയാൾ ഫോൺ എടുക്കുകയില്ല. അയാൾക്ക് സൗകര്യമില്ല, ബിസിയാണെന്നാണ് പറയുന്നത്. അയാളുടെ ബിസി ഒന്ന് തീർത്തുതരണം. അല്ലെങ്കിൽ വേറെ ആളെ നിയമിക്കണം. പുതിയ എം.ഡി. വന്നിട്ടുണ്ട്. ജീവനക്കാരല്ല കെ.എസ്.ആർ.ടി.സി. ഭരിക്കേണ്ടത്. 5-ാം തീയതി ശമ്പളം കൊടുത്തപ്പോൾ എനിക്ക് തോന്നിയത് ഇത് ധനകാര്യ വകുപ്പുമന്ത്രിക്ക് തോന്നിയ ബുദ്ധിയായിരിക്കുമെന്നാണ്. പ്രയാസം എന്താണെന്ന് അറിയണം. പെൻഷൻകാർ രണ്ടുമാസമായി പെൻഷൻ കിട്ടാതെ റോഡിലിരുന്ന് സമരം ചെയ്യുമ്പോൾ ബസ്സിലിരുന്ന് അവരെ നോക്കി ചിരിച്ച് ഡബിൾ ബെല്ലടിച്ച് പോകുകയാണ്. പെൻഷൻ കിട്ടാത്തവരെ കാണുമ്പോൾ ജീവനക്കാർ ചിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം 5-ാം തീയതി ശമ്പളം കിട്ടിയതിൽ തെറ്റില്ല. കാരണം പ്രയാസം എല്ലാവരുമറിയണം. എവിടെ നിന്നെങ്കിലും കടം വാങ്ങിയും പണയം വച്ചുമല്ല കെ.എസ്.ആർ.ടി.സി.യിൽ ശമ്പളം കൊടുക്കേണ്ടത്. ഇതിനെ ലാഭകരമായി നടത്തണമെന്ന് വിശ്വസിക്കുന്നയാളാണ് ഞാൻ. അതിന് പുതിയ പരിഷ്കാരങ്ങൾ കൊണ്ടുവരണം. ടിക്കറ്റിംഗ് മെഷീനിൽ വരുന്ന ഡാറ്റാ എടുത്ത് ഡ്യൂട്ടി പാറ്റേണും കളക്ഷനും വച്ചുകൊണ്ട് ഒരു സോഫ്റ്റ് വെയർ ഡെവലപ് ചെയ്യണം. ആ സോഫ്റ്റ് വെയർ വികസിപ്പിച്ച് അതിൽ നിന്നും ലഭിക്കുന്ന ഡാറ്റാ കൊണ്ടായിരിക്കണം കെ.എസ്.ആർ.ടി.സി.യുടെ ഷെഡ്യൂളിംഗ്. അല്ലാതെ ഓരോരുത്തരുടെ സൗകര്യത്തിനനുസരിച്ചല്ല. താങ്കൾ തന്ന ബസ് ഓടാത്തതിന് എക്സിക്യൂട്ടീവ് ഡയറക്ടർ തന്ന മറുപടി, മന്ത്രി അനുവദിച്ച വണ്ടിയൊക്കെ റെഡിയാക്കി, നാളെ ഓടിക്കാം. പക്ഷേ ജീവനക്കാർ തയ്യാറാകുന്നില്ല എന്നാണ്. ജീവനക്കാരുടെ സൗകര്യത്തിന് ഇനിയും വണ്ടിയോടിച്ചാൽ വെന്റിലേറ്ററിൽ കിടക്കുന്ന അമ്മൂമ്മയുടെ വായിലെ സ്വർണ്ണപ്പല്ല് വലിച്ചൂരാൻ ശ്രമിക്കുന്ന പോലെയായിത്തീരും. അതുവേണ്ട. ഇതിന്റെ അപകടം അതാണ്. കെ.എസ്.ആർ.ടി.സി. ജീവനക്കാർ ഒരു കാര്യം മനസ്സിലാക്കണം. ആരെയും കുറ്റം പറയുന്നതല്ല. നമ്മുടെ കഞ്ഞിയിൽ നമ്മൾ പാറ്റയിടുകയാണ്.

കാരണം കെ.എസ്.ആർ.ടി.സി. അടച്ചുപൂട്ടിയാൽ പ്രതിപക്ഷത്തും ഭരണപക്ഷത്തുമുള്ള എം.എൽ.എ.മാരും പൊതുപ്രവർത്തകരും മാധ്യമങ്ങളും ഒരു മാസം ശബ്ദമുയർത്തും. ഇവർ പന്തലിട്ട് സമരം ചെയ്താൽ ഒരു മാസം കഴിഞ്ഞാൽ ഒരാളും തിരിഞ്ഞുനോക്കുകയില്ല. കെ.എസ്.ആർ.ടി.സി. സർവ്വീസ് നിർത്തിയാൽ പ്രൈവറ്റ് ബസ്സുകൾ ഇരച്ചുകയറും. ജനങ്ങൾക്ക് ബസ് വേണം. കഴിഞ്ഞ മാസത്തെ ശമ്പളം താമസിച്ചു എന്ന് പല മാധ്യമങ്ങളിലും വാർത്ത കണ്ടു. ഒരു ചാനലിലും അവർക്ക് ശമ്പളം കൊടുക്കാത്തത് കഷ്ടമായിപ്പോയി എന്നുപറഞ്ഞില്ല. ഇവർ സമരം നടത്തിയത് തെറ്റായിപ്പോയി എന്നാണ് പറഞ്ഞത്. എല്ലാവരും കണ്ടതല്ലേ; അവരെ പറഞ്ഞു മനസ്സിലാക്കണം. പുതിയ എം.ഡി. ആത്മാർത്ഥതയുള്ള ഒരു ചെറുപ്പക്കാരനാണെന്നാണ് എന്റെ വിശ്വാസം. എം.ഡി. ഭരിക്കണം. ജനാധിപത്യത്തിൽ മന്ത്രി ഭരിക്കണം. അത് കാണാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. എക്സിക്യൂട്ടീവ് ഡയറക്ടറും ജീവനക്കാരുമല്ല കെ.എസ്.ആർ.ടി.സി. ഭരിക്കേണ്ടത്. സമയത്ത് ശമ്പളം ലഭിക്കാനും, പ്രൊമോഷൻ കിട്ടാനും, സ്ഥലം മാറ്റം വരാതിരിക്കാനുമുള്ള അവരുടെ താൽപ്പര്യങ്ങൾക്ക് വേണ്ടി അവർ ഡ്യൂട്ടി ചെയ്യാൻ വിസമ്മതിക്കുകയാണ്. മൊത്തത്തിൽ അഴിച്ചുപണി നടത്തണം. ധനകാര്യ വകുപ്പുമന്ത്രി എത്ര കാലം പൈസ കൊടുത്ത് മുന്നോട്ടുകൊണ്ടുപോകും. ലോൺ എടുക്കാൻ സഹായിക്കാമെന്ന് ബഡ്ജറ്റിൽ തന്നെ പറയുന്നുണ്ട്. ലോൺ എടുക്കാൻ സഹായിച്ചിട്ട് കാര്യമില്ല. യു.ഡി.എഫ്. ഗവൺമെന്റ് 30 കോടി രൂപ ലോൺ കൊടുത്തു. അവരതുകൊണ്ട് ശമ്പളം കൊടുത്തു. അതല്ല ചെയ്യേണ്ടത്; പലിശ ഇല്ലാതെ കിട്ടുന്ന 30 കോടി രൂപയ്ക്ക് ബസ് വാങ്ങണം. 12 ശതമാനം പലിശയ്ക്ക് ബസ് വാങ്ങി ഈ സ്ഥാപനം എത്ര നാൾ കൊണ്ടുപോകും; പെൻഷനും ശമ്പളവും കൊടുത്ത് സ്പെയർ പാർട്സ് വാങ്ങാനുള്ള അഴിമതിയും നടത്തി എത്ര നാൾ ഇത് മുന്നോട്ടുകൊണ്ടുപോകും; പൊതുജനങ്ങളുടെ താൽപ്പര്യം സംരക്ഷിക്കണം. ഒരു സർവ്വീസായി ഇതിനെ കാണണം. ലാഭത്തിലാക്കിയതിനുശേഷം സർവ്വീസായി കാണണം. ലാഭമാക്കാൻ ഞങ്ങൾ സഹകരിച്ചില്ലേ; യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് എല്ലാ ബസ്സും വെട്ടിക്കുറച്ചു. എന്റെ മണ്ഡലത്തിൽ 14 ബസ് വെട്ടിക്കുറച്ചു. ഒന്നും മിണ്ടിയില്ല. അന്ന് പൈസ കൊടുത്താൽ ആ പണം ചെന്നുചേരുന്നത് പാലായിലാണ്. ഏത് ബസ് ഇറങ്ങിയാലും ചെന്നു ചേരുന്നത് പാലായിലാണ്. പാപ്പനംകോട് ബോർഡ് ചെയ്താൽ നേരെ പാലായിലേക്കാണ് വണ്ടികളെല്ലാം പോകുന്നത്. ഞങ്ങൾക്ക് ഒരു പുതിയ വണ്ടിപോലും കിട്ടിയിട്ടില്ല. ദീർഘദൂര ബസ്സുകളൊന്നും ഓടുന്നില്ല. ഇപ്പോൾ യു.ഡി.എഫ്.-ന്റെ പ്രധാന പ്രശ്നം ബന്ധു നിയമനമാണ്. കെ. എം. മാണി സാറിന്റെ ഒരു മരുമകൻ 10 കൊല്ലം മുമ്പ് ഐ.എ.എസ്. വേണ്ടെന്ന് പറഞ്ഞ് രാജിവച്ചുപോയതാണ്. ആഫീസിൽ പോകാത്തതുകൊണ്ട് പുറത്താക്കുമെന്ന് കണ്ടപ്പോൾ രാജിവച്ചുപോയ ആളാണ്. ഒന്നര ലക്ഷം രൂപ ശമ്പളത്തിൽ ചീഫ് സെക്രട്ടറി റാങ്കിൽ.....(ബഹളം)........

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. സി. എഫ്. തോമസ്: സർ, പോയിന്റ് ഓഫ് ഓർഡർ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ പറയട്ടെ. ഞാൻ പറഞ്ഞതിനുശേഷം പോയിന്റ് ഓഫ് ഓർഡർ പറയാം. ഒന്നര ലക്ഷം രൂപ ശമ്പളത്തിൽ ഈ രാജ്യത്ത് ചീഫ് സെക്രട്ടറി റാങ്കിൽ അദ്ദേഹത്തെ നിയമിച്ചു......(ബഹളം)........

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്....അങ്ങ് അവസാനിപ്പിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ആ ഫയൽ ധനകാര്യ വകുപ്പുമന്ത്രി കണ്ടില്ലേ; ബന്ധു നിയമനം. അതൊന്നും പറയരുത്.

മി. സ്പീക്കർ: ശ്രീ. സി. എഫ്. തോമസ്..അങ്ങേയ്ക്ക് സമയം തരാം. ശ്രീ. കെ. ബി. ഗണേഷ് കുമാർ....അങ്ങ് അവസാനിപ്പിക്കൂ.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇത് ആരോപണമല്ല ഒരു സത്യം പറഞ്ഞതാണ്. ഇത് ആരും എതിർക്കില്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 10 വർഷം മുമ്പ് സർവ്വീസിൽ നിന്നും രാജിവച്ച കെ. എം. മാണി സാറിന്റെ മരുമകനെ ഇവിടെ കൊണ്ടുവന്ന് തൊഴിൽ വകുപ്പുമന്ത്രിയുടെ ഉപദേശകനാക്കി വച്ചു. അദ്ദേഹം കൊടുത്ത ഉപദേശത്തിന്റെ ഫലമായി തൊഴിൽ വകുപ്പുമന്ത്രി വീട്ടിലിരുന്ന് ചൊറികുത്തുകയാണ്. ഇപ്പോൾ പൈസയുണ്ടോ; അത് തെറ്റല്ലേ; ഒന്നര ലക്ഷം രൂപ ശമ്പളത്തിൽ നിയമിച്ചു. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറയണം. അങ്ങ് കാണാതെ ഫയൽ പോകുമോ; കണ്ടു. ധനകാര്യ വകുപ്പുമന്ത്രി കൂടി കണ്ടുകൊണ്ട് സ്വന്തം മരുമകനെ അനധികൃതമായി നിയമിച്ച നാടാണിത്. ഞാൻ വഴങ്ങുന്നില്ല. എന്റെ സമയം കഴിഞ്ഞു.

മി. സ്പീക്കർ: അങ്ങ് സമയം കഴിഞ്ഞ് മൂന്നേമുക്കാൽ മിനിട്ട് അധികമെടുത്തു.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഞാൻ ആരോപണം ഒന്നും ഉന്നയിച്ചില്ല. അഴിമതിയാരോപണവും അസഭ്യവുമൊന്നും പറഞ്ഞില്ല. അത് രേഖയിലുണ്ടാവണം. ഉള്ള കാര്യമേ പറഞ്ഞുള്ളൂ. സത്യം മാത്രമേ പറഞ്ഞിട്ടുള്ളൂ. ഇത്തരം ക്രമക്കേടുകൾ അവസാനിപ്പിച്ച് ഈ നാടിനെ നല്ല നിലയിൽ മുമ്പോട്ട് കൊണ്ടുപോകാൻ ഈ ഗവൺമെന്റിന് കഴിയട്ടെ എന്ന് ആശംസിച്ചുകൊണ്ട് ധനാഭ്യർത്ഥനകളെ ഒരിക്കൽ കൂടി പിന്താങ്ങുന്നു.

<u>ശ്രീ. പി. ഉണ്ണി</u>: സർ, ധനാഭ്യർത്ഥനകളെ ഞാൻ പരിപൂർണ്ണമായി പിന്താങ്ങുകയാണ്. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ ജനങ്ങളുടെ അഭിവൃദ്ധിക്കും നാടിന്റെ വികസനത്തിനും വേണ്ടി ഒറ്റക്കെട്ടായി പ്രവർത്തിക്കുന്ന ഒരു ഭരണ കേന്ദ്രമായിട്ടാണ് കാണുന്നത്. കേരളത്തിന്റെ സമഗ്രമായ വികസനത്തിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കാൻ നിയമസഭാ പരിചയവും നൂതന ആശയങ്ങളുമുള്ള ഒരു മന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്യുന്നുവെന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. ഭരണഘടനാ ഭേദഗതികളിലൂടെ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും ഭരണഘടനാ പദവി നൽകുകയും കേന്ദ്ര-സംസ്ഥാന സർക്കാരുകൾക്ക് പുറമെ ഒരു മൂന്നാംതല ഭരണകൂടമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാറുകയും ചെയ്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം 12 ഗഡുക്കളാക്കി യഥാസമയം നൽകുമെന്നും അതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും ഈ സർക്കാർ ഇതിനകം പ്രഖ്യാപിച്ചുകഴിഞ്ഞു. അധികാര വികേന്ദ്രീകരണത്തിന്റെ അന്തഃസത്ത ഇല്ലാതാക്കാനുള്ള ഒരു ശ്രമവും ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകില്ല എന്ന് നമ്മുടെ ഗവൺമെന്റ് പ്രത്യേകിച്ച് കേരളത്തിന്റെ മുഖ്യമന്ത്രി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചുകഴിഞ്ഞിരിക്കുകയാണ്. സഖാവ് നായനാർ ഗവൺമെന്റിന്റെ കാലത്താണ് ഇന്നത്തെ ത്രിതല പഞ്ചായത്തുകളുടെ ആദ്യരൂപമായി 1990-ൽ തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കൗൺസിലുകൾ അധികാരത്തിൽ വന്നത്. ആ ജില്ലാ കൗൺസിലിന് നൽകിയിരുന്ന എല്ലാ അധികാരങ്ങളും പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. ഗവൺമെന്റ് കവർന്നെടുക്കുന്ന അനുഭവമാണ് ഉണ്ടായത്. ഈ മന്ത്രിസഭയിലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. എ. കെ. ബാലൻ അന്ന് പാലക്കാട് ജില്ലാ കൗൺസിലിന്റെ ചെയർമാനായിരുന്നു. ഞാൻ അതിന്റെ ഫിനാൻസ് കമ്മിറ്റിയുടെ ചുമതലക്കാരനായിരുന്നു. ഓരോ തവണയും ഇന്നുള്ള അധികാരം വിപുലീകരിക്കണമെന്ന ആവശ്യം അന്നത്തെ ഗവൺമെന്റിന്റെ മുമ്പിൽ സമർപ്പിക്കുന്ന അവസരത്തിൽ ജനകീയ അധികാരങ്ങൾ പിൻവലിച്ചുകൊണ്ട് കൗൺസിൽ എന്നുപറയുന്ന ജില്ലാ ഭരണകൂടത്തെ പിഴുതെറിയുന്ന സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചത്. അതിനുശേഷം അഞ്ചുവർഷം കഴിഞ്ഞ് വീണ്ടും കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്ന സന്ദർഭത്തിലാണ് ഇന്നത്തെ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നത്. യഥാർത്ഥത്തിൽ ഇന്ന് കേരളത്തിലുള്ള ത്രിതല പഞ്ചായത്ത് ഭരണ സംവിധാനത്തിന്റെ നേർ അവകാശികൾ അല്ലെങ്കിൽ അതിന്റെ സൃഷ്ടികർത്താക്കൾ എന്നുപറയുന്നത് കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയാണ്. അധികാരവികേന്ദ്രീകരണവും വികേന്ദ്രീകൃത ആസൂത്രണവും കേരളത്തിന്റെ മുഖച്ഛായതന്നെ മാറ്റിയിട്ടുണ്ട്. അത് ലോകത്തിനാകെത്തന്നെ മാതൃകയായി കാണുകയാണ്. തദ്ദേശസ്വയംഭരണം കൂടുതൽ

ജനക്ഷേമകരമാക്കുന്നതിനുള്ള പ്രവർത്തനം ഈ സർക്കാർ ആരംഭിച്ചുകഴിഞ്ഞുവെന്ന് ഇതിനകം വ്യക്തമാക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ട്. അധികാരവികേന്ദ്രീകരണം കൂടുതൽ കരുത്താർജ്ജിക്കണം. അത് പഞ്ചായത്തുകൾക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുകയും വേണം. നമ്മുടെ നാട്ടിൽ പുറമ്പോക്കുകളിലും മറ്റും താമസിക്കുന്ന പാവങ്ങളുണ്ട്. വീടെന്നും കുടിലെന്നും പറയാൻ കഴിയാത്ത പാർപ്പിടങ്ങളാണ് അവരുടെ വാസസ്ഥലങ്ങളെന്ന് നമ്മൾ കാണണം. മഹാഭൂരിപക്ഷത്തിനും വീട്ടുനമ്പരും റേഷൻ കാർഡുമില്ല. വാസസ്ഥലമെന്ന് പറയുന്നത് വസിക്കുന്നവരുടെ പേരിലുമല്ല. ഉടുതുണിക്ക് പോലും ഗതിയില്ലാതെ ദാനം കിട്ടുന്ന പഴന്തുണികൾ ഉടുത്താണ് അവർ ജീവിക്കുന്നത്. വൈദ്യുതി, വാട്ടർ കണക്ഷൻ, സർക്കാർ പ്രഖ്യാപിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ മുതലായവയ്ക്ക് അപേക്ഷിക്കാൻ അവർക്ക് കഴിയുന്നില്ല. യാതൊരു സഹായങ്ങളും നിയമവശാൽ അവർക്ക് ഗവൺമെന്റിൽ നിന്നും ലഭിക്കുന്ന ഒരവസ്ഥ ഇന്നില്ലായെന്ന് നമ്മൾ കാണേണ്ടതുണ്ട്. പാവങ്ങളിൽ പാവങ്ങളായ ഇവരെ കണ്ടില്ലെന്ന് നടിക്കാൻ ഈ ഗവൺമെന്റിന് കഴിയില്ല. ഇവിടെ വളരുന്ന കുഞ്ഞുങ്ങളുടെ ഭാവി ശൂന്യമാണ്. അത് അറിഞ്ഞുകൊണ്ട് ഈ വിഭാഗത്തെ ജീവിതത്തിലേക്ക് കൈപിടിച്ചുയർത്താൻ ഈ ഗവൺമെന്റിന് കഴിയേണ്ടതുണ്ടെന്ന് ഞാൻ പ്രത്യേകം ഓർമ്മിപ്പിക്കുന്നു. ഈ വരുന്ന കേരളപ്പിറവി ദിവസം നമ്മുടെ നാടിന് ഒരു ശാപമോക്ഷത്തിന്റെ ദിവസമായിരിക്കും. തുറസ്സായ സ്ഥലങ്ങളിൽ വിസർജ്ജനം ചെയ്യാത്ത ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രതയുള്ള സംസ്ഥാനത്തിൽ ഒന്നാകും കേരളം. ശൗചാലയം ഇല്ലാത്തതോ അവ ഉപയോഗശൂന്യമായതോ ആയ എല്ലാ വീടുകൾക്കും നവംബർ ഒന്നിന് മുമ്പ് ശൗചാലയം നിർമ്മിച്ചു നൽകും. 2,92,000 ടോയ്‌ലറ്റുകൾ നിർമ്മിക്കുമെന്ന് ഗവൺമെന്റ് ഇതിനകം പ്രഖ്യാപിച്ചു കഴിഞ്ഞിട്ടുണ്ട്. ശുചിത്വത്തിന്റെ കാര്യത്തിൽ പ്രശംസ നേടിയ സംസ്ഥാനമാണ് കേരളം. നമ്മുടെ മുഴുവൻ വീടുകളും ശൗചാലയം എന്ന ലക്ഷ്യം കൈവരിക്കാൻ പോകുകയാണ്. അത് നിസ്സാരമായ കാര്യമല്ല. എന്റെ നിയോജകമണ്ഡലമായ ഒറ്റപ്പാലത്ത് കഴമ്പൂഴിപ്പുറം പഞ്ചായത്തിലെ വലിയ കുന്നിന് മുകളിൽ 10 ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. കുടിക്കാൻപോലും വെള്ളമില്ലാത്ത പ്രദേശത്താണ് അവർ താമസിക്കുന്നത്. മണ്ണ് ഇല്ല, പാറക്കെട്ടുകളാണ് അവിടെയുള്ളത്. ആ കുന്നിന്റെ നെറുകയിൽ താമസിക്കുന്ന ആദിവാസി കുടുംബങ്ങളോട് ശൗചാലയത്തിന്റെ കാര്യം പറഞ്ഞപ്പോൾ അവർക്ക് അത് ബോദ്ധ്യപ്പെടുന്ന മട്ടില്ല. കാരണം തുറസ്സായ സ്ഥലങ്ങളാണ് അവർ ഉപയോഗിക്കുന്നത്. ശൗചാലയം വന്നാൽ ഇരട്ടി വെള്ളം ഉപയോഗിക്കേണ്ടി വരുമെന്നതിനാൽ അത് വേണ്ടെന്നാണ് അവരുടെ വാദം. ഈ വിഷയം അവിടത്തെ പഞ്ചായത്ത് പ്രസിഡന്റും അംഗങ്ങളും എന്റെ ശ്രദ്ധയിൽപ്പെടുത്തി. ഈ മേഖലയിലെ ശൗചാലയ നിർമ്മാണത്തിന് നിലവിലെ തുക തികയില്ലെന്നും അവർ എന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. യാതൊരു തരത്തിലും വെള്ളം ലഭിക്കാത്ത പ്രദേശമാണെന്ന കാര്യം ഞാൻ പ്രത്യേകം

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വെള്ളം മലയുടെ താഴെനിന്ന് കൊണ്ടുപോകേണ്ട സ്ഥിതിയാണ്. പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി ആ നിമിഷം മന്ത്രി ഇടപെട്ട് ഈ തുക വർദ്ധിപ്പിക്കാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകി. ചടുലമായ ഇടപെടൽ നടത്തിയ ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിനെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിൽ പിന്നെ കുടുംബശ്രീയിൽ സർവ്വത്ര അഴിമതിയാണെന്ന് പത്രവാർത്തകൾ വന്നിരുന്നു. അമൃതംപൊടി അഴിമതിയുമായി ബന്ധപ്പെട്ട പത്രവാർത്ത വന്നതിൽപ്പിന്നെ ഞെട്ടിപ്പിക്കുന്ന നിരവധി സംഭവങ്ങളാണ് പുറത്തുവന്നത്. കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിലും പദ്ധതി അനുവദിക്കുന്നതിലും വരെ അഴിമതി ഉണ്ടായിരുന്നു. എൽ.ഡി.എഫ്. ഭരണകാലത്ത് കൂട്ടായ്മയിലൂടെ സാമ്പത്തികവും സാമൂഹികവുമായ മുന്നേറ്റത്തിന് ആത്മവിശ്വാസം ഉണ്ടാക്കിയ പ്രസ്ഥാനങ്ങളുടെ പട്ടികയിൽ ആദ്യസ്ഥാനം നമ്മുടെ സംസ്ഥാനത്തെ കുടുംബശ്രീക്കായിരുന്നു. എന്നാൽ 5 വർഷം കൊണ്ട് ഈ പ്രസ്ഥാനത്തെ വേരോടെ നശിപ്പിക്കാനാണ് യു.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചത്. കടലാസ് പദ്ധതിയുടെ മറവിലുള്ള ജനശ്രീ മിഷൻ അല്ല കുടുംബശ്രീ എന്നുപറയുന്നത്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട് പൊതുജനങ്ങൾക്കും ജീവനക്കാർക്കും അഴിമതി ഉൾപ്പെടെ ഏത് പരാതിയും തെളിവുസഹിതം നൽകാൻ കഴിയുന്നവിധം പ്രത്യേകം വെബ്സൈറ്റ് സജ്ജീകരിക്കുകയും അത് ഉടൻ നിലവിൽ വരുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തുകഴിഞ്ഞു. അഴിമതി, വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾ, പെൻഷനുകൾ, ഉദ്യോഗസ്ഥരുടെ സമീപനങ്ങൾ തുടങ്ങിയ വിഷയങ്ങളിന്മേലുള്ള പരാതികൾ വെബ്സൈറ്റിലൂടെ നൽകാൻ കഴിയുന്ന ഒരവസ്ഥയുണ്ടാകും. മന്ത്രി ഓഫീസിലുണ്ടാകുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് പരാതി നൽകുന്നതിനും ഈ സംവിധാനം ഉപയോഗിക്കാവുന്നതാണ്. തെളിവ് സഹിതം പരാതി നൽകിയാൽ പരിശോധിച്ച് ഉടൻ നടപടി ഉണ്ടാകുമെന്നും ഗവൺമെന്റ് പ്രഖ്യാപിച്ചുകഴിഞ്ഞിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും മികച്ച സേവനം ലഭിക്കാൻ ഇത് സഹായകമാകുമെന്ന് ജനങ്ങൾ പ്രതീക്ഷിക്കുന്നു. വിപുലമായ അധികാരങ്ങളും വിഭവങ്ങളും ഉദ്യോഗസ്ഥ സംവിധാനങ്ങളും പ്രാദേശിക സർക്കാരുകൾക്ക് നൽകിയ കേരളത്തിലെ അധികാര വികേന്ദ്രീകരണം ഇതര സംസ്ഥാനങ്ങൾക്ക് മാത്രമല്ല, ലോകത്തിലെ മറ്റ് രാജ്യങ്ങൾക്കും മാതൃകയാണെന്ന് കാണേണ്ടതുണ്ട്. ജനപങ്കാളിത്തവും സുതാര്യതയും കാര്യക്ഷമതയുമുള്ള അധികാര വികേന്ദ്രീകരണമാണ് കേരളത്തിന്റെ സവിശേഷത എന്നുപറയുന്നത്. വികസന കാര്യത്തിൽ ബഹുജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന്റെ ബോദ്ധ്യമാണ് ജനകീയാസൂത്രണത്തിന്റെ പ്രചോദനം. ഇന്നൊരു പുതിയ വികസന സംസ്കാരമാണ് കേരളത്തിലുള്ളത്. അധികാരവും സമ്പത്തും വികേന്ദ്രീകരിച്ച് പ്രാദേശിക സർക്കാരുകളെ ഏൽപ്പിച്ചാൽ അത് പാഴായിപ്പോകില്ലെന്ന്

ജനകീയാസൂത്രണംകൊണ്ട് തെളിയിക്കാൻ ഈ വകുപ്പിനും എൽ.ഡി.എഫ്. സർക്കാരിനും കഴിയുമെന്ന് കേരള ജനതയ്ക്ക് ഉറപ്പുണ്ട്. കേന്ദ്ര - സംസ്ഥാന സർക്കാരുകൾ നൽകുന്ന തുക അറിയാൻ കഴിയുമെങ്കിലും മാസങ്ങൾ വേണ്ടിവരുന്ന പദ്ധതി രൂപീകരണ നടപടിക്രമങ്ങളിൽ കുരുങ്ങി സമയബന്ധിതമായി പദ്ധതി നിർവ്വഹിക്കാൻ കഴിയാത്ത ഒരവസ്ഥ പരിഹരിക്കാൻ കഴിയേണ്ടതുണ്ട്. കാർഷികമേഖലയിലെ സഹായം, ആശുപത്രികളിൽ തക്കസമയത്ത് മരുന്ന് വാങ്ങൽ, സ്കൂൾ തുറക്കുംമുമ്പുള്ള അറ്റകുറ്റപ്പണി തുടങ്ങിയ കാര്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിയേണ്ടതുണ്ട്. വികേന്ദ്രീകരണാസൂത്രണത്തിലൂടെ അഭിമാനകരമായ നേട്ടം കൈവരിക്കാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ടെങ്കിലും പദ്ധതിയാസൂത്രണത്തിലും നിർവ്വഹണത്തിലും വരുന്ന കാലതാമസവും പോരായ്മകളും നമുക്ക് പരിഹരിക്കാൻ കഴിയേണ്ടതുണ്ട്.

ആധുനിക ജനാധിപത്യ ഭരണ സംവിധാനത്തിൽ പരമാധികാരം ജനങ്ങളിൽ നിക്ഷിപ്തമാണ്. നിയമങ്ങൾ കർശനമായി പാലിക്കുന്നപക്ഷം നിലവിലുള്ള പല നിയമവിരുദ്ധ പ്രവർത്തനങ്ങളും നമുക്ക് അവസാനിപ്പിക്കാൻ കഴിയുന്നതാണ്. നമ്മുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ജനങ്ങളുടെ അഭിവൃദ്ധിക്കും വികസനത്തിനും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്ന മാതൃകാ ഭരണ സ്ഥാപനങ്ങളായി മാറ്റുന്നതിനും ഇന്നത്തെ എൽ.ഡി.എഫ്. സർക്കാരിന് കഴിയുമെന്ന് കരുതുന്നു.

<u>മി. സ്പീക്കർ:</u> യെസ്....... പ്ലീസ് കൺക്ലൂഡ്..... അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. പി. ഉണ്ണി:</u> കേരളത്തിന്റെ ചരിത്രം പരിശോധിച്ചാൽ വ്യക്തമാകുന്ന ഒരു കാര്യമുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ഇടതുപക്ഷമാണ് എക്കാലത്തും അധികാര വികേന്ദ്രീകരണത്തിനുവേണ്ടി നിലകൊള്ളുന്നത്. ഒരു പോയിന്റുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. പാലക്കാട് കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് പൂർണ്ണമായും പൊളിച്ചിട്ട നിലയിലാണ്. കർണ്ണാടക, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലേക്ക് ധാരാളം വിദ്യാർത്ഥികളും ജോലിക്കാരും യാത്ര ചെയ്യുന്നുണ്ട്. കെ.എസ്.ആർ.ടി.സി. സ്റ്റാന്റിൽ ഇവർക്ക് ബസ് കാത്തുനിൽക്കാൻപോലും കഴിയുന്നില്ല. കുളംപോലെ വലിയ കുഴികൾ ഉണ്ടായിരിക്കുകയാണ്. നിലവിലുള്ള കെട്ടിടങ്ങളും ഇനി പൊളിച്ചുനീക്കുമെന്നാണ് പറയുന്നത്. പുതിയ കെട്ടിടങ്ങൾ പണിയാൻ ആവശ്യമായ യാതൊരു ശ്രമവും അവിടെ നടന്നുകാണുന്നില്ല എന്നതാണ് വസ്തുത. അതുപോലെതന്നെയാണ് നഗര വികസനവുമായി ബന്ധപ്പെട്ട് എന്റെ നിയോജകമണ്ഡലമായ ഒറ്റപ്പാലത്ത് വാഹനക്കുരുക്ക് ഒന്നേകാൽ മണിക്കൂർ വരെ രൂപപ്പെടുന്നുണ്ട്. റോഡിന്റെ എൻക്രോച്ച്മെന്റ് അവിടെ ശക്തമാണ്.

<u>മി. സ്പീക്കർ:</u> ......പ്ലീസ് അവസാനിപ്പിക്കണം.

ശ്രീ. പി. ഉണ്ണി: അതുകൊണ്ട് നഗരവികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിൽ റവന്യൂ വകുപ്പും കാര്യമായി ശ്രദ്ധിക്കേണ്ടതുണ്ടെന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങിക്കൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. അപൂർവ്വമായ ഒരു റെക്കോർഡിന് ഉടമയാണ് ഈ സർക്കാർ. അധികാരത്തിൽവന്ന് നൂറ് ദിവസങ്ങൾക്കുള്ളിൽ ജനങ്ങളുടെ കരിങ്കൊടി പ്രതിഷേധത്തിനിരയായ കേരളത്തിലെ ആദ്യത്തെ സർക്കാരാണ് ഇന്ന് അധികാരത്തിലിരിക്കുന്ന ഇടതുപക്ഷ മുന്നണി സർക്കാർ. എങ്ങനെയാണ് ജനങ്ങൾ പ്രതിഷേധിക്കാതിരിക്കുക; ഈ സർക്കാരിന്റെ സമീപനംതന്നെ അതാണല്ലോ. ശ്രീ. ഉമ്മൻ ചാണ്ടിയുടെ നേതൃത്വത്തിലുണ്ടായിരുന്ന യു.ഡി.എഫ്. സർക്കാർ 718 ബാറുകൾ അടച്ചു പൂട്ടിയപ്പോൾ ശ്രീ. പിണറായി വിജയൻ സർക്കാർ 748 നന്മ സ്റ്റോറുകളാണ് അടച്ചുപൂട്ടിയത്. നഷ്ടത്തിൽ പോകുന്നവയാണ് പൂട്ടുന്നതെങ്കിൽ കെ.എസ്.ആർ.ടി.സി., ഇലക്ട്രിസിറ്റി ബോർഡ് എന്നിവയെല്ലാം പൂട്ടണ്ടേ; സാധാരണക്കാരായ ജനങ്ങൾക്ക് സബ്സിഡി ഇനത്തിൽ സാധനങ്ങൾ കൊടുക്കുന്ന നന്മ സ്റ്റോറുകൾ അടച്ചുപൂട്ടിയ സർക്കാരാണിത്. അതുകൊണ്ടാണ് ജനങ്ങളുടെ വലിയ പ്രതിഷേധം ഉയർന്നുവരുന്നത്.

മന്ത്രിസ്ഥാനം രാജിവച്ച ശ്രീ. ഇ. പി. ജയരാജൻ കഴിഞ്ഞ തിങ്കളാഴ്ച ഈ സഭയിൽ വളരെ വികാരനിർഭരമായ ഒരു പ്രസംഗം നടത്തി. അതിന് അർഹിക്കുന്ന ഗൗരവം നമ്മൾ കൊടുത്തിട്ടുണ്ടോ എന്നുള്ളത് സംശയമാണ്. അദ്ദേഹത്തിനെതിരെ രാജ്യത്തിനകത്തും പുറത്തും വലിയ ഗൂഢാലോചന നടന്നു എന്നുള്ളതിനെ സംബന്ധിച്ച് അന്വേഷിക്കേണ്ടതല്ലേ; സി.ബി.ഐ.-യെ പോലെ അന്തർദ്ദേശീയ തലത്തിൽ അന്വേഷണം നടത്താൻ സാധിക്കുന്ന ഒരു ഏജൻസിയെവച്ച് ഇക്കാര്യം അന്വേഷിപ്പിക്കേണ്ടതല്ലേ; മാഫിയകളുടേയും ലോബികളുടേയും സമ്മർദ്ദവും സ്വാധീനവും ഗൂഢാലോചനയും ഇതിലുണ്ടെന്നും അദ്ദേഹം പറഞ്ഞു. അദ്ദേഹത്തിന്റെ ബന്ധുവിനെ നിയമിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത് ഇവരുടെ ഗൂഢാലോചന കൊണ്ടാണോ; ഇവരെല്ലാവരും അദ്ദേഹത്തിന്റെ അടുത്തുചെന്ന് നിങ്ങൾ നിങ്ങളുടെ ബന്ധുവിനെ നിയമിക്കൂ എന്നുപറഞ്ഞ് ഗൂഢാലോചന നടത്തിയോ; എത്ര പരിഹാസ്യമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നതെന്ന് നമുക്ക് കാണാൻ സാധിക്കും.

35 ലക്ഷത്തോളം ജനങ്ങൾ പ്രതിദിനം ആശ്രയിക്കുന്ന, സാധാരണക്കാരന്റെ യാത്രാ മാധ്യമമായ കെ.എസ്.ആർ.ടി.സി.യെ സംരക്ഷിക്കുന്നതിനുള്ള യാതൊരു നടപടിയും സർക്കാർ സ്വീകരിക്കുന്നില്ല. വലിയ പ്രതീക്ഷയോടുകൂടിയാണ് ഈ ബഡ്ജറ്റിനെ എല്ലാവരും നോക്കിക്കണ്ടത്. എന്നാൽ പരിഷ്കരണ പാക്കേജും രക്ഷാ പാക്കേജുമുണ്ടാക്കും എന്നു പറഞ്ഞുപോയതല്ലാതെ വെറും 50 കോടി രൂപ മാത്രമാണ് പുതിയ ബസ്സുകൾ വാങ്ങുന്നതിനായി മാറ്റിവച്ചിരിക്കുന്നത്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയിരുന്ന വലിയ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി. ഗവൺമെന്റിന് കൊടുക്കേണ്ട 1,100 കോടി രൂപ എഴുതിത്തള്ളിയിരുന്നു. കെ.ടി.ഡി.എഫ്.സി. 14.50 ശതമാനം പലിശയ്ക്ക് കെ.എസ്.ആർ.ടി.സി.-ക്ക് നൽകിയിരുന്ന 1,300 കോടി രൂപ ആറു വർഷംകൊണ്ട് അടയ്ക്കേണ്ടതാണ്. അതുസംബന്ധിച്ച് ബാങ്കുകളുടെ ഒരു കൺസോർഷ്യമുണ്ടാക്കി 12 ശതമാനം പലിശയ്ക്ക് 20 വർഷത്തെ തിരിച്ചടവ് കാലാവധി നൽകിക്കൊണ്ട് പ്രതിമാസം തിരിച്ചടവിനത്തിൽ 30 കോടി രൂപ കെ.എസ്.ആർ.ടി.സി.-ക്ക് ലാഭമുണ്ടാക്കുന്ന നടപടിയാണ് ആ പുനരുദ്ധാരണ പാക്കേജിന്റെ ഭാഗമായി നമ്മൾ ഉണ്ടാക്കിയത്. അതുപോലെതന്നെ പെൻഷൻകാർക്ക് പെൻഷൻ കിട്ടാതിരുന്ന സാഹചര്യത്തിൽ പെൻഷന്റെ പകുതി ബാധ്യത അന്ന് യു.ഡി.എഫ്. സർക്കാർ ഏറ്റെടുക്കുകയുണ്ടായി. അന്ന് പ്രതിപക്ഷം പറഞ്ഞത് ആ പെൻഷന്റെ മുഴുവൻ ബാധ്യതയും സർക്കാർ ഏറ്റെടുക്കണമെന്നാണ്. എന്നാൽ ഇവർ അധികാരത്തിൽ വന്നതിനുശേഷമുള്ള ആദ്യത്തെ ബഡ്ജറ്റിൽ അതിന്റെ ഒരു ലക്ഷണവും കാണുന്നില്ല. ഇടതുമുന്നണിയുടെ പ്രകടന പത്രികയിലെ 222-ാമത്തെ പാരഗ്രാഫിൽ പറഞ്ഞിരിക്കുന്നത് കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ കടങ്ങളും ഏറ്റെടുക്കുമെന്നാണ്. ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഇതുസംബന്ധിച്ച് ഇതുവരെ എന്തെങ്കിലും നടപടികൾ ഉണ്ടായിട്ടുണ്ടോ; ഇത് പരിശോധിക്കേണ്ടതല്ലേ. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് 1,500-ഓളം പുതിയ ബസ്സുകൾ വാങ്ങി. അതിന്റെ ബോഡി ചെയ്ത് ഇപ്പോൾ ഇറക്കി ക്കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വാങ്ങിയ ബസ്സുകൾ ബോഡി ചെയ്തിറക്കിയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ കുറേ ഷെഡ്യൂളുകൾ വർദ്ധിച്ചിട്ടുണ്ട്. ഷെഡ്യൂളുകൾ വർദ്ധിച്ചിട്ടും വരുമാനം കുറഞ്ഞുകൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇപ്പോൾ കാണാൻ സാധിക്കുന്നത്. 2015-ൽ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒരു കിലോമീറ്ററിന് 34.85 രൂപയാണ് വരുമാനമെങ്കിൽ ഇന്നത് 29.67 രൂപയായി കുറഞ്ഞിരിക്കുകയാണ്. ഷെഡ്യൂളുകൾ കൂടിയിട്ടും വരുമാനം കുറയുകയാണ്. ഇതൊരു നാഥനില്ലാ കളരിയായി മാറിയിരിക്കുകയാണ്. എന്തുകൊണ്ടാണ് ഷെഡ്യൂളുകൾ കൂടിയിട്ടും വരുമാനം കുറയുന്നത് എന്ന് സർക്കാർ പരിശോധിക്കണ്ടേ; ഇങ്ങനെ വരുമാനം കുറയുന്നതിനുകാരണം, ബഹുമാനപ്പെട്ട മന്ത്രി പരിണിതപ്രജ്ഞനാണ്, പക്ഷേ

കെ.എസ്.ആർ.ടി.സി. അദ്ദേഹത്തിന്റെ നിയന്ത്രണത്തിലല്ല, സി.ഐ.ടി.യു.വിന്റെ നിയന്ത്രണത്തിലാണ് പോയിക്കൊണ്ടിരിക്കുന്നത്. ട്രാൻസ്ഫറുകളും ഷെഡ്യൂളുകളുമെല്ലാം തീരുമാനിക്കുന്നത് അവരാണ്. അങ്ങ് മന്ത്രിയുടെ അധികാരം വിനിയോഗിച്ചുകൊണ്ട് മുന്നോട്ടുപോകണമെന്നാണ് ഇതുസംബന്ധിച്ച് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുവാനുള്ളത്.

കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാൻ പ്രൊഫ. സുശീൽ ഖന്ന എന്നൊരു സഖാവിനെ കൊണ്ടുവരാൻ പോവുകയാണ്. അദ്ദേഹത്തെക്കൊണ്ട് ഒരു റിപ്പോർട്ട് തയ്യാറാക്കാൻ പോകുന്നു. ഇതേ വ്യക്തി 2006-ലെ ഇടതുപക്ഷ സർക്കാരിന്റെ കാലത്തും ഒരു റിപ്പോർട്ട് തയ്യാറാക്കി കൊണ്ടുവന്നിട്ടുണ്ട്. ആ റിപ്പോർട്ട് എവിടെയാണ്; അതിന്റെ ഭാഗമായി എന്തെങ്കിലും സംഭവിച്ചോ; ഇവിടെയൊരു ഗൂഢാലോചന നടക്കുകയാണ്. എന്താണത്; ഒരു റിപ്പോർട്ട് തയ്യാറാക്കി കെ.എസ്.ആർ.ടി.സി.യിൽ ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള ഗൂഢാലോചനയുടെ ഭാഗമായാണ് പ്രൊഫ. സുശീൽ ഖന്നയെ കൊണ്ടുവരുന്നത്. കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്താനാണെങ്കിൽ, ഇതുപോലെ ആറ് റിപ്പോർട്ടുകൾ കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിൽ പൊടിപിടിച്ച് കിടക്കുന്നുണ്ട്. അതിൽ ഏതെങ്കിലുമൊരു റിപ്പോർട്ട് എടുത്ത് കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കാനുള്ള എന്തെങ്കിലും നടപടി ഈ സർക്കാർ സ്വീകരിക്കേണ്ടതല്ലേ; അങ്ങനെ യാതൊരു നടപടിയും സ്വീകരിക്കുന്നില്ല. ശമ്പളം ഒന്നാം തീയതി കൊടുക്കുമെന്ന് പ്രകടന പത്രികയിൽ പറഞ്ഞിരുന്നു. ശമ്പളം അവസാനത്തെ പ്രവൃത്തി ദിവസം കൊടുക്കുമെന്നും പെൻഷൻ ആദ്യത്തെ പ്രവൃത്തി ദിവസം കൊടുക്കുമെന്നും പറഞ്ഞിരുന്നു. പക്ഷേ ഈ മാസത്തെ പെൻഷൻ ഇതുവരേയും കൊടുത്തിട്ടില്ല. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ പറഞ്ഞതുപോലെ 5-ാം തീയതിയാണ് കെ.എസ്.ആർ.ടി.സി.-യിലെ പെൻഷൻ കൊടുത്തിരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കാനാവശ്യമായ എന്തെങ്കിലും നടപടി ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ; ഞങ്ങളുടെ കാലത്ത് കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കുന്നതിനായി നല്ല നടപടികൾ സ്വീകരിച്ചുവെന്ന് മാത്രമല്ല, ഡീസലിന്റെ വില കുറഞ്ഞപ്പോൾ യാത്രാചാർജിൽ ഒരു രൂപ കുറയ്ക്കാനും തയ്യാറായി. ഇടതുപക്ഷത്തിന്റെകൂടി ആവശ്യം അംഗീകരിച്ചുകൊണ്ടാണ് കഴിഞ്ഞ ഗവൺമെന്റ് കെ.എസ്.ആർ.ടി.സി.-യിലെ ചാർജ്ജ് കുറച്ചത്. കെ.എസ്.ആർ.ടി.സി.-യെ പുനരുദ്ധരിക്കാനും പുനരുജ്ജീവിപ്പിക്കാനുമുള്ള യാതൊരു നടപടിയും ഈ ഗവൺമെന്റ് സ്വീകരിക്കുന്നില്ല. പകരം ശമ്പള പരിഷ്കരണം നടപ്പിലാക്കാതിരിക്കാൻ, ചാർജ്ജ് വർദ്ധിപ്പിക്കാൻ ഒരു റിപ്പോർട്ട് വാങ്ങാനുള്ള നിലപാടുമായിട്ടാണ് ഈ സർക്കാർ മുന്നോട്ടുപോകുന്നത്. ഇത് അപകടകരമായൊരു സാഹചര്യമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 5 മാസമായി. ഈ കാലയളവിനുള്ളിൽതന്നെ ഒരു കാലത്തും ചെയ്തിട്ടില്ലാത്ത വിധത്തിലുള്ള ജനവിരുദ്ധ നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. രാഷ്ട്രീയ കൊലപാതകങ്ങളുൾപ്പെടെ 80 കൊലപാതകങ്ങൾ, 8,000 സംഘട്ടനങ്ങൾ, എ.ടി.എം. ഉൾപ്പെടെ സ്ഥാപനങ്ങളിലെ വ്യാപകമായ കവർച്ച, സ്വാശ്രയ കൊള്ള, ബന്ധു നിയമനം, മന്ത്രിയുടെ രാജി, സ്ത്രീപീഡനങ്ങൾ, ഗോവിന്ദച്ചാമിയെ സഹായിച്ചത്, വിലക്കയറ്റം ഉൾപ്പെടെ 5 വർഷംകൊണ്ട് ഒരു സർക്കാരും ചെയ്യാത്ത ജനദ്രോഹ നടപടികളാണ് ഇക്കഴിഞ്ഞ 5 മാസംകൊണ്ട് ചെയ്തത്. ശൈശവാവസ്ഥയിൽ ഇതാണ് സ്ഥിതിയെങ്കിൽ 5 വർഷംകൊണ്ട്, ഈ സർക്കാർ പ്രായപൂർത്തിയാകുമ്പോൾ, എന്ത് അത്യാഹിതമാണ് സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്നതെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ.

അഴിമതി വിരുദ്ധനായ ഒരു വിജിലൻസ് ഡയറക്ടറെ സംബന്ധിച്ച് ഇവിടെ പറഞ്ഞു നടക്കുന്നുണ്ടല്ലോ. ആ വിജിലൻസ് ഡയറക്ടർക്കെതിരെ പ്രതിപക്ഷം ഒന്നും പറയുന്നില്ലല്ലോ. ഇവിടെ യഥാർത്ഥത്തിൽ എന്താണ് സംഭവിച്ചിരിക്കുന്നത്; അദ്ദേഹത്തിനെതിരെ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗ് ക്രമക്കേട് കണ്ടെത്തി. ശ്രീ. പിണറായി വിജയനെതിരെയും ലാവ്‌ലിൻ കേസിൽ ഫിനാൻസ് ഇൻസ്പെക്ഷൻ വിംഗിന്റെ ഒരു കണ്ടെത്തലുണ്ടായിരുന്നു. അതിനുശേഷം വിജിലൻസ് അന്വേഷണം നടന്നു. ഇവിടെ വിജിലൻസ് ഡയറക്ടർ ഒരു മുൻകൂർ ജാമ്യം എടുക്കുകയാണ് ചെയ്യുന്നത്. ഇദ്ദേഹത്തിനെതിരായി നാളെ ഒരു വിജിലൻസ് കേസ് വരുമ്പോൾ അദ്ദേഹത്തിന് ആ സ്ഥാനത്ത് ഇരിക്കാൻ സാധിക്കില്ല. അത് മുൻകൂട്ടി കണ്ടുകൊണ്ടാണ് അദ്ദേഹം രാജിവയ്ക്കാൻ പോകുന്നത്. അങ്ങനെ രാജിവയ്ക്കാൻ ശ്രമിക്കുമ്പോൾ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി അവർക്ക് കഴിഞ്ഞ കാലത്ത് നൽകിയിട്ടുള്ള ഉദ്ദിഷ്ടകാര്യത്തിനുള്ള ഉപകാര സ്മരണ എന്നുള്ള നിലയ്ക്ക് അദ്ദേഹത്തെ ആ സ്ഥാനത്ത് തുടരാൻ അനുവദിക്കുകയാണ്. ഇങ്ങനെ അഞ്ചുമാസംകൊണ്ട് ഇതുപോലെ ജനവിരുദ്ധ നടപടികൾ സ്വീകരിച്ച സർക്കാരിന്റെ ധനാഭ്യർത്ഥനകളെ ശക്തമായി എതിർത്തുകൊണ്ട് ഞാൻ നിർത്തുന്നു.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ഈ രണ്ടു വകുപ്പുകളുടേയും ധനാഭ്യർത്ഥനകളെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു. കേരളത്തിൽ പുതിയ സർക്കാർ ഭരണത്തിലേറിയിട്ട് ഏതാനും മാസങ്ങളേ ആകുന്നുള്ളൂവെങ്കിലും ഇതിനകം സർക്കാർ സ്വീകരിച്ച നടപടികൾ ജനോപകാരപ്രദവും ഏറെ പ്രതീക്ഷ നൽകുന്നതുമാണ്. ജനകീയ സർക്കാരിന്റെ ഭരണനേട്ടങ്ങളെക്കുറിച്ച് അജ്ഞത നടിച്ചുകൊണ്ട് അഴിമതിക്കെതിരെ സർക്കാർ പ്രഖ്യാപിച്ച കുരിശുയുദ്ധത്തെ പിന്നിൽനിന്നു കുത്തി അഴിമതിക്കാർക്ക് സഹായകരമായ രീതിയിൽ ഒളിയുദ്ധം നടത്തുന്ന പ്രതിപക്ഷത്തിന്റെ നീക്കം അഴിമതി വിമുക്തമായ ഒരു ഭാവി കേരളത്തിന് ഭീഷണിയാണെന്ന് ഞാൻ ഭയപ്പെടുന്നു.

ഇന്ന് ബഹുമാനപ്പെട്ട ഒരംഗം ഈ സഭയിൽ സൂചിപ്പിച്ചതുപോലെ കേരളത്തിൽ മൂന്ന് പേർക്ക് ഒരു വാഹനം എന്നാണ് കണക്ക്. അപ്രകാരം വാഹനങ്ങളുടെ ബാഹുല്യംമൂലം റോഡ് ഗതാഗതം വളരെ പ്രതിസന്ധിയിലാണെന്ന് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. റോഡുകളിലെ ബ്ലോക്ക് കാരണം ആർക്കും തന്നെ യഥാസമയം യഥാസ്ഥാനത്ത് എത്തിച്ചേരുന്നതിന് സാധിക്കുന്നില്ല. ഈ അവസരത്തിലാണ് ജലഗതാഗതത്തിനുള്ള പ്രാധാന്യം ഏറി വരുന്നത്. ജലഗതാഗതത്തിന് കൂടുതൽ റൂട്ടുകൾ ആരംഭിക്കുകയും അവയിൽ അതിവേഗ ബോട്ടു സർവ്വീസുകൾ തുടങ്ങുകയും ചെയ്താൽ ജനങ്ങൾ മുൻകാലങ്ങളെ അപേക്ഷിച്ച് ജലഗതാഗതത്തെ കൂടുതൽ ആശ്രയിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജലഗതാഗത വകുപ്പിലെ ഒരു ജീവനക്കാരന്റെ ഭാര്യയായ ഞാൻ വളരെ അഭിമാനപൂർവ്വം പറയട്ടെ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ജലഗതാഗതത്തെ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഒട്ടനവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. നാലു ബോട്ടുകൾ ഒരേ സമയം റിപ്പെയർ ചെയ്യാവുന്ന കേരളത്തിലെ തന്നെ ആദ്യത്തെ ഇൻലാന്റ് വാട്ടർവേയിലെ ഡ്രൈഡോക്ക് 7.10 കോടി രൂപ മുടക്കി ഇപ്പോൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ സ്ലിപ്പ് വേയുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഹൗസ് ബോട്ടുകൾ കൂടി റിപ്പെയർ ചെയ്യത്തക്ക രീതിയിൽ ഡോക്ക് പൂർണ്ണമായും യന്ത്രവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച ഈ ഗവൺമെന്റിനേയും വകുപ്പുമന്ത്രിയേയും ഈ അവസരത്തിൽ ഞാൻ അഭിനന്ദിക്കുകയാണ്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുതന്നെ 45-ഓളം ബോട്ടുകൾ റീപ്ലെയ്സ് ചെയ്തിട്ടുണ്ടെങ്കിലും, നിലവിൽ കാലപ്പഴക്കം ചെന്ന ബോട്ടുകൾ കൂടി റീപ്ലെയ്സ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ അവസരത്തിൽ ഞാൻ വിനയപൂർവ്വം അഭ്യർത്ഥിക്കുകയാണ്. ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനായി കൂടുതൽ സർവ്വീസുകളും റൂട്ടുകളും ആരംഭിക്കുന്നതിന് ഗവൺമെന്റ് ഇടപെടുകയും ഇത് ആരംഭിക്കുമ്പോൾ ടൂറിസം രംഗത്തെ സാധ്യതകൾകൂടി പ്രയോജനപ്പെടുത്തുന്ന വിധത്തിൽ സീ-കുട്ടനാട് മോഡലിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുകയും ചെയ്യണമെന്ന് വളരെ വിനയപൂർവ്വം അപേക്ഷിക്കുകയാണ്. എന്റെ മണ്ഡലത്തിൽ റോഡ് ഗതാഗതം പോലെ തന്നെയാണ് ജലഗതാഗതവും. ചേർത്തല താലൂക്കുമായി ബന്ധിപ്പിക്കുന്ന വളരെ കാലപ്പഴക്കം ചെന്ന ജലഗതാഗത റൂട്ട് വൈക്കത്ത് പ്രവർത്തിക്കുന്നുണ്ട്. പൊതുമേഖലയിൽ ഇന്ത്യയിലെ തന്നെ ആദ്യത്തെ സോളാർ ബോട്ടും വൈക്കത്തേയും എറണാകുളത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന പുതിയ ജലപാതയിൽ സർവ്വീസ് നടത്തുന്നതിനായി എ.സി. സൂപ്പർഫാസ്റ്റ് ബോട്ടുകളും അനുവദിച്ചുതന്ന ബഹുമാനപ്പെട്ട ജലഗതാഗത വകുപ്പുമന്ത്രിയെ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നതിന് ഞാൻ ഈ

അവസരം വിനിയോഗിക്കുന്നു. വൈക്കത്ത് സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ആലപ്പുഴ ഡോക്കിനേയും ഇന്ധനം നിറയ്ക്കുന്നതിന് ചേർത്തലയേയുമാണ് ഇപ്പോഴും ആശ്രയിക്കുന്നത്. ജലഗതാഗത വകുപ്പിന്റെ ഏറ്റവും ലാഭകരമായി നടത്തുന്ന വൈക്കം സ്റ്റേഷന് പുതിയ ഒരു ഡോക്കും ഫ്യുവൽ പമ്പും അനുവദിച്ചു തരണമെന്ന് ഈ അവസരത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്. റോഡ് ഗതാഗതത്തിന്റെ കാര്യത്തിൽ പുതിയ ഗവൺമെന്റിനേയും ബഹുമാനപ്പെട്ട മന്ത്രിയേയും വൈക്കത്തുകാർ വളരെ പ്രതീക്ഷയോടെയാണ് കാണുന്നത്. വളരെ മുമ്പേയുള്ള വൈക്കം ഡിപ്പോയ്ക്ക് കാലാനുസൃതമായ പുരോഗതി ഇതുവരെ ലഭ്യമായിട്ടില്ല. വളരെ കാലപ്പഴക്കം ചെന്ന ബസ്സുകളാണ് ഇപ്പോഴും വൈക്കത്ത് സർവ്വീസ് നടത്തുന്നത്. കട്ടപ്പുറത്ത് കയറ്റേണ്ട ബസ്സുകളുടെ ഡമ്പിംഗ് സ്റ്റേഷനായി കാലാകാലങ്ങളായി വൈക്കം ഡിപ്പോയെ മാറ്റിയിരിക്കുകയാണ്. എന്നാൽ അങ്ങയിൽ ഞങ്ങൾ വൈക്കത്തുകാർക്ക് വിശ്വാസമുണ്ട്. കാരണം ചുരുങ്ങിയ കാലംകൊണ്ട് അങ്ങ് വൈക്കത്തിന് രണ്ടു പുതിയ ബസ്സുകൾ നൽകി വൈക്കത്തുകാരെ വളരെയധികം സഹായിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ ഈ അവസരത്തിൽ നന്ദിയോടെ സ്മരിക്കുന്നു. അതോടൊപ്പം ഡോക്കുകളിൽ റിപ്പെയറിംഗിന് കയറ്റിയിട്ടുള്ള ബസ്സുകൾ പണി തീർക്കുന്നതിനും സ്പെയർപാർട്ട്സ് യഥാസമയം ലഭ്യമാക്കുന്നതിനുമുള്ള അടിയന്തര നടപടികൾ അങ്ങ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അതുപോലെ ഡിപ്പോയ്ക്കോ, കോർപ്പറേഷനോ യാതൊരു ലാഭവുമില്ലാത്ത അഞ്ചോളം സർവ്വീസുകൾ വൈക്കത്തുനിന്നും ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. നേരെ മൂക്കിന് പിടിക്കുന്നതിനു പകരം തലയ്ക്കുചുറ്റി മൂക്കിൽ പിടിക്കുന്നതുപോലെയാണ് ഈ സർവ്വീസുകൾ. ഇത് എത്രയുംവേഗം റീ-ഷെഡ്യൂൾ ചെയ്യുന്നതിനുവേണ്ടി അങ്ങ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യം, സമ്പൂർണ്ണ സാക്ഷരത, അധികാര വികേന്ദ്രീകരണം, മികച്ച പൊതുജനാരോഗ്യം, കുടുംബശ്രീ തുടങ്ങിയ ഒട്ടനവധി മേഖലകളിൽ ആദ്യമായി നേട്ടങ്ങൾ കൈവരിച്ച സംസ്ഥാനമാണ് കേരളം. സാമൂഹ്യവികസന സൂചികയിൽ മുന്നിലാണെന്ന് അഭിമാനിക്കുമ്പോഴും കേരളത്തിൽ 2.32 ലക്ഷം കുടുംബങ്ങൾക്ക് ശൗചാലയങ്ങൾ ഇല്ലായെന്നത് വസ്തുതയാണ്. കേരളം ശൗചാലയങ്ങളുടെ കാര്യത്തിലും ദേശീയ പ്രാധാന്യമുള്ള ഒരു നാഴികക്കല്ല് പിന്നിടുവാൻ ഒരുങ്ങുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ, വരുന്ന കേരളപ്പിറവി നാടിന് ഒരു ശാപമോക്ഷത്തിന്റെ ദിനമായിരിക്കും. തുറസ്സായ സ്ഥലങ്ങളിൽ വിസർജ്ജനം ചെയ്യാത്ത ഇന്ത്യയിലെ ഏറ്റവും ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ ഒന്നാകും കേരളം. സമ്പൂർണ്ണ ശൗചാലയം എന്നത് ഗവൺമെന്റിന്റെ

ഏറ്റവും വലിയ നേട്ടമായി ഞാൻ കരുതുന്നു. കഴിഞ്ഞ ഗവൺമെന്റ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ മൂന്നായി വിഭജിച്ച് വികസന പ്രവർത്തനങ്ങളെ മരവിപ്പിച്ചുവെങ്കിൽ ഈ ഗവൺമെന്റ് അവ ഒരു വകുപ്പായി മാറ്റി ഒരു മന്ത്രിക്ക് ചുമതല നൽകി എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതാണ്. അധികാര വികേന്ദ്രീകരണത്തിലെ സുപ്രധാനമായ ഒരു മുന്നേറ്റമാണിത്. കഴിഞ്ഞ എൽ.ഡി.എഫ്. ഭരണകാലത്ത് കൂട്ടായ്മയിലൂടെ സാമ്പത്തികവും സാമൂഹികവുമായ വികസനത്തിന് ആത്മവിശ്വാസമുണ്ടാക്കിയ പ്രസ്ഥാനങ്ങളുടെ പട്ടികയിൽ ആദ്യ സ്ഥാനമായിരുന്നു കുടുംബശ്രീക്ക്. സ്ത്രീ ശാക്തീകരണവും സാമൂഹിക പുരോഗതിയും ലക്ഷ്യമിട്ടാണ് എൽ.ഡി.എഫ്. സർക്കാർ കുടുംബശ്രീ പദ്ധതി ആരംഭിച്ചത്. എന്നാൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കുടുംബശ്രീയിൽ സർവ്വത്ര അഴിമതിയാണ്. ഇന്നലെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉയർത്തിക്കാട്ടിയ ജനയുഗം പത്രമാണ് അമൃതംപൊടി അഴിമതിയെപ്പറ്റി ആദ്യമായി റിപ്പോർട്ട് ചെയ്തത്. കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലനം നൽകുന്നതിലും പദ്ധതി അനുവദിക്കുന്നതിലുമൊക്കെ അവർ നടത്തിയ അഴിമതികൾ ഇതിന് ഉദാഹരണമാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽവന്ന് വളരെക്കുറച്ച് കാലമേ ആയിട്ടുള്ളുവെങ്കിൽപ്പോലും കുടുംബശ്രീ കൈവരിച്ച നേട്ടങ്ങൾ അനവധിയാണ്. കാർഷികമേഖലയിൽ സ്വയം പര്യാപ്തത നേടാൻ കുടുംബശ്രീയുടെ പൊലിവ് പദ്ധതിയും മൃഗസംരക്ഷണ മേഖലയെ പ്രോൽസാഹിപ്പിക്കാൻ പശുസഖി പദ്ധതിയും ഭിന്നശേഷിയുള്ള വ്യക്തികൾക്ക് സാമൂഹ്യസുരക്ഷ നൽകുന്ന പദ്ധതിയിൽ ബഡ്സ് പുനരധിവാസ കേന്ദ്രവും ഇവർക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതിയും കുടുംബശ്രീ നേടിയ വളരെക്കുറച്ചു നാളത്തെ വളരെ വലിയ നേട്ടങ്ങളാണ്.

ഇവിടെ അഴിമതിയെപ്പറ്റിയും സ്വജനപക്ഷപാതത്തെപ്പറ്റിയും ബന്ധു നിയമന വിവാദത്തെപ്പറ്റിയുമെല്ലാം ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാക്കൾ സൂചിപ്പിക്കുകയുണ്ടായി. അവരെല്ലാവരും അന്യൻ സിനിമയിലെ വിക്രമിന്റെ പകർന്നാട്ടത്തേക്കാൾ വലിയ പകർന്നാട്ടമാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്. ബാറും സോളാറും നോട്ടെണ്ണൽ മെഷീനും സി.ഡി. വേട്ടയുമെല്ലാം അവർ മറന്നുപോയിരിക്കുന്നു. അവർ നടത്തിയ അഴിമതിയേക്കാളും സ്വജനപക്ഷപാതത്തേക്കാളും എന്താണ് ഈ പുതിയ സർക്കാർ നടത്തിയത്? ജനങ്ങളുടെ അഭിവൃദ്ധിക്കും വികസനത്തിനും ഒറ്റക്കെട്ടായി പ്രവർത്തിച്ച് മാതൃകാ ഭരണം കാഴ്ചവയ്ക്കുന്ന പുതിയ മന്ത്രിസഭയെ അഭിനന്ദിക്കുന്നതിനോടൊപ്പം ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായും പിന്താങ്ങുന്നു.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, 2016-17 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ വാഹന നികുതി, നഗരവികസനം, പഞ്ചായത്ത്, ഗ്രാമവികസനം, ഗതാഗതം എന്നീ ധനാഭ്യർത്ഥനകളെ പൂർണ്ണമായും പിന്താങ്ങുകയാണ്. ഇവിടെ രാവിലെ മുതൽ ഈ വിഷയത്തിന്മേലുള്ള ചർച്ചകൾ കേട്ടപ്പോൾ കഴിഞ്ഞ അഞ്ചുവർഷക്കാലം ഭരണപക്ഷത്തായിരുന്നവർ കേവലം 5 മാസക്കാലം കൊണ്ട് പ്രതിപക്ഷത്തെത്തിയപ്പോൾ എന്തൊക്കെയോ വിളിച്ചു പറയുന്നതുപോലെയാണ് എനിക്ക് തോന്നിയത്. ശ്രീ. എൻ. ഷംസുദ്ദീൻ, എം.എൽ.എ.യുടെ പ്രസംഗം കേട്ടപ്പോൾ, ബോബനും മോളിയും വായിക്കുമ്പോൾ പോലും എനിക്ക് ഇത്രയും ചിരി വന്നിട്ടില്ല. യു.ഡി.എഫ്. ആണ് അധികാരവികേന്ദ്രീകരണം കൊണ്ടുവന്നതെന്ന് പറയുമ്പോൾ എങ്ങനെയാണ് ചിരിക്കാതിരിക്കുന്നത്. എന്റെ ഒരു അനുഭവത്തിൽ നിന്നുതന്നെ ഞാൻ തുടങ്ങട്ടെ. ഞാൻ എൽ.എൽ.ബി. വിദ്യാർത്ഥിനി ആയിരുന്ന കാലഘട്ടത്തിൽ പഞ്ചായത്ത് മെമ്പറായി പൊതുപ്രവർത്തന രംഗത്ത് വന്നിട്ടുള്ള ആളാണ്. ആ അഞ്ചുവർഷക്കാലം കേരളം ഭരിച്ചിരുന്നത് യു.ഡി.എഫ്. ഗവൺമെന്റായിരുന്നു. അതിനുശേഷമുള്ള അഞ്ചുവർഷക്കാലം പ്രസിദ്ധനായ എഴുത്തുകാരൻ തകഴി ശിവശങ്കരപ്പിള്ള ജീവിക്കുന്ന നാട്ടിൽ പഞ്ചായത്ത് പ്രസിഡന്റാകാൻ വേണ്ടി പുരോഗമന രാഷ്ട്രീയ പ്രസ്ഥാനം തന്ന വലിയ ഒരു ഉത്തരവാദിത്വം അഭിമാനപൂർവ്വം ഏറ്റെടുത്ത ഒരു വ്യക്തിയാണ് ഞാൻ. അന്ന് കേരളം ഭരിച്ചിരുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരായിരുന്നു. അന്ന് കേരളത്തിന്റെ മുഖ്യമന്ത്രി ഇന്ന് പിറന്നാൾ ആഘോഷിക്കുന്ന സഖാവ് വി. എസ്. അച്ചുതാനന്ദൻ ആയിരുന്നു. അന്ന് കേരളത്തിന്റെ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി വളരെ ആദരണീയനായിട്ടുള്ള സഖാവ് പാലോളി മുഹമ്മദ് കുട്ടിയായിരുന്നു. ഒരു പക്ഷേ ആദ്യത്തെ അഞ്ചു വർഷക്കാലം ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയാതെ നിസ്സഹായയായ ഒരു പഞ്ചായത്ത് മെമ്പറായി ചെലവഴിച്ച ഞാൻ പിന്നീട് പഞ്ചായത്ത് പ്രസിഡന്റായപ്പോൾ, ഇ.എം.എസ്. പാർപ്പിട പദ്ധതിയുടെ ധനം ഇപ്പോഴും കൊടുക്കാനുണ്ടെന്ന് ഒരു മെമ്പർ ഇവിടെ പറയുന്നതുകേട്ടപ്പോൾ, അത് മാതൃകാപരമായി നടപ്പിലാക്കിയ ഒരു പഞ്ചായത്തിന്റെ പ്രതിനിധിയായിരുന്ന ഞാൻ എന്നുപറയാൻ ഈ അവസരം അഭിമാനപൂർവ്വം ഉപയോഗിക്കുകയാണ്. മൂന്ന് വർഷക്കാലംകൊണ്ട് എന്റെ കൊച്ചു പഞ്ചായത്തിൽതന്നെ 172 പാവപ്പെട്ടവർക്ക് വീട് നിർമ്മിച്ചുകൊടുത്തു. 12000 വീടുകളാണ് ആലപ്പുഴ ജില്ലയിൽ ആകെ ഞങ്ങൾക്ക് നിർമ്മിച്ചുകൊടുക്കാൻ കഴിഞ്ഞത്. അന്നത്തെ സഹകരണ വകുപ്പുമന്ത്രി, ഇന്നത്തെ പൊതുമരാമത്ത് വകുപ്പുമന്ത്രിയായ ശ്രീ. ജി. സുധാകരൻ സാറായിരുന്നു. ഞാൻ നന്ദിപൂർവ്വം സ്മരിക്കട്ടെ, സഹകരണ

മേഖലയുടെ പുഷ്പകാലമായിരുന്നു അത്. സഹകരണ പ്രസ്ഥാനം ലാഭത്തിലേക്കുപോയ കാലമായിരുന്നു അന്ന്. ഭാവനാപൂർണ്ണമായി സഹകരണ മേഖലയിലെ പണം പഞ്ചായത്തുകൾക്ക് തന്നു. ഞങ്ങൾക്കാർക്കും ഒരു കടബാധ്യതയുമില്ല. കൃത്യമായിത്തന്നെ രണ്ടും മൂന്നും വർഷക്കാലം കൊണ്ട് ആ പണം തിരിച്ചു കൊടുക്കാൻ ഞങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. അഴിമതിയും കെടുകാര്യസ്ഥതയുമുള്ള പഞ്ചായത്തുകൾ എവിടെയെങ്കിലുമൊക്കെയുണ്ടാകാം. അവർക്ക് കൊടുക്കാൻ സാധിച്ചിട്ടുണ്ടാകില്ല. പക്ഷേ ഞങ്ങൾക്കൊക്കെ കൊടുക്കാൻ കഴിഞ്ഞു എന്ന് അഭിമാനത്തോടെ പറയാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. അതിനുശേഷം അഞ്ചു വർഷക്കാലം ആലപ്പുഴ ജില്ലാ പഞ്ചായത്തിന്റെ പ്രസിഡന്റായി എന്റെ ഒപ്പം പ്രവർത്തിച്ചിരുന്ന ശ്രീ. എൽദോ ഉൾപ്പെടെയുള്ളവർ എനിക്ക് തോന്നുന്നു പ്രതിപക്ഷ നിരയിലുണ്ട്. ആ അഞ്ചു വർഷക്കാലം എന്തായിരുന്നു കേരളത്തിന്റെ സ്ഥിതി. നിങ്ങൾ ഒന്നു വിശകലനം ചെയ്തു നോക്കു, സ്വന്തം നെഞ്ചിൽ കൈവച്ച് നിങ്ങൾ ഒന്ന് ചോദിച്ചു നോക്കു, ഭവന പദ്ധതിയുണ്ടായിരുന്നോ കേരളത്തിൽ; ഇവിടെ ഐ.എ.വൈ. പദ്ധതിയുടെ പേര് മാറ്റി പി.എം.എ.വൈ. ആക്കിയെന്നു പറഞ്ഞു, നിങ്ങൾ ആർ.എ.വൈ. ആക്കിയതല്ലേ. ഇന്ദിരാ ആവാസ് യോജന എന്ന പദ്ധതിയുടെ പേര് ഒരു തെരഞ്ഞെടുപ്പ് അടുത്ത സമയത്ത് ടി.വി. യിൽ എഴുതിക്കാണിക്കുന്നത് ഞാൻ കണ്ടു, ആർ.എ.വൈ. എന്ന്. ഐ.എ.വൈ.യെ ആർ.എ.വൈ. ആക്കി. ഇന്ദിരയെ രാജീവാക്കി, രാജീവിനെ ഇപ്പോൾ ശ്രീ. നരേന്ദ്രമോദി പ്രധാനമന്ത്രി ആവാസ് യോജനയാക്കി മാറ്റിയിരിക്കുന്നു. നിങ്ങളും മാറ്റിയിട്ടുണ്ട്, ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതിയോട് നിങ്ങൾക്ക് പുച്ഛമായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ കേരളം ഭരിച്ചപ്പോൾ ഇ.എം.എസ്. സമ്പൂർണ്ണ പാർപ്പിട പദ്ധതിയിലൂടെ ലക്ഷക്കണക്കിന് വീടുകളാണ് കേരളത്തിലുടനീളം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിയത്.

2.00 PM]

കണ്ണടച്ച് ഇരുട്ടാക്കാൻ ദയവ് ചെയ്ത് പ്രതിപക്ഷം ശ്രമിക്കരുത്. നിങ്ങൾ എന്നും അധികാര വികേന്ദ്രീകരണത്തിന്റെ അന്തകരായിരുന്നു. എന്നൊക്കെ നിങ്ങൾ കേരളം ഭരിച്ചിട്ടുണ്ടോ അന്നെല്ലാം നിങ്ങൾക്ക് അധികാര വികേന്ദ്രീകരണം എന്ന പ്രക്രിയയോട് വെറുപ്പായിരുന്നു. അതല്ലേ നിങ്ങൾ കാണിച്ചത്.

അഞ്ചുവർഷക്കാലം ഡി.പി.സി.യുടെ പ്രവർത്തനം എന്തായിരുന്നു. ഞാൻ ഡി.പി.സിയുടെ ചെയർപേഴ്സണായി പ്രവർത്തിച്ച ആളാണ്. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് കൃഷി വകുപ്പുമന്ത്രി സഖാവ് മുല്ലക്കര രത്നാകരനായിരുന്നു. അന്ന് പഞ്ചായത്തിന്റെ പദ്ധതികളുമായി ഡി.പി.സി.-യിൽ ചെല്ലുമ്പോൾ എത്ര

വിഹിതം ഉൽപ്പാദന മേഖലയ്ക്കായി മാറ്റിവച്ചിട്ടുണ്ടെന്ന് ഡി.പി.സി. ചെയർമാൻ ഞങ്ങളോട്ടു ചോദിക്കുമായിരുന്നു. നിങ്ങളും അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി പ്രവർത്തിച്ചവരാണ്. എത്ര ശതമാനമാണ് ആ മേഖലയ്ക്ക് വേണ്ടി നിങ്ങൾ മാറ്റിവച്ചത്. ഇടതുപക്ഷ സർക്കാർ കേരളം ഭരിച്ചിരുന്ന സമയത്ത്, 30 ശതമാനം തുക ഉൽപ്പാദന മേഖലയ്ക്കായി മാറ്റിവച്ചില്ലെങ്കിൽ പഞ്ചായത്തിന്റെ പ്രോജക്ടുകൾക്ക് അംഗീകാരം നൽകില്ലായിരുന്നു. എന്നാൽ കഴിഞ്ഞ തവണ ഞാൻ ഡി.പി.സി. ചെയർപേഴ്സൺ ആയിരുന്നപ്പോൾ കേരളം ഭരിച്ചത് ഐക്യജനാധിപത്യമുന്നണിയായിരുന്നു. എത്ര ശതമാനമാണ് ഉൽപ്പാദന മേഖലയ്ക്കായി മാറ്റിവച്ചതെന്ന് ഞാൻ പഞ്ചായത്തംഗങ്ങളോട് ചോദിക്കുമ്പോൾ അവർ പറയുന്നത് ഞങ്ങളോട് മാറ്റിവയ്ക്കാൻ ആരും നിർദ്ദേശിച്ചിട്ടില്ലെന്നാണ്. ഉൽപ്പാദന മേഖലയോട്, കൃഷിയോട് നിങ്ങൾക്ക് വെറുപ്പായിരുന്നു. ഞാൻ ജില്ലാ പഞ്ചായത്ത് പ്രിസിഡന്റായിരുന്ന സമയത്ത് ബഹുമാനപ്പെട്ട രാജേഷ്, എം.എൽ.എ.യുടെ മണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള 100 ഏക്കർ വരുന്ന കൃഷിത്തോട്ടമുണ്ടായിരുന്നു. മുൻ മുഖ്യമന്ത്രി ഈ വേദിയിൽ ഉണ്ടായിരുന്നുവെങ്കിൽ ഒരുപക്ഷേ അദ്ദേഹത്തിന് അറിയാൻ കഴിയുമായിരുന്നു. വലിയ രീതിയിൽ ഫൈറ്റ് ചെയ്തുകൊണ്ട് ആ കൃഷിത്തോട്ടം നിലനിർത്താൻ ശ്രമിച്ച ഒരു ജനപ്രതിനിധിയായിരുന്നു ഞാൻ. കൃഷിയോട് നിങ്ങൾക്ക് വെറുപ്പായിരുന്നു. 'എല്ലാപേരും പാടത്തേയ്ക്ക്' എന്ന മുദ്രാവാക്യമല്ലേ ഇടതുപക്ഷ സർക്കാർ കൊണ്ടുവന്നത്. ഞങ്ങൾ എല്ലാപേരേയും നിലത്തിലേക്ക് ഇറങ്ങാൻ പ്രോത്സാഹിപ്പിച്ചപ്പോൾ നിങ്ങൾ എല്ലാപേരേയും നിരത്തിലേക്കിറങ്ങാനല്ലേ പ്രോത്സാഹിപ്പിച്ചത്. നെൽവയൽ തണ്ണീർത്തട സംരക്ഷണ ബിൽ അട്ടിമറിച്ചവരല്ലേ നിങ്ങൾ; എങ്ങനെ നിങ്ങൾക്ക് അതിനെപ്പറ്റി പറയാൻ കഴിയും. ഹരിതമെന്ന് പറഞ്ഞാൽ നിങ്ങൾക്ക് പച്ച ഷർട്ടിട്ട് വരിക എന്നാണ് അർത്ഥം. പച്ച ഷർട്ടിടുന്നതല്ല ഹരിതം. മണ്ണിലിറങ്ങി കഷ്ടപ്പെടുന്ന കർഷകരോടൊപ്പം നിന്നുകൊണ്ട് അവർക്കാവശ്യമായ പദ്ധതികൾക്ക് സഹായം ചെയ്യുന്നതാണ് യഥാർത്ഥ ഹരിതം. ഇപ്പോൾ ഇടതുപക്ഷ സർക്കാർ ഹരിത സംസ്ഥാനമായി കേരളത്തെ മാറ്റാൻ പോകുന്നുവെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതുപോലെ പട്ടിയെന്ന് പറയാൻ കഴിയുമോയെന്ന് എനിക്കറിയില്ല. ബഹുമാനപ്പെട്ട നായയുടെ കടി കാരണം ഇപ്പോൾ കേരളത്തിൽ നടക്കാൻ കഴിയുന്നില്ലായെന്നാണ് പറയുന്നത്. കേരളത്തിൽ ഇത്രയും നായയെ സൃഷ്ടിച്ചത് നിങ്ങളാണ്. ഒരു നായ ജീവിച്ചിരിക്കുന്നത് പത്ത് വർഷമാണ്. നിങ്ങൾ ഇവിടെ വലിച്ചെറിഞ്ഞ മാലിന്യം ഭക്ഷിച്ചുകൊണ്ടാണ് ഇത്രയും നായകൾ വലുതായത്. മൂന്നും നാലും അഞ്ചും മാസം പ്രായമുള്ള നായകളല്ല കടിക്കുന്നത്. ബഹുമാനപ്പെട്ട ഹൈബി ഈഡൻ രാവിലെ ഇവിടെ സംസാരിക്കുന്നത് കേട്ടു. പട്ടിണി കിടന്നു കഴിഞ്ഞപ്പോൾ അദ്ദേഹം നന്നായി സംസാരിച്ചു. അദ്ദേഹത്തിന് നല്ല മാറ്റമുണ്ട്. നല്ല അംഗീകാരമാണ് ഇടതുപക്ഷ സർക്കാരിന് നിങ്ങൾ നൽകിയിട്ടുള്ളത്.

ഫോർട്ട് കൊച്ചിയിലുൾപ്പെടെ എല്ലായിടത്തും ആളുകളെക്കാൾ വലിയ നായയാണ് ഉള്ളത്. നിങ്ങൾക്കത് നിഷേധിക്കാൻ കഴിയുമോ? ഇവിടെ എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. എം. വിൻസെന്റ്, എം.എൽ.എ.യുടെ നാട്ടിൽ ഒരു പാവപ്പെട്ട അമ്മയെ നായ കടിച്ചുകൊന്നു. അഞ്ച് മാസം പ്രായമായ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ നയവൈകല്യം കൊണ്ടാണ് ഇത് സംഭവിച്ചതെന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? നിങ്ങൾ മാലിന്യ സംസ്കരണത്തിൽ നിന്നും പിന്നോട്ടുപോയി. അത് നിങ്ങൾ സ്വയം പരിശോധിക്കണം. കേരളത്തിലെ മാലിന്യ സംസ്കരണ പദ്ധതിയെ അട്ടിമറിച്ചത് നിങ്ങളാണ്. അതാണ് ഞാൻ സൂചിപ്പിച്ചത് നിങ്ങൾ എന്നും അധികാര വികേന്ദ്രീകരണത്തിന്റെ അന്തകരായിരുന്നു. നിങ്ങൾക്കത് വെറുപ്പാണ്. കേരളത്തിന്റെ ഭവന പദ്ധതിയും നിങ്ങൾ അട്ടിമറിച്ചു. പക്ഷേ ഇടതുപക്ഷ ജനാധിപത്യമുന്നണി കേരളത്തിൽ അധികാരത്തിൽ വന്നതിനാൽ ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. നിങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്ന് മന്ത്രിമാർക്കുവേണ്ടി വെട്ടിമുറിച്ചു. അത് എന്തിനായിരുന്നു? അങ്ങനെ കേരളത്തിൽ അഞ്ചാം മന്ത്രി വിവാദം ഉയർത്തി വിട്ടത് നിങ്ങളല്ലേ. ഞങ്ങളാരും അത് മറന്നുപോയിട്ടില്ല. ഒരു വകുപ്പിനെ മൂന്നായി കീറിമുറിച്ചുകൊണ്ട് ഗ്രാമവികസനത്തിന് ഒരു മന്ത്രി, പഞ്ചായത്തിന് ഒരു മന്ത്രി, കോർപ്പറേഷന് ഒരു മന്ത്രി എന്നാക്കി. ഞങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പ് ഭരിക്കാൻ ഒരൊറ്റ മന്ത്രിയേയുള്ളൂ. അത് ഡോ. കെ. ടി. ജലീലാണ്. നന്നായി കാര്യങ്ങൾ നടത്തിക്കൊണ്ടുപോകുവാൻ അദ്ദേഹത്തിന് കഴിയും. അതുപോലെ പഞ്ചായത്തുകളിൽ സ്റ്റാഫുകളില്ലെന്ന് പറഞ്ഞു. ഇവിടെ രണ്ട് വിഭാഗം സർവ്വീസ് സംഘടനയിലെ ജീവനക്കാർ നടത്തിയ ഒരു സമരം, മുൻ മന്ത്രിമാരൊക്കെ ഇവിടെ ഇരിപ്പുണ്ട്. നിങ്ങൾക്കെല്ലാം അറിയാം. ഇതൊന്നും നിഷേധിക്കാൻ കഴിയില്ല. സ്പെഷ്യൽ ലീവ് പെറ്റീഷനും കൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയെ സമീപിച്ചതാരാണ്? ഒരു സർക്കാരും ജീവനക്കാരുടെ പ്രശ്നത്തിൽ ഇടപെടില്ല. യു.ഡി.എഫ്. സർക്കാർ ജീവനക്കാരുടെ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എസ്.എൽ.പി. ഫയൽ ചെയ്യാൻ കൂട്ടുനിന്നതുകൊണ്ട് പ്രൊമോഷൻ നടക്കുന്നില്ല. അതുകൊണ്ടാണ് ഇപ്പോൾ മൂന്നൂറിലധികം തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നത്. ജീവനക്കാരുടെ പ്രൊമോഷൻ നടക്കണ്ടേ, എന്താ നിങ്ങൾ അക്കാര്യം മറന്നുപോകുന്നത്. എങ്ങനെയാണ് ഡോ. കെ. ടി. ജലീലിന് നിയമനം നടത്താൻ കഴിയുന്നത്? കഴിഞ്ഞ സർക്കാരിന്റെ പിടുപ്പുകേടുകൊണ്ട് മുന്നൂറിലധികം സെക്രട്ടറിമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുകയാണ്. രണ്ട് ജില്ലകളിൽ മാത്രമേ ഡി.ഡി.പി.മാരുള്ളൂ. അതുകൊണ്ട് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് എസ്.എൽ.പി.-യുടെ കാര്യത്തിൽ ഒരു തീരുമാനമെടുത്തിട്ട് മെറിറ്റ് അടിസ്ഥാനത്തിൽ അവർക്ക് കൊടുക്കണം.

അവർ അതിലൊരു തീരുമാനം എടുക്കട്ടെ. പഞ്ചായത്തു വകുപ്പിൽ സ്റ്റാഫുകളെ നിയമിക്കണം. അതുപോലെ ഒരു എഞ്ചിനീയറെ മൂന്ന് പഞ്ചായത്തിന്റെ ചുമതല ഏൽപ്പിച്ചത് നിങ്ങളാണ്, ഞങ്ങളല്ല. ഞാൻ പഞ്ചായത്ത് പ്രസിഡന്റായിരുന്ന സമയത്ത് എന്റെ പഞ്ചായത്തിന് ഒരു എഞ്ചിനീയർ ഉണ്ടായിരുന്നു. ഇടതുപക്ഷം ഭരിക്കുമ്പോൾ പഞ്ചായത്തിന് ആവശ്യമായ സ്റ്റാഫിനെ നിയമിച്ചിരുന്നു. ഈ തർക്കത്തിൽ കഴിഞ്ഞ ഗവൺമെന്റിന്റെ അനാവശ്യമായ ഇടപെടലുകളും പിടിപ്പുകേടും കൊണ്ടാണ് ഇന്ന് ഉദ്യോഗസ്ഥതലത്തിൽ പ്രതിസന്ധി അനുഭവിക്കുന്നത്. അതൊരു വസ്തുതയാണ്, നിങ്ങൾക്ക് പരിശോധിക്കാവുന്നതാണ്. അതുപോലെ മറ്റൊരു കാര്യം പറയാതിരിക്കാൻ നിവൃത്തിയില്ല. കഴിഞ്ഞ തവണ ഞങ്ങൾ ശ്രീനാരായണഗുരു ദേവദർശനത്തെപ്പറ്റി പറഞ്ഞപ്പോൾ അവിടെ നിന്ന് പല അംഗങ്ങളും ചിന്തിച്ചുകാണും ഇതെന്തുപറ്റിയെന്ന്. എപ്പോഴാണ് ശ്രീനാരായണ ഗുരുദേവന്റെ ദർശനമൊക്കെ നിങ്ങൾ ഏറ്റെടുത്തതെന്ന് ഫാസിസ്റ്റ് നിലപാടുള്ളവരും ഞങ്ങളോട് ചോദിക്കാറുണ്ട്. നല്ലത് പറയുമ്പോൾ പലപ്പോഴും പലർക്കും ഇഷ്ടമാകില്ല. പക്ഷേ നല്ലത് പറയാതിരിക്കാൻ ഞങ്ങൾക്ക് കഴിയുകയുമില്ല. മഹാനായ കാറൽ മാർക്സ് വിശകലനം ചെയ്തിട്ടുണ്ട്. ഇതുവരെ നമ്മുടെ സമൂഹത്തിൽ നിലനിന്നിരുന്നത് വർഗ്ഗസമരങ്ങളുടെ ചരിത്രമാണ്. ന്യൂനപക്ഷം ചൂഷകരും, ഭൂരിപക്ഷം ചൂഷിതരുമാണ്. നിങ്ങൾ കൂട്ടിലടച്ച തത്തയുടെ കാര്യമൊക്കെ പറഞ്ഞു. 'പാരതന്ത്ര്യം മാനികൾക്ക് മൃതിയേക്കാൾ ഭയാനകം ' എന്നുപറഞ്ഞുകൊണ്ട് ഒരു കാലത്ത് അടിച്ചമർത്തപ്പെട്ട, ജോലിക്ക് കൂലിയില്ലാതിരുന്ന, സ്വപ്നം കാണാൻ പോലും കഴിയാതിരുന്ന പാവപ്പെട്ടവർക്കും, സ്വന്തം മക്കളെ താരാട്ട് പാടി ഉറക്കാൻ കഴിയാതിരുന്ന അമ്മമാർക്കും ഭൂമി നൽകിയത് 1957-ൽ അധികാരത്തിൽവന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാരാണ്. ഇവിടെ സാധാരണക്കാർക്ക് ജീവിക്കാൻ അവസരം കൊടുത്തത് ഞങ്ങളാണ്. പക്ഷേ ഏത് സമയത്തും ഇടതുപക്ഷം കൊണ്ടുവരുന്ന എല്ലാ നന്മകളേയും നശിപ്പിക്കാൻ നിങ്ങൾക്ക് അഞ്ച് കൊല്ലം മതി. എന്റെ കൃഷിത്തോട്ടം തട്ടിയെടുക്കാൻ ശ്രമിച്ചപ്പോൾ ഒരു വികാരപ്രകടനംതന്നെ അറിയാതെ നടത്തിയ ആളാണ് ഞാൻ. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തെ കൃഷി വകുപ്പുമന്ത്രിക്ക് ഒരുതരം വാനര സ്വഭാവമായിരുന്നു ഉണ്ടായിരുന്നത്. വാനര സ്വഭാവമെന്ന് പറയേണ്ടിവന്നു. കാരണം അവസാനത്തെ പച്ചപ്പ് കൂടി ഇല്ലാതാക്കാനുള്ള ശ്രമമാണ് നിങ്ങൾ നടപ്പാക്കിയത്. അനുഭവം വച്ചാണ് ഞാനത് പറയുന്നത്. കാറൽ മാർക്സ് വിശകലനം ചെയ്ത കാര്യങ്ങൾ കേരള സമൂഹത്തിൽ അക്ഷരാർത്ഥത്തിൽ ശരിയായി വരികയായിരുന്നു. വർഗ്ഗ സമരങ്ങളുടെ ചരിത്രത്തിൽ ന്യൂനപക്ഷം വരുന്ന ചൂഷകർ ഈ കേരളത്തിൽ അഞ്ചുവർഷക്കാലം പിടിമുറുക്കിയിരിക്കുകയായിരുന്നു. ഇവിടെ ചൂഷിതരുടെ എണ്ണം വർദ്ധിച്ചു. ഇനി ആ അന്തരം കുറയാൻ പോകുകയാണ്. നിങ്ങൾ അഞ്ച് വർഷം കാത്തിരിക്കൂ. നിങ്ങൾക്ക്

എന്തിനാണ് ഇത്രയും അക്ഷമ. ഈ ഗവൺമെന്റിന് വെറും അഞ്ച് മാസമേ പ്രായമായിട്ടുള്ളൂ. പക്ഷേ വീറും വാശിയും അക്ഷമ കാണിക്കുന്നവരും എല്ലാ കാര്യങ്ങളും വേണമെന്ന് പറയുന്നുണ്ട്. ഒന്നും കൊള്ളുകയില്ല, ഇഷ്ടമല്ലാത്ത ആളുകൾ തൊടുന്നതെല്ലാം കുറ്റം എന്ന് പറയുന്ന രീതി കൃത്യമായി പ്രതിപക്ഷത്തിന്റെ ഭാഗത്തുനിന്നും ഉണ്ടാകുന്നു. ഒന്നോ രണ്ടോ വർഷമൊന്ന് വെയിറ്റ് ചെയ്യൂ. എന്താണ് ഈ ഗവൺമെന്റ് ചെയ്യാൻ പോകുന്നതെന്ന് അറിയാനുള്ള ക്ഷമപോലും നിങ്ങൾക്കില്ലെന്ന് മനസ്സിലാക്കുമ്പോൾ വലിയ ലജ്ജയും വിഷമവും ഈ അവസരത്തിൽ തോന്നുകയാണ്. പഞ്ചായത്തീരാജ് സംവിധാനം എങ്ങനെയാണ് ഇവിടെ നടപ്പാക്കാൻ പോകുന്നതെന്ന് ഞങ്ങൾ നിങ്ങൾക്ക് കാണിച്ച് തരാം. അതുപോലെ കുടുംബശ്രീക്ക് ഒരു ബദൽ നയം കൊണ്ടുവന്നത് നിങ്ങളല്ലേ? ജനശ്രീ എന്തിനാണ് ഇവിടെ കൊണ്ടുവന്നത്. ഇവിടെ നടപ്പാക്കിയ എൻ.ആർ.എൽ.എം. പദ്ധതി കുടുംബശ്രീക്ക് കൊടുക്കാതെ ജനശ്രീക്ക് കൊടുക്കാൻ തീറെഴുതിയവരല്ലേ നിങ്ങൾ? ഞങ്ങൾക്ക് അതിനെതിരെ സമരം ചെയ്യേണ്ടിവന്നു. കൃഷി വകുപ്പുമന്ത്രി അത്തരമൊരു ഉത്തരവിട്ടത് ഇന്നും ഞാൻ നന്നായി ഓർക്കുന്നു. ആ യോഗത്തിൽ അതിനെതിരെ നല്ലതുപോലെ വർത്തമാനം പറഞ്ഞ ആളാണ് ഞാൻ. ഇവിടെ നിങ്ങൾ കുടുംബശ്രീയെ അവഗണിച്ചുകൊണ്ട് ഒരു പത്രത്തിന്റെ മാഗസീനിലൂടെ കൃഷി വകുപ്പിന്റെ വിത്തുകൾ വിതരണം ചെയ്തു. ഞങ്ങൾ അങ്ങനെയൊന്നും ചെയ്തിട്ടില്ല. കുടുംബശ്രീയോട് നിങ്ങൾക്ക് പുച്ഛമായിരുന്നു. ഏഷ്യയിലെ മികച്ച ഒരു സംഘടനാ സംവിധാനമായിരുന്നില്ലേ കുടുംബശ്രീ. പാവപ്പെട്ട പതിനായിരക്കണക്കിന് സ്ത്രീകളെ അടുക്കളയിൽനിന്നും പൊതുരംഗത്തേക്ക് കൊണ്ടുവന്ന ഏറ്റവും മഹത്തായ പ്രസ്ഥാനമായിരുന്നു കുടുംബശ്രീ. ഇന്ന് എന്താണ് അതിന്റെ സ്ഥിതി? കുടുംബശ്രീക്ക് ബദലായി മൂന്നും നാലും അഞ്ചും ആളുകളുടെ കയ്യിൽനിന്നും വായ്പ വാങ്ങുന്നവരുടെ സംഘമായി പാവപ്പെട്ട സ്ത്രീകളുടെ സംഘത്തെ നിങ്ങൾ മാറ്റിയില്ലേ? നിങ്ങൾക്ക് സ്ത്രീ സമൂഹം മാപ്പ് നൽകില്ല. പക്ഷേ അത് മാറിവരാൻ പോകുകയാണെന്ന് ഞങ്ങൾക്ക് പ്രതീക്ഷയുണ്ട്. പക്ഷേ നിങ്ങൾ ക്ഷമയോടെ, സഹിഷ്ണുതയോടെ ഞങ്ങളോട് സഹകരിക്കണം.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എ. പ്രദീപ്കുമാർ]

ഞങ്ങൾ ഇനി ആരെയും കുറ്റം പറയുന്നില്ല. കാരണം ജനങ്ങൾ അത് തിരിച്ചറിഞ്ഞതുകൊണ്ടാണ് നല്ല ഭൂരിപക്ഷത്തോടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിനെ അധികാരത്തിൽ തിരിച്ചുകൊണ്ടുവന്നത്. ഞങ്ങൾ വരുത്തിയ കുടിശ്ശിക നിങ്ങൾ കൊടുത്തു തീർത്തുവെന്ന് വലിയ അഭിമാനത്തോടുകൂടി ചില അംഗങ്ങൾ അവകാശപ്പെടുന്നത് കണ്ടു. ഞാൻ ഇപ്പോഴും ഓർക്കുന്നു, ശ്രീ. മുല്ലക്കര രത്നാകരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞ ഒരു വാചകം "പാവപ്പെട്ട

കർഷകത്തൊഴിലാളികളുടെ കാൽ തൊട്ട് വന്ദിച്ചുകൊണ്ടാണ് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ കേരളത്തിൽ അധികാരത്തിൽ വന്നത്". ഞാൻ വളരെ ആവേശത്തോടെ കേട്ടതാണ്. പാവപ്പെട്ടവരുടെ കാൽതൊട്ട് വന്ദിച്ചുകൊണ്ടുതന്നെയാണ് ഇടതുപക്ഷ സർക്കാരുകൾ എന്നും കേരളത്തിൽ അധികാരമേറ്റെടുത്തിട്ടുള്ളത്. ഇനിയും അങ്ങനെതന്നെ ആയിരിക്കും. അധികാര വികേന്ദ്രീകരണ പ്രക്രിയ അങ്ങേയറ്റം ശക്തിപ്പെടാൻ പോകുകയാണ്. അതുപോലെ ഗതാഗത മേഖലയിലെ ചില കാര്യങ്ങളും ചില നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മന്ത്രിയോട് പറഞ്ഞുകൊണ്ട് ഞാൻ എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഇടതുപക്ഷ സർക്കാർ ജനങ്ങളെ പറ്റിക്കുന്ന ഒരു പ്രസ്താവനയും നൽകില്ലെന്ന് പറയുവാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഇവർ ഭരണത്തിൽ നിന്നും പോകുന്നതിന് തൊട്ടുമുമ്പ് കുറേപേർ വലിയ സന്തോഷത്തിൽ തുള്ളിച്ചാടുന്നത് കണ്ടു. അതിലൊന്ന് അംഗൻവാടി ജീവനക്കാരായിരുന്നു. നിങ്ങൾ അവരോട് വേതനം വർദ്ധിപ്പിച്ചുവെന്ന് പറഞ്ഞു. പാവപ്പെട്ട ജീവനക്കാരെല്ലാം അത് വിശ്വസിച്ചു, പക്ഷേ നിങ്ങൾ വർദ്ധിപ്പിച്ചില്ല, തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് നിങ്ങൾ നടത്തിയ പ്രസ്താവന മാത്രമായിരുന്നു അത്. അതുപോലെ പാവപ്പെട്ട ജനപ്രതിനിധികളുടെ വേതനം വർദ്ധിപ്പിച്ചുവെന്ന് നിങ്ങൾ പറഞ്ഞു. അതും വർദ്ധിപ്പിച്ചില്ല. ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ വേതനം ഇരട്ടിയാക്കിത്തരുമെന്ന് പറഞ്ഞു. ഇപ്പോൾ അത് കൃത്യമായി കൊടുക്കുന്നുണ്ട്. നിങ്ങൾ അംഗൻവാടി ജീവനക്കാരെയും പാവപ്പെട്ട ജനപ്രതിനിധികളെയും പറ്റിച്ചു. ഇലക്ഷൻ മുന്നിൽ കണ്ടുകൊണ്ട് ഒട്ടനവധി പ്രഖ്യാപനങ്ങളും നടത്തി. എല്ലാവർക്കും വീട്, വൈദ്യുതി, കുടിവെള്ളം തുടങ്ങി കേരളത്തിൽ കഴിഞ്ഞ അഞ്ച് വർഷക്കാലം നിങ്ങൾ നഷ്ടപ്പെടുത്തിയ പദ്ധതികളും പ്രഖ്യാപനങ്ങളും ഇപ്പോൾ തിരിച്ചുവരികയാണ്. ഇവിടെ എല്ലാം മാറിയെന്ന് പറയാൻ സാധിക്കില്ലെങ്കിലും പരമാവധി കാര്യങ്ങൾ ഈ നാട്ടിലെ ജനങ്ങൾക്കുവേണ്ടി ചെയ്യാൻ സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റിന് സാധിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. മുഖ്യമന്ത്രിയെ വളരെയധികം ആക്ഷേപിച്ചുകൊണ്ടാണ് പ്രതിപക്ഷാംഗങ്ങൾ സംസാരിക്കുന്നത്. മുഖ്യമന്ത്രിയെ നല്ലതായി മാത്രമേ ഞങ്ങൾ പരാമർശിക്കുകയുള്ളൂ. കാരണം കഴിഞ്ഞ അഞ്ച് മാസക്കാലത്തെ അദ്ദേഹത്തിന്റെ പ്രവർത്തനം നിങ്ങൾ വിലയിരുത്തി നോക്കണം. പല അംഗങ്ങളും ആത്മാർത്ഥമായിട്ടല്ല എതിർക്കുന്നതെന്ന കാര്യം മുഖം കണ്ടാൽ അറിയാം. ശ്രീ. ഹൈബി ഈഡൻ ഉൾപ്പെടെയുള്ളവർ എതിർത്ത് പറയാൻ വേണ്ടി പറയുന്നതുപോലെ തോന്നുന്നു. എതിർപ്പ് പ്രകടിപ്പിക്കണ്ടേ?

അല്ലെങ്കിൽ അത് പ്രശ്നമാകില്ലേ? പലപ്പോഴും വളരെ വിഷമിച്ചാണ് ഡോ. എം, കെ. മുനീർ ഉൾപ്പെടെയുള്ളവർ ഇറങ്ങിപ്പോയത്. അദ്ദേഹത്തിന് ഇറങ്ങിപ്പോകുന്നതിന് യാതൊരു താൽപര്യവുമില്ല. ഇവരെല്ലാം മനസ്സുകൊണ്ട് ഞങ്ങളോടൊപ്പമാണ്. ഞാൻ കഴിഞ്ഞ ദിവസം ബാംഗ്ലൂരിൽ എന്റെ സഹോദരിയുടെ വീട്ടിൽ പോയപ്പോഴുള്ള ഒരു അനുഭവം കൂടി പറഞ്ഞുകൊണ്ട് നിർത്താം. സഹോദരിയുടെ വീട്ടിൽ എത്തിയപ്പോൾ സഹോദരിയുടെ mother-in-law എന്നോട് ഒരു കാര്യം ചോദിക്കുകയുണ്ടായി. അവർ പ്രത്യേകിച്ച് വലിയ രാഷ്ട്രീയ ധാരണയൊന്നുമില്ലാത്ത വ്യക്തിയാണ്. അവർ പറയുകയാണ് - അവിടത്തെ പ്രതിപക്ഷത്തിന് എന്താണ് പ്രശ്നം? അവരോട് ഇത്തിരി കാത്തിരിക്കാൻ പറയണം എന്ന്. ഒരു സാധാരണ വീട്ടമ്മയാണ് ഇത്തരത്തിൽ സംസാരിക്കുന്നത്. ഒരു വർഷം പോലും കാത്തിരിക്കാതെ ഈ പ്രതിപക്ഷാംഗങ്ങൾ നിയമസഭയിൽ എന്താണ് കാണിക്കുന്നത്? കഴിഞ്ഞ അഞ്ച് വർഷം ഇവർ കേരളത്തിൽ എന്തെല്ലാമാണ് കാട്ടിക്കൂട്ടിയത്? ഇക്കാര്യങ്ങൾ നിങ്ങളോട് പറയാൻ എന്നെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. നിങ്ങൾ കുറച്ചുകൂടി സഹിഷ്ണുതയോടെ കാത്തിരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. പഞ്ചായത്ത് രാജ് സംവിധാനത്തിൽ ഇപ്പോൾ സാംഖ്യ, സുലേഖ, സകർമ്മ, സങ്കേതം, സൂചിക, സേവന തുടങ്ങി ഐ.കെ.എം.-ന്റെ നേതൃത്വത്തിൽ കുറെയധികം പദ്ധതികൾ ഇ-ഗവേർണൻസിൽ എടുത്തിട്ടുണ്ട്. പക്ഷേ ആ പദ്ധതി കുറച്ചുകൂടി ഭംഗിയായി നടപ്പാക്കാൻ കഴിയുന്ന തരത്തിലേക്ക് പഞ്ചായത്തീരാജ് സംവിധാനത്തിലെ നല്ല തിരിച്ചറിവുള്ള ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഇ-ഗവേർണൻസ് ഫലപ്രദമാക്കണമെന്ന് ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ എല്ലാ പഞ്ചായത്തുകളിലും സ്ത്രീസൗഹൃദ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിന്, ഇത് നിർബന്ധമായി ചെയ്യേണ്ടതാണെങ്കിൽപ്പോലും കഴിഞ്ഞ ഗവൺമെന്റിന്റെ സമീപനംമൂലം പഞ്ചായത്തിന് ഇതുസംബന്ധിച്ചുള്ള യാതൊരു അറിവുമില്ലായിരുന്നു. അവർ വേലക്കാരെപ്പോലെയായിരുന്നു. കഴിഞ്ഞ അഞ്ചുവർഷം പഞ്ചായത്തിന്റെ വിചാരം അവർ ഗവൺമെന്റിന്റെ വേലക്കാരാണെന്നായിരുന്നു. ഗവൺമെന്റിന്റെ വേലക്കാരല്ല, അവർ പ്രാദേശിക ഗവൺമെന്റാണെന്ന് തിരിച്ചറിയുന്നതിനുതകുന്ന ഒരു ഗവൺമെന്റാണ് ഇന്ന് കേരളം ഭരിക്കുന്നത്. എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും സ്ത്രീ സൗഹൃദ ടോയ്‌ലെറ്റുകൾ നിർമ്മിക്കുന്നതിനാവശ്യമായ പ്രത്യേകമായ ഇടപെടൽ നടത്തണം. ചാണക്യന്റെ നീതിസാരത്തിൽ ഇപ്രകാരം പറയുന്നുണ്ട്, ശ്രേഷ്ഠനായ മഹർഷിയെ കണ്ടപ്പോൾ ഒരു ഗ്രാമീണൻ അങ്ങേയ്ക്ക് കുടുംബം ഉണ്ടോയെന്ന് ചോദിച്ചു. അദ്ദേഹം പറഞ്ഞു,

സത്യമാണ് എന്റെ മാതാവ്. ഈ ഗവൺമെന്റ് സത്യമാണ്. ജ്ഞാനമാണ് എന്റെ പിതാവ്-തിരിച്ചറിവാണ് ഈ ഗവൺമെന്റിന്റെ ഏറ്റവും വലിയ പ്രത്യേകത. ധർമ്മമാണ് എന്റെ സഹോദരൻ-പ്രതിപക്ഷാംഗങ്ങൾക്കുപോലും യാതൊരു വിവേചനവുമില്ലാതെ ഫണ്ട് നൽകിക്കൊണ്ട് നല്ല ധർമ്മത്തിന്റെ രൂപത്തിലായിരിക്കും ഈ ഭരണം നടന്നുപോകുന്നത്. അതുപോലെ ദയയാണ് എന്റെ സഹോദരിയെന്നും സമാധാനവും സഹിഷ്ണുതയും എന്റെ പത്നിയും മകനുമാണെന്ന് ആ മഹർഷി ഗ്രാമീണനോട് പറയുകയുണ്ടായി. കുറച്ചുകൂടി ക്ഷമയോടും സഹിഷ്ണുതയോടും കൂടി കുറച്ചുകാലമെങ്കിലും ഈ ഗവൺമെന്റിന്റെ പ്രവർത്തനം വിലയിരുത്താൻ കഴിയുന്ന മാനസികാവസ്ഥ യിലേക്കെങ്കിലും പ്രിയപ്പെട്ട പ്രതിപക്ഷാംഗങ്ങൾ വരണമെന്ന് പറഞ്ഞുകൊണ്ട് വളരെ ശക്തമായി ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് നിർത്തുന്നു.

ഡോ. എം. കെ. മുനീർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ എല്ലാവരും തദ്ദേശസ്വയംഭരണ വകുപ്പിനെ മൂന്നായി വിഭജിച്ചു എന്ന രീതിയിൽ സംസാരിക്കുകയുണ്ടായി. യഥാർത്ഥത്തിൽ മൂന്നായി വിഭജിച്ചിട്ടില്ല. ഈ വകുപ്പിനെ ഭദ്രമായി നിലനിർത്തിക്കൊണ്ട് അതിനെ കൂടുതൽ കാര്യക്ഷമമായി, കൂടുതൽ ശ്രദ്ധയോടുകൂടി മുന്നോട്ടുകൊണ്ടുപോകാൻ മൂന്ന് പേരെ ഏൽപ്പിക്കുകയാണ് ചെയ്തത്. അവർ എല്ലാ ആഴ്ചയിലും കോ-ഓർഡിനേഷൻ കമ്മിറ്റി കൂടി അതാത് സമയത്ത് ചെയ്യേണ്ട കാര്യങ്ങൾ നിർവ്വഹിച്ച് മുന്നോട്ടുപോയിട്ടുണ്ട്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം മോശമായിരുന്നെങ്കിൽ ദേശീയ തലത്തിൽ രണ്ട് തവണ ഒന്നാം സ്ഥാനത്ത് എത്താൻ കേരളത്തിന് ഒരിക്കലും സാധിക്കു മായിരുന്നില്ല. ഞങ്ങൾ ഓരോരുത്തർക്കും ഓരോ ഭാര്യമാരായിരുന്നു. യൂത്ത് ലീഗിൽ എന്റെ പ്രിയപ്പെട്ട സുഹൃത്തും ഞാനും പ്രസിഡന്റും ജനറൽ സെക്രട്ടറിയുമായി സ്ഥാനം വഹിച്ചു. അങ്ങേയ്ക്ക് നാല് ഭാര്യമാരെ എങ്ങനെ കൊണ്ടുപോകാൻ സാധിക്കുമെന്ന് എനിക്കറിയില്ല. തുടക്കത്തിൽ നല്ല സന്തോഷമെല്ലാം തോന്നും. ഞാൻ ഇവിടെ പറയുന്നത് വകുപ്പുകളെക്കുറിച്ചാണ്. ശ്രീമതി പ്രതിഭ ഹരി കോടതിയിലുള്ള കേസിനെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. എന്തുകൊണ്ടാണ് ഈ കേസ് കോടതിയിൽ കിടക്കുന്നത്? ഒരു വകുപ്പിനകത്തുള്ള ഉദ്യോഗസ്ഥരുടെ ഏകീകരണം നടത്തിയപ്പോഴാണ് പ്രൊമോഷന്റെ ഇഷ്യൂ സംബന്ധിച്ച് കോടതിയിൽ കേസായത്. അങ്ങ് റൂറൽ ഡെവലപ്മെന്റും പഞ്ചായത്തും മുനിസിപ്പാലിറ്റിയും കൂടി ഏകീകരിക്കാൻ പോകുകയാണ്. അക്കാര്യം ചോദ്യോത്തരവേളയിൽ അങ്ങ് ആവർത്തിക്കുയും ചെയ്തിട്ടുണ്ട്. ഇതുവഴി ഉണ്ടാകാൻ പോകുന്ന പ്രശ്നങ്ങളും അതിന്റെ പ്രൊമോഷൻ ഇഷ്യൂവും അതുമായി ബന്ധപ്പെട്ട് വരാൻ പോകുന്ന കുഴപ്പങ്ങളും ഏത് രീതിയിൽ നേരിടാൻ സാധിക്കുമെന്നത്

വലിയൊരു ചോദ്യമാണ്. അതുകൊണ്ട് ഈ ഇഷ്യു വളരെ ഗൗരവത്തിൽ കാണണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ ദീർഘമായി സംസാരിക്കുന്നില്ല. പക്ഷേ മറ്റുള്ളവർക്കുകൊടുത്ത അധിക സമയം എനിക്കും ചെയർ അനുവദിക്കണം. കാരണം കഴിഞ്ഞ പ്രസംഗത്തിന് ഏകദേശം നാല് മിനിട്ട് അധികമായി അനുവദിച്ചു. സ്പിൽ ഓവർ വർക്കുകൾ ചെയ്യുന്നതിനുള്ള തുകയും അനുമതിയും നിങ്ങൾക്ക് ലഭിച്ചോ? വേൾഡ് ബാങ്കിന്റെ പദ്ധതി നടപ്പിലാക്കാൻ സാധിക്കുന്നുണ്ടോ? ഇത് ചെയ്യുന്നതിനുവേണ്ടി ഫിനാൻസ് ഓർഡർ ഇഷ്യു ചെയ്ത ശേഷം പ്രസ്തുത ഓർഡർ വിത്ഡ്രോ ചെയ്യുകയുണ്ടായി. അതുകൊണ്ട് സ്പിൽ ഓവർ വർക്കുകൾ ചെയ്യാൻ സാധിക്കാത്ത അവസ്ഥയിലേക്ക് എത്തിയിരിക്കുകയാണ്. ഈ രീതിയിൽ മുന്നോട്ടു പോയാൽ ബാക്കിയുള്ള സ്പിൽ ഓവർ വർക്കുകൾ എങ്ങനെയാണ് ചെയ്യാൻ സാധിക്കുന്നത്? അതുപോലെ തന്നെ നമ്മൾ കൊണ്ടുവന്ന പല പരിഷ്കാരങ്ങളെയും നിങ്ങൾ എതിർക്കുകയുണ്ടായി. ഞാനൊരു ഉദാഹരണം ഇവിടെ സൂചിപ്പിക്കാം. ഡോ. തോമസ് ഐസക് അന്ന് എഴുതിയ ഒരു ലേഖനമാണിത്. നാല് ഗഡുക്കളായി തുക നൽകുന്നത് ശരിയല്ലെന്നും പന്ത്രണ്ട് ഗഡുക്കളായി കൊടുത്താൽ മാത്രമേ ഇവർക്ക് കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂവെന്നും അദ്ദേഹം സൂചിപ്പിച്ചു. ഇത്തരത്തിൽ പന്ത്രണ്ട് ഗഡുക്കളായി കൊടുക്കുമ്പോൾ അവസാന ഗഡു എപ്പോഴാണ് ലഭിക്കുന്നത്? അത് ലഭിക്കുന്നത് മാർച്ച് മാസത്തിലായതിനാൽ എല്ലാവരും ട്രഷറിയുടെ മുന്നിൽ പോയി നിൽക്കണം. അത് ഞങ്ങൾ മാറ്റി, ഡിസംബർ മാസമാകുമ്പോഴേയ്ക്കും മുഴുവൻ തുകയും ലഭിക്കുന്ന രീതിയിൽ സംവിധാനം ചെയ്തപ്പോൾ അതിനെ എതിർത്തുകൊണ്ട് ലേഖനം എഴുതുകയുണ്ടായി. അദ്ദേഹം 7-10-2015-ന് എഴുതിയ ലേഖനമിവിടെയുണ്ട്. ഞാൻ അദ്ദേഹത്തോട് ചോദിക്കുകയാണ്. അങ്ങയുടെ കയ്യിലാണല്ലോ ധനകാര്യ വകുപ്പ്; ഞങ്ങൾ നാല് ഗഡുക്കളാക്കിയല്ലോ; അങ്ങനെയാണെങ്കിൽ അങ്ങ് അത് തിരുത്താൻ തയ്യാറുണ്ടോ? ഈ ലേഖനം അങ്ങ് ഉൾക്കൊള്ളുന്നുണ്ടെങ്കിൽ അങ്ങേയ്ക്ക് അത് മാറ്റാൻ സാധിക്കുമോ? കാരണം വകുപ്പ് എടുക്കുമ്പോഴേ അതിന്റെ പ്രശ്നമെന്താണെന്ന് മനസ്സിലാകുകയുള്ളൂ. അങ്ങേയ്ക്ക് മാറ്റാൻ കഴിയില്ല. സാധിക്കുമെങ്കിൽ അക്കാര്യം അങ്ങ് ഇവിടെ പറയണം.

രണ്ടാമതായി കുടുംബശ്രീയുമായി ബന്ധപ്പെട്ട വിഷയമാണ്. കുടുംബശ്രീയിൽ നിന്ന് ജനശ്രീക്ക് പണം കൊടുത്തു എന്നുപറയുന്നു. പ്രിയപ്പെട്ട ജലീൽ അങ്ങ് പ്ലാൻ ഫണ്ട് മുഴുവൻ എടുത്ത് നോക്കു. അതിൽനിന്ന് ഒരു രൂപയെങ്കിലും ജനശ്രീക്ക് പോയിട്ടുണ്ടോ? ജനശ്രീ എന്ന് പറയുന്നത് നോൺ ഗവൺമെന്റൽ ഓർഗനേസേഷൻ (എൻ.ജി.ഒ.) ആയി പ്രവർത്തിക്കുന്ന ഒരു പ്രസ്ഥാനമാണ്. ആ പ്രസ്ഥാനത്തിന്

പഞ്ചായത്ത് വകുപ്പിൽ നിന്നോ കുടുംബശ്രീയിൽ നിന്നോ ഒരു പണവും കൊടുത്തിട്ടില്ല. പക്ഷെ എൻ.ജി.ഒ. എന്ന നിലയിൽ അവർക്ക് മറ്റേതെങ്കിലും സ്ഥലത്തുപോയി മറ്റ് എൻ.ജി.ഒ.കൾ അപേക്ഷിക്കുന്നതുപോലെ അപേക്ഷിക്കാൻ സാധിക്കും. ശാസ്ത്ര സാഹിത്യ പരിഷത്ത് അടക്കമുള്ള എൻ.ജി.ഒ.കൾ പല കാര്യങ്ങളും ചെയ്യുന്നു, പല പഠനങ്ങളും അവരെ ഏൽപ്പിക്കുന്നു, അതിനുള്ള പണം അവർക്ക് കൊടുക്കുന്നു. എൻ.ജി.ഒ. എന്ന നിലയ്ക്ക് ശാസ്ത്ര സാഹിത്യ പരിഷത്ത് ഇവിടെ എന്തെല്ലാം പഠനങ്ങൾ നടത്തിയിട്ടുണ്ട്. അതുപോലെയുള്ള ഒരു ഓർഗനൈസേഷൻ എന്ന നിലയ്ക്ക് ജനശ്രീ പ്രവർത്തിക്കാൻ പാടില്ല, എൻ.ജി.ഒ. എന്നുപറഞ്ഞാൽ ഞങ്ങൾ മാത്രമായിരിക്കും, നിങ്ങളുടെ ഭാഗത്ത് നിന്ന് വരാൻ പാടില്ല എന്ന് പറയുന്നത് ശരിയല്ല. ജനശ്രീക്ക് ഇവിടെ എൻ.ജി.ഒ. ആയി പ്രവർത്തിക്കാൻ അധികാരമുണ്ട്. അത് കൊടുക്കുകയോ കൊടുക്കാതിരിക്കുകയോ ചെയ്യാം. പക്ഷെ പഞ്ചായത്ത് വകുപ്പിൽനിന്ന് കുടുംബശ്രീയെ മാറ്റിനിർത്തിക്കൊണ്ട് ജനശ്രീയെ ഒരിക്കലും സഹായിച്ചിട്ടില്ല. ഇപ്പോൾ എല്ലാ വകുപ്പും കയ്യിലുണ്ടല്ലോ. അതുസംബന്ധിച്ച് എടുത്ത് പരിശോധിച്ചു നോക്കൂ. കുടുംബശ്രീയെ നശിപ്പിച്ചു എന്നാണല്ലോ പറഞ്ഞത്. അവരെ ചവറെടുക്കുന്നതിൽനിന്ന് ഉന്നതമായ അന്തസ്സുള്ള മറ്റ് ജോലികളിലേക്ക് കൊണ്ടുവന്ന തെറ്റാണ് ഞാൻ ചെയ്തിട്ടുള്ളതെങ്കിൽ അവരെ നശിപ്പിച്ചു എന്നുപറയുന്നതിനോട് യോജിക്കാൻ തയ്യാറാണ്.

മീഡിയാശ്രീയെക്കുറിച്ച് ഇവിടെ പറഞ്ഞു. അതിലെന്തെങ്കിലും കുഴപ്പമുണ്ടോയെന്ന് നിങ്ങൾ അന്വേഷിക്കൂ. പക്ഷേ ഒരിക്കലും മീഡിയാശ്രീ നിർത്തരുത്. നിങ്ങൾക്ക് അറിയാമോ പ്രതിഭകളായിട്ടുള്ള എത്ര സ്ത്രീകളാണ് വീട്ടിലിരിക്കുന്നതെന്ന്? അവരെ കല്യാണം കഴിച്ചുകൊണ്ടുപോയി എന്ന കാരണത്താൽ അവർ വീട്ടിലെ അടുക്കളയിലിരിക്കുകയാണ്. അതിൽ പല പ്രതിഭകളുമുണ്ട്. നന്നായി ഡോക്യുമെന്ററി എടുക്കാൻ കഴിവുള്ളവരുണ്ട്, കലാകാരികളുണ്ട്. അവർ നല്ല ട്രെയിനിംഗ് കഴിഞ്ഞിരിക്കുകയാണ്. ഇതുസംബന്ധിച്ച് പ്രിയപ്പെട്ട എന്റെ സഹപ്രവർത്തകൻ കൂടിയായ ജലീൽ പരിശോധിക്കണം. അതിൽ വേറെ കുഴപ്പങ്ങളുണ്ടെങ്കിൽ അന്വേഷിക്കണം. എനിക്ക് പേടിക്കേണ്ട ആവശ്യമില്ല. കാരണം എന്റെ അരയിൽ ഭാരമുണ്ടെങ്കിലല്ലേ പേടിക്കേണ്ടതുള്ളൂ. പക്ഷെ ആരെങ്കിലും പറയുന്നതിന്റെ പേരിൽ അവർക്ക് കിട്ടുന്ന ആ നല്ല അനുഭവങ്ങൾ ഇല്ലാതാക്കരുത്. അത് വലിയ ശാപമായി മാറും. ബഹുമാന്യയായ പ്രതിഭ ഹരി പറഞ്ഞതുപോലെ ആ ശാപമേറ്റെടുക്കരുത്. അവർക്കായി എറണാകുളത്ത് കൺസ്ട്രക്ഷൻ കമ്പനിയുണ്ടാക്കി. അവർ വീടിന്റെ ആദ്യാവസാനമുള്ള പണികൾ ഏറ്റെടുത്ത് ചെയ്യും. ഇന്ന് പട്ടികജാതി-പട്ടികവർഗ്ഗ

വികസന വകുപ്പ് വീട് നിർമ്മിക്കാൻ ഏൽപ്പിക്കുന്നത് കുടുംബശ്രീയെയാണ്. പത്തനംതിട്ടയിൽ പ്രവാസി മിത്ര എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുന്നത് അവരാണ്. പല പദ്ധതികളും ഞങ്ങൾ ആരംഭിച്ചിട്ടുണ്ട്. താഴെത്തട്ടിൽ ഉദ്യോഗസ്ഥ തലത്തിലുള്ള ചുവപ്പ് നാടയിൽ കുടുങ്ങി ചിലതൊക്കെ അവിടെ കിടക്കുന്നുണ്ടാകാം. അതൊക്കെ എടുത്ത് തുറന്ന് നല്ല രീതിയിൽ നടപ്പിലാക്കാനാണ് അങ്ങ് ശ്രമിക്കേണ്ടത്. കാരണം അവരെ നശിപ്പിക്കാനല്ല നന്നാക്കാനാണ് നോക്കേണ്ടത്. ഓരോ വർഷവും അവർക്ക് ഓണറേറിയം എത്ര വർദ്ധിപ്പിച്ചുകൊടുത്തു എന്ന് പരിശോധിച്ച് നോക്കൂ. പഞ്ചായത്ത് മെമ്പർമാരുടെ ഓണറേറിയം നിങ്ങൾ ഡബിളാക്കി എന്ന് പറഞ്ഞല്ലോ. ഇവിടെ വിവരാവകാശ നിയമമുണ്ട്. വേണമെങ്കിൽ ഞാൻ ഒരു ചോദ്യവും തരാം. ഏത് ക്യാബിനറ്റാണ് അത് തീരുമാനിച്ചത് എന്ന് അങ്ങ് ഇവിടെ വെളിപ്പെടുത്തണം. അതിന്റെ ഓർഡർ നിങ്ങൾ ഇഷ്യു ചെയ്തത് ഏത് ക്യാബിനറ്റ് ഡിസിഷൻ പ്രകാരമാണ്. ഞങ്ങളുടെ ജി.ഒ.യിൽ ഒരു മാറ്റവും വരുത്തിയിട്ടില്ല എന്നുള്ളതിൽ അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. ഞങ്ങളെടുത്ത തീരുമാനം അങ്ങ് നടപ്പിലാക്കി.

ഒരു സർക്കാർ മറ്റൊരു സർക്കാരിന്റെ തുടർച്ചയാണ്. അതിൽ യാതൊരു സംശയവുമില്ല. ബഹുമാന്യയായ പ്രതിഭ ഹരി എ.ഇ.മാരുടെ കാര്യങ്ങൾ പറഞ്ഞല്ലോ. ഈ ആളുകളൊക്കെ എന്നാണ് പഞ്ചായത്തിൽ വന്നത്? പണ്ട് അഞ്ച് പഞ്ചായത്തിന് ഒരു എ.ഇ. അല്ലായിരുന്നോ! ഞങ്ങളല്ലേ ഒരു പഞ്ചായത്തിന് ഒരു എ.ഇ. എന്നാക്കിയത്. അത് പകുതി പഞ്ചായത്തിലേ കഴിഞ്ഞിട്ടുള്ളൂ. അസിസ്റ്റന്റ് സെക്രട്ടറി എന്നുപറയുന്ന ഒരു പദവി ഇന്ന് എല്ലാ പഞ്ചായത്തിലുമുണ്ടല്ലോ. അത് ആര് കൊണ്ടുവന്നതാണ്? തസ്തിക ഏകീകരണം ആര് കൊണ്ടുവന്നതാണ്? എല്ലാ പഞ്ചായത്തിലും കൂടുതലായി ക്ലറിക്കൽ പോസ്റ്റുകൾ കൊടുത്തത് ആരാണ്? അങ്ങനെ പഞ്ചായത്തിനെ പണിക്കാരായിട്ടല്ല രാജാക്കന്മാരായി കണ്ടിട്ടുള്ള ഭരണമാണ് കഴിഞ്ഞ 5 വർഷം നടന്നിട്ടുള്ളത്. ഹൃദയത്തിൽ കൈവച്ച് ബഹുമാന്യയായ പ്രതിഭക്ക് അത് പറയാൻ പറ്റില്ല. ബഹുമാന്യയായ പ്രതിഭ പറഞ്ഞല്ലോ ഞങ്ങളോടും ചായ്‌വുണ്ട് എന്ന്. അന്ന് എല്ലാവരോടും ഒരുപോലെ ചായ്‌വ് കാണിച്ചതുകൊണ്ട് അങ്ങനെ തോന്നുന്നതാണ്. കാരണം മാർക്സിസ്റ്റ് പാർട്ടിയുടെ ഭരണമെന്നോ മറ്റ് ഭരണമെന്നോ നോക്കാതെ എല്ലാവരേയും തുല്യമായി കണ്ടിരുന്ന ഭരണമായിരുന്നു.

500 കോടി രൂപ ഞങ്ങൾ നിങ്ങൾക്കുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. പ്രിയപ്പെട്ട ജലീൽ അൺടൈഡ് ഫണ്ടായി കൊടുക്കാൻ തീരുമാനിച്ചെങ്കിൽ, അത് തരാൻ ധനകാര്യ വകുപ്പുമന്ത്രിയോട് ഒന്ന് പറയൂ. ഞങ്ങൾ അത് പതിനൊന്ന് കാര്യങ്ങൾക്ക്

വേണ്ടിയാണ് വച്ചത്. ഓരോ പഞ്ചായത്തിനും ടോയ്‌ലെറ്റ്, ജൈവകൃഷിയുണ്ടാക്കൽ, ജൈവ വളമുണ്ടാക്കൽ ഇങ്ങനെ പതിനൊന്ന് കാര്യങ്ങളുണ്ടായിരുന്നു. അത് നിങ്ങൾ വെട്ടിച്ചുരുക്കി നാലാക്കി. നാലായിക്കോട്ടേ. ആ നാലെണ്ണത്തിന് നിങ്ങൾ 500 കോടി രൂപയ്ക്ക് പകരം 221 കോടി രൂപയായി കുറച്ചു. എന്നിട്ടും നിങ്ങളുടെ ഫണ്ട് എന്തുകൊണ്ട് റിലീസ് ചെയ്യുന്നില്ലായെന്ന് ചോദിക്കണം. അത് റിലീസ് ചെയ്ത് വാങ്ങണം. കാരണം ജില്ലാ പഞ്ചായത്ത് മുഴുവൻ പ്രോജക്ട് ഉണ്ടാക്കി കഴിഞ്ഞു, അതിന്റെ വെറ്റിംഗും കഴിഞ്ഞു, പ്ലാനിംഗ് ബോർഡും അംഗീകരിച്ചു. അതുകൊണ്ട് ഇക്കാര്യത്തിൽ വളരെ ശ്രദ്ധാപൂർവ്വം പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ഇ.എം.എസ്. ഭവന പദ്ധതിയെപ്പറ്റി പറഞ്ഞു. ഇ.എം.എസ്. ഭവന പദ്ധതി പതിനഞ്ച് വർഷത്തേയ്ക്കാണ് കൊടുത്തിരിക്കുന്നത്. ഇനിയൊരു ഭവന പദ്ധതിയു ണ്ടാക്കണമെങ്കിൽ പതിനഞ്ച് വർഷം കഴിഞ്ഞ് 2022-ലേ പല പഞ്ചായത്തുകൾക്കും മറ്റൊരു വായ്പയെടുക്കാൻ സാധിക്കുകയുള്ളൂ. അതും ഒന്ന് പരിശോധിക്കണം.

അതുപോലെ ഐ.കെ.എം.-നെ തകർക്കരുത്. അതിനെ എപ്പോഴും തകർക്കാൻ ശ്രമിച്ചിട്ടുള്ളത് മറ്റ് വകുപ്പുകളാണ്. ഇപ്രാവശ്യം അത് സൊസൈറ്റിയായിരിക്കുന്നു. ബഹുമാനപ്പെട്ട തളിപ്പറമ്പ് മെമ്പർ ജെയിംസാണ് അതിന് താല്പര്യമെടുത്തത്. സോഫ്റ്റ്‌വെയറിനും ഓപ്പറേഷൻ ആന്റ് ഡെവലപ്മെന്റിനുമായി ഞങ്ങൾ രണ്ട് കാറ്റഗറിയുണ്ടാക്കി. ശമ്പളം കൂട്ടാൻ തീരുമാനിച്ചു, ക്യാബിനറ്റ് അത് അംഗീകരിച്ചിട്ടുണ്ട്. അവരുടെ ശമ്പളം വർദ്ധിപ്പിച്ച് കൊടുക്കണം. ഐ.ടി. വകുപ്പ് പല കാര്യങ്ങളിലും ഇടപെട്ടേക്കാം. വെബ്സൈറ്റിലൂടെ ജനന സർട്ടിഫിക്കറ്റും മരണ സർട്ടിഫിക്കറ്റും എവിടെനിന്നു വേണമെങ്കിലും എടുക്കാൻ കഴിയുന്ന ഒരു അവസ്ഥയിലേയ്ക്ക് ഇതിനെ എത്തിച്ചില്ലേ ഞങ്ങൾ. ഐ.കെ.എം. ഉണ്ടാക്കിയിട്ടുള്ള വിപ്ലവകരമായ വിഷയങ്ങളെ കുറിച്ച് നിങ്ങൾക്ക് അറിയില്ലേ? അതുപോലെ വർക്കുകളുടെ കാര്യത്തിൽ സി.പി.ഡബ്ല്യു.ഡി.യിലാണല്ലോ പുതിയ ടെണ്ടറുകൾ നടത്തിയിട്ടുള്ളത്. ഇനി സർവ്വീസ് ടാക്സ് കൂടി കൂട്ടിയിട്ട് ഇത് മാറ്റണമെന്നാണ് ധനകാര്യ വകുപ്പിന്റെ പുതിയ തീരുമാനം. അതിനർത്ഥം ഇനി എല്ലാത്തിനും ആദ്യംമുതൽ എ.എസ്. കൊടുത്തിട്ട് ടി.എസ്.-ന് കൊണ്ടുവരണം.

<u>മി. ചെയർമാൻ</u>: യെസ്....ബഹുമാനപ്പെട്ട മെമ്പർ 3 മിനിട്ട് കഴിഞ്ഞു.....അങ്ങ് അവസാനിപ്പിക്കൂ.....

ഡോ. എം. കെ. മുനീർ: സർ, അതിലും ചില തീരുമാനങ്ങൾ എടുക്കുന്നതിന് വേണ്ടിയുള്ള നടപടികളുണ്ടാകണമെന്ന് പറയുകയാണ്. ഗ്രാമസഭകൾ വിളിച്ചു കൂട്ടുന്നതുമായി ബന്ധപ്പെട്ട് ഒരു നിയമനിർമ്മാണമുണ്ടാക്കിയിട്ടുണ്ട്. ഗ്രാമസഭയ്ക്ക് മുമ്പ് എല്ലാ വിഭാഗത്തിന്റേയും അതായത് സ്ത്രീകളുടേയും കുട്ടികളുടേയും വൃദ്ധരുടേയുമെല്ലാം പ്രത്യേക യോഗം കൂടി അവരുടെ തീരുമാനങ്ങൾ ഗ്രാമസഭയിൽ കൊണ്ടുവരണമെന്ന ഒരഭിപ്രായം കൂടിയുണ്ട്. ഗ്രാമസഭയുടെ കീഴിൽ അയൽക്കൂട്ടസഭ വരെയുണ്ടാക്കുന്നതിന് തയ്യാറാകണം. അതുപോലെ അംഗൻവാടിയുമായി ബന്ധപ്പെട്ട വിഷയങ്ങളിലുള്ള തീരുമാനം നടപ്പിലാക്കണം. ഓണറേറിയം മുഴുവൻ പഞ്ചായത്തിൽനിന്ന് കൊടുക്കാൻ പറഞ്ഞിരുന്നു. പഞ്ചായത്ത് അത് കൊടുക്കണം. കാരണം ഇത് താഴോട്ട് കൈമാറിക്കൊടുത്തതാണ്. അത് അവരുടെ ഉത്തരവാദിത്തമാണ്. ഓണറേറിയം പഞ്ചായത്ത് കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. പഞ്ചായത്തിനുവേണ്ടി ജോലി ചെയ്യുന്നവരാണവർ. പണം നൽകാൻ പറ്റില്ല എന്നാണ് പഞ്ചായത്ത് പറയുന്നത്. എന്നാൽ പഞ്ചായത്തിൽ വോളീബോൾ മത്സരമോ കബഡി മത്സരമോ നടക്കുമ്പോൾ അതിന് സ്പോൺസർ ചെയ്യാൻ പെർമിസീവ് സാങ്ഷൻ തരണമെന്ന് പറഞ്ഞ് എല്ലാ പഞ്ചായത്ത് പ്രസിഡന്റുമാരും കത്തുമായി വരും. നാട്ടിലുള്ള എല്ലാ കാര്യത്തിനും പെർമിസീവ് സാങ്ഷൻ ചോദിച്ച് ഓൺ ഫണ്ട് കൊടുക്കും. പക്ഷെ പാവപ്പെട്ട അംഗൻവാടി ടീച്ചർമാർക്ക് പണം കൊടുക്കാൻ മനസ്സ് കാണിക്കാത്ത പഞ്ചായത്തുകളെ നേരിടണമെന്നാണ് എനിക്ക് പറയാനുള്ളത്.

ട്രാൻസ്പോർട്ടിനെ സംബന്ധിച്ച് ഒരു കാര്യം പറയാനുണ്ട്. കോഴിക്കോട് ഒരു സർക്കുലർ സർവ്വീസ് തുടങ്ങുന്നതിന് വേണ്ടി ജൻറം ബസ്സുകൾ നൽകണം എന്നുള്ള ഒരഭ്യർത്ഥനകൂടി വച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. ദാസൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ധനാഭ്യർത്ഥനകളെ ഞാൻ പിന്താങ്ങുകയാണ്. ബഹുമാനപ്പെട്ട മുൻ മന്ത്രി ഡോ. എം. കെ. മുനീർ സംസാരിച്ചപ്പോൾ ജനശ്രീക്ക് സർക്കാർ ഒരു സഹായവും കൊടുത്തിട്ടില്ല എന്നുപറഞ്ഞു. യഥാർത്ഥത്തിൽ സംസ്ഥാന സർക്കാരുമായി ബന്ധപ്പെട്ട് കടലാസ് പദ്ധതികളുടെ മറവിൽ കോൺഗ്രസ് നേതാവായ ശ്രീ. എം. എം. ഹസ്സൻ ചെയർമാനായിട്ടുള്ള ജനശ്രീ മിഷന് യു.പി.എ. ഗവൺമെന്റ് രാജ്യം ഭരിക്കുമ്പോൾ 14 കോടി രൂപ സബ്സിഡിയായി നേടിക്കൊടുത്തു. അതിന്റെ പിന്നിൽ കേരളത്തിന്റെ അന്നത്തെ കൃഷി വകുപ്പുമന്ത്രിയും തദ്ദേശസ്വയംഭരണ

വകുപ്പുമന്ത്രിയുമുണ്ട്. ഇവരെല്ലാം പങ്കെടുത്തുകൊണ്ടാണ് കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുത്തി ഇത്രയധികം തുക നേടി കൊടുത്തത്. മൃഗസംരക്ഷണ വകുപ്പാണ് ഇതിന്റെ സംക്ഷിപ്ത റിപ്പോർട്ട് തയ്യാറാക്കി കൊടുത്തത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ അടിസ്ഥാനത്തിൽ 10.17 കോടി രൂപയും ക്ഷീരസമൃദ്ധി ജനശ്രീ ഡയറി പ്രോജക്ടിന്റെ പേരിൽ ആലപ്പുഴ ജില്ലയിൽ 1.78 കോടി രൂപയും ഉൾപ്പെടെ 11.95 കോടി രൂപയാണ് സബ്സിഡിയായി നേടിയെടുത്തത്. ഇങ്ങനെ മൊത്തം തുക 14 കോടി രൂപയോളമുണ്ടാകും. ഈ തുക ശരിയായ രീതിയിൽ വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റ് കൊടുത്തിട്ടില്ല, ഇന്നും ഇത് തിരിച്ചടയ്ക്കാൻ കഴിയാത്ത രീതിയിൽ മാറിയിരിക്കുകയാണ്. സബ്സിഡി തിരിച്ചടയ്ക്കേണ്ട കാര്യമില്ല. ഇതിന്റെ ഉപയോഗം വ്യക്തമാക്കാൻ കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടെങ്കിലും ഒന്നും ചെയ്യാൻ കഴിയാതെയാണ് ഈ പദ്ധതികളെല്ലാം കടന്നുപോയിട്ടുള്ളത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുൻമന്ത്രി ഡോ. എം. കെ. മുനീർ സംസാരിച്ചത് ഗവൺമെന്റിന്റെ സഹായത്തോടുകൂടി ഒരു തുകപോലും ഞങ്ങൾ വാങ്ങിക്കൊടുത്തിട്ടില്ല എന്നാണ്. സഭാരേഖയിൽ വരുന്ന കാര്യത്തെ സംബന്ധിച്ച് അങ്ങനെ പറയുന്നത് ശരിയാണോ എന്നുള്ളതാണ് എന്റെ സംശയം.

ഡോ. എം. കെ. മുനീർ: സർ, പഞ്ചായത്ത് വകുപ്പിൽ കുടുംബശ്രീക്കായി നീക്കിവച്ചിട്ടുള്ള ഹെഡ്ഡിൽനിന്ന് ഒരു തുക പോലും കൊടുത്തിട്ടില്ല. കുടുംബശ്രീയെ തകർത്തുകൊണ്ട് ജനശ്രീ ഉണ്ടാക്കുന്നുവെന്ന് പറഞ്ഞപ്പോൾ ഞങ്ങൾ കുടുംബശ്രീയെ ഒരു പോറലും ഏൽപ്പിക്കാൻ സമ്മതിച്ചിട്ടില്ല എന്നാണ് പറഞ്ഞത്. അതാണ് രേഖയിലുള്ളത്.

ശ്രീ. കെ. ദാസൻ: സർ, ജനശ്രീ കുടുംബശ്രീക്ക് പാരലലായി പ്രവർത്തിപ്പിക്കുക എന്നുള്ള നിലപാടാണ് ഭരണപക്ഷ ബഞ്ചിലിരുന്ന ആളുകൾക്ക് ഉണ്ടായിരുന്നത്. അതിനുവേണ്ടി എല്ലാ തലത്തിലുള്ള സഹായങ്ങളും കൊടുത്തുവെന്നാണ് കഴിഞ്ഞ കാലത്തെ അനുഭവം വച്ച് നോക്കുമ്പോൾ കാണാൻ സാധിക്കുന്നത്. ഇന്ന് രാവിലെ പ്രതിപക്ഷം അടിയന്തരപ്രമേയം അവതരിപ്പിച്ചപ്പോൾ അതിന്റെ കാര്യങ്ങൾ എന്താണെന്ന് എനിക്ക് അപ്പോൾ മനസ്സിലായില്ല, ക്വാറി ഉടമകൾക്കുവേണ്ടിയാണ് ഇത്രയും സമയം ചെലവഴിച്ചതെന്ന് പിന്നീടാണ് എനിക്ക് മനസ്സിലായത്. അന്വേഷിച്ചപ്പോൾ ജയ്ഹിന്ദ് ചാനലിലെ തോമസ് ഫിലിപ്പ് എന്ന ആളിനു വേണ്ടിയാണ് ഇത്രയും വലിയ ബഹളം വച്ച് സഭാതലത്തെ ഇളക്കി മറിച്ചത്. ഇതെല്ലാം കൂട്ടിവായിക്കുമ്പോൾ പ്രതിപക്ഷ ബഞ്ചിലിരുന്നുകൊണ്ട് കേരളത്തിന്റെ

താൽപ്പര്യങ്ങൾക്കുവേണ്ടിയാണോ പ്രവർത്തിക്കുന്നത് എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വിലക്കയറ്റത്തെയും തൊഴിലില്ലായ്മയെയും സംബന്ധിച്ച് നിങ്ങൾക്ക് പറയാൻ കഴിയുന്നുണ്ടോ; ഈ നാട്ടിലെ പാവപ്പെട്ടവന്റെ പ്രശ്നം നിങ്ങൾക്ക് പറയാൻ കഴിയുന്നുണ്ടോ; സമ്പന്നന്മാരുടെയും ധാരാളിത്തമുള്ളവരുടെയും മടിശ്ശീലയുടെ വണ്ണമുള്ള ആളുകളുടെയും താൽപ്പര്യങ്ങൾക്കുവേണ്ടി സംസാരിക്കുകയും അതിന് സഭാതലം ഉപയോഗിക്കുകയും ചെയ്യുന്നത് ശരിയല്ല എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളം വളരെയധികം വിഷമംപിടിച്ച വഴികളിലൂടെയാണ് കടന്നുവന്നത്. ഗുജറാത്ത്, രാജസ്ഥാൻ, ഒഡീഷ, ബീഹാർ, ബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നൊക്കെ തൊഴിലാളികൾ കേരളത്തിലേയ്ക്കാണ് കുടിയേറി വരുന്നത്. എന്താണ് കേരളത്തിൽനിന്നും അവർക്ക് അനുഭവപ്പെടുന്നത്? അവർക്ക് ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കാനുള്ള സാമൂഹിക ഇടം ഇവിടെ ഉണ്ടായിട്ടുണ്ട്. സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ നടത്തിയിട്ടുള്ള നവോത്ഥാന പ്രസ്ഥാനം കേരളത്തിൽ വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. അധഃസ്ഥിത സ്ത്രീകൾക്ക് കനക കമ്മലിടാൻ സാധിച്ചത് അത്തരം പ്രക്ഷോഭങ്ങളുടെ ഫലമായാണ്. ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ നേതൃത്വത്തിൽ നടത്തിയ സമരത്തിന്റെ ഭാഗമായാണ് സ്ത്രീകൾക്ക് ശരീരം മറയ്ക്കാനും വസ്ത്രം അണിയാനും കഴിഞ്ഞത് എന്നുള്ള കാര്യം നമ്മൾ മനസ്സിലാക്കണം. കേരളത്തിൽ അഷ്ടമുടിക്കായലിന്റെ തീരത്തുനടന്ന സമരത്തിന്റെ ഭാഗമായി പൊതുനിരത്തിലൂടെ സഞ്ചരിക്കാനുള്ള അവകാശം നേടിയെടുക്കാൻ സാധിച്ചു. ഇ. വി. രാമസ്വാമിയും ടി. കെ. മാധവനും എല്ലാം ആ സമരത്തിന്റെ നായകന്മാരായി മാറിയിട്ടുണ്ട്. അങ്ങനെ സ്വജീവിതം അതിനുവേണ്ടി സമർപ്പിക്കുകയും ഈ നാടിന്റെ സാമൂഹ്യമാറ്റത്തിന്റെ ഒരു ചാലകശക്തിയായി മാറുകയും സാമൂഹിക പരിവർത്തനത്തിന്റെ ഏറ്റവും വലിയ ശക്തിസ്രോതസ്സായി മാറുകയും ചെയ്തിട്ടുള്ള നവോത്ഥാന നായകന്മാരുടെ ശക്തി കൊണ്ടാണ് കേരളം ഇന്ന് ഇതുപോലെ വളർന്നുവന്നിട്ടുള്ളത്. കേളപ്പജിയും എ.കെ.ജി.യും പി. കൃഷ്ണപിള്ളയുമെല്ലാം ഉജ്ജ്വലമായ സമരങ്ങൾ നടത്തിയതിന്റെ ഭാഗമായാണ് പിന്നോക്ക സമുദായക്കാർക്ക് ഇന്ന് അമ്പലങ്ങളിൽ കയറാൻ സാധിച്ചത്. മന്ത്രവാദംകൊണ്ട് വളർന്നുവന്നതല്ല, അത്തരം പ്രക്ഷോഭങ്ങളുടെ ഭാഗമായാണ് ഇന്ന് കേരളം വളർന്നുവന്നത്. കേരളത്തിന്റെ ഈ മുന്നേറ്റം നമ്മൾ മനസ്സിലാക്കണം. കേരളത്തിലെ ഗ്രാമങ്ങളിൽ ഇന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ മുന്നേറ്റം കൊണ്ടാണ് മാറ്റങ്ങൾക്ക് തുടക്കമുണ്ടായത്. ആ പ്രസ്ഥാനത്തിന് കേരളത്തിന്റെ നഗരങ്ങളിലും ഗ്രാമങ്ങളിലും വികസനത്തിനും അഭിവൃദ്ധിക്കും ഊന്നൽ നൽകുന്ന മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. പഞ്ചായത്തീരാജ്, നഗരപാലിക തുടങ്ങിയ

ബില്ലുകളെല്ലാം ദേശീയ തലത്തിൽ പാസ്സാക്കുകയും അത് താഴെത്തട്ടിൽ നടപ്പിലാക്കുകയും ചെയ്യുമ്പോൾ ഇതരസംസ്ഥാനങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് കേരളത്തെപ്പോലെ സാമ്പത്തിക വളർച്ച നേടാൻ സാധിച്ചിട്ടുണ്ടോ? അങ്ങനെ ഏതെങ്കിലും സംസ്ഥാനം വളർന്നുവന്നതായി കാണാൻ കഴിഞ്ഞോ? കഴിഞ്ഞ അഞ്ച് കൊല്ലക്കാലവും ആസൂത്രണപ്രക്രിയയോട് വിമുഖതയാണ് യു.ഡി.എഫ്. കാണിച്ചിട്ടുള്ളത്. അതുകൊണ്ടാണ് എൽ.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന കാലത്തെല്ലാം അധികാരം താഴെത്തട്ടിലേക്ക് കൊടുക്കുകയും ശാക്തീകരണത്തിന് ശക്തിപകരുകയും വികേന്ദ്രീകൃതമായ രീതിയിൽ കേരളത്തിന്റെ സമ്പത്ത് നൽകുകയും താഴെത്തട്ടിൽ പ്രാദേശിക ഭരണകൂടങ്ങൾക്ക് സ്വയം നിൽക്കാനുള്ള ശേഷി നൽകുകയും ചെയ്തിട്ടുള്ളത്. അധികാര വികേന്ദ്രീകരണവും ജനകീയാസൂത്രണവും ഏതെങ്കിലും ഒരു ശീതീകരിച്ച മുറിയിലിരുന്ന് ഉദ്യോഗസ്ഥതലത്തിൽ ചർച്ച ചെയ്തതല്ല, മറിച്ച് ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി, ജനങ്ങളുടെ അഭിപ്രായത്തോടുകൂടി, ജനങ്ങളുടെ നിർദ്ദേശം വാങ്ങിക്കൊണ്ട്, മുൻഗണന നിശ്ചയിച്ചുകൊണ്ട്, വിവിധ തലങ്ങളിൽ വിദഗ്ദ്ധരെ ഉപയോഗിച്ച് പരിശോധിച്ചശേഷം പ്രയോറിറ്റി ലിസ്റ്റാക്കി കേരളത്തിന്റെ മാറ്റത്തിനുവേണ്ടി പ്രവർത്തിച്ചാണ് അന്ന് ജനകീയാസൂത്രണം വഴി കേരളത്തിന് മുന്നേറാൻ കഴിഞ്ഞത്. അല്ലാതെ ഏതെങ്കിലും ഒരാളുടെ ഔദാര്യംകൊണ്ട് കിട്ടിയതാണെന്ന് ആർക്കും പറയാൻ കഴിയില്ല. അതൊരു കാഴ്ചപ്പാടാണ്. ഓരോ ഗവൺമെന്റും അനുപേക്ഷണീയമായി വളർത്തി എടുക്കേണ്ടുന്ന കാഴ്ചപ്പാടാണ് കേരളത്തെ വികസിപ്പിച്ചുവന്നത്. അതുവരെ ഉണ്ടാകാത്ത തീരുമാനങ്ങൾ അന്നത്തെ വേദികളിൽ ഉയർന്നുവരികയും ഗ്രാമസഭകളിൽ ഒന്നിച്ചിരുന്ന് തീരുമാനമെടുക്കുകയും മുൻഗണന നിശ്ചയിക്കേണ്ട കാര്യങ്ങൾ തീരുമാനിക്കുകയും അധികാരം ജനങ്ങൾ ക്കാണെന്ന് അറിവ് നൽകുകയും അതുവഴി പഞ്ചായത്തുകൾക്കും നഗരസഭകൾക്കും കേരളത്തിന്റെ ഗ്രാമീണമേഖലകളിൽ പുത്തൻ ഉണർവുണ്ടാക്കി, നാടിന് മുന്തിയ പരിഗണന നൽകുന്ന പ്രവർത്തനങ്ങളെല്ലാം ഏറ്റെടുത്തുകൊണ്ട് യാഥാർത്ഥ്യ മാക്കിയതാണ് അന്നത്തെ ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഉണ്ടായത്. അതുകൊണ്ട് കേരളത്തിന്റെ മുഖച്ഛായ മാറ്റാൻ കഴിയുന്ന രീതിയിൽ കേരളത്തിലുടനീളം ഉണ്ടായ മാറ്റങ്ങൾ നമുക്ക് കാണാൻ കഴിയും. എന്നാൽ അന്ന് ജനകീയാസൂത്രണ പ്രസ്ഥാനത്തെ കളിയാക്കാൻവേണ്ടിയാണ് പുറത്തുള്ള ആളുകൾ ശ്രമിച്ചുകൊണ്ടിരുന്നത്. പദ്ധതിച്ചെലവിന്റെ 40 ശതമാനം പ്രാദേശിക ഭരണകൂടത്തിന് നൽകുകയും ആ ഫണ്ട് മുഴുവൻ ശരിയായ രീതിയിൽ വിനിയോഗിക്കുന്നതിനുവേണ്ടി ഫലപ്രദമായ മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുകയും അതുവഴി ഓരോ ഘട്ടത്തിലും പദ്ധതികളെ സംബന്ധിച്ച് പരിശോധിച്ച് തീർപ്പുകൽപ്പിക്കുകയും ചെയ്തു. ആ പ്രവർത്തനത്തിന്റെ

ഫലമായാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി പ്രവർത്തനങ്ങൾ നടപ്പാക്കാൻ കഴിഞ്ഞിട്ടുള്ളത്. പഞ്ചായത്തുകൾ കൊടുക്കേണ്ടത് അവർക്ക് കൊടുക്കാൻ കഴിയുന്നില്ലെങ്കിൽ ഉപരിഘടകങ്ങളിലേക്ക് കൊടുക്കുക. സംസ്ഥാന സർക്കാർ കൊടുക്കേണ്ടത് കൊടുക്കുക. ഒന്നിച്ചിരുന്ന് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നതിന്റെ പേരിൽ ആവശ്യമായ ക്രമീകരണങ്ങൾ അന്ന് എൽ.ഡി.എഫ്. സർക്കാർ വരുത്തുകയുണ്ടായി. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ ഇപ്പോൾ ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ആ പ്രശ്നങ്ങൾ പരിഹരിക്കപ്പെടേണ്ടതുണ്ട്. കാരണം ജനങ്ങളുടെ ഒരു ആശ്രയ കേന്ദ്രമായി പ്രാദേശിക ഭരണകൂടത്തെ മാറ്റിയെടുക്കേണ്ടത് അനിവാര്യമാണ്. അതുകൊണ്ടാണ് പ്രാദേശിക ഭരണകൂടം ജനക്ഷേമകരമായ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകി, അതിനനുസരിച്ചുള്ള പദ്ധതികളായിരിക്കണമെന്ന് നിർവ്വഹണ ഘട്ടത്തിൽപ്പോലും നമ്മൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിൽ പങ്കാളിത്തം സുതാര്യമായിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഇതിന്റെ ചിറകുകൾ ഓരോന്നും അരിഞ്ഞു. അതിനൊരു പുനർജ്ജീവിതം കൊടുക്കാൻ കഴിയാത്ത നിലപാടാണ് അവർ സ്വീകരിച്ചിരുന്നത് എന്നുള്ളത് നമ്മൾ മനസ്സിലാക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അധികാരം പിടിച്ചെടുക്കാൻവേണ്ടി കൃത്രിമമായ മാർഗ്ഗങ്ങളാണ് തെരഞ്ഞെടുപ്പ് കാലത്ത് സ്വീകരിച്ചത്. ബ്ലോക്ക് പഞ്ചായത്തിന്റെ കരട് ലിസ്റ്റ് വന്നപ്പോൾ എത്ര ഭാവനാശൂന്യമായാണ് ബ്ലോക്ക് പഞ്ചായത്തുകളുടെ അതിർത്തികൾ നിശ്ചയിച്ചത്. ഒരു താലൂക്കിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഓരോ കഷണങ്ങൾ വെട്ടിയെടുത്ത് ഒരു ബ്ലോക്ക് പഞ്ചായത്തുണ്ടാക്കി എങ്ങനെയെങ്കിലും അധികാരം പിടിച്ചെടുക്കുക എന്ന നിലപാടാണ് സ്വീകരിച്ചത്. അതുപോലെ പല പഞ്ചായത്തുകളെയും നഗരസഭകളാക്കിയിട്ടുണ്ടല്ലോ, അവിടെ അവർക്കാവശ്യമായ അധികാരം നൽകിയിട്ടുണ്ടോ; ആവശ്യമായ ഉദ്യോഗസ്ഥരെ വിന്യസിച്ചിട്ടുണ്ടോ; എന്തെങ്കിലും നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ടോ? അതൊന്നുമില്ലാതെ തികഞ്ഞ രാഷ്ട്രീയ പക്ഷപാതിത്വം മാത്രമാണ് മുഖവിലയ്ക്കെടുത്തത്. അതിന്റെ ഭാഗമായിട്ടാണ് യുക്തിരഹിതമായി പല ബ്ലോക്ക് പഞ്ചായത്തുകളും പുനഃക്രമീകരിച്ചത്. മുനിസിപ്പാലിറ്റിയുടെ ഭാഗം കോർപ്പറേഷനിലേക്ക് മാറ്റിയ നടപടി ശരിയല്ലെന്ന് കോടതി പറഞ്ഞപ്പോൾ അതിൽനിന്നും മാറേണ്ടിവന്ന അനുഭവമാണ് നമ്മുടെ നാട്ടിലുണ്ടായത്. അതുപോലെ തന്നെയാണ് മാലിന്യ സംസ്കരണത്തിന്റെ കാര്യവും. ഇവിടെ ശ്രീമതി യു. പ്രതിഭ ഹരി പറഞ്ഞതുപോലെ നായ്ക്കളുടെ ആക്രമണം വലിയ തോതിൽ പെരുകാൻ കാരണം യഥാവിധി മാലിന്യ സംസ്കരണം നടത്താത്തതാണ്. മാലിന്യ സംസ്കരണത്തിന് ശാസ്ത്രീയമായി ധാരാളം മാർഗ്ഗങ്ങളുണ്ട്. ആ മാർഗ്ഗങ്ങളൊന്നും

അവലംബിച്ചിട്ടില്ല. അതിന്റെ ഭാഗമായി വകുപ്പിന്റെ ഉത്തരവാദിത്വം നിറവേറ്റാതെ തെരുവ് നായ്ക്കളുടെ ആക്രമണങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന വേദിയായി നമ്മുടെ സഭാതലംതന്നെ മാറി. അഞ്ചുവർഷം കേരളം ഭരിച്ച യു.ഡി.എഫ്. ഗവൺമെന്റ് മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ കാണിച്ച അലംഭാവമാണ് തെരുവുകളിൽ മാലിന്യം കുന്നുകൂടുന്നതിനും തെരുവ് നായ്ക്കളുടെ വംശവർദ്ധനവിനും കാരണമായതെന്ന് ശക്തമായി പറയാൻ കഴിയും. ഇന്ത്യയുടെ പരമോന്നതമായ ഓഡിറ്റ് വിഭാഗം സി. ആന്റ് എ. ജി.-യുടെ 2014-ലെ ഓഡിറ്റ് പരാമർശങ്ങൾ നമ്മുടെ മുമ്പിലുണ്ട്. അതീവ ഗുരുതരമായ നിരവധി കണ്ടെത്തലുകൾ അതിലുണ്ട്. അതിൽ രൂക്ഷമായ വിമർശനങ്ങളാണ് സി. ആന്റ് എ.ജി. ഉയർത്തിയിട്ടുള്ളത്. ചില വിമർശനങ്ങൾ ഇവിടെ പറയാനും കഴിയില്ല. ഏതായാലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി നടത്തിപ്പിനും ദൈനംദിന പ്രവർത്തനങ്ങൾക്ക് ജീവനക്കാരെ നൽകുന്നതിനുമാവശ്യമായ നടപടിയുണ്ടാകണം. അതുണ്ടായില്ലെന്നുള്ളത് കഴിഞ്ഞ ഗവൺമെന്റിന്റെ പോരായ്മയാണെങ്കിൽ പുതിയ ഗവൺമെന്റ് അതിനാവശ്യമായ നടപടി സ്വീകരിക്കണം. 1302 തസ്തികകൾ അടിയന്തരമായി നികത്തേണ്ടതുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

കേരളത്തിൽ ഡിഗ്രിയും ഡിപ്ലോമയും ഉന്നതബിരുദവും നേടിയ തൊഴിലന്വേഷകർക്കായി, റിപ്പോർട്ട് ചെയ്യാത്ത പോസ്റ്റുകൾ റിപ്പോർട്ട് ചെയ്ത് തൊഴിൽ കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്. പദ്ധതികൾ രൂപീകരിക്കുന്നതിനും അംഗീകാരം നേടുന്നതിനും കാലതാമസം നേരിടുന്നത് പല പദ്ധതികളേയും അവതാളത്തിലാക്കുന്നുണ്ട്. പദ്ധതി രൂപീകരണത്തിനുതന്നെ ആറുമാസത്തെ സമയമെടുക്കുന്നുണ്ട്. ഇത് ഒഴിവാക്കി കാലതാമസം കൂടാതെ പദ്ധതി രൂപീകരണം നടത്തുന്ന രീതിയിൽ ആവശ്യമായ സംവിധാനങ്ങളുണ്ടാകണം. ഉല്പാദനമേഖലയിൽ കുറച്ചുകൂടി ഫണ്ട് മാറ്റിവയ്ക്കേണ്ടതായിട്ടുണ്ട്. വനിതാ ഘടക പദ്ധതി യു.ഡി.എഫ്. ഗവൺമെന്റ് എടുത്തുകളയുകയും പിന്നീട് അവർതന്നെ അത് പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആ പദ്ധതിക്കാവശ്യമായ പണം നീക്കിവയ്ക്കണം. ഐക്യരാഷ്ട്ര സഭയുടെ കണക്കുപ്രകാരം 100 കോടി ദരിദ്രരുള്ളതിൽ 75 കോടിയും നഗരപ്രദേശങ്ങളിലാണുള്ളത്. കേരളത്തിൽ 48 ശതമാനവും നഗരത്തിലാണ്. അവരുടെ ജീവിത പ്രയാസങ്ങൾ മനസ്സിലാക്കി ഗവൺമെന്റ് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തണമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. പഞ്ചായത്തീരാജ് സംവിധാനം ഭരണഘടനാ ഭേദഗതിയിലൂടെ രാജ്യത്ത് നടപ്പിലാക്കിയത്, ഇന്ത്യാ രാജ്യത്തെ 21-ാം നൂറ്റാണ്ടിലേക്ക് നയിക്കുന്നതിന് നേതൃത്വം നൽകിയ രാജീവ് ഗാന്ധിയുടെ ശ്രമങ്ങളാണ് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. ഇവിടെ എങ്ങനെ, എന്ന്, എപ്പോൾ നടപ്പിലാക്കി എന്നതിനെക്കുറിച്ചൊക്കെ ചർച്ച വന്നതുകൊണ്ടാണ് ഞാൻ അക്കാര്യം അടിവരയിട്ട് പറഞ്ഞത്. പഞ്ചായത്ത് മെമ്പറാകാനുള്ള ഭാഗ്യം എനിക്ക് ലഭിച്ചിട്ടില്ല. നമ്മൾ എല്ലാ അധികാരങ്ങളും താഴെത്തട്ടിലേക്ക് കൊടുത്തു, അധികാര വികേന്ദ്രീകരണം നടത്തി, ജനാധിപത്യത്തിന്റെ ഏറ്റവും മൂർത്തമായ ഭാവമാണ് അധികാര വികേന്ദ്രീകരണത്തിലൂടെ നടപ്പാക്കിയത് എന്നൊക്കെ സംസാരിക്കുമ്പോഴും പഞ്ചായത്തംഗങ്ങളോട് ചോദിച്ചാൽ അവർക്ക് ഈ അധികാരങ്ങൾ വേണ്ട രീതിയിൽ വിനിയോഗിക്കാൻ കഴിയുന്ന സാഹചര്യമില്ലെന്ന് പറയും. ഞാൻ ഈ ഗവൺമെന്റിന്റെ കാലത്തുള്ള കാര്യം മാത്രമല്ല ഉദ്ദേശിച്ചത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തായാലും ഇത് തന്നെയാണ് അവസ്ഥ. ഏത് ഗവൺമെന്റ് അധികാരത്തിൽ വന്നാലും ഇതുപോലെ ഉത്തരവുകളിറക്കുന്ന മറ്റൊരു വകുപ്പുമില്ലെന്നാണ് എനിക്ക് തോന്നുന്നത്. ഓരോ ആഴ്ചയിലും ഓരോ ഉത്തരവ് ഇറങ്ങിക്കൊണ്ടിരിക്കുകയാണ്. അത് പഞ്ചായത്തംഗങ്ങൾക്ക് പ്രവർത്തിക്കാനുള്ള നിർദ്ദേശങ്ങളും മാർഗ്ഗരേഖകളുമാണ്. നിയമസഭാ തെരഞ്ഞെടുപ്പിനെക്കാളും പാർലമെന്റ് തെരഞ്ഞെടുപ്പിനെക്കാളും വാശിയോടുകൂടി നടക്കുന്ന തെരഞ്ഞെടുപ്പാണ് പഞ്ചായത്ത് തെരഞ്ഞെടുപ്പ്. അങ്ങനെ ജയിച്ചുവരുന്ന പഞ്ചായത്തംഗമാണ് എല്ലാ പ്രശ്നങ്ങളുടെയും ഒറ്റമൂലി അല്ലെങ്കിൽ പരിഹാരകൻ എന്നതാണ് ജനത്തിന്റെ ധാരണ. പക്ഷേ ആ പഞ്ചായത്ത് മെമ്പർക്ക് യാതൊരു പ്രവർത്തന സ്വാതന്ത്ര്യവുമില്ലാതെ അദ്ദേഹത്തെ വരിഞ്ഞുകെട്ടുന്ന ഒരു സാഹചര്യമാണ് നമ്മൾ കൊട്ടിഘോഷിക്കുന്ന അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി നിലവിലുള്ളത്. അത് ആ ഒരു ലക്ഷ്യത്തിന്റെ കുഴപ്പമല്ല, മറിച്ച് അതതു കാലങ്ങളിൽ വകുപ്പ് സ്വീകരിക്കുന്ന നിലപാടുകൾ, മാർഗ്ഗരേഖകൾ, നിർദ്ദേശങ്ങൾ എന്നിവയുടെ ഫലമായാണ് ഇങ്ങനെ അനുഭവിച്ചു കൊണ്ടിരിക്കുന്നത്. എന്റെ വ്യക്തിപരമായ അഭിപ്രായം ഞാൻ പറഞ്ഞതാണ്. എനിക്ക് അത്ഭുതം തോന്നിയ ഒരു ഉദാഹരണം പറയാം, ഒരു പഞ്ചായത്തിലെ ഒരു വാർഡിൽ മെമ്പർക്ക് അഞ്ചോ ആറോ ലക്ഷം രൂപയാണ് ഒരു വർഷം ലഭിക്കുന്നത്. അതിനുവേണ്ടി ചെയ്യുന്ന എക്സർസൈസ് എത്രത്തോളം വലുതാണ് എന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി പരിശോധിക്കണം. ഗ്രാമസഭകളാണ് മുമ്പ് കൂടിയിരുന്നത്. ഇപ്പോൾ ജനാധിപത്യം കുറച്ചുകൂടി വിപുലപ്പെടുത്തിക്കൊണ്ടാണ് ബഹുമാന്യനായ മുൻമന്ത്രി അയൽസഭ കൂടിവരുന്നുണ്ടെന്ന് ഇവിടെ സൂചിപ്പിച്ചത്. ഒരു വാർഡിൽ

ഏകദേശം 400 അംഗങ്ങളുണ്ടെങ്കിൽ നാല് അയൽസഭയാണ്. ഈ നാല് അയൽസഭകളും വിളിച്ചുകൂട്ടിയാൽത്തന്നെ വരുന്ന ആളുകളുടെ എണ്ണം വളരെ കുറവായിരിക്കും. അയൽസഭ കാര്യങ്ങൾ തീരുമാനിച്ചുകഴിഞ്ഞാൽ പിന്നെ നിർദ്ദേശങ്ങൾ കൊടുക്കേണ്ടത് വാർഡ് വികസന സമിതിക്കാണ്. വാർഡ് വികസന സമിതി ചർച്ച ചെയ്ത് വർക്കിംഗ് ഗ്രൂപ്പിലേയ്ക്ക് നൽകണം. വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്ത് അംഗീകരിച്ച നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും അംഗീകരിച്ചതിനുശേഷം പഞ്ചായത്ത് ഭരണ സമിതി യോഗം ചേർന്ന് കരട് പദ്ധതിരേഖ തയ്യാറാക്കണം. ഇത് ഗ്രാമസഭകൾ മുമ്പാകെ സമർപ്പിച്ച് ഗ്രാമസഭകളിൽനിന്ന് വരുന്ന നിർദ്ദേശങ്ങൾ വീണ്ടും വർക്കിംഗ് ഗ്രൂപ്പിൽ ചർച്ച ചെയ്ത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങി പഞ്ചായത്ത് ഭരണസമിതിയോഗം ചേർന്ന് അന്തിമരേഖയുണ്ടാക്കണം. അഞ്ചോ ആറോ ലക്ഷം രൂപ ചെലവഴിക്കുന്നതിനുവേണ്ടിയാണ് ഇങ്ങനെ ചെയ്യുന്നത്. ഇതൊരു വലിയ സാങ്കേതികത്വമാണ്. നമുക്ക് കാര്യങ്ങൾ പൊതുവായി ചർച്ച ചെയ്ത് കുറച്ചുകൂടി ലഘൂകരിക്കണം. കാര്യങ്ങൾ സുതാര്യമാകുമ്പോഴാണ് വേഗത്തിൽ ചെയ്യാൻ കഴിയുന്നത്. പഞ്ചായത്ത് ഭരണസമിതിക്ക് കുറച്ചുകൂടി അധികാരങ്ങൾ നൽകുന്ന സാഹചര്യം പഞ്ചായത്ത് വകുപ്പ് പ്രത്യേകം പരിശോധിക്കണം. എന്തുമാത്രം ഉത്തരവുകളാണിറക്കുന്നത്. ഇന്ന് പഞ്ചായത്തിന്റെ സ്ഥിതിയെന്താണ്? എല്ലാ അധികാരവും കൊടുക്കുന്നതനുസരിച്ച് പണം അവർക്ക് കൈമാറ്റം ചെയ്യുന്നുണ്ടോ?

ആയുർവ്വേദ ആശുപത്രികൾ, ഹോമിയോ ആശുപത്രികൾ, അലോപ്പതി ആശുപത്രികൾ എന്നിവിടങ്ങളിൽ മരുന്നു വാങ്ങുന്നതിനുള്ള തുക നൽകണം. ഇലക്ട്രിസിറ്റിയിലേക്കുള്ള പണം അടയ്ക്കണം. ഐ.എ.വൈ., എസ്.എസ്.എ. എന്നിവയുടെ പണം അടയ്ക്കേണ്ടത് പഞ്ചായത്താണ്. ഇതെല്ലാം കഴിഞ്ഞാൽപ്പിന്നെ പഞ്ചായത്തിന്റെ കൈവശം എന്താണുള്ളത്; ഓരോ മേഖലയും സെക്ടറാക്കി തിരിച്ച് അതിനും പണം നൽകണം. യഥാർത്ഥത്തിൽ അധികാര കൈമാറ്റം നടത്തിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് മെമ്പർമാരെ സംബന്ധിച്ചിടത്തോളം ആ അധികാരങ്ങൾ വേണ്ടരീതിയിൽ വിനിയോഗിക്കാൻ കഴിയാത്ത നിലയിൽ അവരെ വരിഞ്ഞുമുറുക്കുന്ന നിർദ്ദേശ ങ്ങളാണ് ഓരോ കാലഘട്ടത്തിലും വകുപ്പ് കൊടുത്തുകൊണ്ടിരിക്കുന്നത്. അവർക്ക് കുറച്ചുകൂടി അധികാരങ്ങൾ കൊടുക്കാൻ തയ്യാറാകണം. എങ്കിൽ മാത്രമേ കൂടുതൽ കാര്യങ്ങൾ ചെയ്യാൻ സാധിക്കുകയുള്ളൂ. അതോടൊപ്പംതന്നെ കഴിഞ്ഞ അഞ്ച് വർഷം യു.ഡി.എഫ്. ഗവൺമെന്റ് ഒന്നും ചെയ്തില്ല എന്നുള്ള രീതിയിലൊക്കെ ഇവിടെ സംസാരിച്ചു. കഴിഞ്ഞ അഞ്ചുവർഷം ധാരാളം കാര്യങ്ങൾ ചെയ്തു. രണ്ടും മൂന്നും മന്ത്രിമാരുണ്ടായി എന്ന് ഇവിടെ സൂചിപ്പിച്ചു. ഒരു മന്ത്രിയായിരുന്നപ്പോഴും

മൂന്ന് മന്ത്രിമാരുണ്ടായിരുന്നപ്പോഴും ഞാൻ ഈ സഭയിൽ ഇരുന്നിട്ടുണ്ട്. പക്ഷെ, കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരുപാട് കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ കൊടുക്കാൻ കഴിഞ്ഞുവെന്നുള്ള ഒരു നേട്ടമുണ്ടായിട്ടുണ്ട്. രാഷ്ട്രീയമായി വേണമെങ്കിൽ അതിനെ വിമർശിക്കാം. പക്ഷെ, ഓരോ സെക്ടറിലും ഒരുപാട് കാര്യങ്ങൾ നടപ്പാക്കാൻ നമുക്ക് കഴിഞ്ഞു. ഐ.എ.വൈ.-യുടെ ഫണ്ട് 75,000 രൂപയായിരുന്നത് രണ്ടുലക്ഷം രൂപയാക്കി വർദ്ധിപ്പിച്ചത് യു.ഡി.എഫ്. ഗവൺമെന്റാണ്. അതുപോലെ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ വർക്ക് നടന്നിരുന്നില്ല. കാരണം ടെണ്ടർ നടക്കുമ്പോൾ എക്സസ് വേണം, ആ എക്സസ് ഇല്ല, ടെണ്ടർ നടപടികളു ണ്ടായിരുന്നില്ല. അതുകൊണ്ട് പ്രത്യേക ഫണ്ട് ഗവൺമെന്റ് കൊടുക്കുകയും ആ പദ്ധതി നടപ്പാക്കുകയും ചെയ്തു. അങ്ങനെ ഒട്ടനവധി കാര്യങ്ങൾ കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് ചെയ്തുവെന്നുള്ളത് യാഥാർത്ഥ്യമാണ്. ഇപ്പോൾ എനിക്ക് എന്റെ പ്രിയ സുഹൃത്തുകൂടിയായ ഡോ. കെ. ടി. ജലീലിനോട് സൂചിപ്പിക്കാനുള്ളത് സെപ്റ്റംബർ മാസം 9-ാം തീയതിക്കുമുമ്പ് പഞ്ചായത്തുകൾ പദ്ധതി രേഖ സമർപ്പിച്ചില്ലെങ്കിൽ ഫണ്ടിന്റെ 5% കട്ട് ചെയ്യും, ഒക്ടോബർ മാസത്തിൽ പദ്ധതി രേഖ സമർപ്പിച്ചിട്ടില്ലെങ്കിൽ ഫണ്ടിന്റെ 10% കട്ട് ചെയ്യും എന്നൊരു പത്രവാർത്ത കണ്ടു. അങ്ങനെ കട്ട് ചെയ്യാമോ; കട്ട് ചെയ്യാൻ പാടില്ല. സി.സി.-ക്ക് അതിനുള്ള അധികാരമുണ്ടോ; ഞാൻ മനസ്സിലാക്കുന്നത് സി.സി.ക്ക് അതിനുള്ള അധികാരമില്ല എന്നാണ്. ഇതൊക്കെ യഥാർത്ഥത്തിൽ നമ്മൾ കൊടുത്ത അധികാരത്തെ നിയന്ത്രിക്കുന്നതിന് തുല്യമാണ്. യഥാർത്ഥത്തിലുള്ള കാരണം കണ്ടെത്തണ്ടേ, എന്തുകൊണ്ട് അവർക്ക് പദ്ധതിരേഖ സമയത്ത് സമർപ്പിക്കാൻ കഴിയുന്നില്ല; പല പഞ്ചായത്തുകളുമായും ഞാൻ സംസാരിച്ചപ്പോൾ പഞ്ചായത്തുകളിൽ ഇന്ന് എ.ഇ.-യും ഓവർസിയറുമില്ല. എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടത് എ.ഇ.-യും ഓവർസിയറുമൊക്കെയാണ്. അതുകൊണ്ട് അവർക്ക് സമയബന്ധിതമായി പദ്ധതിരേഖ സമർപ്പിക്കാൻ കഴിയുന്നില്ല. കാര്യങ്ങൾ മനസ്സിലാക്കി ഇത്തരം കാര്യങ്ങളുണ്ടെങ്കിൽ അത് മാറ്റണം എന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതുപോലെതന്നെ രാഷ്ട്രീയമായ കാര്യങ്ങളെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. പക്ഷെ, ഇവിടെ ഞങ്ങൾക്ക് ഒട്ടും സഹിഷ്ണുതയും ക്ഷമയും ഇല്ലെന്ന് പറഞ്ഞു. ഞങ്ങൾക്കൊരു ക്ഷമകേടും അസഹിഷ്ണുതയുമില്ല. കഴിഞ്ഞ സഭയുടെ ആദ്യകാലത്ത് അന്നത്തെ പ്രതിപക്ഷ ഉപനേതാവ് പറഞ്ഞത് 'ആറുമാസത്തിനപ്പുറം ഈ ഗവൺമെന്റ് പോകില്ല' എന്നാണ്. 'ഒന്നോ രണ്ടോ അംഗങ്ങൾ ടോയ്‌ലെറ്റിൽ പോയിക്കഴിഞ്ഞാൽ ഈ ഗവൺമെന്റ് താഴെപ്പോകും' എന്ന് ശ്രീ. കോടിയേരി ബാലകൃഷ്ണൻ പറഞ്ഞു. ആ ഗവൺമെന്റ് അഞ്ചുവർഷക്കാലം ഭരിച്ചു. ഞാൻ വെറുതേ പറയുന്നതല്ല. രേഖ പരിശോധിച്ചാൽ നിങ്ങൾക്ക് മനസ്സിലാകും;

പ്രതിപക്ഷ ഉപനേതാവ് ശ്രീ. കോടിയേരി ബാലകൃഷ്ണന്റെ ഈ സഭയിലെ സ്റ്റേറ്റ്മെന്റാണിത്. ഞങ്ങൾ അപ്പുറത്തുണ്ട്. ഞങ്ങൾ ഈ ഗവൺമെന്റിനെ താഴെയിടാനോ അല്ലെങ്കിൽ ഈ ഗവൺമെന്റിന് എതിരോ ഒന്നുമല്ല. അഞ്ചുവർഷം ഭരിക്കാനുള്ള മാൻഡേറ്റ് നിങ്ങൾക്കുണ്ട്. ജനങ്ങൾ അതിനുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ യാതൊരു സംശയവുമില്ല. അഞ്ചുവർഷവും നിങ്ങൾ ഭരിക്കണം എന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം. പക്ഷെ എങ്ങനെയെങ്കിലും ഭരിക്കാമെന്ന് നിങ്ങൾ വ്യാമോഹിക്കണ്ട, എങ്ങനെ ഭരിച്ചാലും ഞങ്ങൾ അംഗീകരിക്കും എന്നുപറയാൻ സാധിക്കില്ല. ഞങ്ങൾ എവിടെയാണ് അക്ഷമ കാണിച്ചത്; ഞങ്ങൾ ആദ്യം അക്ഷമ കാണിച്ചത് റിവൈസ്ഡ് ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ അന്ന് ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക്, കുടുംബാംഗങ്ങൾ തമ്മിലുള്ള ഭാഗപത്രം രജിസ്റ്റർ ചെയ്യുമ്പോഴുള്ള രജിസ്ട്രേഷൻ ഫീസ് വർദ്ധിപ്പിച്ചതിനെ ഞങ്ങൾ ഈ നിയമസഭയിലാണ് എതിർത്തത്. എതിർത്തപ്പോൾ നിങ്ങൾ അംഗീകരിച്ചില്ല. ഞങ്ങൾ പുറത്ത് സമരം നടത്തി. എന്തുകൊണ്ടാണ് ധനകാര്യ വകുപ്പുമന്ത്രി മാറ്റിപ്പറഞ്ഞത്; ഈ സഭയിൽ അതിന് മാറ്റം വരികയാണ്. അപ്പോൾ ജനകീയ പ്രശ്നങ്ങളാണ് ഞങ്ങൾ ഏറ്റെടുക്കുന്നത്, അതല്ലാതെ അക്ഷമ കാണിക്കലല്ല. പ്രതിപക്ഷത്തിന് ഒരു ദൗത്യവും ഉത്തരവാദിത്വവുമുണ്ട്, ആ കടമയാണ് ഞങ്ങൾ നിറവേറ്റുന്നത്. പിന്നെ ഞങ്ങൾ നടത്തിയ സമരം എന്താണ്; അനാവശ്യ സമരം നടത്തിയോ? സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന അഴിമതിക്ക് മാനേജ്മെന്റിന് കൂട്ടുനിന്നുകൊണ്ട് ഗവൺമെന്റ് നടപ്പാക്കിയ നടപടികൾക്കെതിരെയല്ലേ ഞങ്ങൾ സമരം നടത്തിയത്; എന്താണ് തെറ്റ്? സ്വാശ്രയ വിദ്യാഭ്യാസ സമരവുമായി ഞങ്ങളുയർത്തിയ മുദ്രാവാക്യം നൂറുശതമാനം ശരിയാണെന്ന് ഞങ്ങളെക്കാൾ ബോധ്യം നിങ്ങൾക്കുണ്ട്. അതുകൊണ്ട് ഞങ്ങൾ ഈ പറയുന്നത് അക്ഷമ കൊണ്ടല്ല, മറിച്ച് ഗവൺമെന്റ് തെറ്റായ കാര്യങ്ങൾ ചെയ്യുമ്പോൾ അത് ചൂണ്ടിക്കാണിക്കുക എന്നുള്ള പ്രതിപക്ഷത്തിന്റെ ധാർമ്മിക ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടാണ് ഞങ്ങൾ ചെയ്യുന്നത്. അതിനെ അക്ഷമയായി കാണേണ്ട കാര്യമില്ല.

മി. സ്പീക്കർ: താങ്കൾക്ക് അനുവദിച്ച സമയം കഴിഞ്ഞു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഒരു മിനിട്ടല്ലേ അധികമായുള്ളൂ, മൂന്നും നാലും മിനിട്ട് കൂടുതലെടുത്തവരുണ്ട്.

മി. സ്പീക്കർ: അങ്ങയെപ്പോലുള്ള ബഹുമാന്യ വ്യക്തിത്വങ്ങൾ ഇങ്ങനെ ചെയ്യാൻ പാടില്ല. അങ്ങനെ എല്ലാപേരും അധിക സമയം എടുത്തിട്ടില്ല.

<u>ശ്രീ. എ. പി. അനിൽ കുമാർ</u>: സർ, ഞാൻ ഒരു പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. ഇവിടെ അഴിമതിയെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. കഴിഞ്ഞ ദിവസം ശ്രീ. ജോർജ് എം. തോമസ് പറഞ്ഞ ഒരു കാര്യം കേട്ടപ്പോൾ അത്ഭുതം തോന്നി. ശ്രീ. കെ. ബാബുവിനെക്കുറിച്ചുള്ള പരാമർശങ്ങൾ, അടിസ്ഥാനപരമായി എന്തെങ്കിലും തെളിവിന്റെ അടിസ്ഥാനത്തിലാണ് പറയുന്നതെങ്കിൽ മനസ്സിലാക്കാം, അഴിമതി ആര് നടത്തിയാലും തെറ്റ് തന്നെയാണ്. അഴിമതിക്കാർ അപ്പുറത്തായാലും ഇപ്പുറത്തായാലും അവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. തെറ്റ് ചെയ്തവർ ശിക്ഷിക്കപ്പെടണം. ഇപ്പോഴത്തെ സ്ഥിതിയെന്താണ്, പൊതുപ്രവർത്തകൻ എന്നു പറഞ്ഞാൽ അഴിമതിക്കാരനാണെന്ന് പറയുന്ന ഒരു സാഹചര്യത്തിലേക്ക് കേരളം എത്തിയിരിക്കുകയാണ്. നമ്മളിവിടെ പരസ്പരം പറയുന്നതാണ്. ഇന്ന് ജീവിതത്തിന്റെ സായാഹ്നങ്ങളിൽ മരുന്ന് വാങ്ങാനും ചികിത്സ നടത്താനും നമ്മുടെ നിയമസഭയിൽ നിന്നു കിട്ടുന്ന സഹായം തേടി നിൽക്കുന്ന മുൻ മന്ത്രിമാരുള്ള സംസ്ഥാനമാണ് കേരളം. മാസംതോറും പെൻഷൻ തുകകൊണ്ട് പൊതുപ്രവർത്തനം നടത്തുന്ന എക്സ്-എം.എൽ.എ.മാരുള്ള സംസ്ഥാനമാണ് കേരളം. അതുപോലെതന്നെ ഏറ്റവും പ്രഗൽഭരായ ഉദ്യോഗസ്ഥർ, ഒരു രംഗത്തും അഴിമതി നടത്താത്ത ഉദ്യോഗസ്ഥരുള്ള സംസ്ഥാനമാണ് കേരളം. അങ്ങനെയുള്ള സംസ്ഥാനത്തെ നമ്മൾ ജനറലൈസ് ചെയ്തുകൊണ്ട് എല്ലാം അഴിമതിക്കാരാണ് എന്നുപറയുന്ന സാഹചര്യം ആർക്കും ഗുണകരമല്ല എന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്.

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. എ. കെ. ശശീന്ദ്രൻ</u>): സർ, ഈ ധനാഭ്യർത്ഥനയെ സംബന്ധിച്ച് ഇവിടെ അനുകൂലമായും പ്രതികൂലമായും പ്രതികരണങ്ങൾ നടത്തിയ എല്ലാ മാന്യമെമ്പർമാരോടും എനിക്കുള്ള നന്ദി ഞാൻ ആദ്യമായി രേഖപ്പെടുത്തുകയാണ്. ഗതാഗത വകുപ്പ് സംസ്ഥാനത്തെ സാധാരണക്കാരായ ജനങ്ങളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഒരു വലിയ വകുപ്പാണ്. പക്ഷേ ആ വകുപ്പിൽ ജനങ്ങൾ ആഗ്രഹിക്കുന്നതുപോലുള്ള മാറ്റങ്ങൾ ഉണ്ടായിക്കാണുന്നില്ലെന്ന വിമർശനമാണ് ഇവിടെ പൊതുവെ ഉന്നയിക്കപ്പെട്ടിട്ടുള്ളത്. ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. ചർച്ചയിൽ പങ്കെടുത്ത മെമ്പർമാർ ചില പ്രധാനപ്പെട്ട കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരികയുണ്ടായി. ഒന്ന്, വാട്ടർ ട്രാൻസ്പോർട്ടുമായി ബന്ധപ്പെട്ട വിഷയം. ആ മേഖലയിൽ പ്രവർത്തിക്കുന്ന എം.എൽ.എ. ആണ് അക്കാര്യങ്ങൾ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്. ഇപ്പോൾ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്ന ഒരു മേഖലയാണ് ജലഗതാഗത മേഖല. അതിനർത്ഥം അവിടെ പാകപ്പിഴകളൊന്നുമില്ല,

എല്ലാ സർവ്വീസുകളും കൃത്യമായി നടക്കുന്നുവെന്നല്ല. എന്നാൽ ആ മേഖലയിലെ നവീകരണവുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ കോട്ടയം, കുമരകം, ആലപ്പുഴ എന്നീ റൂട്ടുകളിൽ വേഗത കൂടിയ, സമയദൈർഘ്യം കുറയ്ക്കുന്ന 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ക്യാമറൈൻ-പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. അതുപോലെതന്നെ, പ്രധാനപ്പെട്ട അഞ്ച് സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കാനുതകുന്ന വിധത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ അഞ്ച് റെസ്ക്യൂ ബോട്ടുകൾ വാങ്ങുന്നതിനുള്ള ഭരണാനുമതി സർക്കാരിൽനിന്നും ലഭിച്ചിട്ടുണ്ട്, അത് വാങ്ങുന്നതിനുള്ള നടപടികൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

3.00 PM]

കായലുകളിൽ ബോട്ടുകൾ ഓടിക്കുന്നതിന്റെ ഫലമായി വലിയ രീതിയിൽ മലിനീകരണം ഉണ്ടാവുകയാണ്. ആ മലിനീകരണത്തിൽ നിന്നും ജലാശയങ്ങളെ, പ്രത്യേകിച്ച് ബോട്ട് സർവ്വീസ് നടത്തുന്ന പ്രശസ്ത കായലുകളെ സംരക്ഷിക്കേണ്ടതുണ്ട്. ഇപ്പോൾ ബോട്ടുകളിൽ ഉപയോഗിക്കുന്ന ഇന്ധനം ഡീസലാണ്. മലിനീകരണത്തിന് ഒരു കാരണം ഡീസൽ ഉപയോഗിക്കുന്നതാണ്. അതുകൊണ്ട് ബോട്ടുകളെ സോളാർ ബോട്ടുകളാക്കി മാറ്റുന്നതിനുള്ള ആലോചനയിലാണിപ്പോൾ. അതിന്റെ ഫലമായി പരീക്ഷണാടിസ്ഥാനത്തിൽ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ടിന്റെ നിർമ്മാണം പൂർത്തിയാക്കിയിരിക്കുകയാണ്. ഇന്ത്യയിൽ ആദ്യമായി സോളാർ ഉപയോഗിച്ചുള്ള ബോട്ട് സർവ്വീസ് കേരളത്തിൽ അടുത്ത മാസം പ്രവർത്തനമാരംഭിക്കുകയാണ്. അതുപോലെ ജലഗതാഗത മേഖല കുറച്ചുകൂടി വ്യാപിപ്പിക്കേണ്ടതുണ്ട്. ടൂറിസം രംഗത്തേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കുകയാണ് ഇന്നത്തെ കാലഘട്ടത്തിൽ പ്രായോഗികമായിട്ടുള്ളത്. അതിന്റെ ഭാഗമായി പാസഞ്ചർ-കം-ടൂറിസം സർവ്വീസുകൾ ആരംഭിക്കുന്നതിലേക്ക് കൊല്ലം-അഷ്ടമുടിയിൽ 'സീ-അഷ്ടമുടി' എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ആലപ്പുഴയിലും മലബാർ മേഖലയിലും ക്രൂയിസ് ടൂറിസം കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ശ്രമങ്ങളും കൊച്ചി-കൊല്ലം സർവ്വീസ് എന്നിവയുടെ സാധ്യത സംബന്ധിച്ച് പഠനവും നടത്താൻ തീരുമാനിച്ചിരിക്കുകയാണ്.

അതുപോലെ ഇവിടെ ചൂണ്ടിക്കാണിച്ച മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം മോട്ടോർ വാഹന മേഖലയിലുണ്ടാകുന്ന വലിയ തോതിലുള്ള അപകടമാണ്. റോഡപകടങ്ങൾ ഇവിടെ വർദ്ധിച്ചുവരുന്നുവെന്നുള്ളത് ശ്രീ. ആർ. രാമചന്ദ്രനാണ് സഭയുടെ ശ്രദ്ധയിൽ

കൊണ്ടുവന്നത്. ഏറ്റവും കൂടുതൽ അപകടത്തിൽപ്പെടുന്നത് ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവരാണ്. മരണപ്പെടുന്നതിൽ മഹാഭൂരിപക്ഷവും യുവാക്കളാണ്. നമ്മുടെ യുവത്വം റോഡിൽ പിടഞ്ഞുവീഴുന്ന ദാരുണമായ കാഴ്ചയ്ക്ക് സംസ്ഥാനം ഇപ്പോൾ സാക്ഷ്യം വഹിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന് റോഡ് നിയമങ്ങൾ പാലിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തണം. അതിന്റെ ഭാഗമായി നിരവധി പരിപാടികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തി തുടങ്ങിയിട്ടുണ്ട്. അതിലൊന്നാണ് ഏറ്റവും കൂടുതൽ പരിശോധന നടത്തുക എന്നുള്ളത്. ഹെൽമെറ്റ് വേട്ടയെന്ന ഒരു സങ്കൽപ്പം ഇവിടെയുണ്ടായിരുന്നു. ഓടിക്കൊണ്ടിരിക്കുന്ന ഇരുചക്രവാഹനങ്ങളെ തടഞ്ഞുനിർത്തി പോലീസ് പിഴ ഈടാക്കുന്ന സമ്പ്രദായത്തിന് പകരം ആധുനിക രീതിയിലുള്ള അന്വേഷണങ്ങളും പരിശോധനാ സംവിധാനങ്ങളും ഏർപ്പെടുത്തി കുറ്റവാളികളെ കണ്ടെത്തി അവരിൽനിന്ന് ഫൈൻ ഈടാക്കുന്ന സംവിധാനം ഞങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതുപോലെ ഹെൽമെറ്റ് ധരിക്കുകയെന്ന ബോധവൽക്കരണ പരിപാടി സംസ്ഥാനത്ത് നല്ല നിലയിലാണ് ഇപ്പോൾ നടത്തി കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി നേരത്തെ ഹെൽമെറ്റ് ധരിക്കുന്നവരുടെ എണ്ണം 60 ശതമാനത്തിൽ നിന്ന് ഇപ്പോൾ 80 ശതമാനമായി ഉയർന്നിട്ടുണ്ട്.

അതുപോലെ കെ.എസ്.ആർ.ടി.സി.-യെ സംബന്ധിച്ച് കട്ട്ചേയ്സ് ബസ്സുകളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. മോട്ടോർ വാഹന നിയമത്തെക്കുറിച്ച് ശ്രീ. കെ. ബാബു ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന ആദ്യ നാളുകളിൽ തന്നെ അനുഭവപ്പെട്ട വളരെ പ്രധാനപ്പെട്ട പ്രശ്നങ്ങളിലൊന്ന് ഹരിത ട്രൈബ്യൂണലിന്റെ വിധി ആയിരുന്നു. അതനുസരിച്ച് നമ്മൾ പ്രവർത്തിക്കാൻ തുടങ്ങിയാൽ കേരളത്തിൽ നിന്ന് 1200-ൽ അധികം കെ.എസ്.ആർ.ടി.സി. ബസ്സുകളും 4500-ൽ അധികം സ്വകാര്യ ബസ്സുകളും ഒറ്റയടിക്ക് പിൻവലിക്കേണ്ടി വരും. അങ്ങനെ വരുമ്പോൾ ഉണ്ടാകുന്ന യാത്രാക്ലേശവും യാത്രാദുരിതവും വളരെ വലുതാണ്. അതുപോലെ 2000 സി.സി.-യിൽ കൂടുതലുള്ള വാഹനങ്ങൾക്ക് പെർമിറ്റ് കൊടുക്കേണ്ടതില്ലെന്നുള്ള നിബന്ധനയും വന്നു. പത്ത് വർഷം കഴിഞ്ഞ ഡീസൽ വാഹനങ്ങൾ റോഡിൽ ഇറക്കാൻ പാടില്ലായെന്നാണ് ഹരിത ട്രൈബ്യൂണലിന്റെ വിധി. ആ വിധിയുമായി ബന്ധപ്പെട്ട് ഇപ്പോൾ സ്റ്റേയിൽ നിൽക്കുകയാണ്. ഗവൺമെന്റിന്റെ നിലപാട് ഹരിത ട്രൈബ്യൂണലിന്റെ വിധി ലംഘിക്കണമെന്നല്ല. പരിസ്ഥിതി സംരക്ഷിക്കുകയെന്ന വലിയ ലക്ഷ്യത്തോടുകൂടി ഹരിത ട്രൈബ്യൂണൽ പുറപ്പെടുവിച്ചിട്ടുള്ള വിധിയാണ്. അതുകൊണ്ട് ഞങ്ങൾ ആഗ്രഹിക്കുന്നത് ഡീസൽ ഉപയോഗിക്കുന്ന വാഹനങ്ങളുടെ എണ്ണം കുറച്ച് താരതമ്യേന മലിനീകരണം

കുറഞ്ഞ ഇന്ധനങ്ങൾ ഉപയോഗിക്കുന്ന ശൈലിയിലേയ്ക്ക് കാര്യങ്ങൾ മാറ്റി കൊണ്ടു വരണമെന്നാണ്. അതുപോലെ കെ.എസ്.ആർ.ടി.സി.-യെ പോലെ ഇന്ത്യയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെയാകെ അപകടത്തിലാക്കുന്ന ഒരു ഭേദഗതിയാണ് ഇപ്പോൾ മോട്ടോർ വാഹന നിയമത്തിൽ കൊണ്ടുവന്നിട്ടുള്ളത്. ഇനി അങ്ങോട്ട് ഇതെല്ലാം കോൺട്രാക്ട് അടിസ്ഥാനത്തിൽ ലേലം ചെയ്ത് കൊടുക്കുകയാണ് ഈ നിയമത്തിന്റെ ഫലമായി സംഭവിക്കാൻ പോകുന്നത്. അതിനെ പ്രതിരോധിക്കുന്നതിനു വേണ്ടിയുള്ള നിവേദനങ്ങളും ചർച്ചകളുമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള ആളുകൾ കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് നടത്തിക്കൊണ്ടിരിക്കുന്നത്. ആ നിയമം നടപ്പിലായാൽ നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ മാത്രമല്ല, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന വാഹനങ്ങളാകെ ഇല്ലാതായി പോവുകയും കോർപ്പറേറ്റുകൾക്ക് ആ മേഖല കയ്യടക്കി അവരുടേതായ പ്രവർത്തനം നടത്താൻ കഴിയുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്. ഈ ബില്ലിന്റെ ഭേദഗതി സംബന്ധിച്ച് മിക്കവാറും എല്ലാ ആളുകളുമായും സംസാരിച്ചിട്ടുണ്ട്. പ്രതിപക്ഷ നേതാവിന് ആ ബില്ലിന്റെ കോപ്പി കൊടുക്കുകയും അദ്ദേഹത്തിന്റെ അഭിപ്രായം ആരായണമെന്ന് പറയുകയും അദ്ദേഹം അതുസംബന്ധിച്ച അഭിപ്രായ പ്രകടനം നടത്തുകയും ചെയ്തിട്ടുണ്ട്. എം.പി.-മാർക്കും ബില്ലിന്റെ കോപ്പി അയച്ചുകൊടുത്തിട്ടുണ്ട്. പാർലമെന്റിൽ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയുണ്ട്. ആ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് ഇത് പരിശോധിക്കാൻ പോകുന്നത്. ആ പരിശോധനാ ഘട്ടത്തിൽ ആവശ്യമായ ഇടപെടൽ നടത്തണമെന്ന് അവരോടെല്ലാം അഭ്യർത്ഥിച്ചിട്ടുണ്ട്. അവരെല്ലാം ഫലപ്രദമായി ഇടപെടുമെന്നു തന്നെയാണ് ഞങ്ങളോട് മറുപടി പറഞ്ഞിട്ടുള്ളത്. അതുപോലെ ഓരോരുത്തരും പറഞ്ഞത് ഞാൻ പറയുന്നില്ല.

14-10-2016 മുതൽ വളരെ കർക്കശമായ പരിശോധനാ സംവിധാനം തന്നെ സംസ്ഥാനത്ത് ഏർപ്പെടുത്തിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 1275 ചെക്ക് റിപ്പോർട്ടുകൾ കിട്ടിയിട്ടുണ്ട്. സ്പീഡ് ഗവർണർ ഉപയോഗിക്കണമെന്ന് കേന്ദ്ര നിയമത്തിൽ അനുശാസിച്ചിട്ടുള്ളതാണ്. കെ.എസ്.ആർ.ടി.സി. ഉൾപ്പെടെയുള്ള മോട്ടോർ വാഹന ഉടമസ്ഥന്മാർ, ആ മേഖലയിൽ പ്രവർത്തിക്കുന്നവർ സ്പീഡ് ഗവേർണർ ഉപയോഗിക്കുന്നതിനെതിരായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അത് ദൗർഭാഗ്യകരമാണ്. അത് ഉപയോഗിക്കുകയും സ്പീഡ് നിയന്ത്രിക്കുകയും ചെയ്യേണ്ടതായിട്ടുണ്ട്. അതിന് എല്ലാ വിഭാഗം ആളുകളുടെയും സഹകരണം ഉണ്ടാകണമെന്നാണ് എനിക്ക് ഈ ഘട്ടത്തിൽ അഭ്യർത്ഥിക്കാനുള്ളത്. ലൈസൻസില്ലാതെ ഇരുചക്രവാഹനങ്ങൾ

ഓടിക്കുന്നവരാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടത്തുന്നത്. ലൈസൻസില്ലാത്ത 1344 കേസ്സുകളും മൂന്ന് പേർ സഞ്ചരിക്കുന്ന 303 കേസ്സുകളും ഹെൽമെറ്റ് ഉപയോഗിക്കാത്തതിന് 3030 പേർക്കെതിരെയും ഇൻഡിക്കേറ്റർ ഉപയോഗിക്കാത്തതിന് 1072 പേർക്കെതിരെയും വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിന് 241 പേർക്കെതിരെയും കേസ്സുകൾ എടുത്തിട്ടുണ്ട്. അങ്ങനെ സാധ്യമായ എല്ലാ പ്രവർത്തനങ്ങളും നടത്തികൊണ്ടിരിക്കുകയാണ്. ഇവിടെ ശ്രീ. കെ. ബി. ഗണേഷ് കുമാറും ശ്രീ. എം. വിൻസെന്റും സംസാരിച്ചപ്പോഴാണ് ട്രാൻസ്പോർട്ട് വകുപ്പിനെപ്പറ്റി കർശനമായ ഭാഷയിൽ സംസാരിച്ചത്. അങ്ങനെ സംസാരിച്ചതുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ കുറിച്ച് ഒന്നു രണ്ട് കാര്യങ്ങൾ പറയാതിരിക്കാൻ നിവൃത്തിയില്ലായെന്നാണ് എനിക്ക് തോന്നുന്നത്. ശ്രീ. എം. വിൻസെന്റ്, അദ്ദേഹത്തിന്റെ പ്രസംഗത്തിന് മുമ്പ് എന്റെ മുൻഗാമിയായ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനോട് സംസാരിച്ചിരുന്നുവെങ്കിൽ അദ്ദേഹം ആ രൂപത്തിൽ സംസാരിക്കുമായിരുന്നില്ല. ഞാൻ മുൻ ഗവൺമെന്റിന്റെയോ ഈ ഗവൺമെന്റിന്റെയോ ഒരു കാര്യവും പറയാനല്ല ഇപ്പോൾ മുതിരുന്നത്. എന്നാൽ ശ്രീ. എം. വിൻസെന്റ് പറഞ്ഞ ചില കാര്യങ്ങൾ നമ്മൾ വളരെ ശ്രദ്ധിക്കേണ്ടതുണ്ടെന്ന് എനിക്ക് തോന്നി. കാരണം വളരെ ലോജിക്കാണെന്ന് തോന്നുന്ന ഒരു കാര്യമാണ് അദ്ദേഹം പറഞ്ഞത്. കിലോമീറ്റർ റണ്ണിംഗ് കൂടിയിട്ടും വരുമാനം കുറഞ്ഞുപോയത് എന്തുകൊണ്ടാണ്? ഞാൻ ആരെയും കുറ്റപ്പെടുത്താൻ ഉദ്ദേശിക്കുന്നില്ല. ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള ഗൂഢാലോചനയാണോ എന്ന ആക്ഷേപം കൂടി അദ്ദേഹം ഉന്നയിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന്റെ നേതൃത്വത്തിൽ അന്നത്തെ ഗവൺമെന്റ് എടുത്ത നടപടിയെ കുറ്റപ്പെടുത്താനൊന്നും ഞാൻ ഉദ്ദേശിക്കുന്നില്ല. ഡീസലിന് വില കുറഞ്ഞപ്പോൾ അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നതിനു വേണ്ടിയാണ് കെ.എസ്.ആർ.ടി.സി.-യുടെ ഓർഡിനറി ബസ്സുകളിൽ ഏഴ് രൂപയായിരുന്ന മിനിമം ചാർജ് ആറ് രൂപയായി കുറച്ചതെന്നാണ് ശ്രീ. എം. വിൻസെന്റ് പറഞ്ഞത്. വളരെ ആകർഷകമായ ഒരു ആർഗ്യുമെന്റാണത്. കേരളത്തിലെ 4800-5000 കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ പകുതിയിൽ താഴെ മാത്രമാണ് ഓർഡിനറി ബസ്സുകൾ. ഈ ആനുകൂല്യം ഓർഡിനറി ബസ്സിലെ യാത്രക്കാർക്കുമാത്രം കിട്ടിയാൽ മതിയെന്ന ഉദ്ദേശം എങ്ങനെയാണുണ്ടായത്; നമ്മുടെ സംസ്ഥാനത്ത് പതിനാറായിരത്തോളം സ്വകാര്യ ബസ്സുകളുണ്ട്. ഡീസലിന്റെ വില കുറഞ്ഞപ്പോഴുണ്ടായ ആനുകൂല്യം സ്വകാര്യ ബസുകളിൽ സഞ്ചരിക്കുന്ന യാത്രക്കാർക്ക് വേണ്ടെന്നുവച്ചത് എന്തുകൊണ്ടാണ്; മുൻ ഗതാഗത വകുപ്പുമന്ത്രിയോടും ശ്രീ. എം. വിൻസെന്റിനോടും എനിക്ക് ചോദിക്കാനുള്ളത്

ഡീസലിന്റെ വില കുറയുമ്പോൾ ചാർജ് കുറയ്ക്കുമെങ്കിൽ അതിന്റെ അർത്ഥവും യുക്തിയും എന്താണ്? ചാർജ് നിർണ്ണയിക്കുന്നതിന്റെ മാനദണ്ഡം ഡീസലിന്റെ വിലയായിരിക്കണമെന്നല്ലേ. ഡീസലിന്റെ വിലയാണ് മാനദണ്ഡമെങ്കിൽ ഡീസലിന് 48 രൂപ വിലയുള്ളപ്പോഴാണ് ഒരു രൂപ കുറച്ചത്. ഇന്ന് ഡീസലിന് 58 രൂപ 79 പൈസയാണ്. ഇതിനകം 9 പ്രാവശ്യം ഡീസലിന് വില വർദ്ധിപ്പിച്ചെങ്കിൽ ആ ലോജിക്കിൽ അഭിമാനം കൊള്ളുന്നെങ്കിൽ, അഭിമാനം കൊള്ളണമെന്ന് ഞാൻ പറയുന്നില്ല, അതിന്റെ സ്വാഭാവികമായ യുക്തി എന്താണെന്ന് ദയവായി പ്രതിപക്ഷ നേതാവ് പറഞ്ഞുതന്നാൽ മതി.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് എന്റെ പേരുകൂടി പറഞ്ഞതുകൊണ്ടാണ് ഞാൻ പറയുന്നത്. ഞങ്ങൾ രണ്ട് കാര്യങ്ങളിൽ തീരുമാനമെടുത്തു. അത് സുചിന്തിതമായ തീരുമാനമാണ്. ഒന്ന്, ഓർഡിനറി ബസ്സുകൾ പോകുന്ന സ്ഥലത്ത് പ്രൈവറ്റ് ബസുകൾ ചാർജ് കുറച്ച ബസ് എന്നുപറഞ്ഞ് ബോർഡും വച്ച് നാടുനീളെ ഓടുമ്പോൾ നമ്മുടെ ഓർഡിനറി ബസിന് കളക്ഷൻ കുറയും. അതുകൊണ്ട് കോംപീറ്റ് ചെയ്ത് നിൽക്കണം. ഒരു ദിവസം പതിനഞ്ച് ലക്ഷം രൂപ ആദായം ലഭിക്കുമ്പോൾ അഞ്ച് ലക്ഷം രൂപയുടെ കുറവുമാത്രം വരുന്നതുകൊണ്ടാണ് കെ.എസ്.ആർ.ടി.സി.-ക്ക് നഷ്ടമില്ലാത്തത്. അപ്പോഴും കെ.എസ്.ആർ.ടി.സി.-ക്ക് പത്ത് ലക്ഷം രൂപ കൂടുതലാണ്. ആ സിസ്റ്റം അനുസരിച്ചാണ് ഒരു രൂപ കുറച്ചത്. മാത്രമല്ല കേരളത്തിലെ ഒരു ലക്ഷത്തി മുപ്പത്തയ്യായിരം കുട്ടികൾക്ക് കൺസഷനും കൊടുത്തു. അതൊക്കെ ഒരു സോഷ്യൽ കമ്മിറ്റ്മെന്റാണ്. ഈ സോഷ്യൽ കമ്മിറ്റ്മെന്റ് ഏത് ഗവൺമെന്റിനും ചെയ്യാം. അങ്ങനെ ചെയ്യാൻ കഴിയുമെങ്കിൽ ഈ ഗവൺമെന്റും ചെയ്തുനോക്കണമെന്നാണ് ഞാൻ പറയുന്നത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ഞാൻ പറഞ്ഞുകഴിഞ്ഞാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണന് കുറച്ചുകൂടി പറയാനുണ്ടാകും.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇവിടെ ഒരു രൂപ കുറച്ചുകൊടുത്തു. നോട്ടിഫിക്കേഷൻ ഇറങ്ങിയാൽ ഒരു ബസ്സിന് ഒരു ചാർജും പ്രൈവറ്റ് ബസ്സിൽ ചാർജ് കുറച്ചെന്ന് എഴുതിവച്ച് ഓടാനൊന്നും നിയമപരമായി പറ്റില്ലെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. അങ്ങനെ ഓടിയെങ്കിൽ അത് തടയേണ്ടത് ഗതാഗത വകുപ്പിന്റെ ചുമതലയാണ്. ഞാൻ പ്രസംഗിച്ചപ്പോൾ ഒരു കാര്യം പറയാൻ വിട്ടുപോയി. കാലാകാലങ്ങളിൽ വഴിയിൽ കിടക്കുന്ന തേങ്ങയെടുത്ത് ഗണപതിക്ക് അടിച്ചതിന്റെ ഫലമാണിത്. ഭരിച്ചുകൊണ്ടിരിക്കുന്നവർ വഴിയിൽ കിടക്കുന്ന തേങ്ങയെടുത്ത്

ഗണപതിക്ക് അടിച്ച് കെ.എസ്.ആർ.ടി.സി. ഈ ഗതിയായി. കാരണം ആർക്കും ഒരു ചേതവുമില്ലല്ലോ. ഇവിടെ ഹില്ലി ഏരിയ അല്ല. ശബരിമലയടക്കം പോകുന്നിടത്ത് ഒരു രൂപ സ്പെഷ്യൽ ചാർജ്ജുണ്ടായിരുന്നു. ഒരു മന്ത്രി അത് എടുത്തുകളഞ്ഞില്ലേ. പൊതുമേഖലാ സ്ഥാപനത്തിന്റെ സ്വന്തം അസറ്റാണിത്. കാലാകാലങ്ങളിൽ അതെടുത്ത് ഗണപതിക്ക് അടിച്ചിട്ട് പോകുന്നത് ശരിയല്ല.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, സമയം നിയന്ത്രിക്കണമെന്നുള്ളതുകൊണ്ടാണ് പെട്ടെന്ന് പറഞ്ഞുപോകുന്നത്. ഞങ്ങൾ കുട്ടികൾക്കും കൺസഷൻ കൊടുത്തെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അത് ശരിയാണ്. പാക്കേജിന്റെ ഭാഗമായി അങ്ങ് സെസ്സും ഏർപ്പെടുത്തി. ......(ബഹളം)......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അതുകൊണ്ടാണ് പെൻഷൻ കൊടുത്തത്. ......(ബഹളം)......

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് സംസാരിക്കു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ മാത്രമാണ് പറയുന്നതെങ്കിൽ ഞാൻ ഇരിക്കാം. അങ്ങേയ്ക്ക് വഴങ്ങുന്നു എന്നത് ദൗർബല്യമായി എടുക്കരുത്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ പേര് പറഞ്ഞതുകൊണ്ടാണ് ഞാൻ സംസാരിച്ചത്.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, അതിന് ഞാൻ വഴങ്ങിയല്ലോ. പക്ഷേ വഴങ്ങുന്നത് ഒരു ദൗർബല്യമായി എടുക്കരുത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് സംസാരിക്കു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കെ.എസ്.ആർ.ടി.സി.-യെ രക്ഷിക്കണമെന്ന് താല്പര്യമുള്ള ഒരാളാണ് കെ.എസ്.ആർ.ടി.സി.-യുടെ തലപ്പത്തിരിക്കുന്നതെങ്കിൽ എന്നാണ് എന്റെ ചോദ്യം. ഈ ഒരു രൂപ കുറച്ചതുകൊണ്ടുമാത്രം ഒരു മാസം ആറ് കോടി രൂപയുടെ വരുമാനക്കുറവാണുണ്ടായത്. ......(ബഹളം)......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ദിവസേനയുള്ള കളക്ഷൻ നോക്കണം. ......(ബഹളം)......

മി. സ്പീക്കർ: മിനിസ്റ്റർ, അങ്ങ് സംസാരിക്കു.

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, എല്ലാം നോക്കുന്നുണ്ട്. ആറ് കോടി രൂപയുടെ കുറവുണ്ടായി. സെസ് വർദ്ധിപ്പിച്ചു എന്നുള്ളത് സമ്മതിച്ചു. നേരത്തെ ശ്രീ. എം. വിൻസെന്റ് പറഞ്ഞതിന്റെ മറുപടി അതാണ്. സെസ് കൂടിയപ്പോൾ ചാർജ് വർദ്ധിച്ചു. ചാർജ് വർദ്ധിച്ച ഒറ്റ കാരണം കൊണ്ട് പ്രതിദിനം ആളുകൾ കയറുന്നതിന്റെ എണ്ണം ഒരു ലക്ഷം കുറഞ്ഞു. അതാണ് കിലോമീറ്റർ കൂടിയിട്ടും എന്തുകൊണ്ട് വരുമാനം കൂടിയില്ല എന്ന് ശ്രീ. എം. വിൻസെന്റ് ചോദിച്ചതിന്റെ ഉത്തരം. ഒരു ലക്ഷം ആളുകൾ കെ.എസ്.ആർ.ടി.സി. ബസ്സിൽ കയറാതെ സ്വകാര്യ ബസ്സുകളിൽ കയറി. അതാണ് ഇവിടെയുണ്ടായത്. സെസ് ഇനത്തിൽ പണം കിട്ടിയെങ്കിലും ഇവിടെ വരുമാന ക്കുറവുണ്ടായി. ഡീസലിന്റെ വിലയിലുള്ള വ്യത്യാസം കൊണ്ടുമാത്രം ഒരു മാസം എത്ര വ്യത്യാസം വരുമെന്ന് എല്ലാവർക്കും അറിയാമല്ലോ. 10-12 കോടി രൂപയുടെ വ്യത്യാസം വരും. 12-ഉം 6-ഉം 18-ഉം കോടി രൂപയുണ്ടായിരുന്നെങ്കിൽ പെൻഷൻ കൊടുക്കാൻ ഒരു പ്രയാസവുമുണ്ടാകുമായിരുന്നില്ല. കൃത്യമായി പെൻഷൻ കൊടുക്കാമായിരുന്നു. ശ്രീ. കെ. ബി. ഗണേഷ് കുമാർ ഇവിടെ പറഞ്ഞതുപോലെ കെ.എസ്.ആർ.ടി.സി. ഭരിക്കുന്ന മന്ത്രിമാരും ഗവൺമെന്റുകളും ഏതോ ഒരു സ്ഥാപനം, ആരോ ചെയ്തുകൊള്ളട്ടെ, എന്തുവേണമെങ്കിലും ആയിക്കൊള്ളട്ടെ എന്ന രീതിയിലല്ല, ഒരു സ്ഥാപനം സാമൂഹ്യ പ്രതിബദ്ധത കാണിക്കുന്നത് ആ സ്ഥാപനത്തിന്റെ നിലനിൽപ്പിനെക്കൂടി കണ്ടുകൊണ്ടായിരിക്കണമെന്ന വസ്തുത വിസ്മരിച്ചിട്ട് കാര്യമില്ല. പതിനാറായിരം ബസ്സുകളിൽ സാധാരണ യാത്രക്കാർക്ക് ഡീസലിന് വില കുറഞ്ഞതിന്റെ ആനുകൂല്യം കഴിഞ്ഞ ഗവൺമെന്റ് നിഷേധിച്ചത് എന്തുകൊണ്ടാണ്; അവർക്കും കൊടുക്കണ്ടെ ഈ ആനുകൂല്യം; സ്വകാര്യ ബസുടമസ്ഥർക്കും ഈ ഡീസലിന്റെ ആനുകൂല്യം ലഭിച്ചിട്ടില്ലേ; കെ.എസ്.ആർ.ടി.സി. ഡീസൽ അടിക്കുന്ന പമ്പിൽ മാത്രമാണോ വില കുറഞ്ഞത്? ഡീസലിന്റെ വില എല്ലായിടത്തും കുറഞ്ഞു. അതിന് ഇവിടെ പറഞ്ഞതുപോലെ ഗൂഢാലോചനയാണെന്നൊന്നും ഞാൻ പറയുകയില്ല. കെ.എസ്.ആർ.ടി.സി.-യുടെ കാര്യം അങ്ങ് ആലോചിച്ച് ചെയ്യൂ. അത്രേയുള്ളൂ. അല്ലാതെ മറ്റെന്തെങ്കിലും ചെയ്യൂ എന്നൊന്നും ഞാൻ പറയുകയില്ല. ഈ സ്ഥാപനത്തിന്റെ നിലനിൽപ്പിനെക്കുറിച്ച് നാമെല്ലാം ഒരുപോലെ ആലോചിക്കുന്നില്ലെങ്കിൽ ഇത് എവിടെ ചെന്ന് നിൽക്കുമെന്ന് എന്നേക്കാൾ നല്ലതുപോലെ അറിയാവുന്ന ആളുകളാണ് അപ്പുറത്തിരിക്കുന്നത്. അതുകൊണ്ട് താല്ക്കാലികമായി ഒരു കയ്യടി കിട്ടാൻ നടപടികൾ സ്വീകരിക്കുന്ന നിലപാടല്ല വേണ്ടത്. ദയവായി കെ.എസ്.ആർ.ടി.സി.-യെ രക്ഷിച്ചെടുക്കണം. കാരണം ഇത് ജനങ്ങളുടെ ഒരു സ്ഥാപനമാണ്. അതുകൊണ്ടാണ് ഞങ്ങൾ പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് ഒരു ഉന്നതതല സംഘത്തെ നിയോഗിച്ചത്. സുശീൽ ഖന്ന ഇവിടെ വന്നില്ലേയെന്നും നേരത്തെ ഒരു റിപ്പോർട്ട് ഉണ്ടായില്ലേയെന്നും

ഇവിടെ ചോദിച്ചു. 2006 ആണെന്നാണ് ഇവിടെ പറഞ്ഞത്. എന്റെ ഓർമ്മ 2003 ആണെന്നാണ്. 2006 കഴിഞ്ഞിട്ട് പത്ത് വർഷം കഴിഞ്ഞു. അന്നത്തെ സ്ഥിതിയല്ല ഇന്നുള്ളത്. ഈ സ്ഥിതിയിൽ നിന്നുകൊണ്ട് കെ.എസ്.ആർ.ടി.സി.-യെ ഒരു മികച്ച സ്ഥാപനമാക്കി മാറ്റിയെടുക്കുന്നതിനുള്ള കൂട്ടായ ശ്രമമാണ് നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. തൊഴിലാളികളുടെയും എല്ലാവരുടെയും സഹകരണത്തോടുകൂടി ആ സ്ഥാപനത്തെ നിലനിർത്തണം. കാരണം നാല്പത്തി നാലായിരത്തോളം ജീവനക്കാരും നാല്പത്തി രണ്ടായിരത്തോളം പെൻഷൻകാരും അവരുടെ കുടുംബങ്ങളും ജനങ്ങളും ആശ്രയിക്കുന്ന ഒരു സ്ഥാപനമാണിത്. പോപ്പുലാരിറ്റിക്കുവേണ്ടി നടപടികൾ സ്വീകരിച്ച് ആ സ്ഥാപനത്തെ കൊല്ലാക്കൊല ചെയ്യുന്ന നിലപാടാണോ സ്വീകരിക്കേണ്ടത്? കർക്കശമായ നിലപാടിലൂടെ സ്ഥാപനത്തെ രക്ഷിച്ചെടുക്കാനാണ് ആലോചിക്കേണ്ടത്. അതിനുള്ള പിന്തുണയും സഹകരണവും നിങ്ങളെല്ലാവരും നൽകണമെന്നും ഈ ധനാഭ്യർത്ഥന അംഗീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ഞാൻ ചുരുക്കുന്നു.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, തല്ലലും തലോടലുമായി ധനാഭ്യർത്ഥന ചർച്ച മുന്നോട്ടുനീങ്ങിയത് സംസ്ഥാനത്തിന്റെ വികസനത്തിൽ ജനപ്രതിനിധികൾക്കുള്ള അതീവ താല്പര്യത്തെയാണ് സൂചിപ്പിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ വികസനത്തിന്റെ അടിസ്ഥാനം തദ്ദേശസ്ഥാപനങ്ങളുടെ വികസനമാണ്. എല്ലാ വികസനത്തിന്റെയും അടിത്തറ ഗ്രാമപ്രദേശങ്ങളിലും ഉൾപ്രദേശങ്ങളിലുമുണ്ടാകുന്ന വികസന പ്രവർത്തനങ്ങളാണ്. തദ്ദേശസ്ഥാപനങ്ങളെന്നു പറയുന്നത് 6 കോർപ്പറേഷനുകളും 87 മുനിസിപ്പാലിറ്റികളും 14 ജില്ലാ പഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 941 ഗ്രാമപഞ്ചായത്തുകളും ഉൾക്കൊള്ളുന്നതാണ്. ഓരോ വർഷവും പദ്ധതി വിഹിതത്തിന്റെ നാലിലൊരു ഭാഗം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കായി നീക്കിവയ്ക്കുന്നു. ഈ വർഷം ഏകദേശം 5000 കോടി രൂപയാണ് പദ്ധതി വിഹിതത്തിൽ നിന്ന് വിവിധ തദ്ദേശസ്ഥാപനങ്ങൾക്കായി നീക്കിവച്ചിട്ടുള്ളത്. കോർപ്പറേഷനുകൾക്ക് 540 കോടി രൂപയും മുനിസിപ്പാലിറ്റികൾക്ക് 744 കോടി രൂപയും ജില്ലാ പഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും 571 കോടി രൂപ വീതവും ഗ്രാമപഞ്ചായത്തുകൾക്ക് 2573 കോടി രൂപയുമാണ് നൽകിയിട്ടുള്ളത്. ഇതിനുപുറമേ ജനറൽ പർപ്പസ് ഫണ്ടായി സംസ്ഥാന സർക്കാർ 1233 കോടി രൂപയും മെയിന്റനൻസ് ഫണ്ടായി 1937 കോടി രൂപയും നല്കുന്നു. പഞ്ചായത്തുകളുടെ തനതു വരുമാനമായി ഈ വർഷം പ്രതീക്ഷിക്കുന്നത് ഏകദേശം 1000 കോടി രൂപയാണ്.

കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്രവിഹിതമായി 3400 കോടി രൂപയാണ് ഈ വർഷം ലഭിക്കുക. ഇങ്ങനെ മൊത്തം 12570 കോടി രൂപയാണ് തദ്ദേശസ്ഥാപനങ്ങളിലൂടെ വിനിയോഗിക്കപ്പെടാൻ പോകുന്നത്. കഴിഞ്ഞ നാലുമാസത്തിനിടയിൽ കുറച്ചുനേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. 'അലാവുദ്ദീന്റെ അത്ഭുതവിളക്കൊന്നും' ആരുടെ കൈയ്യിലും ഉണ്ടാകില്ല. ക്രിയാത്മകമായിട്ടുള്ള ഇടപെടലുകളിലൂടെ മെച്ചപ്പെട്ട വികസന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കാൻ നമുക്ക് സാധിക്കും. കേരളം വലിയ ഒരു നേട്ടം കൈവരിക്കുന്നതിന്റെ ആവേശത്തിലാണ് ഈ ധനാഭ്യർത്ഥന ചർച്ച ഇവിടെ നടത്തുന്നത്. ജനസാന്ദ്രതയുള്ള സംസ്ഥാനങ്ങളിൽ Open Defecation Free (ODF) ആയി പ്രഖ്യാപിക്കപ്പെടുന്ന ആദ്യസംസ്ഥാനമായി കേരളം മാറാൻ പോകുകയാണ്. കൊട്ടും കുരവയുമില്ലാതെ നടന്ന ഒരു മഹാവിപ്ലവമായിരുന്നു ഇത്. സംസ്ഥാനത്ത് രണ്ടു മാസത്തിനുള്ളിലാണ് ഒന്നേമുക്കാൽ ലക്ഷത്തോളം ടോയിലെറ്റുകൾ പണി കഴിപ്പിച്ചതെന്ന് ഓർക്കണം. 11 ജില്ലകൾ ഇതിനകം ഒ.ഡി.എഫ്. ആയി പ്രഖ്യാപിച്ചു കഴിഞ്ഞു. ഒരു ജില്ല മാത്രമാണ് ഇനി ഒ.ഡി.എഫ്. ആയി പ്രഖ്യാപിക്കാനുള്ളത്. ഒരാഴ്ചയ്ക്കുള്ളിൽ തന്നെ അതിന്റെ പ്രഖ്യാപനം നടക്കുമെന്ന് ഉറപ്പിച്ചു പറയാൻ കഴിയും. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശക്തമായിട്ടുള്ള നേതൃത്വം ഈ പദ്ധതിയുടെ വിജയത്തിന് ഉണ്ടായിട്ടുണ്ട് എന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പംതന്നെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, എൽ.എസ്.ജി.ഡി. ഉദ്യോഗസ്ഥന്മാർ ഇവരൊക്കെ സംസ്ഥാനത്തെ Open Defecation Free ആയി പ്രഖ്യാപിക്കുന്ന ഒരു വലിയ സംരംഭത്തിന്റെ ഭാഗഭാക്കായി എന്നുള്ളത് ഞാൻ ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം ഓർക്കുകയും ചരിത്രത്തിൽ തുല്യതയില്ലാത്ത അവരുടെ സേവനത്തെ മുക്തകണ്ഠം പ്രശംസിക്കാൻ ഈ വിലപ്പെട്ട സമയം ഉപയോഗപ്പെടുത്തുകയും ചെയ്യുകയാണ്. നവംബർ 1-ാം തീയതി അതിന്റെ പ്രഖ്യാപനം ഔദ്യോഗികമായി നടക്കും. ബഹുമാന്യനായ പ്രധാനമന്ത്രി ചടങ്ങിൽ പങ്കെടുക്കുമെന്നാണ് അറിയിച്ചിരുന്നത്. അദ്ദേഹത്തെ ഇപ്പോഴും ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. എന്തായാലും നവംബർ 1-ാം തീയതിയോടെ ഗ്രാമീണമേഖല Open Defecation Free ആവുകയാണ്. 2017 മാർച്ച് 1-ന് മുമ്പ് നഗരപ്രദേശങ്ങളും Open Defecation Free ആയി മാറും. തദ്ദേശസ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ ഓണറേറിയം ഇരട്ടിയാക്കി വർദ്ധിപ്പിച്ച് ഉത്തരവിറക്കാൻ ഈ സർക്കാരിന് സാധിച്ചു. കഴിഞ്ഞ സർക്കാർ ഉത്തരവിറക്കുന്നതിനുപകരം പ്രഖ്യാപനം മാത്രം നടത്തുകയാണ് ചെയ്തത്. എന്നാൽ ഈ ഗവൺമെന്റ് മുൻകാല പ്രാബല്യത്തോടുകൂടി ഉത്തരവിറക്കുകയും അവർക്ക് ഇപ്പോൾ വർദ്ധിപ്പിച്ച ഓണറേറിയം ലഭിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള ആഹ്ളാദകരമായ സന്ദർഭവും കൂടിയാണ് ഡിമാൻഡ് ഡിസ്കഷനിൽ നടക്കുന്നത്. പല കാരണങ്ങളാൽ നമ്പരിട്ട്

നൽകാത്ത 1500 സ്ക്വയർ ഫീറ്റ് വരെയുള്ള വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് വൈദ്യുതി ഡിപ്പാർട്ടുമെന്റിനോട് അഭ്യർത്ഥിക്കുകയും അതുമായി ബന്ധപ്പെട്ട ഉത്തരവ് ഇലക്ട്രിസിറ്റി ബോർഡിന് നൽകുകയും ചെയ്തു. 2015 നവംബർ-1-ന് നഗരവകുപ്പിനുകീഴിൽ നിലവിൽ വന്ന 28 പുതിയ മുനിസിപ്പാലിറ്റികളിൽ വിവിധ വിഭാഗങ്ങളിലായി 1317 പുതിയ തസ്തികകൾ സൃഷ്ടിച്ചു. പുതിയ നഗരസഭകൾക്ക് ഇതൊരു വലിയ ആശ്വാസമാണ്. നഗരസഭകളിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിച്ച് 17-8-2016-ന് ഉത്തരവ് പുറപ്പെടുവിച്ചു. നമ്മുടെ നഗരപ്രദേശങ്ങളെ ശുദ്ധമാക്കുന്നതിൽ വളരെ വലിയ പങ്കു വഹിക്കുന്നവരാണ് ശുചിത്വത്തൊഴിലാളികൾ. അവരെ ആരും ഗൗനിച്ചിരുന്നില്ല. കണ്ടിജന്റ് ജീവനക്കാർക്ക് പൂർണ്ണമായ ശമ്പള സ്കെയിൽ അനുവദിക്കുന്നത് ചരിത്രത്തിൽ ഇതാദ്യമാണ്. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികൾക്ക് ലഭ്യമായിരുന്ന വിദ്യാഭ്യാസാനുകൂല്യങ്ങൾ ശുചിത്വത്തൊഴിലാളികളുടെ മക്കൾക്കുംകൂടി ലഭ്യമാക്കുവാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ശുചീകരണ തൊഴിലാളികൾക്ക് ഭവനനിർമ്മാണത്തിനായി കുറഞ്ഞ പലിശയ്ക്ക് KURDFC മുഖേന 10 കോടി രൂപ വായ്പയായി നല്കുന്നതിനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി 300 അപേക്ഷകൾ ഇതിനകം ലഭിച്ചുകഴിഞ്ഞു. ഇതുപ്രകാരം 150 പേർക്ക് ഈ വർഷം വീടുകൾ നല്കാൻ കഴിയും. കുറ്റമറ്റ കെട്ടിട പെർമിറ്റിനുള്ള അപേക്ഷകൾ ഓൺലൈനിൽ സ്വീകരിക്കാനുള്ള സംവിധാനത്തോടെ സോഫ്റ്റ്‌വെയർ സംസ്ഥാനത്ത് നടപ്പിലാക്കാൻ പോകുകയാണ്. കെട്ടിട നിർമ്മാണത്തിനുള്ള അപേക്ഷ നൽകിയാൽ അതുമായി ബന്ധപ്പെട്ട് നമുക്കൊരു ഉത്തരം കിട്ടുന്നതിനുവേണ്ടി വർഷങ്ങളെടുക്കുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിനു വേണ്ടിയാണ് 'സങ്കേതം' എന്ന ഇപ്പോഴത്തെ സംവിധാനം. അതിൽ ഏത് അപേക്ഷയും അപ്‌ലോഡ് ചെയ്യാൻ കഴിയും. എന്നാൽ പുതിയതായി ഉണ്ടാക്കാൻ പോകുന്ന സംവിധാനത്തിൽ കുറ്റമറ്റ രീതിയിലാണ് അപേക്ഷ നല്കുന്നതെങ്കിൽ മാത്രമേ അത് അക്സെപ്റ്റ് ചെയ്യുകയുള്ളൂ. അങ്ങനെ അക്സെപ്റ്റ് ചെയ്താൽ തീർച്ചയായും പെർമിറ്റ് പെട്ടെന്ന് നൽകുവാൻ കഴിയും. അങ്ങനെയൊരു പദ്ധതി പൈലറ്റ് പ്രോജക്ടായി നടപ്പിലാക്കുന്നതിന് കോഴിക്കോട് നഗരത്തെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. PMAY പദ്ധതിയിൽ വീട് നൽകുന്നതിന് കേരളത്തിലെ എല്ലാ നഗരങ്ങളെയും ഉൾപ്പെടുത്താൻ ഈ സർക്കാരിന് സാധിച്ചു. നേരത്തെ 20 നഗരങ്ങളാണ് ഉൾപ്പെടുത്തിയിരുന്നതെങ്കിൽ ഇപ്പോൾ 93 നഗരങ്ങൾക്കൂടി അതിൽ ഉൾപ്പെടുത്തിക്കൊണ്ട് PMAY പദ്ധതിയിലൂടെ വീടുനിർമ്മാണവുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിന്റെ സഹായം ലഭ്യമായിരിക്കുകയാണ്. നഗരങ്ങളിൽ താമസിക്കുന്ന നഗരാതിർത്തിയിൽ ഭൂമിയില്ലാത്ത തൊട്ടടുത്ത പഞ്ചായത്തിൽ ഭൂമിയുള്ള നിരവധി

കുടുംബങ്ങളുണ്ട്. അത്തരം കുടുംബങ്ങൾക്ക് തൊട്ടടുത്ത പഞ്ചായത്തിൽ ഭൂമിയുണ്ടെങ്കിൽ അവർക്കും PMAY പദ്ധതിപ്രകാരം വീടു നല്കാൻ തത്വത്തിൽ ബഹുമാന്യനായ കേന്ദ്രനഗരകാര്യമന്ത്രി ശ്രീ. വെങ്കയ്യനായിഡു സമ്മതിച്ച കാര്യവും ഞാൻ ഈ സന്ദർഭത്തിൽ നന്ദിപൂർവ്വം ഓർമ്മിക്കുകയാണ്. PMAY പദ്ധതി അർബനിൽ പരിഗണിക്കുമെന്നും അദ്ദേഹം അറിയിക്കുകയുണ്ടായി. കഴിഞ്ഞ ദിവസം അദ്ദേഹത്തെ കൊച്ചിയിൽ വച്ച് കണ്ടപ്പോൾ ഞാൻ ഈ കാര്യം പറയുകയും ഉടൻതന്നെ അദ്ദേഹം ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരെ വിളിച്ച് ഒഫീഷ്യലായി ആ കാര്യം സംസ്ഥാന ഗവൺമെന്റിനെ ഉടൻ അറിയിക്കണമെന്ന് പറയുകയും ചെയ്തതിന്റെ പശ്ചാത്തലത്തിലാണ് ഇങ്ങനെ ഒരു അറിയിപ്പ് ലഭിച്ചിരിക്കുന്നത്. ഗ്രാമവികസന വകുപ്പിന്റെ ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥായിയായ പ്രവൃത്തികൾ ആദ്യമായി സംസ്ഥാനത്ത് വ്യാപകമായി നടപ്പിലാക്കുന്നതിന് ഈ സർക്കാർ തീരുമാനിക്കുകയുണ്ടായി. പൈലറ്റ് പ്രോജക്ടിനായി 27 ബ്ലോക്കുകളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. കാര്യങ്ങൾ വളരെ ഭംഗിയായി മുന്നോട്ടുപോകുകയാണ്. വരും വർഷങ്ങളിൽ എല്ലാ ബ്ലോക്കുകളിലും ഈ പദ്ധതി നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ അസെറ്റ് ക്രിയേഷൻ വളരെ അപൂർവ്വമായിട്ടേ നമ്മുടെ സംസ്ഥാനത്ത് നടന്നിട്ടുള്ളൂ. മറ്റു പല സംസ്ഥാനങ്ങളിലും വർഷങ്ങൾ കഴിഞ്ഞാലും ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഒട്ടനവധി പദ്ധതികൾ നടപ്പിലാക്കാൻ അവർക്ക് കഴിഞ്ഞു. എന്നാൽ മൂന്നുമാസം കഴിഞ്ഞാൽ ദേശീയ തൊഴിലുറപ്പ് പദ്ധതിക്കാർ എന്തുചെയ്തു എന്ന ചോദ്യത്തിന് വ്യക്തമായി ചൂണ്ടി കാണിക്കാൻ ഒരു പദ്ധതിപോലും നമ്മുടെ സംസ്ഥാനത്തില്ല എന്നുതന്നെ പറയാം. കേരളത്തിൽ ദേശീയ തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് സർക്കാർ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് ഉടമസ്ഥാവകാശം പരിഗണിക്കാതെ ജലാശയങ്ങളുടെ സംരക്ഷണം, കാവുകളുടെ സംരക്ഷണം, വ്യാപകമായി തോടുകളിലും പുഴകളിലും ചെക്ക് ഡാമുകൾ നിർമ്മിക്കുക എന്നിങ്ങനെയുള്ള അസെറ്റ് ക്രിയേഷനിൽ ഊന്നിയിട്ടുള്ള പ്രവർത്തനമാണ്. ഈ വർഷം PMAY-ൽ 24,341 വീടുകൾ പുതിയതായി അനുവദിക്കുകയുണ്ടായി. മുൻവർഷങ്ങളിൽ പൂർത്തീകരിക്കാതിരുന്ന 17,904 വീടുകൾ പൂർത്തീകരിച്ചു. 167.44 കിലോമീറ്റർ ദൈർഘ്യം വരുന്ന 57 റോഡുകൾ PMGSY പദ്ധതിയിൽ പൂർത്തീകരിച്ചു. 373 കിലോമീറ്റർ വരുന്ന 96 റോഡുകളുടെ പ്രൊപ്പോസൽ കേന്ദ്രത്തിന് സമർപ്പിച്ചു. തത്വത്തിൽ കേന്ദ്രം ഇത് അംഗീകരിച്ചിട്ടുണ്ട്. പ്രധാനമന്ത്രി കൃഷി സിൻഞ്ചയി യോജനയിൽ ഭാരതപ്പുഴയുടെ നീർത്തട പ്രദേശങ്ങൾ ഉൾപ്പെട്ട 64 ചെറുതീരങ്ങളുടെ പരിപാലനത്തിനായി കർമ്മപദ്ധതികൾ തയ്യാറാക്കി മുന്നോട്ടുപോകുകയാണ്. പഞ്ചായത്ത് വകുപ്പിൽ കുടുംബശ്രീ മുഖേന സർവ്വേ നടത്തി 36.5 ലക്ഷം ആളുകളെ

കണ്ടെത്തി അവരുടെ വീടുകളിൽ പെൻഷൻ എത്തിക്കാനുള്ള സംവിധാനം ഒരുക്കുകയുണ്ടായി. ഉൽപ്പാദന മേഖലയ്ക്ക് 20 ശതമാനം നീക്കിവയ്ക്കണമെന്ന് നിഷ്കർഷിച്ചു. 10 ശതമാനം മാലിന്യ സംസ്കരണ സംവിധാനത്തിനായി ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനവും നൽകണമെന്ന നിബന്ധന വച്ചു. ഭക്ഷ്യസുരക്ഷ ലക്ഷ്യമാക്കി നെൽവിത്തിന് 100 ശതമാനം സബ്സിഡി തദ്ദേശ സ്ഥാപനങ്ങൾ പ്രഖ്യാപിച്ചു. ഭവന നിർമ്മാണം ഒഴികെയുള്ള ഗുണഭോക്തൃ ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ജനറൽ വിഭാഗത്തിന് ഒരു ലക്ഷം രൂപയും പട്ടികജാതി വിഭാഗത്തിന് ഒന്നര ലക്ഷം രൂപയുമാക്കി ഉയർത്തി. പട്ടികവർഗ്ഗ വിഭാഗത്തിന് വരുമാന പരിധി വേണ്ടെന്നും തീരുമാനിച്ചു. 60 പിന്നോക്ക ഗ്രാമപഞ്ചായത്തുകൾക്ക് രണ്ടുകോടി രൂപ വീതം കെ.എൽ.ജി.എസ്.ഡി.പി. അധിക പ്രത്യേക ധനസഹായം അനുവദിച്ചു. അതിന്റെ ആദ്യ ഗഡു നൽകിക്കഴിഞ്ഞു. രണ്ടാം ഗഡു ബാങ്കിൽ വന്നുകഴിഞ്ഞിട്ടുണ്ട്. തൊട്ടടുത്ത ദിവസം തന്നെ ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് നൽകും.

തെരുവുനായ്ക്കളുടെ ശല്യം തടയുന്നതിന് എ.ബി.സി. പ്രോഗ്രാമുകൾക്ക് നിർബന്ധമായും തുക നീക്കിവയ്ക്കണമെന്ന് തദ്ദേശ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 5 വർഷം കൊണ്ട് തെരുവുനായ്ക്കൾ ഇല്ലാത്ത ഒരു സംസ്ഥാനമായി കേരളത്തെ രൂപീകരിച്ചെടുക്കുക എന്ന വലിയൊരു സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് എല്ലാവരുടെയും സഹായ സഹകരണങ്ങൾ അഭ്യർത്ഥിക്കുകയാണ്. അങ്കണവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും വർദ്ധിപ്പിച്ച ഓണറേറിയത്തിന്റെ 50 ശതമാനം തുക ഗവൺമെന്റ് നൽകി. ബാക്കി 50 ശതമാനം തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാർ 100 ശതമാനവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നൽകണമെന്ന് തീരുമാനിച്ചിരുന്നു. എന്നാൽ 50 ശതമാനമാക്കി അതിന്റെ ഭാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ ഗവൺമെന്റ് കുറച്ച് നൽകുകയുണ്ടായി. എന്നിട്ടുപോലും പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഇതിനായി പണം നീക്കിവയ്ക്കാൻ വിമുഖത കാണിച്ചപ്പോൾ, ഈ 50 ശതമാനം തുക (വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ശമ്പളത്തിലേയ്ക്കുള്ളത്) നീക്കിവയ്ക്കാത്ത പഞ്ചായത്തുകളുടെ പദ്ധതികൾ അംഗീകരിക്കേണ്ടതില്ല, അത് തിരിച്ചയയ്ക്കണമെന്ന കർശന നിർദ്ദേശം ഡി.പി.സി.-ക്ക് നൽകുകയും ചെയ്തു.

എസ്.ഐ.ആർ.ഡി., മൂന്ന് എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവ കൂട്ടിയോജിപ്പിച്ചുകൊണ്ട് കിലയെ ഒരു ഇന്റർനാഷണൽ എക്സലന്റ് ട്രെയിനിംഗ് സെന്ററാക്കി ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങളുമായി മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്.

വരാൻ പോകുന്ന രൂക്ഷമായ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കേരളത്തിലെ 241 പഞ്ചായത്തുകളിൽ സമ്പൂർണ്ണ കിണർ റീചാർജിംഗ് പദ്ധതിക്ക് തുടക്കമായിക്കഴിഞ്ഞു. ഇതനുസരിച്ച് 4,65,000-ത്തോളം വരുന്ന കിണറുകളാണ് റീ ചാർജ് ചെയ്യപ്പെടാൻ പോകുന്നത്. അതിന്റെ ആദ്യം ഓരോ നിയോജകമണ്ഡലത്തിലും ഒരു പഞ്ചായത്ത് എന്ന വിധത്തിൽ 141 പഞ്ചായത്തുകളിലാണ് നടപ്പിലാക്കാൻ പോകുന്നത്. രണ്ടാം ഘട്ടത്തിലാണ് രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന മറ്റ് 100 പഞ്ചായത്തുകളെ കൂടി ഉൾപ്പെടുത്തി ഈ പദ്ധതി മുന്നോട്ടുകൊണ്ടുപോകാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. സേവനവും സാമഗ്രികളും ഉൾപ്പെടെ 8,000 രൂപയാണ് ഇതിനായി ആദ്യഘട്ടത്തിൽ ഓരോ കിണറുടമയ്ക്കും നൽകാൻ ആഗ്രഹിക്കുന്നത്.

നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെക്കുറിച്ചുകൂടി പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട അംഗങ്ങൾ ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിലേയ്ക്ക് കടക്കാമെന്നാണ് ഞാൻ ഉദ്ദേശിക്കുന്നത്.

എല്ലാവർക്കും വീട് എന്നുള്ളത് നമ്മുടെ നാട്ടിലെ ഓരോരുത്തരുടെയും സ്വപ്നമാണ്. കിടന്നുറങ്ങാൻ ഒരു വീട് അതാണ് എല്ലാവരുടെയും എക്കാലത്തെയും വലിയ സ്വപ്നം. ആ സ്വപ്നം സാക്ഷാത്കരിക്കാൻ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ ഇ.എം.എസ്. ഭവന പദ്ധതി കൊണ്ടുവരികയുണ്ടായി. 112000-ത്തോളം വീടുകൾ അന്ന് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിർമ്മിച്ച് നൽകി. ഈ പ്രാവശ്യം എല്ലാവർക്കും വീട് എന്നുള്ളത് അതിന്റെ സമ്പൂർണ്ണതയിൽ പൂർത്തീകരിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതിനായി ഗവൺമെന്റ് സംസ്ഥാന പാർപ്പിട മിഷൻ രൂപീകരിച്ച് കഴിഞ്ഞു. ഏതാണ്ട് 6 ലക്ഷത്തോളം ആളുകളാണ് നമ്മുടെ സംസ്ഥാനത്ത് പാർപ്പിടമില്ലാത്തവരായുള്ളതെന്ന് പ്രാഥമിക കണക്കുകൾ വ്യക്തമാക്കുന്നു. നാല് വിഭാഗത്തെയാണ് ഇതിൽ ഉൾപ്പെടുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഭൂമിയും വീടും ഇല്ലാത്ത ആളുകൾ, ഭൂമി ഉണ്ടായിട്ടും വീടില്ലാത്ത ആളുകൾ, പല സർക്കാർ വിഹിതവും വാങ്ങി വീടിന്റെ പണി ആരംഭിച്ചെങ്കിലും പൂർത്തീകരിക്കാൻ കഴിയാത്തവർ, കിടന്നുറങ്ങാൻ ആളുകൾക്ക് ഇന്നും സൗകര്യമില്ലാത്ത അവസ്ഥ. അത്തരത്തിലുള്ള ആളുകളെയും വിഭാഗത്തെയും ഇതിൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയാണ് സമ്പൂർണ്ണ പാർപ്പിട മിഷന്റെ ചെയർമാൻ. വളരെ നല്ല രീതിയിൽ തന്നെ ഒ.ഡി.എഫ്. ആയി സംസ്ഥാനം പ്രഖ്യാപിക്കപ്പെട്ടതുപോലെ കൊട്ടും കുരവയും ഇല്ലാതെ 5 വർഷം കഴിയുമ്പോൾ 6 ലക്ഷത്തോളം വരുന്ന ആളുകൾക്ക് സമ്പൂർണ്ണ ഭവന പദ്ധതി എന്ന സ്വപ്നം യാഥാർത്ഥ്യമാക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഴിമതിയും കെട്ടുകാര്യസ്ഥതയും തടയുന്നതിനുവേണ്ടി ചരിത്രത്തിൽ ആദ്യമായി ഒരു വെബ്സൈറ്റ് തുടങ്ങുവാൻ തദ്ദേശ സ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. 'ഫോർ ദി പീപ്പിൾ' എന്നാണ് ഈ വെബ്സൈറ്റിന് നൽകിയിട്ടുള്ള പേര്. നവംബർ ആദ്യ വാരത്തോടുകൂടി ഇത് പ്രവർത്തനക്ഷമമാക്കുവാൻ കഴിയും. ഏതെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ ഏതെങ്കിലും ആളുകളോട് കൈക്കൂലി ചോദിക്കുകയോ അല്ലെങ്കിൽ അഴിമതിക്ക് സഹായകമായിട്ടുള്ള പശ്ചാത്തലം ഒരുക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ അതിന്റെ വീഡിയോ ക്ലിപ്പിംഗുകളോ ആഡിയോ ക്ലിപ്പിംഗുകളോ ഈ വെബ്സൈറ്റിൽ അവർക്ക് അപ് ലോഡ് ചെയ്യാവുന്നതാണ്. .... (ബഹളം)...

മി. സ്പീക്കർ: അങ്ങ് പറയൂ.

ഡോ. കെ. ടി. ജലീൽ: സർ, പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് ഒരു പക്ഷെ അതിനെക്കുറിച്ച് ആലോചിക്കാൻ പോലും കഴിയില്ലായിരിക്കും. കാരണം അഴിമതിയിൽ മുങ്ങിക്കുളിച്ച് നിൽക്കുന്നവർക്ക് അഴിമതി മുക്തിയെക്കുറിച്ച് പറഞ്ഞാൽ അവർക്കത് tolerate ചെയ്യാൻ പറ്റണമെന്നില്ല. വളരെ ഫലവത്തായി നമുക്കിത് മുന്നോട്ട് കൊണ്ടുപോകാൻ കഴിയും. തിരുവനന്തപുരം കോർപ്പറേഷൻ അഴിമതിമുക്തമായി മുന്നോട്ടുപോകണമെന്ന നിശ്ചയദാർഢ്യം ഗവൺമെന്റിനുള്ളതുകൊണ്ടാണ് ഒരാളും പരാതി നൽകാതെ ഒരു പത്രത്തിൽ വന്ന വാർത്തയുടെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം കോർപ്പറേഷനിലെ ഒരു ക്ലാർക്ക് രണ്ടുലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന വാർത്ത പുറത്തുവന്നപ്പോൾ ഞങ്ങൾ ആ പത്രവാർത്ത ഫയൽ ആയി സ്വീകരിച്ചുകൊണ്ട് അന്വേഷണം പോലും നടത്താതെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സസ്പെന്റ് ചെയ്തത്. സസ്പെന്റ് ചെയ്തതിനുശേഷം അന്വേഷണം. അങ്ങനെ തന്നെയാകും ഇനി. തെളിവോടുകൂടി ഒരു കാര്യം ബോധ്യപ്പെട്ടാൽ ആദ്യം സസ്പെൻഷൻ, പിന്നീട് അന്വേഷണം. അതുതന്നെയാണ് സർക്കാർ ഇനിയും ഭാവിയിൽ നടത്താൻ ഉദ്ദേശിക്കുന്നത്. ഒരു കാര്യം കൂടി നിങ്ങളുമായി പങ്കുവയ്ക്കാൻ ആഗ്രഹിക്കുകയാണ്. ഒരു സ്ഥലത്തുനിന്നും ഒരാൾ എന്നെ വിളിച്ചു പറഞ്ഞു, ബേക്കറി സാധനങ്ങൾ ഉണ്ടാക്കുന്ന ഒരു യൂണിറ്റിന്റെ ലൈസൻസ് നൽകാൻ പതിനായിരം രൂപ ഒരു സെക്രട്ടറി കൈക്കൂലി ചോദിച്ചുവെന്ന്. ഞാൻ ആ സെക്രട്ടറിയുടെ നമ്പർ വാങ്ങുകയും ഇക്കാര്യം ചെയ്തിട്ടുണ്ടോയെന്ന് വിളിച്ചു ചോദിക്കുകയും ചെയ്തു. പിറ്റേദിവസം രാവിലെ ആ 10000 രൂപയുമായി കൊടുത്ത ആളിന്റെ വീട്ടിൽ സെക്രട്ടറി എത്തുകയും എനിക്കെതിരെ എന്തെങ്കിലും തരത്തിലുള്ള നടപടി എടുക്കരുതെന്നും ആത്മഹത്യ ചെയ്യേണ്ടിവരുമെന്നും പറഞ്ഞു, പലരേയും കണ്ട് അപേക്ഷിക്കുകയും ചെയ്തു. ഇത് എല്ലാവർക്കും ഒരു മുന്നറിയിപ്പാണ്. ഇത്തരത്തിലുള്ള അഴിമതി നടത്തുന്നവരോട് ഒരു തരത്തിലുള്ള മൃദു സമീപനവും ഗവൺമെന്റ് പുലർത്തുകയില്ല. പരിണിതപ്രജ്ഞനായിട്ടുള്ള തിരുവഞ്ചൂർ രാധാകൃഷ്ണന് ഒരു പക്ഷെ ഇതൊക്കെ കേൾക്കുമ്പോൾ കുറച്ച് ബുദ്ധിമുട്ട് തോന്നിയേക്കാം.

മി. സ്പീക്കർ: ചെയറിനോട് സംസാരിച്ചാൽ മതി.

ഡോ. കെ. ടി. ജലീൽ: സർ, അവനവന് മനസ്സിൽ ആഗ്രഹമുള്ളത് എന്നാൽ ചെയ്യാൻ കഴിയാത്തത് മറ്റുള്ളവർ ചെയ്യുമ്പോൾ ആക്ഷേപിക്കാതിരിക്കാനുള്ള സാമാന്യ മര്യാദയെങ്കിലും അങ്ങയെപ്പോലൊരാൾ കാണിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

വിവിധ കാരണങ്ങളാൽ നിർമ്മാണം പൂർത്തിയായ നിരവധി വീടുകൾക്ക് നമ്പർ ലഭിക്കാത്ത സാഹചര്യം നാട്ടിൽ വലിയ ബുദ്ധിമുട്ടാണ് ഉണ്ടാക്കിക്കൊണ്ടിരിക്കുന്നത്. ഇവിടെ ഇരിക്കുന്ന ഓരോ ജനപ്രതിനിധിയും നമ്പർ കിട്ടാത്ത ആളുകളുടെ കണ്ണീരും പ്രയാസവും നേരിട്ട് അനുഭവിച്ചിട്ടുണ്ടാകുമെന്ന് ഞാൻ മനസ്സിലാക്കുന്നു. അതിന് ശാശ്വതമായൊരു പരിഹാരമുണ്ടാക്കാൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഉദ്ദേശിക്കുന്നു. നിർമ്മാണം പൂർത്തിയായിട്ടുള്ള എല്ലാ വീടുകൾക്കും നമ്പരിട്ടുകൊടുത്ത് റെഗുലറൈസ് ചെയ്യുന്നതിനുള്ള ഒരു പദ്ധതിയാണ് ഈ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. ഇതനുസരിച്ച് 750 സ്ക്വയർഫീറ്റ് വരെയുള്ള വീടുകൾക്ക് ഫൈൻ ഈടാക്കാതെ നമ്പർ നൽകും. പിഴ ചുമത്തി നമ്പരിട്ട് നൽകാൻ താഴെപ്പറയുംവിധമാണ് തീരുമാനിച്ചിട്ടുള്ളത്. 750 മുതൽ 1000 സ്ക്വയർഫീറ്റ് വരെ 2,000 രൂപ പിഴ ഈടാക്കി നമ്പർ നൽകും. 1000-നു മുകളിൽ 1250 സ്ക്വയർഫീറ്റ് വരെ 10,000 രൂപയും 1250-നു മുകളിൽ 1500 സ്ക്വയർ ഫീറ്റ് വരെ 20,000 രൂപയും 1500-നു മുകളിൽ 2000 സ്ക്വയർ ഫീറ്റ് വരെ 50,000 രൂപയും 2000-ത്തിനു മുകളിൽ 2500 സ്ക്വയർ ഫീറ്റ് വരെ 1,00,000 രൂപയും 2500-നു മുകളിൽ 3000 സ്ക്വയർഫീറ്റ് വരെ 5,00,000 രൂപയും 3000-ത്തിനു മുകളിൽ 10,00,000 രൂപയും തദ്ദേശസ്ഥാപനങ്ങൾ ഫൈൻ ഈടാക്കി ഈ വീടുകൾക്ക് നമ്പർ നൽകും. സമ്പൂർണ്ണ ഭവന പദ്ധതിയെ സംബന്ധിച്ച് നമ്മൾ ആലോചിക്കുമ്പോൾ നിർമ്മാണം കഴിഞ്ഞ വീട്ടിലൊന്ന് കിടന്നുറങ്ങാനുള്ള സാഹചര്യമൊരുങ്ങാതെ വിഷമിക്കുന്ന ആളുകളുടെ ബുദ്ധിമുട്ട് കാണാതെ പോകരുതെന്ന് സർക്കാരിനുള്ളതുകൊണ്ടാണ് ഇത്തരമൊരു തീരുമാനത്തിലേക്ക് തദ്ദേശസ്വയംഭരണ വകുപ്പ് നീങ്ങിയത്.

പഞ്ചായത്ത്-ഗ്രാമ-നഗര എഞ്ചിനീയറിംഗ് വിഭാഗങ്ങളിൽ പ്രവർത്തിക്കുന്ന മുഴുവൻ ജീവനക്കാരെയും ഒരു കോമൺ സർവ്വീസിന്റെ ഭാഗമാക്കാൻ ഉതകുന്ന നിയമനിർമ്മാണം സംസ്ഥാനത്ത് നടത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. അടുത്ത നിയമസഭാ സമ്മേളനത്തിൽ ഇതുമായി ബന്ധപ്പെട്ട നിയമനിർമ്മാണം കൊണ്ടുവരാനാണ് ആഗ്രഹിക്കുന്നത്. നിലവിൽ നഗര-ഗ്രാമ പ്രദേശങ്ങൾക്ക് ഒരൊറ്റ കെട്ടിട നിയമമേയുള്ളൂ. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും പഞ്ചായത്തുകളിലും ഒരേ നിയമമാണ്

നിലനിൽക്കുന്നത്. ഇതുകൊണ്ട് ഒരുപാട് പ്രായോഗിക ബുദ്ധിമുട്ടുകൾ ഉണ്ടെന്ന് ധാരാളം ആളുകൾ പറയുകയുണ്ടായി. ഇതനുസരിച്ച് മറ്റ് പല സംസ്ഥാനങ്ങളിലും ഉള്ളതുപോലെ കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും പഞ്ചായത്തുകൾക്കും വ്യത്യസ്തമായിട്ടുള്ള കെട്ടിട നിയമം ഉണ്ടാക്കുന്നതിനുള്ള സാധ്യതയെ സംബന്ധിച്ച് പഠിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് മൂന്ന് കമ്മിറ്റികളെ മൂന്ന് കാര്യങ്ങളുടെ ഉത്തരവാദിത്തം ഏൽപ്പിച്ചുകൊണ്ട് ഇതിനകം തീരുമാനമെടുത്തിട്ടുണ്ട്. അവരുടെ റിപ്പോർട്ട് കിട്ടിയാൽ ഉടൻതന്നെ ഇതുമായി ബന്ധപ്പെട്ട കാര്യത്തിൽ അന്തിമ തീരുമാനമെടുത്ത് ഗവൺമെന്റ് മുന്നോട്ടുപോകണമെന്നാണ് ആഗ്രഹിക്കുന്നത്. ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം അടുത്ത സാമ്പത്തികവർഷം കുറ്റമറ്റരീതിയിൽ നടപ്പിലാക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. ഇക്കാലമത്രയും ഒമ്പത് മാസം പദ്ധതി രൂപീകരണത്തിനും മൂന്ന് മാസം പദ്ധതി നിർവ്വഹണത്തിനുമെന്നുള്ളതായിരുന്നു സ്ഥിതി. ഇതിനൊരു മാറ്റം വരുത്തി മൂന്ന് മാസംകൊണ്ട് പദ്ധതി രൂപീകരിച്ച് ഒൻപത് മാസം പദ്ധതിയുടെ നിർവ്വഹണത്തിനായി അനുവദിക്കുന്ന ഒരു സാഹചര്യം ഒരുക്കുക എന്നുള്ളതാണ് പ്രത്യേകമായി ലക്ഷ്യമിടുന്നത്.

അപാകതകളില്ലാത്ത വീടുനിർമ്മാണ അപേക്ഷയിന്മേൽ വൺഡേ പെർമിറ്റ് സിസ്റ്റം ആരംഭിക്കാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നുണ്ട്. കാലാന്തരത്തിൽ മറ്റ് നിർമ്മാണ മേഖലകളിലേയ്ക്കുകൂടി ഇത് വ്യാപിപ്പിക്കുവാൻ ശ്രമിക്കുന്നതാണ്. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത തദ്ദേശ സ്ഥാപനങ്ങൾക്ക് ആസ്ഥാന മന്ദിരങ്ങൾ നിർമ്മിക്കുന്ന തിനാവശ്യമായ സഹായം ഗവൺമെന്റ് നൽകും. മാലിന്യ സംസ്കരണത്തിന് ഫലവത്തായ സംവിധാനങ്ങൾ കേന്ദ്രീകൃതമായും വികേന്ദ്രീകൃതമായും ഗവൺമെന്റ് ആവിഷ്കരിക്കും. ആശ്രയ പദ്ധതി വ്യാപിപ്പിക്കുകയും കുടുംബശ്രീയെ ലോകോത്തര മാതൃകയാക്കി ഉയർത്തുകയും ചെയ്യും. സംസ്ഥാനത്താദ്യമായി കുടുംബശ്രീയെ ഉപയോഗിച്ച് സംസ്ഥാനത്തെ പ്രവാസികളുടെ കണക്കെടുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. കാട്ടിലെ പുലികളുടെയും ആനകളുടെയും കണക്കുകളെല്ലാം ഗവൺമെന്റിന്റെ കയ്യിലുണ്ടെങ്കിലും ഓരോ വർഷവും കോടിക്കണക്കിന് രൂപ വിദേശനാണ്യം നേടിത്തരുന്ന പ്രവാസികളുടെ കണക്ക് മാത്രം ഇല്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് പ്രവാസികൾക്കായി ധാരാളം ക്ഷേമ പദ്ധതികൾ പ്രഖ്യാപിച്ചത്. കുടുംബശ്രീയെ ഉപയോഗിച്ചുകൊണ്ട് സംസ്ഥാനത്തെ പ്രവാസികളുടെ കണക്കെടുപ്പ് ആരംഭിക്കാൻ പോവുകയാണ്.

ഈ വകുപ്പിന്റെ ചർച്ചയുമായി ബന്ധപ്പെട്ട് ഭരണ-പ്രതിപക്ഷ ഭേദമന്യേ അഭിപ്രായ പ്രകടനങ്ങളും വിമർശനങ്ങളും ഉന്നയിക്കുകയുണ്ടായി. കൊച്ചിയെ മാത്രമാണ് സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഇപ്പോൾ

തിരുവനന്തപുരത്തേയും ഉൾപ്പെടുത്തിയിട്ടുണ്ട്. സ്മാർട്ട് സിറ്റി പദ്ധതിയുടെ മുഴുവൻ തുകയും കേന്ദ്രസർക്കാരാണ് വഹിക്കുന്നതെന്നാണ് ചില ആളുകൾ തെറ്റിദ്ധരിച്ചിരിക്കുന്നത്. സ്മാർട്ട് സിറ്റി മിഷനിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന പട്ടണത്തിൽ 2500 കോടി രൂപയുടെ നിക്ഷേപമാണ് വരാൻ പോകുന്നത്. അതിൽ 500 കോടി രൂപ മാത്രമാണ് കേന്ദ്ര ഗവൺമെന്റിന്റെ വിഹിതം. 500 കോടി രൂപ സംസ്ഥാന ഗവൺമെന്റിന്റെ വിഹിതമാണ്. 1000 കോടി രൂപ എക്സ്റ്റേണൽ ഏജൻസികളുടെ ലോൺ മുഖേനയാണ് ലഭിക്കുന്നത്. 500 കോടി രൂപ (കൺവർജൻസ്) വിവിധ പദ്ധതികളുടെ സമന്വയത്തിലൂടെയാണ് സമാഹരിക്കുന്നത്. ഇങ്ങനെയാണ് 2500 കോടി രൂപയുടെ നിക്ഷേപം സ്മാർട്ട് സിറ്റി മിഷനിൽ ഉൾപ്പെടുത്തപ്പെട്ട പട്ടണങ്ങളിൽ ഉപയോഗപ്പെടുത്താൻ പോകുന്നത്.

കൊച്ചിൻ കോർപ്പറേഷനുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ചില പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബന്ധപ്പെട്ട ആളുകളുടെ ഒരു മീറ്റിംഗ് വരുന്ന ആഴ്ച ഇവിടെ വിളിച്ചുകൂട്ടിയിട്ടുണ്ട്. യു.എൽ.ബി. ഷെയർ സ്റ്റേറ്റ് ഗവൺമെന്റ് നൽകണമെന്ന് ഇവിടെ ഒരാവശ്യമുയരുകയുണ്ടായി. അക്കാര്യം ഗവൺമെന്റ് പരിഗണിക്കുന്നതാണ്.

അഹാഡ്സിന്റെ പ്രവർത്തനം ഇതിനകം വൈൻഡ് അപ് ചെയ്തുകഴിഞ്ഞു. ഇന്ന് അത് അനാഥമായി കിടക്കുകയാണ്. ആ സൗകര്യങ്ങളെ ഇനിമുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിനുവേണ്ടിയാണ് അഹാഡ്സിനെ കിലയുമായി സംയോജിപ്പിക്കുന്നത്. അഹാഡ്സിനെ രക്ഷിക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ശുദ്ധ ഗാന്ധിയനായിട്ടുള്ള കിലയുടെ ഡയറക്ടർ ബാലൻ മാഷ് പറഞ്ഞത്, ഇതെല്ലാംകൂടി യോജിപ്പിച്ച് ഒരു എക്സലന്റ് ട്രെയിനിംഗ് സെന്ററാക്കണമെന്നുള്ളത് എന്റെ വലിയ ആഗ്രഹമായിരുന്നു എന്നാണ്. ഈ സർക്കാരിന്റെ കാലത്ത് അത് വരുന്നുവെന്നുള്ളതിൽ വലിയ സന്തോഷം. അദ്ദേഹം രേഖപ്പെടുത്തിയ കാര്യം ഞാൻ ഇവിടെ സൂചിപ്പിക്കുകയാണ്.

ലോകബാങ്കിന്റെ സഹായം കൂടുതൽ തദ്ദേശസ്ഥാപനങ്ങൾക്ക് ലഭ്യമാക്കും. നല്ല പ്രോജക്ടുകൾ നബാർഡിൽ സമർപ്പിക്കാൻ തീർച്ചയായും ഗവൺമെന്റ് ശ്രമിക്കും. മാലിന്യ സംസ്കരണ പദ്ധതികൾക്ക് മുന്തിയ പരിഗണന നൽകും. പ്രായോഗിക പദ്ധതികളാകും നടപ്പിലാക്കുക. മാലിന്യമുക്ത കേരളമെന്ന സ്വപ്നം അഞ്ച് വർഷം കൊണ്ട് യാഥാർത്ഥ്യമാക്കലാണ് ലക്ഷ്യം.

ഡി.പി.സി.-കളെ ദുർബലമാക്കുന്ന നിലപാട് ഒരു കാരണവശാലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാവുകയില്ല. കളക്ടർമാരുടെ അഭാവത്തിൽ ഒരു കാരണവശാലും ഡി.പി.സി.കൾ കൂടരുതെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. കുറേക്കാലങ്ങളായി കളക്ടർമാർ തങ്ങളുടെ സബോർഡിനേറ്റ്സായ ഉദ്യോഗസ്ഥന്മാരെ മുൻനിർത്തിയാണ് ഡി.പി.സി.കൾ നടത്തിവരുന്നത്. ഡി.പി.സി.കളുടെ പ്രാധാന്യവും പ്രസക്തിയും കുറച്ചുവെന്നുള്ള ആക്ഷേപം ഉയർന്നുവന്നതിന്റെ പശ്ചാത്തലത്തിലാണ് ഇത്തരത്തിലുള്ള ഒരു നിർദ്ദേശം കളക്ടർമാർക്ക് നൽകിയിട്ടുള്ളത്.

ജീവനക്കാരുടെ എണ്ണം കുറഞ്ഞത് കഴിഞ്ഞ നാലുമാസംകൊണ്ട് ഉണ്ടായിട്ടുള്ളതല്ല. അതിന്റെ കാരണങ്ങൾ ശ്രീമതി പ്രതിഭ ഹരി ഇവിടെ പറയുകയുണ്ടായി. സീനിയോറിറ്റിയുമായി ബന്ധപ്പെട്ട് രണ്ട് വ്യക്തികൾ തമ്മിലുള്ള കേസിൽ കക്ഷി ചേർന്നതുകൊണ്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 179 പഞ്ചായത്ത് സെക്രട്ടറിമാരെ നിയോഗിക്കാൻ കഴിയാത്തൊരു നിസ്സഹായാവസ്ഥ ഉടലെടുത്തു. ഈ ഗവൺമെന്റ് അതിനെ മറികടക്കാനുള്ള തീവ്രമായ യജ്ഞത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസുമായി ബന്ധപ്പെട്ട് നിയമോപദേശം തേടിയതിനുശേഷം 179 തസ്തികകളും നികത്തുവാനാണ് ഉദ്ദേശിക്കുന്നത്. വരുന്ന നവംബർ മാസത്തോടുകൂടി ആ പ്രശ്നത്തിന് പരിഹാരം കാണാൻ കഴിയും. അതുപോലെ തന്നെ നിലവിലുള്ള പോസ്റ്റുകളിൽ നിയമനം നടക്കുമ്പോൾ അങ്ങനെ നിയമിക്കപ്പെടുന്നവർക്ക് ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾ പേമെന്റ് നൽകണമെന്നുള്ളത് പ്രയാസമുണ്ടാക്കുന്നുവെന്ന് തദ്ദേശസ്ഥാപനങ്ങളുടെ പ്രതിനിധികൾ പറയുകയുണ്ടായി. അക്കാര്യത്തെക്കുറിച്ച് ഗവൺമെന്റ് ഫിനാൻസ് മിനിസ്റ്ററുമായി സംസാരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുമെന്ന് ഈ അവസരത്തിൽ പറയുകയാണ്.

ഐ.കെ.എം.-നെ അതിന്റെ പരിമിതികളിൽ നിന്നും രക്ഷിക്കുമെന്ന് മാത്രമല്ല അതിനെ ദുർബലപ്പെടുത്താനുള്ള ഒരു നീക്കവും സർക്കാരിന്റ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. ഐ.കെ.എം.-ന്റെ തലപ്പത്ത് എക്സിക്യൂട്ടീവ് ഡയറക്ടറായി മിടുക്കനായ ഒരു ഓഫീസറെ നിയമിച്ച് അതിനെ ശക്തിപ്പെടുത്തി മുന്നോട്ടുകൊണ്ടുപോകും. സ്പിൽ ഓവർ മുഴുവൻ ക്യാരിഓവർ ചെയ്യാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഒരു ബുദ്ധിമുട്ടും ഇതുമായി ബന്ധപ്പെട്ട് ഒരു തദ്ദേശസ്ഥാപനത്തിനും ഉണ്ടാവില്ല. വ്യക്തമായിട്ടുള്ള നിർദ്ദേശം തദ്ദേശ സ്ഥാപനങ്ങളുടെ സെക്രട്ടറിമാർക്ക് നൽകിക്കഴിഞ്ഞു. ഇതിനാവശ്യമായ സൗകര്യം ഐ.കെ.എം.-ന്റെ സോഫ്റ്റ്‌വെയറിലും വരുത്തിയിട്ടുണ്ട്.

ഇവിടെ ഡോ. എം. കെ. മുനീർ പറഞ്ഞത് സുന്ദരികളായ നാല് സ്ത്രീകളെ വിവാഹം കഴിക്കുമ്പോഴുണ്ടാകുന്ന ഒരു ബുദ്ധിമുട്ടാണ് ഞാൻ അനുഭവിക്കുന്നതെന്നാണ്. അല്ല, കഴിഞ്ഞ സർക്കാർ സുന്ദരിയായൊരു പെൺകുട്ടിയെ മൂന്ന് കഷണമാക്കി വെട്ടിമുറിച്ചു. ഒരു ശസ്ത്രക്രിയയിലൂടെ വിച്ഛേദിച്ച അംഗങ്ങൾ മുഴുവൻ സംയോജിപ്പിച്ച് എൽ.ഡി.എഫ്. സർക്കാർ സുന്ദരിയായൊരു പെൺകുട്ടിയാക്കിയാണ് എനിക്ക് ഇതിനെ തന്നിരിക്കുന്നതെന്ന് അദ്ദേഹം ഓർക്കണം. അങ്ങയുടെ വന്ദ്യ പിതാവ് സി. എച്ച്. മുഹമ്മദ്കോയ സാഹിബ് ഉൾപ്പെടുന്ന ലീഗ് നേതൃത്വം അഹമ്മദ് കുരിക്കളെ ഏൽപ്പിച്ച അതേ സൗന്ദര്യത്തോടു കൂടിയാണ് എന്നെയും സഖാവ് പിണറായി വിജയൻ ഏൽപ്പിച്ചിരിക്കുന്നത്. അവുക്കാദർ കുട്ടിനഹ സാഹിബിനെ അന്നത്തെ ലീഗ് നേതൃത്വം ഏൽപ്പിച്ച അതേ രൂപത്തിലാണ് സഖാവ് പിണറായി വിജയൻ ഈ സുന്ദരിക്കുട്ടിയെ എന്നെയും ഏൽപ്പിച്ചിരിക്കുന്നത്. അക്കാര്യത്തിൽ അങ്ങേയ്ക്ക് യാതൊരു തരത്തിലുമുള്ള ബുദ്ധിമുട്ടും വൈഷമ്യവും വേണ്ടെന്ന് ഈ സന്ദർഭത്തിൽ അങ്ങയെ അറിയിക്കുകയാണ്. അങ്ങ് പ്രസിഡന്റും ഞാൻ സെക്രട്ടറിയുമായി അഞ്ച് വർഷം ഉണ്ടായിരുന്നു. അതിന്റെ സ്നേഹം മുഴുവൻ പ്രകടിപ്പിച്ചുകൊണ്ടുതന്നെയാണ് ഇത് പറയുന്നത്.

മീഡിയാശ്രീയെക്കുറിച്ച് ഇവിടെ ബഹുമാന്യനായ ഗണേഷ് കുമാർ ചില കാര്യങ്ങൾ പറയുകയുണ്ടായി. 1072 സി.ഡി.എസ്സുകളിൽ നിന്നും രണ്ടുപേരെ വീതം എടുത്ത് 2144 പേർക്ക് കമ്മ്യൂണിക്കേഷൻ മേഖലയിൽ പരിശീലനം നൽകുന്നതിനുവേണ്ടി ആരംഭിച്ച പദ്ധതിയായിരുന്നു മീഡിയാശ്രീ. ഇതോടൊപ്പം ഫോട്ടോഗ്രാഫിയിൽ താൽപ്പര്യമുള്ള ആളുകളെക്കൂടി പങ്കെടുപ്പിച്ച് ഫ്രെയിംശ്രീ എന്ന മറ്റൊരു സംവിധാനവും രൂപീകരിച്ചു. ഇവർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി 2014 സെപ്റ്റംബറിൽ ഒരു പത്രപ്പരസ്യം നൽകുന്നതോടുകൂടിയാണ് മീഡിയാശ്രീയെ സംബന്ധിക്കുന്ന വാർത്തകൾ പുറത്തുവരുന്നത്. പതിനാല് ജില്ലകളിൽനിന്നും അഞ്ചംഗങ്ങളുടെ രണ്ട് ഗ്രൂപ്പുകൾ, അങ്ങനെ 140 പേർക്ക് ഫോട്ടോഗ്രാഫിയിൽ പ്രാവീണ്യം നൽകാൻ മീഡിയാശ്രീ രൂപീകരിക്കുകയും ചെയ്തു. ഇവർക്ക് പരിശീലനം നൽകുന്നതിനുവേണ്ടി അറുപത് ലക്ഷം രൂപ നീക്കിവയ്ക്കുകയും ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തു. അതിൽ ലോവസ്റ്റ് ടെണ്ടറായി അറുപത് ലക്ഷം രൂപ എടുത്ത കോഴിക്കോട്ടുള്ള സൗത്ത് ഏഷ്യൻ കോളേജ് ഓഫ് ജേർണലിസം എന്ന സ്ഥാപനത്തിനാണ് ട്രെയിനിംഗിനുള്ള ക്വട്ടേഷൻ ലഭിച്ചത്. പ്രശ്നം അതല്ല. ട്രെയിനിംഗ് നടത്താൻ ടെണ്ടർ ചെയ്ത അല്ലെങ്കിൽ ക്വാട്ട് ചെയ്ത അതേ സ്ഥാപനത്തിന് പിന്നീട് ഒരു ടെണ്ടർപോലുമില്ലാതെയാണ് 225-ഓളം പഞ്ചായത്തുകളിൽ നിന്നും 65,000 രൂപ സമാഹരിച്ച് രണ്ട് കോടി രൂപ നൽകി ഡോക്കുമെന്റേഷൻ നടത്തുന്നതിന്

ശ്രുമിച്ചത്. അവരുമായി കുടുംബശ്രീ ഉണ്ടാക്കിയ എം.ഒ.യു.-വിന് നിയമ വകുപ്പിന്റെ ഒരു തരത്തിലുള്ള കൺകറൻസും ലഭിച്ചിരുന്നില്ല. നിയമ വകുപ്പ് വെറ്റ് ചെയ്ത എം.ഒ.യു. ആയിരുന്നില്ല കുടുംബശ്രീ ഈ സ്ഥാപനവുമായി ഒപ്പുവച്ചത്. ട്രെയിനിംഗിനുവേണ്ടി മാത്രം ടെണ്ടർ ചെയ്ത് തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനത്തെ പിന്നീട് എന്തുകൊണ്ടാണ് ഒരു ടെണ്ടർപോലുമില്ലാതെ ഭീമമായ സംഖ്യയുമായി ബന്ധപ്പെട്ട കാര്യം ഏൽപ്പിച്ച തെന്നുള്ളത് ശരിക്കും മനസ്സിലാകുന്നില്ല. അതുകൊണ്ടുതന്നെയാണ് അന്നുതന്നെ ഇതിനെ സംബന്ധിച്ച് ആക്ഷേപങ്ങൾ ഉയരുകയും അന്വേഷണം നടക്കുകയും ചെയ്തു. അന്വേഷണ റിപ്പോർട്ട് സർക്കാരിന് കിട്ടിയിട്ടുണ്ട്. തീർച്ചയായും അതുമായി ബന്ധപ്പെട്ട് ഉചിതമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് ഞാൻ ഈ സന്ദർഭത്തിൽ സഭയെ അറിയിക്കുകയാണ്.

ഒഴിവുകളുടെ കാര്യം ഇവിടെ നേരത്തെ സൂചിപ്പിക്കുകയുണ്ടായി. ഒഴിവുകൾ രണ്ടുമാസം കൊണ്ടോ നാലുമാസം കൊണ്ടോ വന്നിട്ടുള്ളതല്ല. കാലാകാലങ്ങളായി നിലനിൽക്കുന്ന ഒഴിവുകളാണ്. നമ്മുടെ സംസ്ഥാനത്ത് ഏതാണ്ട് 1904 അസിസ്റ്റന്റ് എഞ്ചിനീയർമാരിൽ 108 എണ്ണവും 829 ഓവർസിയർമാരിൽ 226 എണ്ണവും 776 സെക്കന്റ് ഗ്രേഡ് ഓവർസിയർമാരിൽ 65 എണ്ണവും 1198 ഫസ്റ്റ് ഗ്രേഡ് ഓവർസിയർമാരിൽ 362 എണ്ണവും ഒഴിഞ്ഞുകിടക്കുകയാണ്. അവ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി ലിസ്റ്റുള്ളതിൽനിന്നും നിയമനം നടത്തിക്കൊണ്ടിരിക്കുന്നു. വലിയ പ്രയാസം ഈ രംഗത്തുണ്ട്. പി.എസ്.സി. ചെയർമാനുമായി നേരിട്ട് സംസാരിക്കണമെന്ന് ഉദ്ദേശിക്കുന്നുണ്ട്. എന്തായാലും ഈ പ്രശ്നം പരിഹരിച്ചല്ലാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയില്ല. അതിന് എല്ലാ ആളുകളുടേയും സഹായസഹകരണങ്ങൾ ഞാൻ ഈ സന്ദർഭത്തിൽ പ്രതീക്ഷിക്കുകയാണ്. ഇവിടെ ഉയർന്നുവന്ന എല്ലാ നല്ല നിർദ്ദേശങ്ങളും മുഖവിലയ്ക്കെടുത്തുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുവാനുള്ള ശ്രമങ്ങളിൽ മുഴുകും. അതിൽ നിങ്ങളെല്ലാവരും കക്ഷിരാഷ്ട്രീയം മറന്നുകൊണ്ട് സഹകരിക്കണം.

ശ്രീ. എം. ഉമ്മർ: സർ, അങ്ങയുടെ സുന്ദരിക്ക് എല്ലാവിധ സന്താന സൗഭാഗ്യങ്ങളും ഉണ്ടാകട്ടെ എന്ന് ഞാൻ ആശംസിക്കുന്നു. ഒരു കാര്യം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആഡിറ്റ് 10 ശതമാനം മാത്രമേ നടത്തുകയുള്ളൂ എന്ന് ഇന്നത്തെ പത്രത്തിൽ കണ്ടു. അങ്ങനെ സർക്കുലറും പോയിട്ടുണ്ടെന്ന് പറയുന്നു. അത് ശരിയാണോ? തെരുവ് നായ്ക്കളില്ലാത്ത ഒരു കേരളത്തെ അങ്ങ് സ്വപ്നം കണ്ടിരിക്കുകയാണ്. മനുഷ്യജീവനാണ് പ്രധാനം നായയുടെ ജീവനല്ല എന്നത് വളരെ ആവേശത്തോടുകൂടി സ്വീകരിച്ച് പല പഞ്ചായത്ത് പ്രസിഡന്റുമാരും

തെരുവ് നായ്ക്കളെ കൊന്നിട്ടുണ്ട്. ആ പഞ്ചായത്ത് പ്രസിഡന്റുമാരുടെ പേരിൽ ഇപ്പോൾ കേസ്സെടുത്തിട്ടുണ്ട്. അവരെ രക്ഷിക്കാൻ അങ്ങ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; അതുപോലെ മുമ്പ് പത്രത്തിൽ കണ്ടിരുന്നു, സഭയിലുംവച്ച് അങ്ങ് പറഞ്ഞു. ആരെങ്കിലും വിരോധം വച്ച് ഒരാളുടെ പേരിൽ വാർത്ത കൊടുത്താൽ, നാച്ചുറൽ ജസ്റ്റിസിനെതിരായി പത്രവാർത്തയുടെ അടിസ്ഥാനത്തിൽ സസ്പെൻഡ് ചെയ്യുക എന്നുപറയുന്നത് പഞ്ചായത്ത് സംവിധാനത്തെ ശക്തിപ്പെടുത്തുമോ എന്നുള്ളതുകൂടി അങ്ങ് വ്യക്തമാക്കണം.

ശ്രീ. ഹൈബി ഈഡൻ: സർ, സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എല്ലാ പ്രധാനപ്പെട്ട നഗരങ്ങളിലും ഉള്ളതാണ്. 5 ശതമാനം മാത്രമാണ് കൊച്ചി നഗരത്തിലുള്ളത്. അതിന്റെ പ്രവർത്തനം എ.ഡി.ബി. വായ്പയായും പല ഏജൻസികൾ വഴിയായി വായ്പയെടുത്തും നമ്മൾ തുടങ്ങിയതാണ്. അതിന്റെ പ്രവർത്തനങ്ങൾ പനമ്പള്ളി നഗറിലും മുണ്ടംവേലിയിലും എല്ലാം പുരോഗമിച്ചു. ജനങ്ങളുടെ എതിർപ്പുമൂലം പല സ്ഥലങ്ങളിലും പ്രവർത്തനം നിർത്തിവയ്ക്കേണ്ടി വന്നു. എ.ഡി.ബി. ആ ലോൺ തിരിച്ചു ചോദിച്ചിരിക്കുകയാണ്. പല പൈപ്പുകളും ഇറക്കിവിട്ടതിന്റെ തുക തിരിച്ചു ചോദിച്ചിരിക്കുന്ന ഒരു സാഹചര്യം ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. സ്വിവറേജ് സിസ്റ്റം കുറച്ചുകൂടി കാര്യക്ഷമമാക്കാൻ വേണ്ടിയുള്ള നടപടി ഉണ്ടാകുമോ എന്നാണ് അറിയേണ്ടത്.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, അട്ടപ്പാടിയിലെ അഹാഡ്സുമായി ബന്ധപ്പെട്ട് മന്ത്രി പറഞ്ഞ കാര്യം പൂർണ്ണ അർത്ഥത്തിൽ ശരിയല്ല. അത് വൈൻഡ് അപ് ചെയ്തിട്ടില്ല. അഹാഡ്സിലുണ്ടായിരുന്ന ജപ്പാൻ പദ്ധതിയാണ് നിലച്ചുപോയത്. അഹാഡ്സിന് ഒരു ഗവേണിംഗ് ബോഡിയുണ്ട്. അഹാഡ്സ് കൈമാറുന്നതിനുമുമ്പ്, ഗവൺമെന്റിന് അതിന്മേൽ നിയന്ത്രണമുണ്ടെന്നുള്ളത് ശരിയാണ്. പക്ഷേ എം.പി, എം.എൽ.എ., പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പ്രസിഡന്റ്, ജില്ലാ പഞ്ചായത്ത് എന്നിവർ മെമ്പർമാരായിട്ടുള്ള ഒരു ഗവേണിംഗ് ബോഡിയുണ്ട്. അത് ജനകീയമായ സഭയാണ്. ആ ഗവേണിംഗ് ബോഡി പോലും ചേരാതെയാണ് ഇത് കിലയുടെ സബ്സെന്ററാക്കി മാറ്റിയത്. ഞാൻ ഇവിടെ സൂചിപ്പിച്ചത്, അതിന് ഒരുപാട് പരിജ്ഞാനമുണ്ട്. പുഴ പുനർജ്ജനിപ്പിച്ച, പരിസ്ഥിതി പുനഃസ്ഥാപന പദ്ധതിയാണ് അഹാഡ്സ്. അതുകൊണ്ട് കേവലം അതിന്റെ ആഡിറ്റോറിയവും കോമ്പൗണ്ടും കിലയ്ക്ക് കൊടുക്കുന്നതുപോലെയാവരുത്. ഗവേണിംഗ് ബോഡി വിളിച്ചുകൂട്ടണം.

മി. സ്പീക്കർ: ശ്രീ. എൻ. ഷംസുദ്ദീൻ ഇതേ വിഷയം ഒരു തവണ സഭയിൽ ഉന്നയിച്ചില്ലേ? അത് നടക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇവിടെ പറഞ്ഞ മൂന്ന് കാര്യങ്ങളിൽ ഒന്ന്, ഓഡിറ്റിനെ സംബന്ധിച്ച് ഇന്ന് പത്രത്തിൽ വാർത്ത കണ്ടിരുന്നു. അത് സംബന്ധിച്ച് എന്താണെന്നുള്ളത് അന്വേഷിക്കും. ഞാൻ അറിഞ്ഞ് ഒരു തീരുമാനം പോയതായി എന്റെ ഓർമ്മയിലില്ല. ആരെങ്കിലും എന്തെങ്കിലും പറഞ്ഞത് ആകാനാണ് സാധ്യത. പത്രത്തിൽ വന്ന വാർത്തയെക്കുറിച്ച് അന്വേഷിക്കാം. രണ്ടാമത്തെ വിഷയം, തെരുവുനായ ശല്യം കുറയ്ക്കുന്നതിനുവേണ്ടി നിലവിലുള്ള നിയമാനുസൃതമായ എല്ലാ കാര്യങ്ങളും ചെയ്യാം. അത് ഓരോരുത്തരുടേയും ബുദ്ധിക്കും അവരവരുടെ വിവേകത്തിനുമനുസരിച്ച് പ്രവർത്തിക്കാവുന്നതാണ്. ഇതൊന്നും ആരും ആരോടും പറഞ്ഞുകൊടുക്കേണ്ട കാര്യമില്ല. ശ്രീ. എം. ഉമ്മർ സാഹിബ് പോകുന്ന സമയത്ത് ഒരു നായ വരികയാണെങ്കിൽ നിങ്ങൾ എന്താണ് ചെയ്യുക; അതുതന്നെയാണ് നാട്ടിലെ ആളുകളൊക്കെയും ചെയ്യുന്നത്.

മി. സ്പീക്കർ: കേസ് ഏറ്റുവാങ്ങി ജയിലിൽ പോകാൻ തയ്യാറായി ചെയ്യുതാണത്. മറ്റുള്ളവർ എന്തിനാ വിഷമിക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, കൊച്ചി നഗരസഭയുടെ സ്വിവറേജിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അക്കാര്യം എന്താണെന്ന് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കാം. കൊച്ചി നഗരത്തിന്റെ അഭിവൃദ്ധി എന്നുപറയുന്നത് നമ്മുടെ സംസ്ഥാനത്തിന്റെ തന്നെ അഭിവൃദ്ധിക്ക് സമാനമാണ്. അക്കാര്യത്തിൽ തീർച്ചയായും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അനുകൂലമായ പ്രതികരണം ഉണ്ടാകുമെന്ന് ഞാൻ പറയുന്നു. അതുപോലെ അഹാഡ്സിനെ സംബന്ധിച്ച് ഒരു തരത്തിലുള്ള ആശങ്കയും വേണ്ട. അങ്ങനെ ബൈപ്പാസ് ചെയ്തുകൊണ്ടൊന്നുമല്ല ഇത് സമന്വയിപ്പിക്കുന്നത്. കിലയിൽ സംയോജിപ്പിച്ചുവെന്ന് അദ്ദേഹം പറഞ്ഞു. സംയോജിപ്പിച്ചിട്ടില്ല. അതിന്റെ തീരുമാനമെടുത്തു. ഗവേണിംഗ് ബോഡിയുടെ മീറ്റിംഗ് വിളിക്കും. ബന്ധപ്പെട്ട കാര്യങ്ങൾ നിയമാനുസൃതം നടത്തേണ്ടത് മുഴുവൻ നടത്തിയതിനുശേഷം മാത്രമായിരിക്കും അത് കിലയിൽ മെർജ് ചെയ്യുക എന്നുള്ള കാര്യം അറിയിച്ചുകൊണ്ട് ഈ ഡിമാന്റ് അംഗീകരിച്ച് പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: സർവ്വശ്രീ ടി. എ. അഹമ്മദ് കബീർ, എൻ. എ. നെല്ലിക്കുന്ന്, പി. ബി. അബ്ദുൽ റസ്സാക്ക്, പി. ഉബൈദുള്ള, എൻ. ഷംസുദ്ദീൻ, അബ്ദുൽ ഹമീദ്. പി., ടി. വി. ഇബ്രാഹിം, ഡോ. എം. കെ. മുനീർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ അംഗങ്ങൾ വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വാഹന നികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ശ്രീ. ജോർജ് എം. തോമസ്
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. സി. കെ. നാണു

36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. കെ. രാജു
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. ഐ. ബി. സതീഷ്
57. ശ്രീ. ബി. സത്യൻ
58. ശ്രീ. എ. എൻ. ഷംസീർ

59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. പി. തിലോത്തമൻ
64. ഡോ. ടി. എം. തോമസ് ഐസക്
65. ശ്രീമതി വീണാ ജോർജ്ജ്
66. ശ്രീ. കെ. വി. വിജയദാസ്
67. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. ടി. എ. അഹമ്മദ് കബീർ
5. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
7. ശ്രീ. അടൂർ പ്രകാശ്
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. വി. പി. സജീന്ദ്രൻ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. വി. എസ്. ശിവകുമാർ
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. ഉമ്മർ

<u>മി. സ്പീക്കർ</u>: അനുകൂലിക്കുന്നവർ - 67

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ പി. ഉബൈദുള്ള, അബ്ദുൽ ഹമീദ്. പി., എൻ. എ. നെല്ലിക്കുന്ന്, പി. ബി. അബ്ദുൽ റസ്സാക്ക്, ടി. വി. ഇബ്രാഹിം, കെ. എസ്. ശബരീനാഥൻ, എം. ഉമ്മർ, എൻ. ഷംസുദ്ദീൻ, ടി. എ. അഹമ്മദ് കബീർ, കെ. മുരളീധരൻ, എ. പി. അനിൽ കുമാർ, സി. എഫ്. തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

നഗരവികസനം എന്ന XXII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി

4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ശ്രീ. ജോർജ് എം. തോമസ്
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. കെ. കുഞ്ഞിരാമൻ

27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. കെ. രാജു
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. ഐ. ബി. സതീഷ്
57. ശ്രീ. ബി. സത്യൻ
58. ശ്രീ. എ. എൻ. ഷംസീർ
59. ശ്രീ. ജി. സുധാകരൻ
60. ശ്രീ. വി. ആർ. സുനിൽ കുമാർ
61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
62. ശ്രീ. കെ. സുരേഷ് കുറുപ്പ്
63. ശ്രീ. പി. തിലോത്തമൻ
64. ഡോ. ടി. എം. തോമസ് ഐസക്
65. ശ്രീമതി വീണാ ജോർജ്ജ്
66. ശ്രീ. കെ. വി. വിജയദാസ്
67. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്.പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. ടി. എ. അഹമ്മദ് കബീർ

5. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
7. ശ്രീ. അടൂർ പ്രകാശ്
8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. എസ്. ശബരീനാഥൻ

28. ശ്രീ. വി. പി. സജീന്ദ്രൻ

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. വി. എസ്. ശിവകുമാർ

31. ശ്രീ. പി. ടി. തോമസ്

32. ശ്രീ. സി. എഫ്. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 67

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ പി. ബി. അബ്ദുൽ റസ്സാക്ക്, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ്. പി., ടി. എ. അഹമ്മദ് കബീർ, സി. എഫ്. തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ.......................

പ്രതികൂലിക്കുന്നവർ......................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

പഞ്ചായത്ത് എന്ന XXXV-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ :

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി
13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ശ്രീ. ജോർജ് എം. തോമസ്

19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ പി.
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ

42. ശ്രീ. കെ. രാജൻ

43. ശ്രീ. എസ്. രാജേന്ദ്രൻ

44. ശ്രീ. ആർ. രാജേഷ്

45. ശ്രീ. റ്റി. വി. രാജേഷ്

46. ശ്രീ. കെ. രാജു

47. ശ്രീ. രാജു എബ്രഹാം

48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി

49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ

50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ

51. ശ്രീ. മുല്ലക്കര രത്നാകരൻ

52. പ്രൊഫ. സി. രവീന്ദ്രനാഥ്

53. ശ്രീ. എസ്. ശർമ്മ

54. ശ്രീ. എ. കെ. ശശീന്ദ്രൻ

55. ശ്രീ. സി. കെ. ശശീന്ദ്രൻ

56. ശ്രീ. ഐ. ബി. സതീഷ്

57. ശ്രീ. ബി. സത്യൻ

58. ശ്രീ. എ. എൻ. ഷംസീർ

59. ശ്രീ. ജി. സുധാകരൻ

60. ശ്രീ. വി. ആർ. സുനിൽ കുമാർ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. കെ. സുരേഷ് കുറുപ്പ്

63. ശ്രീ. പി. തിലോത്തമൻ

64. ഡോ. ടി. എം. തോമസ് ഐസക്

65. ശ്രീമതി വീണാ ജോർജ്ജ്

66. ശ്രീ. കെ. വി. വിജയദാസ്

67. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. ശ്രീ. ടി. എ. അഹമ്മദ് കബീർ

5. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

7. ശ്രീ. അടൂർ പ്രകാശ്

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. വി. ടി. ബൽറാം

12. ശ്രീ. പി. കെ. ബഷീർ

13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

14. ശ്രീ. ടി. വി. ഇബ്രാഹിം

15. ശ്രീ. എൽദോസ് കുന്നപ്പിള്ളി

16. ശ്രീ. ഹൈബി ഈഡൻ

17. ഡോ. എൻ. ജയരാജ്

18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി

19. ഡോ. എം. കെ. മുനീർ

20. ശ്രീ. കെ. മുരളീധരൻ

21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്

22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

23. ശ്രീ. രമേശ് ചെന്നിത്തല

24. ശ്രീ. റോജി എം. ജോൺ

25. ശ്രീ. എൻ. ഷംസുദ്ദീൻ

26. ശ്രീ. വി. ഡി. സതീശൻ

27. ശ്രീ. കെ. എസ്. ശബരീനാഥൻ

28. ശ്രീ. വി. പി. സജീന്ദ്രൻ

29. ശ്രീ. സണ്ണി ജോസഫ്

30. ശ്രീ. വി. എസ്. ശിവകുമാർ

31. ശ്രീ. പി. ടി. തോമസ്

32. ശ്രീ. സി. എഫ്. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

| | | |
|---|---|---|
| മി. സ്പീക്കർ: അനുകൂലിക്കുന്നവർ | - | 67 |
| പ്രതികൂലിക്കുന്നവർ | - | 34 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

സർവ്വശ്രീ വി. ഡി. സതീശൻ, ടി. എ. അഹമ്മദ് കബീർ, ഹൈബി ഈഡൻ, അൻവർ സാദത്ത്, കെ. സി. ജോസഫ്, പി. ബി. അബ്ദുൽ റസ്സാക്ക്, പി. കെ. ബഷീർ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, അബ്ദുൽ ഹമീദ്. പി., ടി. വി. ഇബ്രാഹിം, സി.എഫ്. തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗ്രാമവികസനം എന്ന XXXVI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

<u>ശ്രീ. പി. ടി. തോമസ്</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. എ. കെ. ബാലൻ
9. ശ്രീമതി ഇ. എസ്. ബിജിമോൾ
10. ശ്രീ. ഇ. ചന്ദ്രശേഖരൻ
11. ശ്രീ. കെ. ദാസൻ
12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ
14. ശ്രീ. എൽദോ എബ്രഹാം
15. ശ്രീ. കെ. ബി. ഗണേഷ് കുമാർ
16. ശ്രീ. ചിറ്റയം ഗോപകുമാർ
17. ശ്രീ. സി. കെ. ഹരീന്ദ്രൻ
18. ശ്രീ. ജോർജ് എം. തോമസ്
19. ഡോ. കെ. ടി. ജലീൽ
20. ശ്രീ. ജെയിംസ് മാത്യു
21. ശ്രീ. ജി. എസ്. ജയലാൽ
22. ശ്രീ. ഇ. പി. ജയരാജൻ
23. ശ്രീ. ജോൺ ഫെർണാണ്ടസ്
24. ശ്രീ. ഒ. ആർ. കേളു
25. ശ്രീ. കോവൂർ കുഞ്ഞുമോൻ
26. ശ്രീ. കെ. കുഞ്ഞിരാമൻ
27. ശ്രീ. സി. കൃഷ്ണൻ
28. ശ്രീ. കെ. കൃഷ്ണൻകുട്ടി
29. ശ്രീ. മാത്യു ടി. തോമസ്
30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. സി. കെ. നാണു

36. ശ്രീ. എ. പ്രദീപ്കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. കെ. രാജു
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്
53. ശ്രീ. എസ്. ശർമ്മ
54. ശ്രീ. എ. കെ. ശശീന്ദ്രൻ
55. ശ്രീ. സി. കെ. ശശീന്ദ്രൻ
56. ശ്രീ. ഐ. ബി. സതീഷ്
57. ശ്രീ. ബി. സത്യൻ
58. ശ്രീ. എ. എൻ. ഷംസീർ

59. ശ്രീ. ജി. സുധാകരൻ

60. ശ്രീ. വി. ആർ. സുനിൽ കുമാർ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. കെ. സുരേഷ് കുറുപ്പ്

63. ശ്രീ. പി. തിലോത്തമൻ

64. ഡോ. ടി. എം. തോമസ് ഐസക്

65. ശ്രീമതി വീണാ ജോർജ്ജ്

66. ശ്രീ. കെ. വി. വിജയദാസ്

67. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. ശ്രീ. ടി. എ. അഹമ്മദ് കബീർ

5. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

7. ശ്രീ. അടൂർ പ്രകാശ്

8. ശ്രീ. എ. പി. അനിൽ കുമാർ

9. ശ്രീ. അനൂപ് ജേക്കബ്

10. ശ്രീ. അൻവർ സാദത്ത്

11. ശ്രീ. വി. ടി. ബൽറാം

12. ശ്രീ. പി. കെ. ബഷീർ

13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്

14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. വി. പി. സജീന്ദ്രൻ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. വി. എസ്. ശിവകുമാർ
31. ശ്രീ. പി. ടി. തോമസ്
32. ശ്രീ. സി. എഫ്. തോമസ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. ഉമ്മർ

മി. സ്പീക്കർ: അനുകൂലിക്കുന്നവർ - 67

പ്രതികൂലിക്കുന്നവർ - 34

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

4.00 PM]

സർവ്വശ്രീ അനൂപ് ജേക്കബ്, സണ്ണി ജോസഫ്, ടി. എ. അഹമ്മദ് കബീർ, ടി. വി. ഇബ്രാഹിം, അബ്ദുൽ ഹമീദ് പി., എൽദോസ് കുന്നപ്പിള്ളി, വി. പി. സജീന്ദ്രൻ, പി. ബി. അബ്ദുൽ റസ്സാക്ക്, എൻ. എ. നെല്ലിക്കുന്ന്, എം. വിൻസെന്റ്, പി. കെ. കുഞ്ഞാലിക്കുട്ടി, എൻ. ഷംസുദ്ദീൻ, പി. ഉബൈദുള്ള, സി. എഫ്. തോമസ്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ഡോ. എം. കെ. മുനീർ എന്നീ അംഗങ്ങൾ ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങളെ

അനുകൂലിക്കുന്നവർ......................

പ്രതികൂലിക്കുന്നവർ.....................

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവര പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2016-2017 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .................

പ്രതികൂലിക്കുന്നവർ ................

ശ്രീ. പി. ടി. തോമസ്: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. ആന്റണി ജോൺ
5. ശ്രീ. കെ. ആൻസലൻ
6. ശ്രീമതി സി. കെ. ആശ

7. ശ്രീ. കെ. ബാബു

8. ശ്രീ. എ. കെ. ബാലൻ

9. ശ്രീമതി ഇ. എസ്. ബിജിമോൾ

10. ശ്രീ. ഇ. ചന്ദ്രശേഖരൻ

11. ശ്രീ. കെ. ദാസൻ

12. ശ്രീ. ബി. ഡി. ദേവസ്സി

13. ശ്രീ. സി. ദിവാകരൻ

14. ശ്രീ. എൽദോ എബ്രഹാം

15. ശ്രീ. കെ. ബി. ഗണേഷ് കുമാർ

16. ശ്രീ. ചിറ്റയം ഗോപകുമാർ

17. ശ്രീ. സി. കെ. ഹരീന്ദ്രൻ

18. ശ്രീ. ജോർജ് എം. തോമസ്

19. ഡോ. കെ. ടി. ജലീൽ

20. ശ്രീ. ജെയിംസ് മാത്യു

21. ശ്രീ. ജി. എസ്. ജയലാൽ

22. ശ്രീ. ഇ. പി. ജയരാജൻ

23. ശ്രീ. ജോൺ ഫെർണാണ്ടസ്

24. ശ്രീ. ഒ. ആർ. കേളു

25. ശ്രീ. കോവൂർ കുഞ്ഞുമോൻ

26. ശ്രീ. കെ. കുഞ്ഞിരാമൻ

27. ശ്രീ. സി. കൃഷ്ണൻ

28. ശ്രീ. കെ. കൃഷ്ണൻകുട്ടി

29. ശ്രീ. മാത്യു ടി. തോമസ്

30. ശ്രീ. കെ. ജെ. മാക്സി
31. ശ്രീ. എ. സി. മൊയ്തീൻ
32. ശ്രീ. മുഹമ്മദ് മുഹസിൻ. പി
33. ശ്രീ. എം. മുകേഷ്
34. ശ്രീ. ഡി. കെ. മുരളി
35. ശ്രീ. സി. കെ. നാണു
36. ശ്രീ. എ. പ്രദീപ് കുമാർ
37. ശ്രീ. കെ. ഡി. പ്രസേനൻ
38. ശ്രീമതി യു. പ്രതിഭ ഹരി
39. ശ്രീ. പുരുഷൻ കടലുണ്ടി
40. ശ്രീ. പി. ടി. എ. റഹീം
41. ശ്രീ. എം. രാജഗോപാലൻ
42. ശ്രീ. കെ. രാജൻ
43. ശ്രീ. എസ്. രാജേന്ദ്രൻ
44. ശ്രീ. ആർ. രാജേഷ്
45. ശ്രീ. റ്റി. വി. രാജേഷ്
46. ശ്രീ. കെ. രാജു
47. ശ്രീ. രാജു എബ്രഹാം
48. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
49. ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ
50. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
51. ശ്രീ. മുല്ലക്കര രത്നാകരൻ
52. പ്രൊഫ. സി. രവീന്ദ്രനാഥ്

53. ശ്രീ. എസ്. ശർമ്മ

54. ശ്രീ. എ. കെ. ശശീന്ദ്രൻ

55. ശ്രീ. സി. കെ. ശശീന്ദ്രൻ

56. ശ്രീ. ഐ. ബി. സതീഷ്

57. ശ്രീ. ബി. സത്യൻ

58. ശ്രീ. എ. എൻ. ഷംസീർ

59. ശ്രീ. ജി. സുധാകരൻ

60. ശ്രീ. വി. ആർ. സുനിൽ കുമാർ

61. ശ്രീ. കടകംപള്ളി സുരേന്ദ്രൻ

62. ശ്രീ. കെ. സുരേഷ് കുറുപ്പ്

63. ശ്രീ. പി. തിലോത്തമൻ

64. ഡോ. ടി. എം. തോമസ് ഐസക്

65. ശ്രീമതി വീണാ ജോർജ്ജ്

66. ശ്രീ. കെ. വി. വിജയദാസ്

67. ശ്രീ. ഇ. കെ. വിജയൻ

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ്. പി.

2. ശ്രീ. പാറക്കൽ അബ്ദുല്ല

3. ശ്രീ. പി. കെ. അബ്ദു റബ്ബ്

4. ശ്രീ. ടി. എ. അഹമ്മദ് കബീർ

5. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്

6. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

7. ശ്രീ. അടൂർ പ്രകാശ്

8. ശ്രീ. എ. പി. അനിൽ കുമാർ
9. ശ്രീ. അനൂപ് ജേക്കബ്
10. ശ്രീ. അൻവർ സാദത്ത്
11. ശ്രീ. വി. ടി. ബൽറാം
12. ശ്രീ. പി. കെ. ബഷീർ
13. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
14. ശ്രീ. ടി. വി. ഇബ്രാഹിം
15. ശ്രീ. എൽദോസ് കുന്നപ്പിള്ളി
16. ശ്രീ. ഹൈബി ഈഡൻ
17. ഡോ. എൻ. ജയരാജ്
18. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
19. ഡോ. എം. കെ. മുനീർ
20. ശ്രീ. കെ. മുരളീധരൻ
21. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
22. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
23. ശ്രീ. രമേശ് ചെന്നിത്തല
24. ശ്രീ. റോജി എം. ജോൺ
25. ശ്രീ. എൻ. ഷംസുദ്ദീൻ
26. ശ്രീ. വി. ഡി. സതീശൻ
27. ശ്രീ. കെ. എസ്. ശബരീനാഥൻ
28. ശ്രീ. വി. പി. സജീന്ദ്രൻ
29. ശ്രീ. സണ്ണി ജോസഫ്
30. ശ്രീ. വി. എസ്. ശിവകുമാർ

31. ശ്രീ. പി. ടി. തോമസ്

32. ശ്രീ. സി. എഫ്. തോമസ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. ഉമ്മർ

| | | |
|---|---|---|
| മി. സ്പീക്കർ: അനുകൂലിക്കുന്നവർ | - | 67 |
| പ്രതികൂലിക്കുന്നവർ | - | 34 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം പാസ്സായിരിക്കുന്നു, ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

ഓർഡർ......ഓർഡർ....സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2016 ഒക്ടോബർ മാസം 21-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.03-ന് പിരിഞ്ഞു.)